# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 10, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

69/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 33

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 90

**II തിരുത്തിയ ഉത്തരം** .. 493

**III അറിയിപ്പ്**

അംഗങ്ങളുടെ രാജി .. 493

**IV അടിയന്തരപ്രമേയം**

കർഷക ആത്മഹത്യ
(അവതരണാനുമതി നിഷേധിച്ചു) .. 494

**V ശ്രദ്ധ ക്ഷണിക്കൽ**

(1) ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ
—ശ്രീ. പി. കെ. ശശി .. 519

(2) ആരോഗ്യ സ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും
ഏർപ്പെടുത്തൽ
—ശ്രീ. ടി. വി. ഇബ്രാഹിം .. 522

**VI സബ്മിഷൻ**

1. 'നിപ' രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക
ജീവനക്കാരെ സ്ഥിരപ്പെടുത്തൽ
—പ്രതിപക്ഷനേതാവ്
(ശ്രീ. രമേശ് ചെന്നിത്തല) .. 528

2. ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ
—ശ്രീ. എം. നൗഷാദ് .. 531

പേജ്

3. ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി
—ശ്രീ. മുരളി പെരുനെല്ലി .. 532

4. എക്കലും ചെളിയും നീക്കം ചെയ്യൽ
—ശ്രീ. ജോൺ ഫെർണാണ്ടസ് .. 533

5. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
—ശ്രീമതി ഗീതാ ഗോപി .. 536

6. കുടിവെള്ള പദ്ധതി
—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ .. 537

7. ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം
— ശ്രീ. രാജു എബ്രഹാം .. 539

8. പബ്ലിക് ഹെൽത്ത് ആക്ടിന്റെ ആവശ്യകത
—ശ്രീ. എൻ. ഷംസുദ്ദീൻ .. 540

9. ഭരണാനുമതി നൽകൽ
—ശ്രീ. വി. പി. സജീന്ദ്രൻ .. 543

10. റേഷൻ കാർഡ് അനുവദിക്കൽ
—ശ്രീ. സജി ചെറിയാൻ .. 545

**VII പ്രത്യേക പരാമർശം**

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി സംബന്ധിച്ച്
—പ്രതിപക്ഷനേതാവ്
(ശ്രീ. രമേശ് ചെന്നിത്തല) .. 547

**VIII ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും .. 553

ധനാഭ്യർത്ഥന നമ്പർ XII — പോലീസ് .. 554

ധനാഭ്യർത്ഥന നമ്പർ XIII — ജയിലുകൾ .. 558

ധനാഭ്യർത്ഥന നമ്പർ XIV —സ്റ്റേഷനറിയും അച്ചടിയും മറ്റ്
ഭരണപരമായ സർവ്വീസുകളും .. 560

**അനുബന്ധം** .. 657

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2019 ജൂൺ 10, തിങ്കൾ

| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|

നിയമസഭ 2019 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ....... ചോദ്യം നമ്പർ *61

### നാട്ടാനകളുടെ സംരക്ഷണം

1 (*61) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നാട്ടാനകളുടെ സെൻസസ് എടുത്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നാട്ടാനകളുടെ സംരക്ഷണത്തിനായി പാപ്പാന്മാർക്ക് സർക്കാർ എന്തൊക്കെ പരിശീലനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ 1-ൽ വരുന്ന വന്യജീവിയാണ് നാട്ടാന. നാട്ടാനകളുടെ സംരക്ഷണവും പരിപാലനവും നിർവ്വഹിക്കുന്നത് ഈ നിയമത്തിലെ വിവിധ വകുപ്പുകൾ കൂടാതെ 2012-ൽ നിലവിൽ വന്ന നാട്ടാന പരിപാലന ചട്ടങ്ങളും അനുസരിച്ചാണ്. നാട്ടാനകളുടെ

പാർപ്പിടസൗകര്യം, ആനകളുടെ സംരക്ഷണവും ശുശ്രൂഷയും, ജോലി വ്യവസ്ഥകൾ, ഉടമസ്ഥരുടെ കടമകളും ഉത്തരവാദിത്തങ്ങളും, ആനയെ വാഹനത്തിൽ കൊണ്ടുപോകുന്നവിധം എന്നിവയെല്ലാം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആനയ്ക്ക് നൽകേണ്ട ഭക്ഷണം, അതിന്റെ അളവ്, ആനകളെ പൊതുപരിപാടികളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്, നാട്ടാനകളെ പൊതുപരിപാടിയിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയും ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട നിയമപരമായ ബാധ്യത വനം വകുപ്പിനുണ്ട്.

നാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ/നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ നാട്ടാനകളുടെ ജില്ല തിരിച്ചുള്ള സെൻസസ് 29-11-2018-ന് പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം | സെൻസസ് തീയതിക്കുശേഷം ചരിഞ്ഞ ആനകളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 48 | 4 |
| കൊല്ലം | 61 | 2 |
| കോട്ടയം | 64 | 0 |
| പത്തനംതിട്ട | 25 | 1 |
| ആലപ്പുഴ | 20 | 0 |
| എറണാകുളം | 23 | 2 |
| ഇടുക്കി | 48 | 1 |
| തൃശ്ശൂർ | 145 | 1 |
| പാലക്കാട് | 55 | 2 |
| കോഴിക്കോട് | 12 | 1 |
| കണ്ണൂർ | 3 | 0 |

* അനുബന്ധമായി ചേർത്തിരിക്കുന്നു.

| 1 | 2 | 3 |
|---|---|---|
| മലപ്പുറം | 7 | 0 |
| വയനാട് | 10 | 0 |
| കാസർഗോഡ് | 0 | 0 |
| ആകെ | 521 | 14 |

സെൻസസ് തീയതിക്കുശേഷം നാളിതുവരെ 14 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 507 നാട്ടാനകളുണ്ട്.

(സി) കേരള വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിതശൈലി സംബന്ധമായ വിഷയങ്ങളും നാട്ടാന പരിപാലനം, ആരോഗ്യ പരിപാലനം, ആനകളുടെ സ്വഭാവ രീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. തൃശ്ശൂർ, കൊല്ലം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലായി 189 ആന പാപ്പാന്മാർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ആന, മലയാളികളുടെ ഒരു വികാരമാണ്. സ്വാഭാവികമായി ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾ നടക്കണമെങ്കിൽ ആനയെ ആവശ്യമാണ്. 2012 വരെ നിയമങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത് വളരെ സുന്ദരമായി ആനകളെ വളർത്തിയിരുന്നു, ആന നല്ലതുപോലെ ജീവിച്ചിരുന്നു, ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. പിന്നീട് വനംവകുപ്പ് ചില നിബന്ധനകൾ കൊണ്ടുവന്നു, ആവശ്യമില്ലാത്ത പരിശോധനയായി. നിയമം കാരണം മനുഷ്യന് ജീവിക്കാൻ പറ്റുന്നില്ല; ഇപ്പോൾ ആനകൾക്കും ജീവിക്കാൻ പറ്റില്ല എന്ന സ്ഥിതിയായിട്ടുണ്ട്. എന്റെ പ്രധാനപ്പെട്ട ചോദ്യം, നാട്ടാന പരിപാലന ചട്ടങ്ങൾ, 2012 നിലവിൽ വന്നു. ഇപ്പോൾ 2019 ആയി. ഈ ചട്ടങ്ങളിൽ പറയുന്ന കാര്യങ്ങൾ പാലിക്കാൻ നാം ബാധ്യസ്ഥരാണ്. ആ ചട്ടങ്ങൾക്ക് വിരുദ്ധമായി ചട്ടങ്ങളിൽ പറയാത്ത കാര്യങ്ങൾ നടപ്പാക്കണമെന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ ആന ഉടമകളെ നിർബന്ധിക്കുന്നത് ശരിയാണോ; ആ ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താൻ അങ്ങ് തയ്യാറാകുമോ, അങ്ങനെ നിർബന്ധിക്കുന്ന സംവിധാനം നിർത്താനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ആന പരിപാലന ചട്ടം, 2003 ഭേദഗതി വരുത്തി ഇപ്പോൾ ആന പരിപാലന ചട്ടം, 2012 അനുസരിച്ചാണ് നാട്ടാനകളുടെ പരിപാലനവും സംരക്ഷണവും, നാട്ടാനകളെ ഉത്സവത്തിന് എഴുന്നള്ളിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കുന്നത്. നിയമാനുസരണമുള്ള നടപടികളെല്ലാം സ്വീകരിക്കുന്നതിന് വനം വകുപ്പ് നിർബന്ധിതമാണ്. ഈ ചട്ടങ്ങൾ കൂടാതെ കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് ഇപ്പോൾ ആനകളുടെ സെൻസസ് എടുത്തത്. ഉത്സവങ്ങളുമായി ബന്ധപ്പെട്ട്, സുപ്രീംകോടതി നിർദ്ദേശമനുസരിച്ച്, ആനകളെ എഴുന്നള്ളിക്കാൻ ഉദ്ദേശിക്കുന്ന ക്ഷേത്രങ്ങൾ അല്ലെങ്കിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടവർ ആ ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. അത് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതാണ്, ആന പരിപാലന ചട്ടത്തിൽ പറയുന്നതല്ല. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കാനുള്ള ബാധ്യത നമുക്കുണ്ട്. വനം വകുപ്പ് ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാതെയുള്ള ഒരു നടപടിയും വനം വകുപ്പ് സ്വീകരിക്കാറില്ല. വനം വകുപ്പ് ഉദ്യോഗസ്ഥർ ആനകളെ പീഡിപ്പിക്കുന്നുവെന്ന നിലയിലാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. തിരിച്ചാണ് സംഗതി. പലപ്പോഴും ആനകളെ പീഡിപ്പിക്കുന്നുവെന്ന നിലയിലുള്ള നിരവധി പരാതികൾ വരാറുണ്ട്. ആനകളെ പീഡനത്തിൽ നിന്ന് രക്ഷിക്കുന്നതിനാണ് പ്രസ്തുത ആന പരിപാലന ചട്ടവും മറ്റും തയ്യാറാക്കിയിരിക്കുന്നത്. അതനുസരിച്ചുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശമെന്ന് പറഞ്ഞു. അത് അങ്ങ് ഒന്നുകൂടി പരിശോധിക്കണമെന്ന അപേക്ഷയുണ്ട്. കാരണം, സുപ്രീംകോടതിയിൽ കേസ് നടക്കുകയാണ്. സുപ്രീംകോടതിയിൽ 743/2014-ാം നമ്പരായി Wildlife Rescue and Rehabilitation Centre and Others V/s Union of India and Others എന്നൊരു റിട്ട് ഹർജിയുണ്ട്. ഞാൻ അത് നോക്കിയിരുന്നു. ആ കേസിൽ നിലവിലുള്ള അവസ്ഥ തുടരാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടക്കാല ഉത്തരവ് പാസ്സാക്കിയിട്ടുണ്ട്. നിലവിലുള്ള നിലപാട് എന്താണോ അത് തുടരാനാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ, ഇപ്പോൾ ആ കേസിൽ ആനപ്രേമികളും വിവിധ സംസ്ഥാനങ്ങളിലെ ആന ഉടമകളും എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരും വനം വകുപ്പും കക്ഷി ചേർന്നിട്ടുണ്ട്. ടി കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡിവിഷൻ ബഞ്ചിന് മുമ്പാകെ പരിഗണനയിലിരിക്കുകയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് നിലവിലിരിക്കെ എന്തുകൊണ്ടാണ് കേരള വനം വകുപ്പ് ഉദ്യോഗസ്ഥർ ടി വിഷയവുമായി ബന്ധപ്പെട്ട നോട്ടീസുകളും നിർദ്ദേശങ്ങളും ആന ഉടമകൾക്ക് നൽകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത് കോടതിയലക്ഷ്യമാണ്. കോടതിയുടെ സ്റ്റേ നിലനിൽക്കുമ്പോൾ, സുപ്രീംകോടതിയിൽ കേസ് പെൻഡിംഗിലുള്ളപ്പോൾ എന്തുകൊണ്ടാണ് കേരളത്തിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഇങ്ങനെ ചെയ്യുന്നത്? കോടതി പറയട്ടെ, കേൾക്കാൻ തയ്യാറാണ്. വനത്തിലാണെങ്കിൽ ഒരാന ഒരു ദിവസം 65-75 കി.മീറ്റർ വരെ നടക്കുന്നുണ്ട്. ഇവിടെ ആനയെ നടത്തരുതെന്നാണ് പറയുന്നത്. നടന്നില്ലെങ്കിലും ആനയ്ക്ക് കുഴപ്പമാണ്, ആനയുടെ ജീവിതം ദുരിതത്തിലാകും. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ, ഏതെങ്കിലും ഐ.എ.എസ്. ഉദ്യോഗസ്ഥരെയോ മറ്റ് ഉദ്യോഗസ്ഥരെയോ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്താൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 18-8-2015-ലെ റിട്ട് പെറ്റിഷൻ നമ്പർ 43/2014 ഉത്തരവുപ്രകാരം നാട്ടാനകൾ പങ്കെടുക്കുന്ന ഉത്സവങ്ങളുടെ സുഗമമായ നടത്തിപ്പിനും ഉത്സവങ്ങളിൽ പങ്കെടുക്കുന്ന നാട്ടാനകൾക്ക് നേരിടേണ്ടിവരുന്ന പീഡനം ഒഴിവാക്കുന്നതിനും നാട്ടാനകളെ പങ്കെടുപ്പിച്ച് ഉത്സവം നടത്തുന്ന ക്ഷേത്രങ്ങളും ദേവസ്വങ്ങളും ടി ഉത്തരവ് തീയതി മുതൽ ആറാഴ്ചയ്ക്കകം ജില്ലാ കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേസ് പെൻഡിംഗായി അന്തിമ തീരുമാനം വന്നില്ലെങ്കിൽപ്പോലും ഹൈക്കോടതിയുടെ ഇടക്കാല നിർദ്ദേശങ്ങളനുസരിച്ചാണ് രജിസ്ട്രേഷനും മറ്റും നിർബന്ധമാക്കിക്കൊണ്ടുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചത്. അത് ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് തന്നെയാണ്. ആ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുമ്പോൾ സ്വാഭാവികമായും ആന ഉടമകൾക്ക് ചില പരാതികൾ ഉണ്ടായിരുന്നു. അവർ നിവേദനങ്ങൾ തന്നതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്തു. ആന ഉടമകളും ഈ കേസിൽ എതിർ കക്ഷിയായി ചേർന്നിട്ടുണ്ട്. രജിസ്ട്രേഷനുള്ള സമയം ഫിക്സ് ചെയ്തതും ഇന്ന തീയതിക്കകം നടത്തണമെന്നുള്ള നിബന്ധന വച്ചതും ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെയാണ്. അതുകൊണ്ട് നമുക്ക് അത് മാറ്റാൻ പറ്റില്ല. ന്യായമായ എന്തെങ്കിലും ഗ്രീവൻസ് ഉണ്ടെങ്കിൽ കക്ഷിയാണ് എന്നുള്ളതുകൊണ്ട് കോടതിയിൽ ആന ഉടമകൾക്കോ ബന്ധപ്പെട്ട ആളുകൾക്കോ ആവശ്യമായ പരാതി ഉന്നയിക്കാം. അതിനാവശ്യമായ പരിഹാരം തേടാം. രജിസ്ട്രേഷനും മറ്റും സമയം നീട്ടിത്തരണമെന്നുള്ള അവരുടെ ന്യായമായ ചില ആവശ്യങ്ങളുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അതിനനുകൂലമായ നിലപാട് സ്വീകരിക്കാനും സർക്കാർ തയ്യാറാണ്.

ഡോ. എൻ. ജയരാജ്: സർ, ഈ നിയമസഭയിൽ ആനയ്ക്ക് ആർ.സി. ബുക്ക് വേണമെന്നാവശ്യപ്പെട്ട് ഒരു സബ്മിഷൻ കൊണ്ടുവന്ന ആളാണ് ഞാൻ. അന്ന് എന്നെ എല്ലാവരും കളിയാക്കിയെങ്കിലും പിന്നീട് ഗവൺമെന്റ് അത് അംഗീകരിക്കുകയും ഇപ്പോൾ ആനയ്ക്ക് ആർ.സി. ബുക്കും ചിപ്പും മറ്റുമൊക്കെ വയ്ക്കുന്ന ഒരു സാഹചര്യമുണ്ടായി. ഞാൻ സൂചിപ്പിക്കുന്നത്, ഇവിടെ സമർപ്പിച്ച കണക്കനുസരിച്ച് കേരളത്തിൽ ഇപ്പോൾ 521 ആനകളുണ്ട്. കേരളത്തിലെ ഉത്സവ സീസൺ എന്നുപറയുന്നത് ഏകദേശം ആറ് മാസത്തോളമാണെന്ന കാര്യം നമുക്കറിയാം. ഈ 521 ആനകളെ ആന ഉടമകളിൽനിന്നും മറ്റുള്ളവർ പാട്ടത്തിനെടുക്കുകയാണ് ചെയ്യുന്നത്. ലക്ഷക്കണക്കിന് രൂപയ്ക്ക് പാട്ടത്തിനെടുത്തിട്ട് ഒരു ദിവസം തൃശ്ശൂരാണെങ്കിൽ അന്ന് രാത്രി തന്നെ ആനയെ മറ്റൊരു വാഹനത്തിൽ അവിടെ നിന്ന് കോട്ടയത്തേയ്ക്കോ മറ്റ് സ്ഥലങ്ങളിലേയ്ക്കോ കൊണ്ടുപോകുന്നു. ആറ് മാസക്കാലം ആനയ്ക്ക് റെസ്റ്റില്ല. ഇതൊരു വന്യജീവിയാണെന്ന മര്യാദ പോലും ഇല്ലാതെ വളരെ ക്രൂരമായാണ് പെരുമാറുന്നത്. വടക്കാഞ്ചേരിയിലെ കണ്ണൻ എന്നൊരു ആനയെ ക്രൂരമായി മർദ്ദിക്കുന്ന ഒരു രംഗം അടങ്ങുന്ന വൈറൽ വീഡിയോ ഇന്നലെ വാട്ട്സാപ്പിൽ കണ്ടു. ഇക്കാര്യത്തിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് പ്രധാനപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ: യെസ്.....യെസ്.....ചോദ്യത്തിലേയ്ക്ക് വരൂ.

ഡോ. എൻ. ജയരാജ്: സർ, അതുപോലെതന്നെ ഡോക്ടർമാർ ആനയെ കാണാതെ സർട്ടിഫിക്കറ്റ് കൊടുക്കുന്നു എന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഞാൻ വനം വകുപ്പിലെ പല ഉദ്യോഗസ്ഥന്മാരോടും സംസാരിച്ചപ്പോൾ, ഇക്കാര്യത്തിൽ ഒരു നിയന്ത്രണത്തിന് അവർക്ക് യാതൊരു മാർഗ്ഗവുമില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പരിമിതി എന്ന് അറിയാൻ കഴിഞ്ഞു. ഇതൊരു വന്യജീവിയാണെന്ന് കരുതുകയും അതോടൊപ്പം തന്നെ ഒരു ഉത്സവം കഴിഞ്ഞാൽ ഒരു ദിവസമെങ്കിലും ആനയ്ക്ക് റെസ്റ്റ് കൊടുത്തശേഷം മാത്രമേ അതിനെ ട്രാൻസ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ എന്ന വിധത്തിൽ വളരെ കർശനമായ ഒരു നിയന്ത്രണം ഏർപ്പെടുത്തണം. ആന മനുഷ്യനേക്കാൾ വളരെ സൗമ്യമായ ജീവിയാണെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ, ആ സൗമ്യതയെ ഇല്ലാതാക്കുന്നത് മനുഷ്യന്റെ ക്രൂരതയാണ്. ഇക്കാര്യത്തിൽ വളരെ കർശനമായ നിലപാട് എടുക്കേണ്ടത് അത്യാവശ്യമാണ്. ഇതിൻമേൽ സർക്കാർ എന്ത് നിലപാടുകൾ കൈക്കൊള്ളുമെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജു: സർ, ഡോ. എൻ. ജയരാജ് ഒരു ആനസ്നേഹിയാണെന്നുള്ളത് അദ്ദേഹത്തിന്റെ ചോദ്യത്തിൽ നിന്നുതന്നെ വ്യക്തമാണ്. മുമ്പ് സംസാരിച്ച ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതിൽനിന്നും നേരെ വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് യഥാർത്ഥത്തിൽ ഡോ. എൻ. ജയരാജ് ഇവിടെ ചോദിച്ചത്.

ആനകളെ പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിരവധി പരാതികൾ ലഭിക്കുന്നുണ്ട്, അത് സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുമുണ്ട്. നാട്ടാനകൾക്ക് മതിയായ പരിചരണം ലഭിക്കുന്നില്ല, വിശ്രമമില്ലാതെ ഉത്സവങ്ങളിൽ എഴുന്നള്ളിക്കുന്നു എന്നുള്ളതൊക്കെ വളരെ ശരിയാണ്. മുറിവുകളും പരിക്കുകളും മദപ്പാടുമുള്ള ആനകളെയും എഴുന്നള്ളിക്കുന്നുണ്ട്. ആനകളെ അകാരണമായി ക്രൂരമായ മർദ്ദനത്തിനും പീഡനത്തിനും വിധേയരാക്കുന്നുണ്ട്. പാപ്പാന്മാരിൽ ഒരു വിഭാഗം തന്നെ അങ്ങനെ ചെയ്യുന്നുണ്ട്. ഉടമസ്ഥന്മാരിൽ ചിലരൊക്കെ ആനകളെ നല്ലതുപോലെ സംരക്ഷിക്കുന്നുണ്ട്. എന്നാൽ ചിലർ അമിതമായ ലാഭം പ്രതീക്ഷിച്ചുകൊണ്ട് ആനയ്ക്ക് വേണ്ടത്ര പരിചരണവും ഭക്ഷണവുമൊന്നും നൽകാതെ ആനയെ ഉത്സവം കഴിഞ്ഞാൽ ഒരു സ്ഥലത്തുനിന്നും ലോറിയിൽ കയറ്റി മണിക്കൂറുകളോളം സഞ്ചരിച്ച് അടുത്ത സ്ഥലത്തേയ്ക്ക് കൊണ്ടുപോയി പീഡിപ്പിക്കുന്ന സ്ഥിതിയുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ആന പരിപാലന ചട്ടത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ആ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്തം വനംവകുപ്പിനുണ്ട്. അതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. പക്ഷേ നമ്മുടെ നാട്ടിൽ ധാരാളം ഉത്സവങ്ങളുണ്ട്, അതിലൊക്കെ ആനയെ എഴുന്നള്ളിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരം അങ്ങനെ ആനയെ എഴുന്നള്ളിക്കേണ്ട ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്ന് നേരത്തെ തന്നെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പക്ഷേ ഭൂരിപക്ഷം വരുന്ന ക്ഷേത്രങ്ങളും ഇതുവരെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. ഈ രീതിയിൽ ആനകളെ വളരെ വ്യാപകമായി പലതരത്തിലുള്ള പീഡനങ്ങൾക്കും വിധേയമാക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. ആന പരിപാലന ചട്ടം അനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ വനംവകുപ്പ് ഏറെക്കുറേ കൃത്യമായി തന്നെ ആ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാൻ പരിശ്രമിക്കുന്നുണ്ട്. പലപ്പോഴും ഉത്സവങ്ങളും ആചാരങ്ങളുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങളായതുകൊണ്ട് ചില തടസ്സങ്ങൾ ഉണ്ടാകാറുണ്ടെന്നുള്ളത് ശരിയാണ്.

പ്രൊഫ. കെ. യു. അരുണൻ : സർ,

"ദ്യോവിനെ വിറപ്പിക്കുമാ വിളി കേട്ടോ

മണിക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം !"

എന്ന് വർഷങ്ങൾക്ക് മുമ്പ് വൈലോപ്പിള്ളി ശ്രീധരമേനോൻ ചോദിച്ചു. എഴുന്നള്ളിച്ച് കൊണ്ടുനിർത്തിയിരിക്കുന്ന ആനയ്ക്കും സങ്കൽപ്പ സ്വാതന്ത്ര്യമുണ്ടല്ലോ. ആനയുടെ സങ്കൽപ്പത്തിൽ, അത് സുഗന്ധം വഴിഞ്ഞൊഴുകുന്ന കാട്ടിലെത്തിയപ്പോൾ മുന്നിൽ ഒരു പിടിയാന. ആ പിടിയാനയെ പിടിക്കാൻവേണ്ടി മുന്നോട്ട്

ആഞ്ഞപ്പോൾ അമ്പലത്തിന്റെ മുന്നിൽ നിൽക്കുന്ന നമ്മുടെ ആനയുടെ കാലിലെ ചങ്ങല പൊട്ടി. ആളുകൾ നിലവിളിച്ചു. പട്ടാളക്കാർ വെടിവച്ചു, ഒരു ദീനരോദനം പുറപ്പെടുവിച്ചു കൊണ്ട് ആന ചരിഞ്ഞു. അപ്പോൾ കവി ചോദിച്ചു ആ ദീനരോദനം കേട്ടോ മണിക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം? ആ രോദനം ഇപ്പോഴും ഉണ്ട്. അത് കേൾക്കുന്നുണ്ടോ?

ശ്രീ. കെ. രാജു : സർ, അദ്ദേഹം ഇവിടെ ഉന്നയിച്ച ചോദ്യത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഇവിടെ നാട്ടാനകളുടെ പരിപാലനത്തെ പ്പറ്റിയാണ് പറയുന്നത്. തിരുവനന്തപുരത്ത് വനം വകുപ്പിന്റെ കീഴിൽ നാട്ടാനകളുടെ പരിപാലനത്തിന് സൗകര്യം ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആനയെ എങ്ങനെ പരിചരിക്കണമെന്ന ശാസ്ത്രം പറയുന്ന മാതംഗലീല എത്ര ആളുകൾക്ക് അറിയാം? അതുപോലെ തന്നെ ഹസ്ത്യായുർവേദത്തിൽ ആനകളുടെ ചികിത്സയാണ് പ്രതിപാദിക്കുന്നത്. എത്ര ആളുകൾക്ക് ഇതറിയാം? ഇത് നമ്മുടെ പൂർവ്വികരായ ആളുകൾ ഉണ്ടാക്കിയതാണ്. ഞാനിത് പറയാൻ കാരണം, ആധുനിക വൈദ്യശാസ്ത്രത്തിലെ ഡോക്ടർമാരെക്കാളും നാട്ടുവൈദ്യന്മാർക്കാണ് ഇതിനെപ്പറ്റി ആധികാരികമായി പറയാൻ സാധിക്കുന്നത്. ഞാനൊരു ഉദാഹരണം പറയാം. നമ്മുടെ നാട്ടിൽ ഒരു ആന 1984-ൽ പ്രസവിച്ചു. 18 മുതൽ 22 മാസം വരെയാണ് ആനയുടെ ഗർഭകാലം. ആനയുടെ പാപ്പാൻ ആനക്ക് കിതപ്പുണ്ടെന്നും ഗർഭം ഉണ്ടെന്നും പറഞ്ഞു. ഡോക്ടർമാർ പറഞ്ഞു, അതിന് ഒരു കുഴപ്പവുമില്ലെന്ന്. അവസാനം മുണ്ടൂരുള്ള ഒരു ആനവൈദ്യനെ കൊണ്ടുവന്നു. അദ്ദേഹം പറഞ്ഞു, ആന അടുത്തുതന്നെ പ്രസവിക്കുമെന്ന്. പറഞ്ഞ് മൂന്നാമത്തെ ദിവസം ആന പ്രസവിച്ചു. ആളുകൾ വന്ന് പറഞ്ഞിട്ടാണ് ഞങ്ങൾ ആന പ്രസവിച്ച കാര്യം അറിയുന്നത്. അതിനാൽ ഈ നാട്ടുവൈദ്യന്മാരെക്കൂടി ആന പരിപാലനത്തിൽ ഉൾപ്പെടുത്തണം. കാട്ടിൽ ജീവിക്കുന്ന ആളുകൾക്കാണ് ആനകളെപ്പറ്റി കൂടുതൽ അറിയാൻ സാധിക്കുന്നത്. ആദിവാസികളായിരുന്നു മുമ്പ് ആനപാപ്പാന്മാരായി വന്നിരുന്നത്. ഇന്ന് നാട്ടിൽ ഒരു ആനയെ പിടിച്ചാൽ പത്ത് ദിവസം കഴിഞ്ഞിട്ട് ഒരാളെ പാപ്പാനായി വയ്ക്കുകയാണ്. അതാണ് ഇതിലെ വലിയ പ്രശ്നം. അവർ തോട്ടി കൊണ്ട് ആനയുടെ ചെവിയിൽ കുത്തും, ആനയ്ക്ക് ദേഷ്യം വരും, മദം ഇളകും. മനുഷ്യന് ദേഷ്യം വന്നാൽ മനുഷ്യൻ പ്രതികരിക്കുന്നതുപോലെ തന്നെയാണ് ആനയും. അതിനാൽ ആനപാപ്പാന്മാർക്ക് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഇത് നാട്ടാനകളുടെ കാര്യമാണ്. ആനകളെ സംരക്ഷിക്കുന്നതിനുവേണ്ടി ആനപാപ്പാന്മാർക്ക് ശാസ്ത്രീയമായ അറിവ് പകർന്നു നൽകുന്നതിനുവേണ്ടിയാണ് പരിശീലനപരിപാടി വനംവകുപ്പ് നടത്തുന്നത്.

അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനമാണ് ഇപ്പോൾ നൽകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ആദിവാസികൾക്ക് എല്ലാ മൃഗങ്ങളെയും കൈകാര്യം ചെയ്യുന്നതിനുള്ള അറിവും കഴിവും ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ആന പാപ്പാന്മാരുടെ പരിശീലനവുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ആ അറിവുകൾ കൂടി പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകാം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആനകളെ പരിപാലിക്കുന്ന ഒരു കേന്ദ്രമാണ് ഗുരുവായൂർ ദേവസ്വത്തിലെ ആനത്താവളം. ഇന്ത്യയിൽ മാത്രമല്ല ലോകത്തിൽ തന്നെ ശ്രീലങ്ക കഴിഞ്ഞാൽ ഏറ്റവും വലിയ കേന്ദ്രം ഗുരുവായൂർ ആനത്താവളം ആയിരിക്കും. ആനകളെ ഭേദപ്പെട്ട നിലയിൽ പരിപാലിക്കുന്ന ഒരു കേന്ദ്രമാണത്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഒഴിച്ചാൽ ഇവിടെ ഉന്നയിക്കപ്പെട്ട തരത്തിലുള്ള പീഡനങ്ങളൊന്നും അവിടെയില്ല. ആനകളെ നന്നായി പരിപാലിക്കുന്നുണ്ട്. അത് മികച്ച ഒരു ടൂറിസം കേന്ദ്രം കൂടിയാണ്. ഓരോ ദിവസവും ആയിരക്കണക്കിനാളുകൾ വന്നുപോകുന്ന ഒരു സ്ഥലമാണത്. അത് നമുക്ക് കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ശ്രീലങ്കയിലൊക്കെ ചെയ്യുന്നതുപോലെ ആനപിണ്ഡത്തിൽ നിന്നും പൾപ്പ് ഉണ്ടാക്കാനുള്ള സംവിധാനമുണ്ട്. അത് ഇപ്പോൾ അവിടെ ഉപയോഗിക്കുന്നില്ല. ആ രീതിയിലുള്ള പദ്ധതികൾക്കുകൂടി രൂപം നൽകാൻ കഴിയുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാന്യനായ കെ. വി. അബ്ദുൾ ഖാദർ ഗുരുവായൂർ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-ആണ്. അദ്ദേഹം സൂചിപ്പിച്ചതു പോലെ, ഞാൻ നേരത്തെ വായിച്ച സെൻസസ് അനുസരിച്ച് തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ നാട്ടാനകളുള്ളത്. 145 എണ്ണമാണുള്ളത്. മറ്റുള്ള ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ അത് ഇരട്ടിയിലധികമാണ്. ഗുരുവായൂരിലെ ആനകളെ മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കുന്നുണ്ടെന്നാണ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. അതുപോലെതന്നെ ചില ഉടമകളുടെ ആനകളെയും ദേവസ്വത്തിന്റെ വകയായിട്ടുള്ള ആനകളെയും സാമാന്യം മെച്ചപ്പെട്ട രീതിയിൽ പരിചരണത്തിന് വിധേയമാക്കി കൊണ്ടുപോകുന്നുണ്ട്. അങ്ങനെ അല്ലാതെ ആഹാരംപോലും കൊടുക്കാൻ നിവൃത്തിയില്ലാതെ, ബുദ്ധിമുട്ടനുഭവിക്കുന്ന ഉടമസ്ഥരുടെ ആനകളെ പിടിച്ചെടുക്കാനും തിരുവനന്തപുരത്തെ കോട്ടൂർ ആന പരിപാലന കേന്ദ്രത്തിൽ കൊണ്ടുവന്ന് അതിനെ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ അവിടെ 13-ഓളം ആനകളുണ്ട്. ഇനി 100 കോടി രൂപയുടെ ഒരു പ്രോജക്ട് നടപ്പിലാക്കാൻ പോകുകയാണ്. അതിന്റെ ഉദ്ഘാടനം ഈ വരുന്ന 23-ാം തീയതി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കോട്ടൂരിൽ വച്ച് നിർവ്വഹിക്കുകയാണ്. അങ്ങനെ വരുമ്പോൾ ഏതെങ്കിലും ഉടമസ്ഥന് അവശത അനുഭവിക്കുന്ന ആനകളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ടെങ്കിൽ, അവർ അറിയിച്ചാൽ കുറച്ച് ചെലവ് അവർ വഹിച്ചുകൊണ്ടുതന്നെ ആനയെ ഈ കേന്ദ്രത്തിൽ കൊണ്ടുവന്ന് പരിപോഷിപ്പിക്കുന്നതാണ്. അത് ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒന്നുമാകും. ആനയുടെ കുളി കാണാൻ അവിടെ വരുന്ന വിദേശികൾക്ക് വലിയ താൽപ്പര്യമാണ്. ഇപ്പോൾത്തന്നെ കോട്ടൂരിൽ ആന പരിപാലന കേന്ദ്രത്തിനടുത്തായി ഒരു അരുവിയുണ്ട്. ആ അരുവിയിൽ കൊണ്ടുപോയാണ് ആനകളെ കുളിപ്പിക്കുന്നത്. ആനയെ കുളിപ്പിക്കുന്നത് കാണാൻ നമ്മുടെ രാജ്യത്തുനിന്നും വിദേശത്തുനിന്നും ധാരാളം ആളുകൾ വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

മി. സ്പീക്കർ: കാട്ടാനകളുടെ ശല്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ നമ്മൾ ഒരുപാട് സമയം ചെലവഴിച്ചിട്ടുണ്ടെങ്കിലും നാട്ടാനകളുടെ സംരക്ഷണം എന്നുള്ളത് പൊതുവെ ആദ്യമായിട്ടാണ് വരുന്നത്. അതുകൊണ്ടാണ് നമ്മൾ കുറച്ചധികം സമയം ചെലവഴിച്ചത്. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം.

### ജലസ്രോതസ്സുകളുടെ സംരക്ഷണവും വിനിയോഗവും

2 (*62) ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനം സൃഷ്ടിച്ച കടുത്ത വരൾച്ച കുടിവെള്ളക്ഷാമത്തിലേയ്ക്ക് നയിക്കാതിരിക്കാനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ശാസ്ത്രീയമായ വിനിയോഗത്തിനും ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഭൂഗർഭ ജലനിരപ്പിൽ ഉണ്ടാകുന്ന ആശങ്കാജനകമായ കുറവും പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകൾ പകുതിയോളം വറ്റിവരണ്ടതും കണക്കിലെടുത്ത് ഭൂജല-ഭൂഗർഭ ജല സംപോഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) മഴയുടെ ലഭ്യതയിലുണ്ടായ കുറവാണ് സംസ്ഥാനത്തെ വരൾച്ചയിലേയ്ക്കും കുടിവെള്ളക്ഷാമത്തിലേയ്ക്കും നയിച്ചത്. കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ കണക്കനുസരിച്ച് 2019 മാർച്ച് 1 മുതൽ മേയ് 29 വരെയുള്ള സമയത്ത് സാധാരണ ലഭ്യമാകേണ്ട മഴയുടെ അളവിൽ 55 ശതമാനം കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മി. സ്പീക്കർ: സർ, അങ്ങയുടെ ഉത്തരം എട്ട് പേജുണ്ട്. അത് മുഴുവൻ വായിക്കണമെന്നില്ല. ചുരുക്കം പറഞ്ഞാൽ മതി. ഉപചോദ്യങ്ങൾക്കായി ധാരാളം അംഗങ്ങൾ കയ്യുയർത്തുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒന്ന് രണ്ട് ഉത്തരം വായിക്കാം.

മി. സ്പീക്കർ: ശരി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് വിവിധ ജില്ലകളിൽ വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാക്കിയേക്കും എന്ന നിഗമനത്തിൽ അത്തരമൊരു സാഹചര്യം ഉണ്ടായാൽ ബാധിക്കാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ അവലോകനവും മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച് 21-1-2019-ന് ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 10-4-2019-ന് വകുപ്പുമന്ത്രിതലത്തിലും 29-4-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും അവലോകന യോഗങ്ങൾ ചേരുകയും രൂക്ഷമായ വരൾച്ച മുന്നിൽ കണ്ട് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്ത് ബന്ധപ്പെട്ട വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകുകയും ചെയ്തു. 2016-ലെയും 2017-ലെയും വരൾച്ചയുടെ പാഠങ്ങൾ ഉൾക്കൊണ്ട് ഭാവിയിലുണ്ടായേക്കാവുന്ന വരൾച്ച പഴുതില്ലാതെ നേരിടുന്നതിന് മേൽ യോഗങ്ങളിൽ തീരുമാനിക്കുകയും അതനുസരിച്ച് വിവിധ വകുപ്പുകൾ തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

സ്രോതസ്സുകളിൽ ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള വാട്ടർ അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് ഡിസംബർ മാസം തന്നെ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ പൂർത്തിയാക്കുകയുണ്ടായി. 87 താൽക്കാലിക തടയണകൾ ഈ വരൾച്ചാക്കാലത്ത് പൂർത്തിയാക്കി.

ആയതിൽ 71 എണ്ണം ജലം സംഭരിച്ചുനിർത്തുന്നതിനും 16 എണ്ണം ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം തടയുന്നതിനുമാണ് നിർമ്മിച്ചത്. ഇതുവഴി ഏകദേശം 50 ലക്ഷം ജനങ്ങൾക്ക് പ്രതിദിനം ഏകദേശം 200 ദശലക്ഷം ലിറ്റർ ജലലഭ്യത വരൾച്ചക്കാലത്ത് ഉറപ്പുവരുത്തുവാൻ സാധിച്ചു. വേനൽ രൂക്ഷമാകുന്ന സ്ഥിതി ഉണ്ടാകുകയാണെങ്കിൽ ബാധിക്കാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ വിവരം പ്രത്യേകമായി ശേഖരിക്കുകയും ഇത്തരം പദ്ധതികളിൽ ജലവിതരണം പരമാവധി ദിവസത്തേയ്ക്ക് സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള പ്രവൃത്തികൾ ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു. ലഭ്യമായ ജലം പരമാവധി സംഭരിക്കൽ, പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ജലം ലഭ്യമായ പദ്ധതികളിൽ നിന്നും ഇന്റർ കണക്ഷൻ നൽകൽ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള വിവിധയിനം പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തതുകൊണ്ടാണ് വേനൽ രൂക്ഷമായ സാഹചര്യത്തിലും പൊതുജനങ്ങളെ അധികം ബാധിക്കാത്ത രീതിയിൽ കുടിവെള്ള വിതരണം നടത്തുവാൻ സാധിച്ചത്. വരൾച്ചാ ദുരിതാശ്വാസത്തിനായി 22.15 കോടി രൂപ അടങ്കൽ വരുന്ന 817 പ്രവൃത്തികൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യ ഘട്ടത്തിൽ ജലവിതരണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനും/റവന്യൂ വകുപ്പിനും ജലമെടുക്കാനായി 225 വെൻഡിങ് പോയിന്റുകൾ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചു. വരൾച്ചാക്കാലത്ത് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും ജില്ലാതലത്തിലും ഡിവിഷൻ തലത്തിലും 24x7 പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിൽ സത്വര നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിലും 24x7 പ്രവർത്തിക്കുന്ന കേന്ദ്രീകൃത കൺട്രോൾ റൂം ആരംഭിക്കുകയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ "Drought Management Cell" രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കുളങ്ങൾ ശുചീകരിച്ച് ജല സംഭരണശേഷി വർദ്ധിപ്പിക്കുക, ചെറുതോടുകൾ ശുചിയാക്കി പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ല് വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം കുടിവെള്ളക്ഷാമം

ഉണ്ടാകാതിരിക്കാൻ ദുരന്ത നിവാരണ വകുപ്പിന്റെ നിർദ്ദേശാനുസരണം വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാണിജ്യ-വ്യവസായ-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ഭൂജല വിനിയോഗ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കടുത്ത വേനലിനെ മുന്നിൽ കണ്ടുകൊണ്ട് ജലനിധി രണ്ടാം ഘട്ടത്തിൽ 2176 പദ്ധതികൾ ഏറ്റെടുത്ത് 2136 പദ്ധതികൾ പൂർത്തീകരിച്ചു. ഈ പദ്ധതികൾ മുഖേന 2,20,062 കുടുംബങ്ങൾക്ക് (966904 ആളുകൾക്ക്) ജലലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. കൂടാതെ, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിയും സ്രോതസ്സുകൾ സംരക്ഷിച്ചുവരുന്നു. അനിയന്ത്രിതമായ നഗരവത്കരണം, നിലം നീർച്ചാലുകൾ നികത്തൽ, നീർത്തട നശീകരണം, അനധികൃത കയ്യേറ്റങ്ങൾ, വനനശീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാരണങ്ങളാലും നദികളിലെ അനിയന്ത്രിതമായ മണലൂറ്റ് കാരണവും ജല സ്രോതസ്സുകൾ വറ്റിവരുന്ന സ്ഥിതിവിശേഷം ഉണ്ട്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനുമുള്ള സമീപനമാണ് കൈക്കൊണ്ടുവരുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും അതുവഴി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഇത് ഉപകാരപ്രദമാണ്. സ്രോതസ്സുകളിൽ ലഭ്യമായ ജലം ദീർഘകാലാടിസ്ഥാനത്തിൽ ശാസ്ത്രീയമായി വിനിയോഗിക്കാനായി നിലവിലെ പദ്ധതികൾ വിപുലീകരിച്ചും വിതരണ ശൃംഖലകൾ വിപുലീകരിച്ചും ശുദ്ധജല നഷ്ടം ഒഴിവാക്കുന്ന പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കിയും നടപടികൾ സ്വീകരിച്ചുവരുന്നു. നഗര ജല വിതരണത്തിന് ഏക സ്രോതസ്സിനുപകരം ബദൽ സ്രോതസ്സുകൾ ഏർപ്പെടുത്തുന്നത് ജല സ്രോതസ്സുകളുടെ ശാസ്ത്രീയമായ വിനിയോഗത്തിനുള്ള ഒരു മാർഗ്ഗമാണ്. കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഇതിനോടകം തന്നെ ബദൽ സ്രോതസ്സ് അടിസ്ഥാനമാക്കിയുള്ള ജലവിതരണം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ നിലവിലെ പേപ്പാറ ജലസംഭരണി കൂടാതെ നെയ്യാർ ബദൽ സ്രോതസ്സായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വണ്ടിച്ചിറ, ആനത്താഴ്ചിറ എന്നീ ജലാശയങ്ങൾ നവീകരിച്ച് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ വാട്ടർ അതോറിറ്റി

നടപ്പിലാക്കിയിട്ടുണ്ട്. 2016-17-ൽ ഹരിത കേരളം പദ്ധതിയോടനുബന്ധിച്ച് ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ളവ ഉപയോഗ യോഗ്യമാക്കുകയും സ്ഥലലഭ്യതയുള്ള സ്രോതസ്സുകൾക്ക് സമീപം ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ജല ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അത് പരിപാലിച്ചും ഭൂഗർഭജല വിതാനം ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജല ദുരുപയോഗം കുറയ്ക്കുന്നതിന് വേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കയ്യേറ്റം കണ്ടെത്തിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോലീസ് എന്നിവരുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ജല സംരക്ഷണവുമായി ബന്ധപ്പെട്ട പുനരുജ്ജീവിപ്പിക്കുന്ന ജല സ്രോതസ്സുകൾ സ്ഥായിയായി നിലനിർത്തുന്നതിനും അവയിൽ ജലലഭ്യത ഉറപ്പാക്കുന്നതിനും വേണ്ടി അവയുടെ വൃഷ്ടി പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. നീർത്തടാടിസ്ഥാനത്തിൽ ശാസ്ത്രീയ അടിത്തറയോടെ തയ്യാറാക്കിയ ഒരു പ്ലാനിനെ അടിസ്ഥാനമാക്കിയാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ബ്ലോക്ക്-ജില്ലാ തലത്തിലും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും വിദഗ്ദ്ധരും അംഗങ്ങളായ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി. വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമായ ദ്വിതീയ വിവരങ്ങളുടെ കൂടി അടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയായിവരുന്നു. ഇതുവരെ 843 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ പൂർത്തിയായിട്ടുണ്ട്. ഇവ നീർത്തടാടിസ്ഥാനത്തിൽ കൂട്ടിയോജിപ്പിച്ച് ബ്ലോക്കുതല നീർത്തട മാസ്റ്റർ പ്ലാനുകളും ഭൂരിപക്ഷം ബ്ലോക്ക് പഞ്ചായത്തുകളിലും പൂർത്തിയായിക്കഴിഞ്ഞു. ഇവയിൽ ഉൾപ്പെട്ട ഓരോ പ്രവർത്തികളും നിർവ്വഹണ ഏജൻസി/വകുപ്പ് ഏതൊക്കെയെന്ന് തീരുമാനിച്ച് നിർവ്വഹിക്കുന്ന പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്ലാനിൽപ്പെട്ട പ്രവൃത്തികളുടെ മുൻഗണനാക്രമം തീരുമാനിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഹരിതകേരളം പദ്ധതി വഴി ഭൂജല സംരക്ഷണം, കൃത്രിമ ഭൂജല സംപോഷണം എന്നീ പ്രവർത്തനങ്ങൾക്ക് വകുപ്പിലെ ഉദ്യോഗസ്ഥർ

പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിവരുന്നു. ജലസ്രോതസ്സുകളായ കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും അവ കനാലുകളുമായി ബന്ധപ്പെടുത്തുന്നതിനും ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പിൽ ആശങ്കാജനകമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മഴലഭ്യതയിലുണ്ടാകുന്ന കുറവും, കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനവും, കേരളത്തിലെ ഭൂപ്രകൃതിയിലെ സവിശേഷതയുംമൂലം ഭൂജലനിരപ്പിൽ സ്വാഭാവികമായ മാറ്റങ്ങൾ കണ്ടുവരുന്നു. സുസ്ഥിരമായ ഭൂജലപരിപാലനത്തിനായി ഭൂജലവകുപ്പ് പ്ലാൻ പദ്ധതിയായ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻകീഴിൽ തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവർത്തനങ്ങൾ, അടിയണ നിർമ്മാണം എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കുളങ്ങൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുക, തടയണകൾ/റെഗുലേറ്ററുകൾ/വി.സി.ബി.-കൾ എന്നിവ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കുക എന്നീ പ്രവർത്തനങ്ങൾ വഴി ഭൂജലശോഷണം തടയുന്നതിനുള്ള ശ്രമം ജലസേചന വകുപ്പ് നിർവ്വഹിച്ചു വരുന്നു.

സംസ്ഥാനത്തെ വിപുലമായ നീർച്ചാലുകളുടേയും പുഴകളുടേയും ശൃംഖലയും നഗരവൽക്കരണത്തിന്റെ ഭാഗമായ ഭൂവിനിയോഗത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അനുദിന വ്യതിയാനവും പെയ്തുവീഴുന്ന മഴവെള്ളം മണ്ണിലേയ്ക്ക് താഴാതെ കടലിലെത്തുന്നത് ഭൂജല നിരപ്പ് താഴുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിന് ഭൂജല പരിപോഷണമാണ് പരിഹാരമാർഗ്ഗം. ഇതിനായി മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ 13738 കാർഷിക കുളങ്ങൾ നിർമ്മിക്കുകയും 15381 കുളങ്ങൾ നവീകരിക്കുകയും 48936 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നീർച്ചാലുകളിലും തോടുകളിലും താൽക്കാലികവും സ്ഥിരവുമായ തടയണകൾ പോലുള്ള ജലസംഭരണികൾ നിർമ്മിച്ചും ഭൂജല പരിപോഷണം സാധ്യമാക്കിയിട്ടുണ്ട്.

ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്ക് സമീപം തടയണകൾ നിർമ്മിക്കുകയും മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംഭരിക്കുകയും സ്രോതസ്സുകൾക്ക് സമീപം മരങ്ങൾ വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് സഖാവ് പിണറായി വിജയൻ സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങളെയും ഞാൻ

അഭിനന്ദിക്കുകയാണ്. അതോടൊപ്പം ലോകത്താകെ അറിയപ്പെട്ട കാട്ടാക്കട മോഡൽ നടപ്പിലാക്കിയതിന് ശ്രീ. ഐ. ബി. സതീഷിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, എൻ.ആർ.ഇ.ജി.പി.-യുമായി ബന്ധപ്പെട്ട വർക്കേഴ്സിനെയും മറ്റും ഉപയോഗിച്ചുകൊണ്ട് ജലാശയ സംരക്ഷണം നടത്തുന്നുണ്ട്. അവർ അതിനുവേണ്ടി മെറ്റീരിയൽസും മറ്റും ഉപയോഗിക്കുമ്പോൾ അതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്ത പശ്ചാത്തലം ഇപ്പോഴുണ്ട്. അത് പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒപ്പം, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും കേരള ലാന്റ് യൂസ് ബോർഡും സംയുക്തമായി നീങ്ങിയാൽ നിരവധി ജലസംഭരണികൾ ഉണ്ടാക്കാൻ സാധിക്കും. ഉദാഹരണത്തിന്, കുന്നിൻചെരുവിലും മറ്റും ജലസംഭരണികൾ ഉണ്ടാക്കാൻ കേരള ലാന്റ് യൂസ് ബോർഡിന്റെ സഹായം ആവശ്യമുണ്ട്. ഇത് രണ്ടിനെയും സംയോജിപ്പിച്ച് ജലസംഭരണികൾ ഉണ്ടാക്കാൻ ആവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എല്ലാ പഞ്ചായത്തുകളിലും നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൽ വാട്ടർ ബഡ്ജറ്റുംകൂടി തയ്യാറാക്കാനുള്ള നിർദ്ദേശമുണ്ട്. എവിടെയൊക്കെ കുറവുണ്ടോ അവിടെയെല്ലാം ലാന്റ് യൂസ് ബോർഡുമായി അലോചിച്ചുകൊണ്ട് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, പ്രകൃതിയിൽ വലിയ മാറ്റമുണ്ടാകുന്നതിന്റെ ഭാഗമായി മഴ കുറയുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ എത്രകാലം നമുക്ക് വെള്ളം എത്തുമെന്നുള്ള സംശയമുണ്ട്. എന്നാൽ കടലിൽ ഇഷ്ടംപോലെ വെള്ളമുണ്ട്. അങ്ങനെയാണെങ്കിൽ ലക്ഷദ്വീപിൽ നടപ്പിലാക്കിയതുപോലുള്ള ഡീസാലിനേഷൻ പ്രോജക്ടുകൾ കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുമോ; അതിന് സർക്കാർ മുൻകയ്യെടുത്താൽ ഭാവിയിൽ നമ്മുടെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. അതിന് എന്തെങ്കിലും ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യം ആലോചിക്കാവുന്നതാണ്. ഇതിന്റെ ചെലവ് പരിഗണിച്ച് ഏതാണോ നല്ലത് അത് നോക്കി ചെയ്യാവുന്നതാണെന്ന് തോന്നുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ജല സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹരിതകേരളം മിഷനിലൂടെ എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ വളരെയേറെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് തന്നെ പങ്കെടുത്തുകൊണ്ട് പതിനേഴ് കിലോമീറ്റർ നല്ല ഭംഗിയായി വൃത്തിയാക്കി പാണ്ടിവയൽ തോടിൽ കൃഷി ചെയ്ത് വലിയ വിളവെടുപ്പൊക്കെ

നടത്തി. അവിടെയല്ലാം ഇപ്പോൾ നിരന്തരം കക്കൂസ് മാലിന്യങ്ങൾ ഉൾപ്പെടെ കൊണ്ടുവന്നിടുന്നതുകൊണ്ട് ജലസ്രോതസ്സുകളാകെ മലിനമാകുന്ന ഒരു സ്ഥിതിയുണ്ട്. ടൗണിലൂടെ പോകുന്ന പുലമൺ തോട് ഉൾപ്പെടെയുണ്ട്. ക്യാമറ വച്ചും ആൾക്കാർ കാത്തിരുന്നും ആളുകളെ പിടിച്ച് നടപടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കണം. അതുപോലെതന്നെ സെക്ടർ റീഫോംസ് പ്രോജക്ടിൽ നടപ്പാക്കിയിട്ടുള്ള കുറെ കുടിവെള്ള പദ്ധതികൾ പ്രവർത്തനരഹിത മായിരിക്കുകയാണ്, വലിയ സ്രോതസ്സാണത്. നൂറുകണക്കിന് ആളുകൾക്ക് അത് ഉപയോഗപ്രദമാണ്. അതിൽ പാഴായിക്കിടക്കുന്ന പൈപ്പുകൾ മാറ്റാനുള്ള സംവിധാനമില്ല. നിയമപരമായി എം.എൽ.എ. ഫണ്ടൊന്നും ഉപയോഗിക്കാനും സാധിക്കില്ല. ഇതിനൊരു സ്പെഷ്യൽ പാക്കേജ് രൂപീകരിക്കാനും മാലിന്യം തടയുന്നതിന് കർശന നടപടി സ്വീകരിക്കാനും മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾ തന്നെ എല്ലാവരുംകൂടി ശ്രമിച്ചാൽ അത് നടക്കും. ജലവകുപ്പിനുതന്നെ ഇതിന്റെ പേരിൽ കേസ്സെടുക്കാനുള്ള അധികാരമുണ്ട്, അതിന് വേണ്ടിയുള്ള നിർദ്ദേശം കൊടുക്കാം. രണ്ടാമത്തെ കാര്യം, ആ പ്രദേശത്തിന് പ്രത്യേക പരിഗണന നൽകി എം.എൽ.എ. ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് പരിഹാരം കാണാൻ ശ്രമിക്കാം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് ചില നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്നു. എന്റെ മണ്ഡലത്തിലെ വെള്ളത്തുവൽ, വട്ടവട, കാന്തല്ലൂർ, മറയൂർ, പള്ളിവാസൽ പ്രദേശത്തെല്ലാം ആ പദ്ധതി പരാജയമായിരുന്നു. പ്രകൃതിയിൽ നമുക്ക് ഇത്തരത്തിലുള്ള സ്രോതസ്സുകൾ വർദ്ധിപ്പിക്കാൻ സാധിക്കും. പക്ഷേ, കാവേരി ട്രിബ്യൂണലുമായി ബന്ധപ്പെട്ട് ലഭ്യമാകേണ്ട വെള്ളവും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വരികയും പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. ജലനിധി നടപ്പിലാക്കിയ മേഖലകളിൽ വെള്ളം കിട്ടാത്ത സ്ഥലത്ത് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിയമപരമായുള്ള നിലപാടും, ഒപ്പംതന്നെ പട്ടശ്ശേരി ഡാം ഉൾപ്പെടെയുള്ള പദ്ധതികൾ വേഗതയിൽ പൂർത്തീകരിക്കാൻ ഒരു അവലോകന യോഗം കൂടി ആവശ്യമായ നടപടി സ്വീകരിക്കാനും അങ്ങ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പട്ടശ്ശേരി പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. എന്തായാലും അങ്ങ് പറഞ്ഞ വിഷയത്തിൽ ഒരു പ്രത്യേക യോഗം വിളിക്കാവുന്നതാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, അതതു ഗ്രാമവാസികളെ പങ്കാളികളാക്കി

ക്കൊണ്ട് ജലവിഭവ സംരക്ഷണ വിനിയോഗസമ്പ്രദായം ഈ രാജ്യത്ത് നിലനിന്നിരുന്നു. ജലവിഭവം നിലനിൽക്കുന്നവിധം ഉപയോഗിക്കാനും മഴയുടെ വ്യതിയാനംമൂലമുണ്ടാകുന്ന സാമ്പത്തിക ക്ലേശങ്ങൾ ഏറ്റവും കുറഞ്ഞ തോതിലേയ്ക്ക് പിടിച്ചുനിർത്താനും ഇത് ഒരു കാലഘട്ടത്തിൽ സഹായകരമായിട്ടുണ്ട്. എന്നാൽ കേന്ദ്രീകൃത പദ്ധതികളുടെ വരവോടെ ഇതും അപ്രത്യക്ഷമായി. ഇതുമൂലം നമ്മുടെ നാട്ടിലെ കിണറുകളും കുളങ്ങളുമെല്ലാംതന്നെ ശ്രദ്ധിക്കാൻ കഴിയാത്ത സ്ഥിതി യാണുണ്ടായത്. ശുദ്ധജലം കേരളത്തിലെ പ്രധാനവിഭവ ദാരിദ്ര്യമായി മാറിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതതു പ്രദേശവാസികളെ പങ്കാളികളാക്കി ക്കൊണ്ട് കിണറുകളും കുളങ്ങളും റീ-ചാർജ് ചെയ്യാനുള്ള നടപടിയെക്കുറിച്ച് സർക്കാർ ആലോചിക്കുമോ? വേണമെങ്കിൽ ചെറിയ തോതിൽ ഗുണഭോക്തൃ വിഹിതം ഏർപ്പെടുത്തിയാലും തരക്കേടില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വാട്ടർ അതോറിറ്റി കിണറുകളുടെ റീചാർജ്ജിന് വിപുലമായൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ അഞ്ച് ബോർവെല്ലുകൾ റീചാർജ് ചെയ്യാൻ ഇപ്പോൾ തുടക്കം കുറിച്ചു. അതുപോലെ ഹരിത കേരളം മിഷൻ പദ്ധതി പ്രകാരം വാട്ടർ ബഡ്ജറ്റ് തയ്യാറാക്കാനും കുളങ്ങൾ മുഴുവൻ ലിങ്ക് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ഏകദേശം 25000 കുളങ്ങളുള്ളതിൽ പാലക്കാട് ജില്ലയിൽ തന്നെ 4000-ത്തിലധികമുണ്ട്. അതെല്ലാംകൂടി ലിങ്ക് ചെയ്ത് മഴക്കാലത്ത് വെള്ളം സംഭരിച്ചാൽ വാട്ടർ ലെവൽ ഉയർത്താൻ സാധിക്കും, അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നമുക്ക് വെള്ളമില്ലാത്തതല്ല പ്രശ്നം, ശുദ്ധജലം ഇല്ലാത്തതാണ്. സ്രോതസ്സുകളുടെ മലിനീകരണമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അങ്ങ് ഇപ്പോൾ പറഞ്ഞ പ്രൊപ്പോസലിനെ ഞാൻ അംഗീകരിക്കുകയാണ്. പക്ഷേ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് മാത്രം വിചാരിച്ചാൽ ജലമലിനീകരണം തടഞ്ഞുനിർത്താൻ കഴിയില്ല. നേരത്തെ ശ്രീമതി പി. അയിഷാ പോറ്റി ഇവിടെ പറഞ്ഞതുപോലെ നമ്മളെല്ലാം ഭംഗിയായികൊണ്ടുപോകും, പക്ഷേ കക്കൂസ് മാലിന്യം അവിടെ ഡമ്പ് ചെയ്യുകയാണ്. അങ്ങയുടെ വകുപ്പിന് നടപടി എടുക്കാനും സാധിക്കില്ല. ശുദ്ധജല കേന്ദ്രങ്ങൾ ഇങ്ങനെ മലിനമാക്കുന്ന ആളുകളുമുണ്ട്. അതിനെതിരായി ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ; മറ്റ് ഡിപ്പാർട്ട്മെന്റുകളെക്കൂടി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് സമഗ്രമായൊരു ആക്ഷൻ പ്രോഗ്രാം തയ്യാറാക്കുന്നതിന് അങ്ങ് നേതൃത്വം കൊടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മാലിന്യങ്ങൾ ഡമ്പ് ചെയ്യുന്നവരെ നിരീക്ഷിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. അത് പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും കൊണ്ടുവരണമെന്നാണ് ആഗ്രഹം. അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റിക്ക് രൂപം നൽകാം. തീർച്ചയായും വിവിധവകുപ്പുകളിൽ കേസെടുക്കാനുള്ള സാധ്യതയുണ്ട്. അവരെ മുൻകൂട്ടി ഈ വിവരം അറിയിച്ചുകൊണ്ട് എല്ലാവരും ഒത്തൊരുമിച്ച് നിന്നാൽ ഇത് തടയാൻ സാധിക്കും.

ശ്രീ. സജി ചെറിയാൻ: സർ, പ്രളയംമൂലം ഏറ്റവും കൂടുതൽ തകർച്ച വന്നത് ആറുകളുടെ വശങ്ങൾക്കാണ്. പമ്പ, അച്ചൻകോവിൽ, മണിമല തുടങ്ങിയ നദികളുടെ പാർശ്വഭാഗങ്ങൾക്ക് വലിയതോതിലുള്ള ഡാമേജ് സംഭവിച്ചിട്ടുണ്ട്. ഇപ്പോൾ മഴ ആരംഭിച്ചു. ഒരു ചെറിയ വെള്ളപ്പൊക്കം ഉണ്ടായാൽപോലും ഈ നദികൾക്ക് അപകട ഭീക്ഷണിയുണ്ട്. ഇതിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് സർക്കാർ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ അതുകൊണ്ടൊന്നും ഇന്നത്തെ പ്രതിസന്ധി അതിജീവിക്കാൻ കഴിയുകയില്ല. പമ്പ, അച്ചൻകോവിൽ ആറുകൾക്കാണ് ഏറ്റവും കൂടുതൽ ഡാമേജ് സംഭവിച്ചിട്ടുള്ളത്. അതിന്റെ പാർശ്വഭാഗം കെട്ടി സംരക്ഷിക്കുന്നതിന്, റീബിൽഡ് കേരള അല്ലെങ്കിൽ മറ്റേതെങ്കിലും സ്കീമുകളിൽ ഉൾപ്പെടുത്തി ആവശ്യമായ പണം അനുവദിക്കാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പദ്ധതി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതിയനുസരിച്ച് ബാക്കി കാര്യങ്ങൾ തീരുമാനിക്കും.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഹരിതകേരള മിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് ഏതെല്ലാം തരത്തിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഭാവി തലമുറയ്ക്കുകൂടി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന തരത്തിൽ തണ്ണീർത്തടങ്ങൾ മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ നേരത്തെതന്നെ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ജലാശയങ്ങൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കാൻ ഹരിത കേരളം മിഷനുമായി ആലോചിച്ച് വലിയൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. റീബിൽഡ് കേരളയിലും ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതുപോലെ മറ്റ്

ശുദ്ധജല സ്രോതസ്സുകൾക്ക്, അതായത് ഒരോ പഞ്ചായത്തടിസ്ഥാനത്തിലോ നീർത്തടാടിസ്ഥാനത്തിലോ വാട്ടർ ബഡ്ജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. വാട്ടർ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ആ നീർത്തടത്തിൽ എത്ര വെള്ളം ആവശ്യമുണ്ട്, ഇരുപത് വർഷം കഴിഞ്ഞാൽ എത്ര വെള്ളം ആവശ്യമുണ്ട്, ഇപ്പോഴുള്ള സോഴ്സ് എന്താണ്, ഇനിയെങ്ങനെ അതുണ്ടാക്കാൻ സാധിക്കും എന്നുള്ളതിന്റെ യടിസ്ഥാനത്തിൽ ഒരു പ്ലാൻ തയ്യാറാക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, സംസ്ഥാനത്തെ പല പ്രദേശങ്ങളിലും ഭൂഗർഭ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്ന് സെമിക്രിട്ടിക്കൽ എന്ന അവസ്ഥയിലേയ്ക്ക് എത്തുകയാണ്. ഈ അവസ്ഥയിൽ നിന്ന് രക്ഷനേടാൻ കിണർ റീചാർജ്ജിംഗ് വളരെ ഫലപ്രദമാണെന്ന് പഠനങ്ങൾ വെളിവാക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: പഠനങ്ങൾ മാത്രമല്ല, അങ്ങയുടെ മണ്ഡലത്തിൽ പ്രയോഗിച്ചില്ലേ?

<u>ശ്രീ. ഐ. ബി. സതീഷ്</u>: അതെ. ആ പശ്ചാത്തലത്തിൽ കിണറുള്ള എല്ലാ സർക്കാർ ഓഫീസുകളിലും കിണർ റീചാർജ്ജിംഗ് നടപ്പാക്കാനും പുതിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ കിണർ റീചാർജ്ജിംഗ് നിർബന്ധിതമാക്കാനും തീരുമാനം എടുക്കേണ്ടതല്ലേ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അത് പരിശോധിക്കാവുന്നതാണ്. ഇപ്പോൾ റീചാർജ്ജിന് പോകുമ്പോൾ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബോർവെല്ലിന്റെ ഗ്രൗണ്ട് വാട്ടർ ലെവലാണ് വളരെ താഴ്ന്നുപോകുന്നത്. അന്ന് 400 അടിയുണ്ടായിരുന്നത് ഇപ്പോൾ 1000, 1200 അടിവരെയായിട്ടുണ്ട്. ഈ പ്രാവശ്യം അങ്ങനെ റീചാർജ്ജ് നടത്തിയ സ്ഥലങ്ങളിലും മഴവെള്ളം സംഭരിച്ച് കുളങ്ങളിൽ നിറച്ചതിന്റെ ഫലമായി വാട്ടർ ലെവൽ 400 അടിവരെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചു. അങ്ങയുടെ നിർദ്ദേശംകൂടി പരിഗണിക്കുന്നുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീമതി പി. അയിഷാ പോറ്റിയും ചൂണ്ടിക്കാണിച്ച വിഷയം വളരെ ഗൗരവതരമായി അനുഭവിക്കുന്ന ഒരു മണ്ഡലത്തിലെ എം.എൽ.എ. -യാണ് ഞാൻ. ഏറ്റവും കൂടുതൽ ഫ്ലാറ്റുകളുള്ള എറണാകുളം പട്ടണത്തിലെ തൃക്കാക്കര മണ്ഡലത്തിൽ ഫ്ലാറ്റുകളിൽ നിന്നുള്ള കക്കൂസ് മാലിന്യമടക്കം എല്ലാ ജലസ്രോതസ്സുകളിലേയ്ക്കും രാത്രികാലങ്ങളിൽ കൊണ്ടുപോയി ഡമ്പ് ചെയ്യുകയാണ്. ഗുണ്ടാസംഘങ്ങളാണ് ഇത് ചെയ്യുന്നത്. പോലീസിനുപോലും അവരെ പിടിക്കാൻ പേടിയാണ്. വടിവാളുമായി ഗുണ്ടകൾ നേരത്തെ ബൈക്കുകളിൽ വരികയും അവർ അവിടെ ഇറങ്ങിനിന്ന് റെസിഡന്റ്സ് അസോസിയേഷനുകൾ ഏർപ്പെടുത്തുന്ന കാവൽക്കാരെ പേടിപ്പിച്ച് ഓടിക്കുകയും ചെയ്യുന്നുണ്ട്. നമ്പർ പ്ലേറ്റ് പോലും ഇല്ലാത്ത

വണ്ടികളാണ് വരുന്നത്. അതുകൊണ്ട് പോലീസിനെ കർക്കശമായി നിയോഗിച്ച് ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു നടപടി വേണം. അവിടത്തെ കായലുകൾ മുഴുവൻ മലിനമായതിനാൽ 'നിപ' പോലുള്ള മാരകരോഗങ്ങൾ ഉണ്ടാകുന്നതിൽ അത്ഭുതമില്ല. കാരണം, കക്കൂസ് മാലിന്യങ്ങൾ മുഴുവൻ തോട്ടിലേയ്ക്കും ജലാശയത്തിലേയ്ക്കുമാണ് ഒഴുക്കുന്നത്. ഇതിനൊരു ശക്തമായ നടപടിയുണ്ടാക്കുവാൻ കഴിയുമോ; എന്റെ മണ്ഡലത്തിലെ എൻ.എച്ച്.-ൽ ഒബ്രോയ് മാളിന് സമീപത്ത് സ്ഥിരമായി എല്ലാ ദിവസവും ഇത് നടക്കുന്നുണ്ട്. കുറേ നേരം പോലീസ് അവിടെ കാവൽ നിൽക്കും,ഈ വണ്ടി വരുന്ന സമയത്ത് പോലീസ് മറ്റെവിടെയോ പോകും. ഉടനെ ഇവർ വന്ന് രണ്ട് സെക്കന്റ് കൊണ്ട് മാലിന്യങ്ങൾ ഡമ്പ് ചെയ്തിട്ട് പോവുകയാണ്. വലിയ ദുരന്തമാണ്. ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണം. അവിടെ ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. ജലസ്രോതസ്സ് മുഴുവൻ മലിനപ്പെടുകയാണ്. അതുപോലെ ടോയ്ലെറ്റിൽ നിന്നുള്ള പൈപ്പുകൾ പലതും ഈ കായലിന്റെ സൈഡിലേയ്ക്കും ഓടകളിലേയ്ക്കും വച്ചിരിക്കുകയാണ്. ഇതിന് നടപടിയെടുക്കാതെ ഈ കാര്യങ്ങൾക്ക് പരിഹാരമാകുകയില്ല. മറ്റൊന്ന്, സെപ്റ്റേജ് മാലിന്യം സംസ്കരിക്കാനുള്ള സംവിധാനവും കൂടി ഉണ്ടായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകൂ. ഏതായാലും വെള്ളത്തിൽ കൊണ്ടുപോയി ഇത് ഡമ്പ് ചെയ്യുന്ന ആളുകളെ പിടിക്കാനും വണ്ടി കണ്ടുകെട്ടാനും ശക്തമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, തീർച്ചയായും നടപടി സ്വീകരിക്കും. ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൂടി കൊണ്ടുവന്ന് ഹൈ ലെവൽ മീറ്റിംഗ് വിളിച്ച് ഇതിന് എന്താണ് ശാശ്വത പരിഹാരമെന്ന് ആലോചിക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കടലും കായലും കോൾമേഖലയും ബന്ധപ്പെട്ട് കിടക്കുന്ന ഒരു പ്രദേശമാണ് നാട്ടിക. ഏകദേശം രണ്ട് ലക്ഷം ജനങ്ങളാണ് ഈ മേഖലയിൽ അതിജീവിക്കുന്നത്. നാട്ടിക മണ്ഡലത്തിലെ തീരദേശവാസികളും തദ്ദേശവാസികളും കുടിവെള്ളത്തിനായി പൈപ്പ് ലൈനിനെ മാത്രം ആശ്രയിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അന്തിക്കാട്, ചാഴൂർ, താന്നി മേഖലയിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്യുന്ന സമയത്ത് ഉപ്പുവെള്ളം കയറാത്തവിധം, താല്ക്കാലിക തടയണ കെട്ടുന്നതിനുപകരം സ്ഥിരം തടയണ കെട്ടാൻ നടപടി സ്വീകരിക്കണം. റെഗുലേറ്റർ പണിയാൻ 24 കോടി രൂപയാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉൾപ്പെടുത്തിയത്. 24 കോടി രൂപ ഉൾപ്പെടുത്തി നബാർഡിൽ അംഗീകാരം വന്ന ഈ പദ്ധതിക്ക് ഡിസൈൻ അപ്രൂവലിനും അതിന്റെ തുടർനടപടികളും സർക്കാർ അതിവേഗത്തിലാക്കി. കഴിഞ്ഞ പ്രളയത്തിനുശേഷം

ഐ.ഡി.ആർ.ബി. മെക്കാനിക്കൽ വിഭാഗം വീണ്ടും ഡിസൈനിൽ മാറ്റംവരുത്തി. അപ്പോഴും സർക്കാർ വളരെ വേഗത്തിൽ അതിന് അപ്രൂവൽ ലഭ്യമാക്കി. 13-6-2018-ൽ ജില്ലാ കളക്ടർ ഈ റെഗുലേറ്റർ പണിയാൻ ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്ക് ഓർഡറിട്ടു. അതിന്റെ തുടർനടപടി അനന്തമായി നീണ്ടുപോയി. അങ്ങ് ജനുവരിയിൽ പ്രഖ്യാപിച്ച റെഗുലേറ്ററിന്റെ നിർമ്മാണം ഇനി നടക്കുമോയെന്നുള്ള ആശങ്കയുണ്ട്. ഇതിന് കാലതാമസം വരുത്തി മന്ത്രിയുടെ പ്രഖ്യാപനത്തെ അട്ടിമറിച്ചു. റെഗുലേറ്റർ പണിയാൻ ഈ ഭൂമി വേണമെന്ന കാര്യം ഉദ്യോഗസ്ഥർക്ക് അറിയില്ലേ; എന്തുകൊണ്ടാണ് ഇത് നീട്ടിക്കൊണ്ടുപോകുന്നത്? ഈ റെഗുലേറ്റർ പണിയാനും സ്ഥിരം തടയണ എന്ന സംവിധാനവും ഭരണപരമായി ഇടപെട്ട് കാലതാമസം കൂടാതെ നിർമ്മിക്കാൻ കഴിയുമോ യെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടാണ് ഇത്രയും നടപടികൾ സ്വീകരിച്ചത്. എന്താണ് പ്രശ്നം എന്നുള്ളത് മനസ്സിലാക്കി അങ്ങയുടെകൂടി അഭിപ്രായം പരിഗണിച്ച് ഒരു തീരുമാനമുണ്ടാക്കാം.

ശ്രീ. സി. മമ്മൂട്ടി: സർ, സ്രോതസ്സാണ് ഏറ്റവും പ്രധാനപ്പെട്ടത്. മലിനപ്പെട്ട സ്രോതസ്സുകളിലൂടെ കുടിവെള്ളം കൊടുക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ത്തന്നെ, സുലഭമായി ലഭിക്കുന്ന ഭാരതപ്പുഴപോലെയുള്ള ജലസ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് ആവിഷ്കരിച്ച കുടിവെള്ള പദ്ധതി അനസ്യൂതം നീണ്ടുപോകുകയാണ്. 90 ശതമാനം പണികഴിഞ്ഞു. പി.ഡബ്ല്യൂ.ഡി. റോഡ് തർക്കവുമായി ബന്ധപ്പെട്ട കേസ്സായതുകൊണ്ട് അതുവഴി അഞ്ഞൂറ് മീറ്ററോളം പൈപ്പിടുന്നതിന്റെ പേരിൽ 90 ശതമാനം പൂർത്തിയാക്കിയ കൽപ്പകഞ്ചേരി വളവന്നൂർ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ഈ പദ്ധതി നടപ്പാക്കാനും കേസുള്ള സ്ഥലങ്ങളിൽ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാനും സാധിക്കുമോയെന്ന് പരിശോധിക്കുമോ?

മി. സ്പീക്കർ: ഇത്തരം സ്പെസിഫിക്ക് ചോദ്യങ്ങൾ പെട്ടെന്ന് ചോദിച്ചാൽ അദ്ദേഹത്തിന് മറുപടി പറയാൻ സാധിക്കില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. മന്ത്രിയുമായി ആലോചിച്ചതിനു ശേഷം ഇക്കാര്യം അടിയന്തരമായി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ബി. സത്യൻ: സർ, 2016-ൽ വാമനപുരം നദി വറ്റി വരണ്ടു. ആ നദിയെ മാത്രം ആശ്രയിച്ചുകൊണ്ട് ഏതാണ്ട് 28-ഓളം പ്രോജക്ടുകളുണ്ട്. വാമനപുരം നദിയെ ആശ്രയിച്ചുനിൽക്കുന്ന മൂന്ന് താലൂക്കുകളിലെ ലക്ഷക്കണക്കിന് ആളുകൾക്ക്

കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയാണിത്. അങ്ങ് ഇവിടെ സൂചിപ്പിച്ച ആ സ്രോതസ്സ് നിലനിർത്തണമെങ്കിൽ കഠിനപ്രയത്നം ചെയ്യേണ്ടതായിട്ടുണ്ട്. ജലവിഭവ വകുപ്പും ഇറിഗേഷൻ വകുപ്പും നദീസംരക്ഷണ വിഭാഗവും തദ്ദേശഭരണ സ്ഥാപനവും നാട്ടുകാരും ജനങ്ങളുമെല്ലാം ഒരുമിച്ചുനിന്നാൽ മാത്രമേ ഈ നദിയെ സംരക്ഷിച്ച് നിർത്താൻ കഴിയൂ എന്ന സ്ഥിതിയാണ്. ഈ നദിയെ സംരക്ഷിക്കാനും അവിടെ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മാലിന്യങ്ങളും നീക്കംചെയ്യാനും കഴിയുന്ന നിലയിലുള്ള ഒരു ജനകീയ പദ്ധതിക്ക് രൂപം നൽകാൻ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം ആലോചിക്കാവുന്നതാണ്.

**പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് ജീവനോപാധി**

3 (*63) ശ്രീ. ആന്റണി ജോൺ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ബാബു:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് കുടുംബത്തിൽ ഒരാൾക്കെങ്കിലും സ്ഥിരജോലി ലഭ്യമാക്കുകയും അതുവഴി ആ കുടുംബങ്ങളെയെല്ലാം വികസന മുഖ്യധാരയിലെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ;

(സി) ഇവർക്ക് സംരംഭക പ്രോത്സാഹനത്തിനും ജീവനോപാധി സ്വയം കണ്ടെത്തുന്നതിനും ഉതകുന്ന സാമ്പത്തിക-പരിശീലന പദ്ധതികളുണ്ടോ; പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് കൈവരിക്കാൻ കഴിഞ്ഞ നേട്ടം എന്തൊക്കെയെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, (എ) കേരളത്തിലെ ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് 2019-20 വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇത് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ

പ്രതിപാദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ തന്നെ ഇതിന്റെ ഭാഗമായി നടപടികൾ ആരംഭിച്ചിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് സമീപകാലത്ത് നടത്തിയ സർവ്വേ പ്രകാരം 137743 കുടുംബങ്ങളാണ് കേരളത്തിലുള്ളത്. എന്നാൽ 20384 പേരാണ് പത്താംക്ലാസ്സും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളത്. മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് സർക്കാർ മേഖലയിൽത്തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഒരു ഭാഗത്ത് നടന്നുവരികയാണ്.

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. ആദ്യപരിഗണന പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ അടിയന്തര നിയമനം നടത്തുന്നതിനാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ്, എക്സൈസ് വകുപ്പുകളിൽ നടത്തിയ പ്രത്യേക നിയമനങ്ങൾക്ക് സമാനമായി സാധ്യമായ മറ്റ് വകുപ്പുകളിൽക്കൂടി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ നടപടി സ്വീകരിച്ചുവരികയാണ്. പോലീസിലും എക്സൈസിലുംകൂടി 100 പേരെ നിയമിച്ചു. വനംവകുപ്പിൽ വാച്ചർമാരായി 500 പേരെ നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ 100 പേരെ പ്രീ-മെട്രിക് ഹോസ്റ്റൽ വാച്ചുമാൻമാരായി നിയമിച്ചിട്ടുണ്ട്.

അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും സർക്കാർ മേഖലയിൽത്തന്നെ തൊഴിൽ നൽകുക എന്നത് പ്രയാസകരമാണ്. എന്നാൽ ഉയർന്ന തൊഴിൽ സാധ്യതകളുള്ള നിരവധി മേഖലകളിൽ പരിശീലനത്തിലൂടെ സ്ഥിരം വരുമാനമുള്ള തൊഴിൽ നേടുവാൻ കഴിയുമെന്ന് മുൻ അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി 2603 പേർക്ക് ഇതിനകം തൊഴിൽ നൽകി കഴിഞ്ഞു.

- ' ഗോത്രബന്ധു ' പദ്ധതി പ്രകാരം 267 മെന്റർ ടീച്ചർമാർ
- സാമൂഹ്യപഠനമുറികളിൽ 100 ഇൻസ്ട്രക്ടർമാർ
- 1182 എസ്.ടി. പ്രൊമോട്ടർമാർ
- ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും ഡെവലപ്മെന്റ് ഓഫീസുകളിലും സഹായികളായി 140 മാനേജ്മെന്റ് ട്രെയിനികൾ
- വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, പ്രാദേശിക വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കായി 31 കമ്മിറ്റഡ് സോഷ്യൽവർക്കർമാർ

- 100 സാക്ഷരതാ പ്രേരക്മാർ
- 700 സാക്ഷരതാ ഇൻസ്ട്രക്ടർമാർ
- കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ 200 ആനിമേറ്റർമാർ
- മില്ലറ്റ് വില്ലേജ് പ്രോജക്ട് കോർഡിനേറ്റർമാരായി 9 പേർ
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 പേർക്ക് വിദഗ്ദ്ധ പരിശീലനം നൽകി വിദേശത്ത് തൊഴിൽ ലഭ്യമാക്കിയ രീതിയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കും പരിശീലനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് നൂറ് ദിവസത്തെ അധിക തൊഴിൽ നൽകുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 23,096 പേർക്ക് നൂറ് ദിവസത്തെ അധിക തൊഴിൽ ലഭ്യമാക്കിവരുന്നു.

'മില്ലറ്റ് വില്ലേജ്' എന്ന പേരിൽ പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും ചേർന്ന് അട്ടപ്പാടി മേഖലയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ലക്ഷ്യമിട്ട് ഒരു വിപുലമായ  പദ്ധതി നടപ്പിലാക്കിവരികയാണ്. 760 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ കൃഷിയിറക്കിയിട്ടുണ്ട്. റാഗി, തിന, ചോളം, ചാമ തുടങ്ങിയ ചെറുധാന്യങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മിൽമയുമായി സഹകരിച്ച് 500 പശുവളർത്തൽ യൂണിറ്റുകൾ മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ്, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചു.

പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിയിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈവശമുള്ള ആറളം, ചീങ്ങേരി, അട്ടപ്പാടി ഫാമുകളിലും 15 കോടി രൂപയുടെ പുതിയ ഊർജ്ജിത കാർഷിക വികസന പദ്ധതി ആരംഭിക്കുകയാണ്. ഇതിനുള്ള പരിശീലനം  കാർഷിക സർവ്വകലാശാല വഴി നടത്തുകയാണ്.

അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണത്തിൽ ആറ് മാസത്തെ വിദഗ്ദ്ധ പരിശീലനം നൽകി 291 യുവതികളെ 'അടാപ്' എന്ന പേരിൽ സ്വയംസംഘമായി രൂപീകരിച്ച് അപ്പാരൽപാർക്ക് ആരംഭിച്ചു. ഈ വർഷം മുതൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയിലെ കുട്ടികൾക്കുള്ള യൂണിഫോം ഈ സ്ഥാപനത്തിലാണ് നിർമ്മിക്കുന്നത്.

1170 പേരെ കെട്ടിട നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്റർ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകളിൽ പരിശീലിപ്പിച്ച് 'ഗോത്രജീവിക' എന്ന പേരിൽ 53 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണപ്രവർത്തനങ്ങളും കോളനി വികസന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളും ഇപ്പോൾ ഏറ്റെടുത്ത് നടത്തിവരികയാണ്.

സ്വയംതൊഴിൽ ഉൽപ്പന്നങ്ങളുടെയും വനവിഭവങ്ങളുടെയും വിപണനം എളുപ്പത്തിൽ നടത്താൻ 'ഗദ്ദിക' വിപണന മേളകൾ നടത്തിവരികയാണ്. ഇപ്പോൾ ഗദ്ദികയിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ആഗോള ഓൺലൈൻ മാർക്കറ്റിംഗ് ശൃംഖലയായ ആമസോണിലൂടെയും വിതരണം ആരംഭിച്ചിട്ടുണ്ട്.

(ബി) മാനവശേഷി വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിന് ഉയർന്ന പരിഗണനയാണ് സർക്കാർ നൽകിവരുന്നത്.

സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ്, ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്, കേരള സർക്കാരിന്റെ തൊഴിൽ പരിശീലന സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പരിശീലന പരിപാടികൾ നടത്തിവരുന്നത്.

3428 പേർക്ക് നൈപുണ്യ വികസന പരിശീലനത്തിലൂടെ തൊഴിൽ ഉറപ്പാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ 1380 പേർക്ക് കൂടി പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും സ്വകാര്യ സ്ഥാപനങ്ങളിൽ നൈപുണ്യ വികസന പരിശീലനത്തിലൂടെ പ്ലേസ്മെന്റ് നൽകുന്നതിന് 1400 പേരെ വിവിധ സ്ഥാപനങ്ങൾ മുഖേന പരിശീലിപ്പിച്ച് വരികയാണ്.

ഐ.ടി. മേഖലയിൽ മെച്ചപ്പെട്ട തൊഴിലുകൾ ലഭിക്കുന്നതിന് പരിശീലനം നൽകുന്ന സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം മണ്ണന്തലയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗക്കാർക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ നേതൃശേഷി വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ പ്രവർത്തനം നടത്തുന്നതിനും കാർഷിക സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനും

ആവശ്യമായ പരിശീലനം നടന്നുവരികയാണ്. 'ഗോത്രരശ്മി' എന്ന പേരിലുള്ള ഈ പരിപാടി തരിശായി കിടന്ന പാടങ്ങളിൽ കൃഷിയിറക്കുന്നതിനും പരമ്പരാഗത ഗോത്രകലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ഗോത്രഭാഷകൾ വിനിമയത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും വഴി തെളിയിച്ചു.

(സി) എല്ലാ പരിശീലന പരിപാടികളുടെയും ഭാഗമായി സാമ്പത്തിക ആസൂത്രണ പരിശീലനവും നൽകുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 1,144 പേർക്ക് ഈ സർക്കാർ വന്ന ശേഷം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയും സബ്സിഡിയും അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു പട്ടികവർഗ്ഗ കുടുംബത്തിലുള്ള ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. സർക്കാരിന്റെ കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഇടപെടൽമൂലം എല്ലാ മേഖലയിലും പട്ടികവർഗ്ഗ വിഭാഗത്തിന്റെ നല്ല നിലയിലുള്ള മുന്നേറ്റം നമുക്ക് ദർശിക്കാൻ കഴിയും. നിരവധി ആദിവാസി ഊരുകളുള്ള മണ്ഡലമാണ് എന്റെ മണ്ഡലമായ കോതമംഗലം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ നിരവധി പദ്ധതികളിലൂടെ ആ ഊരുകളിലെല്ലാം വലിയ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 'ഗോത്രബന്ധു പദ്ധതി' ഇപ്പോൾ ഏതെല്ലാം മേഖലയിലാണ് മുന്നോട്ട് കൊണ്ടുപോകുന്നത്; ഈ പദ്ധതി മുഖാന്തരം പൊതുവിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചുവെന്ന് വിശദമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സ്കൂളുകളിലെ അദ്ധ്യയന ഭാഷയും ഗോത്ര ഭാഷയും തമ്മിൽ നല്ല വ്യത്യാസമുണ്ട്. അതുകൊണ്ട് സ്കൂളുകളിൽ പുതുതായി ചേരുന്ന പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് പഠനത്തോട് താൽപ്പര്യക്കുറവു ണ്ടാകാറുണ്ട്. ഇതാണ് സ്കൂളുകളിൽ നിന്നുള്ള അവരുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നതെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്ന തിനാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ' ഗോത്രബന്ധു ' എന്ന പദ്ധതി ആരംഭി ച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുള്ള എല്ലാ എൽ.പി. സ്കൂളുകളിലും മെന്റർ ടീച്ചർമാരായി നിയമിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ വയനാട് ജില്ലയിലെ 241 സ്കൂളുകളിലും 2018-19-ൽ അട്ടപ്പാടിയിലെ 26 സ്കൂളുകളിലും മെന്റർ ടീച്ചർമാരെ നിയമിച്ചു. കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സ്കൂളിലെ മറ്റ്

വിദ്യാർത്ഥികളും പട്ടികവർഗ്ഗ വിദ്യാർത്ഥികളുമായുള്ള ഇടപഴകൽ മെച്ചപ്പെടുത്തുന്നതിനും ക്ലാസുകളിൽ നല്ല സൗഹൃദം രൂപപ്പെടുത്തുന്നതിനും ഈ പദ്ധതി സഹായിച്ചിട്ടുണ്ട്. അദ്ധ്യാപക പരിശീലനം നേടിയ 724 പട്ടികവർഗ്ഗ വിഭാഗം യുവതീയുവാക്കളിൽ 267 പേർക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി വളരെ വിജയകരമാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, ഗോത്രജീവിക പദ്ധതി പ്രകാരം എത്രപേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്; നമ്മുടെ നിർമ്മാണ മേഖലയിലുൾപ്പെടെയുള്ള ചൂഷണം ഇല്ലാതാക്കാൻ ഈ പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പറഞ്ഞ മറുപടിയിൽ പ്രസ്തുത ചോദ്യത്തിന്റെ ഉത്തരമുണ്ട്. വയനാട് ജില്ലയിലെ 241 സ്കൂളുകളിലും അട്ടപ്പാടിയിലെ 26 സ്കൂളുകളിലും മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പുതുതായി 267 പേർക്ക് ഈ പദ്ധതിയിലൂടെ തൊഴിൽ നൽകുവാനും സാധിച്ചിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ആദിവാസി ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻവേണ്ടി ട്രൈബൽ ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റും വിദ്യാഭ്യാസരംഗത്തെ ഇടപെടലുകളും കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി, അന്ന് എം.ബി.ബി.എസ്.-ന് ആദിവാസികളുടെ മക്കൾക്ക് പ്രത്യേക പ്രവേശനം നൽകാനായി എടുത്ത നടപടിയാണ്. ആ നടപടിയുടെ ഭാഗമായാണ് 35 ആദിവാസി ഡോക്ടർമാരെ നമ്മുടെ സമൂഹത്തിലെത്തിക്കാൻ കഴിഞ്ഞത്. ഇത്തരം നടപടികൾ വിദ്യാഭ്യാസരംഗത്ത് നല്ല പുരോഗതിയുണ്ടാക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ട്രൈബൽ എം.ആർ.എസ്.-ൽ എസ്.എസ്.എൽ.സി.-ക്കും പ്ലസ് ടു-വിനും 100 ശതമാനം വിജയമാണ്. അവിടെ പഠിച്ച ഒരു കുട്ടി എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടുകയുണ്ടായി. ആദിവാസികളുടെ മക്കൾക്ക് പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ഒരുക്കുന്നുണ്ടെങ്കിലും കുട്ടികളെ അവിടെ ചേർക്കാതെ, മാതാപിതാക്കളെ സ്വാധീനിച്ച് മറ്റ് ചില സ്ഥാപനങ്ങളിൽ ചേർക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ ഇന്നലെ ഒരു സംഭവമുണ്ടായി, ഇത്തരമൊരു സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾ അസമയത്ത് ആ സ്ഥാപനത്തിൽ നിന്ന് പുറത്ത് പോകുന്നത് ആരോഗ്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുകയും തക്കസമയത്ത് ഇടപെട്ട് ആ കുട്ടികളെ ആശുപത്രിയിൽ എത്തിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. വനംവകുപ്പോ ട്രൈബൽ ഡിപ്പാർട്ട്മെന്റോ തദ്ദേശസ്വയംഭരണ സ്ഥാപനമോ ഈ കാര്യങ്ങളൊന്നും

അറിയുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ ജാഗ്രത പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. എന്റെ മണ്ഡലമായ അതിരപ്പിള്ളിയിൽ ആദിവാസികൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി, പ്രത്യേകിച്ച് കാർഷിക രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്ത് അവിടെയൊരു പ്രോജക്ടിന് ഇപ്പോൾ രൂപം നൽകിയിട്ടുണ്ട്. അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട് എന്നാണ് അതിന്റെ പേര്. അതിന്റെ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഷോളയാറിൽ ഒരു ഗിരിജൻ സഹകരണസംഘമുണ്ട്, 200 ഏക്കർ സ്ഥലമാണുള്ളത്. ഇപ്പോൾ പ്രവർത്തനരഹിതമായ സഹകരണ സംഘം പ്രവർത്തിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വളരെ സാധ്യതകളുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനുമാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യങ്ങളാണ് ചോദിച്ചിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: ചട്ടം 45 ഞാൻ അദ്ദേഹത്തേയും മറ്റുള്ളവരേയും ഓർമ്മിപ്പിക്കുകയാണ്, മുഖ്യചോദ്യത്തിൽ നിന്നോ അതിന്റെ ഉത്തരത്തിൽ നിന്നോ ഉയരുന്നില്ലെന്നോ, വിവരം ആവശ്യപ്പെടുന്നതിനുപകരം വിവരം നൽകുന്നെന്നോ ആണെങ്കിൽ അത് നിഷേധിക്കുകയാണ് വേണ്ടത്. ഉപ ചോദ്യം ചോദിക്കുന്നത് വിവരം നൽകാൻ വേണ്ടിയല്ല, വിവരങ്ങൾ ലഭിക്കാൻ വേണ്ടിയാണ്. അദ്ദേഹം ഒരുപാട് വിവരങ്ങൾ ഇവിടെ പറയുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇന്നലെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികൾ മുതിർന്ന കുട്ടികളുടെ ആക്രമണം സഹിക്കാൻ വയ്യാതെ (മുതിർന്ന കുട്ടികളും ചെറിയ കുട്ടികളും തമ്മിൽ ഹോസ്റ്റലിൽ വച്ച് നടന്ന വഴക്കിന്റെ ഭാഗമായി) ഹോസ്റ്റലധികൃതർ അറിയാതെ പുറത്തിറങ്ങി രക്ഷപ്പെടാൻ നടത്തിയ പരിശ്രമത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ആ കുട്ടികളെ ഒരു ചന്തയിൽ വച്ച് ബന്ധപ്പെട്ട ആളുകൾ കാണുകയും ഈ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ചൈൽഡ് ലൈനിനെയും അറിയിക്കുകയും ചെയ്തിരുന്നു. സ്ഥലം എം.എൽ.എ.-യും അതിൽ സജീവമായി ഇടപെടുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് എല്ലായിടത്തും സർക്കാർ മുൻകയ്യെടുത്ത് പ്രീ-മെട്രിക് ഹോസ്റ്റലുൾപ്പെടെയുള്ള സൗകര്യങ്ങൾ കുട്ടികൾക്കായി ഒരുക്കുന്നുണ്ടെങ്കിലും ചില സംഘടനകളും സ്ഥാപനങ്ങളും പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അവരുടെ ഊരുകളിൽ ചെന്ന് പലതരത്തിലുള്ള വാഗ്ദാനങ്ങൾ നൽകി അവരുടെ ഹോസ്റ്റലുകളിൽ കൊണ്ടുവന്ന് നിർത്തുന്ന രീതിയുണ്ട്. സർക്കാർ ഇത് ഗൗരവമായാണ് കാണുന്നത്.

ഈ കുട്ടികളുടെ കാര്യത്തിൽ അവരെ പ്രീ-മെട്രിക് ഹോസ്റ്റലിലാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ടാമത്തെ ചോദ്യം, അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ട്, ഗിരിജൻ സഹകരണ സംഘം എന്നിവ സംബന്ധിച്ചുള്ളതാണ്. അക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു: സർ, പട്ടിക ഗോത്രവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരമായി വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു തൊഴിൽ നൽകുമെന്ന പദ്ധതിയെ അനുമോദിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ കാരണമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനാണ് ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിലൂടെ 267 മെന്റർ ടീച്ചർമാരെയും നിയമിച്ചു കഴിഞ്ഞു, അതിനെയും ഞാൻ അഭിനന്ദിക്കുന്നു. അത്തരം പട്ടികവർഗ്ഗ കോളനികളുള്ള മണ്ഡലത്തിലെ ഒരു നിയമസഭാ സാമാജികനാണ് ഞാൻ. അത് പറമ്പിക്കുളം മേഖലയിലാണ്. എന്നാൽ അട്ടപ്പാടിയിൽ ഉൾപ്പെടെ ഗോത്രബന്ധു പദ്ധതി പ്രകാരമുള്ള മെന്റർ ടീച്ചർമാരെ നിയമിച്ചപ്പോഴും ഏറെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന പറമ്പിക്കുളം മേഖലയിൽ അതിന് തയ്യാറായിട്ടില്ല. അവിടെ അത്തരം മെന്റർ ടീച്ചർമാരെ നിയമിക്കാൻ തയ്യാറാകുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തുടനീളം ഗോത്രവർഗ്ഗ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. ഇപ്പോൾ രണ്ട് ജില്ലകളിൽ ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സർക്കാർ നടത്തിവരുന്ന പ്രവർത്തനം പട്ടിക ഗോത്രവർഗ്ഗ മേഖലയിൽ വലിയ പുരോഗതി വരുത്തിയിട്ടുണ്ട്. എന്റെ മണ്ഡലമായ പാറശ്ശാലയിലെ കുട്ടമലയിൽ എസ്.ടി.ഡി.ഡി.-യുടെ കീഴിൽ 1992-ൽ സ്ഥാപിതമായൊരു ഐ.ടി.ഐ. പ്രവർത്തിക്കുന്നുണ്ട്. അവിടെ ഇലക്ട്രീഷ്യൻ, കാർപ്പെന്ററി എന്നീ രണ്ട് ട്രേഡുകളിൽ പ്രവേശനം നൽകുന്നു. വിദ്യാർത്ഥിനികൾക്ക് കൂടി താൽപ്പര്യമുള്ള Computer Operator Programming Assistant (COPA), Draughtsman Civil, Fashion Designing എന്നീ കോഴ്സുകൾ കൂടി ആരംഭിക്കാനും പഠിക്കുന്ന കുട്ടികൾക്ക് ഇന്ന് നൽകുന്ന വളരെ പരിമിതമായ സ്റ്റൈപന്റ് വർദ്ധിപ്പിക്കുവാനും വളരെ അകലെ നിന്ന് പ്രവേശനം നേടിവരുന്ന കുട്ടികൾക്ക് താമസസൗകര്യമൊരുക്കാനുള്ള ഹോസ്റ്റൽ പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആദിവാസി മേഖലകളിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ നല്ല പ്രയോജനം ചെയ്യുന്നുണ്ട്. അട്ടപ്പാടി മേഖലയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇത്തവണ 100 ശതമാനം വിജയമാണ് നേടിയത്. പക്ഷെ ഇപ്പോൾ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നത് ഓൺലൈനായിട്ടാണ്. അട്ടപ്പാടിയിലുള്ള കുട്ടിക്ക് അഡ്മിഷൻ കിട്ടുന്നത് വയനാട്ടും വയനാട്ടിലുള്ള കുട്ടിക്ക് അഡ്മിഷൻ കിട്ടുന്നത് അട്ടപ്പാടിയിലും ഇടുക്കിയിലുമാണ്. ഇത്തരത്തിൽ മറ്റ് സ്ഥലങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതുകൊണ്ട് അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി സ്വന്തം വീട്ടിൽ നിന്ന് ഇത്രയും ദൂരെ പോകാൻ തയ്യാറാകുന്നില്ല. അട്ടപ്പാടിയിലുള്ള കുട്ടിക്ക് അട്ടപ്പാടിയിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും വയനാടുള്ള കുട്ടിക്ക് വയനാട്ടിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും അഡ്മിഷൻ ലഭിക്കുന്ന രീതിയിലുള്ള ക്രമീകരണം നടത്താൻ സർക്കാർ തയ്യാറാകുമോ ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, റെസിഡൻഷ്യൽ സ്കൂളുകൾ എന്നാൽ ഒരു പ്രദേശത്തുള്ള കുട്ടികളെ അവിടെത്തന്നെ നിർത്തി പഠിപ്പിക്കുന്ന സംവിധാനമല്ല. അകലെ നിന്ന് വരുന്ന കുട്ടികൾക്ക് താമസ സൗകര്യം, ഭക്ഷണം, പ്രത്യേക അദ്ധ്യാപകരുടെ പരിശീലനം തുടങ്ങിയ എല്ലാ സംവിധാനങ്ങളും റെസിഡൻഷ്യൽ സ്കൂളുകളിലുണ്ട്. നമ്മുടെ സംസ്ഥാനത്ത് വളരെ സജീവമായിട്ടാണ് അത്തരം കാര്യങ്ങൾ നടക്കുന്നത്. കുറച്ചകലെ മാറിനിൽക്കുന്നതാണ് യഥാർത്ഥത്തിൽ കുട്ടികളെ സംബന്ധിച്ച് നല്ലത്. റെസിഡൻഷ്യൽ സ്കൂളുകളുടെ സവിശേഷത അകലെ നിന്ന് വരുന്ന കുട്ടികൾക്ക് എല്ലാ സൗകര്യവും ഒരുക്കുകയെന്നുള്ളതാണ്. ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ എസ്.എസ്.എൽ.സി. റിസൽട്ട് വന്നപ്പോൾ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനേകം കുട്ടികൾ വിജയം നേടി. ഇപ്പോഴത്തെ അലോട്ട്മെന്റ് വന്നപ്പോൾ ഇതിൽ പല കുട്ടികൾക്കും പ്ലസ് വൺ-ലേയ്ക്ക് അഡ്മിഷൻ ലഭിക്കാത്തതിനാൽ അവർ പ്രയാസപ്പെടുകയാണ്. ഇക്കാര്യം കേരളത്തിലെ എല്ലാ ജില്ലയിലും ചർച്ച ചെയ്യപ്പെടുകയാണ്. ഈ കുട്ടികൾക്ക് അഡ്മിഷൻ നൽകി ഇക്കാര്യം പരിഹരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം സർക്കാർ അലോചിക്കുന്നുണ്ടോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ നൽകുന്നതിനുള്ള നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ കാര്യത്തിൽ യാതൊരു സംശയത്തിന്റേയും ആവശ്യമില്ല, എല്ലാ കുട്ടികൾക്കും അഡ്മിഷൻ നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ പറയാനുണ്ടാകും.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇവിടെയൊരു സബ്മിഷനിൽ പ്രിയപ്പെട്ട എം.എൽ.എ.-യ്ക്ക് ഞാൻ മറുപടി കൊടുത്തതാണ്. 20% സീറ്റ് വർദ്ധിപ്പിച്ച് ഇന്നുമുതൽ അതിന്റെ അലോട്ട്മെന്റ് ആരംഭിക്കുകയാണ്. അതിനുശേഷവും സീറ്റുകൾ കിട്ടാതെ വരികയാണെങ്കിൽ കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ കുട്ടികൾ അധികമുള്ള ഭാഗത്തേയ്ക്ക് മാറ്റുന്നതാണ്. അങ്ങനെ മാറ്റിയിട്ടും സീറ്റ്കിട്ടാത്ത കുട്ടികൾക്ക് അഡീഷണൽ ബാച്ച് കൊടുക്കുന്ന സംവിധാനമുണ്ടാക്കുമെന്ന് നിയമസഭയിൽ ഞാൻ പറഞ്ഞതാണ്. അത് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ഒരു വിദ്യാർത്ഥിക്കും സീറ്റ് കിട്ടാത്ത പ്രശ്നമുണ്ടാകില്ല.

മി. സ്പീക്കർ: പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കാര്യമാണ് ചോദിച്ചത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായിട്ടും അവർക്ക് 20% സീറ്റ് നൽകും. ആദ്യഘട്ടത്തിൽ 20% സീറ്റ് വർദ്ധിപ്പിച്ചിരുന്നു. ഇത്തവണ കോഡ് ഓഫ് കോണ്ടാക്ടുള്ളതുകൊണ്ടാണ് നേരത്തെ സീറ്റ് വർദ്ധിപ്പിക്കാൻ സാധിക്കാതെ വന്നത്. വയനാട്ടിൽ മാത്രമല്ല, എവിടെയായാലും സീറ്റില്ലാത്ത പക്ഷം ആദ്യത്തെ ഓപ്ഷൻ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്ന ബാച്ച് കഴിഞ്ഞതവണ മലപ്പുറത്തേക്ക് മാറ്റിയതുപോലെ എവിടെയാണെന്നുവച്ചാൽ ആ സ്ഥലത്തേയ്ക്ക് മാറ്റും. എന്നിട്ടും കുട്ടികൾക്ക് സീറ്റുകിട്ടാത്ത പ്രശ്നമുണ്ടെങ്കിൽ അഡീഷണൽ ബാച്ചുകൾ കൊടുക്കാനുള്ള ആലോചനയുണ്ട്.

മി. സ്പീക്കർ: പ്ലീസ്... ശ്രീ. പി. കെ. ബഷീർ ഇരിക്കൂ. സഭയിലല്ലേ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയത്. പിന്നെന്താ ഇരിക്കൂ. സഭയിൽ ഉറപ്പ് നൽകിയിരിക്കുന്നു. അത് പാലിക്കപ്പെട്ടില്ലെങ്കിൽ അപ്പോൾ പരിശോധിക്കാം.

ഓർഡർ... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടി

4(*64) ശ്രീമതി സി. കെ. ആശ:

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന കാലഘട്ടത്തിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; കുപ്പിവെള്ളം എന്നേക്ക് വിപണിയിൽ ഇറക്കുമെന്ന് അറിയിക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതി പൂർണ്ണമായും എന്നേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ; ആയതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) ജല അതോറിറ്റി ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഇ) കടുത്ത വേനലിനെ മുന്നിൽക്കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വകുപ്പ് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) വേനൽക്കാലം രൂക്ഷമായ സാഹചര്യത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ സ്രോതസ്സായ നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ ഘടിപ്പിച്ചോ താത്കാലിക തടയണകൾ നിർമ്മിച്ചോ ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ലവണജലത്തിന്റെയും ഓരുജലത്തിന്റെയും കടന്നുകയറ്റം തടയുന്നതിന് 87 താത്കാലിക തടയണകളും നിർമ്മിക്കുകയുണ്ടായി. ആയതിൽ 71 എണ്ണം ജലം സംഭരിക്കുന്നതിനും 16 എണ്ണം ലവണജലത്തിന്റെ കടന്നുകയറ്റം തടയുന്നതിനുമാണ് നിർമ്മിച്ചത്. ഇതുവഴി

ഏകദേശം 50 ലക്ഷം ജനങ്ങൾക്ക് പ്രതിദിനം 200 ദശലക്ഷം ലിറ്ററോളം ജലം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അണക്കെട്ടുകളെ ആശ്രയിച്ചുള്ള ജലവിതരണ പദ്ധതികളിൽ നിന്ന് മഴ ലഭ്യമാകുന്ന കാലംവരെ തടസ്സം കൂടാതെ ജലവിതരണം നടത്തുന്നതിനാവശ്യമായ ജലം കരുതൽ ശേഖരമായി സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ കിണറുകൾ സ്രോതസ്സായ ചെറുകിട പദ്ധതികളിൽ ചില സ്ഥലങ്ങളിൽ ഭൂഗർഭജലത്തിന്റെ നിരപ്പ് കുറഞ്ഞതിനാൽ കുറഞ്ഞ അളവിൽ മാത്രമേ ജലവിതരണം നടത്താൻ സാധിക്കു എന്നതിനാൽ പുതിയ കിണർ കുഴിക്കുകയോ ജലലഭ്യതയുള്ള മറ്റേതെങ്കിലും സ്കീമിൽ നിന്നും വിതരണശൃംഖല ബന്ധിപ്പിച്ച് ജലം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുകയോ ചെയ്യുകയുണ്ടായി. അത്യാവശ്യ ഘട്ടത്തിൽ ടാങ്കർ ലോറി വഴി ജലവിതരണം നടത്തുവാൻ ജലം എടുക്കുവാനായി 225 വെൻഡിംഗ് പോയിന്റുകൾ കേരള വാട്ടർ അതോറിറ്റി സജ്ജമാക്കിയിട്ടുണ്ട്. ഈ വെൻഡിംഗ് പോയിന്റുകൾ വഴി നടത്തിയിരുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കാൻ സാധിച്ചു. വരൾച്ചാകാലത്ത് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും ജില്ലാതലത്തിലും ഡിവിഷൻ തലത്തിലും കൂടാതെ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിലും 24X7 പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിക്കുകയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ "Drought Management Cell" രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി 2015-ൽ അരുവിക്കരയിൽ നിർമ്മാണപ്രവർത്തനം ആരംഭിച്ച, മണിക്കൂറിൽ 7200 ലിറ്റർ കുപ്പിവെള്ളം ഉല്പാദിപ്പിക്കാൻ ശേഷിയുള്ള പദ്ധതിക്ക് 16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും പണി അന്തിമഘട്ടത്തിലുമാണ്. 2019 മാർച്ച് മാസത്തിൽ കുപ്പിവെള്ളം വിപണിയിൽ ഇറക്കുവാനാണ് ഉദ്ദേശിച്ചിരുന്ന തെങ്കിലും ഇതിനുമുമ്പ് നിർബന്ധമായും പാലിക്കേണ്ട സെർട്ടിഫിക്കേഷനു വേണ്ടിയുള്ള അനുബന്ധ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായതുകാരണമാണ് ഇത് പാലിക്കാൻ കഴിയാതിരുന്നത്. കുപ്പിവെള്ള ഫാക്ടറിയിൽ ഉപയോഗപ്പെടുത്തുന്ന യന്ത്രോപകരണങ്ങൾ ഭൂരിഭാഗവും വിദേശ നിർമ്മിതമായതിനാൽ അവിടെ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പ്രസ്തുത യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. കരാറുകാരന്റെ ഭാഗത്തുനിന്നും ഇൻസ്റ്റലേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായി. ആയതിനാൽ BIS (ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്) സർട്ടിഫിക്കേഷനായി ജനുവരിയിൽത്തന്നെ രേഖകൾ സമർപ്പിച്ചുവെങ്കിലും സർട്ടിഫിക്കേഷനുവേണ്ടി

ചെയ്യേണ്ട അനുബന്ധ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായി. BIS സർട്ടിഫിക്കേഷന് നിർബന്ധമായി ഉണ്ടായിരിക്കേണ്ട ബാക്ടീരിയോളജിസ്റ്റ്, കെമിസ്റ്റ് എന്നിവരുടെ നിയമനം ഇലക്ഷൻ പ്രഖ്യാപനത്തെ തുടർന്ന് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ സാധിച്ചില്ല. ഇതുകാരണം തന്നെ മാർച്ചിൽ ഉദ്ദേശിച്ചിരുന്ന BIS ഇൻസ്പെക്ഷൻ മേയ് 22-നാണ് സാദ്ധ്യമായത്. FSSAI (Food Safety and Standards Authority of India) സർട്ടിഫിക്കേഷൻ ലഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും BIS സർട്ടിഫിക്കേഷൻ ഉണ്ടെങ്കിൽ മാത്രമേ ഇത് ലഭ്യമാകുകയുള്ളൂ. BIS, FSSAI എന്നിവരുടെ അനുമതി ലഭിച്ചാൽ 2019 ആഗസ്റ്റ് മാസം തന്നെ വിപണിയിൽ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ജിക്ക ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന അഞ്ച് ശുദ്ധജല പദ്ധതികളിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. കൊല്ലം ജില്ലയിലെ മീനാട് പദ്ധതിയിൽ വിതരണശൃംഖലയുടെ കുറച്ച് ഭാഗം പണികൾ ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഏകദേശം 963 കി.മീ. വരുന്ന വിതരണശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്ന കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാലും രണ്ടാം കരാറുകാരൻ യഥാസമയം പണികൾ തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ അവസാനിപ്പിച്ചതിനാലും അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനായി റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ കരാർ നൽകിയിട്ടുണ്ട്. ഇനി 110 km വിതരണ ശൃംഖലയുടെ പണികൾ അവശേഷിക്കുന്നുണ്ട്. 2020 ഏപ്രിൽ മാസത്തോടെ പണികൾ പൂർത്തിയാക്കി ജലവിതരണം പൂർണ്ണമായി നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് പദ്ധതിയിൽ വിതരണ ശൃംഖലയുടെ പണികൾ ഒഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ കരാറുകാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും പൈപ്പ് സ്ഥാപിക്കുവാൻ സമയാസമയത്ത് ലഭിക്കേണ്ട അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്നതിലുള്ള കാലതാമസവും ജോലികൾ പൊതുവായി ജനങ്ങൾ തടയുന്നതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എൻ.എച്ച്., പി.ഡബ്ല്യൂ.ഡി., കോർപ്പറേഷൻ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിലുള്ള കാലതാമസവും വാഹനങ്ങളുടെ ബാഹുല്യവും കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. മുതലായ വകുപ്പുകളുടെ കേബിളുകൾ നിരത്തിന്റെ പാർശ്വങ്ങളിൽ ഉള്ളതിനാലും കുഴിയെടുത്ത് പൈപ്പ്

സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചതിലും കൂടുതൽ സമയം വേണ്ടിവരുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് പഴയ കരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനിലുള്ള ഗ്യാപ്പുകൾ കണ്ടെത്തി കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തി നടപ്പിലാക്കുവാൻ കാലതാമസം 20 മാർച്ച് 2019 മുതൽ 30 മേയ് 2019 വരെ 3713 ലക്ഷം ലിറ്റർ ജലം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. 87 മുനിസിപ്പാലിറ്റികളിൽ 69 എണ്ണവും 940 ഗ്രാമ പഞ്ചായത്തുകൾ ഉള്ളതിൽ 508-ലും കേരള വാട്ടർ അതോറിറ്റി പദ്ധതികൾവഴി (പൂർണ്ണമായോ ഭാഗികമായോ) ജലവിതരണം നടത്തിവരുന്നു. വരൾച്ച കാരണം കുടിവെള്ളക്ഷാമം ഉണ്ടായിട്ടുള്ളത് 442 പഞ്ചായത്തുകളിലും 30 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനിലുമാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ നിലവിലില്ലാത്ത തദ്ദേശസ്വയംഭരണ പ്രദേശങ്ങളുംപെടുന്നുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും വറ്റിപ്പോകുന്ന സാഹചര്യമുണ്ടായാൽ ബദൽ സ്രോതസ്സുകളായി ഉപയോഗിക്കുവാൻ കഴിയുന്ന ജലശേഖരമുള്ളതും ഉപയോഗത്തി ലില്ലാത്തതുമായ പാറമടകളുടെ കണക്ക് ശേഖരിക്കുകയും അവയിൽ പ്രാവർത്തികമായി ജലസ്രോതസ്സായി ഉപയോഗിക്കാൻ കഴിയുന്ന പാറമടകളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി നടപടി സ്വീകരിക്കുകയും ചെയ്തു. വരൾച്ചാ കാലത്ത് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പാക്കിയ പ്രവർത്തനങ്ങൾ കാരണം പല ജില്ലകളിലും കുടിവെള്ള വിതരണം സുഗമമായി നടക്കുന്നുണ്ട്.

കൂടാതെ ജില്ലാതലങ്ങളിലെ ചില പ്രധാനപ്പെട്ട നടപടികളും താഴെപ്പറയുന്നു:

തിരുവനന്തപുരം നഗരത്തിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്ന അരുവിക്കരയിലെ മൂന്ന് ജലശുദ്ധീകരണ ശാലകളിൽ രണ്ടെണ്ണത്തിൽ അധിക ജലമെത്തിച്ച് പ്രതിദിനം 100 ലക്ഷം ലിറ്റർ ശുദ്ധജലം അധികമായി വിതരണം ചെയ്തു തുടങ്ങി. കൊല്ലം, കോട്ടയം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ അധിക ഷിഫ്റ്റ് ഏർപ്പെടുത്തിയും ഇന്റർകണക്ഷൻ നൽകിയും ജലവിതരണം മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി 50,000-ത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പുതിയ ജലശുദ്ധീകരണശാല കമ്മീഷൻ ചെയ്തത് കാരണം പത്തനംതിട്ട ജില്ലയിൽ 25,000 പേർക്ക് ഗുണനിലവാരമുള്ള ശുദ്ധജലം നൽകുവാൻ സാധിക്കുന്നുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ജലശുദ്ധീകരണശാല നവീകരിച്ചതിനാൽ പാലക്കാട് ജില്ലയിൽ ടാങ്കർ ലോറിവഴി മാത്രം കഴിഞ്ഞ 15 വർഷമായി ജലവിതരണം നേരിടുന്നു. സ്റ്റീഫൻകുന്നിൽ തലക്കുളത്തൂർ ടാങ്കിലേയ്ക്കുള്ള റോഡിന്റെ അവകാശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ മുൻസിഫ് കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് എലത്തൂർ, തലക്കുളത്തൂർ

മേഖലകളിലേയ്ക്ക് പൊതുവായി തലക്കുളത്തൂർ സ്റ്റീഫൻ കുന്നിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽനിന്നും വിതരണക്കുഴൽ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ എലത്തൂർ മേഖലയിൽ എലത്തൂർ മുതൽ പാവങ്ങാട് വരെ പൈപ്പ് സ്ഥാപിക്കുന്നതിന് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി ആവശ്യമാണ്. ചേലന്നൂർ പഞ്ചായത്തിലെ എസ്.എൻ. കോളേജ് റോഡിൽ പൈപ്പ് സ്ഥാപിക്കുവാൻ എസ്. എൻ. കോളേജ് അധികൃതർ അനുവാദം നൽകാതിരുന്നതുകൊണ്ട് പൈപ്പ് സ്ഥാപിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ പൈപ്പ് സ്ഥാപിക്കുവാൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജിക്ക പദ്ധതിയിൽ വിഭാവനം ചെയ്ത 1854 കിലോമീറ്റർ വിതരണ ശൃംഖലയിൽ ഇതുവരെ 1476 കിലോമീറ്റർ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പണികൾ 2020 മാർച്ച് മാസത്തോടെ പൂർത്തിയാക്കി ജലവിതരണം പൂർണ്ണമായി നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത, മറ്റു വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവമൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത തടസ്സങ്ങൾ നിലനിൽക്കുന്ന സന്ദർഭങ്ങളിൽ ഉന്നതതല യോഗങ്ങൾ കൂടുകയും പദ്ധതി നിർവ്വഹണ പുരോഗതി നിരന്തരം അവലോകനം ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിലെ പ്രധാന തടസ്സമായ സ്ഥലലഭ്യത പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണത്തിനുള്ള പ്രധാന തടസ്സം റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്, ദേശീയപാത അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും 1-6-2019-ന് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്ന് പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ട വർക്കുകളിൽ ഭൂരിഭാഗത്തിനും ക്ലിയറൻസ് നൽകുവാൻ തീരുമാനമാകുകയും ചെയ്തു. കൂടാതെ റെയിൽവേ ക്രോസിംഗ് അനുമതിയും വനം വകുപ്പിൽ നിന്നുള്ള അനുമതിയും ലഭ്യമാകാനുള്ള തടസ്സങ്ങൾ നേരിടുന്ന വിഷയത്തിലും പ്രശ്നങ്ങൾ പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോറിറ്റി ആവിഷ്കരിച്ച പദ്ധതികളിൽ ഉല്പാദനഘടകങ്ങൾ പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ

ഏകദേശം 128 പദ്ധതികളിൽ ഘട്ടംഘട്ടമായി വിതരണ ശൃംഖല സ്ഥാപിച്ചാൽ മാത്രമേ ജലവിതരണം സാദ്ധ്യമാകൂ. ഇതിനായി ഏകദേശം 11,340 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയത് സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, NRDWP, നബാർഡ് തുടങ്ങിയ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയും ആർ.കെ.ഐ. പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ. ഫണ്ട് എന്നിവകളുടെ സഹായത്തോടെ ഘട്ടം ഘട്ടമായി ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആനുപാതികമായ മാനവവിഭവശേഷി ഇല്ലെന്നുള്ളതും ഒരു പ്രധാന പ്രശ്നമാണ്. ആവശ്യമായ തസ്തികകൾ പുതുതായി സൃഷ്ടിച്ച് ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) വേനലിനെ മുന്നിൽ കണ്ടുകൊണ്ട് സ്വീകരിക്കുവാനുള്ള അടിയന്തര നടപടികൾ സംബന്ധിച്ചും ഉദ്യോഗസ്ഥതലത്തിലും വകുപ്പുമന്ത്രിതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാനായി വകുപ്പുദ്യോഗസ്ഥരോട് ആവശ്യപ്പെടുകയും ചെയ്തു. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ലവണജലത്തിന്റെ കടന്നുകയറ്റം തടയുന്നതിനും താൽക്കാലിക തടയണ നിർമ്മിക്കുക, ഗ്യാലറി, കിണറുകൾ എന്നിവ വൃത്തിയാക്കുകയും ആഴത്തിൽ ചാലുകീറി ജലാഗമനം സുഗമമാക്കുകയും ചെയ്യുക, സാങ്കേതിക സാദ്ധ്യത പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കുഴൽക്കിണർ കുഴിക്കുക, പമ്പുകൾ/മോട്ടോറുകൾ തുടങ്ങിയ അറ്റകുറ്റപ്പണികൾ തീർത്ത് കാര്യക്ഷമമാക്കുക, സാങ്കേതിക സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വിതരണശൃംഖലകൾ ബന്ധിപ്പിച്ചും ദീർഘിപ്പിച്ചും ജലവിതരണം മെച്ചപ്പെടുത്തുക എന്നീ നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കി. അതുപോലെ വേനൽ മുന്നിൽ കണ്ട് അതിനുമുമ്പുതന്നെ അവസാനഘട്ടത്തിൽ നിർമ്മാണം പൂർത്തിയാകാറായിരിക്കുന്ന പദ്ധതികളുടെ വിവരം ശേഖരിച്ച് അവ യുദ്ധകാലാടിസ്ഥാനത്തിൽ വേനൽക്കാലത്ത് ഉപയോഗപ്രദമാകുന്ന രീതിയിൽ പൂർത്തിയാക്കുവാൻ പ്രത്യേക നടപടികൾ കൈക്കൊള്ളുകയും കൂടാതെ ഉപേക്ഷിക്കപ്പെട്ട പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തി ആവശ്യമെങ്കിൽ താത്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനും ജലച്ചോർച്ച, ജലത്തിന്റെ ദുരുപയോഗം എന്നിവ കണ്ടുപിടിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിനും ടാങ്കർ ലോറിയിൽ ജലവിതരണം നടത്തേണ്ട സാഹചര്യമുണ്ടായാൽ ആയതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുവാനും നടപടികൾ സ്വീകരിക്കുകയും ചെയ്തു. പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വേനലിനെ മുന്നിൽ കണ്ടുകൊണ്ടുള്ള കരുതൽ എന്ന നിലയിൽ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ തെരഞ്ഞെടുക്കുമ്പോൾ

മുൻകാലങ്ങളിലെ വേനൽക്കാലത്തെ ജലലഭ്യതയെ അടിസ്ഥാനമാക്കി സുസ്ഥിര സ്രോതസ്സുകൾ കഴിയുന്നതും തെരഞ്ഞെടുത്തും വേനൽക്കാലത്ത് സ്ഥിരമായി ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്ന സ്ഥലങ്ങളിൽ പൈപ്പ് വഴി ശുദ്ധജലവിതരണം നടത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ മുൻഗണന നൽകുകയും നിലവിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ വേനൽക്കാലത്ത് മുടങ്ങുന്ന സ്ഥലങ്ങളിൽ സമഗ്രകുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രത്യേക പരിഗണന നൽകുകയും ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളുമായി കൂടിയാലോചിച്ച് ജലവിതരണത്തിന് നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ജലസംഭരണികളിൽ ആവശ്യമായ ജലവിതാനം നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും 24X7 ജലദൗർലഭ്യം സംബന്ധിച്ച് പൊതുജനപരാതി സ്വീകരിക്കുവാനുള്ള സംവിധാനം എല്ലാ ഡിവിഷനിലുമുണ്ട്.

**അന്ധവിശ്വാസ ഉന്മൂലന നിയമം**

5(*65) ശ്രീ. എം. മുകേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്തിരിപ്പൻ ശക്തികൾ കരുത്താർജ്ജിക്കുന്നതിന്റെ ഫലമായി മന്ത്രവാദ ചികിത്സകൾ വ്യാപിക്കുകയും അത് സ്ത്രീകളെയും കുട്ടികളെയും പട്ടിണിക്കിട്ട് കൊലപ്പെടുത്തുന്നതിനും ആത്മഹത്യയിലേക്ക് നയിക്കുന്നതിനും ഇടവരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കാൻ സാംസ്കാരിക വകുപ്പ് ഫലപ്രദമായ പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേന്ദ്ര ഭരണത്തിന് നേതൃത്വം നൽകുന്നവർ പോലും ശാസ്ത്ര സത്യങ്ങളെ വക്രീകരിക്കുന്നത് അന്ധവിശ്വാസ പ്രോത്സാഹ ജനകമായിട്ടുള്ളതുകൊണ്ട് യുക്തിചിന്തയെ പരിപോഷിപ്പിക്കാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമോ;

(സി) രോഗബാധിതരെ ശാസ്ത്രീയ മുറപ്രകാരം ചികിത്സക്ക് വിധേയരാക്കാതെ മാന്ത്രിക ഏലസുകളും ആഭിചാരക്രിയകളും രോഗശാന്തി ശുശ്രൂഷകളും ഉപയോഗിച്ച് രോഗം ഭേദപ്പെടുത്താൻ ശ്രമിക്കുന്ന തലത്തിലേക്ക് പൊതു യുക്തിബോധം അധഃപതിച്ചതിനാൽ മഹാരാഷ്ട്ര മാതൃകയിൽ അന്ധവിശ്വാസ ഉന്മൂലന നിയമം രൂപീകരിക്കാൻ നടപടിയെടുക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) കേരള മോഡൽ വികസനം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം, പൊതുമേഖലാ വ്യവസായം എന്നീ തുറകളിലെല്ലാം വലിയ മുന്നേറ്റമുണ്ടായതിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന കേരളം സൃഷ്ടിക്കപ്പെട്ടത്. മുൻകാലങ്ങളിൽ മന്ത്രവാദ ചികിത്സകളും വ്യാജ ചികിത്സാ പദ്ധതികളും ഇനിയും തെളിയിക്കപ്പെടാത്ത ഒറ്റമൂലികളുടെയും മറ്റും പ്രചരണവും ചികിത്സാരംഗത്ത് സ്വാധീനം ചെലുത്തിയിരുന്നു. ദരിദ്രരും നിരക്ഷരരുമായ ജനവിഭാഗങ്ങൾക്കിടയിലാണ് ഇത് വ്യാപകമായിരുന്നത്. ഇതിന് കൂടുതൽ ഇരയാകുന്നത് സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. എന്നാൽ കേരളീയ സമൂഹത്തിന്റെ വിദ്യാഭ്യാസ ഉന്നതിയും പുരോഗമന ആഭിമുഖ്യവും ഈ അനാചാരങ്ങളെ നല്ല രീതിയിൽ ചെറുത്ത് പരാജയപ്പെടുത്തിയിരുന്നു. പക്ഷേ അന്ധവിശ്വാസ ജഡിലവും യുക്തിരഹിതവുമായ പ്രവണതകൾ സമൂഹത്തിൽ വീണ്ടും ഉയർന്നുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിനെതിരെയുള്ള പ്രചരണ പരിപാടികൾ ഏറ്റെടുത്ത് ബോധവൽക്കരണം നടത്തുന്നതിന് സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുക്തിചിന്തയും ശാസ്ത്രീയ അവബോധവും വർദ്ധിപ്പിക്കാനാവശ്യമായ പ്രചാരണ നടപടികൾ ഊർജ്ജിതപ്പെടുത്തലാണ് ഇതിനുള്ള പരിഹാരം. സാംസ്കാരിക സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പരിപാടികൾക്ക് പുറമെ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെമ്പാടുമുള്ള 1000 കലാപരിശീലന കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുള്ള 1000 കലാകാരന്മാരുടെ സേവനം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൾപ്പെടെയുള്ള സാമൂഹിക തിന്മകളെ അകറ്റി നിർത്തുന്നതിനായി ബോധവൽക്കരണ പ്രചാരണ പരിപാടികൾ ഏറ്റെടുക്കുന്നതിന് ഉപയോഗിക്കും.

(ബി) ജനങ്ങളുടെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും മുതലെടുത്ത് ശാസ്ത്രീയ അടിത്തറയില്ലാത്ത പല കാര്യങ്ങളും ബോധപൂർവ്വം പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുക്തിചിന്തയെ പരിപോഷിപ്പിക്കാനും ശാസ്ത്രബോധം വളർത്താനുമുള്ള ക്യാംപെയ്നുകൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരം ക്യാംപെയ്നുകൾ സ്കൂൾതലം മുതൽ ഏറ്റെടുക്കേണ്ടതാണ്.

(സി) ആഭിചാരക്രിയ, രോഗശാന്തിശുശ്രൂഷകൾ തുടങ്ങിയ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സമൂഹത്തിൽനിന്ന് ഉന്മൂലനം ചെയ്യുന്നതിന് ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുഖാന്തരം ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പിന്റെ നിർദ്ദേശം ഇപ്പോൾ നിയമപരിഷ്കരണ കമ്മീഷന്റെ പരിഗണനയിലാണ്.

## അപ്നാ ഘർ പദ്ധതി

6(*66) ശ്രീ. സി.കൃഷ്ണൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എം. നൗഷാദ് :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ചുരുങ്ങിയ ചെലവിൽ താമസസൗകര്യം ഒരുക്കുന്ന അപ്നാ ഘർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് കരാറുകാർ ഏർപ്പെടുത്തുന്ന താമസസൗകര്യം പലപ്പോഴും അപര്യാപ്തവും വൃത്തിഹീനവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട ഇടപെടൽ സാധ്യമാണോ;

(ഡി) കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ആകർഷകമാക്കിയിട്ടുണ്ടോ;

(ഇ) ആവാസ് പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത്തരം തൊഴിലാളികളുടെ വിവരശേഖരണം കൂടി ലക്ഷ്യമാക്കി ആവാസ് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ്, അപ്നാ ഘർ, കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി എന്നീ പദ്ധതികൾ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാ ഘർ".

"അപ്നാ ഘർ", പാലക്കാട് കഞ്ചിക്കോട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. 62 മുറികളിലായി 620 പേർക്ക് താമസസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ കിനാലൂരിലും ഈ പദ്ധതിയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ നടത്താറുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി ഇൻസ്പെക്ഷൻ നോട്ടീസ് നൽകുകയും അവ പരിഹരിക്കാത്തപക്ഷം മാനേജ്മെന്റിന് കാരണം കാണിക്കൽ നോട്ടീസ് നൽകി അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടാസ്ക്ഫോഴ്സിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമ പ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) "ആവാസ്" പദ്ധതിയിൽ 3,59,958 പുരുഷ തൊഴിലാളികളും 19,656 സ്ത്രീ തൊഴിലാളികളും 74 ട്രാൻസ്ജെൻഡർ തൊഴിലാളികളും ഉൾപ്പെടെ 3,79,688 തൊഴിലാളികൾ 31-5-2019 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. "ആവാസ്" പദ്ധതിയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

### ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത

7(*67) ശ്രീ. രാജു എബ്രഹാം :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന മേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) ഈ സർക്കാർ പുതുതായി നടപ്പാക്കിവരുന്ന ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം നൽകാമോ; എല്ലാ ക്ഷീരകർഷകരേയും ആകർഷിക്കുന്ന വിധത്തിലാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ക്ഷീരോല്പാദനമേഖലയിൽ പ്രളയം ഏല്പിച്ച ആഘാതം തരണം ചെയ്യുന്നതിനായി സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ; പ്രത്യേക പുനരധിവാസപദ്ധതിയുടെ പ്രയോജനം എത്ര കർഷകർക്ക് ലഭിച്ചെന്ന് വെളിപ്പെടുത്താമോ?

വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) ക്ഷീരോല്പാദന മേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീര സംഘങ്ങൾക്കുള്ള സഹായപദ്ധതികൾ
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

10. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഇതേ ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം
2. ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി
3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)
4. വെറ്ററിനറി സേവനം

5. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

6. മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ

7. ഊർജ്ജിത കന്നുകാലി വികസന പദ്ധതി.

(ബി) സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിൽ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി 2019-20. ഈ പദ്ധതിയിലൂടെ പശുക്കളെയും എരുമകളെയും ഉരുക്കളുടെ ഉടമകളായ കർഷകരെയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേയ്ക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ കർഷകർക്ക് അവരുടെ ആവശ്യാനുസരണം തെരഞ്ഞെടുക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. 2017-18 മുതൽ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി സുതാര്യവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം നടക്കുന്നതിനാൽ ഉരുക്കളുടെ ഇൻഷ്വറൻസിനായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഒരു വർഷത്തേയ്ക്ക് 2.15%, മൂന്ന് വർഷത്തേയ്ക്ക് 5.419% എന്ന നിരക്കുകളിൽ പ്രീമിയം quote ചെയ്തിട്ടുണ്ട്. പ്രീമിയം നിരക്കുകൾ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷത്തേക്കാൾ വളരെയേറെ കുറഞ്ഞിട്ടുണ്ട്. അതുവഴി ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ക്ഷീര കർഷകർക്ക് അവരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ സാധിക്കും. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50%വും എസ്.സി./എസ്.ടി. വിഭാഗത്തിന് 70%വും സർക്കാർ സബ്സിഡി നൽകിവരുന്നു. ഉരുക്കളുടെ മരണം, ഉല്പാദന പ്രത്യുല്പാദനക്ഷമതാ നഷ്ടം എന്നിവയ്ക്ക് പരമാവധി 65000 രൂപ വരെയും ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണം സംഭവിച്ചാലോ ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം സംഭവിച്ചാലോ 2 ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാനും സാധിക്കുന്നു. ഇതിനായി ഉരുവിന്റെ ഉടമയ്ക്ക് ഇൻഷ്വറൻസിനായി ഒരു വർഷത്തേയ്ക്ക് 22 രൂപയും മൂന്നു വർഷത്തേയ്ക്ക് 58 രൂപയും നൽകിയാൽ മതിയാകും. സംസ്ഥാനതലത്തിൽ പദ്ധതി നിർവ്വഹണം കേന്ദ്രീകൃതമായി നടത്തുവാനും ജില്ലാതലത്തിൽ ക്ലെയിമുകൾ തീർപ്പാക്കുവാനുമാണ് നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കർഷകർക്ക് പോളിസി, ക്ലെയിം എന്നിവ ലഭ്യമാക്കുന്ന പ്രക്രിയ പൂർണ്ണമായും ഓൺലൈനായി ചെയ്യുവാനും ലക്ഷ്യമിടുന്നു. ആയതുവഴി കർഷകർക്ക് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാനും സാധിക്കുന്നു.

(സി) പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാതലത്തിൽ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെപ്പറയുന്നവയാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീര കർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്. പ്രത്യേക പുനരധിവാസ പദ്ധതിയുടെ പ്രയോജനം 19,879 കർഷകർക്ക് ലഭിച്ചിട്ടുണ്ട്. പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിലുള്ള നഷ്ടം നികത്താനായി 21.99 കോടി രൂപ മൃഗസംരക്ഷണ വകുപ്പ് മുഖേന വിവിധ ജില്ലകളിലെ കർഷകർക്ക് നഷ്ടപരിഹാരമായി വിതരണം ചെയ്തു. കൂടാതെ പ്രളയബാധിത പ്രദേശത്ത് വകുപ്പ് മുഖേന 2.68 കോടി രൂപയുടെ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും വിതരണം ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് 39,163 കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ട്. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 1172 ചികിൽസാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിൽസ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി. നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ആടുവളർത്തൽ പദ്ധതി പ്രളയബാധിത ജില്ലകളിൽ പ്രളയത്തിൽ ഉരുക്കളെ നഷ്ടം സംഭവിച്ച കർഷകർക്ക് മുൻഗണന നൽകിയാണ് നടപ്പിലാക്കിയത്. 2019-20 സാമ്പത്തിക വർഷത്തിൽ തീവ്ര പ്രളയബാധിത ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, വയനാട്, തൃശ്ശൂർ, ഇടുക്കി എന്നിവിടങ്ങളിൽ കിടാരി വളർത്തൽ പദ്ധതി പുതുതായി നടപ്പിലാക്കും. പ്രസ്തുത പദ്ധതി പ്രകാരം 1120 കിടാരികളെ വിതരണം ചെയ്യും. ഓരോ ഗുണഭോക്താക്കൾക്കും 25,000 രൂപയുടെ ധനസഹായം ലഭിക്കും.

## തൊഴിലില്ലായ്മയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ

8(*68) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തൊഴിലില്ലായ്മ

നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തപ്പെട്ട സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ കൂടുതൽ മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ തൊഴിൽദായക പദ്ധതികളും നൈപുണ്യ വികസന പരിപാടികളും പുനരാവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലേക്കായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മുൻകാല പ്രവണതകളിൽ നിന്നും വ്യത്യസ്തമായി വർഷം തോറും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിച്ചുവരികയും പൊതുമേഖലയിൽ അവസരങ്ങൾ കുറഞ്ഞുവരികയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) സംസ്ഥാനത്ത് കൂടുതൽ മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ തൊഴിൽദായക പദ്ധതികളും നൈപുണ്യ വികസന പരിപാടികളും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്കായി നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും വിവിധ കരിയർ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

വ്യവസായശാലകൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്നു. ഇതിനായി പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള പരിശീലന പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആൻഡ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെന്യൂർഷിപ്പ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവ്വേദം, മൾട്ടി മീഡിയ ആൻഡ് അനിമേഷൻ, ആർക്കിടെക്ചർ ആൻഡ് ഇന്റീരിയർ ഡിസൈൻ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ, ഡിസൈൻ, സ്പോർട്സ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന പ്രതിമാസ ജോബ് ഡ്രൈവ്/പ്ലേസ്മെന്റ് ഡ്രൈവ്/ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് വർഷംതോറും മേഖലാടിസ്ഥാനത്തിൽ " നിയുക്തി " മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

സ്വകാര്യമേഖലയിൽ ഉരുത്തിരിഞ്ഞുവരുന്ന തൊഴിലവസരങ്ങളെ പരമാവധി പ്രയോജനപ്പെടത്തക്കവിധത്തിൽ കേരളത്തിലെ യുവജനങ്ങളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ സംസ്ഥാന നൈപുണ്യ വികസനമിഷൻ [KASE]വഴി നടപ്പാക്കിവരുന്നുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള പരിശീലന പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ഇതിനായി വിവിധ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു. KASE നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) (5 Centres).
2. അക്രെഡിറ്റേഷൻ (11 Institutions).
3. കൗശൽ കേന്ദ്രകൾ (3 Centres).
4. എംപ്ലോയബിലിറ്റി സെന്റർ (10 Centres).
5. കരിയർ ഡെവലപ്മെന്റ് സെന്റർ (5 Centres).
6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC).
7. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID).

എല്ലാ ഗവൺമെന്റ് ഐ.ടി.ഐ.കളിലും കാര്യക്ഷമമായും ഫലപ്രദമായും പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി തൊഴിൽദാതാക്കളെയും തൊഴിൽ അന്വേഷകരെയും ബന്ധിപ്പിച്ച് ക്യാമ്പസ് ഇന്റർവ്യൂ നടത്തി ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കുന്നുണ്ട്. ഒക്ടോബർ 2016 മുതൽ ഫെബ്രുവരി 2019 വരെ 7179 ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. ട്രെയിനികളുടെ സംരംഭകത്വശേഷി വികസിപ്പിക്കുന്നതിനും സംരംഭകത്വത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് ഐ.ടി.ഐ.-കൾ തോറും ഇ. സി. ക്ലബുകൾ (Entrepreneurship Club) പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ ജില്ലാതലത്തിലും മേഖലാതലത്തിലും ജോബ് ഫെയർ സംഘടിപ്പിച്ച് തൊഴിലവസരം ഒരുക്കുന്നു. അതുവഴി ഏഴായിരത്തോളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

## തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ

9(*69) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ ആന്റ് റിഡ്രസ്സൽ) ആക്ട്, 2013 പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം പത്ത് തൊഴിലാളികളിൽ കൂടുതൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നത്;

(ഡി) അസംഘടിതമേഖലയിൽ ഈ നിയമം എപ്രകാരമാണ് ബാധകമാക്കിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഇ) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിന് മലയാളത്തിൽ ലഘുലേഖ തയ്യാറാക്കി തൊഴിലിടങ്ങളിൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ-സി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/ സാ.നീ.വ. തീയതി 26-5-2016 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ

നിന്നും ഇതുസംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം പത്തിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി (5) പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തൊഴിലുടമകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാത്ത പക്ഷം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013 വകുപ്പ് 2 (P) പ്രകാരം അസംഘടിത മേഖലയിലും ഈ നിയമം ബാധകമാണ്.

(ഇ) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിന് ഇതിനകംതന്നെ മലയാളത്തിൽ ലഘുലേഖ തയ്യാറാക്കി തൊഴിലിടങ്ങളിൽ വിതരണം ചെയ്തുവരുന്നുണ്ട്.

**തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി**

10(*70) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനം നിലച്ച തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി എത്ര തോട്ടങ്ങൾ തുറക്കുവാൻ സാധിച്ചു; ഇതിലൂടെ എത്ര തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുവാൻ സാധിച്ചു;

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് തൃപ്തികരമാണോ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത കമ്മിറ്റികൾ വഴി നൽകുന്നത്; വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ & ബി) സംസ്ഥാനത്ത് പ്രവർത്തനം നിലച്ച എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ്, പീരുമേട് ടീ കമ്പനി എന്നീ തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് 28-11-2018-ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മാനേജ്മെന്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണമാണ് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതെന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, വിരമിക്കൽ ആനുകൂല്യം എന്നിവയും മറ്റു തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും നൽകിയാൽ മാത്രമേ തോട്ടം തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയൂ എന്ന് അറിയിച്ചു. ഇക്കാര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(സി) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ആയത് തൃപ്തികരമാണ്.

(ഡി) അതത് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം (അവിവാഹിതരായ പെൺമക്കൾക്കായി) ചികത്സാ ധനസഹായം, ആശ്രിതർക്ക് മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം (വിവിധ മേഖലകളിലെ ഉപരിപഠനത്തിനായി) എന്നിവ നൽകിവരുന്നു. കൂടാതെ ലയങ്ങളിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ്, സൗജന്യ ഓണക്കിറ്റ് വിതരണം, ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയ്ക്ക് ആവശ്യമുള്ള തുകയും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിന്നും ചെലവാക്കിവരുന്നു.

## വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

11(*71) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വലിയ റവന്യൂ കമ്മിയിൽ പ്രവർത്തിക്കേണ്ടിവരികയും വിതരണം ചെയ്യുന്ന ശുദ്ധജലത്തിന് കടുത്ത ക്ഷാമം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന

കുടിവെള്ളത്തിൽ നാല്പത്തഞ്ച് ശതമാനത്തോളം നഷ്ടപ്പെടുകയോ മീറ്റർ ചെയ്യപ്പെടാതെ പോകുകയോ ചെയ്യുന്നത് പരിഹരിക്കാനായി പദ്ധതിയുണ്ടോ;

(ബി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനും ചോർച്ചയുണ്ടാകുന്നത് ഉടനടി പരിഹരിക്കുന്നതിനും ജലമോഷണം തടയുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) സ്മാർട്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; തലസ്ഥാനനഗരിയിൽ ഏർപ്പെടുത്തിയ ബ്ലൂ ബ്രിഗേഡ് സംവിധാനത്തിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) ഉണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു: കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എല്ലാ കണക്ഷനുകളിലും മീറ്റർ സ്ഥാപിക്കുകയും യഥാസമയം റീഡിംഗ് എടുക്കുകയും ചെയ്തുവരുന്നു. പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റിവച്ചും മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കാത്ത കണക്ഷനുകൾക്ക് സർചാർജ്ജ് ചുമത്തുകയും സമയപരിധി കഴിഞ്ഞാൽ വിച്ഛേദിക്കുകയും ചെയ്യുന്നുണ്ട്. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തര പ്രാധാന്യത്തോടെ നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെയും കീഴിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്ടർ കണക്ഷനുകളിലെ ചോർച്ച കണ്ടെത്തി പരിഹരിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകിയും വീഴ്ചവരുത്തിയാൽ വിച്ഛേദിച്ചും നടപടികൾ സ്വീകരിക്കാറുണ്ട്. ജലചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റു ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലചോർച്ച

നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു. Kerala Development and Innovation Strategic Council-മായി ബന്ധപ്പെട്ടുകൊണ്ട് നോൺ റവന്യൂ വാട്ടറിന്റെ നഷ്ടം കുറയ്ക്കുന്നതിനുള്ള പൈലറ്റ് സ്റ്റഡി പ്രാരംഭദശയിലാണ്.

(ബി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, എം.എൽ.എ., എം.പി. ഫണ്ട് എന്നിവ ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

ജലമോഷണം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിലുൾപ്പെടെ പരിശോധന നടത്തുകയും മീറ്റർ ചെയ്യപ്പെടാതെ പോകുന്ന അനധികൃത കണക്ഷനുകൾ കണ്ടെത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ജലദുരുപയോഗം തടയുന്നതിന് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ, 143.45 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ മുഖേന ജല ചോർച്ച ഒഴിവാക്കുവാൻ കഴിയുന്നതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 11 സർക്കിൾ ഓഫീസുകളുടെ പരിധിയിൽ നടപ്പിലാക്കുവാൻ 433.33 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ 10 സർക്കിളുകളിലെ (അനുബന്ധമായി ചേർക്കുന്നു) * പ്രൊപ്പോസലുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതുകൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാനും പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു ഘട്ടങ്ങളിലായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഒന്നാം ഘട്ടം പ്രവൃത്തികൾ 50% പൂർത്തീകരിച്ചു. ഇന്റർ ലിങ്കിംഗ് സോഫ്റ്റ്വെയറിന്റെ പ്രവൃത്തികൾ ഉൾപ്പെടെയാണ് ഒന്നാം ഘട്ടത്തിൽ ഇനി പൂർത്തിയാകാനുള്ളത്. രണ്ടാം ഘട്ട പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

നെടുമങ്ങാട് അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ജലവിതരണ ശൃംഖല, മേഖലകളായി തിരിച്ച് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തര ലീക്കുകൾ പരിഹരിക്കുന്നതിനും ജലവിതരണം വാൽവ് ക്രമീകരണത്തിലൂടെ ഉറപ്പുവരുത്തുന്നതിനും ബ്ലൂ ബ്രിഗേഡ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഇതുകൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയിൽ ഉപഭോക്തൃ വാട്ടർ മീറ്ററുകൾ മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുവാനും ബൾക്ക് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരിയാർ ഡിക്ലറേഷൻ - 2017

12(*72) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ഡിക്ലറേഷൻ 2017-ന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംരക്ഷിത വനങ്ങളിലെ വനവാസികളുടെ സ്വമേധയായുള്ള പുനരധിവാസം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ടൈഗർ റിസർവ്വുകൾക്ക് പുറത്തുള്ള കടുവകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പെരിയാർ ഡിക്ലറേഷന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനങ്ങളിലെ ചീഫ് വൈൽഡ് ലൈഫ് വാർഡൻമാരുടെയും ടൈഗർ റിസർവ്വുകളിലെ ഫീൽഡ് ഡയറക്ടർമാരുടെയും സംയുക്ത യോഗം 2017 സെപ്റ്റംബർ 15, 16 തീയതികളിൽ പെരിയാർ ടൈഗർ റിസർവ്വ്, തേക്കടിയിൽ വച്ച് നടക്കുകയുണ്ടായി. ഉദ്ഘാടന സമ്മേളനത്തിൽ ഇന്ത്യയിലെ കടുവകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ പരിശോധിച്ച് ചർച്ചകളിലൂടെ യോഗാവസാനം ഒരു പെരിയാർ ഡിക്ലറേഷൻ ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. തുടർന്ന് പങ്കെടുത്ത അംഗങ്ങൾക്കിടയിൽ നടന്ന വിശദമായ ചർച്ചകളിൽ 2022-ഓടെ കടുവകളുടെ എണ്ണം ഇരട്ടിയാക്കണമെന്ന 2010-ലെ സെന്റ് പീറ്റേഴ്സ് ബർഗ് ഡിക്ലറേഷൻ മാതൃകയിൽ പെരിയാർ ഡിക്ലറേഷന്റെ കരട് അവതരിപ്പിക്കുകയുണ്ടായി. പതിനൊന്ന് പ്രസ്താവനകൾ അടങ്ങിയ പെരിയാർ ഡിക്ലറേഷന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നുവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽനിന്നും കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടൈഗർ റിസർവ്വിന് പുറത്ത് ടൈഗർ റിസർവ്വിന് വെളിയിൽ കടുവാസംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കി ദേശീയ കടുവാ സംരക്ഷണ ഏജൻസിക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പെരിയാർ ഡിക്ലറേഷൻ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മയക്കുമരുന്ന് വ്യാപനം തടയുന്നതിന് നടപടി**

13(*73) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മയക്കുമരുന്നിൻെറ വ്യാപനം തടയുന്നതിന്റെ ഭാഗമായി കോളേജുകളിലും ഹൈസ്കൂൾ/ഹയർ സെക്കൻഡറി തലത്തിലുള്ള എല്ലാ സ്കൂളുകളിലും മാതാപിതാക്കളുടെ സഹകരണം കൂടി ഉറപ്പുവരുത്തിക്കൊണ്ട് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് കേരള പോലീസ്, ഫോറസ്റ്റ്, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവരുമായി വിവരങ്ങൾ കൈമാറി യോജിച്ചുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നു. കൂടാതെ മറ്റു സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് മേധാവികളുമായുള്ള യോജിച്ച പ്രവർത്തനങ്ങളിലൂടെ വൻതോതിലുള്ള മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുകയും ചെയ്തുവരുന്നു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിലെ റെയിഞ്ച് സർക്കിൾ ഓഫീസുകൾക്ക് പുറമെ 14 ജില്ലകളിലായി 14 നർക്കോട്ടിക് സ്ക്വാഡുകളും ഇടുക്കി ജില്ലയിലെ അടിമാലി കേന്ദ്രവുമായി ഒരു നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിക്കുന്നു. കൂടാതെ ആദിവാസി മേഖലകളായ നിലമ്പൂർ, മാനന്തവാടി, ദേവികുളം, അട്ടപ്പാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 4 ജനമൈത്രി സ്ക്വാഡുകളും മയക്കുമരുന്നിന്റെ വ്യാപനം ഈ മേഖലകളിൽ ഉണ്ടാകാതെ അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

സംസ്ഥാന അതിർത്തികളിലും ചെക്ക് പോസ്റ്റുകളിലും നടത്തുന്ന വാഹന പരിശോധനകളിലൂടെ നർക്കോട്ടിക് മരുന്നുകളുടെ സംസ്ഥാനത്തേയ്ക്കുള്ള വരവും കൈമാറ്റങ്ങളും ഫലപ്രദമായി ചെറുക്കുന്നു.

സംസ്ഥാന വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ/കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ യുവാക്കളിലേയ്ക്ക് ലഹരി വിരുദ്ധ സന്ദേശം എത്തിക്കുകയും 'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യവുമായി കായികമേളകളും മാരത്തോണും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പുറമെ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വിമുക്തി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്.

**മയക്കമരുന്ന് സംഘങ്ങൾക്കെതിരായ നടപടി**

14(*74) ശ്രീ. കെ. ആൻസലൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മറ്റ് എൻഫോഴ്സ്മെന്റ് വിംഗുകളുടെ സഹായത്തോടെ നടത്തുന്ന ശക്തമായ നടപടികളുടെ ഫലമായി മയക്കമരുന്ന് സംഘങ്ങൾക്കെതിരെ എടുക്കുന്ന കേസുകൾ ഗണ്യമായി വർദ്ധിച്ചെങ്കിലും ഇത്തരം സംഘങ്ങൾ ഇപ്പോഴും വ്യാപകമായി ഉണ്ടെന്നത് കണക്കിലെടുത്ത് അതുനേരിടാനായി ജനപങ്കാളിത്തത്തോടെ നടത്തി വരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്ക മരുന്ന് കടത്ത് തടയാൻ ചെക്ക്പോസ്റ്റുകളിലും ട്രെയിനുകളിലും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ശക്തമായ പരിശോധന നടത്താൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) അലോപ്പതി,ആയുർവേദ മരുന്നുകൾ ലഹരി പദാർത്ഥങ്ങളായി ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) മയക്കമരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ബോധവത്ക്കരണ/വിമുക്തി കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ജനകീയ കമ്മിറ്റികളിലൂടെ മയക്കമരുന്ന് വിപണനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നു. സന്നദ്ധ സംഘടനകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹായത്തോടെ ലഹരിക്കെതിരായ

പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും ഊർജ്ജിതമായി നടന്നുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(ബി) ഉണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ട്രെയിനുകളിലും ശക്തമായി പരിശോധനകൾ നടത്തിവരുന്നുണ്ട്.

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിക്കുകയും എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. എല്ലാ ചെക്ക് പോസ്റ്റുകളിലും 1 കെ.വി. ഇൻവർട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അലോപ്പതി, ആയുർവേദ മരുന്നുകൾ ലഹരി പദാർത്ഥങ്ങളായി ദുരുപയോഗം ചെയ്യുന്നത് തടയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നു. ലഹരി അടങ്ങിയ മരുന്നുകൾ വിൽപ്പന നടത്തുന്നത് നിയമപ്രകാരമാണോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തുവരുന്നു. മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന ചില മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതായി കണ്ടതിനാൽ ഇത്തരം മരുന്നുകൾ കുറിപ്പടികളില്ലാതെ നൽകുന്നത് തടയുവാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെയും പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് അവലോകനം നടത്തി നിർദ്ദേശങ്ങൾ നൽകുകയും ചട്ടലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നതിന് നിയമവിരുദ്ധമായി കടത്തിക്കൊണ്ടുവരുന്നത് തടയാൻ ചെക്ക് പോസ്റ്റുകളിലും ട്രെയിനുകളിലും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

**മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ നടപടി**

15(*75) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ അതിന്റെ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുവാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ ആരംഭിച്ച ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനം വിശദമാക്കുമോ; 2018-ൽ ഇക്കാര്യത്തിനായി എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) പ്രസ്തുത മിഷന്റെ പ്രവർത്തനം ഫലപ്രദമാണോ; വിശദാംശം നൽകുമോ;

(ഇ) ലഹരിക്ക് അടിമയായവരെ അതിൽ നിന്നും മോചിപ്പിക്കുവാൻ എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം മൂലം ഉണ്ടായ മാറ്റം എന്താണ് എന്നറിയിക്കാമോ;

(എഫ്) ഈ സർക്കാരിന്റെ മദ്യനയം മദ്യവർജ്ജനത്തിന് സഹായകമായ ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുന്നത് അനധികൃത/വ്യാജമദ്യത്തിന്റെ വ്യാപനത്തിന് ഇടയാക്കുമെന്നത് വസ്തുതയാണ്. ഈ വസ്തുത പരിഗണിച്ചും സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠനറിപ്പോർട്ടുകളുടെ/ശിപാർശകളുടെ അടിസ്ഥാന ത്തിലും മദ്യനിരോധനത്തേക്കാൾ മദ്യവർജ്ജനമാണ് ഫലപ്രദമായ പ്രതിരോധം എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ മദ്യനയം രൂപീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ബി & സി) സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" -യുടെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിക്കുകയും ടി സെന്ററുകളിൽ രണ്ട് വീതം കൗൺസലർമാരെ നിയമിച്ച് നേരിട്ടും ടെലഫോണിലൂടെയും രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണിവരെയും കൗൺസലിംഗ് നൽകുന്നതിനായി സൗകര്യം ഏർപ്പെടുത്തുകയും 14405 എന്ന ടോൾ ഫ്രീ നമ്പർ പ്രയോഗക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ 1120 പരാതിപ്പെട്ടികൾ പുതുതായി നിർമ്മിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എക്സൈസ് ഓഫീസുകളിലും സ്ഥാപിക്കുകയും ആയവവഴി ലഭിക്കുന്ന പരാതികളിൽ കേന്ദ്രീകൃതമായി പരിശോധന നടത്തി സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സംഘടനകൾ എന്നിവരുമായി സഹകരിച്ച് വിവിധ കായിക മത്സരങ്ങൾ, മാരത്തോൺ എന്നിവ സംഘടിപ്പിച്ചുവരുന്നു. ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ വഴി ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നുണ്ട്. കൂടാതെ, മറ്റു വകുപ്പുകൾ, ലൈബ്രറി കൗൺസിൽ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ എന്നിവരുമായി സഹകരിച്ചും വിമുക്തി മിഷന്റെ കീഴിൽ വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകൾ ലഹരി വിമുക്തമാക്കുന്നതിനുവേണ്ടി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

വിമുക്തി മിഷന്റെ പ്രചരണാർത്ഥം നവമാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്ട്സ് ആപ്പ് എന്നിവയിൽ പേജ് ആരംഭിക്കുകയും കൈപ്പുസ്തകങ്ങളും ലഘുലേഖകളും തയ്യാറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 11,63,23,493 രൂപ വിമുക്തി ബോധവത്കരണ പരിപാടികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഫലപ്രദമാണ്. നവംബർ 2018 മുതൽ മെയ് 2019 വരെ ടി സെന്ററുകളിൽ 5950 പേർക്ക് ഔട്ട് പേഷ്യന്റ് സേവനവും 804 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്.

വിമുക്തിമിഷന്റെ ഭാഗമായി നടത്തുന്ന വിവിധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ, മദ്യ-മയക്കമരുന്ന്-പുകയില ഉപയോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി ബോധവാന്മാരാക്കുന്നതിനും ലഹരി വിരുദ്ധ ആശയങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ ശക്തമായി പ്രചരിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഇ) പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗം കുറച്ചുകൊണ്ട് ലഹരിമുക്ത കേരളം ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ വിമുക്തി നടപ്പിലാക്കിവരുന്ന വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാംതന്നെ സർക്കാരിന്റെ മദ്യവർജ്ജനം എന്ന നയത്തിന് സഹായകരമാണ്.

**തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നടപടികൾ**

16(*76) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ദാസൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തീവ്ര നവ ഉദാരവൽക്കരണനയവും നടപടികളും കാരണം അര നൂറ്റാണ്ടിനിടയിലെ ഏറ്റവും ഉയർന്ന തോതിൽ രാജ്യത്തെ തൊഴിലില്ലായ്മ എത്തിയിരിക്കുകയും തൊഴിലാളിവിരുദ്ധ നിയമനിർമ്മാണങ്ങളിലൂടെ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനം നിക്ഷേപസൗഹൃദമല്ലെന്ന കുപ്രചരണം തിരുത്തുന്നതിനും ആരോഗ്യകരമായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) ആരോഗ്യകരമായ തൊഴിൽ ബന്ധം വളർത്തിയെടുക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ; വ്യവസായബന്ധ സമിതികൾ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ & ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്താനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും അതനുസരിച്ച്

വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ലളിതവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം 2017 വർഷത്തെ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആകെ 941 അപേക്ഷകൾ ലഭിച്ചതിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡിംഗിനായി 446 സ്ഥാപനങ്ങളെ പരിഗണിച്ചു. ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹരായി. ടി സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

2017 വർഷത്തിന് സമാനമായി 2018 വർഷത്തിലും അസസ്സ്മെന്റ് നടത്തുന്നതിനായി മികച്ച തൊഴിൽദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടത്തിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കി ഗ്രേഡിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായബന്ധ സമിതികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വെള്ളപ്പൊക്കം ജലവിതരണ മേഖലയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾ

17 (*77) ശ്രീ. കെ. ബാബു:
ശ്രീമതി വീണാ ജോർജ്ജ് :
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംമൂലം ജലവിതരണമേഖലയിൽ എന്തെല്ലാം നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നാശനഷ്ടങ്ങൾ നേരിട്ട ജലവിതരണമേഖലയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും സ്വീകരിച്ച സത്വര നടപടികൾ വിശദമാക്കാമോ;

(സി) പ്രളയത്തിൽ മലിനമായ കിണറുകൾ ശുചീകരിക്കുന്നതിനും ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയത്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിക്ക് 140.899 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കുന്നത്. 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. 372 പദ്ധതികളെയാണ് പ്രളയം രൂക്ഷമായി ബാധിച്ചത്. നദീതീരങ്ങളിലെ പമ്പ് ഹൗസുകളും അനുബന്ധ നിർമ്മാണങ്ങളും വെള്ളത്തിനടിയിലായപ്പോൾ സുപ്രധാന പദ്ധതികളുടെയെല്ലാം പ്രവർത്തനം നിലച്ചു. സ്രോതസ്സുകളിലെ അമിതമായ കലക്കൽ ജലാഗമന പ്രദേശത്തെ ഇൻഫിൽട്രേഷൻ ഗാലറിയുടെ തകർച്ചയ്ക്ക് കാരണമായി. അമിതമായ കലക്കൽമൂലം ഫിൽറ്റർ ബെഡുകൾ തകരുകയും ഫിൽട്രേഷൻ നിരക്കിൽ കുറവ് വന്നതുമൂലം ജലവിതരണത്തിൽ കുറവുണ്ടാകുകയും ചെയ്തു. ജലാഗമന പൈപ്പുകളും ജലാഗമന പ്രദേശത്തെ ഗാലറികളും ഒലിച്ചുപോവുകയും ജലാഗമന കിണറുകളും ഗാർഹിക കണക്ഷൻ പോയിന്റുകളിൽ ഭൂതല ജലസംഭരണികളും ചെളി കൊണ്ട് മൂടുകയും ചെയ്തു. വൈദ്യുത സബ് സ്റ്റേഷനുകളിൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള വൈദ്യുത സംവിധാനങ്ങൾ വെള്ളം കയറി നശിച്ച് ജല വിതരണ പദ്ധതികളുടെ പ്രവർത്തനം അനിശ്ചിത കാലത്തേയ്ക്ക് നിലയ്ക്കുകയും വൈദ്യുത മോട്ടോറുകൾ, സ്വിച്ച് ഗിയറുകൾ/സ്റ്റാർട്ടറുകൾ എന്നിവ പ്രവർത്തനരഹിതമായതിന്റെ ഭാഗമായി പമ്പിംഗ് തടസ്സപ്പെടുകയും ചെയ്തു. വെള്ളമിറങ്ങിക്കഴിഞ്ഞിട്ടും ഇവ പ്രവർത്തനക്ഷമ മായതുമില്ല. പമ്പിംഗ്, ജലമെത്തിക്കൽ, ജലവിതരണം എന്നിവയുടെ പൈപ്പ് ലൈനുകൾ മണ്ണിനടിയിലല്ലാത്ത സ്ഥലങ്ങളിൽ ഒലിച്ചുപോവുകയും ഏകദേശം 20000 ഗാർഹിക കണക്ഷനുകൾ ഭാഗികമായോ പൂർണ്ണമായോ നശിക്കുകയും ചെയ്തു. ശുദ്ധീകരണശാലകൾകൂടി ഉൾപ്പെടുന്ന 122 പ്രധാന പദ്ധതികൾക്കുണ്ടായ തകരാറു നിമിത്തം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉത്പാദനം തടസ്സപ്പെട്ടു.

കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളെ കൂടാതെ 39 മുനിസിപ്പാലിറ്റികളിലും 346 പഞ്ചായത്തുകളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചു. പാലക്കാട് മുനിസിപ്പാലിറ്റിയിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കുമുള്ള ജലവിതരണ പദ്ധതിയിലെ പത്ത് പൈപ്പുകൾ കൽപ്പാത്തിപ്പുഴയിലെ

വൻകുത്തൊഴുക്കുമൂലം ഒഴുകിപ്പോവുകയും പാലക്കാട് മുനിസിപ്പാലിറ്റിയുടെ മൂന്നിൽരണ്ട് പ്രദേശങ്ങളിലും രണ്ട് പഞ്ചായത്തുകളിലും ജലവിതരണം തടസ്സപ്പെടുകയും ചെയ്തു. പത്തനംതിട്ടയിലെ മിക്ക പദ്ധതികൾക്കും നാശം നേരിട്ടു. വെള്ളത്തിനടിയിലായ ശബരിമല ജല ശുദ്ധീകരണപദ്ധതിക്ക് വൻകേടുപാടുകളുണ്ടായി. കുട്ടനാട്ടിൽ പ്രതിദിനം 14 ദശലക്ഷം ലിറ്റർ വിതരണം ചെയ്യുന്ന ജലശുദ്ധീകരണ ശാലയുടെ പ്രവർത്തനം നിർത്തേണ്ടിവന്നു. പഴശ്ശി ഡാമിനെ ആശ്രയിക്കുന്ന ജലവിതരണ പദ്ധതികളുടെ പ്രവർത്തനം കലക്കൽ കാരണം മൂന്നു ദിവസത്തേയ്ക്ക് നിർത്തിവയ്ക്കേണ്ടി വന്നതിനാൽ കണ്ണൂർ, അഞ്ചരക്കണ്ടി, ജിക്ക, പട്ടുവം പദ്ധതികളെ പ്രളയം സാരമായി ബാധിച്ചു. ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ നദീതീരത്തുള്ള പദ്ധതികളുടെ വൈദ്യുത ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് കേടുപാടുകളുണ്ടായി. ആലപ്പുഴ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഒട്ടേറെ പദ്ധതികൾ ബാധിക്കപ്പെട്ടു.

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അതിവേഗം വാട്ടർ അതോറിറ്റി തുടക്കമിട്ടു. എല്ലാത്തട്ടിലുമുള്ള ജീവനക്കാരെ ഉൾപ്പെടുത്തി സമർത്ഥവും സൂക്ഷ്മവുമായ ഏകോപിത പ്രവർത്തനങ്ങളിലൂടെ നാശനഷ്ടങ്ങൾ ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് അതിജീവിക്കാൻ കഴിഞ്ഞു. പുനരുദ്ധാരണ ജോലികൾ ഒരു കുടക്കീഴിലാക്കാനും വീണ്ടെടുക്കൽ വേഗത്തിലാക്കാനുമായി വിവിധ നടപടികൾ സ്വീകരിച്ചു. ടെക്നിക്കൽ മെമ്പറുടെ നേതൃത്വത്തിൽ ആസ്ഥാന കാര്യാലയത്തിൽ 24X7 കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ച് ജില്ലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ആശയവിനിമയം കാര്യക്ഷമമാക്കാൻ മാത്രമായി വാട്സാപ് ഗ്രൂപ്പിന് രൂപം കൊടുത്തു. പ്രളയമേഖലകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ പദ്ധതി രൂപപ്പെടുത്തുകയും തൊട്ടടുത്ത പ്രവർത്തനക്ഷമമായ പദ്ധതിയിൽ നിന്ന് ടാങ്കറുകൾ, കടത്തുവള്ളങ്ങൾ, കാനുകൾ എന്നിവ വഴി വെള്ളമെത്തിക്കുകയും ചെയ്തു. ഇക്കാലയളവിൽ 250 ലക്ഷം ലിറ്ററോളം വെള്ളമാണ് ടാങ്കറുകൾ വഴിയെത്തിച്ചത്. ഇതിൽ 95 ലക്ഷം ലിറ്റർ വെള്ളം ദുരിതാശ്വാസ ക്യാമ്പുകളിലും ബാക്കി പ്രളയബാധിത മേഖലകളിലുമാണ് വിതരണം ചെയ്തത്.

വെള്ളമിറങ്ങിത്തുടങ്ങിയ സമയംതൊട്ടു നടന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഭൂരിഭാഗം പദ്ധതികളുടെയും പ്രവർത്തനം പുനരാരംഭിച്ചു. കെ.എസ്.ഇ.ബി., കെ.എസ്.ഇ.ഐ. മറ്റ് ഏജൻസികൾ എന്നിവയുടെ സഹായവും ആലുവ ഹെഡ് വർക്സിലെ 3300 കെ.വി.എ. ട്രാൻസ്ഫോമറിന്റെ അറ്റകുറ്റപ്പണിക്ക് സൈന്യത്തിന്റെ എഞ്ചിനീയറിംഗ് ദൗത്യസംഘത്തിന്റെ (ഇ.ടി.എഫ്.) സഹായവും

ജിക്ക ജലവിതരണ പദ്ധതി, കണ്ണൂർ, മൂപ്പത്തടം, കൊച്ചി എന്നിവയുടെ ജലാഗമന ഘടകങ്ങളിലെ തടസ്സം നീക്കാനും കൊച്ചി മൂലമ്പിള്ളി അന്തർവാഹിനി പൈപ്പ് ലൈൻ അറ്റകുറ്റപ്പണിക്കും നാവികസേന സഹായവും ലഭിക്കുകയുണ്ടായി.

18-8-2018-ൽ 483 പ്രവർത്തനരഹിത പദ്ധതികളുണ്ടായിരുന്ന സ്ഥിതിയിൽ നിന്ന് ഇവയിൽ 200 പദ്ധതികൾ രണ്ടുദിവസം കൊണ്ട് പ്രവർത്തനക്ഷമമാക്കാനും ആകെ ഉല്പാദന ശേഷിയുടെ 52 ശതമാനം പ്രവർത്തനരഹിതമായ സ്ഥിതിയിൽ നിന്ന് 28 ശതമാനത്തിലേയ്ക്ക് എത്തിക്കുവാനും രണ്ടാഴ്ച കൊണ്ട് മൊത്തം ഉൽപ്പാദനത്തിന്റെ രണ്ടു ശതമാനമൊഴികെയുള്ളവ പ്രവർത്തനക്ഷമമാക്കുവാനും സാധിച്ചു.

പാലക്കാട് ജില്ലയിൽ 700mm പൈപ്പ് 60 മീറ്ററോളം ഒലിച്ചുപോയത് 48 മണിക്കൂറിനുള്ളിൽ പൂർവസ്ഥിതിയിൽ ഉറപ്പിച്ച് ജല വിതരണം നടത്തുവാൻ കഴിഞ്ഞു. ഫീൽഡ് ആഫീസർമാർ പ്രളയമേഖലകളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് കുടിവെള്ള ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തി പ്രളയ മേഖലകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനായി ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുകയും പ്രത്യേക ലാബുകൾ തുറക്കുകയും ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പ്രത്യേക ദൗത്യത്തിലൂടെ പ്രളയബാധിത പ്രദേശങ്ങളിൽ ഏകദേശം പതിനെണ്ണായിരത്തോളം കുടിവെള്ള സാമ്പിളുകൾ സൗജന്യമായി പരിശോധിച്ചു നൽകുകയും ചെയ്തു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ രാസവസ്തുക്കളുടെ ലഭ്യതയും വാട്ടർ അതോറിറ്റി ഉറപ്പുവരുത്തി. സെൻട്രൽ കൺട്രോൾ യൂണിറ്റ് വഴി പരാതികൾ സ്വീകരിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്തു. തെലങ്കാന സർക്കാർ സംഭാവന ചെയ്ത മണിക്കൂറിനുള്ളിൽ 1000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന 50 ആർ.ഒ. പ്ലാന്റുകൾ വിവിധ പ്രളയബാധിത പ്രദേശങ്ങളിൽ വിന്യസിച്ചു. ആലപ്പുഴ ജില്ലയിൽ മണിക്കൂറിൽ 6000 ലിറ്റർ ജലം നൽകിയായിരുന്നു ടാങ്കർ ലോറികളും കടത്തുവള്ളങ്ങളും ഉപയോഗിച്ചുള്ള കുടിവെള്ളവിതരണം. വിതരണപൈപ്പ് ലൈനുകൾ തകരാറിലാവുകയും കിണറുകൾ മാലിന്യം നിറയുകയും ചെയ്ത കുട്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ 1000/2000 ലിറ്റർ സംഭരണ ശേഷിയുള്ള 200 വാട്ടർ കിയോസ്കുകൾ വിതരണം ചെയ്തു. ഇവയ്ക്കാവശ്യമായ ജലവിതരണ കേന്ദ്രങ്ങൾ സജ്ജീകരിച്ചു. മണിക്കൂറിൽ 15000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ശേഷിയുള്ള അൾട്രാ ഫിൽട്രേഷൻ യൂണിറ്റ് കുട്ടനാട്ടിലെ കൈനകരി പഞ്ചായത്തിൽ സ്ഥാപിച്ചു.

ശുദ്ധജലം ശേഖരിച്ച് ഉപയോഗിക്കാനായി ഒരു കുടുംബത്തിന് രണ്ട് കാനുകളെന്ന രീതിയിൽ കുട്ടനാട് പ്രദേശത്ത് 15 ലിറ്ററിന്റെ 1.10 ലക്ഷം കാനുകൾ വിതരണം ചെയ്യാനായി ജില്ലാഭരണകൂടത്തെ ഏൽപ്പിച്ചു. 2017 വരൾച്ചാ സമയത്ത് നെയ്യാർ ഡാമിൽ നിന്ന് നഗരത്തിലേയ്ക്ക് കുടിവെള്ളം പമ്പ് ചെയ്യാനായി ഉപയോഗിച്ച, മണിക്കൂറിൽ 1200 ക്യൂബിക് മീറ്റർ ജലം പമ്പ് ചെയ്യാൻ ശേഷിയുള്ള പമ്പുകൾ കുട്ടനാട്ടിലെ കനകാശ്ശേരി പാടശേഖരത്തിലും ആർ ബ്ലോക്കിലും എത്തിച്ച് വെള്ളം വറ്റിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി. ശബരിമലയിൽ പ്രളയം കാരണം മുടങ്ങിയ ജലവിതരണം അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനായി പമ്പ-ത്രിവേണി പമ്പ് ഹൗസിൽ നിന്ന് വെള്ളം പുറത്തേയ്ക്ക് പമ്പ് ചെയ്തു കളയുകയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുകയും പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറും പ്രവർത്തന സജ്ജമാക്കുകയും മൂന്നാഴ്ചയ്ക്കകം പമ്പിംഗ് പുനരാരംഭിക്കുകയും ചെയ്തു. ശബരിമലയിൽ പൂർണ്ണ ജല സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ പ്രതിദിനം 25 ലക്ഷം ലിറ്റർ അധികജലം സംഭരിക്കാനുള്ള സംവിധാനമൊരുക്കി. അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യാനും പദ്ധതികളുടെ സുഗമപ്രവർത്തനം പുനഃസ്ഥാപിക്കാനുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഫണ്ട് അനുവദിച്ചു.

കുടിവെള്ള ലഭ്യതയുമായി ബന്ധപ്പെട്ട പത്രവാർത്തകളുടേയും മാധ്യമ റിപ്പോർട്ടുകളുടേയും നിരീക്ഷണം പി.ആർ.ഒ. നിർവ്വഹിക്കുകയും മാധ്യമങ്ങളിലൂടെ ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങളിൽ പരിഹാര നടപടികളാവുകയും ചെയ്തു. അതോറിറ്റിയുടെ വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുകയും ആവശ്യമായ ഉന്നതതല നിർദ്ദേശങ്ങളും ഉടപെടലുകളും ത്വരിതപ്പെടുത്തുകയും ചെയ്തു. പ്രാരംഭ നാശനഷ്ട അവലോകനം നടത്തുകയും നാശനഷ്ടങ്ങളുടെ വിശദമായ കണക്കുകളും വിവരങ്ങളും ക്രോഡീകരിച്ച് 'കലാമിറ്റി മെമ്മോറാണ്ടം ' സർക്കാരിനും ലോകബാങ്ക് പ്രതിനിധികൾക്കും സമർപ്പിക്കുകയും ചെയ്തു. പ്രളയബാധിത മേഖലകളിൽ ദീർഘകാല പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി നിർദ്ദേശം ആർ.കെ.ഐ.-യുടെ ഭാഗമായി സമർപ്പിച്ചിട്ടുണ്ട്. സുപ്രധാന പദ്ധതികൾ വീണ്ടെടുക്കാനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ആദ്യഘട്ടത്തിൽ ഭൂരിഭാഗം പദ്ധതികളുടേയും പ്രവർത്തനം നിലച്ചതിനാൽ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയബാധിത മേഖലകളിലും ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനായിരുന്നു പ്രാമുഖ്യം നൽകിയിരുന്നത്. ഒട്ടുമിക്ക ദുരിതാശ്വാസ ക്യാമ്പുകളും അതോറിറ്റി ഉദ്യോഗസ്ഥർ സന്ദർശിക്കുകയും കുടിവെള്ള ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുകയും ചെയ്തു.

(സി) കിണറുകൾ ശുചീകരിക്കുന്നതിനുള്ള നടപടികൾ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാവിഭാഗം പ്രളയ മേഖലകളിലെ കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ലാബുകൾ തുറക്കുകയും സൗജന്യമായി പരിശോധന നടത്തുകയും ചെയ്യതിലൂടെ ഏകദേശം 8000-ത്തോളം കുടിവെള്ള സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് നൽകുകയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു.

**ഓപ്പറേഷൻ ജന്മഭൂമി പദ്ധതി**

18(*78) ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയ്ക്ക് ദോഷകരമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം തദ്ദേശീയ വൃക്ഷങ്ങളാണ് പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിവിധ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കൃത്യമായി പരിപാലിച്ച് അവയുടെ അതിജീവന നിരക്ക് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) റോഡ് അരികത്തും പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ചതും റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതിയുടെ ശിപാർശ വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയ ശേഷം തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിക്കുനയോജ്യമായ തേക്ക്, ഈട്ടി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും കൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം വിതരണം ചെയ്യുതും നട്ടുപിടിപ്പിച്ചതുമായ വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിനും പരിപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റികൾ നിലവിലുണ്ട്. ഇതുപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് തൈ ഒന്നിന് 17 രൂപ (പതിനേഴ് രൂപ) നിരക്കിലാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ടി വൃക്ഷത്തൈകളുടെ പരിപാലനം സ്വാഭാവികമായും അവർതന്നെ ഉറപ്പാക്കിക്കൊള്ളും. തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് സർവ്വെ നടത്താറുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നുകാലികളിൽനിന്നും മറ്റും സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡ് സംരക്ഷണം നൽകുകയും കാലാകാലങ്ങളിൽ കളകൾ നീക്കം ചെയ്യുകയും പരിപാലനത്തിന് സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ഫീൽഡ് സ്റ്റാഫുകൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവ സംരക്ഷിക്കുന്നതിനായി ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ചും വിവിധ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പാക്കുന്നുണ്ട്. വൃക്ഷത്തൈകളുടെ ആവശ്യം ഓരോ വർഷവും വർദ്ധിച്ചുവരുന്നത് ബോധവൽക്കരണ പദ്ധതിയുടെ ഫലമായിട്ട് ഉണ്ടായിട്ടുള്ളതാണ്.

**മയക്കുമരുന്ന് മാഫിയക്കെതിരെ നടപടി**

19(*79) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനം ഡ്രഗ് മാഫിയകളുടെ കയ്യിൽ അകപ്പെട്ടിരിക്കുന്നു എന്ന ഭീതി ജനകമായ സ്ഥിതിവിശേഷം ഉള്ളതായി പറയപ്പെടുന്നത് ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) കഞ്ചാവ്, ഹാഷിഷ് ഓയിൽ, എൽ.എസ്.ഡി. തുടങ്ങിയവ യുവാക്കളുടെ ഇടയിലും ഐ.റ്റി. മേഖലകളിലും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെറുപ്പക്കാരെയും വിദ്യാർത്ഥികളെയും ഡ്രഗ് മാഫിയ മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും കടത്തുകാരായി ഉപയോഗിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ ഊർജ്ജിത അന്വേഷണം നടത്തുന്നതിനും ഇതിന്റെ പിന്നിലുള്ള മാഫിയ സംഘത്തെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) സംസ്ഥാന തലസ്ഥാനം ഡ്രഗ് മാഫിയകളുടെ കയ്യിൽ അകപ്പെട്ടിരിക്കുന്നുവെന്ന സ്ഥിതിവിശേഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഞ്ചാവ്, ഹാഷിഷ് ഓയിൽ, എൽ.എസ്.ഡി. തുടങ്ങിയവയുടെ പ്രായേണ കുറഞ്ഞ തോതിലുള്ള ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ആയവ യുവാക്കളുടെ ഇടയിലും ഐ.റ്റി. മേഖലകളിലും വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെറുപ്പക്കാരെയും വിദ്യാർത്ഥികളെയും ഡ്രഗ് മാഫിയ മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും കടത്തുകാരായി ഉപയോഗിക്കുന്നത് തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ചെറുപ്പക്കാരേയും വിദ്യാർത്ഥികളേയും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നതും ടിയാളുകൾക്ക് നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്കരീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

**ജലനയം**

20(*80) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തം ആവർത്തിക്കാതിരിക്കുന്നതിനായി നെതർലാൻഡ്സ് സർക്കാരിന്റെ മാതൃകയിൽ ജലനയം രൂപീകരിക്കണമെന്ന്, പ്രളയത്തെ സംബന്ധിച്ച് പഠിച്ച യു.എൻ. സംഘം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ അവർ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജലനയം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) ഉണ്ട്.

(ബി) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 2008-ൽ രൂപീകരിച്ച ഒരു ജലനയം നിലവിലുണ്ട്. എന്നാൽ കേന്ദ്ര ജലനയം 2012-ൽ പുതുക്കിയത് കണക്കിലെടുത്തും കഴിഞ്ഞ 11 വർഷങ്ങളിൽ സംസ്ഥാനത്തെ ജലവിഭവ രംഗത്ത് വന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യകതകൾ എന്നിവ പരിഗണിച്ചുകൊണ്ടും കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ ജലവിഭവ നിർവ്വഹണരംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത ജലനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ജലനയം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ ജലത്തിന്റെ ലഭ്യതയിൽ വന്നിട്ടുള്ള കുറവും ജനസംഖ്യ, ജലത്തിന്റെ ദുരുപയോഗം എന്നിവയിലുണ്ടായ ഗണ്യമായ വർദ്ധനവ് എന്നിവ കണക്കിലെടുത്തും ജലസ്രോതസ്സുകളെ സംരക്ഷിച്ച് അവയുടെ മലിനീകരണം തടഞ്ഞും ജലലഭ്യത ഉറപ്പുവരുത്തി ശുദ്ധമായ ജലം എല്ലാപേർക്കും നീതിപൂർവ്വം നൽകാമെന്നതാണ് ഈ നിർദ്ദിഷ്ട ജലനയത്തിന്റെ ഉദ്ദേശ്യം. ഇതിനായി ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു പത്തംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജലപരിപാലന രീതികളിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും 2018 ഓഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ, പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. പുതിയ നയം രൂപീകരിക്കുമ്പോൾ കേരളത്തിൽ സന്ദർശനം നടത്തിയ ഐക്യരാഷ്ട്ര സഭയുടെ UNDP സംഘവും നെതർലാന്റ്സ് സംഘവും മുന്നോട്ടുവച്ചിട്ടുള്ള River Basin Conservation and Management Authority രൂപീകരിക്കണമെന്നുമുള്ള ആവശ്യം, ഭാവിയിലെ ജലലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിലുള്ള പഠനവും പദ്ധതികളുടെ രൂപീകരണവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ Drafting Committee പരിഗണിക്കുന്നതാണ്.

## കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി

21(*81) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനം ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തലസ്ഥാന നഗരിയുടെ കുടിവെള്ള സ്രോതസ്സായ അരുവിക്കര ഡാമിന്റെ സംഭരണ ശേഷി അപര്യാപ്തമായതിനാൽ പേപ്പാറ ഡാമിൽ നിന്നുകൂടി ജലമെത്തിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഡാമുകളിൽ ദീർഘകാലമായി മണ്ണും ചെളിയും അടിഞ്ഞ് റിസർവോയറുകളുടെ സംഭരണശേഷി കുറഞ്ഞതിനാൽ ശേഷി പുനഃസ്ഥാപിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) ഉണ്ട്. എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ. താഴെപ്പറയുന്ന ഘടകങ്ങളാണ് 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത് :

1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലച്ചോർച്ച ദേശീയ ബെഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. സ്കാഡ (സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റാ അക്വിസിഷൻ) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. നിലവിലുള്ള ഉപഭോക്തൃ വാട്ടർ മീറ്ററുകൾ മാറ്റി കൂടുതൽ കാര്യക്ഷമതയുള്ള വാട്ടർ മീറ്ററുകൾ സ്ഥാപിക്കുക. ബൾക്ക് കൺസ്യൂമേഴ്സിന് ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

9. ഐ. ടി. അധിഷ്ഠിത എം.ഐ.എസ്.-ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

(ബി) ഉണ്ട്. അരുവിക്കര ഡാമിലെ ജല ലഭ്യത കുറയുന്ന ഘട്ടങ്ങളിൽ നിലവിൽ പേപ്പാറ ഡാമിൽ നിന്നും ആവശ്യമായ ജലം തുറന്നുവിട്ട് ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനരീതി നടപ്പിലാക്കിവരുന്നു. വേനൽക്കാലത്ത് പേപ്പാറ ഡാമിൽ നിന്നും ഇപ്രകാരം തുറന്നുവിടുന്ന ജലമാണ് അരുവിക്കരയിൽ ഉപയോഗിക്കുന്നത്.

(സി) ജലസേചന വകുപ്പിന് കീഴിലുള്ള കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും വേർതിരിച്ചുകിട്ടുന്ന ഘടകങ്ങളിൽ മണൽ, കളിമണ്ണ് എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുന്നതിനുമായി തയ്യാറാക്കിയ Standard Operating Procedure സർക്കാർ അംഗീകരിക്കുകയും അതിൻപ്രകാരം പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകൾ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. G.O(Ms) No. 14/19/WRD dated 14-5-2019 പ്രകാരം Standard Operating Procedure-ൽ വരുത്തിയ വ്യതിയാനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി (Empowered Committee)-യുടെ അംഗീകാരം ലഭ്യമാക്കി സംസ്ഥാനത്തെ മറ്റ് ഡാമുകളിലേയും ഡിസിൽറ്റേഷൻ മംഗലം, ചുള്ളിയാർ എന്നീ ഡാമുകൾക്കൊപ്പംതന്നെ നടത്തുവാൻ അംഗീകാരം നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ രണ്ടു ഡാമുകളാണുള്ളത് -പേപ്പാറ ഡാമും അരുവിക്കര ഡാമും. മേൽപ്പറഞ്ഞ ഡാമുകളിൽ അരുവിക്കര ഡാമിന്റെ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി മേൽപ്പറഞ്ഞ പദ്ധതികളുടെ അടിസ്ഥാനത്തിൽ അരുവിക്കര ഡാമിലെ മണലും ചെളിയും നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

22(*82) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് പ്രാപ്തമായ രീതിയിൽ അവയെ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആനുകൂല്യങ്ങൾ കുടിശ്ശികയാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണം സാധ്യമാക്കുന്നതിന് ഗ്രാന്റ് നൽകിയിട്ടുണ്ടോ;

(ഡി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ പരിപാടിയുണ്ടോ; ഇതിനായി നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശാദായം സ്വീകരിക്കൽ, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 1-6-2016 മുതൽ 1,000 രൂപയായും 1-4-2017 മുതൽ 1,100 രൂപയായും 1-4-2019 മുതൽ 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ആനുകൂല്യങ്ങൾ കുടിശ്ശികയാക്കിയ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യ വിതരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റ് ഇനത്തിൽ 130,00,00,000 രൂപ (നൂറ്റിമുപ്പത് കോടി രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി**

23(*83) ശ്രീ. കെ. ദാസൻ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ തൊഴിലാളി സൗഹൃദ സംരംഭക സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി പുതിയ തൊഴിൽ നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും അവയിൽ ഏതെല്ലാം മേഖലകളിലാണ് ഈ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന തൊഴിലാളികളെ തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ & ബി) കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും അതിൻപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക തുടങ്ങിയവ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തികഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നിവയിലൂടെ സമസ്ത മേഖലയിലേയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നിവയും സംസ്ഥാന തൊഴിൽ നയത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. തൊഴിൽ നയത്തിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) സംസ്ഥാനത്ത് ആകെ 84 തൊഴിൽ മേഖലകളെ മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 80 തൊഴിൽ മേഖലകളിൽ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 26 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) ഒരു വ്യക്തിയുടെ അർപ്പണ മനോഭാവം, സാമൂഹ്യപ്രതിബദ്ധത, നൈപുണ്യ വികാസം എന്നിവയെല്ലാം ഉദ്ദീപിപ്പിക്കുവാൻ ഉതകുന്നവിധത്തിൽ വിവിധ തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികളെ കണ്ടെത്തുവാനും അവർക്ക് ഉചിതമായ അംഗീകാരം നൽകുന്നതിനുംവേണ്ടി ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന ബഹുമതിക്ക് 'ശ്രേഷ്ഠ തൊഴിലാളി പുരസ്കാരം' എന്ന് നാമകരണം ചെയ്തിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന തൊഴിലാളികൾക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകുന്നതാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം

24(*84) ശ്രീ. എം. സ്വരാജ് :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ സമയത്തുപോലും കടുവയുടെയും കാട്ടാനയുടെയും ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മനുഷ്യവാസമേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വനത്തിനുള്ളിൽ മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആനത്താര പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വനത്തിനുള്ളിൽ വസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ സ്വമേധയാ മാറി താമസിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചാൽ അവരെ സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കുമോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനംവകുപ്പ് താഴെപ്പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം, സംസ്ഥാനത്ത് 2017-18 വരെ ഉദ്ദേശം 2100 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 618 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 177 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) സംരക്ഷിത വന പ്രദേശങ്ങളിൽ മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി കേന്ദ്ര ധനസഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടെയും പെരിയാർ ഉൾപ്പെടെ 6 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇതുകൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ

സ്കീമും നടപ്പിലാക്കുന്നു. സ്വാഭാവിക വനങ്ങളുടെ പരിചരണം, വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയുടെ പുഷ്ടീകരണം, വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കൽ, സ്വാഭാവിക വനങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയവ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. മറ്റ് വനപ്രദേശങ്ങൾ സംസ്ഥാനത്തിന്റെ വിവിധ പദ്ധതി-പദ്ധതിയിതര വിഹിതങ്ങളിൽ ഉൾപ്പെടുത്തി വന്യജീവി പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഇവ കൂടാതെ, കേരളത്തിൽ കാലങ്ങളായി പലവിധ കാരണങ്ങൾ കൊണ്ട് അംഗസംഖ്യ കുറഞ്ഞുവരുന്നതും അന്യം നിന്നുപോകൽ ഭീഷണി നേരിടുന്നതുമായ വരയാടുകളുടെയും വയനാട്ടിൽ കണ്ടുവരുന്ന വൾച്ചർ (കഴുകൻ) എന്നിവയുടെ സംരക്ഷണത്തിനായി റിക്കവറി പ്രോഗ്രാം ഓഫ് നീലഗിരി താർ, റിക്കവറി പ്രോഗ്രാം ഓഫ് വൾച്ചർ ഇൻ വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് ആനത്താര പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വന്യജീവികളുടെ പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി ഭിന്നിച്ചുപോയ വനഭാഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് വന്യജീവി ഇടനാഴികൾ സൃഷ്ടിക്കുന്നതിനായി " ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ" എന്ന പേരിൽ ഒരു പദ്ധതി 25.01.2019-ലെ ഗവർണേഴ്സ് അഡ്രസ്സിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "റൈറ്റ് ഓഫ് പാസ്സേജ് - എലിഫന്റ് കോറിഡോഴ്സ് ഓഫ് ഇന്ത്യ" എന്ന പുസ്തകത്തിൽ കേരളത്തിൽ 7 ആനത്താരകൾ ഉള്ളതായി പ്രതിപാദിച്ചിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം, തിരുനെല്ലി-കുദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് ഈ ആനത്താരകൾ. ഇതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താരയ്ക്കുവേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ 4 ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിവരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല.

(ഡി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നുവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽനിന്നും സ്വയം സന്നദ്ധരായി മുന്നോട്ടുവരുന്ന കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിന് പദ്ധതി

25(*85) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് വേണ്ടെന്ന് വച്ചിട്ടുണ്ടോ; പ്രസ്തുത ഇളവ് നൽകിയത് ഹാരിസൺ മുതലായ വൻകിട തോട്ടം മുതലാളിമാരെ സഹായിക്കുവാൻ വേണ്ടിയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഈ ഇളവുമൂലം പ്രസ്തുത കമ്പനിയ്ക്ക് ലാഭമുണ്ടായതായി അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവർക്ക് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ എന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഇളവ് നൽകിയത് ഹാരിസൺ മുതലായ വൻകിട തോട്ടം മുതലാളിമാരെ സഹായിക്കുവാൻ വേണ്ടിയായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

## കള്ള് ചെത്ത് വ്യവസായം

26(*86) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള്ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിക്കുവാൻ ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കള്ള്ചെത്ത് വ്യവസായത്തിന്റെ അടിസ്ഥാന വികസനം ലക്ഷ്യമാക്കി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വ്യാജക്കള്ളിന്റെ ഉല്പാദനം കള്ള്ചെത്ത് വ്യവസായത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ചിറ്റൂർ മേഖലയിൽ വ്യാജക്കള്ള് നിർമ്മിക്കുന്നതിനായി കൊണ്ടുവന്ന സ്പിരിറ്റ് പിടിച്ചെടുത്ത സംഭവം ഈ വാദം ശരിയെന്ന് തെളിയിക്കുന്നതല്ലേയെന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകളിൽ ശുദ്ധമായ കള്ള് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) 2017-18-ലെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ച ടോഡി ബോർഡിന്റെ രൂപീകരണത്തിനുള്ള നടപടികൾ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി വിളിച്ചുചേർത്തിട്ടുണ്ട്.

(ബി) കള്ള് ചെത്ത് വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും ടി വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനും ടി കള്ള് ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാർ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്. ടോഡി ബോർഡ് രൂപീകരിക്കുന്നതിലൂടെ ഈ വ്യവസായ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) കണ്ടെത്തിയിട്ടില്ല. പാലക്കാട് ജില്ലയിൽ പിടികൂടിയ സ്പിരിറ്റ് ചിറ്റൂർ മേഖലയിൽ വ്യാജക്കള്ള് നിർമ്മിക്കാൻ കൊണ്ടുവന്നതാണെന്നുള്ളതിന് വ്യക്തമായ തെളിവുകൾ യാതൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകളിൽ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനുള്ള തീരുമാനം അബ്കാരി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ലഹരിവിമുക്ത കേരളം**

27(*87) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ ആവിഷ്ക്കരിച്ച് വരുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ലഹരിയുടെ ഉപയോഗവും വില്പനയും തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വ്യാജമദ്യ വില്പന നടത്തുന്നവർക്കും അനധികൃത ലഹരി വിതരണക്കാർക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) ഏതെല്ലാം ജില്ലകളിലാണ് പുതുതായി എക്സൈസ് ടവറുകൾ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ ' വിമുക്തി' രൂപീകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടത്തിവരുന്നു.

"വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലുമായി 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തനം നടത്തുകയും ചെയ്തുവരുന്നു.

വിദ്യാലയങ്ങളും കലാലയങ്ങളും കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി. എന്നിവരുടെ നേതൃത്വത്തിലും സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മറ്റ് സ്പോർട്ട്സ് അസോസിയേഷനുകളുമായി സഹകരിച്ച് വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം നൽകുന്നതിന് കായിക മത്സരങ്ങളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകൾ ലഹരിവിമുക്തമാക്കുന്നതിനുവേണ്ടി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.

എക്സൈസ് റേഞ്ച് ഓഫീസുകളിലും പൊതുജനങ്ങൾക്ക് പരാതി അറിയിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിച്ച് ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ വഴി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിമുക്തി മിഷന്റെ പ്രചരണാർത്ഥം നവ മാധ്യമമായ ഫേസ് ബുക്കിൽ പേജും, വാട്ട്സ് ആപ്പിൽ ഗ്രൂപ്പുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൈപ്പുസ്തകങ്ങളും ലഘുലേഖകളും വിമുക്തി മിഷന്റെ ഭാഗമായി തയ്യാറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു.

കൂടാതെ വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയുമായി സഹകരിച്ച് ജില്ലകളിൽ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഉത്തരമേഖലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിക്കുകയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 141 സ്കൂട്ടറുകൾ വാങ്ങുകയും ചെയ്തു. ക്രൈം രജിസ്ട്രേഷൻ ഓൺലൈനാക്കുകയും പാലക്കാട്, എറണാകുളം ജില്ലകളിൽ വയർലസ് സംവിധാനം സ്ഥാപിക്കുന്നതിന് ലൈസൻസ് ലഭ്യമാക്കുകയും ചെയ്തു.

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും കമ്പ്യൂട്ടർവൽക്കരണം സാധ്യമാക്കുകയും എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. മയക്കമരുന്ന് കേസുകൾ വേഗം കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പ് എൻ.സി.ബി.-യുമായി ചേർന്ന് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തുവരുന്നു.

(സി) വ്യാജമദ്യ വിൽപ്പന നടത്തുന്നവർക്കെതിരെ അബ്കാരി നിയമം പ്രകാരവും മയക്കമരുന്നു കേസുമായി ബന്ധപ്പെട്ടവർക്കെതിരെ എൻ.ഡി.പി.എസ്. നിയമം പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോട്ടയം എക്സൈസ് ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ എക്സൈസ് ടവറിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന**

28(*88) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനത്തെത്തുടർന്നുണ്ടാകുന്ന കൊലപാതകങ്ങളും മറ്റ് ക്രിമിനൽ കുറ്റങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപന എത്രത്തോളം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈ ഔട്ട്‌ലെറ്റുകളിലെ വിൽപനയിൽ വ്യാപകമായി അഴിമതി നടക്കുന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) മദ്യവിൽപനയിലെ അഴിമതി പരിശോധിക്കുന്നതിനും തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) മദ്യഉപയോഗത്തെ തുടർന്ന് കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരിവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന മദ്യനയമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ആയതിനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി " യുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2019 ഏപ്രിൽ വരെയുള്ള കാലയളവിലെ മദ്യവില്പന (മുൻ സർക്കാർ അധികാരത്തിലിരുന്ന 2013 സെപ്റ്റംബർ മുതൽ 2016 ജൂൺ വരെയുള്ള 34 മാസക്കാലയളവിലെ) മുൻ വർഷങ്ങളിലെ മദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ (ഐ.എം.എഫ്.എൽ.) വില്പനയിൽ 20.46 ലക്ഷം കെയ്സുകളുടെ കുറവും (616.29-595.83), ബിയർ വില്പനയിൽ 3.37 ലക്ഷം കെയ്സുകളുടെ കുറവും (359.25-355.83) ഉണ്ടായിട്ടുള്ളതായി കാണുന്നു. കെ.എസ്.ബി.സി. മുഖേന വില്പന നടത്തിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.-1 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് നാളിതുവരെയായി ലഭിച്ചിട്ടില്ല.

(ഡി) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വിഭാഗമാണ് കെ.എസ്.ബി.സി.-ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡി.-ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സി.-യുടെ എല്ലാ പ്രവൃത്തിക്രമങ്ങളും നയങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 എണ്ണം പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്റ്റോക്കിലും വില്പന തുകയിലും ഏകദേശം 5.56 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും ടി കാലയളവിൽ ബാദ്ധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും 2.94 കോടി രൂപ തിരിച്ചുപിടിച്ചിട്ടുമുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽ നിന്നും അധികതുക ഈടാക്കുന്നതായി കണ്ടെത്തുകയും 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു പുറമെ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ബി.സി.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും ആഡിറ്റ് ടീം അംഗങ്ങളും ഷോപ്പ് ജീവനക്കാരും തമ്മിലുള്ള അവിഹിത കൂട്ടുകെട്ട് ഇല്ലാതാക്കുന്നതിനുംവേണ്ടി ഡെപ്യൂട്ടേഷൻ മുഖേന ഓഡിറ്റ്/പരിശോധനയിൽ പരിചയമുള്ള വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കുടുംബസഹായ പദ്ധതി**

29(*89) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പി. കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ 2016-17-ൽ ആവിഷ്കരിച്ച പദ്ധതിയാണ് പി. കെ. കാളൻ കുടുംബ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കുടുംബ സർവ്വേ നടത്തി കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്.

മൈക്രോ പ്ലാൻ തയ്യാറാക്കുന്നതും നിർവ്വഹണ മേൽനോട്ടം നടത്തുന്നതും കുടുംബശ്രീ സംസ്ഥാന മിഷനാണ്. ആദ്യഘട്ടമെന്ന നിലയിൽ കുടുംബശ്രീ സംസ്ഥാന മിഷൻ ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, മണ്ണൻചേരി, ആര്യാട് ഗ്രാമപഞ്ചായത്തുകളിലും ആലപ്പുഴ നഗര സഭകളിലുമായി ചിതറിക്കിടക്കുന്ന ഉള്ളാടർ വിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 149 കുടുംബങ്ങൾക്കായി മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത മൈക്രോ പ്ലാനുകൾ സർക്കാർ പരിശോധിച്ച് അംഗീകാരം നൽകുകയും അതിനായി 5.06 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ച് നൽകിയിരുന്നു. മൈക്രോ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തികൾ ആലപ്പുഴ ജില്ലയിൽ പുരോഗമിക്കുകയാണ്.

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ ഇരുള, മുഡുക, പണിയ, മലയരയ എന്നീ സമുദായത്തിൽപ്പെട്ട 74 കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ തയ്യാറാക്കി ഭവന നിർമ്മാണം പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുകയും ഭവന നിർമ്മാണം ഒഴികെയുള്ള മറ്റ് പദ്ധതികൾക്കുള്ള തുകയായ 1.54 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷന് 2018-19 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിരുന്നു. ടി പ്രവർത്തനങ്ങൾ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പുരോഗമിക്കുകയാണ്.

(ബി) പി. കെ. കാളൻ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മലമ്പുഴ ഗ്രാമപഞ്ചായത്തിലെ 74 കുടുംബങ്ങൾക്കുള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് 1.54 കോടി രൂപ കുടുംബശ്രീ സംസ്ഥാന മിഷൻ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച മഹാപ്രളയം ഏറ്റവുമധികം ബാധിച്ച ജില്ലകളാണ് ആലപ്പുഴയും പാലക്കാടും. പ്രളയംമൂലം ആലപ്പുഴ ജില്ലയിലെയും പാലക്കാട് ജില്ലയിലെ മലമ്പുഴ പ്രദേശത്തെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും അതിനുശേഷം അവിടത്തെ പ്രവൃത്തികൾ മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുകയാണ്.

പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ അംബേദ്ക്കർ ഊരുവികസന പദ്ധതിയുടെ ഒരു ഉപഘടകമായിട്ടാണ് പി. കെ. കാളൻ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. അംബേദ്ക്കർ ഊരു വികസന പദ്ധതിയിൽ 110 കോടി രൂപ 2018-19 വർഷം ബജറ്റിൽ അനുവദിച്ച് നൽകിയെങ്കിലും പ്ലാൻകട്ടിന് ശേഷമുണ്ടായിരുന്ന തുക ടി പദ്ധതിയിലെ എല്ലാ ഘടകങ്ങൾക്കുമായി പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

## പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഭൂമി

30(*90) ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. വി. അൻവർ :

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രവർത്തനം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വനാവകാശ നിയമപ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നും അർഹരായ എല്ലാ അപേക്ഷകർക്കും ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും അറിയിക്കാമോ;

(സി) 2005-നു ശേഷം വനത്തിൽ കുടിൽ കെട്ടി താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാരെ ഒഴിപ്പിക്കണമെന്ന സുപ്രീംകോടതി ഉത്തരവിനെതിരെ സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉചിതമായ നിയമഭേദഗതിക്ക് കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) പട്ടികവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കുന്നതിനായി സർക്കാർ 3 തരത്തിലുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഭൂമി വാങ്ങി നൽകൽ പദ്ധതി, നിക്ഷിപ്തവന ഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 10943 ഭൂരഹിത പട്ടികവർഗ്ഗക്കാരാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. ഭൂമി വാങ്ങി നൽകുന്ന പദ്ധതി

3-3-2018-ലെ. സ. ഉ. (എംഎസ്.)21/2018/പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ജില്ലാകളക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന ഭൂമി 2 തലങ്ങളിലുള്ള ഫീൽഡ് പരിശോധനയ്ക്കുശേഷം വില നിർണ്ണയം നടത്തി ഭൂമി വാങ്ങി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

ടി പദ്ധതിക്കായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലും 690 ഭൂഉടമകളിൽ നിന്നായി 1677 ഏക്കർ ഭൂമിയുടെ ഓഫർ ലഭിച്ചിട്ടുണ്ട്. 2018-19 വർഷം വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ബാധിതരായ 147 പേർക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു.

ജില്ലാതലത്തിൽ വിൽപ്പനയ്ക്ക് ലഭിച്ച ഭൂമി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

2. <u>വനാവകാശ നിയമം</u>

വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13-ന് കൈവശമുള്ള ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. ആയതിൻ പ്രകാരം 42789 അപേക്ഷകൾ ലഭിച്ചതിൽ 26465 അപേക്ഷകൾ ഡി.എൽ.സി. പാസ്സാക്കി നൽകിയിട്ടുണ്ട്. 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഡി.എൽ.സി. പാസ്സാക്കിയിട്ടും കൈവശാവകാശരേഖ വിതരണം ചെയ്യുവാൻ 640 അപേക്ഷകളുണ്ട്. നിലവിൽ 5517 അപേക്ഷകർ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. അവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. <u>നിക്ഷിപ്ത വനഭൂമി വിതരണം</u>

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 4789 ഏക്കർ ഭൂമി 3616 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിതരണം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിമാരുടേയും നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ചുചേർത്ത് ഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 1326 ഏക്കർ ഭൂമി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13-ന് കൈവശമുള്ള ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. അതിൻപ്രകാരം നിലവിൽ 5517 അപേക്ഷകർ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. ആയവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 719 പേർക്ക് 1492 ഏക്കർ ഭൂമിക്കുള്ള കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. 2016-17-ൽ 136 കൈവശരേഖകളും (705 ഏക്കർ), 2017-18-ൽ 62 കൈവശരേഖകളും (51 ഏക്കർ), 2018-19-ൽ 385 കൈവശരേഖകളും (736 ഏക്കർ) വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. *

പരിഗണനയിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കണമെന്നും ഡി.എൽ.സി. നിരസിച്ച അപേക്ഷകൾ അടിയന്തരമായി പുനഃപരിശോധിച്ച് തെറ്റായി നിരസിച്ച അപേക്ഷകളുണ്ടെങ്കിൽ ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ/പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

2016-17-നുശേഷം 7005 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയവ അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇടക്കാല ഉത്തരവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ സംസ്ഥാനത്ത് ജില്ലാതല സമിതി നിരസിച്ച 894 അപേക്ഷകരിൽ അനർഹർ വനഭൂമിയിൽ താമസിക്കുന്നുണ്ടെങ്കിലും അവരെ ഒഴിപ്പിച്ച് വിശദവിവരം സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്നും 894 അപേക്ഷകളുടെ വിശദവിവരം ശേഖരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

പട്ടിക ഗോത്രവർഗ്ഗക്കാരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി ഇക്കാര്യത്തിലുള്ള വിശദമായ അഫിഡവിറ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകുന്നതാണ്. ഈ കേസിലെ സുപ്രീം കോടതിയുടെ അന്തിമവിധിന്യായം വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയ നാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ പുനർനിർമ്മാണം

1(776) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ നാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനും പുനർനിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും അടിസ്ഥാന സൗകര്യങ്ങളുടെ പുനഃനിർമ്മാണം ആവശ്യമുള്ളതുമായ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 90 കോളനികളെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്നതിലുണ്ടായ കാലതാമസംമൂലവും ലോക്സഭാ ഇലക്ഷന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാലും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

### ആദിവാസി മേഖലകളിലെ പഠനനിലവാരം

2(777) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കോതമംഗലം നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോതമംഗലം നിയോജകമണ്ഡലത്തിലെ എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആദിവാസി കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി)

1. കോതമംഗലം നിയോജകമണ്ഡലത്തിലെ ഇളംബ്ലാശ്ശേരി, പിണവൂർക്കുടി, വെള്ളാരംകുത്ത് എന്നീ കോളനികളിൽ 2018 മാർച്ചിൽ സാമൂഹ്യ പഠനമുറി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

2. 2016, 2017, 2018 വർഷങ്ങളിലായി കോതമംഗലം നിയോജക മണ്ഡലത്തിലെ 16 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

3. സാക്ഷരതാ മിഷന്റെ ഭാഗമായി സമഗ്ര പദ്ധതിയിലൂടെ 2018-19 വർഷം കോതമംഗലം നിയോജകമണ്ഡലത്തിലെ 240 പേർ രജിസ്റ്റർ ചെയ്യുകയും 125 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം ടി പദ്ധതിയിൽ 226 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന നാല് പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ പരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

5. കോർപ്പസ് ഫണ്ട്, പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നിവയിലുൾപ്പെടുത്തി 2017-18, 2018-19 വർഷങ്ങളിൽ പിണവൂർക്കുടി ഹൈസ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സമഗ്ര വിദ്യാഭ്യാസ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

6. ജില്ലയിലെ 4 പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 2016-17-ൽ 18,12,522 രൂപയും 2017-18-ൽ 4,35,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) വിവിധ പദ്ധതികളിലായി ആകെ 958 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 17 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി.-ക്കും പ്ലസ്ടുവിനും പഠിക്കുന്ന കുട്ടികളിൽ ഓരോന്നിലും കുട്ടികൾക്ക് വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് അടക്കം നേടി മികച്ച വിജയം നേടാൻ കർമ്മ പരിപാടി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പദ്ധതികൾ

3(778) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷത്തിൽ ചേലക്കര നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പദ്ധതികളിൽ, പട്ടികജാതി വികസനവകുപ്പിന്റെ കോർപ്പസ്സ് ഫണ്ട് വിഹിതത്തിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 6 പഞ്ചായത്തുകളിലും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിപ്രദേശത്തെ 3 ഗ്രാമപഞ്ചായത്തുകളിലും ആയി 2018-19-ൽ എത്ര പദ്ധതികൾ അനുവദിച്ചിരുന്നു;

(ബി) ഈ പദ്ധതികളുടെ ഓരോന്നിന്റെയും പേരുവിവരവും അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിർമ്മാണ-നിർവ്വഹണപുരോഗതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) 4 പദ്ധതികൾ അനുവദിച്ചിരുന്നു.

(ബി)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | പഞ്ചായത്ത് |
|---|---|---|---|
| 1 | പുറശ്ശേരി കോളനി സംരക്ഷണ ഭിത്തി, കാന നിർമ്മാണം | 24,50,000 | വരവൂർ |
| 2 | തെക്കുമുറി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം | 10,54,000 | വരവൂർ |
| 3 | പഴയന്നൂർ പുഞ്ചപ്പാടം കോളനി ഭൂസംരക്ഷണം | 10,00,000 | പഴയന്നൂർ |
| 4 | കുമ്പളക്കോട് കാക്കരകുന്ന് കോളനി ഭൂസംരക്ഷണം, റോഡ് നിർമ്മാണം | 25,00,000 | പഴയന്നൂർ |

(സി) പദ്ധതികൾ ആരംഭിച്ചിട്ടില്ല.

## കോതമംഗലം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം

4(779) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോതമംഗലം മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇനിയും പട്ടയം ലഭ്യമാക്കാനുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വേഗത്തിൽ പട്ടയം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 10 കുടുംബങ്ങൾക്ക് 10 സെന്റ് വീതം ഭൂമിക്ക് പട്ടയവും കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര കോളനിയിൽ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ വീതം ഭൂമിക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖയും നൽകിയിട്ടുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിൽ 16 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമിയും പട്ടയവും അനുവദിക്കേണ്ടതുണ്ട്. കുട്ടമ്പുഴ പഞ്ചായത്തിലെ ഏകദേശം 120 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖയും നൽകുവാനുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി വിനിയോഗം

5(780) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന് സംസ്ഥാനസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തികവർഷം പട്ടികജാതിപട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികൾക്കായി 20% പദ്ധതി വെട്ടിക്കുറവിനുശേഷം 1194.86 കോടി രൂപ അനുവദിച്ചിരുന്നു. ആയതിന്റെ 93% ആയ 1115.93 കോടി രൂപ ചെലവഴിച്ചു.

2018-19 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതി വെട്ടിക്കുറവിനുശേഷം 470.63 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ചെലവഴിച്ചു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പട്ടികജാതി വികസന വകുപ്പിന് 319.98 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ PMAGY പദ്ധതിക്കായി 10.40 ലക്ഷം രൂപയും എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതിക്കായി 11.37 കോടി രൂപയും മാത്രമാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായത്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 259.53 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് (50%, 75%, 100%) 8230.02 ലക്ഷം രൂപ വകയിരുത്തിയതിൽ കേന്ദ്ര റിലീസ് അനുസരിച്ച് 4680.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിലെ അടിസ്ഥാന സൗകര്യ വികസനം

6(781) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വനാവകാശനിയമപ്രകാരം എത്ര ഏക്കർ ഭൂമിയാണ് വനം വകുപ്പ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ മറ്റ് അടിസ്ഥാനസൗകര്യങ്ങളൊന്നും ഇതുവരെ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് വനഭൂമി ലഭിച്ചിട്ടും കെട്ടിടം നിർമ്മിക്കാൻ കഴിയാതിരുന്നതെന്നും കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഒൻപത് കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണമെന്തെന്നും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിന് വനം വകുപ്പിൽ നിന്നും 1.23 ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. ടി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) അട്ടത്തോട് ട്രൈബൽ സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ടി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 9,37,89,504 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ടി എസ്റ്റിമേറ്റ് പൂൾഡ് ഫണ്ടിൽപ്പെടുത്തി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കായി സമർപ്പിച്ചിരുന്നു. ടി സ്കൂൾ സർക്കാർ സ്കൂൾ ആയതിനാൽ നിർമ്മാണ പ്രവൃത്തികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ./എം.പി. എന്നിവ മാനദണ്ഡപ്രകാരം ഏകോപിപ്പിച്ച് തുക കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം തുടർനടപടികൾ സ്വീകരിക്കുന്നതിനായി റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തരം പത്തനംതിട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പാണ്.

## ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ

7(782) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ എന്നിവയുടെ വർദ്ധനവിനും വിതരണത്തിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഇനങ്ങളിൽ വരുത്തിയ വർദ്ധനവിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പുകൾ എന്നിവയിൽ നിലവിൽ കുടിശ്ശികയുണ്ടോയെന്നും, വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം 25-6-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 43/2016/പ.ജ.പ.വ.വി.വ. പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് 23-7-2016-ലെ സ. ഉ. (പി)നമ്പർ 4/2016/ പജപവവിവ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10-ലേയ്ക്ക് ക്രമപ്പെടുത്തിയും ഉത്തരവായിരുന്നു. ടി വർദ്ധിപ്പിച്ച നിരക്കിൽ നിന്നും 20% കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എല്ലാ ആനുകൂല്യങ്ങളും ഫലപ്രദമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് സോഫ്റ്റ്വെയർ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ക്ലെയിമുകൾ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു. ടിയിനത്തിൽ നിലവിൽ കുടിശ്ശികയില്ല.

**ഭൂമിയുടെ കൈവശാവകാശ രേഖ**

8(783) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയെന്ന് അറിയിക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

9(784) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വഴി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് വഴി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

പട്ടികവർഗ്ഗ വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ കവിളുപ്പാറ കോളനിയിലെ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിലും നവീകരണത്തിലും ഉൾപ്പെടുത്തി വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭവന നിർമ്മാണത്തിനായി 5 അപേക്ഷകളും ഭവന നവീകരണത്തിനായി 13 അപേക്ഷകളുമാണ് ലഭിച്ചിട്ടുള്ളത്. 1.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എസ്റ്റിമേറ്റുകൾ സ.ഉ. (കൈ.) നമ്പർ 18/18/ഡി.എം.ഡി. എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനും അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നിലവിലുള്ള ധനസഹായ നിരക്കായ 1.5 ലക്ഷം രൂപയിൽ നിജപ്പെടുത്തി അനുവദിക്കുന്നതിനും ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* പട്ടികവർഗ്ഗ വകുപ്പ് വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കിയതുമായ പ്രവൃത്തികൾ ഒന്നുമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതികൾ

10(785) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ എഴുതിത്തള്ളുന്നതിനും 30-3-2015-ലെ സ. ഉ. (പി) നമ്പർ 24/2015/ പ.ജ.പ.വ.വി.വ.നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014-വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ സ. ഉ. (പി) നമ്പർ 71/2015/പ.ജ.പ.വ.വി.വ. തീയതി 1-10-2015 പ്രകാരം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഉത്തരവ് (പി) നമ്പർ 118/2016/ധന. തീയതി 20-8-2016 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്.

## പട്ടികജാതി വകുപ്പ് വഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ

11(786) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മുഖ്യമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ് കോയ ആരംഭിച്ച മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി നൽകിയിരുന്ന കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പ് സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷമായി നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ;

(ബി) പട്ടികജാതി വകുപ്പ് വഴി വിതരണം നടത്തുന്ന സ്കോളർഷിപ്പിനുവേണ്ടി പട്ടികജാതി വകുപ്പ് ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് പ്രൊപ്പോസൽ അയച്ചത്; പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) 2010 ജനുവരി മുതൽ സ്കോളർഷിപ്പ് വിതരണം ചെയ്തത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) FC/KPCR വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് മുൻ അദ്ധ്യയന വർഷങ്ങളിലും നടപ്പു (2019-20) വർഷവും 16 കോടി രൂപ വീതം ടി ഇനത്തിൽ അനുവദിച്ചിരുന്നു. 2017 ഒക്ടോബർ 15 വരെ ഡയറക്ടറേറ്റ്തലത്തിൽ കുടിശ്ശികയായിരുന്ന ആനുകൂല്യം വിതരണം ചെയ്യുവാൻ വിനിയോഗിച്ചിട്ടുണ്ട്.

(ബി) വർഷാവർഷം ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പ്രസ്തുത വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്യാൻ അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

FC/KPCR വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക തുകയും നടപ്പ് വർഷം പ്രതീക്ഷിക്കുന്ന തുകയും കൂടി ചേർത്ത് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 4-6-2019-ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

(സി) 2010 ജനുവരി മുതൽ 2019 മെയ് 31 വരെ 229613 വിദ്യാർത്ഥികൾക്കായി 157.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് മുഖേന ചെലവഴിച്ച തുക

12(787) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുപയോഗിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ചെലവഴിച്ച തുകയുടെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ചെലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന കോർപ്പസ് ഫണ്ടുപയോഗിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ 8205.22 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കോർപ്പസ് ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിൽ 5022.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിൽ ബഡ്ജറ്റ് വിഹിതമായി 5079.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 5022.23 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ശേഷിക്കുന്ന 56.77 ലക്ഷം രൂപയുടെ ബിൽ ട്രഷറി ക്യൂവിൽ ആകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം

13(788) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുമോ; തദനുസരണമായി നേരത്തെ പുലർത്തിയിരുന്ന സമീപനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെ ഒരു വിജ്ഞാനസമൂഹമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും ചികിത്സ ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) പട്ടികജാതി സങ്കേതങ്ങൾ അംബേദ്കർ ഗ്രാമങ്ങളാക്കുന്നതിലൂടെ ഏതൊക്കെ തരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാവർക്കും സ്വന്തമായി താമസസ്ഥലവും വിദ്യാഭ്യാസവും തൊഴിലും ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. തൊഴിൽ ലഭ്യമാകുന്നതിലൂടെ സ്വാശ്രയത്വം കൈവരിക്കുന്നതിനും സമഗ്ര വികസനം സൃഷ്ടിക്കുന്നതിനുമാണ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ലക്ഷ്യമിടുന്നത്. വിദേശ വിദ്യാഭ്യാസം ഉൾപ്പെടെ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ലംപ്സംഗ്രാന്റ് മുതലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും വിദ്യാഭ്യാസ മേഖലയിലും തൊഴിൽ നൈപുണ്യ വികസന പദ്ധതികളിലൂടെ മികച്ച തൊഴിൽ വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കിയുമാണ് സർക്കാർ ഈ ലക്ഷ്യത്തിലേക്ക് ചുവടുവയ്ക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങളിൽനിന്നും സ്ഥായിയായ വികസനവും സ്വയംപര്യാപ്തത ആർജ്ജിക്കലുമെന്നതാണ് മാറിയ സമീപനം.

(ബി) വകുപ്പു നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പരിപാടികൾ പട്ടികജാതി വിഭാഗത്തെ വിജ്ഞാന പ്രാപ്തിയുള്ള സമൂഹമാക്കി മാറ്റുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ വിശദവിവരങ്ങൾ പിരിവ് (സി)യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ/ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്
2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ്.
3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപാ വീതം പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്.
4. റെസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.
5. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി).

6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.
7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
8. ലാപ്ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.
9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ).
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം.
14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
15. ബുക്ക് ബാക്ക് സ്കീം.
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എഫ്.
17. പ്രീ-മെട്രിക് ഹോസ്റ്റൽ.
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ.
19. ഐ.റ്റി.ഐ.കൾ.
20. പി.ഇ.റ്റി.സി.
21. ക്രെസ്റ്റ്വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം.
22. നഴ്സറി സ്കൂൾ.
23. സിവിൽ സർവ്വീസ് പരിശീലനം.
24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.

25. മെഡിക്കൽ കോളേജ്, പാലക്കാട്.

26. പഠനമുറി.

27. വിദേശ പഠനസഹായം.

1,00,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായവർക്ക് പരമാവധി ചികിത്സാ ധനസഹായമായി 1,00,000 രൂപ വരെ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി' കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ' വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തി വരുന്നു.

ചികിത്സ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റു ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 2,000 രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ഡി) ഓരോ നിയോജകമണ്ഡലത്തിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ രണ്ട് കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ

കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ താഴെപ്പറയും പ്രകാരമുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

1. ഇന്റേണൽ റോഡ്/ഫുട് പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ കരകൗശലം മുതലായവ/വീവിംഗ് (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി)

**പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിവിഹിതം**

14(789) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിന്റെ 2018-19-ലെ പദ്ധതിവിഹിതം എത്ര കോടി രൂപയായിരുന്നു;

(ബി) ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എത്രകോടി രൂപ മാറ്റിവച്ചിരുന്നു; ഇതിൽ എത്രകോടി രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) 2019-20 വർഷത്തെ പദ്ധതിവിഹിതം എത്ര കോടി രൂപയാണ്?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം 20% പ്ലാൻകട്ടിനുശേഷം പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിരുന്ന സംസ്ഥാന പദ്ധതി വിഹിതം 1194.86 കോടി രൂപയായിരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി സംസ്ഥാന വിഹിതമായി 244.72 കോടി രൂപ വകയിരുത്തിയതിൽ 200.23 കോടി രൂപ ചെലവഴിച്ചു. ഇതിനുപുറമെ 100% കേന്ദ്രസഹായ വിദ്യാഭ്യാസ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

| പദ്ധതി | പ്രതീക്ഷിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| Post Matric Scholarship | 15000.00 | 14901.34 |
| Upgradation of Merit of SC students | 20.00 | 12.00 |
| Pre Matric Scholarship for students studying in classes 9th & 10th | 2200.00 | 2200.00 |
| Pre Matric Scholarship to the children of those engaged in unclean occupation | 50.00 | 17.27 |
| ആകെ | 17,270 | 17,130.61 |

2018-19 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമായിട്ടില്ല.

(സി) 2019-20 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിരുന്ന പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു:

വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ - 1474.21 കോടി രൂപ

പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ -113.50 കോടി രൂപ

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ - 61.29 കോടി രൂപ

| | |
|---|---|
| 100% കേന്ദ്രസഹായ പദ്ധതി (പ്രതീക്ഷിതം) | - 197.38 കോടി രൂപ |
| 50% കേന്ദ്രസഹായ പദ്ധതി (പ്രതീക്ഷിതം) | - 130.95 കോടി രൂപ |
| ആകെ | 1,977.33 കോടി രൂപ |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1,353.84 കോടി രൂപ. |

## പട്ടികജാതി പട്ടകവർഗ്ഗക്കാരുടെ ഉന്നമനം

15(790) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ബജറ്റുകളിൽ വകയിരുത്തിയ തുക എത്രയാണ്; ഇതിൽ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ വകയിരുത്തിയ തുക ചെലവഴിക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമിനത്തിലാണ് തുക വിനിയോഗിക്കാൻ സാധിക്കാതെ പോയതെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിലെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഫുഡ് സപ്പോർട്ട് പദ്ധതിക്കും തുക വകയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ബഡ്ജറ്റുകളിൽ വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(രൂപ കോടിയിൽ)

| | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | | |
| പട്ടികജാതി വികസന വകുപ്പ് മുഖേന | 1,315.50 | 1,116.19 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 406.92 | 331.44 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1,038.90 | 709.41 |

| 2017-18 | | |
|---|---|---|
| പട്ടികജാതി വികസന വകുപ്പ് മുഖേന | 1,427.60 | 1,274.40 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 4,46.50 | 287.84 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1,172.05 | 929.96 |
| 2018-19 | | |
| പട്ടികജാതി വികസന വകുപ്പ് മുഖേന (20% കുറവ് വരുത്തിയ ശേഷം) | 1,194.86 | 1,115.93 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 317.48 | 259.53 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1,289.26 | 1,057.69 |
| 2019-20 | | |
| പട്ടികജാതി വികസന വകുപ്പ് മുഖേന | 1,649.00 | 36.40 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 343.33 | 85.57 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1,353.84 | 77.32 |

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| 2016-17 | | |
|---|---|---|
| വകുപ്പ് | അനുവദിച്ച തുക | ചെലവഴിച്ച തുക |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 54,448.12 | 51,957.42 |
| പൊതുമരാമത്ത് വകുപ്പ് | 4,890.37 | 1,632.75 |
| ഗ്രാമവികസന വകുപ്പ് | 6,535.90 | 3,652.77 |
| എൻ.ആർ.എൽ.എം | 637 | 332.85 |
| കിർത്താഡ്സ് | 235.01 | 199.24 |
| തദ്ദേശസ്വയംഭരണ വകുപ്പ് | 15,600.00 | 10,974.00 |

2017-18

| | | |
|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 58,363.49 | 51,798.25 |
| പൊതുമരാമത്ത് വകുപ്പ് | 4,799.76 | 1,388.25 |
| ഗ്രാമവികസന വകുപ്പ് | 7,599.20 | 1,290.50 |
| എൻ.ആർ.എൽ.എം. | 637 | 430 |
| കിർത്താഡ്സ് | 290 | 188.40 |
| തദ്ദേശസ്വയംഭരണ വകുപ്പ് | 17,602.11 | 13,595.62 |

2018-19

| | | |
|---|---|---|
| പട്ടികവർഗ്ഗവികസന വകുപ്പ് | 470.62 (*) | 470.63 |
| പൊതുമരാമത്ത് വകുപ്പ് | 4,400 | 1,365.59 |
| ഗ്രാമവികസന വകുപ്പ് | 5,280 (**) | 652.56 |
| എൻ.ആർ.എൽ.എം. | 3,347 (***) | 900.00 |
| കിർത്താഡ്സ് | 380 | 156.84 |
| തദ്ദേശസ്വയംഭരണ വകുപ്പ് | 19,360.00 | 15,129 |

2019-20

| | | |
|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 67,570.32 | 4192.53 (31-5-2019) |
| പൊതുമരാമത്ത് വകുപ്പ് | 2,450.00 | |
| ഗ്രാമവികസന വകുപ്പ് | 6,161.00 | |
| എൻ.ആർ.എൽ.എം. | | |
| കിർത്താഡ്സ് | 1,332.68 | |
| തദ്ദേശസ്വയംഭരണ വകുപ്പ് | 20,299.00 | |

| |
|---|
| (*) 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 66,942.00 ലക്ഷം രൂപയിൽ 20% കുറവ് വരുത്തുകയും പിന്നീട് അധിക ചെലവ് ക്രമീകരിക്കുകയും ചെയ്ത പ്രകാരം |
| (**) ഗ്രാമവികസന വകുപ്പ്- 1,800 ലക്ഷം രൂപ പ്ലാൻ കട്ട്<br>(***) എൻ.ആർ.എൽ.എം.-828 ലക്ഷം രൂപ പ്ലാൻ കട്ട് |

(ബി) വീഴ്ച സംഭവിച്ചിട്ടില്ല.

(സി) വയനാട് ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്നതിനും പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനുമായി 2019-20 വർഷം 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയുൾപ്പെടെ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യസഹായം നൽകുന്നതിനായി 2019-20 വർഷം 25,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ**

16(791) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി കഴിഞ്ഞ മൂന്നുവർഷം കൊണ്ട് പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിദേശത്ത് ജോലി നേടിക്കൊടുക്കുവാൻ സാധിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പദ്ധതികൾ വകുപ്പു മുഖേന നടപ്പിലാക്കിവരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

2. പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പു വരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

3. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കിവരുന്നു.

4. പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസ് കോഴ്സ്, പട്ടികജാതി വനിതകൾക്ക് വനിതാ സെക്യൂരിറ്റി പരിശീലനം എന്നീ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

5. ജുഡീഷ്യൽ സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവ. ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തിവരുന്നു.

6. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15,000 രൂപ പ്രതിമാസം ഓണറേറിയവും 1500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

7. വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.-കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽമേളകൾ സംഘടിപ്പിച്ച് പ്ലെയിസ്മെന്റ് ലഭ്യമാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിൽ ഇപ്രകാരം പരിശീലിപ്പിക്കപ്പെട്ട 2358 പേരിൽ 1400 പേർക്ക് വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചു. ഐ.റ്റി.ഐ. പാസ്സായ 600 പേർക്ക് പ്ലെയിസ്മെന്റ് നൽകുവാനും സാധിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗവിഭാഗക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമായി ധാരാളം പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തി. 2019-20 വർഷത്തിലേയ്ക്ക് 1380 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ: 2019-ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു.

ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം : പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.ടി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ് വെയർ/സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥാപിച്ചു.

പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണശാല : അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):-

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. "അടാപ്പ്" എന്ന പേരിൽ ഒരു സ്വയം സഹായസംഘം എന്ന നിലയിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫാം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു.

കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം മുഖേന ആധുനിക തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്.

കൂടാതെ സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനങ്ങളായ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ് തുടങ്ങി തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലെയിസ്മെന്റ് നൽകിവരുന്നു.

<u>ഗോത്രജീവിക</u>

2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

(ബി) ഈ പദ്ധതികൾ വഴി ഓയിൽ ആന്റ് റിംഗ് മേഖലയിൽ 2017-18 സാമ്പത്തിക വർഷം 56 പേർക്കും 2018-19 വർഷം 32 പേർക്കും ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ 2017-18 വർഷം 30 പേർക്കും വിദേശത്ത് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് 2018-19-ൽ പരിശീലനം നൽകിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നു.

വിദേശത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള കോഴ്സുകൾകൂടി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാസഹായം**

17(792) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2016 മുതൽ 30-4-2019 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) അപ്രകാരം അനുവദിച്ച തുകയുടെ വിശദാംശം പഞ്ചായത്തുകൾ തിരിച്ച് ഗുണഭോക്താക്കളുടെ വിശദാംശം സഹിതം നൽകാമോ?

ഉത്തരം

(എ & ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 298 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 5 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പട്ടികജാതി വിഭാഗം | | | |
|---|---|---|---|
| നമ്പർ | പഞ്ചായത്ത് | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| 1. | തച്ചനാട്ടുകര | 7,17,500 | 41 |
| 2. | പൂക്കോട്ടുക്കാവ് | 4,13,000 | 17 |
| 3. | കടമ്പഴിപ്പുറം | 6,47,500 | 35 |
| 4. | കരിമ്പുഴ | 6,40,500 | 37 |
| 5. | ശ്രീകൃഷ്ണപുരം | 5,18,000 | 32 |
| 6. | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 11,40,000 | 57 |
| 7. | ലക്കിടി | 5,61,500 | 33 |
| 8. | അമ്പലപ്പാറ | 8,79,500 | 46 |
| | ആകെ | 55,17,500 | 298 |

പട്ടികവർഗ്ഗ വിഭാഗം

| പഞ്ചായത്ത് | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കരിമ്പുഴ | 8,700 | 5 |

**ആദിവാസിക്ഷേമം**

18(793) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിനായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- അംബേദ്കർ വികസന പദ്ധതി
- ഭൂമി വിതരണം
- സാമൂഹ്യപഠനമുറി
- നൈപുണ്യ വികസന പദ്ധതി
- ഗോത്രബന്ധു
- മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ
- ഗോത്രജീവിക
- തൊഴിലുറപ്പിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി
- പി. കെ. കാളൻ പദ്ധതി
- ഗോത്രവാത്സല്യ നിധി
- കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ
- സമഗ്ര സാക്ഷരത പരിപാടി
- ഗോത്രരശ്മി-ശാക്തീകരണ ബോധവത്ക്കരണം
- മില്ലറ്റ് വില്ലേജ് പദ്ധതി

ഇതിനായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പട്ടികവർഗ്ഗ വികസന വകുപ്പിന് മാത്രമായി വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 53117.72 |
| 2 | 2017-18 | 58113.04 |
| 3 | 2018-19 | 66942.00 |
| 4 | 2019-20 | 67570.32 |

## പട്ടികവിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം

19(794) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അറുപത് വർഷങ്ങളിലായി സംസ്ഥാനം ഭരിച്ച വിവിധ സർക്കാരുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ പട്ടിക വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ ഉണ്ടായിട്ടുള്ള ഉന്നമനം സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പട്ടികവിഭാഗക്കാർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിലും ജുഡീഷ്യൽ സർവ്വീസിലും പ്രവേശനം ലഭിക്കുവാൻ പ്രത്യേകപരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ;

(സി) വയനാട്ടിൽ നിന്നും ആദ്യമായി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു യുവതിയ്ക്ക് ഐ.എ.എസ്. ലഭിച്ചത് പ്രസ്തുത മേഖലയിലെ കുട്ടികളിൽ ഉണ്ടാക്കിയിട്ടുള്ള ഉണർവ് പ്രയോജനപ്പെടുത്തി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക പരിശീലനപദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിനായി സമഗ്ര സാമൂഹിക സാമ്പത്തിക സർവ്വെ പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തുകയും 2013-ൽ റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷം പുതുതായി സാമൂഹിക സാമ്പത്തിക സർവ്വെ ആരംഭിച്ചു. സർവ്വെ നടപടികൾ അവസാന ഘട്ടത്തിലാണ്.

പട്ടികജാതി വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥയെ സംബന്ധിച്ച് പഠനം നടത്തുന്നത് സർക്കാർ പരിഗണനയിലാണ്.

(ബി) പട്ടിക വിഭാഗക്കാർക്ക് ആൾ ഇന്ത്യാ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമി മുഖേന പരിശീലനം നടത്തിവരുന്നുണ്ട്. അക്കാദമി നടത്തുന്ന പ്രാഥമിക പരീക്ഷയിൽ പാസാകുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ഒരുവർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു. ഫീസിനു പുറമെ പ്രതിമാസം 6,000 രൂപ സ്റ്റൈപെൻഡും നൽകുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് ജുഡീഷ്യൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിലേയ്ക്കായി 'മുൻസിഫ് മജിസ്ട്രേറ്റ് പരീക്ഷാ പരിശീലനം' എന്ന ഒരു പത്തുമാസ കോഴ്സ് തിരുവനന്തപുരം ലോ കോളേജ് മുഖേന ഇപ്പോൾ നടത്തിവരുന്നുണ്ട്. 25 പട്ടികജാതി ഉദ്യോഗാർത്ഥികൾക്കും 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുമാണ് പരിശീലനം നൽകിവരുന്നത്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ICSETS മുഖേന പ്രവേശന പരീക്ഷവഴി തെരഞ്ഞെടുക്കുന്ന മിടുക്കരായ 30 പേർക്ക് കേരളത്തിനകത്തുള്ള അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

**ഗോത്രവാത്സല്യനിധി പദ്ധതി**

20(795) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്ന വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാത്സല്യനിധി, ഗോത്രവാത്സല്യനിധി പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തിവരുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള കുടുംബങ്ങളിലെ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC of India യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക്

വകുപ്പ് 1,38,000 രൂപ 4 തവണ വ്യവസ്ഥ അനുസരിച്ച് താഴെപ്പറയുംപ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. 1-4-2017-നുശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്തത് (0-9) | ആദ്യ ഗഡു 39,000 |
| 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000 |
| 10 വയസ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാംഗഡു 33,000 |
| 15 വയസ്സ് പൂർത്തിയായതും 10-ാം തരം പ്രവേശനം നേടിയതും | 30,000 |

പട്ടികജാതി വിഭാഗത്തിലെ ഇതുവരെയുള്ള 2832 കുട്ടികളെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഗോത്രവാത്സല്യനിധി പദ്ധതിയിൽ 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1076 പട്ടികവർഗ്ഗ പെൺകുട്ടികളെ LIC മുഖേന ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യഗഡുവായി 39,000 രൂപയും പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയാകുമ്പോൾ 2-ാം ഗഡുവായി 36,000 രൂപയും പെൺകുട്ടിക്ക് 10 വയസ്സ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിപ്പിക്കുമ്പോൾ 3-ാം ഗഡുവായി 33,000 രൂപയും പെൺകുട്ടിക്ക് 15 വയസ്സ് പൂർത്തിയാകുമ്പോൾ 4-ാം ഗഡുവായി 30,000 രൂപയും ഉൾപ്പെടെ 1,38,000 രൂപ സർക്കാർ വിഹിതമായി LIC യ്ക്ക് അടയ്ക്കുന്നുണ്ട്.

(ബി) വാൽസല്യനിധി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു: പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപയോ അതിൽ കൂടുതലോ നൽകുന്നു.

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000 |
| | അപകട മരണം | 4,00,000 |
| | അപകടംമൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000 |
| | അപകടംമൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 |
| | അപകട മരണം | 30,000 |
| കുട്ടി | സാധാരണ മരണം | 3,00,000 ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനുശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനുശേഷമാണ് ഇൻഷ്വറൻസ് കവറേജ്) |

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9, 10, 11, 12 | 1,200 രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയ്ക്കോ | 9,10,11,12 | 1,200 രൂപ ഓരോ വർഷവും |

ഗോത്രവാൽസല്യനിധി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000 രൂപയും 5 വയസ്സ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3,000 രൂപയും പെൺകുട്ടിയ്ക്ക് 10 വയസ്സ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5,000 രൂപയും 10-ാം ക്ലാസ്സ്പഠനം പൂർത്തിയാകുമ്പോൾ 10,000 രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിയ്ക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു:

1. അപകട മരണം 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.
3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.

ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.

1. അപകടംമൂലം പൂർണ്ണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.
2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ ഒരു ലക്ഷംരൂപ ലഭിക്കുന്നു.

## ആദിവാസി വിഭാഗങ്ങൾക്കുള്ള തൊഴിൽ നൈപുണ്യവികസന പരിശീലനം

21(796) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യവികസനപരിശീലനത്തിലൂടെ ആദിവാസി കുടുംബങ്ങളിലെ ഒരാൾക്ക് ജോലി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കുടുംബങ്ങളിലെ ആളുകൾക്കാണ് ആദ്യഘട്ടത്തിൽ ജോലി നൽകുന്നതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡവും വ്യക്തമാക്കുമോ; പ്രായപരിധി ബാധകമാണോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അനവധി പരിപാടികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകായെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രഖ്യാപിത ലക്ഷ്യമാണ്. 2019-20 വർഷത്തിലെ ഗവർണറുടെ നയപ്രഖ്യാപനത്തിലും ഇത് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് വരുന്നു.

## വർക്കല മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി

22(797) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിൽ പട്ടികജാതി വികസനവകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ വർക്കല നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് വിവിധ പദ്ധതികളിലായി 2876.11 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതിയുടെയും സ്വയംപര്യാപ്ത ഗ്രാമം വികസന പദ്ധതിയുടേയും നിർവ്വഹണം പുരോഗമിക്കുന്നു. കോർപ്പസ് ഫണ്ട് (2016-17) പദ്ധതിയിൽ 2 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാനുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ വാത്സല്യനിധി പദ്ധതി

23(798) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ "വാത്സല്യനിധി" യിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഈ പദ്ധതിയിൻകീഴിൽ ഇതുവരെ എത്ര പേരെ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് വിവരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 62 പേർ.

## പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

24(799) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) കൂടുതലായി ഏതെങ്കിലും പദ്ധതികൾ ഇതിലേക്കായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. ഈ സർക്കാർ അധികാരമേറ്റശേഷം 25-6-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 43/2016/പ.ജ.പ.വ.വി.വ. പ്രകാരം സംസ്ഥാനത്തെ പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ചുത്തരവായിരുന്നു. തുടർന്ന് 23-7-2016-ലെ സ. ഉ. (പി) നമ്പർ 4/2016/പജ.പവ.വി.വ. ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10-ലേയ്ക്ക് ക്രമപ്പെടുത്തി ഉത്തരവായിരുന്നു.

2. വകുപ്പ് മുഖേന നൽകിവരുന്ന ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Polytechnic, Bsc. Computer Science, MBBS, BAMS, BHMS, BVSC & AH, MBA, B.Arch, Msc Electronics, Mphil, PhD. കോഴ്സുകളെ കൂടി ഉൾപ്പെടുത്തി.

3. BTech വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ Remedial Coaching നൽകുന്ന പദ്ധതി IHRD യുടെ നിയന്ത്രണത്തിലുള്ള Model Finishing School വഴി 2017-18 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.

5. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് കണ്ടെത്തുന്നതിനായി പ്രൈമറി/സെക്കണ്ടറി എയ്ഡായി 2,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

6. വിദേശ പഠന ധനസഹയത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിക്കൊണ്ട് 25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

7. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. 11276 പഠനമുറികൾ അനുവദിച്ചു.

8. B Tech വിദ്യാർത്ഥികളുടെ കോഴ്സുകളിൽ പിന്നാക്കം നിൽക്കുന്ന പേപ്പറുകൾക്ക്/വിഷയങ്ങൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിന് ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പുമായി ചേർന്ന് പ്രത്യേക ട്യൂഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

9. ഐ.റ്റി.ഐ.-കൾ നവീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുകയും ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് പ്രഭാത, മധ്യാഹ്ന ഭക്ഷണം നൽകുകയും ചെയ്തു.

10. ക്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ എം.ആർ.എസ്.കളിലെ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗദർശന പരിപാടികൾ സംഘടിപ്പിച്ചു.

(ബി) <u>വിദ്യാഭ്യാസ മേഖലയിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ</u>

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട, ബി.ടെക്-ന് നല്ല മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന GATE score നേടുന്നതിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുന്ന പദ്ധതി.

2. ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനും പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുമായി എൻട്രൻസ് അധിഷ്ഠിത സ്പെഷ്യൽ ട്യൂഷൻ പദ്ധതി.

3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു കാർഷിക കോളേജ് പദ്ധതി പരിഗണനയിലുണ്ട്.

## പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം

25(800) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിനായി സഹായം നൽകിവരുന്നുണ്ടോ;എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിന് നൽകിവരുന്ന സ്കോളർഷിപ്പിന്റെ മാർഗ്ഗരേഖയുടെയും ബന്ധപ്പെട്ട ഉത്തരവുകളുടേയും പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച 4-10-2017-ലെയും 17-12-2018-ലെയും ഉത്തരവുകൾ ഈ സർക്കാരിന്റെ കാലത്താണ് ഇറക്കിയിട്ടുള്ളത്.

**അംബേദ്കർ സ്വാശ്രയഗ്രാമം**

26(801) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ ഭാഗമായി മങ്കട മണ്ഡലത്തിൽ തെരഞ്ഞെടുത്ത രണ്ട് കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി മങ്കടയിൽനിന്നും തെരഞ്ഞെടുത്ത ചൊവ്വാണ എസ്.സി. കോളനി, കളത്തിൽ ചാളക്കൽ കോളനി എന്നിവിടങ്ങളിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിൽ കുറുവ പഞ്ചായത്തിലെ പാങ് അമ്പലപ്പറമ്പ് കോളനിയെക്കൂടി ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽ നിന്നും ചൊവ്വാണ എസ്.സി. കോളനി, കളത്തിൽ ചാളക്കൽ കോളനി എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ടി രണ്ട് കോളനികളിലും 35 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു. ചൊവ്വാണ എസ്.സി. കോളനിയിൽ റോഡ് വർക്ക്, റീട്ടൈനിംഗ് വാൾ എന്നിവയുടെ പ്രവൃത്തികളും കളത്തിൽ ചാളയ്ക്കൽ കോളനിയിൽ കുടിവെള്ള പദ്ധതി, റീട്ടൈനിംഗ് വാൾ എന്നിവയുടെ പ്രവൃത്തികളും പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ചൊവ്വാണ എസ്.സി. കോളനി

1. Boundary walls

(a) Front Kavaddam & front colony boundary wall

(b) Boundary wall between Houses( 28 nos)

2. Internal pathway

3. Drinking water facility

a) Side protection wall to existing open well

4. Drainage facility

5. Maintenance of existing house

6. Sanitation.

കളത്തിൽ ചാളക്കൽ കോളനി

1. Drinking water facility

2. Solid waste Management

3. Solar LED street lights

4. Modernisation of common amenities

5. Internal path way

6. Boundary wall

7. Maintenance of existing houses

8. Sanitation.

(സി) എം.എൽ.എ. ശിപാർശ ചെയ്യുന്നപക്ഷം ഫീസിബിലിറ്റി പരിശോധനയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

27(802) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ അംബേദ്കർ ഗ്രാമവികസനപദ്ധതിയിൽ ഉൾപ്പെടുത്തി

ഭരണാനുമതി നൽകിയ ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പട്ടികജാതി കോളനിയിലെ പുനർനിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നെങ്കിലും മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ ചെയ്യാത്ത പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടില്ല. ടി വിവരം ഏജൻസിയേയും ജില്ലാ പട്ടികജാതി വികസന ഓഫീസറേയും അറിയിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമപദ്ധതി**

28(803) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമപദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ, പ്രസ്തുത പദ്ധതി പ്രകാരം നവീകരിക്കുന്ന പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കോട്ടാശ്ശേരി കോളനിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ; പ്രസ്തുത കോളനിയുടെ നവീകരണപ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം സംസ്ഥാനത്തുനിന്നും 273 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 200 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 163 കോളനികളിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽനിന്നും പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികൾ ചുവടെ ചേർക്കുന്നു:

1. കോട്ടാശ്ശേരി കോളനി
2. മാനീരി പട്ടികജാതി കോളനി
3. വെള്ളാമ്പുറം പട്ടികജാതി കോളനി
4. ഇല്ലിക്കോട്ടുപൊയിൽ
5. ഷാരിയിൽ കോളനി
6. വാരിയത്ത് കോളനി
7. ഏറാഞ്ചേരി കോളനി
8. ആമയൂർ ചക്കിൽങ്ങൾ കോളനി
9. നെല്ലിയാംകുന്ന് കോളനി
10. പൂളക്കുഴി
11. ചൊവ്വാണ എസ്.സി. കോളനി
12. കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി
13. പാലമുറ്റത്ത് പട്ടികജാതി കോളനി
14. വെങ്കളം പട്ടികജാതി കോളനി
15. നെല്ലിക്കാപറമ്പ്
16. കരുവാൻതടം
17. പത്തൂർ പട്ടികജാതി കോളനി
18. മീൻകുഴി നഗരിയിൽ കറി കോളനി
19. അയ്യങ്കാളി കോളനി
20. കോരങ്ങത്ത് പട്ടികജാതി കോളനി
21. പൂരപ്പുഴ
22. പള്ളിപ്പറമ്പ് പട്ടികജാതി കോളനി
23. ആഴകത്തുകുളം പട്ടികജാതി കോളനി

24. പാറ്റേക്കളം പടി കോളനി

25. തെക്കേക്കര കോളനി

26. പുല്ലന്നി

27. ഏലിയത്ത് തറ

28. കല്ലിക്കട്ട കോളനി.

(സി) കോളനിയിലെ പ്രവൃത്തികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. മൂന്ന് തവണ കോളനിയിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിരുന്നെങ്കിലും 3-ാം തവണയാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. കോളനിയിലെ നവീകരണ ചുമതല ഏറ്റെടുത്തിട്ടുള്ളത് സിഡ്കോ എന്ന ഏജൻസിയാണ്.

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി**

29(804) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ സഹായമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ചികിത്സാധനസഹായമായി അനുവദിക്കുന്ന തുക കാലതാമസം കൂടാതെ ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 63,530 പേർക്ക് 112,29,80,944 രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാസഹായമായി ആകെ 14,57,49,947 രൂപ (പതിനാല് കോടി അമ്പത്തേഴ് ലക്ഷത്തി നാൽപ്പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തേഴ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ടി ഗ്രാന്റ്സ് സൈറ്റ് മുഖേനയാണ് സമർപ്പിക്കുന്നത്. ഇപ്രകാരം ഓൺലൈനായി ലഭ്യമാകുന്ന പൂർണ്ണ രൂപത്തിലുള്ള അപേക്ഷകളിൽ സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നുണ്ട്. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ചികിത്സാധനസഹായം

30(805) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ നൽകിയ തുക പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസനവകുപ്പ് നൽകിയ തുക, പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ തുക എന്നിവ ഓരോന്നും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ പട്ടികജാതി വിഭാഗത്തിലെ 499 കുടുംബങ്ങൾക്ക് 91,58,500 രൂപയും 16723 പട്ടികവർഗ്ഗക്കാർക്ക് 4,13,66,688 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പട്ടികജാതി വിഭാഗം

| പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം | തുക |
|---|---|---|
| 1 | 2 | 3 |
| പടിഞ്ഞാറത്തറ | 50 | 1194000 |
| മേപ്പാടി | 25 | 497000 |
| വൈത്തിരി | 30 | 707000 |
| കോട്ടത്തറ | 8 | 160000 |
| മൂപ്പൈനാട് | 13 | 251000 |

| 1 | 2 | 3 |
|---|---|---|
| മുട്ടിൽ | 5 | 124000 |
| വേങ്ങപ്പള്ളി | 7 | 82000 |
| തരിയോട് | 10 | 215000 |
| പൊഴുതന | 22 | 403000 |
| കൽപ്പറ്റ മുനിസിപ്പാലിറ്റി | 26 | 505000 |
| പൂതാടി | 18 | 296500 |
| മുള്ളൻകൊല്ലി | 39 | 546000 |
| പുൽപ്പള്ളി | 40 | 687000 |
| പനമരം | 13 | 181500 |
| കണിയാമ്പറ്റ | 23 | 357000 |
| സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി | 16 | 315000 |
| മീനങ്ങാടി | 4 | 170000 |
| അമ്പലവയൽ | 11 | 190000 |
| നൂൽപ്പുഴ | 18 | 281000 |
| നെന്മേനി | 20 | 323000 |
| തവിഞ്ഞാൽ | 21 | 285500 |
| തിരുനെല്ലി | 13 | 180000 |
| തൊണ്ടർനാട് | 7 | 90000 |
| എടവക | 7 | 75000 |
| വെള്ളമുണ്ട | 31 | 648000 |
| മാനന്തവാടി മുനിസിപ്പാലിറ്റി | 22 | 395000 |
| ആകെ | 499 | 9158500 |

<u>പട്ടികവർഗ്ഗ വിഭാഗം</u>

| | |
|---|---|
| പനമരം | 2551730 |
| തിരുനെല്ലി | 3718642 |
| മാനന്തവാടി മുനിസിപ്പാലിറ്റി | 2987000 |
| തവിഞ്ഞാൽ | 2028747 |
| എടവക | 1981969 |
| വെള്ളമുണ്ട | 1713088 |
| തൊണ്ടർനാട് | 1779500 |
| സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി | 2277253 |
| നെന്മേനി | 1422511 |
| നൂൽപ്പുഴ | 2181642 |
| പൂതാടി | 1634911 |
| പുൽപ്പള്ളി | 2087238 |
| മുള്ളൻകൊല്ലി | 1151577 |
| അമ്പലവയൽ | 2316526 |
| മീനങ്ങാടി | 1925799 |
| വൈത്തിരി | 458896 |
| കൊഴുതന | 645065 |
| പടിഞ്ഞാറത്തറ | 362420 |
| തരിയോട് | 805851 |
| കോട്ടത്തറ | 1460000 |
| വേങ്ങപ്പള്ളി | 953276 |
| കണിയാമ്പറ്റ | 1915069 |
| മുട്ടിൽ | 776464 |
| കൽപ്പറ്റ മുനിസിപ്പാലിറ്റി | 847711 |
| മൂപ്പൈനാട് | 564793 |
| മേപ്പാടി | 819010 |

## തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമപദ്ധതി

31(806) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട അംബേദ്ക്കർ ഗ്രാമപദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ ;

(ബി) പുതിയതായി അനുവദിച്ച കോളനികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നിർമ്മാണപ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള തടപ്പറമ്പ് പട്ടികജാതി കോളനി, കൈയിട്ടാപൊയിൽ പട്ടികജാതി കോളനി എന്നീ കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

1. തടപ്പറമ്പ് പട്ടികജാതി കോളനി

വീടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ-25 എണ്ണം, തടപ്പറമ്പ് കോളനി റോഡ് റീടാറിംഗ്, അച്ചുതൻ റോഡ് കോൺക്രീറ്റ്, തടപ്പറമ്പ് ചേനാം തൊടിക റോഡ്, ശാന്ത-വസന്ത നടപ്പാത, മുല്ലമ്പത്തു കണ്ടി നടപ്പാത, കാതോട് നടപ്പാത, കുടിവെള്ള പദ്ധതിയ്ക്കുള്ള മോട്ടോർ സ്ഥാപിക്കൽ, വാർഡ് സഭാ കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവിടങ്ങളിൽ ഫർണിച്ചർ വിതരണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി. വാർഡ് സഭാ ഹാളിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

2. കൈയിട്ടാപൊയിൽ എസ്.സി. കോളനി

കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ മോട്ടോർ സ്ഥാപിക്കൽ, ഭവന പുനരുദ്ധാരണം, ഡ്രൈനേജ് പൈപ്പിടൽ, ഓരങ്കുഴി റോഡ്, കണ്ണൻകുട്ടി റോഡ്, കല്ല്യാണിപാലകുന്നത്ത് റോഡ്, സൗമിനി ടി.ടി കോൺക്രീറ്റ് റോഡ്, നീലി-ശാന്ത നടപ്പാത എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി. ചോല കച്ചേരി റോഡ്, പെറ്റ്യൂളിച്ചാലിൽ റോഡ്, പാലകുന്നത്ത് വായന റോഡ് എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) പ്രാഥമിക വിവരശേഖരണം നടന്നുവരുന്നു.

## വാത്സല്യനിധി പദ്ധതി

32(807) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സുരക്ഷ നൽകുന്ന വാത്സല്യനിധി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായുള്ള ഇൻഷ്വറൻസ് പദ്ധതിയാണ് വാത്സല്യനിധി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപയിലധികം വാർഷിക വരുമാനമില്ലാത്ത കുടുംബങ്ങളിലെ 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്കാണ് പദ്ധതിയിൽ അർഹതയുള്ളത്. പട്ടികജാതി വികസന വകുപ്പും LIC of India യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയുടെ പ്രീമിയമായി പട്ടികജാതി വികസന വകുപ്പ് 1,38,000 രൂപ 4 തവണകളായി വ്യവസ്ഥ അനുസരിച്ച് താഴെപറയും പ്രകാരം നിക്ഷേപിക്കുന്നു:

| മാനദണ്ഡങ്ങൾ | നിക്ഷേപ തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ | ആദ്യ ഗഡു 39,000 |
| 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000 |
| 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33,000 |
| 15 വയസ്സ് പൂർത്തിയായതും 10-ാം തരം പ്രവേശനം നേടിയതും | 30,000 |

മറ്റ് വിശദാംശങ്ങൾ

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ ലഭിക്കുന്നു.

LIC നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റാനുകൂല്യങ്ങൾ

| ആകസ്മിക മരണത്തിന് | | |
|---|---|---|
| വരുമാനദായകനായ രക്ഷിതാവ് | സാധാരണ മരണം | 2,00,000 |
| | അപകട മരണം | 4,00,000 |
| | അപകടംമൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000 |
| | അപകടംമൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 |
| | അപകട മരണം | 30,000 |
| കുട്ടി | സാധാരണ മരണം | 3,00,000-ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനു ശേഷം മാത്രം ബാധക മായിരിക്കും. 8 വയസ്സിനു ശേഷമാണ്ഇൻഷ്വറൻസ് കവറേജ്. |
| വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ | | |
| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
| പെൺകുട്ടി | 9,10,11,12 | 1,200 രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിയോ | 9,10,11,12 | 1,200 രൂപ ഓരോ വർഷവും |

(ബി) ഇതുവരെയായി സംസ്ഥാനമൊട്ടാകെ 2832 പേർ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്.

## വാത്സല്യനിധി പദ്ധതി

33(808) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാത്സല്യനിധി പദ്ധതിയിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018-19 വരെ മണലൂർ മണ്ഡലത്തിൽ ഈ പദ്ധതിയിലേക്ക് എത്രപേരെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) 2019-20 വർഷത്തിൽ ഈ പദ്ധതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് നടപടി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) വാത്സല്യനിധി പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയായിരിക്കണം.

2. മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

3. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(ബി) 2017-18-ൽ 14 പേർ പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം ടി മണ്ഡലത്തിൽ നിന്ന് ലഭിച്ച 25 അപേക്ഷകൾ പരിഗണനയിലാണ്.

(സി) നടപടി തുടങ്ങിയിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടയ വിതരണം

34(809) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

45 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

## അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച കോളനികൾ

35(810) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം എത്ര കോളനികളാണ് കേരളത്തിൽ നവീകരിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികൾ പരിഷ്കരിക്കുന്നതിന് എത്ര വീടുകളാണ് ഒരു കോളനിയിൽ ഉണ്ടായിരിക്കേണ്ടത് എന്നറിയിക്കാമോ;

(സി) വീടുകളുടെ എണ്ണം കുറഞ്ഞ കോളനികൾ കൂടി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) ബാലുശ്ശേരി മണ്ഡലത്തിലെ കരിങ്കാളി കോളനി നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ സ്വാശ്രയഗ്രാമ പദ്ധതി പ്രകാരം നവീകരണത്തിന് 273 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുത്തത്.

(സി) 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് തെരഞ്ഞെടുക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നത്. 2019-20

സാമ്പത്തിക വർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിലെ കരിങ്കാളി കോളനിയിലെ 35% പ്രവൃത്തികൾ പൂർത്തീകരിച്ചു.

### പ്രളയനാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ പുനർ നിർമ്മാണം

36(811) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയനാശനഷ്ടം സംഭവിച്ച പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനും പുനർനിർമ്മാണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-ലെ പ്രളയത്തിൽ അടിസ്ഥാനസൗകര്യ സംവിധാനങ്ങൾക്ക് വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 പട്ടികജാതി കോളനികൾ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഏജൻസികളിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്നതിനുള്ള കാലതാമസംമൂലവും ലോക്സഭാ ഇലക്ഷന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാലും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെന്ന് അറിയിക്കുന്നു.

### നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി

37(812) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2015-ൽ അനുവദിച്ച അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച ചെങ്കൽ പഞ്ചായത്തിലെ അലത്തറവിളാകം, കുളത്തൂർ പഞ്ചായത്തിലെ തോണിക്കടവ് എന്നീ കോളനി നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ട് കോളനികളുടെയും നവീകരണപ്രവർത്തനം നടത്തുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ;

(സി) കോളനി നവീകരണപ്രവൃത്തി വൈകിപ്പിച്ച ഏജൻസി (എഫ്.ഐ.റ്റി.) യുടെ പേരിൽ ഏതെങ്കിലും തരത്തിൽ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏജൻസിക്ക് എത്ര തുകയാണ് ഇതുവരെ അനുവദിച്ചത് എന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമാണ് അലത്തറവിളാകം, തോണിക്കടവ് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളത്. തോണിക്കടവ് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അലത്തറവിളാകം കോളനിയിലെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

(ബി) അലത്തറവിളാകം കോളനിയിലെ പുതിയ ബോക്സ് കൾവർട്ട്, ആർ.സി.സി. സംരക്ഷണ ഭിത്തി, എർത്ത് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. റോഡ് ടാറിംഗ് & റീടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. തോണിക്കടവ് കോളനിയിലെ റോഡ് വർക്ക്, കുഴൽ കിണർ, പ്ലംബിംഗ് റൂം, കുളിക്കടവ് എന്നീ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഏജൻസിയായ എഫ്.ഐ.റ്റി.യ്ക്ക് എതിരെ നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഏജൻസിക്ക് അനുവദിച്ച തുകയുടെ വിവരം ഇപ്രകാരമാണ്.

അലത്തറവിളാകം- 65,00,000

തോണിക്കടവ്-25,00,000

**പട്ടികജാതിവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി**

38(813) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം പട്ടികജാതിവകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്രപേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിനായി എത്ര രൂപ ചെലവഴിക്കപ്പെട്ടുകയുണ്ടായി; ജില്ല തിരിച്ച് അപേക്ഷകരുടെ എണ്ണവും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) പട്ടികജാതി വികസനവകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 15798 പേർക്ക് 29,70,11,140 രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി)

| ജില്ല | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3,44,34,700 | 2,292 |
| കൊല്ലം | 2,33,47,040 | 1,186 |
| പത്തനംതിട്ട | 2,29,27,000 | 1,191 |
| ആലപ്പുഴ | 2,39,39,000 | 1,245 |
| കോട്ടയം | 97,20,300 | 401 |
| ഇടുക്കി | 1,42,66,500 | 786 |
| എറണാകുളം | 2,86,40,500 | 1,361 |
| തൃശ്ശൂർ | 4,03,15,000 | 2,304 |
| പാലക്കാട് | 3,29,79,000 | 1684 |
| മലപ്പുറം | 2,80,40,000 | 1561 |
| കോഴിക്കോട് | 1,83,22,500 | 743 |
| വയനാട് | 34,78,000 | 192 |
| കണ്ണൂർ | 78,32,000 | 375 |
| കാസർഗോഡ് | 87,69,600 | 477 |
| ആകെ | 29,70,11,140 | 15,798 |

(സി) മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരായ പട്ടികജാതി വിഭാഗങ്ങൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 50,000 രൂപ വരെ വ്യക്തികൾക്ക് അനുവദിച്ചുവരുന്നു. കൂടാതെ ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000 രൂപ വരെ ആശുപത്രികൾക്ക് നൽകുന്നു. ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി 1,00,000 രൂപയാണ്.

## വയനാട് തൊവരിമല മിച്ചഭൂമി കയ്യേറ്റം

39(814) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് തൊവരിമലയിൽ 1970-ൽ സർക്കാർ നിയമനിർമ്മാണം വഴി ഹാരിസൺ മലയാളം പ്ലാന്റേഷനിൽ നിന്നും തിരിച്ചുപിടിച്ച മിച്ചഭൂമിയിൽ ആദിവാസികൾ കയ്യേറി കുടിൽകെട്ടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും കൃഷിഭൂമി വിതരണം ചെയ്യണമെന്ന സമരക്കാരുടെ ആവശ്യത്തിന്മേലുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഈ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്താക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വയനാട് തൊവരിമലയിൽ ആദിവാസികൾ കുടിൽ കെട്ടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിന്, ഭൂമി വിലയ്ക്കു വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം, ലഭ്യമായ സ്ഥലങ്ങളിൽ റവന്യൂ ഭൂമി വിതരണം, വനാവകാശ നിയമപ്രകാരം വനാവകാശ രേഖ നൽകൽ എന്നീ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(സി) പട്ടികവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കുന്നതിനായി സർക്കാർ മൂന്ന് തരത്തിലുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഭൂമി വാങ്ങി നൽകൽ പദ്ധതി, നിക്ഷിപ്തവന ഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 10943 ഭൂരഹിത പട്ടികവർഗ്ഗക്കാരാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. ഭൂമി വാങ്ങി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക്)

3-3-2018-ലെ സ.ഉ. (എംഎസ്.) 21/2018 പ.ജ.പ.വ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ജില്ലാകളക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന ഭൂമി 2 തലങ്ങളിലുള്ള ഫീൽഡ് പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി ഭൂമി വാങ്ങി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

2. വനാവകാശ നിയമം

വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13-ന് കൈവശമുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. ആയതിൻ പ്രകാരം 42789 അപേക്ഷകൾ ലഭിച്ചതിൽ 26465 അപേക്ഷകൾ ഡി.എൽ.സി. പാസ്സാക്കി നൽകിയിട്ടുണ്ട്. 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഡി.എൽ.സി. പാസ്സാക്കിയിട്ടും കൈവശാവകാശ രേഖ വിതരണം ചെയ്യുവാൻ 640 അപേക്ഷകളുണ്ട്. നിലവിൽ 5517 അപേക്ഷകൾ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. അവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. നിക്ഷിപ്ത വനഭൂമി

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റേയും ബഹു.സുപ്രീംകോടതിയുടേയും അനുമതി ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 4789 ഏക്കർ ഭൂമി 3616 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിതരണം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെയും വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ച് ചേർത്ത് ഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 1326 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

## കൈവശരേഖ ലഭിക്കാതെ വനഭൂമിയിൽ താമസിയ്ക്കുന്നവർ

40(815) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശരേഖ ലഭിക്കാതെ വനഭൂമിയിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്നുള്ള സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വനാവകാശനിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയുടെ കൈവശരേഖകളുടെ പകർപ്പ് ഹാജരാക്കുവാൻ ഇടുക്കി സംയോജിത പട്ടികവർഗ്ഗവികസന പ്രോജക്ട് ഓഫീസർക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു നോട്ടീസ് അയച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ ഹർജി നൽകുവാൻ സംസ്ഥാനസർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനാവകാശ നിയമപ്രകാരം കൈവശാവകാശത്തിന് അപേക്ഷിച്ച് ഡി.എൽ.സി. നിരസിച്ച 894 പേരെ ഒഴിപ്പിക്കുവാൻ ബഹു. സുപ്രീം കോടതി ഉത്തരവാകുകയും ബഹു. സുപ്രീം കോടതി ടി ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം കൈവശരേഖ ലഭിക്കുന്നതിന് അർഹതയുള്ളവരുടെ അപേക്ഷ നിരസിച്ചിട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തുകയാണ്. വിശദമായ സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുന്നതാണ്.

(ബി) വനാവകാശരേഖ തയ്യാറാക്കിയത് വിതരണം ചെയ്തതു സംബന്ധിച്ച് ഇടുക്കി ഐ.റ്റി.ഡി.പി. ഓഫീസിലേയും ജില്ലാ കളക്ടറേറ്റിലേയും രേഖകളിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ 10-5-2019-ലെ യോഗതീരുമാന പ്രകാരമാണ് വനാവകാശ രേഖയുടെ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നത്.

(സി) സുപ്രീം കോടതിയുടെ പ്രസ്തുത ഉത്തരവ് നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കരികുളം പട്ടികവർഗ്ഗ കോളനി**

41(816) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ കരികുളം പട്ടികവർഗ്ഗ കോളനിക്ക് ഒരു കോടി രൂപ അനുവദിച്ചെങ്കിലും ഇതേവരെ പദ്ധതികളൊന്നും തന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാണ് പദ്ധതിക്കായി പണം അനുവദിച്ചത്; ഇവിടുത്തെ നിർവ്വഹണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതിപ്രകാരമുള്ള പ്രവർത്തികൾ എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കരികുളം കോളനിയെ തെരഞ്ഞെടുക്കുകയും ടി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ആദിവാസി യുവതീയുവാക്കൾക്ക് കേരള പോലീസിൽ നിയമനം

42(817) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽ നിന്നും കേരള പോലീസിലേയ്ക്ക് പ്രത്യേക നിയമനത്തിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവ് പ്രകാരം എത്രപേർക്ക് ഇതിനകം നിയമനം നൽകി; വ്യക്തമാക്കുമോ;

(സി) മാവോയിസ്റ്റ് ആക്രമണം ഫലപ്രദമായി നേരിടുന്നതിന് പോലീസ് വകുപ്പിൽ 75 സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ റെഗുലർ തസ്തിക സൃഷ്ടിച്ച് ആയതിലൂടെ വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കൾക്ക് പി.എസ്.സി.യുടെ സ്പെഷ്യൽ ഡ്രൈവ് മുഖേന നിയമനം നൽകുവാൻ മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോഴത്തെ നിയമനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 16-1-2016 തീയതിയിലെ സ. ഉ. (അ) നമ്പർ 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കളിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ്‌വഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. തുടർന്ന് 27-6-2016 തീയതിയിലെ സ. ഉ. (കൈ.) നമ്പർ 183/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട്(അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെ തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. തുടർന്ന് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു. റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിൽ ആണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തി 12-7-2017 തീയതിയിലെ സ. ഉ. (കൈ.) നമ്പർ 150/2017/ ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെ കൂടി ഉൾപ്പെടുത്തി 23-3-2018 തീയതിയിലെ സ.ഉ. (കൈ.) നമ്പർ 43/2018/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26-3-2018 തീയതിയിൽ നിയമന ശിപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത റിക്രൂട്ട്മെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർ ഒടുക്കേണ്ട ബോണ്ട് തുകയും ജാമ്യവ്യവസ്ഥയും ഒഴിവാക്കിക്കൊണ്ട് 17-5-2018 തീയതിയിലെ സ. ഉ. (കൈ.) നമ്പർ 88/2018 ആഭ്യന്തരം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാമനപുരം നിയോജകമണ്ഡലത്തിൽ പി.കെ. കാളൻ പദ്ധതി

43(818) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരുകൾക്ക് പുറത്ത് വിവിധയിടങ്ങളിലായി അധിവസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പി. കെ. കാളൻ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. കെ. കാളൻ പദ്ധതി ആലപ്പുഴ ജില്ലയിലും പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 10 വീടുകളുടെ നിർമ്മാണം, 58 വീടുകളുടെ പുനരുദ്ധാരണം, 28 പുതിയ ശുചിമുറികളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കയർ കോർപ്പറേഷനും കുടുംബശ്രീയും ചേർന്ന് കയർ തടുക്ക് നിർമ്മാണ പരിശീലനവും നടത്തിയിട്ടുണ്ട്. സോഷ്യൽ സ്കിൽ പരിശീലനം, ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ, കുടുംബ സംഗമങ്ങൾ, കൾച്ചറൽ പ്രോഗ്രാമുകൾ, എല്ലാ കുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹിക വികസനവും ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവ നടത്തിയിട്ടുണ്ട്.

മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം 74 കുടുംബങ്ങളെയാണ് ഏറ്റെടുത്തത്. ഉപജീവന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി അപ്പാരൽ പാർക്ക്, വനവിഭവശേഖരണം, മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. പി. കെ. കാളൻ പദ്ധതി മറ്റു ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള കാര്യം പരിശോധിച്ച് വരികയാണ്.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

44(819) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യവർഷം അനുവദിച്ച പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനി പദ്ധതിയിൽ തിരഞ്ഞെടുത്ത പയ്യന്നൂർ നിയോജകമണ്ഡലത്തിലെ

പട്ടത്തുവയൽ, എയ്യൻകല്ല് കോളനികളിൽ ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പണി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപോലെ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടത്തുവയൽ, എയ്യൻകല്ല് കോളനികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി വീണ്ടും സമർപ്പിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകുകയും രണ്ടാംഘട്ട പരിശോധനയ്ക്കായി ഡി.പി.ആർ. വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ ഡി.പി.ആർ. വീണ്ടും പരിശോധിച്ചപ്പോൾ വീണ്ടും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കണ്ടെത്തി മാറ്റങ്ങൾ വരുത്തേണ്ട റിപ്പോർട്ട് സഹിതം ഡി.പി.ആർ. ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ടാണ് പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്.

(ബി) ആവശ്യമായ മാറ്റങ്ങൾ വരുത്തി അടിയന്തരമായി ഡി.പി.ആർ. സമർപ്പിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുത്തലുകൾ വരുത്തിയ ഡി.പി.ആർ. ലഭ്യമായാലുടൻതന്നെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി കരാർ കാലാവധിക്കുള്ളിൽതന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ ജനസംഖ്യ

45(820) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗോത്രവർഗ്ഗക്കാർ ഉണ്ട്, ജില്ലാടിസ്ഥാനത്തിൽ വർഗ്ഗം തിരിച്ചുള്ള ജനസംഖ്യയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഗോത്രവർഗ്ഗക്കാരിൽ എത്ര സർക്കാർ ജീവനക്കാർ ഉണ്ട്;ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഗോത്രവർഗ്ഗക്കാരിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 2011-ലെ സെൻസസ് പ്രകാരം 4,84,839 പട്ടികവർഗ്ഗക്കാർ സംസ്ഥാനത്ത് അധിവസിക്കുന്നുണ്ട്. വർഗ്ഗം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള ജനസംഖ്യയുടെ വിവരം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2008-ലെ സോഷ്യോ ഇക്കണോമിക് സർവ്വെപ്രകാരം ലഭ്യമായ വിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി ധാരാളം പദ്ധതികൾ കോട്ടയം ജില്ലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഭൂമി വാങ്ങി നൽകൽ, ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- ഭവന നിർമ്മാണം - വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ/വീട് പൂർത്തിയാക്കാൻ/വീട് പുനരുദ്ധാരണം മുതലായവയ്ക്കുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- അംബേദ്കർ വികസന പദ്ധതി - പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സാമൂഹ്യ സാമ്പത്തിക വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ, ഭവനം, കുടിവെള്ളം, പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

- ഭൂമി വാങ്ങി നൽകൽ പദ്ധതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമി ഇല്ലാത്ത ആളുകൾക്ക് ഭൂമി വാങ്ങി നൽകുന്നത് കൂടാതെ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയിലുണ്ട്.

- നൈപുണ്യ വികസന പദ്ധതി-പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.

- ഗോത്രജീവിക – വിദ്യാഭ്യാസ കാലഘട്ടം പൂർത്തിയാക്കാൻ കഴിയാത്ത യുവതീയുവാക്കൾക്ക് അവരുടെ ഊരുകൾക്ക് സമീപംതന്നെ നൈപുണ്യ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിശീലനം നൽകി അവർക്ക് സ്വന്തമായി തൊഴിലുകളിൽ പ്രാവീണ്യവും ഒപ്പം ജോലിയും ലഭ്യമാക്കുകയെന്നതാണ് 'ഗോത്രജീവിക' എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

- കേരള ട്രൈബൽ പ്ലസ് പദ്ധതി - മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽരഹിതരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ വേതനം ലഭ്യമാക്കുന്നതോടൊപ്പം 100 തൊഴിൽ ദിനത്തിനുപരിയായി അതിൽ അധിക തൊഴിൽ നൽകുന്ന പദ്ധതിയാണ്.

- ഗോത്രവാത്സല്യനിധി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യപദവി ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

- ഭക്ഷ്യ സഹായ പദ്ധതി - ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളുടേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അവർക്ക് വേതനം പണമായും ഭക്ഷണമായും നൽകുന്നു.

- വിവാഹ ധനസഹായം-പട്ടികവർഗ്ഗക്കാരായ മാതാപിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹസമയത്തുണ്ടായ ചെലവുകളുടെ ഭാരം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്.

- പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ-വിഭവ സമാഹരണം, കോൺഫറൻസിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മദ്യം, പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനുമെതിരെ അവബോധ ക്യാമ്പുകൾ സാമൂഹ്യാധിഷ്ഠിതമായി നടത്തി ജനങ്ങളിൽ ബോധവത്ക്കരണം ഉണ്ടാക്കുന്നതിനുമായി എം.എസ്.ഡബ്ല്യൂ/എം.എ. സോഷ്യോളജി/ എം.എ ആന്ത്രോപോളജി ബിരുദധാരികളെ സോഷ്യൽ വർക്കറായി പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിക്കുന്നു.

- ഹോസ്റ്റലുകളിലും എം.ആർ.എസ്.ലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസ്.ലുമായി ധാരാളം വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനു വേണ്ടി സ്റ്റുഡന്റ്സ് കൗൺസിലർമാരെ എല്ലാ സ്ഥാപനത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

- ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം- പട്ടികവർഗ്ഗ വികസന പദ്ധതിയുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാനായി പട്ടികവർഗ്ഗ മേഖലയിൽ തെരഞ്ഞെടുത്ത് നിയമിക്കുന്ന ഫെസിലിറ്റർമാരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. ഗുണഭോക്താക്കളെയും പഞ്ചായത്തുകളെയും വികസന വകുപ്പുകളെയും ബന്ധിപ്പിക്കുന്ന കണ്ണിയായി ഇവർ പ്രവർത്തിക്കുന്നു.

- മാനേജ്മെന്റ് പരിശീലകർക്കുള്ള ഓണറേറിയം- ജോലിയില്ലാത്ത വിദ്യാഭ്യാസമുള്ള യുവതീയുവാക്കൾക്ക് അപ്രന്റിഷിപ്പ് നിയമമനുസരിച്ച് ഒരു വർഷത്തെ അപ്രന്റിഷിപ്പ് പരിശീലനം നൽകുന്ന പദ്ധതി.

- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം- ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

- പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന/വിനോദയാത്രയ്ക്ക് ധനസഹായം-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു/ബിരുദം/ ബിരുദാനന്തര ബിരുദം/പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം.

- ജനനി ജന്മരക്ഷ -പട്ടികവർഗ്ഗക്കാരായ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി.

- സമഗ്ര ആരോഗ്യ സുരക്ഷ -പ്ലാൻ - ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്, ആശുപത്രി വഴിയുള്ള മെഡിക്കൽ സഹായം, പട്ടികവർഗ്ഗ ആശ്വാസ നിധി, ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പരിപാടി സംഘടിപ്പിക്കുക, പോഷകാഹാരക്കുറവ്, ശിശുമാതൃ മരണനിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹനം- അക്കാദമിക് കലകളിലും മറ്റും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

- ഐ.ഇ.സി. പ്രോജക്റ്റ്- പട്ടികവർഗ്ഗ വികസന വകുപ്പിലെ സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ, നാടൻ കലോത്സവങ്ങൾ തുടങ്ങിയവ നടത്തുന്നതിനുള്ള പദ്ധതി.

- ഗോത്രസാരഥി - ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളെ വാഹനങ്ങളിൽ സ്കൂളിൽ എത്തിക്കുന്നതിന് സാധിക്കുന്നു.

- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി- സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ പഠന സമയത്ത് സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

- കോർപ്പസ് ഫണ്ട് - കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വിടവ് നികത്തുന്ന പദ്ധതിയാണിത്.

- പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര ധനസഹായം- കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുള്ള പരിപാടി.

## ആദിവാസികൾക്ക് ധനസഹായം

46(821) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് മാറ്റി പാർപ്പിക്കേണ്ടിവന്ന ആദിവാസികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം പ്രത്യേകം അനുവദിച്ച 10,000 രൂപയുടെ ധനസഹായം എത്രപേർക്ക് നൽകി എന്ന് വിശദമാക്കാമോ;

(ബി) മാറ്റി പാർപ്പിക്കപ്പെട്ട എല്ലാ കുടുംബങ്ങൾക്കും പ്രസ്തുത തുക ലഭിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ധനസഹായം ലഭിക്കാത്തവർക്ക് ആയത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പ്രളയത്തെത്തുടർന്ന് മാറ്റി പാർപ്പിക്കേണ്ടിവന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം അനുവദിച്ച 10,000 രൂപയുടെ ധനസഹായം 3430 പേർക്ക് നൽകി.

(ബി) മാറ്റിപാർപ്പിക്കപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങൾക്കും പ്രസ്തുത തുക അനുവദിച്ചിട്ടില്ല. കാലവർഷക്കെടുതിമൂലം പട്ടികവർഗ്ഗ മേഖലയിലുള്ള 7664 കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചിരുന്നത്. ഇവരിൽ 4234 കുടുംബങ്ങളെ താൽക്കാലികമായി മാറ്റിപാർപ്പിച്ചതായിരുന്നു. ഇവരുടെ വീടുകൾക്കും സാധനസാമഗ്രികൾക്കും നാശനഷ്ടങ്ങളോ കാലവർഷക്കെടുതിയുടെ ദുരിതങ്ങളോ നേരിട്ടിട്ടില്ല. കാലവർഷത്തിന്റെ തീവ്രത കുറഞ്ഞപ്പോൾ അവരെല്ലാവരും തന്നെ സ്വന്തം വീടുകളിലേക്ക് മടങ്ങിപ്പോയിരുന്നു.

(സി) കാലവർഷക്കെടുതിയുടെ ദുരിതം നേരിട്ട അർഹതപ്പെട്ട 3430 കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**അട്ടപ്പാടിയിലെ ശിശുമരണം**

47(822) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടും ശിശുമരണം തുടരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണമുണ്ടായി;

(സി) അസ്വാഭാവിക ശിശുമരണം ഉണ്ടാകുന്ന സാഹചര്യത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജല്ലിപ്പാറ ഓന്തമലയിൽ കുമാരൻ-ചിത്ര ദമ്പതികളുടെ 40 ദിവസം പ്രായമുള്ള കുഞ്ഞ് മേയ് മാസം മരണമടഞ്ഞതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(ഇ) കുഞ്ഞിന് സമയത്ത് ചികിത്സ ലഭിക്കാത്തതാണ് മരണകാരണം എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയത് എന്താണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് അട്ടപ്പാടിയിൽ പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നിടോ

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവ പരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

2016-ൽ 8-ഉം 2017-ൽ 14-ഉം 2018-ൽ 13-ഉം 2019-ൽ 2-ഉം ശിശുമരണങ്ങളാണുണ്ടായിട്ടുള്ളത്. ഈ മരണങ്ങളെല്ലാം തന്നെ പോഷകാഹാരക്കുറവുമൂലമല്ല, ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചിട്ടുള്ളത്.

ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ ആകെ 34 ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.

2016- 5

2017-14

2018-13

2019-2

------------

ആകെ 34

========

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക പരിശോധനയിൽ മരണകാരണം കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടുതൽ വിവരങ്ങൾക്കായി പാലക്കാട് ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുകയും സാമ്പിളുകൾ ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) മുലയൂട്ടുന്ന അമ്മമാരുടെയും നവജാത ശിശുക്കളുടെയും പ്രത്യേക പരിചരണത്തിനായി 2018-19 വർഷം അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസ് മുഖേന നടപ്പിലാക്കിയ വാത്സല്യ സ്പർശം പ്രവർത്തകയും ഊര് പ്രമോട്ടറും കുമാരൻ/ചിത്ര ദമ്പതിമാരെ സന്ദർശിക്കുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം

നടത്തുകയും ചെയ്തിരുന്നു. തലേദിവസം രാത്രി മുലപ്പാൽ കുടിച്ച് ഉറങ്ങിയ കുട്ടിയെ രാവിലെ മൂക്കിൽ നിന്നും രക്തസ്രാവം ഉള്ളതായി കണ്ടതിനെ തുടർന്ന് കോട്ടത്തറ ജി.ടി.എസ്.എച്ച്. ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. ഡോക്ടറുടെ പരിശോധനയിൽ കുഞ്ഞ് മണിക്കൂറുകൾക്ക് മുൻപേ മരണപ്പെട്ടതായി ബോധ്യപ്പെട്ടിരുന്നു. ഇതേ തുടർന്ന് പോസ്റ്റ്മോർട്ടം ചെയ്യുന്നതിനായി പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രാഥമിക അന്വേഷണത്തിൽ യഥാസമയം ചികിത്സ ലഭിക്കാത്തതല്ല മരണകാരണമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## അതിരപ്പിള്ളിയിൽ പെൺകുട്ടികൾക്കായി പ്രൈമറി ഹോസ്റ്റൽ

48(823) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആതിരപ്പിള്ളി പഞ്ചായത്തിലെ വാഴച്ചാൽ ഗിരിജൻ വെൽഫെയർ ലോവർ പ്രൈമറി സ്കൂളിനോട് ചേർന്ന് പെൺകുട്ടികൾക്കായി ഒരു പ്രൈമറി ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ആതിരപ്പിള്ളി പഞ്ചായത്തിലെ വാഴച്ചാൽ സർക്കാർ ഗിരിജൻ വെൽഫെയർ ലോവർ പ്രൈമറി സ്കൂളിൽ നിലവിൽ 60 വിദ്യാർത്ഥികളാണ് (55 ആൺകുട്ടികളും 5 പെൺകുട്ടികളും) പഠനം നടത്തുന്നത്. ആയതിൽ 48 ആൺകുട്ടികൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വാഴച്ചാൽ ഹോസ്റ്റലിൽ നിന്ന് പഠനം നടത്തി വരുന്നു. 7 ആൺകുട്ടികളും 5 പെൺകുട്ടികളും വീട്ടിൽ നിന്നും പോയി വരുന്നുണ്ട്. ടി സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ നിർമ്മിക്കാനായി നിലവിൽ വകുപ്പിന് സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമാകുകയാണെങ്കിൽ ടി സ്ഥാപനത്തിനോട് ചേർന്ന് പെൺകുട്ടികൾക്കായി ഒരു പ്രൈമറി ഹോസ്റ്റൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പട്ടികവർഗ്ഗക്കാർക്കുള്ള പാർപ്പിടസഹായം

49(824) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് സ്ഥലവും വീടും അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തർക്ക് എത്ര സ്ഥലം വീതമാണ് നൽകിയിട്ടുള്ളത് എന്നും, വീട് നിർമ്മാണത്തിന് ഒരാൾക്ക് എത്ര തുകയാണ് അനുവദിക്കുന്നത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 194 പേർക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ ഭൂമി വാങ്ങി നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം, ഭൂമിയുടെ അളവ് |
|---|---|---|
| 1 | അയിലൂർ | 3 പേർക്ക് 25 സെന്റ് വീതം |
| 2 | വല്ലങ്ങി | 87 പേർക്ക് 20 സെന്റ് വീതം |
| 3 | നെല്ലിയാമ്പതി | 104 പേർക്ക് 1 ഏക്കർ വീതം |

**പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കായുള്ള പദ്ധതി**

50(825) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതികളുടെ മൊത്തം ചെലവ് എത്ര;

(സി) ആകെയുള്ള കിഫ്ബി പദ്ധതികളിൽ എത്ര ശതമാനം തുകയാണ് പ്രസ്തുത വിഭാഗങ്ങൾക്കായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നത്;

(ഡി) കിഫ്ബി പദ്ധതികളിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ വിഹിതം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>

വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.റ്റി.ഐ.-കൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തിയുടെ പേര് | ജില്ല | തുക |
|---|---|---|---|
| 1 | മോഡൽ റെസിഡൻഷ്യൽ സ്കൂൾ, തോന്നയ്ക്കൽ | തിരുവനന്തപുരം | 15.97 കോടി |
| 2 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചക്കിട്ടപ്പാറ | കോഴിക്കോട് | 16.48 കോടി |
| 3 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തളിപ്പറമ്പ് | കണ്ണൂർ | 14.70 കോടി |
| 4. | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, ആലുവ | എറണാകുളം | 5 കോടി |
| 5 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കൊഴിഞ്ഞാമ്പാറ | പാലക്കാട് | 5.3 കോടി |
| 6 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, താന | കണ്ണൂർ | 2 കോടി |
| 7 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വെള്ളച്ചാൽ | കാസർഗോഡ് | 5 കോടി |
| 8 | പ്രീ-മെട്രിക് ഹോസ്റ്റൽ, കതിരൂർ | കണ്ണൂർ | 2 കോടി |
| 9 | സ്റ്റാഫ് ക്വാർട്ടേഴ്സ്, മണ്ണന്തല | തിരുവനന്തപുരം | 1.95 കോടി |
| 10 | പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, അഴീക്കോട് | കണ്ണൂർ | 1.3 കോടി |
| 11 | ഐ.റ്റി.ഐ., ആറ്റിപ്ര | തിരുവനന്തപുരം | 2.32 കോടി |
| 12 | ഐ.റ്റി.ഐ. വെട്ടിക്കവല | കൊല്ലം | 1.43 കോടി |

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ KIIFB ഫണ്ട് ലഭ്യമാക്കി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ഹോസ്റ്റലുകൾ/ഐ.റ്റി.ഐ.-കൾ എന്നിവയുടെ നിർമ്മാണത്തിന് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1581/2016/പ.ജ.പ.വി.വ. തീയതി 22-10-2016 പ്രകാരം 100 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതികളിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(എ) പ്രീ-മെട്രിക് ഹോസ്റ്റൽ (5 എണ്ണം)

1. പ്രീമെട്രിക് ഹോസ്റ്റൽ ബേഡഡുക്ക (പെൺ), കാസർഗോഡ്-4.7 കോടി

2. പ്രീമെട്രിക് ഹോസ്റ്റൽ കുറ്റിക്കോൽ (ആൺ), കാസർഗോഡ്-4.2 കോടി

3. പ്രീ-മെട്രിക് ഹോസ്റ്റൽ അച്ചൻകോവിൽ (പെൺ), കൊല്ലം-5 കോടി

4. പ്രീ-മെട്രിക് ഹോസ്റ്റൽ അരുവിളാംചാൽ (പെൺ), ഇടുക്കി - 3.63 കോടി

5. പ്രീ-മെട്രിക് ഹോസ്റ്റൽ പിണവൂർകുടി (ആൺ), എറണാകുളം

ബി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

1. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നേര്യമംഗലം (പെൺ), എറണാകുളം - 5 കോടി

2. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കോടാലിപ്പാറ (ആൺ), ഇടുക്കി -3.91 കോടി

സി) വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, പുത്തേടം, നാട്ടുകാണി, ഇടുക്കി

1. അക്കാഡമിക് ബ്ലോക്ക് -4.03 കോടി

2. ഹോസ്റ്റൽ ബിൽഡിംഗ് -3.42 കോടി

ഡി) യൂത്ത് ഹോസ്റ്റൽ പാലോട്, തിരുവനന്തപുരം

ഇ) മോഡൽ റസിഡൻഷ്യൽ സ്കൂൾ

1. മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ, തിരുവനന്തപുരം-27.298 കോടി

2. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ആറളം, കണ്ണൂർ-18.60 കോടി

(ബി) പട്ടികജാതി വികസന വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 73.45 കോടി രൂപയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾക്കായി 82.928 കോടി രൂപയുടെയും അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഇതിനുപുറമെ കിഫ്ബി വഴി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന കിഫ്ബി അംഗീകരിച്ചിട്ടുള്ളതും ഡി.പി.ആർ. പരിശോധനയിലുള്ളതുമായ പദ്ധതികളുടെ വിശദാംശവും ആകെ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു *.

(സി) നാളിതുവരെ അംഗീകരിച്ച കിഫ്ബി പദ്ധതികളുടെ ആകെ തുകയുടെ 0.63 ശതമാനമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമാത്രമായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നത്. KIIFB മുഖേന ഏറ്റെടുക്കുന്ന മറ്റ് പശ്ചാത്തല വികസന പദ്ധതികളുടെ പ്രയോജനം ഈ വിഭാഗങ്ങൾക്കും ലഭിക്കുന്നതുമാണ്.

(ഡി) കിഫ്ബി പദ്ധതികളിൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള സമീപനമാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

**ഭാസ്കർ നഗർ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

51(826) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2017-18 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഒരുകോടി രൂപയിൽനിന്നും തിരുവനന്തപുരം ജില്ലാ നിർമ്മിതികേന്ദ്രത്തിന് നിർമ്മാണപ്രവൃത്തിക്കായി എത്ര തുകയാണ് അഡ്വാൻസ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വർഷമാണ് ആരംഭിച്ചതെന്ന് വിശദീകരിക്കാമോ;

(സി) ഭാസ്കർ നഗർ കോളനിയിൽ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഡി) നിർമ്മിതികേന്ദ്രത്തിന്റെ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത കോളനിയുടെ നവീകരണപ്രവർത്തനവുമായി ബന്ധപ്പെട്ട് നിർമ്മിതികേന്ദ്രം വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഭാസ്കർ നഗർ കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 50 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്.

(ബി) 2018-ൽ ആരംഭിച്ചു.

(സി) അഡ്വാൻസ് തുകയായ 50 ലക്ഷം രൂപയുടെ ഏകദേശം 80% തുകയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ജില്ലാ നിർമ്മിതി കേന്ദ്രത്തിലെ പ്രോജക്ട് മാനേജർ

(ഇ) പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം നേരിട്ടിരുന്നുവെങ്കിലും നിലവിൽ പ്രവൃത്തികൾ വീഴ്ചകൂടാതെ നടന്നുവരുന്നുണ്ട്. ഏജൻസിക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

52(827) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം നവീകരണം നടത്തുന്ന പുല്ലച്ചൽക്കോണം, വേങ്കവിള എന്നീ കോളനികളുടെ നവീകരണം അനന്തമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതികേന്ദ്രത്തിന്റെ അനാസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പുല്ലച്ചക്കോണം കോളനിയിലെ 40% പ്രവൃത്തികളും വേങ്കവിള കോളനിയിലെ 80% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

53(828) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി പഞ്ചായത്തിലെ മുണ്ണൂർ കോളനി, കീരംപാറ പഞ്ചായത്തിലെ ഏതുപുറം കോളനി എന്നീ പട്ടിക ജാതി കോളനികളിലെ സമഗ്രവികസനത്തിന്റെ ഭാഗമായിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഓരോ കോളനികളിലും നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലാവധി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത കോളനികളിലെ വികസനപ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത മുണ്ണൂർ കോളനിയിലെ 65% പ്രവൃത്തികളും ഏറുപുറം കോളനിയിലെ 80% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി)

(എ) മുണ്ണൂർ കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഇപ്രകാരമാണ്.

1. Construction of well
2. Construction of water tank
3. Construction of pump house
4. Bituminous road work
5. House Maintenance
6. Retaining wall.

ബി. ഏറ്റുപുറം കോളനിയിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. Construction of culvert
2. Concrete road
3. DR Protection wall
4. Improvement of existing pond
5. Construction of weir
6. House Maintenance (8 Nos)
7. Solar street light.

(സി) മുണ്ടൂർ കോളനി പ്രവൃത്തികളിൽ കിണർ നിർമ്മാണം, റോഡ് ടാറിംഗ് എന്നിവ പൂർത്തീകരിച്ചു. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഏറ്റുപുറം കോളനിയിലെ കുടിവെള്ള പദ്ധതി, കൾവെർട്ട് നിർമ്മാണം, റോഡ് നിർമ്മാണം, അതിർത്തി സംരക്ഷണം എന്നിവ പൂർത്തീകരിച്ചു.

(ഡി) MOU ഒപ്പിട്ടതിനുശേഷമുള്ള ആറ് മാസത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

(ഇ) പദ്ധതി പൂർത്തീകരണം സത്വരമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതിവഴി കോളനികളുടെ നവീകരണം**

54(829) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി വഴി ഏതെല്ലാം കോളനികളുടെ നവീകരണം നടത്തുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ഡി) ഈ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽനിന്നും യോഗപ്പറമ്പ് കോളനി, എസ്. എം. പി. കോളനി എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) യോഗപ്പറമ്പ് കോളനിയിലെ പ്രവൃത്തികൾ ഇപ്രകാരമാണ്.

1. Road renovation
2. Rectification of sluice/canal
3. Construction of culvert
4. Retaining wall for road protection (RCC)
5. Drainage
6. House maintenance, Sanitation work, pipeline laying and allied works (43 persons)
7. Information centre above the existing auditorium of Yogapparambu colony
8. Sluice gate.

എസ്.എം.പി. കോളനിയിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. Reatining wall (DR work) for colony land.
2. Road renovation
3. Maintenance of club building
4. Maintenance of 39 houses
5. Construction of new auditorium
6. 1000 liter capacity water tank
7. Toilets.

(സി) യോഗപ്പറമ്പ് കോളനിയിൽ പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.എം.പി. കോളനിയിലെ പ്രവൃത്തികളിൽ സംരക്ഷണ ഭിത്തി നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം, ഓഡിറ്റോറിയം സ്റ്റെയർ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഏജൻസിയുടെ ഭാഗത്തുനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് വൈകിയതിനാലും ലോകസഭാ ഇലക്ഷന്റെ ഭാഗമായുള്ള പെരുമാറ്റച്ചട്ടം നിലനിന്നതിനാലും പ്രവർത്തനങ്ങളിൽ കാലതാമസം നേരിട്ടു.

## അംബേദ്കർ കോളനി നവീകരണ പദ്ധതി

55(830) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മണ്ഡലത്തിൽ എത്ര കോളനികളിലാണ് അംബേദ്കർ കോളനി നവീകരണപദ്ധതി നടപ്പിലാക്കുന്നത്; രണ്ടിലധികം കോളനികൾ പദ്ധതിയിലുൾപ്പെട്ട മണ്ഡലങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) ഈ സാമ്പത്തികവർഷം പ്രസ്തുത പദ്ധതി പുതുതായി അനുവദിക്കുന്നുണ്ടോ; കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; 2015 ജനുവരി മുതൽ 2019 മാർച്ച് വരെ വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) അഞ്ചിലധികം കെട്ടിടനമ്പറുള്ള പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യവികസനത്തിന് വകുപ്പുഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത്തരം സാങ്കേതികത്വം ഒഴിവാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ഡി) പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ, പാത്ത്‌വേ പോലുള്ളവ നവീകരിക്കുന്നതിനും കോളനികളിലേയ്ക്കുള്ള വഴികൾ, തെരുവ് വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും വികസന ഫണ്ട് ഉപയോഗിക്കുന്നതിന് സോഷ്യൽ മാപ്പുകൾ നൽകുമ്പോഴും കോളനിക്കുള്ളിൽ മാത്രം പ്രവൃത്തി ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ;

(ഇ) ഇത്തരം നിബന്ധനകൾ കോളനി നവീകരണപദ്ധതികൾക്ക് തടസ്സമായി നിൽക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാങ്കേതിത്വം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം ഒരു മണ്ഡലത്തിൽനിന്നും രണ്ട് കോളനികളെ വീതമാണ് തെരഞ്ഞെടുക്കുവാൻ ലക്ഷ്യമിട്ടത്. എന്നാൽ എല്ലാ മണ്ഡലങ്ങളിലും അർഹമായ കോളനികൾ ഇല്ലാത്തതിനാൽ അർഹമായ കൂടുതൽ കോളനികളുള്ള മണ്ഡലങ്ങളിൽനിന്ന് കൂടുതൽ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടിലധികം കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ഡലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പുനലൂർ

2. കുണ്ടറ

3. റാന്നി

4. കോന്നി

5.വടക്കാഞ്ചേരി

6. ചാലക്കുടി

7. തരൂർ

8. ചിറ്റൂർ

9. ആലത്തൂർ

10. കുറ്റ്യാടി

11. ബേപ്പൂർ

12. കുന്ദമംഗലം

13. തിരുവമ്പാടി

(ബി) ഉണ്ട്. പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലകൾക്ക് അനുവദിച്ചു വരുന്നു. 20-14-2015 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും അതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലാതല സമിതിയുടെ ശിപാർശപ്രകാരം ജില്ലാകളക്ടർക്ക് നൽകാമെന്നും നിർദ്ദേശിച്ചിരുന്നു. ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്താവുന്നതാണ് :

1. കുടിവെള്ള വിതരണം : പട്ടികവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതു ടാപ്പും നൽകുന്ന പദ്ധതി.

2. ഗതാഗത സൗകര്യ വികസനം: കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം

3. വൈദ്യുതി വിതരണം : പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ.

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/സംസ്കാരം/ കായികം തുടങ്ങിയ) ഉതകുന്ന പ്രോജക്ടുകൾ DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

6. വിജ്ഞാൻ വാടികളുടെ ആവർത്തന ചെലവുകൾ :-

2015-16, 2016-17, 2018-19 വരെ കോർപ്പസ് ഫണ്ട് (1/3) ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ച തുക വിവരം ചുവടെ ചേർക്കുന്നു. (2017-18 ൽ ജില്ലകൾക്ക് സ്പിൽ ഓവർ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ)

| ജില്ല | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| തിരുവനന്തപുരം | 5,46,29,085 | 77,84,650 | 1,73,25,676 | 412,44,004 |
| കൊല്ലം | 6,47,24,368 | 7,74,66,269 | 3,91,05,110 | 3,56,00,000 |
| പത്തനംതിട്ട | 2,47,66,135 | 3,98,82,209 | 1,64,35,401 | 1,79,00,000 |
| ആലപ്പുഴ | 2,44,21,986 | 5,25,40,800 | 3,76,03,543 | 3,11,50,000 |
| കോട്ടയം | 2,50,69,726 | 3,88,36,450 | 1,98,43,254 | 2,05,50,433 |
| ഇടുക്കി | 1,85,89,500 | 2,92,20,000 | 2,64,91,720 | 1,58,00,000 |
| എറണാകുളം | 4,58,03,193 | 10,27,71,960 | 4,89,01,960 | 2,91,00,000 |
| തൃശ്ശൂർ | 6,16,41,731 | 7,83,11,785 | 3,57,04,159 | 3,52,00,000 |
| പാലക്കാട് | 10,07,84,891 | 8,10,70,000 | 6,59,42,271 | 5,33,91,843 |
| മലപ്പുറം | 6,70,03,067 | 7,94,90,024 | 6,53,81,500 | 8,13,82,855 |
| കോഴിക്കോട് | 3,67,15,193 | 2,24,12,000 | 2,24,11,926 | 2,16,00,000 |
| വയനാട് | 67,94,000 | 1,09,75,000 | 83,29,696 | 35,00,000 |
| കണ്ണൂർ | 1,54,19,819 | 2,13,45,000 | 16,50,000 | 90,00,000 |
| കാസർഗോഡ് | 1,23,37,306 | 1,37,81,391 | 31,06,391 | 89,06,391 |

(സി) പട്ടികജാതിക്കാരുടെ അഞ്ച് വീടുകളെങ്കിലും അടുത്തടുത്തുള്ള സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമില്ല.

(ഡി) തെരുവുവിളക്കുകൾ കോളനിക്കുള്ളിൽ മാത്രം സ്ഥാപിക്കണമെന്ന് നിബന്ധനയുണ്ട്. കോളനിയിലേയ്ക്കുള്ള റോഡും കോളനിക്കുള്ളിലെ ഭാഗവും

ഒന്നായി പരിഗണിച്ച് ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒരുമിച്ച് ചെയ്യുന്നതിന് തടസ്സമില്ല. 51% ഗുണഭോക്തൃ കുടുംബങ്ങൾ പട്ടികജാതിക്കാരായിരിക്കണം.

(ഇ) ഇപ്പോൾ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

56(831) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ നവീകരിക്കാൻ നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ രംഗത്ത് നിലവിലുള്ള പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും പുനർനിർമ്മാണം ആവശ്യമുള്ളതും അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിച്ചിരുന്നതുമായ പട്ടികജാതി കോളനികളെ 2012-13, 2013-14 സാമ്പത്തികവർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരവും 2016-17 സാമ്പത്തികവർഷം നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരവും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിരുന്നു.

പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും സാമൂഹിക സാമ്പത്തിക വികസനമാണ് ടി പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള സൗകര്യം, ശുചിത്വ സംവിധാനങ്ങൾ, കൃഷിയും ജലസേചനവും വരുമാനദായകമായ ക്ഷീര വികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, തയ്യൽ മറ്റ് സ്വയംതൊഴിൽ പരിപാടികൾ, ഗതാഗതവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, മണ്ണ് സംരക്ഷണം, കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിലെ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ഏജൻസികൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

57 (832) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്ക് ഫണ്ട് അനുവദിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ഓരോ കോളനിയിലും നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും അമരമംഗലം, കതിർപ്പറമ്പ് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം തുക അനുവദിക്കുന്നതാണ്.

(ബി) ടി കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതി

58(833) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പള്ളിമുകൾ കോളനി, കുറ്റ കോളനി എന്നിവയുടെ വികസനപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റ കോളനി കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിൽ തടസ്സം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർണമായും പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പള്ളിമുകൾ കോളനി, കുറ്റകോളനി എന്നിവയുടെ വികസന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. രണ്ട് കോളനികളിലേയും 25% വീതം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റകോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയും വാട്ടർ അതോറിറ്റിയും തമ്മിൽ തർക്കം വന്നതിനാൽ ജില്ലാ കളക്ടറുടേയും എം.എൽ.എ.-യുടേയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റിയും നിർവ്വഹണം നടത്തുന്നതിന് ഏജൻസിയും തയ്യാറാവുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

59(834) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര കോളനികളാണ് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ ഏറ്റെടുത്തിട്ടുണ്ട്;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഈ കോളനികളുടെ നവീകരണത്തിന് ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) എല്ലാ കോളനികളുടെയും ജോലികൾ വളരെ മന്ദഗതിയിലാണ് നീങ്ങുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഓരോ കോളനികളുടെയും നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

(ജി) സമയബന്ധിതമായി ഈ കോളനികളുടെ പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2 കോളനികളെയും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2 കോളനികളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും 2 കോളനികളെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് അംബേദകർ ഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും 2 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഓരോ കോളനിയിലും ഒരു കോടി രൂപയിൽ കവിയാത്ത തുകയ്ക്കുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(ഇ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനിയിലെ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(എഫ്)

| | |
|---|---|
| 1. ഇടപ്പള്ളി കോളനി | 90% പണികൾ പൂർത്തീകരിച്ചു. |
| 2. സചിവോത്തമപുരം | ആംബുലൻസ് വാങ്ങുന്നത് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. |
| 3. പുതുച്ചിറ കോളനി | MOU ഒപ്പു വയ്ക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4. അമര കോളനി | പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കമ്മ്യൂണിറ്റി ഹാളിന് സ്ഥലം ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. |

(ജി) ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

60(835) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് തുടക്കം കുറിച്ച പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാനത്തെ 280-ലധികം കോളനികളിലെ പ്രവൃത്തികൾ ഏറ്റെടുത്ത നിർമ്മിതികേന്ദ്രം ഉൾപ്പെടെയുള്ള ഏജൻസികൾ വരുത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ അലംഭാവം തുടരുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനും നിയമപരവും സമയബന്ധിതവുമായി പദ്ധതി പൂർത്തീകരിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അനുവദിച്ച സ്വയംപര്യാപ്തഗ്രാമം പദ്ധതിയുടെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

(ബി & സി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഡയറക്ടറേറ്റ് വഴിയും ജില്ലാ ഓഫീസ് വഴിയും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മന്ത്രിതലത്തിലും വകുപ്പ് തലത്തിലും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഒരു കോളനിയിലേയും നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിലെ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 കാലയളവ് മുതൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. ജില്ലാതല പ്രവർത്തക സമിതികളാണ് പ്രസ്തുത പദ്ധതികൾ അവലോകനം നടത്തുന്നത്. പദ്ധതി നിർവ്വഹണം നടത്തുന്നതിൽ വീഴ്ചവരുത്തി ഏജൻസികൾക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് സമയബന്ധിതമായ നോട്ടീസുകൾ പുറപ്പെടുവിക്കുകയും അല്ലാത്തപക്ഷം ടി ഏജൻസികളെ റിസ്ക് & കോസ്റ്റ്-ൽ ടെർമിനേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

2015-16 കാലഘട്ടത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം എന്നീ

ജില്ലകളിലായി 45 കോളനികളിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, നിലമ്പൂർ മുനിസിപ്പാലിറ്റി എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിരുന്നു. ടി കോളനികളിൽ 24 കോളനികളിലെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 7 കോളനികളിലെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ചുപോയതിനാൽ റിസ്ക് & കോസ്റ്റിൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുകയും പ്രസ്തുത പദ്ധതി റീടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 101 കോളനികളെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുകയും അവയിൽ ഫീസിബിളായ 97 കോളനികളുടെ നിർവ്വഹണ ഏജൻസികളായി സംസ്ഥാന നിർമ്മിതികേന്ദ്രം, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, വാപ്കോസ്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ നിർമ്മിതി കേന്ദ്രങ്ങളെയും തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ടി കോളനികളിൽ ഒന്നുംതന്നെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല.

ജില്ലകളിൽ നടക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി ബന്ധപ്പെട്ട ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി ഏകോപിപ്പിക്കുന്നുണ്ട്. ഇതിനുപുറമെ വകുപ്പിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

61(836) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിന് ഒരു കോടി രൂപ അടങ്കലുള്ള പദ്ധതിയിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ;

(സി) വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കാത്ത ഏജൻസികളെ ഒഴിവാക്കി പരമാവധി വേഗത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും മണ്ണാറത്തറ, ചെറുമിക്കാട് എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

ചെങ്ങന്നൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടില്ല.

(ബി) മേൽ പരാമർശിച്ചിട്ടുള്ള രണ്ട് കോളനികളുടെയും നിർമ്മാണ ചുമതല ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. ചെറുമിക്കാട് കോളനിയിലെ 70% പ്രവൃത്തികളും മണ്ണാറത്തറ കോളനിയിലെ 50% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എം.എൽ.എ. ശിപാർശ ചെയ്യുന്ന പക്ഷം വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കാത്ത ഏജൻസികളെ ഒഴിവാക്കി മറ്റ് അംഗീകൃത ഏജൻസികൾക്ക് പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പ്രളയത്തിൽ നശിച്ച പട്ടികജാതി കോളനികളുടെ പുനർനിർമ്മാണം**

62(837) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. കെ. എൻ. എ ഖാദർ</u>:
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ അടിസ്ഥാനസൗകര്യവികസനത്തിനും പുനർനിർമ്മാണത്തിനുമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ച് വിശദമായി വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രളയക്കെടുതിമൂലം അടിസ്ഥാനസൗകര്യ സംവിധാനങ്ങൾക്ക് വ്യാപകമായി നാശം സംഭവിച്ചിട്ടുള്ളതും പുനർനിർമ്മാണം ആവശ്യമുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 കോളനികളെ പുനഃനിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 20 സങ്കേതങ്ങളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തി ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

63(838) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര അംഗീകൃത പട്ടികജാതി കോളനികളുണ്ട് എന്നതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഷൊർണ്ണൂർ മണ്ഡലത്തിൽ ആകെ 310 അംഗീകൃത പട്ടികജാതി കോളനികളാണുള്ളത്. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി | മുനിസിപ്പാലിറ്റി/ ബ്ലോക്ക് | കോളനികളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി | 85 |
| 2 | അനങ്ങനടി | ഒറ്റപ്പാലം | 31 |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | ചളവറ | ഒറ്റപ്പാലം | 46 |
| 4 | നെല്ലായ | ഒറ്റപ്പാലം | 17 |
| 5 | തൃക്കടീരി | ഒറ്റപ്പാലം | 16 |
| 6 | വാണിയംകുളം | ഒറ്റപ്പാലം | 36 |
| 7 | വെള്ളിനേഴി | ശ്രീകൃഷ്ണപുരം | 39 |
| 8 | ചെർപ്പുളശ്ശേരി | ശ്രീകണ്ഠപുരം | 40 |
| ആകെ | | | 310 |

## പട്ടികവർഗ്ഗ കോളനികളുടെ നവീകരണം

64(839) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പശ്ചാത്തല സൗകര്യ വികസനമാണ് ടി പദ്ധതിയിലൂടെ നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തികൾ നടപ്പിലാക്കുന്നു.

1. ഭവന നിർമ്മാണം
2. ഭവന പുനരുദ്ധാരണം
3. കുടിവെള്ള സൗകര്യം
4. ശുചിത്വ സംവിധാനങ്ങൾ

5. കൃഷിയും ജലസേചനവും

6. വരുമാനദായകമായ ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, തയ്യൽ മറ്റ് സ്വയംതൊഴിൽ പരിപാടികൾ

7. ഗതാഗതവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

8. മണ്ണ് സംരക്ഷണം

9. കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ

ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 101 കോളനികളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമായ 97 കോളനികളിൽ 92 കോളനികളുടെ ഡി.പി.ആർ. ലഭ്യമാക്കുകയും 41 കോളനികളിൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 36 കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

65(840) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അംബേദ്ക്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്ന കോളനികളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ; നിശ്ചിത കാലപരിധിക്കുള്ളിൽ പ്രസ്തുത കോളനികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളാണ്.

1. പുഞ്ചവയൽ ഹരിജൻ കോളനി

2. വെടിയപ്പൻചാൽ കോളനി.

1. പുഞ്ചവയൽ ഹരിജൻ കോളനി

വിജ്ഞാൻവാടി കെട്ടിടം, ജോബ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നടപ്പാതയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

2. വെടിയപ്പൻചാൽ കോളനി

കളിസ്ഥലത്തിന്റെ നിർമ്മാണം, റ്റി. പി. സ്മാരക സാക്ഷരതാ ഭവനത്തിന്റെ പുനർനിർമ്മാണം, അംഗൻവാടി കെട്ടിടത്തിന്റെ പുനർനിർമ്മാണം, റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പുഞ്ചവയൽ കോളനിയുടെ നിർമ്മാണം 31-7-2019-നും വെടിയപ്പൻചാൽ കോളനിയുടെ പ്രവൃത്തി 31-12-2019-നും പൂർത്തീകരിക്കുന്നതാണ്.

**പട്ടിക വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി**

66(841) ശ്രീ. ബി. സത്യൻ :
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി എന്തെല്ലാം കർശനനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിക്രമത്തിനിരയായവരുടെ വിചാരണ, പുനരധിവാസം എന്നിവയ്ക്കായി പ്രത്യേക കോടതി, പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ടോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും, അവർക്ക് ആവശ്യമായ നഷ്ടപരിഹാരത്തുക നൽകുന്നതിനും അക്രമം നടത്തുന്നവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കിവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും 3 മാസത്തിലൊരിക്കൽ യോഗം ചേർന്നുവരുന്നുണ്ട്. ഇതുകൂടാതെ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ വർഷത്തിൽ 2 പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്. അതിക്രമം തടയൽ നിയമത്തെക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പോലീസ് വകുപ്പിന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെ കോളനികളിലൂൾപ്പെടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 4 പ്രത്യേക കോടതികൾ മലപ്പുറം (മഞ്ചേരി), വയനാട് (മാനന്തവാടി), കൊല്ലം (കൊട്ടാരക്കര), പാലക്കാട് (മണ്ണാർക്കാട്) എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ പോലീസ് ആസ്ഥാനത്ത് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രൊട്ടക്ഷൻ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) POA Act-ലെയും Rule-ലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസന്വേഷണങ്ങൾ '60' ദിവസത്തിനകവും കോടതി നടപടികൾ കഴിയുന്നത്ര 'മൂന്ന്' മാസത്തിനകവും പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കേസന്വേഷണത്തിന്റെയും കോടതി ട്രയൽ നടപടികളുടെയും പുരോഗതി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടെയും സംസ്ഥാനതലത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ വിലയിരുത്തുകയും യഥാസമയം കുറ്റപത്രം സമർപ്പിക്കുന്നു എന്നത് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. POA Act പ്രകാരം അതിക്രമത്തിന് ഇരയായവർക്ക് കേസ്സിന്റെ സ്വഭാവമനുസരിച്ച് (രജിസ്റ്റർ ചെയ്ത കേസ്സുകളിലെ സെക്ഷനുകൾക്കനുസരിച്ച്) 1 ലക്ഷം രൂപ മുതൽ 8.25 ലക്ഷം രൂപ വരെ വിവിധ നിരക്കുകളിൽ ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തെ ആദിവാസി കോളനി നിവാസികളിലെ മയക്കമരുന്ന് ഉപഭോഗം

67(842) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കോളനി നിവാസികൾ മയക്കമരുന്നുകൾക്ക് അടിമപ്പെടുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പ്രവണതയിൽനിന്നും കോളനി നിവാസികളെ മോചിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(സി) കോളനികളിൽ മയക്കമരുന്നിന്റെ ലഭ്യത തടയുവാൻ, സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. ഒറ്റപ്പെട്ട ചില കോളനികളിൽ കഴിയുന്ന ആദിവാസികളിലാണ് മയക്കമരുന്ന് ഉപയോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത്തരം കോളനികളിൽ പുറമെ നിന്നുള്ളവരുടെ സാന്നിദ്ധ്യം കൂടുന്നതായും ഇവർ മുഖേന മയക്കമരുന്ന് മുതലായ ലഹരി വസ്തുക്കൾ കോളനികളിൽ വിതരണം ചെയ്യപ്പെടുന്നതായും പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ട്. ഒറ്റ തിരിഞ്ഞതും അലസവുമായ ജീവിതശൈലി ചിലപ്പോഴെല്ലാം വിഷാദരോഗങ്ങൾക്ക് ഇടയാക്കുന്നതായും തന്നിമിത്തം ലഹരി ഉപയോഗത്തിന് അടിമപ്പെടുന്നതായും കണ്ടിട്ടുണ്ട്.

(ബി) ജനമൈത്രി പോലീസ്, എക്സൈസ് വകുപ്പ്, കമ്മിറ്റഡ് സോഷ്യൽ വർക്കർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ ട്രൈബൽ മേഖലകൾ സന്ദർശിച്ച് മദ്യത്തിന്റെയും മറ്റ് ലഹരി ഉത്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് തൊഴിൽ നൈപുണ്യ വികസന പദ്ധതികളും ജീവനോപാധി പ്രവർത്തനങ്ങളായ തൊഴിലധിഷ്ഠിത കോഴ്സുകളും ഗോത്രജീവിക, ഗോത്രരശ്മി തുടങ്ങിയവയും നടപ്പിലാക്കുന്നു.

(സി) പട്ടികവർഗ്ഗ കോളനികളിലെ മദ്യം, മയക്കമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ

പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഊരുകൂട്ട യോഗങ്ങൾ കൂടുമ്പോൾ വകുപ്പിലെ ഉദ്യോഗസ്ഥന്മാരും പ്രൊമോട്ടർമാരും ബോധവൽക്കരണ ക്ലാസുകൾ എടുക്കാറുണ്ട്. അതുകൂടാതെ നിരവധി ഊരുകൂട്ട സെമിനാറുകൾ വകുപ്പ് വർഷംതോറും സംഘടിപ്പിക്കാറുണ്ട്. ഊരുമൂപ്പന്മാർ, കോളനി നിവാസികൾ, സാമുദായിക നേതാക്കൻമാർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് സെമിനാറുകൾ സംഘടിപ്പിക്കുന്നത്. പ്രസ്തുത സെമിനാറുകളിൽ എക്സൈസ് വകുപ്പിന്റെ സഹകരണവും ഉറപ്പുവരുത്താറുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്ന പ്രഗത്ഭരെയും സാമൂഹ്യ പ്രവർത്തകരെയും ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

## വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ

68(843) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതിന് സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം പരിഗണിക്കാതെ തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം തള്ളപ്പെട്ട അപേക്ഷകരെ വനത്തിൽനിന്നും ഒഴിപ്പിക്കണമെന്ന സുപ്രീംകോടതിയുടെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സുപ്രീംകോടതി ആവശ്യപ്പെട്ടപ്രകാരം സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ഡി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതിനായി ഏപ്രിൽ 2019 വരെ 43129 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 11147 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. (ഗ്രാമസഭ - 4168, എസ്.ഡി.എൽ.സി. - 6072, ഡി.എൽ.സി. - 907) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു *

(ബി) വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ്സിന്റെ ഇടക്കാല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ സംസ്ഥാനത്ത് ജില്ലാതല സമിതി നിരസിച്ച 894 അപേക്ഷകരിൽ അനർഹർ വനഭൂമിയിൽ താമസിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിപ്പിച്ച് വിശദവിവരം സമർപ്പിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ട്.

(സി) സുപ്രീംകോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വിശദമാക്കി വിശദമായ അഫിഡവിറ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ്സിൽ വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിച്ചതിനുശേഷവും വനഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീം കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. കൂടാതെ ഇക്കാര്യം പരിശോധിച്ച് വിശദമായ അഫിഡവിറ്റ് സമർപ്പിക്കണമെന്നുകൂടി ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ അപേക്ഷകൾ പുനഃപരിശോധിക്കാൻ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾകൂടി പൂർത്തീകരിച്ച് ഇക്കാര്യത്തിലുള്ള വ്യക്തവും വിശദവുമായ സത്യവാങ്മൂലം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ

69(844) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ ഇഞ്ചൂരിൽ 6 ഏക്കറോളം വരുന്ന സർക്കാർഭൂമിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി സ്ഥലം വിട്ടുകിട്ടുന്നതുൾപ്പെടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിച്ചാൽ മണ്ഡലത്തിലെ പതിനാറിലധികം വരുന്ന ആദിവാസി കോളനികളിലെ കുട്ടികൾക്കും സമീപജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന കുട്ടികൾക്കും ഏറെ പ്രയോജനപ്പെടുമെന്നതിനാൽ ഇവിടെ സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി & സി) കോതമംഗലം താലൂക്കിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂരിൽ 125/1 എ/36-5, 125/1 എ/37-6, 125/1 എ/8-2 സർവ്വെ നമ്പരുകളിൽപ്പെട്ട ആറ് ഏക്കർ സ്ഥലം മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുകിട്ടുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഇത്തരം സർക്കാർ ഭൂമി പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**വയനാട് ജില്ലയിൽ നിയമിക്കപ്പെട്ട മെന്റർ ടീച്ചർമാർ**

70(845) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിയമിക്കപ്പെട്ട മെന്റർ ടീച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്; മെന്റർ ടീച്ചർമാരുടെ നിയമനം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മെന്റർ ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പ്രൈമറി ക്ലാസ്സുകൾക്കുള്ള 234 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി 'ഗോത്രബന്ധു' പദ്ധതി പ്രകാരം 241 പേരെ നിയമിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മെന്റർ ടീച്ചർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഇപ്പോൾ ആലോചനയില്ല.

(ബി) നിലവിൽ വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷം വയനാട് ജില്ലയിൽ പ്രൈമറി ക്ലാസുകളുള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 241 പേരെയും 2018-19 വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ പ്രൈമറി ക്ലാസുകളുള്ള 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 പേരെയും 'ഗോത്രബന്ധു' പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2017-18 അദ്ധ്യയന വർഷം 'ഗോത്രബന്ധു' പദ്ധതിയുടെ തുടക്കത്തിൽ മെന്റർ ടീച്ചർമാരുടെ ഓണറേറിയം 15,000 രൂപയായിരുന്നു. 17-3-2018 മുതൽ മെന്റർ ടീച്ചർമാരുടെ വേതനം പ്രതിദിനം 750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 21,900 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## നൂറ് ശതമാനം വിജയം നേടിയ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

71(846) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസനവകുപ്പിനുകീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകളിൽ എത്രയെണ്ണത്തിന് ഈ വർഷം എസ്.എസ്.എൽ.സി.-ക്ക് നൂറുശതമാനം വിജയം ലഭിച്ചിട്ടുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിനുകീഴിൽ 9 എം.ആർ.എസ്.-കൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 9 എം.ആർ.എസ്.-കളിലും 100 ശതമാനം വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

1. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ വെള്ളായണി - തിരുവനന്തപുരം

2. ആലപ്പുഴ – പുന്നപ്ര എം.ആർ.എസ്. - ആലപ്പുഴ

3. കീഴ്മാട് - എം.ആർ.എസ്. -എറണാകുളം

4. വടക്കാഞ്ചേരി - എം.ആർ.എസ്. - തൃശ്ശൂർ

5. ചേലക്കര – എം.ആർ.എസ്. - തൃശ്ശൂർ

6. തൃത്താല – എം.ആർ.എസ്. - പാലക്കാട്

7. കുഴൽമന്ദം - എം.ആർ.എസ്. - പാലക്കാട്

8. പീരുമേട് - എം.ആർ.എസ്. - ഇടുക്കി

9. വെള്ളച്ചാൽ - എം.ആർ.എസ്. - കാസർഗോഡ്

## സാമൂഹ്യപഠനമുറി പദ്ധതി

72(847) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യപഠനമുറി പദ്ധതി പ്രകാരം എത്ര സാമൂഹ്യപഠനമുറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഈ പദ്ധതി പ്രകാരം എത്ര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യപഠനമുറി പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 100 സാമൂഹ്യ പഠന മുറികൾ പ്രവർത്തിക്കുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ 5 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു.

## വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി

73(848) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗോത്രബന്ധു പദ്ധതി
2. സാമൂഹ്യപഠനമുറി
3. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി
4. ലാപ്ടോപ്പ് വിതരണം
5. സമഗ്ര-സാക്ഷരതാ പദ്ധതി
6. വിദേശ പഠനത്തിനുള്ള സഹായം
7. നൈപുണ്യ വികസന പദ്ധതികൾ
8. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും
9. ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും.

(ബി) (1) ഗോത്രബന്ധു പദ്ധതി : പട്ടകവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

(2) സാമൂഹ്യ പഠനമുറി: പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. 500 പഠനമുറികൾ കൂടി ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിൽ 100 എണ്ണം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 150 പഠനമുറികൾ ആരംഭിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(3) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി: അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(4) ലാപ്ടോപ്പ് വിതരണം: ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻപ്രകാരം 468 കുട്ടികൾ ലാപ്ടോപ്പ് വിതരണത്തിന് അർഹരായിട്ടുണ്ട്.

(5) സമഗ്ര-സാക്ഷരതാ പദ്ധതി: പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ മിഷൻ മുഖേന പഠനക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യതാപരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(6) വിദേശപഠനത്തിനുള്ള ധനസഹായം: സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(7) <u>നൈപുണ്യ വികസന പദ്ധതികൾ</u>:

1. ഐ.റ്റി. അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

2. ആധുനിക വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചു. ഇവിടെ 250 പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നു.

3. എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ) മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു. പരിശീലനം ലഭിച്ച 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്. ഈ സ്ഥാപനം മുഖേന 420 കുട്ടികൾക്ക് ആദ്യഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന 50 പേർക്ക് പരിശീലനം നൽകി ജോലി ലഭ്യമാക്കി. 75 വിദ്യാർത്ഥികൾക്കുള്ള പരിശീലനം കൂടി പൂർത്തിയായിവരുന്നു.

5. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL) മുഖേന അട്ടപ്പാടിയിൽ 21 പേർക്ക് ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് നൽകി ജോലി ലഭ്യമാക്കി.

6. എത്തിയോസ് എന്ന സ്ഥാപനം മുഖേന 125 പേർക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നൽകി പ്രമുഖ ഹോട്ടലുകളിൽ പ്ലേസ്മെന്റ് ലഭ്യമാക്കി. ഈ സ്ഥാപനം മുഖേന 130 വിദ്യാർത്ഥികൾക്കുള്ള പരിശീലനം തുടർന്നുവരുന്നു.

7. ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് മുഖേന ആയുർവ്വേദ നഴ്സിംഗ് കോഴ്സുകളിൽ 60 കുട്ടികൾക്കുള്ള പരിശീലനം നടന്നുവരുന്നു. കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന വിവിധ ആയുർവ്വേദ നഴ്സിംഗ് കോഴ്സുകളിൽ 159 പേർക്ക് പരിശീലനവും നടന്നുവരുന്നു. സി.ഡിറ്റ് എന്ന സർക്കാർ സ്ഥാപനം മുഖേന 60 യുവതീയുവാക്കൾക്ക് വീഡിയോഗ്രാഫി, ഡിജിറ്റൽ ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ വിവിധ ട്രേഡുകളിലായി 1380 പേർക്ക് നൈപുണ്യ പരിശീലനം നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(8) <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>: വകുപ്പിനുകീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാ ചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ, ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലുള്ള എം.ആർ.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു. കൂടാതെ പുതുതായി ഒരു എം.ആർ.എസും ഒരു സ്പോർട്സ് സ്കൂളും ആരംഭിക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(9) <u>ഹോസ്പിറ്റലുകളുടെ നവീകരണവും നിർമ്മാണവും</u>: വകുപ്പിനുകീഴിൽ 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 6 എണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന 2 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് 4 പ്രീ-മെട്രിക് ഹോസ്റ്റലും രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാകുകയും മൂന്ന് പ്രീ-മെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ ഹോസ്റ്റൽ-അക്കാദമിക് ബ്ലോക്കിന്റെയും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ നാല് ഹോസ്റ്റലുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

## പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള പഠന ആനുകൂല്യങ്ങൾ

74(849) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

നൽകുന്നുണ്ട്. കേരളത്തിനുപുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വകുപ്പുമുഖേന രണ്ട് തരത്തിലുള്ള സ്കോളർഷിപ്പ് നൽകിവരുന്നു.

I. കേരള സംസ്ഥാന ഗവൺമെന്റ് (ഇ-ഗ്രാന്റ്സ്) സ്കോളർഷിപ്പ്

II. ഇന്ത്യാ ഗവൺമെന്റിന്റെ സ്കോളർഷിപ്പ് (Post metric scholarship)

2-7-2019-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പ.ജ.പ.വ.വി.വ., 15-12-2018-ലെ സ. ഉ. (എംഎസ്.) നമ്പർ 96/2018/പ.ജ.പ.വ.വി.വ. എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേരളത്തിൽ നിലവിലില്ലാത്ത കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്കും കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവടങ്ങളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്നവർക്കും വരുമാനപരിധിയില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കും. ആനുകൂല്യത്തിനായുള്ള അപേക്ഷ കോഴ്സിന് ചേർന്ന് മൂന്നുമാസത്തിനകം സ്ഥാപന മേധാവി വഴി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ/പ്രോജക്ട് ആഫീസർക്ക് സമർപ്പിക്കണം.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

1. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
2. രക്ഷകർത്താവിന്റെ പേരിലുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്
3. വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
4. സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചത് ഏതടിസ്ഥാനത്തിലാണെന്ന് കാണക്കുന്നതിന് ബന്ധപ്പെട്ട അതോറിറ്റി നൽകിയ അലോട്ട്മെന്റ് ലെറ്റർ/സ്കോർ കാർഡിന്റെ പകർപ്പ്.
5. സർക്കാർ/യൂണിവേഴ്സിറ്റി/അംഗീകൃത അധികാര സ്ഥാപനം നിശ്ചയിച്ച കോഴ്സ് ഫീസ് കാണിക്കുന്ന രേഖ.
6. പഠിക്കുന്ന സ്ഥാപനം ഏത് വിഭാഗത്തിൽപ്പെടുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് (ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ്)
7. ഇതേ പഠനാവശ്യത്തിന് മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ലെന്ന് സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്.
8. എസ്.എസ്.എൽ.സി. മുതലുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ്.

അപേക്ഷകളിൽ അർഹത പരിശോധിച്ച് ജില്ലാതലത്തിൽ ആനുകൂല്യം അനുവദിച്ച് തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു.

കേരള ഗവൺമെന്റ് പദ്ധതിയായ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയില്ലാത്ത, കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖ പ്രകാരം ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു. അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

## എറണാകുളം ജില്ലയിലെ കോർപ്പസ് ഫണ്ട് വിനിയോഗം

75(850) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ 2016-17,2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുവദിച്ച തുക ഏതെല്ലാം പ്രവൃത്തികൾക്കായാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച കോർപ്പസ് ഫണ്ട് തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 538.7 |
| 2017-18 (Spill Over) | 439.02 |
| 2018-19 | 291 |

(ബി) 2016-17, 2018-19 വർഷങ്ങളിൽ അനുവദിച്ച പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ട്

76(851) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ 2018-19 വർഷത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) 2018-19 ൽ മണലൂർ മണ്ഡലത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും വിശദാംശംങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ 2018-19 വർഷത്തിൽ 1,02,00,000 രൂപ അനുവദിച്ചതിൽ 46,07,425 രൂപ ചെലവഴിച്ചു.

2018-19 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് തൃശ്ശൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 45 ലക്ഷം രൂപ അനുവദിച്ചതിൽ 43,06,397 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2018-19-ൽ മണലൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് തുക അനുവദിച്ചിട്ടില്ല.

## ആദിവാസി പുനരധിവാസ വികസന മിഷൻ

77(852) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി.മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന ആദിവാസി പുനരധിവാസ വികസനമിഷന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആദിവാസി പുനരധിവാസ വികസനമിഷന്റെ ഭാഗമായി പ്രഖ്യാപിച്ച കോളനി വികസനപ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ആദിവാസിജനവിഭാഗത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ഈ വിഭാഗക്കാർക്ക് വേണ്ടത്ര അവബോധമുണ്ടാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി പുനരധിവാസ വികസനമിഷന്റെ പുരോഗതി വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി 2001-ൽ രൂപീകൃതമായതാണ് റ്റി.ആർ.ഡി.എം. അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ. നാളിതുവരെ മിഷൻ മുൻകയ്യെടുത്ത് സംസ്ഥാനമൊട്ടാകെ 8906 കുടുംബങ്ങൾക്കായി 10661 ഏക്കർ ഭൂമി വിതരണം ചെയ്യാൻ സാധിച്ചു. ഇതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, മിച്ചഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ ഉൾപ്പെടുന്നു. കൂടാതെ ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 825 കുടുംബങ്ങൾക്ക് 386 ഏക്കർ ഭൂമി വാങ്ങി നൽകാൻ സാധിച്ചു.

വനാവകാശ നിയമപ്രകാരം 25825 കുടുംബങ്ങൾക്ക് 34565.76 ഏക്കർ ഭൂമിക്ക് വനാവകാശരേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 10943 ഭൂരഹിത കുടുംബങ്ങളാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനായി ഭൂമി വാങ്ങിനൽകുന്ന പദ്ധതി, വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പ്രവൃത്തികൾ ടി മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഭൂരഹിതരായിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുക എന്നതാണ് ആദിവാസി പുനരധിവാസ വികസനമിഷന്റെ പ്രധാന ദൗത്യമെങ്കിലും പുനരധിവാസമേഖലകളിലെ വികസനപ്രവൃത്തികളും മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവസിപ്പിച്ച പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ സുഗന്ധഗിരി-പൂക്കോട് പുനരധിവാസ മേഖലകളിൽ ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 23.78 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) പട്ടികവർഗ്ഗ ജനവിഭാഗത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും ആനുകൂല്യങ്ങൾ സംബന്ധിച്ചും വേണ്ടത്ര അവബോധമുണ്ടാക്കാൻ വർഷംതോറും എല്ലാ പദ്ധതികളെയും ഉൾക്കൊള്ളിച്ച് കൈപുസ്തകം പ്രസിദ്ധീകരിക്കുന്നു. കൂടാതെ ട്രൈബൽ പ്രമോട്ടർമാർ മുഖേനയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും പദ്ധതികളെക്കുറിച്ച് വ്യാപകമായ പ്രചരണം നടത്തുന്നുണ്ട്. ഓരോ വർഷത്തെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് ബഡ്ജറ്റ് സർക്കുലർ പുറത്തിറക്കുന്നു. കൂടാതെ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അറിയുന്നതിനായി സംസ്ഥാന തലത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴി വിവരങ്ങൾ നൽകിവരുന്നു.

**ആദിവാസികൾക്ക് ഭൂമി**

78(853) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പത്ത് ലക്ഷം ആദിവാസി കുടുംബങ്ങളെ വനത്തിൽനിന്നും ഒഴിപ്പിക്കുവാനുള്ള സുപ്രീംകോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് തിരിച്ചടിയാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട്ടിലെ ആദിവാസി കുടുംബങ്ങളിൽ എത്ര ശതമാനം പേർക്ക് വനാവകാശ നിയമപ്രകാരം ഇതിനകം ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ വനാവകാശ നിയപ്രകാരം ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളെ ഈ വിധി എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസി വിഭാഗങ്ങളെ കുടിയൊഴിപ്പിക്കൽ ഭീഷണിയിൽനിന്നും രക്ഷിക്കുന്നതിന് ഏത് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ്സിൽ വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിച്ചതിനുശേഷവും വനഭൂമിയിൽ

താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീം കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി ഇക്കാര്യത്തിലുള്ള വിശദമായ അഫിഡവിറ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകുന്നതാണ്. കൂടാതെ, ഈ കേസ്സിൽ സുപ്രീം കോടതിയുടെ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുമില്ല. ആയതിനാൽ ടി ഉത്തരവ് വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് തിരിച്ചടിയാകുന്നില്ല. മാത്രവുമല്ല, വയനാട് ജില്ലയിൽ ഡി.എൽ.സി. നിരസിച്ച അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങളിൽ 12.56 ശതമാനം പേർക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്.

(സി) നിലവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ച കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശരേഖ നൽകുന്നതിൽ ഈ വിധി തടസ്സമാകുന്നില്ല.

(ഡി) സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വ്യക്തമാക്കി വിശദമായ അഫിഡവിറ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകുന്നതാണ്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരം അപേക്ഷിച്ചവരുടെ അപേക്ഷ അകാരണമായി നിരസിച്ചുവോയെന്ന പരിശോധന നടത്തി നടപടി സ്വീകരിച്ചുവരികയാണ്.

വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കാൻ അർഹരായ എല്ലാവർക്കും കൈവശരേഖ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ

79(854) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സമുദായങ്ങളിലെ അംഗങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ ഏതെങ്കിലും സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I പട്ടിക 3 പ്രകാരമുള്ള ഒ.ബി.സി. പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഇവകൂടാതെ മുഖാരി/മൂവാരി, നായിഡു, കമ്മാറ, ബോയൻ, കോടാങ്കിനായ്ക്കൻ (തെക്കൻ കേരളത്തിലെ എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിലുൾപ്പെട്ടവർ) എന്നീ സമുദായങ്ങളെക്കൂടി സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പിന്നാക്ക വിഭാഗങ്ങളുടെ ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(സി) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I പട്ടിക 3 പ്രകാരമുള്ള ഒ.ബി.സി. പട്ടികയിൽ ചേർത്തിട്ടുള്ളവർ മാത്രമാണ് ഒ.ബി.സി. പട്ടികയിലുൾപ്പെട്ടിട്ടുള്ളത്.

**പിന്നാക്ക സമുദായ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ**

80(855) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്കസമുദായ ക്ഷേമവകുപ്പ് പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ മേൽവിലാസം ലഭ്യമാക്കുമോ;

(സി) ഉദ്യോഗാർത്ഥികൾക്കായി വകുപ്പിന്റെ കീഴിൽ എവിടെയൊക്കെയാണ് മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക സമുദായ വികസന വകുപ്പ് കുംഭാര കോളനി നവീകരണം എന്ന പുതിയ പദ്ധതി ആരംഭിക്കുകയും നിലവിലുണ്ടായിരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിക്ക് രണ്ട് പുതിയ ഘടകങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു.

1. അരിവാൾ കോശ രോഗികൾക്ക് സ്വയംതൊഴിൽ ഗ്രാന്റ്.
2. ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്റ്റാർട്ട് അപ് സബ്സിഡി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിന് ജില്ലാതല ഓഫീസുകളില്ല. തിരുവനന്തപുരത്ത് ഡയറക്ടറേറ്റും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് മേഖലാ ഓഫീസുകളുമാണുള്ളത്. ടി ഓഫീസുകളുടെ വിലാസം അനുബന്ധമായി ചേർക്കുന്നു.*

(സി) വകുപ്പിനുകീഴിൽ മത്സരപ്പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല.

**പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം**

81(856) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ പിന്നാക്കവിഭാഗങ്ങളുടെ സമഗ്രവികസനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും വിഭാഗങ്ങളെ മറ്റ് പിന്നാക്കവിഭാഗങ്ങളുടെ (ഒ.ബി.സി.) ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) OBC/SEBC/OEC വിഭാഗങ്ങളിലെ കുട്ടികൾക്ക് എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കുംഭാര കോളനികളിൽ നവീകരണപദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ പ്രകാരം മുഖാരി/മൂവാരി, നായിഡു, കമ്മാറ, കോടാങ്കി നായ്ക്കൻ (തെക്കൻ കേരളത്തിലെ എറണാകുളം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെട്ടവർ) എന്നീ സമുദായങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുകയും മലബാർ പ്രദേശത്തുമാത്രം പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന 'ബോയൻ' സമുദായത്തെ സംസ്ഥാനം മുഴുവനായി പിന്നാക്ക വിഭാഗത്തിലുൾപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) OBC/SEBC/OEC വിഭാഗങ്ങളിലെ കുട്ടികൾക്ക് നൽകുന്ന വിദ്യഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്തിലെ കുംഭാര കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പദ്ധതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനി നവീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

**ആക്ടുകളും ചട്ടങ്ങളും**

82(857) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി നിയമസഭ പാസ്സാക്കിയ എത്ര ആക്ടുകളുടെ ചട്ടങ്ങൾ രൂപീകരിച്ച് നടപടികൾ പൂർത്തിയാക്കി എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**കരട് ചർച്ച് ബിൽ**

83(858) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ ചർച്ച് ബില്ലിന്റെ കരട് അതിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ബിൽ ന്യൂനപക്ഷ അവകാശങ്ങളെ കവർന്നെടുക്കുന്നതും ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങളെ നിഷേധിക്കുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് കമ്മീഷൻ സ്വമേധയാ തയ്യാറാക്കി അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ബിൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത ബിൽ സംബന്ധിച്ച് സർക്കാരിൽ വന്ന നിവേദനങ്ങൾ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നയപരമായ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

## കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ

84(859) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈസ്തവ സഭാ സ്ഥാപനങ്ങളിലും പള്ളികളിലും സ്വത്ത് തർക്കമുണ്ടായാൽ ആയത് പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് നിലവിലുള്ള സിവിൽ നിയമം അനുസരിച്ച് കോടതികൾക്ക് ഇത്തരം സ്വത്ത് തർക്കങ്ങളിൽ ഇടപെടുന്നതിന് എന്തെങ്കിലും പ്രതിബന്ധമുണ്ടോ യെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയ കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ബില്ലിന് സർക്കാർ എതിരാണെങ്കിൽ ഏത് സാഹചര്യത്തിലാണ് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ ഇപ്രകാരമൊരു ബിൽ കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനിടയായത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം സ്വത്ത് തർക്കമുണ്ടായാൽ സിവിൽ നിയമങ്ങൾ പ്രകാരമുള്ള പരിഹാരമാർഗ്ഗങ്ങൾ തേടാവുന്നതാണ്.

(ബി) രാജ്യത്തെ സിവിൽ നിയമമനുസരിച്ച് ഇത്തരം സ്വത്ത് തർക്കം സംബന്ധിച്ച കേസ്സുകളിൽ സിവിൽ കോടതികൾക്ക് ഇടപെടുന്നതിന് പ്രതിബന്ധമൊന്നുമില്ല.

(സി) ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവയുണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമാണ് കേരള നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കമ്മീഷൻ, കമ്മീഷന്റെ വെബ്സൈറ്റിൽ ഒരു കരട് ബിൽ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ സർക്കാർ സ്വീകരിച്ചാൽ മാത്രമേ പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ നിയമനിർമ്മാണം നടത്തുകയുള്ളൂ. ഇതുസംബന്ധച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പോക്സോ കേസ് സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് പരിശീലനം

85(860) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് പ്രോസിക്യൂട്ടർമാർക്ക് വർഷംതോറും ജുഡീഷ്യൽ അക്കാദമിയിൽ പരിശീലനം നൽകുമ്പോൾ പോക്സോ കേസ് കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് പരിശീലനം ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പോക്സോ കോടതികളുള്ളത്; പോക്സോ കോടതി ഇല്ലാത്ത ജില്ലകളിൽ കൂടി ഇത്തരം കോടതികൾ സ്ഥാപിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ്;

(സി) കോടതികളുടെ എണ്ണത്തിലെ കുറവും കേസുകളുടെ വർദ്ധനവും കാരണം കേസുകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത് ഇരകളുടെ മൊഴിമാറ്റം അടക്കമുള്ള കാര്യങ്ങൾക്കും അതുവഴി കേസ് ദുർബലപ്പെടുന്നതിനും വഴി ഒരുക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ ഉൾപ്പെടെയുള്ളവർക്ക് കേരള ജുഡീഷ്യൽ അക്കാദമിയിൽ 2017 നവംബർ മാസം 17, 18 തീയതികളിൽ പരിശീലനം നൽകിയിരുന്നു. 2019 ആഗസ്റ്റ് മാസവും ടിയാളുകൾക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ജില്ലാ സെഷൻസ് കോടതികളിൽ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ജില്ലകളിലെ ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അധികാരപ്പെടുത്തിയിട്ടുണ്ട്. പോക്സോ കേസുകൾമാത്രം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി & ഡി) കോടതികളുടെ എണ്ണത്തിലെ കുറവുകാരണം കേസ് ദുർബ്ബലപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചർച്ച് ബിൽ**

86(861) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ ക്രിസ്ത്യൻ ദേവാലയങ്ങളെ നിയന്ത്രിക്കുന്നതിനായി ചർച്ച് ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചിരുന്നോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ;

(സി) വിവിധ സംഘടനകൾ പ്രതിഷേധം അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ബിൽ പിൻവലിക്കുവാൻ നിയമപരിഷ്ക്കരണ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതുപ്രകാരം കമ്മീഷൻ കരട് ബില്ല് പിൻവലിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ എന്ന പേരിൽ ഒരു കരട് ബിൽ സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ സ്വമേധയാ തയ്യാറാക്കുകയും ആയത് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ബിൽ സംബന്ധിച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് നൽകിയിട്ടില്ല.

(സി) കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് കേരള നിയമപരിഷ്കരണ കമ്മീഷൻ സ്വമേധയാ തയ്യാറാക്കി പൊതുജനാഭിപ്രായത്തിനായി അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ അനുവദിച്ചിരുന്ന സമയപരിധി അവസാനിച്ചതിനാൽ പ്രസ്തുത കരട് ബിൽ വെബ്സൈറ്റിൽനിന്നും കമ്മീഷൻ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നയപരമായ നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഈ വിഷയം സംബന്ധിച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുമില്ല.

## കേരള കലാമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

87(863) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിലവിൽ എന്തെല്ലാം നിർമ്മാണപ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയത്തിന്റെയും ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെയും നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയം

സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 5.8 കോടി രൂപയിൽനിന്നും നാളിതുവരെ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുകയായ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളും ഏറ്റെടുത്തിരിക്കുന്നത്. രംഗകലാ മ്യൂസിയത്തിന്റെ ലിഫ്റ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ഇലക്ട്രോണിക്സ് വർക്കിന്റെ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## സിനിമാ മേഖല പഠിക്കുന്നതിനായി നിയോഗിച്ച സമിതികൾ

88(864) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതിക്ക് കാലാവധി നീട്ടി നൽകിയോ; എങ്കിൽ എന്നുവരെയെന്നും സമിതി അംഗങ്ങൾ ആരൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സമിതിയോട് എന്നത്തേയ്ക്ക് റിപ്പോർട്ട് നൽകാനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

### <u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. സാംസ്കാരികകാര്യ വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനായി നിലവിലെ സിനിമാ റഗുലേഷൻ ആക്ടും റൂളും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് 20-1-2018-ലെ സ. ഉ. (സാധാ.) നമ്പർ 30/2018/സാം.കാ.വ. 25-5-2018-ലെ സ. ഉ. (സാധാ.) നമ്പർ 363/2018/സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ദ്ധസമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി ആക്ടിന്റെ കരട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതിക്ക് കാലാവധി 31-5-2019 വരെയാണ് ദീർഘിപ്പിച്ച് നൽകിയിരുന്നത്. ഹൈക്കോടതി ജസ്റ്റീസായി വിരമിച്ച ജസ്റ്റിസ് കെ. ഹേമയാണ് സമിതി അദ്ധ്യക്ഷ. മുൻ പാർലമെന്റ് അംഗവും നടിയുമായ ശ്രീമതി ശാരദ, റിട്ടയേർഡ് പ്രിൻസിപ്പിൽ സെക്രട്ടറിയായ ശ്രീമതി കെ. ബി. വൽസല കുമാരി എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

(സി) 16-11-2017-ലെ സ. ഉ. (സാധാ.) നമ്പർ 661/2017/സാം.കാ.വ. ഉത്തരവ് പ്രകാരം സമിതിക്ക് 6 മാസക്കാലയളവാണ് നിശ്ചയിച്ച് നൽകിയിരുന്നത്. സമഗ്രമായ പഠനത്തിന് അധികസമയം ആവശ്യമാണെന്ന സമിതി അദ്ധ്യക്ഷയുടെ അഭ്യർത്ഥന പരിഗണിച്ച് 2-7-2018-ലെ സ. ഉ. (സാധാ.) 25/2018/സാം.കാ.വ., 19-1-2019-ലെ സ.ഉ. (കൈ) നമ്പർ 2/2019/സാം.കാ.വ., 14-5-2019-ലെ സ.ഉ. (കൈ) നമ്പർ 12/2019/സാം.കാ.വ. എന്നീ ഉത്തരവുകൾ പ്രകാരം 2019 മേയ് 31 വരെയാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്.

## സിനിമാ റെഗുലേറ്ററി അതോറിറ്റി

89(865) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളെയും ഉൾക്കൊള്ളിക്കുന്ന പുതിയ നിയമം കൊണ്ടുവരണമെന്നും സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്നും അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ സമിതി ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958-ലെ സിനിമാ റെഗുലേഷൻ ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂളും പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ. ഉ. (സാധാ.) നമ്പർ 30/2018/ സാം.കാ.വ., 25-5-2018-ലെ സ. ഉ. (സാധാ.) നമ്പർ 363/2018/സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

90(866) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച തീരുമാനം എന്നാണ് എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെന്നറിയിക്കാമോ;

(സി) ഈ പദ്ധതിക്കായി കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് ഇതിനകം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. അംഗീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതര ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരമുള്ള തുക അനുവദിക്കുന്നതിന് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 5-2-2019 ആയി നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| ജില്ല | തുക |
|---|---|
| കൊല്ലം | 44,40,70,000 രൂപ |
| പാലക്കാട് | 56,48,00,000 രൂപ |
| കാസർഗോഡ് | 36,20,00,000 രൂപ |

കൂടാതെ ടി പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി സെന്റേജ് ചാർജ്ജിനത്തിൽ 3,64,11,257 രൂപ ടി പദ്ധതിയുടെ എസ്.പി.വി. ആയ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബി ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

**ജസ്റ്റിസ് ഹേമ കമ്മീഷൻ**

91(867) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര രംഗത്തെ വനിതകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കമ്മീഷനെ നിയമിച്ചത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചലച്ചിത്ര രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ 1-7-2017-ലെ സ. ഉ. (കൈ.) നമ്പർ 16/2017/സാം.കാ.വ. പ്രകാരം സർക്കാർ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന ആകെ 34,49,156 (മുപ്പത്തിനാല് ലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരത്തി ഒരുന്നൂറ്റി അമ്പത്തിയാറ് രൂപ മാത്രം) രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

## സിനിമാരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമനിർമ്മാണം

92(868) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ:

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്തെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സിനിമാരംഗത്തെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമഗ്ര നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) സിനിമാ രംഗത്തെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-7-2017-ലെ സ. ഉ. (കൈ.) നമ്പർ 16/2017/സാം.കാ.വ. പ്രകാരം ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി സമിതിയെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 1958-ലെ സിനിമാ റെഗുലേഷൻ ആക്ടും 1988-ലെ സിനിമാ റെഗുലേഷൻ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് 20-1-2018-ലെ സ. ഉ. (സാധാ.) നമ്പർ 30/2018/സാം.കാ.വ., 25-5-2018-ലെ സ. ഉ. (സാധാ.) നമ്പർ 363/2018/സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**കലാകാരന്മാരുടെ ക്ഷേമം**

93(869) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കലാകാരൻമാരുടെ ക്ഷേമം നിലനിർത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായമായ കേരള സംസ്ഥാന കലാകാര പെൻഷൻ 750 രൂപയിൽനിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 569 കലാകാരന്മാർക്ക് പുതുതായി കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട്. അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് അടിയന്തര ചികിത്സാധനസഹായം നൽകുന്ന പദ്ധതി പ്രകാരം 129 കലാകാരന്മാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ദ്ധരുടെയും പ്രാദേശിക നൈപുണ്യം ശക്തിപ്പെടുത്തുക, കലാകാരന്മാർക്കും കരകൗശല വിദഗ്ദ്ധർക്കുമായി നൈപുണ്യ പ്രദർശന വേദികൾ ഒരുക്കുക, കരകൗശല കലാകാരന്മാരെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ നൽകുക എന്നിവയ്ക്കായി കലാകാരന്മാർക്കുള്ള ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കലാ പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാനുദ്ദേശിച്ചുള്ള നാട്ടരങ്ങ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും വിവിധ കലകൾ അഭ്യസിച്ചിട്ടുള്ള ആയിരം യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് പ്രതിമാസം 10,000 രൂപ സാംസ്കാരിക വകുപ്പും 5,000 രൂപ തദ്ദേശസ്വയംഭരണ വകുപ്പും ഫെലോഷിപ്പ് നൽകി വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ സാമൂഹ്യകേന്ദ്രങ്ങളിൽ കലാപഠനത്തിൽ താല്പര്യമുള്ളവരെ പങ്കെടുപ്പിച്ച് കലാകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സാധിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിമാസം 1000 രൂപ നൽകിയിരുന്ന കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പെൻഷൻ തുക രണ്ട് ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് നിലവിൽ 3000 രൂപ നിരക്കിൽ നൽകിവരുന്നു. ക്ഷേമനിധി ബോർഡിൽനിന്നും അനുവദിച്ചിരുന്ന പരമാവധി ചികിത്സാ ധനസഹായം 75,000 രൂപയായിരുന്നത് 1,50,000 രൂപയായി വർദ്ധിപ്പിച്ചു. ഫാമിലി പെൻഷൻ 750 രൂപയായിരുന്നത് 1100 രൂപയായി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ ലഭിച്ചിരുന്നവരുടെ എണ്ണം 1,500-ൽനിന്നും 2,731 ആയി വർദ്ധിച്ചു. കൂടാതെ 106 പേർക്ക് കുടുംബ പെൻഷനും നൽകിവരുന്നു. മലബാർ പ്രദേശത്ത് 6 ജില്ലകളിൽ (പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിച്ച് അവിടെയുള്ള കലാകാരന്മാർക്ക് ക്ഷേമനിധി അംഗത്വവും നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി കലാകാരന്മാരുടെ ക്ഷേമം നിലനിർത്തുന്നതിന് പ്രതിമാസം 1000 രൂപ പെൻഷൻ നൽകിവരുന്നു. കൂടാതെ ആരോഗ്യപരമായി അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് പരമാവധി 25,000 രൂപ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

കേരള സംഗീത നാടക അക്കാദമി കലാകാരന്മാരുടെ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകിവരുന്നു.

കേരള ഫോക്‌ലോർ അക്കാദമി നാടൻകലാരംഗത്ത് പ്രവർത്തിക്കുന്നവരും രോഗംമൂലം അവശതയനുഭവിക്കുന്നവരുമായ കലാകാരന്മാർക്ക് രോഗത്തിന്റെ കാഠിന്യമനുസരിച്ച് പരമാവധി 25,000 രൂപ വരെ ചികിത്സാ സഹായം അനുവദിച്ചുവരുന്നു.

നാടൻകല അഭ്യസിക്കുന്ന 10 വയസ്സ് മുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേയ്ക്ക് നൽകിവരുന്നുണ്ട്.

ഒരു വർഷത്തിൽ 100-ൽ കുറയാത്ത കലാസംഘങ്ങൾക്ക് ഗ്രാമങ്ങളിലെ വായനശാലകളിൽ/ക്ലബ്ബുകളിൽ പരിപാടി അവതരിപ്പിക്കാൻ ഫോക്‌ലോർ അക്കാദമി ചെലവിൽ അവസരം നൽകിവരുന്നു. നാടൻ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ നൽകിവരുന്നു.

## ഭരത് മുരളി നാടക പരിശീലന കളരി

94(870) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ ഭരത് മുരളി നാടക പരിശീലന കളരിക്കായി പണം അനുവദിച്ചത് എന്നാണെന്നും എത്ര തുക അനുവദിച്ചിരുന്നുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത് ;

(സി) നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠനകേന്ദ്രം നിർമ്മിക്കുന്നതിനായി 23-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 212/18/ സാം.കാ.വ. പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വെളിയം ഗ്രാമഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറിലാണ് പദ്ധതിയുടെ നിർമ്മാണ ചുമതല നിക്ഷിപ്തമാക്കിയിട്ടുള്ളത്.

(സി) ഭരത് മുരളി നാടക പഠനകേന്ദ്രം നിർമ്മിക്കുന്നതിനുള്ള സ്ഥാപനത്തിനെ കണ്ടെത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ആയത് 12-3-2019-ൽ ഓപ്പൺ ചെയ്യുകയും 29-5-2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## നൂറനാട് നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി

95(871) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതി നടപ്പിലാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ സാംസ്കാരിക വകുപ്പും ലളിതകല അക്കാദമിയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതി രേഖയും വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ലളിതകലാ അക്കാദമിയുടെ 30-10-2018-ൽ കൂടിയ നിർവ്വാഹക സമിതി യോഗം ചർച്ച ചെയ്തു. നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകുംവിധം കെട്ടിടം നിർമ്മിച്ച് ലഭിക്കുകയും കൂടാതെ പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടി ഒരുക്കി അക്കാദമിയെ ഏല്പിക്കുകയാണെങ്കിൽ നടത്തിപ്പ് ലളിതകലാ അക്കാദമി ഏറ്റെടുക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ തീരുമാനം അക്കാദമിയെ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-1-2019-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് പടനിലം സന്ദർശിക്കുന്നതിന് അക്കാദമി എക്സിബിഷൻ ഓഫീസറെ നിയോഗിക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് പ്രകാരം നന്ദികേശ ശില്പരൂപങ്ങളും ചരിത്രരേഖകളും അടങ്ങിയ കേരളീയ പൈതൃക സ്വഭാവത്തിലുള്ള 40 അടിയോളം ഉയരമുള്ള കൂറ്റൻ ശില്പങ്ങൾ സ്ഥാപിക്കാൻ പറ്റുന്ന വിധത്തിലുള്ള വിപുലമായ ഒരു മ്യൂസിയം നിർമ്മിക്കുന്നതിന് നിർദ്ദേശിക്കുകയും അപ്രകാരം മ്യൂസിയം നിർമ്മിക്കുന്ന പക്ഷം ക്ഷേത്ര കമ്മിറ്റി ഓഫീസിന്റെ ഒന്നാം നിലയിലുള്ള 2200 ചതുരശ്രയടി വലുപ്പമുള്ള ഹാൾ അക്കാദമിയുടെ ആർട്ട് ഗ്യാലറിയായി പരിവർത്തനം ചെയ്യാമെന്ന് മാത്രമല്ല, സാമാന്യം ഭേദപ്പെട്ട ഒരു സ്റ്റോർ റൂമും നിർമ്മിക്കാമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യം ക്ഷേത്രകമ്മിറ്റി അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**കുഞ്ചൻ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ**

96(872) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏക സാംസ്കാരിക സ്ഥാപനമായ കുഞ്ചൻ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ;

(ബി) 1-7-2016 മുതൽ 31-3-2019 വരെ കുഞ്ചൻ സ്മാരകത്തിനായി എത്ര തുക അനുവദിച്ചു; ഏതെല്ലാം ഇനങ്ങളിൽ; എന്തിനെല്ലാം വേണ്ടിയായിരുന്നു അനുവദിച്ചത്; വിശദമായ റിപ്പോർട്ട് നൽകാമോ?

<u>ഉത്തരം</u>

(എ & ബി) പാലക്കാട് ജില്ലയിൽ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്/വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള വിവിധ ധനസഹായങ്ങൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്:

| സാമ്പത്തിക വർഷം | ക്രമ നമ്പർ | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 2016-17 | 1 | 1394000 രൂപ | ചുറ്റമതിൽ നിർമ്മാണം, കിണർ നിർമ്മാണം, കെടാവിളക്ക് സംരക്ഷണം |
| | 2 | 10,00,000 രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 3 | 25,00,000 രൂപ | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം |
| | 4 | 4,00,000 രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| 2017-18 | 5 | 9,50,000 രൂപ | അടിസ്ഥാന സൗകര്യ വികസനം |
| | 6 | 5,00,000 രൂപ | തുള്ളൽ മഹോത്സവം നടത്തിപ്പ് |
| | 7 | 5,00,000 രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| | 8 | 3,00,000 രൂപ | കലാ പ്രവർത്തനങ്ങൾക്കുള്ള അധിക ധനസഹായം |
| 2018-19 | 9 | 4,95,000 രൂപ | ക്ലാസ് മുറികൾ നിർമ്മാണം |
| | 10 | 5,00,000 രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| | 11 | 50,00,000 രൂപ | വിവിധ വികസന പ്രവർത്തനങ്ങൾക്ക് |
| 2019-20 | 12 | 5,00,000 രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |

## കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം

97(874) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കപ്പെട്ട കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനും ഇവിടെ നിർമ്മിച്ചിട്ടുള്ള കൃത്രിമ തടാകത്തിൽ ഒരുക്കിയിട്ടുള്ള പെഡൽ ബോട്ട് സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ഉല്ലാസത്തിനായി വിട്ടുനൽകുന്നതിനും വേണ്ട നടപടികൾ വേഗത്തിലാക്കുമോ;

(ബി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും പ്രസ്തുത പദ്ധതി യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) ലോകപ്രസിദ്ധ കാർട്ടൂണിസ്റ്റ് ശ്രീ. ശങ്കറിന്റെ സ്മരണാർത്ഥം നിർമ്മിച്ച കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയത്തിന് അനുബന്ധമായ സ്ഥലത്താണ് കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം ആരംഭിച്ചത്. റവന്യൂ വകുപ്പിന്റെ 15-11-2014-ലെ സ. ഉ. (കൈ.) 474/2014/റവ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം വില്ലേജിലുൾപ്പെട്ട റീസർവ്വേ നമ്പർ 90/2 ആയ 1.57.96 ഹെക്ടർ ഭൂമിയിൽ കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയം ആരംഭിക്കുന്നതിനാണ് റവന്യൂ വകുപ്പ് സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുള്ളത്. എന്നാൽ കാർട്ടൂൺ മ്യൂസിയത്തിന് അനുബന്ധമായുള്ള ഭൂമിയിൽ മുൻ സ്ഥലം എം.എൽ.എ./എം.പി.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നടത്തിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ സാംസ്കാരികകാര്യ വകുപ്പിന്റെ പങ്കാളിത്തമുണ്ടായിട്ടില്ല. ടി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രവർത്തനം ആകർഷകമാക്കുന്നതിനുതകുന്ന തരത്തിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ലഭ്യമാക്കിയ വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പരിശോധിച്ച് ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഗ്രന്ഥശാലകൾക്കുള്ള സഹായം

98 (875) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രന്ഥശാലകൾക്ക് സാംസ്കാരിക വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

സംസ്ഥാന ബഡ്ജറ്റ്/ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന/വകയിരുത്തുന്ന വിവിധ ധനസഹായങ്ങളും (ഒറ്റത്തവണ/സ്പെഷ്യൽ), സാംസ്കാരിക വകുപ്പിൽനിന്ന് കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി അനുവദിച്ചുവരുന്ന അനാവർത്തന/ആവർത്തന ധനസഹായങ്ങളും ഗ്രന്ഥശാലകൾക്ക് അനുവദിക്കാറുണ്ട്. എന്നാൽ നിലവിൽ ഗ്രന്ഥശാലകൾക്ക് ഗ്രന്ഥശാലാ സംഘങ്ങൾ വഴിയാണ് സഹായങ്ങൾ അനുവദിക്കുന്നത്.

## നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡലം അലവൻസിന്റെ മാനദണ്ഡങ്ങൾ

99(T* 876) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങൾക്ക് നൽകുന്ന നിയോജകമണ്ഡലം അലവൻസിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് ചെലവഴിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതായി വരുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) നിയോജകമണ്ഡലം അലവൻസ് ജനപ്രതിനിധികളുടെ വരുമാനമായി കണക്കാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നിയമസഭാംഗങ്ങൾക്ക് ശമ്പളവും മറ്റ് അലവൻസുകളും നിശ്ചയിച്ചിട്ടുള്ളത്. 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) നിയമത്തിലെ സെക്ഷൻ (3), (4) എന്നിവപ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് തുടങ്ങിയവർക്ക് നിലവിൽ 40,000 രൂപയും സെക്ഷൻ 8(1) (aa) പ്രകാരം മറ്റ് നിയമസഭാംഗങ്ങൾക്ക് 25,000 രൂപയുമാണ് നിയോജകമണ്ഡലം അലവൻസായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലുൾപ്പെടുത്തി അനുവദിക്കുന്ന നിയോജകമണ്ഡലം അലവൻസ് വരുമാനമായി കണക്കാക്കാവുന്നതും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ലാത്തതുമാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ

100(877) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫേഴ്സിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2018-19 അധ്യയന വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫേഴ്സ് കോട്ടയം ജില്ലയിലെ സ്കൂളുകളിലും കോളേജുകളിലും നടത്തിയ പ്രോഗ്രാമുകൾ വിശദമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫേഴ്സ് സർക്കാർ ജീവനക്കാർക്കായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) പാർലമെന്ററികാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യമൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ, മോഡൽ പാർലമെന്റ് മത്സരം, ഉപന്യാസം/ക്വിസ്സ്/പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തിവരുന്നു. മേൽപ്പറഞ്ഞവ കൂടാതെ മികച്ച എഴുത്തുകാരെ പരിചയപ്പെടുത്തുന്ന "Conversation with the Author" എന്ന പ്രോഗ്രാമും നടത്തിവരുന്നു.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ കോട്ടയം ജില്ലയിലെ 9 സ്കൂളുകളിൽ സെമിനാർ നടത്തി ഒരു സ്കൂളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് സംഘടിപ്പിച്ചു. കൂടാതെ രണ്ട് കോളേജുകളിൽ സെമിനാറുകളും മൂന്ന് കോളേജുകളിൽ മോഡൽ പാർലമെന്റ് മത്സരവും നടത്തി. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ ജീവനക്കാർക്കായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനിതാ സിനിമാ സംവിധായകർക്ക് ധനസഹായം

101(878) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സ്ത്രീശാക്തീകരണ കാഴ്ചപ്പാടിന് അനുസൃതമായി വനിതാ സംവിധായകർക്ക് സിനിമ ഒരുക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് നൽകുന്നതെന്നും ഇതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതാശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി വനിതാ സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തരം നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഫീച്ചർ ഫിലിമുകളുടെ വിതരണം ഉൾപ്പെടെയുള്ള ആകെ ചെലവിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 20-6-2019 ആണ്.

(സി) മലയാള സിനിമാ നിർമ്മാണത്തിനുള്ള തിരക്കഥയും ബഡ്ജറ്റും, ചിത്രത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന നടീനടന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും വിശദവിവരങ്ങൾ, സംവിധായകരുടെ വിശദമായ ബയോഡാറ്റ എന്നിവ സഹിതം സ്വീകരിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡിലെ ഒരു എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ടവരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽ മികച്ചവരെ കണ്ടെത്തി സിനിമാ നിർമ്മാണം ഏല്പിക്കുകയുമാണ് ഇതുസംബന്ധിച്ചുള്ള പ്രധാന നിബന്ധന.

## വനത്തിൽനിന്നും മണൽ, തടി എന്നിവയുടെ ശേഖരണം

102(879) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് വനത്തിലും വനമേഖലയിലും അടിഞ്ഞുകൂടുന്ന മണലും തടിയും ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും സൗജന്യമായി നൽകുന്നതിനുമുള്ള അവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയത്തിൽ പമ്പയുടെ ഇരുകരകളിലും അടിഞ്ഞുകൂടിയ മണൽ മാറ്റുന്നതിനോ വിൽക്കുന്നതിനോ സൗജന്യമായി നൽകുന്നതിനോ ആർക്കെങ്കിലും അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പമ്പാനദിയുടെ ഏതെങ്കിലും ഭാഗം പെരിയാർ റിസർവ്വിലൂടെ കടന്നുപോകുന്നുണ്ടോയെന്നും ആ ഭാഗത്തുള്ള മണൽ നീക്കം ചെയ്യുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) മുഖ്യവനപാലകൻ പ്രസ്തുത സ്ഥലത്തെ മണൽ വിൽപ്പന നടത്തിയപ്പോഴും സൗജന്യമായി നൽകിയപ്പോഴും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും ഗ്രീൻ ട്രിബ്യൂണലിന്റെയും അനുമതി ലഭിച്ചിട്ടുണ്ടായിരുന്നോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെയും വന്യജീവികളുടെയും വനസമ്പത്തിന്റെയും സംരക്ഷണം ഉറപ്പുവരുത്താതെയും നൽകിയിട്ടുള്ള ഉത്തരവ് പുനഃപരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) റിസർവ് വനത്തിലും വനമേഖലയിലും അടിഞ്ഞുകൂടുന്ന മണലും തടിയും ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള അവകാശം വനം വകുപ്പിൽ നിക്ഷിപ്തമാണ്. മണലും തടിയും സൗജന്യമായി നൽകുന്നതിനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) കേരളത്തിലെ മഹാപ്രളയത്തിൽ റാന്നി വനം ഡിവിഷനിൽപ്പെട്ട പമ്പാ ത്രിവേണി മേഖലയിൽ മലവെള്ളപ്പാച്ചിലിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി എഫ് നമ്പർ 8-2/2019-എഫ്.സി. തീയതി 26-2-2019 പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ഈ മണൽ താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം വിറ്റഴിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്.

1. G.O. (Rt.) No. 48/2019/F&WLD dated 6-2-2019
2. G.O. (Rt.) No. 169/2019/F&WLD dated 13-5-2019
3. G.O. (Ms.) No. 11/2019/F&WLD dated 22-5-2019
4. G.O. (Ms.) No. 12/2019/F&WLD dated 22-5-2019

മേൽ ഉത്തരവുകൾ പ്രകാരം 55000 ക്യൂബിക് മീറ്റർ മണൽ ഇ-ഓക്ഷൻ മുഖാന്തരം പൊതുലേലത്തിലും 15000 ക്യൂബിക് മീറ്റർ ചില്ലറ വിൽപ്പനക്കായി

നിജപ്പെടുത്തിയും 20000 ക്യൂബിക് മീറ്റർ ദേവസ്വം ബോർഡിന് സൗജന്യമായും നൽകുന്നതിന് അനുമതിയായിട്ടുള്ളതാണ്. കേന്ദ്രാനുമതിയുടെയും മേൽ സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പെരിയാർ റിസർവ് 1899-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള റിസർവ് വനമാണ്. പമ്പാനദി പെരിയാർ റിസർവ്വിലൂടെ കടന്നുപോകുന്നില്ല. എന്നാൽ പമ്പാ നദിയുടെ അമ്പലക്കടവ് മുതൽ ത്രിവേണി വരെയുള്ള ഏകദേശം 4 കിലോമീറ്റർ ഭാഗം മൗണ്ട് പ്ലാറ്റോ റിസർവ് വനത്തിനുള്ളിൽ പെരിയാർ ടൈഗർ റിസർവ്വിലൂടെ കടന്നുപോകുന്നു. പെരിയാർ റിസർവ്വിൽനിന്നോ പെരിയാർ ടൈഗർ റിസർവ്വിൽനിന്നോ മണൽ നീക്കം ചെയ്യുന്നില്ല.

(ഡി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ എഫ്. നമ്പർ 8-2/2019 -എഫ്.സി. തീയതി 26-2-2019 പ്രകാരം മണൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കേന്ദ്രാനുമതിയോടെ മണൽ നീക്കം ചെയ്യുന്നതിന് ഗ്രീൻ ട്രിബ്യൂണലിന്റെ അനുമതി ആവശ്യമില്ല.

(ഇ) ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചും വന്യജീവികളുടെയും വനസമ്പത്തിന്റെയും സംരക്ഷണം ഉറപ്പുവരുത്തിയുമാണ് ഇപ്രകാരം മണൽ ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും സർക്കാർ ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഉത്തരവ് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

**വനസംരക്ഷണം**

103(880) <u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u>:
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷഫലങ്ങൾ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നശിച്ചുപോയ വനങ്ങൾക്ക് പകരം എത്ര ഹെക്ടർ സ്ഥലത്താണ് പുതുതായി മരങ്ങൾ നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വനം വകുപ്പ് സ്വീകരിക്കുന്ന നടപടികളെല്ലാം തുടർപദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജെണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.

- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യമൊരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.

- വന മേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുക ലക്ഷ്യമിട്ട് ചെക്ക് ഡാമുകൾ, വാട്ടർ ഹോൾ, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്ധ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ 'ഇന്റഗ്രേറ്റ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് ' എന്ന പദ്ധതി നടപ്പിലാക്കുന്നു.

• വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി വനസംരക്ഷണം ഉറപ്പുവരുത്തുകയും അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

• ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്ന വനസംരക്ഷണവും പരിപാലനവും നടപ്പിലാക്കുന്നുണ്ട്.

• വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോര തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായവും ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹനവും ധനസഹായവും ചെയ്യുന്ന പദ്ധതികളും നടപ്പാക്കുന്നു.

• നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

(ബി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ സ്വാഭാവിക വനങ്ങളുടെ പരിപാലനത്തെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേക ശാസ്ത്രീയ പഠനം വനം വകുപ്പ് നടത്തിയിട്ടില്ല. എന്നിരുന്നാലും സ്വാഭാവികമായും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം വനങ്ങളുടെ വളർച്ചയേയും പുനരുദ്ധാരണത്തെയും വനമേഖലയിലെ ജലലഭ്യതയേയും മറ്റും പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർ ഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും പ്രത്യേക മേഖലകളിൽ നടത്താറുണ്ട്. സ്വാഭാവിക വനങ്ങളുടെ ഉന്നമത്തിനായി പുതിയ തൈകൾ വച്ചുപിടിപ്പിക്കലും നിലവിലുള്ളവയുടെ പരിപാലനവും നടത്തപ്പെടുന്നു.

(സി) 2019-20 സാമ്പത്തികവർഷം 446.8 ഹെക്ടർ വനപ്രദേശം മരങ്ങൾ നട്ടുപിടിപ്പിച്ച് പരിചരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടാതെ തേക്കുതോട്ട നിർമ്മാണത്തിനായി 380.06 ഹെക്ടർ വനഭൂമിയും കണ്ടെത്തിയിട്ടുള്ളതാകുന്നു.

(ഡി) വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു:

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവന ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾ തലത്തിൽ തയ്യാറാക്കി.

- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire Prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരംതിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.

- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.

- കാട്ടുതീയുണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തി.

- സ്ഥിരമായുള്ളതും താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിച്ചു.

- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർ ഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.

- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ്നെറ്റ് വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.

- കാട്ടുതീയുണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിച്ചു.

- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവ് നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റേഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്./ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.

• ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.

• ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തി.

• കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

• ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.

• അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.

• കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിപ്പിച്ചു.

• സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു 'സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ' രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നു.

**ഓപ്പറേഷൻ ജന്മഭൂമി പദ്ധതി**

104(881) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കേഷ്യ ഉൾപ്പെടെയുള്ള വിദേശമരങ്ങളുടെ വ്യാപകമായ വളർച്ച തടയുന്നതിനും കൂട്ടത്തോടെ ഒഴിവാക്കുന്നതിനുമായി ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിൽ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) തദ്ദേശീയ മരങ്ങൾ വ്യാപകമായി വച്ചുപിടിപ്പിക്കുവാനും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തെ ആയതിന്റെ ചുമതല ഏല്പിക്കുവാനും നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) അക്കേഷ്യ ഉൾപ്പെടെയുള്ള വിദേശ മരങ്ങളുടെ വ്യാപകമായ വളർച്ച തടയുന്നതിനും കൂട്ടത്തോടെ ഒഴിവാക്കുന്നതിനുമായി ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിൽ പദ്ധതി നടപ്പിൽവരുത്തിയിട്ടില്ല.

(ബി) സാമൂഹ്യ വനവൽക്കരണ വിഭാഗമുണ്ടാക്കി വിതരണം ചെയ്യുന്ന തൈകളെല്ലാം തദ്ദേശീയ മരങ്ങളാണ്.

**വനവിഭവങ്ങളിൽനിന്നുള്ള വരുമാനം**

105(882) ശ്രീ. രാജു എബ്രഹാം:
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിഭവങ്ങളുടെ ഉല്പാദനത്തിലും വനത്തിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സാധാരണക്കാർക്ക് ഗൃഹനിർമ്മാണത്തിനാവശ്യമായ തടി ന്യായമായ നിരക്കിൽ ലഭ്യമാക്കാനായി സർക്കാർ തടി ഡിപ്പോകളിൽ ചില്ലറ വില്പന ആരംഭിച്ചിട്ടുണ്ടോ;

(സി) വനത്തിൽ നിന്നും മണൽ ശേഖരിച്ച് ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി മണൽ വിപണന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങളനുസരിച്ച് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ ഓരോ ഡിവിഷന്റെയും വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി തടി/വിറക് വിൽപ്പന ഉൾപ്പെടെയുള്ള വിവിധ വരുമാനമാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ വനം വകുപ്പിന്റെ വിവിധ ഡിപ്പോകൾ വഴി 259 കോടി രൂപയുടെ വരുമാനം ചന്ദനമുൾപ്പെടെയുള്ള തടി വിൽപ്പനയിലൂടെ ലഭ്യമായിട്ടുണ്ട്. 2019-20 വർഷത്തിൽ 275 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. 2018 ആഗസ്റ്റ് മാസംമുതൽ വനം വകുപ്പിന്റെ തെരഞ്ഞെടുത്ത 6 ഡിപ്പോകൾ വഴി ചന്ദനം ചില്ലറ വിൽപ്പന നടത്തിവരുന്നു.

2018 വർഷത്തിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നിവ ശേഖരിക്കുന്നതിന് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നുവെങ്കിലും ശേഖരണം നടന്നിട്ടില്ല.

വനം വകുപ്പിലെ വിവിധ ടെറിട്ടോറിയൽ ഡിവിഷനുകളിൽനിന്നും അംഗീകൃത വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസരണമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും പരമ്പരാഗത പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും ഗോത്രവർഗ്ഗ ഈറ്റവെട്ട് തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2018 വർഷത്തിൽ 9700 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ പ്രാദേശികാടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ സർക്കാർ ഉത്തരവ് (കൈ.) 3/2018/വനം തീയതി 9-2-2018 പ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണം നിയമാനുസൃതമായി നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 31-3-2019 വരെ വനം വകുപ്പ് 288.90 കോടി രൂപ റവന്യൂ വരുമാനമായി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ശബരിമലയിലെ പമ്പയിൽ ഉദ്ദേശം 90,000 ക്യൂബിക് മീറ്റർ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്.

ഇങ്ങനെ അടിഞ്ഞുകൂടിയ മണൽ വിൽപ്പനയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ 20000 ക്യൂബിക് മീറ്റർ ട്രാവൻകൂർ ദേവസ്വം ബോർഡിന് സൗജന്യമായി അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്ന 70000 ക്യൂബിക് മീറ്റർ മണലിന്റെ വിൽപ്പനയിലൂടെ ഉദ്ദേശം 10 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

വിവിധ നിയമപ്രശ്നങ്ങൾ കാരണം സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ മുറിച്ച് വിൽപ്പന നടത്താൻ കഴിയാത്ത സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സ.ഉ. (സാധാ.) നമ്പർ 168/2019/ വനം തീയതി 10-5-2019 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കി നിയമപ്രകാരമുള്ള അനുമതികൾ ലഭ്യമാകുന്നപക്ഷം വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങളുടെ ഘട്ടംഘട്ടമായിട്ടുള്ള മുറിക്കൽ-വിൽപ്പനകളിലൂടെ വലിയ തോതിലുള്ള വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ബി) സാധാരണക്കാർക്ക് ഗൃഹനിർമ്മാണത്തിനാവശ്യമായ തടി ന്യായമായ നിരക്കിൽ ലഭ്യമാക്കാനായി സംസ്ഥാനത്തെ എല്ലാ സർക്കാർ തടി ഡിപ്പോകളിലും തേക്ക് തടിയുടെ ചില്ലറ വിൽപ്പന നടത്തിവരുന്നുണ്ട്.

(സി) വനത്തിൽനിന്നും മണൽ ശേഖരിച്ച് ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം വനം ഡിവിഷനുകീഴിലെ കുളത്തൂപ്പുഴയിൽ വനശ്രീ മണൽ വിപണന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെനിന്നും നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആവശ്യക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മണൽ വാങ്ങുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ പമ്പാ ഭാഗത്ത് അടിഞ്ഞുകൂടിയ മണൽ വിൽപ്പന നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുള്ളതും വിൽപ്പന നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുള്ളതുമാണ്.

## വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന കോടതിവിധി

106(883) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന 4-9-2015-ലെ ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) വിധി നടപ്പിലാക്കുവാൻ സർക്കാർ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് കൂടുതൽ സമയം ആവശ്യപ്പെട്ടത് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്ത് 1-1-2018 നുശേഷം ഏതെങ്കിലും മേഖലകളിൽ വനം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) 1-1-1977-ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് കയ്യേറ്റം നടന്നതെന്നും വ്യക്തമാക്കുമോ;

(ഇ) വനഭൂമി കയ്യേറിയവരുടെ സംഘടിത ചെറുത്ത് നില്പും ഭരണകക്ഷിയിൽ പ്പെട്ട പ്രാദേശിക രാഷ്ട്രീയകക്ഷികളുടെ ഇടപെടലും കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുവാൻ വിഘാതം സൃഷ്ടിക്കുന്നതായ ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. കേരള ലാന്റ് കൺസർവൻസി ആക്ട്, 1957, കേരള ഫോറസ്റ്റ് ആക്ട് 1961 എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതിവിധി കൈപ്പറ്റിയ തീയതി മുതൽ ആറ് മാസത്തിനകം ആരംഭിച്ച് അടുത്ത ആറ് മാസത്തിനകം പൂർത്തീകരിക്കുന്നതിനും 4-9-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിധി നടപ്പിലാക്കുന്നതിനായി അധികസമയം ആവശ്യപ്പെട്ടുകൊണ്ടും 1961-ലെ കേരള വനനിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതില്ലാത്തതിനാൽ അക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടും സർക്കാർ ഈ കേസിൽ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത ഐ.എ. 1248/16, ഐ.എ. 1250/16 എന്നീ അപേക്ഷകൾ ആവശ്യപ്പെട്ട കാലയളവ് അധികരിച്ച സാഹചര്യത്തിൽ ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഐ.എ. 1249/16, ഐ.എ. 1251/16 എന്നീ അപേക്ഷകൾ ഇതുവരെ തീർപ്പുകൽപ്പിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിധി നടപ്പിലാക്കുവാൻ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കാൻ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അധിക സമയം ആവശ്യമായതിനാലും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തത ആവശ്യമായതിനാലുമാണ് സർക്കാർ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടത്. നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ സമർപ്പിച്ച ഐ.എ. 1249/16, ഐ.എ. 1251/16 എന്നീ അപേക്ഷകളിൽ ഉത്തരവായിട്ടില്ല.

(സി) 1-1-2019-ലെ എസ്.എൽ.എം.സി. മീറ്റിംഗിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 5-3-2018-നുശേഷം മണ്ണാർക്കാട് ഡിവിഷനിൽ 04.45 ഹെക്ടർ വനഭൂമിയും മൂന്നാറിൽ ഒരു ഏക്കർ വനഭൂമിയും കോതമംഗലം ഡിവിഷനിൽ 2.50 ഏക്കർ വനഭൂമിയും കയ്യേറിയിട്ടുണ്ട്. ടി കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റടിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർനിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പ് 2015-2016 സാമ്പത്തികവർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു. ഹൈക്കോടതി ഉത്തരവനുസരിച്ച് നാളിതുവരെ 280.4566 ഏക്കർ ഭൂമിതിരിച്ചുപിടിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭപരിപാടികളും പ്രദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകളുമൊക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. മേൽ സംഗതികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

**വനം കയ്യേറ്റം**

107(884) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി ആരംഭിക്കുമോ;

(ബി) വനം കയ്യേറ്റം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഈ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും വനാതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ/കയ്യാലകൾ നിർമ്മിച്ചും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനാതിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതും ഉദ്ദേശം 700 കി.മീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനം കയ്യേറ്റം തടയുന്നതിന് നടപടി

108(885) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെകൊടുക്കുന്നു:

| ക്രമനമ്പർ | ജില്ല | കയ്യേറിയ വനഭൂമിയുടെ വിസ്തൃതി (ഹെക്ടർ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | കൊല്ലം | 0.322 | ഒഴിപ്പിച്ചു |
| 2. | തൃശ്ശൂർ | 1.3279 | ഒഴിപ്പിച്ചു |
| 3. | ഇടുക്കി | 3.04 | |
| 4. | പാലക്കാട് | 41.998 | ഒഴിപ്പിച്ചു |
| 5. | കോഴിക്കോട് | 5.004 | |
| 6. | വയനാട് | 68.0750 | ഒഴിപ്പിച്ചു |

(ബി)

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 9 |
| 3 | പത്തനംതിട്ട | 1 |
| 4 | ഇടുക്കി | 10 |
| 5 | തൃശ്ശൂർ | 6 |
| 6 | പാലക്കാട് | 124 |
| 7 | മലപ്പുറം | 110 |
| 8 | കോഴിക്കോട് | 4 |
| 9 | കണ്ണൂർ | 10 |

(സി) പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റശ്രമങ്ങളെല്ലാം അപ്പപ്പോൾത്തന്നെ ഒഴിപ്പിച്ചുവരുന്നുണ്ട്. എന്നാൽ പുതിയ കയ്യേറ്റശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. 1-1-1977-നുശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസുകളിൽ 4-9-2015-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽനിന്നും കയ്യേറ്റക്കാർക്ക് സമയപരിധി വച്ച് ഒഴിഞ്ഞുപോകാൻ നോട്ടീസുകൾ നൽകിവരുന്നു. എന്നാൽ തദ്ദേശീയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പിനെത്തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 8-11-2002-ലെ ജി. ഒ. (എംഎസ്.) നമ്പർ 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതുപോലെതന്നെ സർക്കിൾ കൺസെർവേറ്റർമാർ ചെയർമാന്മാരായ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും 6-3-2003-ലെ ജി.ഒ. (എംഎസ്.) 15/03/വനം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗംകൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും നിരന്തരമായി അതിർത്തി പരിശോധന, പെട്രോളിംഗ് എന്നിവ നടത്തിയും കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2016-2017-ൽ 12,500 ജണ്ടകളും 2017-18-ൽ 14416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തിയിൽ വേർതിരിച്ചിട്ടുണ്ട്. 1-4-2018-ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കാനുള്ള വനാതിർത്തിയുടെ നീളം ഉദ്ദേശം 2013 കിലോമീറ്ററാണെന്ന് (ഉദ്ദേശം 45,060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 14618 ജണ്ടകൾ നിർമ്മിച്ച് ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികൾ സംരക്ഷിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്നതിന് വനഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-2017 മുതൽ 30 പേരടങ്ങുന്ന 7 ബാച്ചുകളിലായി 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ എട്ടാമത്തെ ബാച്ചിലായി 30 പേരുടെ പരിശീലനം നടന്നുവരുന്നുമുണ്ട്.

**വനസംരക്ഷണ നടപടികൾ**

109(886) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>:
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, മനുഷ്യരുടെ ഇടപെടലുകൾ എന്നിവ കാരണമുണ്ടാകുന്ന കാട്ടുതീ വൻ തോതിൽ വനം നശിപ്പിക്കാനിടയാക്കുന്നതും തന്മൂലം വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശത്തേയ്ക്ക് കൂടുതലായി ഇറങ്ങി പ്രശ്നങ്ങൾ സൃഷ്ടികുന്നതും കണക്കിലെടുത്ത് വനം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാട്ടുതീ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ പരിശോധിച്ച് അത് ഫലപ്രദമായി തടയുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വനസംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ കാര്യക്ഷമതയും അറിയിക്കുമോ?

## ഉത്തരം

(എ) വനം സംരക്ഷിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളും പ്രവൃത്തികളും ചുവടെചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജെണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.

- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്കാവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യമൊരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടത്തിവരുന്നു.

- സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ തുടങ്ങിയവയുടെ നിർമ്മാണത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നു.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുക.

- വനമേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുക ലക്ഷ്യമിട്ട് ചെക്ക് ഡാമുകൾ, വാട്ടർ ഹോൾ, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി വനസംരക്ഷണം ഉറപ്പുവരുത്തുന്നു.

(ബി) കാട്ടുതീ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ പരിശോധിച്ച് അത് ഫലപ്രദമായി തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വനം വകുപ്പ് സ്വീകരിക്കുന്ന നടപടികളെല്ലാം തുടർ പദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന കർമ്മ പദ്ധതികൾ ചുവടെചേർക്കുന്നു.

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജെണ്ടകൾ കെട്ടിവേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.

- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്കാവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യമൊരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തി ക്കള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടത്തിവരുന്നു.

- സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ തുടങ്ങിയവയുടെ നിർമ്മാണത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുക.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുക.

- വന മേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുക ലക്ഷ്യമിട്ട് ചെക്ക് ഡാമുകൾ, വാട്ടർ ഹോൾ, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി വനസംരക്ഷണം ഉറപ്പുവരുത്തുന്നു.

- ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നീ പദ്ധതികൾ വിഭാവന ചെയ്യുന്ന വനസംരക്ഷണവും പരിപാലനവും നടപ്പിലാക്കുന്നുണ്ട്.

• വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായവും ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹനവും ധനസഹായവും ചെയ്യുന്ന പദ്ധതികളും നടപ്പാക്കുന്നു.

• നിലവിലുള്ള ഘനമരതോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

മേൽ വിവരിച്ചതിലുപരി കാട്ടുതീ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ബൃഹത്തായ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കാറുണ്ട്. അവയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു:

• വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയൽ മാനേജ്മെന്റ് പ്ലാൻ' സർക്കിൾ തലത്തിൽ തയ്യാറാക്കി.

• കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire Prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരംതിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.

• കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.

• കാട്ടുതീയുണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തി.

• സ്ഥിരമായുള്ളതും താല്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിച്ചു.

• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.

• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ് വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.

• കാട്ടുതീയുണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിക്കുന്നു.

• സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാന്മാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റേഡിയോവിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

• ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്/ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.

• ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ&റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.

• ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.

• കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

• ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപംനൽകി.

• അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.

• വനം വകുപ്പ് ആസ്ഥാനത്ത് കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിപ്പിച്ചു.

• സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ&റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.

ടി പദ്ധതികളുടെ പൂർത്തീകരണത്തിന് വിവിധ തലങ്ങളിലായി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നുണ്ട്. ഫീൽഡ് തലത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡന്മാരും, സർക്കിൾ

തലത്തിൽ ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും തുടർച്ചയായി പദ്ധതികളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. കൂടാതെ വനംവകുപ്പ് ആസ്ഥാനത്ത് ഉന്നത വന ഉദ്യോഗസ്ഥരുടെ മാസഅവലോകന മീറ്റിംഗിലും സർക്കാർ തലത്തിലും പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

## പ്രളയത്തിൽ വനമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

110(887) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വനമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വാഭാവിക ജൈവവൈവിധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനമേഖലയിൽ, ജൈവവൈവിധ്യത്തിന് ഭീഷണിയായി അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി കേന്ദ്രാനുമതി നേടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ വനമേഖലയിലുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വനംവകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രളയാനന്തരം വനമേഖലയിൽ സ്വാഭാവിക ജൈവ വൈവിദ്ധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടില്ല.

(സി) പമ്പ-ത്രിവേണി പ്രദേശത്ത് അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രാനുമതി നേടിയിട്ടുണ്ട് (എഫ്.നമ്പർ.8-9/2019-എഫ്.സി. തീയതി 26-2-2019). മേൽ അനുമതിയുടെ വെളിച്ചത്തിൽ 6-2-2019-ലെ ജി. ഒ. (ആർറ്റി.) നമ്പർ 48/2019/ വനം, 13-5-2019-ലെ ജി. ഒ. (ആർറ്റി.) നമ്പർ 169/2019 വനം, 22-5-2019-ലെ ജി. ഒ. (എംഎസ്.) നമ്പർ 12/2019 വനം എന്നീ സർക്കാർ ഉത്തരവുകൾ ഇറക്കുകയും ടി ഉത്തരവുകൾ പ്രകാരം 20000 ക്യൂബിക് മീറ്റർ മണൽ ട്രാവൻകൂർ ദേവസ്വം ബോർഡിന് സൗജന്യമായി അനുവദിക്കുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

55000 ക്യൂബിക് മീറ്റർ മണൽ മൊത്തവില്പനയ്ക്കായി നിജപ്പെടുത്തുകയും 15000 ക്യൂബിക് മീറ്റർ മണൽ ചില്ലറ വില്പനയ്ക്കായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ ദേവസ്വം ബോർഡ് മണൽ നീക്കംചെയ്യുന്നത് ആരംഭിച്ചിട്ടുണ്ട്. മൊത്തവില്പനയിൽ 1000 ക്യൂബിക് മീറ്റർ മണൽ വില്പന നടത്തിയിട്ടുള്ളതാണ്. മൊത്തവില്പന തുടർന്നുകൊണ്ടിരിക്കുന്നതും ചില്ലറ വില്പനയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

## പ്രളയത്തിൽ വനമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച പരിശോധന

111(888) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ വനമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രളയത്തിൽ സ്വാഭാവിക ജൈവവൈവിധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വനമേഖലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായി അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി കേന്ദ്രാനുമതി നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

### ഉത്തരം

(എ) പ്രളയത്തിൽ വനമേഖലയിലുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് വനം വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രളയാനന്തരം വനമേഖലയിൽ സ്വാഭാവിക ജൈവ വൈവിധ്യത്തിൽ മാറ്റം വന്നതായി കണ്ടെത്തിയിട്ടില്ല.

(സി) പമ്പ-ത്രിവേണി പ്രദേശത്ത് അനിയന്ത്രിതമായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രാനുമതി നേടിയിട്ടുണ്ട് (എഫ്.നമ്പർ.8-9/2019-എഫ്.സി. തീയതി 26-2-2019). മേൽ അനുമതിയുടെ വെളിച്ചത്തിൽ 6-2-2019-ലെ ജി.ഒ. (ആർറ്റി.) നമ്പർ 48/2019/വനം, 13-5-2019-ലെ ജി.ഒ. (ആർറ്റി.) നമ്പർ 169/2019/വനം, 22-5-2019-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2019/വനം എന്നീ സർക്കാർ ഉത്തരവുകൾ ഇറക്കുകയും ടി ഉത്തരവുകൾ പ്രകാരം 20000 ക്യൂബിക് മീറ്റർ മണൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ട്രാവൻകൂർ ദേവസ്വം ബോർഡിന് സൗജന്യമായി അനുവദിക്കുകയും 55000 ക്യൂബിക് മീറ്റർ മണൽ മൊത്തവില്പനയ്ക്കായി നിജപ്പെടുത്തുകയും 15000 ക്യൂബിക് മീറ്റർ മണൽ ചില്ലറ വില്പനയ്ക്കായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ ദേവസ്വം ബോർഡ് മണൽ നീക്കം ചെയ്യുന്നത് ആരംഭിച്ചിട്ടുണ്ട്. മൊത്തവില്പനയിൽ 1000 ക്യൂബിക് മീറ്റർ മണൽ വില്പന നടത്തിയിട്ടുള്ളതാണ്. മൊത്തവില്പന തുടർന്നുകൊണ്ടിരിക്കുന്നതും ചില്ലറ വില്പനയ്ക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**വനസംരക്ഷണത്തിനായി പദ്ധതികൾ**

112(889) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനസംരക്ഷണത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനവിസ്തൃതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനം സംരക്ഷണത്തിനായി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ താഴെപ്പറയുന്നു:

1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുക. 2018-2019 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.

3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിംഗ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.

4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ. 2018-2019 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

6. വനംവകുപ്പുമായി ബന്ധപ്പെട്ട പുരാതനരേഖകൾ സൂക്ഷിക്കുന്നതിനായി നൂതനരീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്.

7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം.

## സാമൂഹ്യ വനവൽക്കരണം

113(890) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിവരുന്ന സുപ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാലാവസ്ഥാവ്യതിയാനംമൂലം അന്തരീക്ഷതാപം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ആയതിനെ പ്രതിരോധിക്കുന്നതിൽ വൃക്ഷങ്ങൾക്കുള്ള പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സാമൂഹിക വനവൽക്കരണ വിഭാഗവും വനം വകുപ്പും എന്തെല്ലാം ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ വനവൽക്കരണത്തിന് ഏറെ സാധ്യതയുള്ള ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇതിനായി ഒരു ഓഫീസ് അനുവദിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിതകേരളം പദ്ധതി പ്രകാരം ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുവരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രീസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം തുടങ്ങിയ

പദ്ധതികളും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് നടപ്പാക്കിവരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വനവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/സംഘടനകൾക്കുമുള്ള പ്രോൽസാഹന ധനസഹായം, വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗരവത്ക്കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കിവരുന്നവയാണ്.

(ബി) ആഗോളതാപനത്തിന് മരമാണ് മറുപടി എന്നത് മുൻനിർത്തി പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ന് പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്കും സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. എന്റെ മരം, നമ്മുടെ മരം പദ്ധതി പ്രകാരവും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കാവ് സംരക്ഷണത്തിനും സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണത്തിനും കണ്ടൽ വച്ചുപിടിപ്പിക്കുന്നതിനും സർക്കാർ അനുമതി പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ഔഷധത്തോട്ടം, നക്ഷത്രവനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. വനവൽക്കരണത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രാധാന്യത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി പരിസ്ഥിതി പഠന ക്ലാസ്സുകളും നേച്ചർ ക്യാമ്പുകളും സെമിനാറുകൾ, ശില്പശാലകൾ, റാലികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിൽ

വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധമായ മത്സരങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് വന സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

മികച്ച ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനം നടത്തുന്നവർക്ക് വനമിത്ര അവാർഡ് നൽകിവരുന്നു.

(സി) ചാത്തന്നൂർ നിയോജകമണ്ഡലം കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ ഉൾപ്പെട്ട സ്ഥലമാണ്. ടി സ്ഥലത്ത് പുതിയൊരു ഓഫീസ് അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വനവിഭവങ്ങളുടെ വിപണനം

114(891) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിന് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിലൂടെ വനം വകുപ്പിന് ലഭിക്കുന്ന പ്രതിവർഷ വരുമാനം കണക്കാക്കിയിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വനംവകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ യൂണിറ്റ് ഉൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വനാശ്രിതർ വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ വനസംരക്ഷണ സമിതികൾമുഖേന ശേഖരിച്ച് വനശ്രീ വഴി പൊതുജനങ്ങൾക്ക് വനവിഭവങ്ങൾ അനായാസം ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ വനവിഭവങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വനശ്രീ ഇക്കോഷോപ്പുകളുടെ വരുമാനം വനം വകുപ്പിന് ലഭിക്കുന്നില്ല. അതത് വനസംരക്ഷണ സമിതികളാണ് വനശ്രീ ഇക്കോഷോപ്പുകളുടെ വരുമാനം വനംവകുപ്പിന്റെ മേൽനോട്ടത്തിൽ കൈകാര്യം ചെയ്യുന്നത്. വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായാണ് ഈ തുക വിനിയോഗിക്കുന്നത്.

## കുമ്പിച്ചൽക്കടവ് പാലത്തിന് വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി

115(T*892) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ കരിപ്പയാറിനു കുറുകെ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിന് സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) രണ്ടായിരത്തിലേറെ ആദിവാസി വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന അമ്പൂരി തൊടുമല സെറ്റിൽമെന്റിലേക്കുള്ള കുമ്പിച്ചൽക്കടവ് പാലം നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് 12-11-2018-ൽ അംഗീകരിക്കുകയും ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. ആയതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷ സംസ്ഥാന സർക്കാരിന്റെ ശിപാർശ സഹിതം കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി 19-1-2019-ൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരം ലഭ്യമായാൽ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## അതിരപ്പിള്ളി, വാഴച്ചാൽ ടൂറിസ്റ്റുകേന്ദ്രങ്ങൾ

116(893) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അതിരപ്പിള്ളി, വാഴച്ചാൽ ടൂറിസ്റ്റുകേന്ദ്രങ്ങളിൽ പ്രളയംമൂലം വലിയ നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിനും ഈ ടൂറിസ്റ്റുകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും സൗന്ദര്യവത്ക്കരണത്തിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്. അതിരപ്പിള്ളി, വാഴച്ചാൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുട്ടികൾക്കായി സജ്ജീകരിച്ചിരുന്ന വിനോദോപകരണങ്ങളും സന്ദർശകരുടെ സൗകര്യാർത്ഥം നിർമ്മിച്ചിട്ടുള്ള മറ്റു നിർമ്മിതികളും പ്രളയംമൂലം തകർന്നിട്ടുണ്ട്. ആയതുപ്രകാരം 30 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കെ.ഡി.എച്ച്.പി. കമ്പനിക്ക് അനുവദിച്ച ഫ്യൂവൽ ഏരിയ**

117(894) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മേയ് മാസത്തിൽ കെ.ഡി.എച്ച്.പി.(കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ) യ്ക്ക് കീഴിലുള്ള നല്ലതണ്ണി എസ്റ്റേറ്റിലെ ചോലമരങ്ങൾ അനധികൃതമായി വെട്ടിമാറ്റിയ സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ഡി.എച്ച്.പി.-ക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യൂവൽ ഏരിയ എത്രയാണെന്നും പ്രസ്തുത ഏരിയ അനുവദിക്കപ്പെട്ടിട്ടുള്ളത് എന്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്നും അറിയിക്കാമോ;

(സി) കെ.ഡി.എച്ച്.പി.-ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യൂവൽ ഏരിയ ആവശ്യത്തിലും അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ആക്ഷേപത്തിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നല്ലതണ്ണി എസ്റ്റേറ്റിലെ ചോലമരങ്ങൾ അനധികൃതമായി വെട്ടിമാറ്റിയ സംഭവത്തിൽ മൂന്നാർ റെയ്ഞ്ചിൽ മൂന്ന് ഒ.ആർ. കേസുകൾ (ഒ.ആർ. 03/19, 04/19, 05/19) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ ഇതുസംബന്ധിച്ച റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) കെ.ഡി.എച്ച്.പി.യ്ക്ക് നിലവിൽ 16898.91 ഏക്കർ സ്ഥലമാണ് ഫ്യൂവൽ ഏരിയയായി അനുവദിച്ചിട്ടുള്ളത്. 29-3-1974-ലെ കേരള ലാന്റ് ബോർഡ് അവാർഡ് നമ്പർ LB(A) 2-5227/71 പ്രകാരമാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്.

(സി) കെ.ഡി.എച്ച്.പി.-ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യുവൽ ഏരിയ ആവശ്യത്തിലും അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 29-3-1974-ലെ കേരള ലാന്റ് ബോർഡ് അവാർഡ് നമ്പർ LB(A) 2-5227/71 പ്രകാരമാണ് ടി സ്ഥലം അനുവദിച്ചിട്ടുള്ളത്.

## കുമിളി റേഞ്ചിൽ നിന്ന് രജിസ്റ്റർ ചെയ്ത കേസ്

118(895) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കുമിളി റേഞ്ചിലെ ഉദ്യോഗസ്ഥർ ഒഫൻസ് നമ്പർ 34/2016 ആയി നെടുങ്കണ്ടം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രതികൾക്ക് അനുകൂലമായി നടപടി സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കോട്ടയം വനം ഡിവിഷനിലെ കുമിളി റെയ്ഞ്ചിലെ ഉദ്യോഗസ്ഥർ ഒഫൻസ് നമ്പർ 34/2016 ആയി ബഹുമാനപ്പെട്ട നെടുങ്കണ്ടം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

## മരുതോങ്കര അക്വി ഡക്ട്- ജാനകി ഇക്കോ ടൂറിസം റോഡ്

119(896) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര പഞ്ചായത്തിൽ വനം വകുപ്പ് അനുവദിച്ച മരുതോങ്കര അക്വി ഡക്ട്- ജാനകി ഇക്കോ ടൂറിസം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം വൈകുന്നത് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിൽ ഉള്ളതുകൊണ്ടാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കോഴിക്കോട് വനം ഡിവിഷന് കീഴിലെ കുറ്റ്യാടി റെയ്ഞ്ചിലെ ജാനകിക്കാട്-ഇക്കോ ടൂറിസം കേന്ദ്രത്തിലേയ്ക്കുള്ള റോഡ് (മരുതോങ്കര അക്വിഡക്ട്- ജാനകിക്കാട് ഇക്കോ ടൂറിസം വരെയുള്ളത്) അഭിവൃദ്ധിപ്പെടുത്തുന്നതിനായി

22.99 ലക്ഷം രൂപ നോൺ പ്ലാൻ റോഡ്സ് ശീർഷകത്തിൽ അനുവദിച്ചിരുന്നു. മേൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം കോഴിക്കോടിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഏറ്റെടുത്ത് നടത്തണമെങ്കിൽ മേൽ തുക പി.ഡബ്ല്യു.ഡി. വകുപ്പിന് മുൻകൂട്ടി നിക്ഷേപിക്കണമെന്ന് 19-2-2019-ലെ എ 3-3593/19 നമ്പർ കത്ത് പ്രകാരം പി.ഡബ്ല്യു.ഡി. കോഴിക്കോട് അറിയിച്ചു. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) 280/12/വനം തീയതി 12-6-2012 പ്രകാരം മേൽ തുക പി.ഡബ്ല്യു.ഡി.-ക്ക് നിക്ഷേപിക്കാൻ സാധിക്കില്ലായെന്നും പി.ഡബ്ല്യു.ഡി. വകുപ്പിന്റെ മേൽ നോട്ടത്തിൽ വനം വകുപ്പ് നേരിട്ട് ജോലി ചെയ്യിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. ഈ റോഡ് കടന്നുപോകുന്ന ഭാഗങ്ങൾ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ആയതിനാൽ വകുപ്പിന്റെ അനുമതിക്കായി 23-8-2018-ന് അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുമതി 2019-ൽ മാത്രമാണ് ലഭിച്ചത്. എന്നാൽ സാമ്പത്തിക വർഷാവസാന മായതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

**വനം വകുപ്പിന്റെ കീഴിലുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ**

120(897) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) വെട്ടിക്കാട്ട്മുക്കിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തടി ഡിപ്പോയിൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് തുടങ്ങുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ കേരള വനം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളൊന്നും തന്നെ സംസ്ഥാനത്തില്ല.

(ബി) ഇല്ല.

**കോട്ടൂർ വനത്തിൽ ആനവേട്ടക്കാരുടെ തോക്കിനിരയായി ചരിഞ്ഞ ആന**

121(898) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ വനത്തിൽ ആനവേട്ടക്കാരുടെ തോക്കിനിരയായി ചരിഞ്ഞ ആനയെ സംഭവം പുറത്തറിയിക്കാതെ വനപാലകർ കത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നെയ്യാർ-അഗസ്ത്യ വനമേഖലയിൽ വേട്ടസംഘം സജീവമാണെന്നതും ഉൾവനങ്ങളിൽ വന്യമൃഗങ്ങളെ വേട്ടയാടുന്നുവെന്നതും ഗൗരവമായി കണക്കിലെടുത്ത് വേട്ടക്കാർക്കെതിരെ നടപടി കർശനമാക്കുമോ?

<u>ഉത്തരം</u>

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വന്യമൃഗവേട്ട തടയുവാൻ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. വന്യമൃഗവേട്ടയോ വന്യമൃഗ വേട്ടയ്ക്കുള്ള ശ്രമമോ കണ്ടെത്തിയാൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

**വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ തേക്ക് തോട്ടങ്ങൾ**

122(899) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിസങ്കേതങ്ങൾക്കുള്ളിലെ തേക്ക്തോട്ടങ്ങൾ കൊണ്ട് വന്യമൃഗങ്ങൾക്ക് ഗുണമില്ലെന്നും ഭക്ഷണത്തിന് പ്രയോജനപ്പെടുന്നില്ലെന്നും കരുതുന്നുണ്ടോ;

(ബി) എങ്കിൽ വനമേഖലയിലെ തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുനീക്കി പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വാഭാവിക വനം വച്ചുപിടിപ്പിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷം കുറയുന്നതോടൊപ്പം സർക്കാരിന് വരുമാനവും കുറയുമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ തേക്കുതോട്ടങ്ങൾ വന്യജീവി പരിപാലനത്തിൽ എത്ര കണ്ട് സ്വാധീനിക്കുന്നു എന്നത് സംബന്ധിച്ച് വിശദമായ ഒരു പഠനം നടന്നിട്ടില്ല. കേരളത്തിലെ വനമേഖലകളിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ചുള്ള പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട്

10-5-2019-ൽ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 168/2019/വനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പഠനറിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ.

(ബി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഇക്കാര്യങ്ങളും ഈ വിദഗ്ദ്ധ സമിതിയുടെ പഠനവിഷയങ്ങളാണ്. സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇതുസംബന്ധിച്ച് നിഗമനത്തിലെത്താൻ സാധിക്കുകയുള്ളൂ.

(ഡി) വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## നീലക്കുറിഞ്ഞി ഉദ്യാനം

123 (900) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ വട്ടവട പ്രദേശത്തെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് വനം വകുപ്പോ വനം-റവന്യൂ വകുപ്പുകൾ സംയുക്തമായോ സ്വീകരിച്ചുവരുന്ന നടപടികൾ/പരിശോധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഓഫീസിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട് അമിതമായ പോലീസ് ഇടപെടലുകളോടെ നടന്നുവരുന്ന പരിശോധനകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് കേരള ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരമുള്ള കളക്ടറുടെ അധികച്ചുമതല ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. എ. റ്റി. ജെയിംസ് ഐ.എ.എസ്.-ന് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അദ്ദേഹം 4-1-2019-നും 5-1-2019-നും പാമ്പാടുംചോല നാഷണൽ പാർക്കിൽ വച്ച് വട്ടവട ബ്ലോക്ക് നമ്പർ 60-ലെ ഭൂമി സംബന്ധമായ രേഖകളുടെ പരിശോധനകൾ നടത്തുകയും ചെയ്തിരുന്നു.

(ബി) വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കുവാനുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 62-ലെയും പട്ടയഭൂമി ഒഴികെ ബ്ലോക്ക് നമ്പർ 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമികൂടി പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങളുള്ള

പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണ്ണയം ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഓഫീസറുടെ ചുമതല.

(സി) വനം വന്യജീവി വകുപ്പ് നീലക്കുറിഞ്ഞി ഉദ്യാനവുമായി ബന്ധപ്പെട്ട പരിശോധനകൾ ഒന്നും തന്നെ പോലീസുമായി ചേർന്ന് നടത്തിയിട്ടില്ല.

## ചിന്നക്കനാലിൽ കാട്ടാന ഉദ്യാനം

124(901) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദ്യ കാട്ടാന ഉദ്യാനം (എലിഫെന്റ്പാർക്ക്) ചിന്നക്കനാലിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പ്രാഥമിക പഠനം നടത്തുകയും രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ;

(സി) എത്ര ഏക്കർ സ്ഥലം ഇതിനായി വേണ്ടിവരുമെന്നും പാർക്ക് ഒരുക്കുന്നതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നതിൽ നിന്ന് കാട്ടാനകളെ പിന്തിരിപ്പിക്കാൻ പാർക്ക് സഹായകമാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ - ഡി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## വന്യജീവി ആക്രമണം

125(902) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടവരുടെ എണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) വന്യജീവി ആക്രമണങ്ങളിൽ എത്ര ഹെക്ടർ കൃഷിസ്ഥലത്ത് കൃഷിനാശം സംഭവിച്ചുവെന്നും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) വന്യജീവി ആക്രമണത്താൽ എത്ര വീടുകൾ പൂർണ്ണമായും എത്ര വീടുകൾ ഭാഗികമായും നഷ്ടപ്പെട്ടുവെന്നും ഓരോ വിഭാഗത്തിനും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## വന്യജീവി അക്രമണങ്ങൾ തടയാൻ നടപടി

126(903) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രധാനമായും ഏതൊക്കെ പ്രദേശത്താണ് വന്യജീവി ആക്രമണങ്ങൾ നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്; വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) വന്യജീവി ആക്രമണംമൂലമുള്ള വിളനാശത്തിന് എന്തൊക്കെ നഷ്ടപരിഹാരമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിലുള്ള ആദിവാസി പുനരധിവാസ മേഖല ഉൾപ്പെടുന്ന ജനവാസ കേന്ദ്രങ്ങളിലും ഉദയഗിരി വില്ലേജിലെ ചീക്കാട്, ജയഗിരി, മഞ്ഞപ്പുല്ല്, നമ്പ്യാർമല, മാമ്പൊയിൽ, പയ്യാവൂർ വില്ലേജിലെ പയ്യാവൂർ, കാഞ്ഞിരക്കൊല്ലി, എരുവശ്ശേരി വില്ലേജിലെ വഞ്ചിയം, മലപ്പട്ടം വില്ലേജിലെ മലപ്പട്ടം, രാമന്തളി വില്ലേജിലെ രാമന്തളി, ചെങ്ങളായി വില്ലേജിലെ കൊയ്യം, പാറക്കാടി, ക്രുവേരി വില്ലേജിലെ പടപ്പേങ്ങാട്, എരമം-കുറ്റൂർ വില്ലേജിലെ എരമം, കൊട്ടിയൂർ, കേളകം, കണിച്ചാർ, മണത്തണ, അയ്യൻകുന്ന്, പായം, മുഴക്കുന്ന്, തില്ലങ്കേരി, കോളയാട് വില്ലേജുകളിലെ മലയോരമേഖലകൾ, കേളകം വില്ലേജിലെ കൊളപ്പ, ചെമ്പുക്കാവ്, പന്നിയോട് എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും വന്യജീവി ആക്രമണം നടന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്.

വന്യജീവി അക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) വന്യജീവി അക്രമണംമൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരത്തിനായി ഇ-ഡിസ്ട്രിക്ട് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുഖേന പരിശോധന നടത്തി നാശനഷ്ടങ്ങൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കനുസൃതമായി കണക്കാക്കപ്പെടുന്ന തുകയുടെ 100% പരമാവധി ഒരു ലക്ഷം രൂപ വരെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലുശ്ശേരി മണ്ഡലത്തിൽ വന്യജീവികളുടെ അക്രമണം

127(904) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ മലയോര മേഖലകളായ കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്കും ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ, മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്കും നൽകിവരുന്ന വിവിധ തരത്തിലുള്ള ധനസഹായങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ച എത്ര പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിലെ മലയോര മേഖലകളായ കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ മനുഷ്യ-വന്യജീവി സംഘർഷമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി കൃഷിനാശം സംഭവിക്കുന്നവർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5-4-2018-ലെ സ. ഉ. (കൈ.) നമ്പർ 17/2018/വനം നമ്പർ ഉത്തരവ് പ്രകാരം പരമാവധി ഒരു ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ഇക്കാരണത്താൽ മരണപ്പെടുന്നവർക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകാവുന്നതാണ്. വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപ മേൽ ഉത്തരവ് പ്രകാരം നഷ്ടപരിഹാരമായി നൽകാവുന്നതാണ്. വന്യജീവി ആക്രമണംമൂലം പരിക്കേൽക്കുന്നവർക്ക് മേൽ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ വരെ നൽകുന്നതാണ്. അപേക്ഷകൻ വനം വന്യജീവി കേസിലെ പ്രതിയോ തോക്ക് ലൈസൻസ് കൈവശമുള്ളയാളോ വനം കയ്യേറ്റക്കാരനോ ആയിരിക്കാൻ പാടുള്ളതല്ല.

(സി) മനുഷ്യ-വന്യജീവി സംഘർഷത്തിൽ നിന്നും ജനങ്ങളെയും, കൃഷിമേഖലയെയും സംരക്ഷിക്കുന്നതിനായി സൗരോർജ്ജ വേലി, ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ വനത്തിലേയ്ക്ക് അയയ്ക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ദിവസവേതനക്കാരെ നിയോഗിച്ചും പടക്കം പൊട്ടിച്ചും കാട്ടാനകളെ തിരികെ ഓടിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ അക്രമണത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 64.71 ലക്ഷം രൂപയും വന്യജീവി സംഘർഷത്തിൽ നാശനഷ്ടം സംഭവിച്ച 177 പേർക്ക് 9,26,928 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ വന്യമൃഗശല്യം

128(905) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ വന്യമൃഗശല്യം നേരിടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കൽപ്പറ്റ മണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

പൂളക്കുന്ന്-എളമ്പിലേരി, കനേഡിയൻകുന്ന്-വട്ടക്കുണ്ട്, ചോലമല-ചുളുക്ക, ചുളുക്ക-അരണമല, നീലിമല-മീൻമുട്ടി, ലക്കിടി-അരുണഗിരി, കടച്ചിക്കുന്ന്-കോടശേരി, വടവെട്ടിക്കുന്ന്-പുഞ്ചക്കാട്, എളമ്പിലേരി-ചോലമല, കടച്ചുക്കുന്ന്-പാൽച്ചുരം, പുഞ്ചിരിമറ്റം-മുണ്ടക്കൈ, ഏലമല-പുഞ്ചിരിമറ്റം (മേപ്പാട് റെയ്ഞ്ച്), അയിമ്പത് ഏക്ക്ര-ആനപന്തി ഭാഗം, ആനപ്പാടി-അംബ സി ബ്ലോക്ക്, അംബ സി ബ്ലോക്ക്- 6-ാം യൂണിറ്റ് (കൽപ്പറ്റ റെയ്ഞ്ച്) എന്നിവിടങ്ങളിൽ സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്.

ഏറാട്ടുകുണ്ട് കോളനി ഭാഗം, പരപ്പൻപാറ കോളനി ഭാഗം, സൺറൈസ് വാലി, ശേഖരൻകുണ്ട് ഭാഗം, ചോലാടി മീൻമുട്ടി ഭാഗം, പാറത്തോട് ഉതിരഞ്ചേരി ഭാഗം, തരിയോട് എട്ടാംമൈൽ ഭാഗം, കുന്നംപുറം കാപ്പിക്കാട് പള്ളിയാറപ്പൊയിൽ ഭാഗം, കാപ്പിക്കളം കുറ്റിയാം വയൽഭാഗം, കുറിച്ചിയാർമല റാട്ടപ്പുഴ കറുകൻ തോട് 30 ഏക്ര ഭാഗം, തരിയോട് പത്താം മൈൽ കുന്നമ്പുറം ഭാഗം, പാറത്തോട് സേട്ട് കുന്ന് ഭാഗം, കുറ്റ്യാം വയൽ കാപ്പിക്കളം ഭാഗം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

കരിങ്കണ്ണി ആന്റിപോച്ചിംഗ് ഷെഡ്ഡിന് ചുറ്റും ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുകയും വേങ്ങാക്കോട് ഭാഗത്തുള്ള ആന പ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ നല്ലന്നൂർ ഭാഗത്ത് പുതിയ കുളം നിർമ്മിക്കുകയും വട്ടക്കുണ്ട്, ഏലമല, കരിമറ്റം, റബ്ബാനിയ, അരുണഗിരി, കുറിച്ചിയാർമല എന്നിവിടങ്ങളിലെ കുളങ്ങളിൽ നിന്നും ചെളി നീക്കം ചെയ്ത് ആഴം കൂട്ടിയിട്ടുണ്ട്.

കൂടാതെ നാട്ടിലേക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിന് ദിവസ വേതന വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) കല്പറ്റ മണ്ഡലത്തിൽ കല്പറ്റ റെയ്ഞ്ചിൽ സുഗന്ധഗിരി സെക്ഷനിൽ തരിയോട് പത്താം മൈൽ ഭാഗത്ത് 3 കി.മീ. മേപ്പാടി റെയ്ഞ്ചിൽ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിൽ അയനിമറ്റം മുതൽ ഈട്ടികുന്ന് വരെ 2 കി.മീ., വേങ്ങാക്കോട് ആനപ്പാറ ഭാഗത്ത് 2 കി.മീ. എന്നങ്ങിനെ ക്രാഷ് ഗാർഡ്/സ്റ്റീൽ ഫെൻസിംഗ് പ്രവൃത്തി തുടങ്ങുന്നതിന് കിഫ്ബി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 12-11-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 46/18/വനം പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മാനന്തവാടിയിലെ റെയിൽ ഫെൻസിംഗ്

129(906) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റെയിൽ ഫെൻസിംഗ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ കരാർ ഏറ്റെടുത്ത ഏജൻസികളുടെ പേര് വെളിപ്പെടുത്തുമോ;

(സി) എത്ര സമയം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കാനുള്ള പ്രവൃത്തി രണ്ടു പ്രാവശ്യം ടെണ്ടർ നടത്തിയെങ്കിലും കരാറുകാർ ആരും തന്നെ ടെണ്ടർ എടുത്തിട്ടില്ല. കൂടാതെ, ടി പ്രവൃത്തിക്കാവശ്യമായ എം.ജി. റെയിൽ 75 എൽ.വി./വൈ.ഡി. യുടെ ലഭ്യതയില്ലായ്മമൂലം ടി പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കാത്ത നിലയിലാണ്. ആയതിനാൽ, റെയിൽ ഫെൻസിംഗിന് പകരമായി ടി പ്രദേശത്ത് ക്രാഷ് ഗാർഡ് ഫെൻസിംഗ് നടത്തുവാനും ആയതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർതേൺ സർക്കിളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) ക്രാഷ് ഗാർഡ് ഫെൻസിംഗിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ കാലപരിധി നിർണ്ണയിക്കുവാൻ നിർവ്വാഹമുള്ളൂ. ജൂൺ-ജൂലൈ മാസങ്ങൾ മഴക്കാലമായതിനാൽ കാലാവസ്ഥാപരമായ പരിമിതികളും പരിഗണിക്കേണ്ടതുണ്ട്. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വന്യമൃഗങ്ങളുടെ അക്രമണം**

130 (907) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം ചെറുക്കാൻ വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ 17 പേർക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(ബി) വന്യജീവി അക്രമണം തടയുന്നതിന് വനം വകുപ്പ് നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2017-2018 വരെ ഉദ്ദേശം 2100 കി.മീ. നീളത്തിൽ സൗരോർജ്ജവേലി, 618 കി.മീ. നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 177 കി.മീ. ആനപ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വനാതിർത്തിയിലുള്ള ജനങ്ങളുടെ സ്വൈരജീവിതത്തിനും വന്യജീവികളുടെ സംരക്ഷണത്തിനുമായി വനം വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ച് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്.

2. തുടർച്ചയായി നാട്ടിലിറങ്ങി ആക്രമണം നടത്തുന്ന കടുവ, പുലി തുടങ്ങിയ ജീവികളെ കൂടുവച്ച് പിടികൂടി ഉൾക്കാട്ടിൽ തുറന്ന് വിടുന്നുണ്ട്.

3. വന്യജീവികൾ, ജനവാസമേഖലകളിൽ ഇറങ്ങി അപകടങ്ങൾ വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടായാൽ സമയോചിതമായി പ്രവർത്തിക്കുന്നതിന് ദ്രുതകർമ്മസേനകളെ (Rapid Response Team) ശാക്തീകരിക്കുന്നതിനും സജ്ജരാക്കുന്നതിനും പ്രശ്നബാധിത പ്രദേശങ്ങളിൽ പുതിയ ദ്രുതകർമ്മ സേനകൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

4. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലി, ആനപ്രതിരോധ മതിൽ, ക്രാഷ് ഗാർഡ് റോപ് ഫെൻസ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ പങ്കാളിത്തത്തോടെ ഡെറാഡൂണിലെ വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജീവനക്കാർക്ക് അടിയന്തര സാഹചര്യം നേരിടുവാൻ ആവശ്യമായ പരിശീലനം, മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

6. വന്യജീവി സംഘർഷം രൂക്ഷമായ വനപ്രദേശങ്ങളിലെ സെറ്റിൽമെന്റുകളിൽ നിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും 339 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽ നിന്നും കൂടുതൽ ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിവരുന്നു.

## ഉപദ്രവകാരികളായ കാട്ടാനകൾക്കായി സങ്കേതം

131(908) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിന്നക്കനാൽ പഞ്ചായത്തിലെ പല ഭാഗങ്ങളിലും കാട്ടാനയുടെ ആക്രമണംമൂലം നിരവധി പേർ കൊല്ലപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപദ്രവകാരികളായ കാട്ടാനകൾക്കായി സങ്കേതം ആരംഭിക്കുവാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സങ്കേതം ആരംഭിക്കുന്നതെന്നും എത്ര ഏക്കർ സ്ഥലമാണ് ഇതിനായി കണ്ടെത്തേണ്ടതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിന്നക്കനാൽ പഞ്ചായത്തിന്റെ പരിധിയിൽ 2012 മുതൽ നാളിതുവരെ 10 പേർ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്.

(ബി)ഇത്തരം നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വനം വകുപ്പ് പിടികൂടുന്ന ആക്രമണകാരികളായ ആനകളെ നിലവിൽ വനം വകുപ്പിന്റെ ആന പരിപാലന കേന്ദ്രങ്ങളിൽ സംരക്ഷിക്കുന്നുണ്ട്.

## നെയ്യാർഡാം ലയൺ സഫാരി പാർക്ക്

132(909) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക ലയൺ സഫാരി പാർക്കായ നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) നെയ്യാർഡാം ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ലയൺ സഫാരി പാർക്കിന്റെ നവീകരണത്തിനായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## കാട്ടുപോത്തിനെ വേട്ടയാടിക്കൊന്ന കേസ്

133(910) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവ്വിന്റെ കീഴിൽ വരുന്ന അഴുത റെയ്ഞ്ചിൽ ഏപ്രിൽ 20-ാം തീയതി കാട്ടുപോത്തിനെ വേട്ടയാടിക്കൊന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര പേരെ അറസ്റ്റു ചെയ്തു; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കേസ് അന്വേഷിക്കുന്ന അഴുത റേഞ്ച് ഓഫീസറുടെ അന്വേഷണ നടപടികളിൽ സ്ഥലത്തെ ചില രാഷ്ട്രീയ സംഘടനകൾ അനാവശ്യമായി ഇടപെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് പ്രസ്തുത ഉദ്യോഗസ്ഥ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ടി കേസിൽ അന്വേഷണം നടന്നുവരുന്നു. 10 പ്രതികളെ അറസ്റ്റ് ചെയ്തു. മൂന്ന് നാടൻ തോക്കുകൾ കണ്ടെടുക്കുകയും ഒരു ഓട്ടോറിക്ഷയും ഒരു ജീപ്പും പിടിച്ചെടുത്തിട്ടുള്ളതുമാണ്.

(ബി) പ്രതികളുടെ ബന്ധുക്കളും നാട്ടുകാരിൽ ചിലരും ചേർന്ന് കേസന്വേഷണത്തെ തടസ്സപ്പെടുത്തുവാൻ ഇടപെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് വനംവകുപ്പിൽ പരാതികളൊന്നും പ്രസ്തുത ഉദ്യോഗസ്ഥ നൽകിയിട്ടില്ല.

## ചെങ്ങന്നൂർ മണ്ഡലത്തിലെ ക്ഷീരമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

134(911) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയംമൂലം ക്ഷീരമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരമായി മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ വിവരിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ക്ഷീരമേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ വിശദമാക്കാമോ;

(സി) പശുക്കളെയും കിടാങ്ങളെയും വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും അപേക്ഷിച്ച ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) ചെങ്ങന്നൂരിലെ ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുള്ള പ്രളയാനന്തര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയംമൂലം ക്ഷീരമേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരമായി മേഖലാ യൂണിയനുകൾ തയ്യാറാക്കിയ 44.03 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നുണ്ട്. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11.00 കോടി രൂപ മിൽമയുടെ വിഹിതവുമാണ്. രണ്ട് വർഷം കൊണ്ട് നടപ്പിലാക്കേണ്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചില പ്രധാന ഇനങ്ങൾ ചുവടെ ചേർക്കുന്നു:

- വെള്ളപ്പൊക്കംമൂലം നാശനഷ്ടമുണ്ടായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണം
- ക്ഷീരസംഘങ്ങളിൽ കാലിത്തീറ്റ മുതലായവ സൂക്ഷിക്കുന്നതിനുള്ള ശേഖരണശാല.
- സംഘങ്ങളിലെ ബി.എം.സി.-കളിൽ അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ സഞ്ചരിക്കുന്ന ജനറേറ്റർ.
- പാൽസംഭരണത്തിനുള്ള ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ, കാനുകൾ, ഇലക്ട്രോണിക് മിൽക് ടെസ്റ്റർ തുടങ്ങിയവ.

- പാൽ സംഭരണത്തിനും കാലിത്തീറ്റയ്ക്കും ട്രാൻസ്പോർട്ട് സബ്സിഡി.
- ഗുണനിലവാരമുള്ള പാലിന് ഇൻസെന്റീവ്.
- സംഘങ്ങൾക്ക് മാനേജ്മെന്റ് ഗ്രാന്റ്.
- വെള്ളപ്പൊക്കത്തിൽ നശിച്ച കാലിത്തൊഴുത്തുകളുടെ പുനർ നിർമ്മാണത്തിനും പുതിയ കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്ക് സാമ്പത്തികസഹായം.
- തൊഴുത്തുകളിൽ ഓട്ടോമാറ്റിക് വാട്ടറിംഗ് സിസ്റ്റം സംഘടിപ്പിക്കുക.
- സംഘങ്ങളിൽ കിണറുകളുടെ നിർമ്മാണം.
- കാലിത്തൊഴുത്തിലേയ്ക്ക് റബർമെത്തകളുടെ വിതരണം.
- നഷ്ടപ്പെട്ട പശുക്കൾ, കിടാരികൾ എന്നിവയ്ക്ക് പകരമായി പുതിയത് വാങ്ങിനൽകൽ.
- കന്നുകാലി, കിടാരി ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കൽ.
- സംഘങ്ങളിലെ പാൽ പരിശോധന ഉപകരണങ്ങളുടെ നവീകരണം.
- പാലിന്റെ ഗുണനിലവാര നിയന്ത്രണത്തിനായി മോണിറ്ററിംഗ് സിസ്റ്റം.
- കന്നുകാലി രോഗപ്രതിരോധത്തിനായുള്ള കിറ്റുകളുടെ വിതരണം.
- പാൽ സംഭരണത്തിനുള്ള പാത്രങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിതരണം.
- തീറ്റപ്പുൽ കൃഷിയുടെ വിപുലീകരണവും അതിനാവശ്യമായ ഉപകരണങ്ങളുടെ വിതരണവും.
- കന്നുകാലി രോഗപ്രതിരോധ ക്യാമ്പുകൾ.
- പാൽ ഗുണനിലവാര നിയന്ത്രണത്തിനും മോണിറ്ററിംഗിനുള്ള കമ്പ്യൂട്ടർ ഉപകരണങ്ങൾ.
- കാലിത്തീറ്റ വിതരണം.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ക്ഷീരമേഖലയിലുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ചുള്ള ഏകദേശ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനവിവരം | എണ്ണം | ഏകദേശ നഷ്ടം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കറവപ്പശുക്കൾ ചത്തത് | 341 | 187.55 |
| 2 | കിടാരികൾ ചത്തത് | 27 | 7.42 |
| 3 | കന്നുകുട്ടികൾ ചത്തത് | 59 | 2.95 |
| 4 | എരുമ ചത്തത് | 27 | 14.85 |
| 5 | തൊഴുത്ത് പൂർണ്ണമായും നശിച്ചത് | 149 | 74.5 |
| 6 | തൊഴുത്ത് ഭാഗികമായി നശിച്ചത് | 197 | 49.25 |
| 7 | പുൽകൃഷി നഷ്ടപ്പെട്ടത് | 60 ഹെക്ടർ | 12.0 |
| 8 | കാലിത്തീറ്റ നശിച്ചത് | 898 ചാക്ക് | 9.98 |
| 9 | വൈക്കോൽ നശിച്ചത് | 4 ടൺ | 0.4 |
| 10 | യന്ത്രോപകരണങ്ങൾ നശിച്ചത് | - | 5.0 |

<u>സംഘങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ</u>

| | | | |
|---|---|---|---|
| 1 | കെട്ടിടം ഭാഗികമായി നശിച്ചത് | 1 | 4.0 |
| 2 | ഫർണിച്ചർ | 30 | 1.649 |
| 3 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | - | 0.4 |
| 4 | എ.എം.സി.യു. | 4 | 4.8 |
| 5 | ടെസ്റ്റിംഗ് എക്യുപ്മെന്റ്സ് | 9 | 2.385 |
| 6 | ക്യാനുകൾ | 18 | 0.75 |
| 7 | മോട്ടോർ | 6 | 0.3 |

(സി) ഒരു പശു യൂണിറ്റ് ധനസഹായത്തിനായി 78 പേരുടെയും 2 പശു യൂണിറ്റ് ധനസഹായത്തിനായി 86 പേരുടെയും 5 കിടാരി യൂണിറ്റ് ധനസഹായത്തിനായി 5 പേരുടെയും 10 കിടാരി യൂണിറ്റ് ധനസഹായത്തിനായി 2 പേരുടെയും തൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായത്തിനായി

23 പേരുടെയും അവശ്യാധിഷ്ഠിത ധനസഹായത്തിനായി 138 പേരുടെയും കറവ യന്ത്രം വാങ്ങുന്നതിനുള്ള ധനസഹായത്തിനായി 7 പേരുടെയും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് മുഖേനയും മിൽമ മുഖേനയും ധനസഹായം ലഭിച്ചവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുള്ള പ്രളയാനന്തര സഹായങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | മാനേജീരിയൽ അസിസ്റ്റൻസ് | 2 | 70,000 |
| 2 | അവശ്യാധിഷ്ഠിത ധനസഹായം | 1 | 1,20,000 |

മിൽമ മുഖേന ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുള്ള പ്രളയാനന്തര സഹായങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കിടാരി പാർക്ക് പദ്ധതി

135(912) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. എൽദോ എബ്രഹാം :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ കിടാരി പാർക്ക് പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നല്ലയിനം ഉരുക്കളെ വാർത്തെടുക്കുന്നതിന് പ്രസ്തുത പദ്ധതി ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; നടത്തിപ്പിൽ എന്തൊക്കെ പ്രായോഗിക വിഷമതകളാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ക്ഷീരസംഘങ്ങൾ മുഖേന കിടാരി പാർക്ക് പദ്ധതി നടപ്പാക്കുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള കറവ പശുക്കളെ സംസ്ഥാനത്തിനുള്ളിൽ നിന്നും ലഭ്യമാക്കുന്നതിനായിട്ടാണ് ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നത്. 100 കിടാരികൾ അടങ്ങിയ 2 ഹീഫർ പാർക്ക് പദ്ധതികളാണ് 2018-19 വർഷം നടപ്പിലാക്കിയത്. 58.71 ലക്ഷം രൂപ അടങ്കൽ തുകയായി കണക്കാക്കിയിട്ടുള്ള പദ്ധതിക്ക് 19,37,500 രൂപയാണ് സബ്സിഡിയായി നൽകുന്നത്. 2019-20 വർഷത്തിൽ നാല് കിടാരി പാർക്കുകൾ പുതുതായി നടപ്പിലാക്കുന്നതാണ്.

(ബി) അത്യുല്പാദനശേഷിയുള്ള കറവ പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിയുന്നു. നല്ല വർഗ്ഗഗുണമുള്ള കിടാരികളെ തെരഞ്ഞെടുത്ത് ശാസ്ത്രീയ പരിചരണത്തിലൂടെ വളർത്തി കറവപശുക്കളാക്കി കർഷകർക്ക് നൽകുകയാണ് ചെയ്യുന്നത്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി കറവപശുക്കളെ സംസ്ഥാനത്തിന് പുറത്ത് നിന്നുമാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന നിഷ്കർഷയുള്ളതിനാൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഇതുമൂലം കഴിയുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. കന്നുകുട്ടികളെ കറവ പശുക്കളായി മാറ്റിയെടുക്കുന്നതിനുള്ള വർദ്ധിച്ച ചെലവാണ് ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നമായി ശ്രദ്ധയിൽപ്പെട്ടത്.

(ഡി) 2019-20 വർഷത്തിൽ 77.5 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

**പ്രളയത്തിൽ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ കണക്ക്**

136(913) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പ്രളയത്തിൽ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) പശുക്കളെ നഷ്ടപ്പെട്ട എത്ര കർഷകരുണ്ടെന്നും എത്ര പശുക്കളെയാണ് നഷ്ടമായതെന്നും അറിയിക്കാമോ;

(സി) എത്ര ക്ഷീരകർഷകർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്; ഇനിയും എത്ര പേർക്ക് ധനസഹായം കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഇനത്തിൽ എത്ര തുകയാണ് ഇടുക്കി ജില്ലയിൽ വിതരണം ചെയ്തത്; നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) പശു-117, കിടാരി-53, ആട്-170, എരുമ-11, പന്നി-4, കോഴി-12830, താറാവ്- 235, കാട -100.

(ബി) പശുക്കളെ നഷ്ടപ്പെട്ട കർഷകർ 111, നഷ്ടപ്പെട്ട പശുക്കൾ 117.

(സി) 111 ക്ഷീരകർഷകർ ഉൾപ്പെടെ 791 കർഷകർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. ഇനി ആർക്കും നൽകാനില്ല.

(ഡി) ആകെ 7188285 രൂപ.

| | | |
|---|---|---|
| തൊടുപുഴ | – | 246700 രൂപ |
| ഇടുക്കി | - | 3091000 രൂപ |
| ഉടുമ്പൻചോല | - | 809200 രൂപ |
| ദേവികുളം | - | 1774500 രൂപ |
| പീരുമേട് | - | 1266885 രൂപ |

**കോഴികർഷകർക്കുള്ള ആനുകൂല്യങ്ങൾ**

137(914) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴികർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ വിഭാഗത്തെ കർഷകരായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി കൈക്കൊള്ളുമോ;

(സി) സർക്കാരിന്റെ കീഴിൽ ആവശ്യകതയ്ക്ക് അനുസരിച്ച് ഹാച്ചറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴിവളർത്തൽ കേന്ദ്രങ്ങളിൽനിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾക്ക് നൽകുകയും 2 മാസം പ്രായമാകുമ്പോൾ എഗ്ഗർ നഴ്സറികളിൽ നിന്നും കോഴികളെ വകുപ്പുതല പദ്ധതികൾക്കായും പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായും ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 പൗൾട്രി ഫാമുകളിൽനിന്നും 5388232 മുട്ടയും 3584013 കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ചിട്ടുണ്ട്. കരിയോട്ടുമല, ആയൂർ, കോട്ടത്തറ

ഹാച്ചറികളിൽ നിന്നും 250588 കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ട്. താറാവ് ഫാമിൽ (Duck Farm, Niranam) നിന്നും 3,89,265 മുട്ടയും 1,23,311 താറാക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ടർക്കി ഫാമിൽ നിന്നും 25,828 മുട്ടയും 11089 ടർക്കിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ചിട്ടുണ്ട്. കാടഫാമിൽ നിന്നും 1,57,818 മുട്ടയും 83762 കാടക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ചിട്ടുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കർഷകർക്ക് പരമാവധി സഹായം നൽകുന്നു. കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രത്തിൽ പ്രതിവർഷം 15 മുതൽ 18 ലക്ഷം വരെ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. കൊല്ലം ജില്ലയിലെ കൊട്ടിയത്തും തൃശ്ശൂർ ജില്ലയിലെ മാളയിലും പ്രവർത്തിക്കുന്ന മുട്ടക്കോഴി പ്രജനനകേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴികളെ കർഷകർക്ക് വിതരണം ചെയ്തുവരുന്നതിനു പുറമെ വിവിധ പദ്ധതികൾ മുഖാന്തരം കർഷകർക്ക് നൽകിവരുന്നു. അതിനുപുറമെ ഇറച്ചി കോഴിവളർത്തൽ പ്രോത്സാഹിപ്പി ക്കുന്നതിനായി കർഷകർക്കായി രണ്ടു പദ്ധതികൾ കൂടി കെപ്കോ നടപ്പാക്കുന്നു.

1. കോൺട്രാക്ട് ഫാമിംഗ്

ഇറച്ചിക്കോഴി വളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചികോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തി എടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 82 രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. തീറ്റ, മരുന്ന്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കർഷകർ നിർവ്വഹിക്കണം. ഇറച്ചിക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.

2. മൃഗസംരക്ഷണ-കെപ്കോ-കുടുംബശ്രീ കോഴി വളർത്തൽ പദ്ധതി

കെപ്കോ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത്, 40-45 ദിവസം പ്രായവും 2 കിലോ തൂക്കവുമുണ്ടാകുമ്പോൾ കിലോക്ക് 85 രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോഴിക്കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ്- കെ.എസ്.പി.ഡി.സി. - കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിൽ കൃഷിയുടെ നിർവ്വചനത്തിൽ ഇപ്രകാരം പറയുന്നു.

"കൃഷി" എന്നതിൽ ഉദ്യാനകൃഷിയും ഔഷധ സസ്യകൃഷിയും നഴ്സറി നടത്തിപ്പും കാർഷിക വൃത്തിയും വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പച്ചക്കറികളും പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏതുതരത്തിലുള്ള കൃഷിയും മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും - കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റെതെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു.

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ 14-ാം കേരള നിയമസഭയുടെ 151-ാം നമ്പർ ബില്ലായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ ഫാമുകളോടനുബന്ധിച്ച് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുരിയോട്ടുമലയിലും ആയൂർ തോട്ടത്തറയിലും ഹാച്ചറികൾ മാത്രമായി പ്രവർത്തിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യാനുസരണം സർക്കാർ ഹാച്ചറികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തുടങ്ങാവുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികൾ**

138(915) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൈമറി സെന്റർ ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർവത്കരണവും ഇ-ഓഫീസും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നുള്ള പദ്ധതികളിലൂടെയും പ്രൈമറി സെന്റർ ഡിസ്പെൻസറികൾ മുഖേന കാർഷിക മേഖലയുടെ ഉന്നമനത്തിനായി ചെലവഴിക്കുന്ന ഫണ്ടുകളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിനുള്ളിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിയിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ, ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിലെ പ്രൈമറി സെന്റർ ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റങ്ങൾ വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) വെറ്ററിനറി ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ട്. വെറ്ററിനറി ഡിസ്പെൻസറികളിലെ ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഇ-ഓഫീസിൽ ലോഗിൻ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഫയലുകൾ ഇ ഓഫീസിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കായി അനുവദിച്ച തുക

| | | |
|---|---|---|
| 2016-17 | - | 219.55 കോടി |
| 2017-18 | - | 217.57 കോടി |
| 2018-19 | - | 233.76 കോടി |

2016-17-ൽ അനുവദിച്ച തുകയെ അടിസ്ഥാനമാക്കി 2018-19-ൽ 14.21 കോടി രൂപയുടെ വർദ്ധനവുണ്ട്. ശതമാനത്തിൽ 6.47% വർദ്ധനവ് കേന്ദ്ര സർക്കാരിന്റെ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക

| | | |
|---|---|---|
| 2016-17 | - | 8.21 കോടി |
| 2017-18 | - | 8.88 കോടി |
| 2018-19 | - | 14.05 കോടി |

2016-17-ൽ ലഭിച്ച തുകയെ അടിസ്ഥാനമാക്കി 2018-19-ൽ 5.84 കോടി രൂപ വർദ്ധനവുണ്ട്. 71 % -ന്റെ വർദ്ധനവ്.

(ഡി) ഡിപ്പാർട്ട്മെന്റ് റീ-ഓർഗനൈസേഷൻ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 7-2-2018-ന് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും മൃഗസംരക്ഷണ വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് കരട് പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**മൃഗസംരക്ഷണ വകുപ്പിലെ ഭരണഭാഷാ വാരാചരണം**

139(916) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷാ വാരാചരണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിപാടികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കായിരുന്നെന്നും ഇത് സംബന്ധിച്ച് സർക്കാരിന്റെ അനുമതി നേടിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടികൾക്കായി എത്ര തുക ചെലവഴിച്ചെന്നും ആയത് ഏത് അക്കൗണ്ടിൽ നിന്നാണ് വിനിയോഗിച്ചതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഭരണ ഭാഷാവാരാചരണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിപാടികൾ ചുവടെ ചേർക്കുന്നു:

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

2018-19 വർഷത്തിൽ "ഭരണഭാഷ ശ്രേഷ്ഠഭാഷ" എന്ന ബാനർ പ്രദർശിപ്പിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും ഓഫീസർമാരുടെയും പേര്, സ്ഥാനപ്പേര് എന്നിവ മലയാളത്തിൽകൂടി എഴുതിയിട്ടുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകിവരുന്നു. ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ പൂർണ്ണമായും മലയാളത്തിലാണ് ചെയ്യുന്നത്. വകുപ്പിലെ ഫാറങ്ങളും രജിസ്റ്ററുകളും മലയാളത്തിൽ കൂടി തയ്യാറാക്കിയിട്ടുണ്ട്. ഭരണഭാഷ മലയാളം ഓൺലൈൻ നിഘണ്ടു (glossary.kerala.gov.in) ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്. മലയാള ഭാഷാ ദിനമായ 2018 നവംബർ 1-ന് രാവിലെ 11 മണിക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ഭരണഭാഷാ സമ്മേളനം ചേർന്നു. എല്ലാ ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുക്കുകയും മാതൃഭാഷയായ മലയാളം പഠിക്കേണ്ടതിന്റെയും അത് ഭരണനിർവ്വഹണത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെയും ആവശ്യകത

ബോധ്യപ്പെടുത്തുന്ന പ്രതിജ്ഞ വകുപ്പ് തലവൻ ചൊല്ലിക്കൊടുക്കുകയും എല്ലാവരും അത് ഏറ്റ് ചൊല്ലുകയും ചെയ്തു. മലയാളം ശ്രേഷ്ഠഭാഷ ദിനാഘോഷവും ഭരണഭാഷ വാരാഘോഷവും സംബന്ധിച്ച വിളംബരം എഴുതി പ്രദർശിപ്പിച്ച ബാനറിന് കീഴിലായിരുന്നു ഭരണഭാഷാ സമ്മേളനം നടന്നത്. തുടർന്ന് നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായി ആഘോഷിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ നോട്ടീസ് ബോർഡിൽ ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും ദൈനംദിന എഴുതി പ്രദർശിപ്പിച്ചു. ഫയലുകളിൽ കുറിപ്പ്, കരട് എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ചും ഓഫീസ് നടപടിക്രമങ്ങളിലെ ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി രണ്ട് സെഷനുകളിലായി ജീവനക്കാർക്ക് ക്ലാസ് എടുക്കുകയും ചെയ്തു. കുറിപ്പ്, കരട് എന്നിവ തയ്യാറാക്കുന്നതിന് ഒരു മത്സരവും മലയാള സാഹിത്യാധിഷ്ഠിതമായ പ്രശ്നോത്തരിയും കയ്യെഴുത്ത് മത്സരവും നടത്തുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് വകുപ്പ് തലവന്റെ അദ്ധ്യക്ഷതയിൽ വിപുലമായ ഒരു സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്.

2. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, തിരുവനന്തപുരം

തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ജീവനക്കാർ നവംബർ 1-ന് രാവിലെ ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ഭരണഭാഷ-മലയാള ഭാഷ പ്രതിജ്ഞ എടുക്കുകയുണ്ടായി. തുടർന്ന് ഔദ്യോഗികരംഗത്ത് മലയാള ഭാഷ പ്രയോഗിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ പുരോഗതിയെക്കുറിച്ചും ജില്ലാ ഓഫീസർ ഒരു ലഘുപ്രഭാഷണം നടത്തുകയും ചെയ്തു.

3. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കൊല്ലം

2018 നവംബർ 1-ാം തീയതി കൊല്ലം ജില്ലാ ഓഫീസിലും അനുബന്ധ ഓഫീസുകളിലെയും ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞ ചൊല്ലുകയും ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു.

4. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, പത്തനംതിട്ട

ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ എല്ലാ ജീവനക്കാരും നവംബർ 1-ന് ഭരണഭാഷ പ്രതിജ്ഞ എടുത്തു. സബ് ഓഫീസർമാർക്ക് പ്രതിജ്ഞ എടുക്കുന്നതിനുള്ള പരിപത്രവും വേണ്ട നിർദ്ദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ

സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു. പ്രതിമാസ കോൺഫറൻസ് അജണ്ടയിൽ ടി വിഷയം പ്രത്യേകം ഉൾപ്പെടുത്തുകയും വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ജില്ലയിലെ പഞ്ചായത്ത് തല ഉദ്യോഗസ്ഥർക്ക് മലയാളം ക്വിസ് മത്സരങ്ങൾ നടത്തി. ഔദ്യോഗികമായി മലയാളം കൈകാര്യം ചെയ്യുന്നതിനെപ്പറ്റി ഒരു ബോധവത്കരണ ക്ലാസ് ജീവനക്കാർക്കായി സംഘടിപ്പിക്കുകയും ചെയ്തു.

5. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ആലപ്പുഴ

ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികൾ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അദ്ധ്യക്ഷതയിൽ 2-11-2018-ന് 10.30-ന് ഭരണഭാഷാവാരാഘോഷം സംബന്ധിച്ച് എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി യോഗം ചേരുകയും ഭാഷാ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. മലയാളഭാഷയുടെ മാഹാത്മ്യത്തെക്കുറിച്ചും ഭരണഭാഷ മലയാളമാക്കിയ സാഹചര്യത്തിൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ജീവനക്കാർക്ക് പ്രബോധനം നൽകുകയും ചെയ്തു. ജീവനക്കാരുടെ ഇടയിൽ മലയാള ഭാഷ പരിപോഷിപ്പിക്കുന്നതിനായി സർവ്വീസ് സംബന്ധമായ മാസികകൾ വാങ്ങണം എന്ന സ്റ്റാഫ് കമ്മിറ്റിയുടെ തീരുമാനം ജില്ലാ ഓഫീസർ അംഗീകരിച്ചു. 3-11-2018 മുതൽ 9-11-2018 വരെ പത്രപാരായണം, സാഹിത്യരചന, പ്രസംഗമത്സരം, കഥാരചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.

6. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കോട്ടയം

ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കോട്ടയത്ത് ജില്ലാ ഓഫീസറുടെ അദ്ധ്യക്ഷതയിൽ നവംബർ 1-ാം തീയതി ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കുകയും ഭാഷാ പ്രതിജ്ഞ ചൊല്ലുകയും ജീവനക്കാർ അത് ഏറ്റുചൊല്ലുകയും ചെയ്തു.

7. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ഇടുക്കി

ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ഇടുക്കി ഭരണഭാഷാ വാരാചരണത്തിന്റെ ഭാഗമായി നവംബർ 1-ന് ജില്ലാ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കുകയും ഭരണ ഭാഷ പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ജീവനക്കാർ അത് ഏറ്റുചൊല്ലുകയും ചെയ്തു.

8. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എറണാകുളം

ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എറണാകുളത്ത് നവംബർ 1-ാം തീയതി ഡെപ്യൂട്ടി ഡയറക്ടർ എ.എച്ച്.-ന്റെ അദ്ധ്യക്ഷതയിൽ യോഗംകൂടുകയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഭാഷാ പ്രതിജ്ഞ ജീവനക്കാർക്ക് ചൊല്ലിക്കൊടുക്കുകയും ജീവനക്കാർ അത് ഏറ്റുചൊല്ലുകയും ചെയ്തു. ഭരണഭാഷാ വാരാചരണം സംബന്ധിച്ച ബാനർ ഈ ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വാരാഘോഷത്തിന്റെ ഭാഗമായി ഭാഷാ പോഷണത്തിന് ഉതകുന്ന ചർച്ചകളും സംഘടിപ്പിച്ചു.

9. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, തൃശ്ശൂർ

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ജീവനക്കാർ നവംബർ 1-ന് രാവിലെ ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ഭരണഭാഷാ-മലയാളഭാഷ പ്രതിജ്ഞ എടുക്കുകയുണ്ടായി. കൂടാതെ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു.

10. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, പാലക്കാട്

പാലക്കാട് ജില്ലയിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ മലയാള ദിനാഘോഷവും ഭരണഭാഷ വാരാചരണവും സംബന്ധിച്ചുള്ള സമ്മേളനം വെറ്ററിനറി ക്യാമ്പസിൽ വച്ച് നടത്തുകയുണ്ടായി. തുടർന്ന് നവംബർ 1-ാം തീയതി ജില്ലയുടെ കീഴിലുള്ള സബ് ഓഫീസുകളിലെ ഓഫീസ് തലവന്മാർ ഭരണഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ജീവനക്കാർ അത് ഏറ്റുചൊല്ലുകയും ചെയ്തു. കൂടാതെ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു.

11. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, വയനാട്

2018 നവംബർ 1-ാം തീയതി വയനാട് ജില്ലാ ഓഫീസിലും അനുബന്ധ ഓഫീസുകളിലെയും ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞ ചൊല്ലുകയും 5-11-2018-ന് ഡെപ്യൂട്ടി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് യോഗം കൂടി ഭരണഭാഷ ദിനാചരണത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളും ചർച്ചകളും നടത്തുകയും ചെയ്തു. ജില്ലാ ഓഫീസുകളിലെയും അനുബന്ധ ഓഫീസുകളിലെയും രജിസ്റ്ററുകളും സർക്കുലറുകൾ, ഹാജർ പുസ്തകങ്ങൾ തുടങ്ങിയവ മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിനും തീരുമാനിച്ചു. ജീവനക്കാരുടെ കവിതാ പാരായണം മലയാളഭാഷയെക്കുറിച്ചും രചനകളെക്കുറിച്ചും ചോദ്യാവലി എന്നിവ നടത്തുകയുണ്ടായി. ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

12. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കോഴിക്കോട്

2018 നവംബർ 1-ാം തീയതി കോഴിക്കോട് ജില്ലാ ഓഫീസിലും അനുബന്ധ ഓഫീസുകളിലെയും ജീവനക്കാർ ഭരണഭാഷ പ്രതിജ്ഞ ചൊല്ലുകയും ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും അവയുടെ സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുകയും ചെയ്തു.

13. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, മലപ്പുറം

ജില്ലാ മൃഗസംരക്ഷണ ഓഫീസ് മലപ്പുറത്ത് ഭരണഭാഷാ വാരാചരണത്തിന്റെ ഭാഗമായി നവംബർ 1-ാം തീയതി ജില്ലാ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിയ്ക്കുകയും ഭരണഭാഷാ പ്രതിജ്ഞ ചൊല്ലികൊടുക്കുകയും എല്ലാ ജീവനക്കാരും അത് ഏറ്റുചൊല്ലുകയും ചെയ്തു.

14. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കണ്ണൂർ

കേരളത്തിന്റെ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഈ വർഷവും മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നവംബർ 1 മുതൽ 7 വരെ ലളിതമായ ചടങ്ങുകളോടെ ആരംഭിച്ചു. 2018-ലെ മലയാള ദിനാഘോഷത്തിന്റെ ഭാഗമായി നവംബർ 1-ന് മുഴുവൻ ജീവനക്കാരും കേരളീയ വേഷത്തിൽ ഓഫീസിൽ ഹാജരായി. നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാചാരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലികൊടുത്തു. മുഴുവൻ ജീവനക്കാരും ഭരണഭാഷാ പ്രതിജ്ഞ ഏറ്റുചൊല്ലി.

നവംബർ 2-ാം തീയതി ഉച്ചയ്ക്ക് 2.30-ന് ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം നടത്തി. ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി കൺവീനർ ജൂനിയർ സൂപ്രണ്ട് കഴിഞ്ഞ ഒരു വർഷത്തെ ഭാഷാ പുരോഗതി റിപ്പോർട്ട് അവതരിപ്പിച്ചു. നവംബർ മാസം ആദ്യത്തെ പ്രവൃത്തി ദിവസം മലയാള ദിനാഘോഷം നടത്തുന്നതിന്റെയും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാചരണം നടത്തുന്നതിന്റെയും പ്രാധാന്യത്തെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും അദ്ധ്യക്ഷൻ ആമുഖഭാഷണത്തിൽ സംസാരിച്ചു. കൂടാതെ ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിലും ഉപ ഓഫീസുകളിലും ഭരണഭാഷ ഉപയോഗിക്കുന്നതിൽ കൈവരിച്ച പുരോഗതി തുടർന്നും നിലനിർത്തിക്കൊണ്ടുപോകുന്നതിന് ഓരോരുത്തരും ഉണർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഉദ്ബോധിപ്പിച്ചു.

15. ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കാസർഗോഡ്

ജില്ലാ മൃഗസംരക്ഷണ ഓഫീസ് കാസർഗോഡ് നവംബർ മാസം 1-ാം തീയതി ജോലിയിലുണ്ടായിരുന്ന ജീവനക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് 11 മണിക്ക് മലയാളഭാഷ പ്രതിജ്ഞ എടുക്കുകയും എല്ലാ ജീവനക്കാരും അത് ഏറ്റുചൊല്ലുകയും ചെയ്തു.

(ബി) ഭരണഭാഷാ പ്രയോഗ പരിപാടികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന നിശ്ചിത തുക ഭരണഭാഷ പുരോഗതി പ്രവർത്തനങ്ങൾക്കായി വകുപ്പ് തലവന്മാർ അതത് സാമ്പത്തികവർഷം തന്നെ വിനിയോഗിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് 14-5-2018-ലെ 44/2018/ഫിൻ. നമ്പർ സർക്കുലറിൽ അനുശാസിക്കുന്നുണ്ട്.

(സി) ഔദ്യോഗിക ഭാഷാ പ്രയോഗ പരിപാടികൾക്കായി മൃഗസംരക്ഷണ വകുപ്പിന് 2018-19 സാമ്പത്തിക വർഷം 25000 രൂപ അനുവദിച്ചതിൽ 16825 രൂപ ചെലവഴിച്ചിട്ടുണ്ട്. 2403-00-001-99-00-26-00-NP എന്ന ശീർഷകത്തിലാണ് പ്രസ്തുത തുക അനുവദിച്ചത്.

**വയനാട് ജില്ലയിൽ പ്രളയ നഷ്ടപരിഹാരത്തുക വിതരണം**

140(917) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ ഉണ്ടായ നാശനഷ്ടത്തിന് അനുവദിക്കപ്പെട്ട നഷ്ടപരിഹാരത്തുക വയനാട് ജില്ലാമൃഗസംരക്ഷണ ഓഫീസിൽനിന്നും അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് അടിയന്തരമായി നൽകുന്നതിന് നിർദ്ദേശം നൽകാമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**തെച്ചിക്കോട്ടുകാവ് രാമചന്ദ്രനുള്ള വിലക്ക്**

141(918) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എന്ന ആനയ്ക്ക് പൂരങ്ങൾക്കും ഉത്സവങ്ങൾക്കും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്നറിയിക്കാമോ;

(സി) പ്രസ്തുത ആനയുടെ ആരോഗ്യ സ്ഥിതി മോശമാണെന്ന് വൈൽഡ് ലൈഫ് വാർഡൻ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ആരോഗ്യ സ്ഥിതി മോശമായ പ്രസ്തുത ആനയെ പൂരത്തലേന്ന് എഴുന്നള്ളിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ സാമൂഹ്യവനക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തെച്ചിക്കോട്ടുക്കാവ് രാമചന്ദ്രൻ എന്ന ആനയെ ഉത്സവങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും 8-2-2019-ലെ ഉത്തരവ് പ്രകാരം 15 ദിവസത്തേയ്ക്ക് നിരോധിച്ചിരുന്നു.

(ബി) 2012-ലെ നാട്ടാന പരിപാലന ചട്ടം 8(4) അനുസരിച്ച് ആന ഇടഞ്ഞ് മരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ ആനയെ 15 ദിവസത്തേയ്ക്ക് പൊതുപരിപാടികളിൽ പങ്കെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്. ഇതനുസരിച്ചാണ് 8-2-2019-ന് ഗുരുവായൂർ കോട്ടപ്പടി എന്ന സ്ഥലത്ത് വച്ച് ടി ആനയുടെ ആക്രമണത്തിൽ 2 പേർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് തൃശ്ശൂർ സാമൂഹ്യവനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഈ ആനയെ ഇപ്രകാരം നിരോധിച്ചത്.

(സി) ഉണ്ട്. 11-8-2010-ൽ ടി ആനയെ പരിശോധിച്ച വെറ്ററിനറി ഡോക്ടർമാരുടെ സംഘം ആനയുടെ വലത് കണ്ണിന് പൂർണ്ണമായും കാഴ്ചശേഷി ഇല്ലായെന്ന് കണ്ടെത്തിയിരുന്നു. 8-2-2019-ൽ ടി ആന ഇടഞ്ഞ് ഉണ്ടായ അനിഷ്ടസംഭവങ്ങളെ തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിയോഗിച്ച വിദഗ്ധ സമിതി ആനയെ പരിശോധിച്ചതിൽ ആനയുടെ വലത് കണ്ണിന് പൂർണ്ണമായും കാഴ്ചശേഷി ഇല്ലായെന്നും, ദഹനശേഷി കുറവാണെന്നും കണ്ടെത്തിയിരുന്നു. കൂടാതെ നിരന്തരമായുള്ള എഴുന്നള്ളിപ്പുകൾ കാരണം വിശ്രമമില്ലാത്ത യാത്രയുടെ സമ്മർദ്ദത്തിലാണ് ആന അപ്രതീക്ഷിതമായി പ്രകോപിതനാകുന്നത് എന്നും കണ്ടെത്തിയിരുന്നു.

(ഡി) തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട പൂര വിളംബരത്തിന് മാത്രമായി കർശന നിബന്ധനകളോടെ പരമാവധി ഒരു മണിക്കൂർ സമയത്തേയ്ക്ക് നട തള്ളിത്തുറക്കുന്ന ചടങ്ങിന് ഈ ആനയെ ഉപയോഗിക്കുവാൻ 15-5-2019-ലെ ജില്ലാ കമ്മിറ്റി യോഗം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ അനുമതി ഇക്കൊല്ലത്തെ തൃശ്ശൂർ പൂരത്തിന് ഒഴികെ മറ്റൊരു പരിപാടിക്കും ബാധകമല്ലെന്നും ആനയെ പൊതുപരിപാടികളിൽ നിന്നും വിലക്കിക്കൊണ്ട് 25-4-2019-ലെ ജില്ലാ കമ്മിറ്റി എടുത്ത തീരുമാനം അതേപടി നിലനിൽക്കുമെന്നും കമ്മിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ ക്ഷീരവികസന വകുപ്പ് പദ്ധതികൾ

142(919) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2017, 2017-18, 2018-2019 എന്നീ വർഷങ്ങളിൽ കായംകുളം നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ, വിനിയോഗിച്ച തുക എന്നിവ വിശദമാക്കാമോ?

ഉത്തരം

2016-17, 2017-18, 2018-19 വർഷങ്ങളിൽ കായംകുളം നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## ക്ഷീരഗ്രാമം പദ്ധതി

143(920) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി എല്ലാ വർഷവും നടപ്പിലാക്കുന്ന പദ്ധതിയാണോയെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരകർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരഗ്രാമം പദ്ധതി, 2016-17 വർഷം മുതലാണ് നടപ്പിലാക്കി തുടങ്ങിയത്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി എല്ലാ വർഷങ്ങളിലും തെരഞ്ഞെടുത്ത വ്യത്യസ്ത പഞ്ചായത്തുകളിലായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | ജില്ല | വർഷം |
|---|---|---|---|
| 1 | ഏരൂർ | കൊല്ലം | 2016-17 |
| 2 | ഉദയനാപുരം | കോട്ടയം | 2016-17 |
| 3 | വെള്ളാങ്കല്ലൂർ | തൃശ്ശൂർ | 2016-17 |
| 4 | ചിറയിൻകീഴ് | തിരുവനന്തപുരം | 2017-18 |
| 5 | ഇടമുളക്കൽ | കൊല്ലം | 2017-18 |
| 6 | മണ്ണഞ്ചേരി | ആലപ്പുഴ | 2017-18 |
| 7 | ചാഴൂർ | തൃശ്ശൂർ | 2017-18 |
| 8 | പറളി | പാലക്കാട് | 2017-18 |
| 9 | വെമ്പായം | തിരുവനന്തപുരം | 2018-19 |
| 10 | മേലില | കൊല്ലം | 2018-19 |
| 11 | തൊടിയൂർ | കൊല്ലം | 2018-19 |
| 12 | വയലാർ | ആലപ്പുഴ | 2018-19 |
| 13 | കോലഴി | തൃശ്ശൂർ | 2018-19 |
| 14 | കണ്ണമംഗലം | മലപ്പുറം | 2018-19 |
| 15 | വട്ടംകുളം | മലപ്പുറം | 2018-19 |
| 16 | ചെറുവണ്ണൂർ | കോഴിക്കോട് | 2018-19 |
| 17 | തില്ലങ്കേരി | കണ്ണൂർ | 2018-19 |
| 18 | പനത്തടി | കാസർഗോഡ് | 2018-19 |

(സി) ക്ഷീരഗ്രാമം പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരകർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ് സബ്സിഡി | ഗുണഭോക്താക്കളുടെ എണ്ണം | ആകെ അനുവദിച്ച സബ്സിഡി |
|---|---|---|---|---|
| 1 | ഗോദാനം (ഒരുപശുയൂണിറ്റ്) | 33,000 | 16 | 5,28,000 |
| 2 | 2 പശു യൂണിറ്റ് | 66,000 | 21 | 13,86,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 | 5 | 8,85,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 | 3 | 10,98,000 |
| 5 | ഗോകുലം ഡയറി യൂണിറ്റ് | 2,00,000 | 1 | 2,00,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 | 12 | 6,00,000 |
| 7 | മിൽക്കിംഗ് മെഷീൻ | 25,000 | 2 | 50,000 |
| 8 | ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണം | 50,000 | 2 | 1,00,000 |
| 9 | കറവപ്പശുക്കൾക്ക് ബാഹ്യ അന്തരീക്ഷ സമ്മർദ്ദ ലഘൂകരണം | 25,000 | 1 | 25,000 |
| 10 | ധാതുലവണ മിശ്രിതം | 100 | 192 | 19,200 |

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുമ്പോൾ മുതൽ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും ഫീൽഡ്തല ഉദ്യോഗസ്ഥർ നേരിട്ട് കർഷക ഭവന സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. ഡയറി യൂണിറ്റുകളുടെ ഗുണഭോക്താക്കളായ കർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന പാലിന്റെ അളവ് അവലോകനം ചെയ്ത് പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നുണ്ട്. കൂടാതെ ജില്ലാതല ഉദ്യോഗസ്ഥർ പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തുകയും ഭവനസന്ദർശനം നടത്തി പദ്ധതി നിർവ്വഹണ പുരോഗതി ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

**ക്ഷീര കർഷക ക്ഷേമനിധി ബോർഡ്**

144(921) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകക്ഷേമനിധി ബോർഡ് മുഖാന്തരം ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രളയകാലത്ത് ജീവനോപാധികൾ നഷ്ടപ്പെട്ട ക്ഷീര കർഷകരെ സഹായിക്കുവാൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; അത് അർഹതപ്പെട്ടവർക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര കർഷകർക്കായി ഫ്ളഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കിയിരുന്നോ; എത്ര കോടി രൂപയാണ് ഇതിനായി വിനിയോഗിച്ചത്;

(ഡി) പ്രളയം സൃഷ്ടിച്ച പ്രതിസന്ധി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽനിന്നും പിന്നാക്കം പോകുവാൻ ഇടയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പെൻഷൻ
2. കുടുംബപെൻഷൻ
3. അവശത പെൻഷൻ
4. വിവാഹ ധനസഹായം
5. മരണാനന്തര സഹായം
6. വിദ്യാഭ്യാസ സ്കോളർഷിപ്പ്
7. ചികിത്സാ സഹായം
8. അപകട മരണ സഹായം
9. ക്ഷീരകർഷക അവാർഡുകൾ

(ബി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാ തലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ആയത് യഥാർത്ഥ കർഷകർക്ക് ലഭ്യമാകുന്ന എന്ന് ഉറപ്പാക്കുന്നതിനും ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽനിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ. ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രധാനമായും താഴെപ്പറയുന്ന പ്രകാരമാണ് നടപ്പിലാക്കിയത്:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി രൂപയിൽ | ഗുണഭോ-ക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക ലക്ഷം |
|---|---|---|---|---|
| 1 | ഗോദാനം (രണ്ട് പശുയൂണിറ്റ്) | 33,000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66,000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50,000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയമായ കാലിത്തൊഴുത്ത് | 1,00,000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

(സി) ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കിയിരുന്നു. 22 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്.

(ഡി) സംസ്ഥാനത്ത് പ്രളയംമൂലം ക്ഷീരോല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി. പ്രസ്തുത കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

**മിൽക്ക് ഷെഡ് പദ്ധതി**

145 (922) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മിൽക്ക്ഷെഡ് പദ്ധതിയിൽ മാവേലിക്കര നിയമസഭാമണ്ഡലത്തിലെ ഏത് പഞ്ചായത്തിനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ മാവേലിക്കര നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും മാവേലിക്കര മുനിസിപ്പാലിറ്റിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നവയെ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം ഒരു പശു യൂണിറ്റ് | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | അഞ്ച് കിടാരി യൂണിറ്റ് | 98,800 |
| 6 | പത്ത് കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായം | 50,000 |

**പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

146(923) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും ഉപയോഗവും സംബന്ധിച്ച കണക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രാഥമിക ക്ഷീരോല്പാദക സഹകരണസംഘം വഴി സംഭരിക്കുന്ന പാലിന്റെ കണക്കനുസരിച്ചാണ് സംസ്ഥാനത്തെ മൊത്തം പാലിന്റെ ഉല്പാദനവും ഉപഭോഗവും കണക്കാക്കുന്നത്.

2018-19 വർഷത്തിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 18.64 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. മിൽമ പ്രതിദിനം 13.20 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 14.00 ലക്ഷം ലിറ്റർ പാൽ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

പാൽ ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും ശാസ്ത്രീയമായ കണക്ക് ലഭിക്കുന്നതിനായി ഈ വർഷം ഒരു സാമ്പിൾ സർവ്വേ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. ഇത് ഭാവിയിലെ ആസൂത്രണത്തിന് ഉപയോഗപ്രദമാകും.

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് പ്രധാനമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് :

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി
6. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
7. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി.

കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുക്കുട്ടികൾക്കാവശ്യമായ കാലിത്തീറ്റ ഒന്നര വർഷത്തേയ്ക്ക് നൽകിക്കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചുവരുന്നു. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശു പരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവ സൗജന്യമായി നൽകിവരുന്നു. ക്ഷീരസംഘങ്ങൾ വഴി 2018-19 വർഷം 3643 മെട്രിക് ടൺ പച്ചപ്പുല്ല് സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫാം സപ്പോർട്ട് സബ്സിഡി വഴി മലബാർ യൂണിയൻ കൂടുതൽ പശുക്കളുള്ള ആധുനിക ഡയറി ഫാമുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കന്നുകാലികൾക്കാവശ്യമുള്ള ഗുണമേന്മയുള്ള വിവിധതരം പിണ്ണാക്കുകൾ, ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം

ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഫീഡ് സപ്ലിമെന്റുകളായ വിവിധതരം ധാതുലവണ മിശ്രിതങ്ങൾ, മീനെണ്ണ എന്നിവ ക്ഷീരസംഘങ്ങൾക്ക് വിതരണം ചെയ്യുന്നു.

എറണാകുളം മേഖലാ യൂണിയൻ 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ അവസാനം വരെ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിക്കുള്ള സബ്സിഡിക്കായി തുക വകയിരുത്തിയിട്ടുണ്ട്. അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. വൈക്കോൽ വിതരണത്തിനും കറവയന്ത്രത്തിന് സബ്സിഡിക്കും തുക വകയിരുത്തിയിട്ടുണ്ട്. സ്വകാര്യ ഏജൻസികൾക്ക് പാൽ നൽകുന്ന ഫാം സെക്ടർ കർഷകരെ ആകർഷിക്കുന്ന തിനായി പ്രതിദിനം ശരാശരി 50 ലിറ്ററോ അതിലധികമോ പാൽ സംഘങ്ങളിൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് നൽകുന്നുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽ നൽകുന്ന മുഴുവൻ കർഷകരുടെയും മുഴുവൻ കറവപ്പശുക്കളെയും വിരമുക്തമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലികളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, കാലിത്തീറ്റ സബ്സിഡി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കന്നുക്കുട്ടി/കിടാരി ദത്തെടുക്കൽ പദ്ധതി, ചെറുകിട കർഷകർക്കുള്ള സൗജന്യ കാലിത്തീറ്റ (മിനി ഡയറി) പദ്ധതി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, വികേന്ദ്രീകൃത മൃഗചികിത്സ യൂണിറ്റുകൾ, മൃഗ ചികിത്സാ ക്യാമ്പുകൾ, ക്ഷീരസംഘം ജീവനക്കാർക്കുള്ള ഇൻസെന്റീവ് പദ്ധതി, വേനൽക്കാല ഇൻസെന്റീവ്, പാൽവില വ്യത്യാസം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2019-20 വർഷം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
3. ക്ഷീരഗ്രാമം
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം
6. കാലിത്തീറ്റ സബ്സിഡി
7. ധാതുലവണ മിശ്രിത വിതരണം

8. ഹീഫർ പാർക്ക്

9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

10. പാൽ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾ

**പാൽ ഉല്പാദനരംഗത്തെ പദ്ധതികൾ**

147(924) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാൽ ഉത്പാദനരംഗത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പാൽ ഉത്പാദനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം

മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്‌സിഡി നൽകുന്ന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി

പശുക്കുട്ടികൾക്ക് സബ്‌സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ, കന്നുകുട്ടി പരിപാലന പദ്ധതിയിൽ 2018-19 എൻറോൾ ചെയ്ത 26002 കന്നുകുട്ടികൾക്ക് രണ്ടാംഘട്ട സഹായമായും 2019-20-ൽ എൻറോൾ ചെയ്യുന്ന 20878 കന്നുകുട്ടികൾക്ക് ആദ്യവർഷ സഹായമായും ആകെ 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഗോവർദ്ധിനി പദ്ധതിയിൽ 2018-19-ൽ എൻറോൾ ചെയ്ത 57552 കന്നുകുട്ടികൾക്ക് രണ്ടാം ഘട്ട സഹായമായും 2019-20-ൽ എൻറോൾ ചെയ്യുന്ന 14448 കന്നുകുട്ടികൾക്ക് ആദ്യവർഷ സഹായമായും ആകെ 4500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2019-20-ൽ ഇപ്രകാരം ആകെ 118880 പശുക്കുട്ടികൾക്ക് ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതികൾ മുഖേന ശാസ്ത്രീയ പരിരക്ഷ നൽകാൻ ലക്ഷ്യമിടുന്നു.

3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

കന്നുകാലികളുടെ മരണംമൂലവും ഉല്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടായ നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവന ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പാക്കാൻ സാധിക്കുന്നു. ഗോസമൃദ്ധി നടപ്പിലാക്കാൻ 2019-2020 വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 60000 കന്നുകാലികൾക്ക് ഇൻഷ്വറൻസ് ലഭ്യമാകും.

4. ചാണകത്തിൽ നിന്നും ജൈവവളം നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

ഒരു ഗുണഭോക്താവിന് 12,500 രൂപയുടെ സഹായം ലഭിക്കും. 2019-20 സാമ്പത്തികവർഷം 1800 യൂണിറ്റുകൾ നടപ്പിലാക്കും.

(ബി) പാൽ ഉല്പാദനത്തിന്റെ വാർഷിക പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

| കാലയളവ് | ഉല്പാദനം (tonnes) | പുരോഗതി (%) |
|---|---|---|
| 2016 മാർച്ച്-2017 ഫെബ്രുവരി | 2520.29 | മുൻവർഷങ്ങളെ അടിസ്ഥാനപ്പെടുത്തി -4.88 |
| 2017 മാർച്ച്-2018 ഫെബ്രുവരി | 2575.98 | 2.21 |
| 2018 മാർച്ച്-2019 ഫെബ്രുവരി (provisional) | 2548.68 | -1.06 |

**ക്ഷീരോല്പാദന പദ്ധതികൾ**

148(925) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനമേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിന് ഈ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പാലിന്റെ ആവശ്യകതയുടെ എത്ര ശതമാനം ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രതിദിന പാൽസംഭരണത്തിൽ ഇപ്പോൾ സർവ്വകാല റെക്കോർഡ് നേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിനായി പുതിയ ക്ഷീരവികസനയൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിനുവേണ്ടി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
   (a) ക്ഷീരഗ്രാമം പദ്ധതി
   (b) ഡയറി സോൺ
   (c) അവശ്യാധിഷ്ഠിത സഹായം
   (d) യന്ത്രവത്കരണം
   (e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
   (f) ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി.

കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളെയും കർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/ മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പാലിന്റെ ആവശ്യകതയുടെ ഏകദേശം 80% ത്തിനു മുകളിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) 2018-19 വർഷത്തിൽ പ്രതിദിനം ശരാശരി 18.64 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾ മുഖേന ഏറ്റവും ഉയർന്ന പാൽ സംഭരണമാണ് ഇപ്പോഴുള്ളത്. ഇത് സർവ്വകാല റെക്കോർഡാണ്.

(ഡി) പുതിയ ക്ഷീരവികസന യൂണിറ്റുകൾ മുൻവർഷം ആരംഭിച്ചിട്ടില്ല.

### ക്ഷീരമേഖലയിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ

149(926) ശ്രീ. എം. മുകേഷ്:
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ പുനരധിവാസ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ദുരിതബാധിതരായ കർഷകർക്ക് പുതുതായി ഉരുക്കളെ ലഭ്യമാക്കുന്നതിനും തൊഴുത്ത് നവീകരണത്തിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് വിവിധ ഏജൻസികളിൽ നിന്നും സഹായം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന, അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 21.99 കോടി രൂപ കർഷകർക്ക് ധനസഹായമായി മൃഗസംരക്ഷണ വകുപ്പ് മുഖേന വിതരണം ചെയ്തു. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിലെ കന്നുകാലികൾക്ക് 2.68 കോടി രൂപയുടെ കാലിത്തീറ്റയും വിതരണം ചെയ്യുകയുണ്ടായി.

(ബി) പ്രളയംമൂലം നാശനഷ്ടങ്ങളുണ്ടായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീര വികസന വകുപ്പ് മുഖേന, 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ പ്രധാനമായും താഴെപ്പറയുന്നവയാണ് കർഷകർക്ക് സഹായം നൽകിയത്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി രൂപയിൽ | ഗുണഭോ-ക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക ലക്ഷം |
|---|---|---|---|---|
| 1 | ഗോദാനം (ഒരു പശുയൂണിറ്റ്) | 33,000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66,000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50,000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയമായ കാലിത്തൊഴുത്ത് | 100,000 | 100 | 30 |

പ്രളയബാധിത മേഖലയിലെ പുനരുജ്ജീവനത്തിനായി 2018-19 സാമ്പത്തികവർഷം മൃഗസംരക്ഷണ വകുപ്പ് മുഖേന ഈ മേഖലയിൽ താഴെക്കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കി:

കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി

ഒരു ഗുണഭോക്താവിന് പരമാവധി 5,000 (അയ്യായിരം രൂപ) വരെയാണ് ഈയിനത്തിൽ നൽകിയത്. സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ NLM-ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി

പ്രളയം ഏറ്റവും കൂടുതൽ നഷ്ടം വിതച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ National Livestock Mission-ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഒരു യൂണിറ്റിൽ 10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന 11 ആടുകളാണുള്ളത്. 90% സബ്സിഡിയോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഒരു ഗുണഭോക്താവിന് 59,400 രൂപ ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. (60% കേന്ദ്ര ഫണ്ടും 30% സംസ്ഥാന ഫണ്ടും ചേർത്ത്) 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ 387 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.

2019-20 സാമ്പത്തിക വർഷം പ്രളയബാധിത മേഖലകളിലെ മൃഗസംരക്ഷണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2.81 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ 7 ജില്ലകളിൽ കിടാരി വളർത്തൽ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നു. മെച്ചപ്പെട്ട കിടാരികളെ വളർത്തിക്കൊണ്ടു വന്ന് മികച്ച പ്രത്യുല്പാദനശേഷിയുള്ള പശുക്കളാക്കി മാറ്റുക എന്നുള്ളതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കർഷകന് ഒരു കിടാരിയെ വാങ്ങി വളർത്തുന്നതിനും 6 മാസക്കാലയളവിലേയ്ക്കുമുള്ള തീറ്റ ഇനത്തിലും സഹായം നൽകുന്നു. ഇത്തരത്തിൽ ഒരു കർഷകന് 25000 രൂപയുടെ സഹായം നൽകിക്കൊണ്ട് 1120 യൂണിറ്റുകൾ നടപ്പിലാക്കും.

(സി) ദുരിതബാധിതരായ കർഷകർക്ക് ഫ്ലഡ് റിലീഫ് പ്രോഗ്രാം പദ്ധതി പ്രകാരം പുതുതായി ഉരുക്കളെ വാങ്ങുന്നതിനും കാലിത്തൊഴുത്തിന്റെ നാശനഷ്ടങ്ങൾ തീർക്കുന്നതിനും പുതിയ കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുകയുണ്ടായി.

പ്രളയം ഗുരുതരമായി ബാധിച്ച 7 ജില്ലകളിൽ ദുരിതബാധിത കർഷകർക്ക് കിടാരികളെ വാങ്ങുന്നതിനുള്ള പദ്ധതി 2019-2020 ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി 1120 കർഷകർക്ക് പ്രയോജനമാകും. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയം ബാധിച്ച ജില്ലകളിലെ തൊഴുത്ത് നവീകരിക്കുന്നതിനുള്ള പദ്ധതിക്കാവശ്യമായ സാങ്കേതികസഹായം മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്നു.

(ഡി) പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീര വികസന വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണ വകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് തമിഴ്നാട്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പുകൾ മിൽമ, കേരള ഫീഡ്സ് എന്നിവ തീറ്റ, വൈയ്ക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയുണ്ടായി.

## പാലിന്റെ ഗുണനിലവാരം

150(927) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന കവർ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലും കമ്പനികളുടെ കവർപാൽ ഗുണനിലവാരം ഇല്ലാതെ വിതരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;

(സി) ഗുണനിലവാരം കുറഞ്ഞ പാലിന്റെ വിതരണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിന് പുറമേ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലും പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) ഗുണനിലവാരം കുറഞ്ഞ കവർ പാലുകൾ സംസ്ഥാനത്ത് വിപണനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാർക്കറ്റിൽ ലഭ്യമായ പാലുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ ശ്രീലക്ഷ്മി ബ്രാന്റ്, കൊല്ലം "അൺസേഫ്" ആയും നാടൻ നറുംപാൽ - അന്നം ഏജൻസീസ്, തൃശ്ശൂർ, ഐ.ഡി. മിൽക്ക്, ഇന്ദിരാ ഡയറി, തിരുവനന്തപുരം എന്നീ ബ്രാന്റുകൾ "സബ്സ്റ്റാന്റേർഡായും" പരിശോധനാ ഫലം ലഭിച്ചു. ശ്രീലക്ഷ്മി ബ്രാന്റിനെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടർന്നുവരുന്നു. നാടൻ നറുംപാൽ, ഐ.ഡി. മിൽക്ക് എന്നിവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷനും ഫയൽ ചെയ്തിട്ടുണ്ട്.

2019 മാർച്ച് മാസത്തിൽ ക്ഷീര വികസന വകുപ്പ് വിവിധ ജില്ലകളിൽ പരിശോധിച്ച താഴെപ്പറയുന്ന പാൽ സാമ്പിളുകളിൽ കൊഴുപ്പ് (ഫാറ്റ്), കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ (എസ്.എൻ.എഫ്.) എന്നിവയിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

മലനാട് ടോൺഡ് മിൽക്ക്, എ വൺ ടോൺഡ് മിൽക്ക്, മലബാർ ഡബിൾ ടോൺഡ് മിൽക്ക്, NMD ടോൺഡ് മിൽക്ക്, സുഗുണ ഡബിൽ ടോൺഡ് മിൽക്ക്, അരോമ ഡബിൽ ടോൺഡ് മിൽക്ക്, വാഗമൺ ഡബിൾ ടോൺഡ് മിൽക്ക്, തനിമ ടോൺഡ് മിൽക്ക്, പശുധ ടോൺഡ് മിൽക്ക്, അമൃത ഡബിൾ ടോൺഡ് മിൽക്ക്. ഇത് സംബന്ധിച്ച് ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകുന്നുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നു. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റും സംയുക്തമായി ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പാലിന്റെ വില വർദ്ധിപ്പിക്കൽ

151(928) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീരകർഷകർക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉല്പാദനച്ചെലവ് കൂടിയ സാഹചര്യത്തിൽ പാൽവില കൂട്ടണമെന്ന് ക്ഷീരകർഷകർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ) കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീരകർഷകർക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാലിത്തീറ്റയുടെ വില അസംസ്കൃത വസ്തുക്കൾക്ക് ഉണ്ടാകുന്ന വിലവർദ്ധനയ്ക്ക് അനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. ക്ഷീരവികസന വകുപ്പ് ഡയറക്ടർ അടക്കം അടങ്ങുന്ന വിലനിർണ്ണയ സമിതിയാണ് ഇത് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വിലനിർണ്ണയസമിതി വില പുതുക്കി നിശ്ചയിക്കാറുള്ളത്. പാൽവില പുതുക്കി നിശ്ചയിക്കുന്നതിന് നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം കർഷകരുടെ സഹകരണ സ്ഥാപനമായ മിൽമയ്ക്കാണ് അധികാരം നൽകിയിരിക്കുന്നത്. പാൽവില വർദ്ധന ഉപഭോക്താക്കളിൽ അധികഭാരം ഉണ്ടാകാതിരിക്കണമെന്നാണ് സർക്കാർ നിലപാട്. ക്ഷീരകർഷകർക്ക് പാലുല്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധിച്ച തീറ്റ ചെലവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനമായും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള ധനസഹായം
3. അവശ്യാധിഷ്ഠിത ധനസഹായം
4. കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം
5. യന്ത്രവൽക്കരണത്തിനുള്ള ധനസഹായം
6 സമഗ്ര ഇൻഷ്വറൻസ് പദ്ധതി
7. ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ.

കൂടാതെ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകിവരുന്നുണ്ട്.

## കാലിത്തീറ്റ ഉല്പാദനം

152 (929) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ രാഷ്ട്രീയ ഗോകുൽ മിഷൻ ആരംഭിച്ചതോടുകൂടി ഉത്തരേന്ത്യയിൽ കാലിത്തീറ്റക്കുണ്ടായ പ്രിയം സംസ്ഥാനത്തെ കാലിത്തീറ്റ ഉല്പാദക ഫാക്ടറികൾക്ക് അസംസ്കൃത വസ്തുക്കൾ കിട്ടുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ബുദ്ധിമുട്ട് തരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കാലിത്തീറ്റ ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലാഭകരമായാണോ പ്രവർത്തിക്കുന്നത്;

(ഡി) നഷ്ടമാണെങ്കിൽ നിലവിലെ നഷ്ടം എത്ര കോടിയാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഫാക്ടറിക്ക് സംസ്ഥാന സർക്കാർ സബ്സിഡിയോ ഗ്രാന്റോ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അത് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) 2018-19 സാമ്പത്തിക വർഷാവസാനത്തോടെയുള്ള സഞ്ചിതനഷ്ടം 82.22 കോടി രൂപയാണ്.

(ഇ) കേരള ഫീഡ്സ് ലിമിറ്റഡിന് റവന്യൂ ഇനത്തിൽ യാതൊരു വിധത്തിലുള്ള സബ്സിഡിയോ ഗ്രാന്റോ സംസ്ഥാന സർക്കാർ നൽകുന്നില്ല. സബ്സിഡി/ഗ്രാന്റ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ക്ഷീരകർഷകർക്ക് ന്യായവില ലഭിക്കുന്നതിന് നടപടി

153(930) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനച്ചെലവിലെ വർദ്ധനവും തന്മൂലം ക്ഷീരവൃത്തിയിൽ നിന്നുള്ള ആദായക്കുറവും പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ക്ഷീരകർഷകർക്ക് ന്യായവില ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ക്ഷീരസംഘങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനും മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവപ്പശുക്കളെ വാങ്ങുന്നതിനും കൂടാതെ അവശ്യാധിഷ്ഠിത സഹായം, കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം, കാലിത്തൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും യന്ത്രവത്ക്കരണത്തിനും പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനുമുള്ള സഹായം, വയ്ക്കോലും കാലിത്തീറ്റയും ക്ഷീരസംഘങ്ങൾ വഴി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനുള്ള സഹായം എന്നിവ നൽകുന്നുണ്ട്. കൂടാതെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂരിഭാഗം പഞ്ചായത്തുകളിലും അവർ അളക്കുന്ന പാലിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് 4 രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകിവരുന്നുണ്ട്.

ഉരുക്കളെയും ക്ഷീരകർഷകരുടെ 80 വയസ് വരെ പ്രായമുള്ള കുടുംബങ്ങളെയും ഉൾപ്പെടുത്തി അവരുടെ ചികിത്സാ ചെലവടക്കം നൽകത്തക്ക രീതിയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാസഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നീ സഹായങ്ങളും കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഗുണനിലവാര മനുസരിച്ച് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ (എ.എം.സി.) യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എ.എം.സി. യൂണിറ്റുകൾ യൂണിഫോം സോഫ്റ്റ്‌വെയറിലൂടെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

(സി) ക്ഷീരസംഘം ഭരണസമിതികളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമായി സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാര പരിശോധന നിർബന്ധമാക്കി, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഏകീകൃത സോഫ്റ്റ്‌വെയർ മുഖേന പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ പ്രാഥമിക ക്ഷീര സംഘങ്ങളിൽ ഭരണ സമിതി യോഗങ്ങളും വാർഷിക പൊതുയോഗവും കൃത്യസമയങ്ങളിൽ കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) പാൽ സംഭരണം സർവ്വകാല റെക്കോർഡിലെത്തിയിട്ടുണ്ട്. 2018-19 വർഷം പ്രളയംമൂലം ഈ മേഖലയ്ക്ക് കനത്ത തിരിച്ചടി നേരിട്ടുവെങ്കിലും ക്ഷീരസംഘങ്ങളിൽ കൂടിയുള്ള പാൽ സംഭരണം പ്രതിദിനം 18.64 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്. 2016-17 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 14.56% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## മൃഗശാല വകുപ്പിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

154(931) ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മൃഗശാല വകുപ്പിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം മൃഗശാലയിൽ ഏതൊക്കെ പുതിയ മൃഗങ്ങളെയും പക്ഷികളെയും കൊണ്ടുവന്നെന്നും നിലവിലുള്ള മൃഗങ്ങളെ പാർപ്പിക്കുന്ന സൗകര്യങ്ങളിൽ എന്തൊക്കെ നവീകരണം നടത്തിയെന്നും വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ മൃഗശാലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെയും മൃഗശാല മാറ്റി സ്ഥാപിച്ചത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) മൃഗശാലയിലേക്ക് വരുന്ന സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തികളാണ്

നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, അക്വേറിയത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരമായി വിശ്രമമുറിയോട് ചേർന്ന ടോയ്‌ലറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മൃഗശാല ഓഫീസിനും സ്റ്റോറിനുമായുള്ള കെട്ടിടത്തിന്റെ നിർമ്മാണം, ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണം വിദേശപക്ഷികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, ചിത്രശലഭ പാർക്കിന്റെ നിർമ്മാണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം എന്നീ ജോലികൾ പുരോഗമിച്ചുവരുന്നു. മൃഗശാലയുടെ കോമ്പൗണ്ട് മതിലിന്റെ അറ്റകുറ്റപ്പണികൾ, കുരങ്ങുവർഗ്ഗത്തിൽപ്പെട്ടവയെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, കൃഷ്ണമൃഗത്തെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, പന്നിമാൻ കൂടിന്റെ നവീകരണം, സിംഹക്കൂടിന്റെ അറ്റകുറ്റപ്പണികൾ, ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം എന്നിവയാണ് മ്യൂസിയം മൃഗശാല വകുപ്പിലെ വികസന പ്രവൃത്തികൾ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി വെള്ള മയിലുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൻ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഏഷ്യാട്ടിക് ബ്ലാക്ക് കരടികൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെയാണ് തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ളത്. തിരുവനന്തപുരം മൃഗശാലയിൽ വിദേശപക്ഷികളെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം, ജിറാഫ്, സീബ്ര എന്നിവയെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, കടുവ കൂടുകളുടെ നവീകരണം, കുരങ്ങുവർഗത്തിൽപ്പെട്ട മൃഗങ്ങളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം, സാമ്പാർ ഡിയർ, കാണ്ടാമൃഗക്കൂട് എന്നിവയുടെ മോട്ടിന്റെ നവീകരണം, കറുത്ത അരയന്നങ്ങളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം, മുള്ളൻ പന്നികളെ പാർപ്പിക്കുന്ന കൂടിന്റെ നവീകരണം എന്നിവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു. സിംഹക്കൂടിന്റെ അറ്റകുറ്റപ്പണികൾ, ഒട്ടകപ്പക്ഷി കൂടിന്റെ അറ്റകുറ്റപ്പണികൾ, പന്നിമാൻ കൂടിന്റെ നവീകരണം, കൃഷ്ണമൃഗക്കൂടിന്റെ നവീകരണം എന്നിവയ്ക്ക് സർക്കാരിന്റെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

തൃശ്ശൂർ മൃഗശാലയിൽ സിംഹം, കടുവ, പുള്ളിപ്പുലി, മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, ഹിപ്പോപ്പൊട്ടാമസ് എന്നിവയുടെ കൂടുകളുടെ നവീകരണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

(സി) വനംവകുപ്പിന്റെ കീഴിൽ പുത്തൂർ മൃഗശാലയിൽ മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സാധിക്കുകയുള്ളൂ.

തൃശ്ശൂർ നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്ന മൃഗശാലയിലെ മൃഗങ്ങളെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുന്നതിനായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ച് മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, സിംഹം, കടുവ, പുള്ളിപ്പുലി, ഹിപ്പോപ്പൊട്ടാമസ് എന്നിവയുടെ കൂടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ആധുനിക രീതിയിലുള്ള അക്വേറിയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ഡി) മൃഗശാലയിലേയ്ക്ക് വരുന്ന സന്ദർശകർക്ക് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ മൃഗശാലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാല സന്ദർശനം നടത്തുന്നവരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ക്ലോക്ക് റൂം, മൃഗശാല സന്ദർശനം നടത്തുന്നതിനായി ബാറ്ററി വാഹനങ്ങൾ, ഭിന്നശേഷിയുള്ളവർക്കായി വീൽച്ചെയറുകൾ, ഇ-ടോയ്‌ലറ്റുകൾ, സ്ത്രീസൗഹാർദ്ദപരമായ ടോയ്‌ലറ്റ്, ശീതികരിച്ച കുടിവെള്ളം, മതിയായ സൈൻ ബോർഡുകൾ എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. വംശനാശം നേരിടുന്ന ജന്തുജാലങ്ങളെ പരിചയപ്പെടുത്തുന്നതിനായുള്ള ഇന്റർപ്രട്ടേഷൻ സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## ജലവിഭവ വകുപ്പിന് കീഴിൽ പുതിയ സബ് ഡിവിഷൻ സെക്ഷൻ ഓഫീസുകൾ

155 (932) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ പുതിയ സബ്ഡിവിഷൻ/സെക്ഷൻ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസുകളുടെ/സബ്ഡിവിഷൻ ഓഫീസുകളുടെ നവീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കൊണ്ടോട്ടിയിൽ നേരത്തെയുണ്ടായിരുന്ന സബ് ഡിവിഷൻ ഓഫീസ് അവിടെ പുനഃസ്ഥാപിക്കാൻ വേണ്ടി ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിപോലെ ബൃഹത്തായ ഒരു കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടും കൊണ്ടോട്ടിയിൽ സബ് ഡിവിഷൻ ഓഫീസ് ഇനിയും പുനഃസ്ഥാപിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ജലസേചന വകുപ്പിൽ പുതിയ സബ്ഡിവിഷൻ/ ഡിവിഷൻ ഓഫീസുകൾ തുടങ്ങുന്ന കാര്യം വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന റീസ്ട്രക്ചറിംഗ് പ്രൊപ്പോസലിൽ പരിശോധിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ ബേപ്പൂരിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യവും പരിശോധനയിലാണ്.

(ബി) ജലസേചന വകുപ്പിൽ Modernization & e-governnace എന്നിവയ്ക്കുവേണ്ടി 2701-80-001-92-99 എന്ന ശീർഷകത്തിൽ 90 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. Biometric punching, KSWAN connectivity, Tracking and keeping assets electronically (e-asset), upkeep & maintenance of electronic assets തുടങ്ങിയ പ്രവർത്തനങ്ങൾക്കായിട്ടാണ് മേൽപ്പറഞ്ഞ തുക വിനിയോഗിക്കുവാൻ പോകുന്നത്. തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സെക്ഷൻ/ സബ്ഡിവിഷൻ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(സി & ഡി) നടപടികൾ പുരോഗമിച്ചുവരുന്നു.

**ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതികാനുമതി നൽകാവുന്ന തുക**

156(933) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് അനുവദിക്കുന്ന പ്രവൃത്തികൾക്ക് എ.എക്സ്.ഇ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് (ഇ.ഇ., എസ്.ഇ, സി.ഇ.) സാങ്കേതികാനുമതി നൽകുന്നതിനുള്ള തുകയുടെ പരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് കാലോചിതമായി പരിഷ്കരിച്ച് തുകയുടെ പരിധി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർക്ക് എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നിലവിലെ പരിധി ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 3 ലക്ഷം വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 15 ലക്ഷം വരെ |
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | - | 45 ലക്ഷം വരെ |
| ചീഫ് എഞ്ചിനീയർ | - | പരിധിയില്ല. |

(ബി) ഈ വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.

**ആലത്തൂർ മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

157(934) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികൾ (മേജർ &മൈനർ) എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും**

158(935) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെടുത്തുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് കേരളത്തിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ ഈ നിയമപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ പരിശോധനയും ശിക്ഷാനടപടികളും ഉണ്ടാകുന്നുണ്ടോയെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളും മലിനപ്പെടുത്തുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് ചുവടെ പറയുന്ന നിയമങ്ങൾ കേരളത്തിൽ നിലവിലുണ്ട്:

1. വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട്), 1974.

2. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994.

3. കേരള നഗരപാലിക ആക്ട്, 1994.

4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട്, 2018.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണമേർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതിയുടെ പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം, 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**നദീതീരങ്ങൾ സംരക്ഷിക്കുന്നതിനായി ലോകബാങ്കിൽ നിന്നും ധനസഹായം**

159(936) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം വിഭാവനം ചെയ്യപ്പെട്ട പുനർനിർമ്മാണത്തിന്റെ ഭാഗമായി, തകർന്ന നദീതീരങ്ങൾ, പുഴകളുടെ തീരങ്ങൾ, തോടുകളുടെ തീരങ്ങൾ എന്നിവ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി ലോകബാങ്കിൽനിന്നും ധനസഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ലഭിച്ചത് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ എപ്രകാരമാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി, തകർന്ന നദീതീരങ്ങൾ, പുഴകളുടെ തീരങ്ങൾ, തോടുകളുടെ തീരങ്ങൾ എന്നിവ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി ലോകബാങ്കിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

160(937) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എത്ര ജലസ്രോതസ്സുകളെ പൂർണ്ണമായി മാലിന്യമുക്തമാക്കി എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) നദീതടങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചിട്ടുണ്ട്. കുളങ്ങളുടെ സംരക്ഷണവും നവീകരണവുമാണ് പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള ജലസ്രോതസ്സുകളുടെ തത്സ്ഥിതി കൂടി പ്രതിപാദിക്കുന്ന വിധത്തിൽ ശാസ്ത്രീയ ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ 'നീർത്തടപ്ലാനുകൾ' തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരം മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർന്നും ഏറ്റെടുക്കാൻ കഴിയും. ഇതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പുകൾ/ഏജൻസികൾ ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ തോടുകൾ, പുഴകൾ, കുളങ്ങൾ, ചിറകൾ തുടങ്ങിയ ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2017-18, 2018-19 കാലയളവുകളിലായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെയായി 354-ഓളം കുളങ്ങൾ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം വിവിധ ജില്ലകളിലായി ഒട്ടേറെ നദികളും തോടുകളും ശുചിയാക്കുന്നതിനുള്ള നടപടികളും ജലസേചന വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. ചില ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കുന്നതിനൊപ്പം പുനഃസംയോജനവും സാധ്യമാക്കിയിട്ടുണ്ട്. വരട്ടാർ, കോലറയാർ, കുട്ടംപേരൂർ ആറ്, മീനച്ചിൽ-മീനന്തറ-കൊടൂരാർ, പെരുംതോട് തുടങ്ങിയവ ഇതിൽപ്പെടും. തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിന്റെ ശുചീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പുൾപ്പെടെയുള്ള വിവിധ ഏജൻസികൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വണ്ടിച്ചിറ, ആനതാഴ്ചിറ എന്നീ ജലസ്രോതസ്സുകൾ (കുളങ്ങൾ) മാലിന്യമുക്തമാക്കി നവീകരിച്ച് ശുദ്ധജലവിതരണത്തിനായി ഉപയോഗിക്കുന്ന പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരളത്തിലെ നദീതടങ്ങൾ നിലവിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റം, നഗരവൽക്കരണവുമായി ബന്ധപ്പെട്ട മാലിന്യവർദ്ധനവുൾപ്പെടെയുള്ള പ്രശ്നങ്ങൾ, വനങ്ങളുടെ ആവാസവ്യവസ്ഥയിൽ വന്നിട്ടുള്ള കുറവ്, തണ്ണീർത്തടങ്ങളുടെ ശോഷണം, അമിതമായ രാസവള-രാസകീടനാശിനി പ്രയോഗം തുടങ്ങിയവയാണ്. ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിനുള്ള പ്രധാനപ്രവർത്തനം സമഗ്ര നീർത്തടപദ്ധതികൾ രൂപപ്പെടുത്തി, അതിൻപ്രകാരമുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനം നടത്തുക എന്നതാണ്. ഇതിനുള്ള ശ്രമം "ജലസമൃദ്ധി" യുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം "സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

**സ്വകാര്യജലചൂഷണവും ജലവിൽപ്പനയും തടയാൻ നടപടി**

161(938) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യജലചൂഷണവും ജലവിൽപ്പനയും തടയാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ ലൈസൻസ് ഇല്ലാതെയും ഗുണനിലവാരം പരിശോധിക്കാതെയുമുള്ള ജലവിതരണംമൂലം ഉണ്ടാകുന്ന ഗുരുതരമായ സാമൂഹ്യപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കുടിവെള്ളവിതരണം പൂർണമായും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നദികൾ, തോടുകൾ, കനാലുകൾ എന്നിവിടങ്ങളിൽ നിന്ന് സ്വകാര്യ ആവശ്യങ്ങൾക്ക് ജലം എടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും നിയമം, 2003 പ്രകാരം 5 ഹോഴ്സ് പവറിൽ കൂടുതൽ ശക്തിയുള്ള മോട്ടോറുകൾ ഉപയോഗിച്ച് ജലമെടുക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്. കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധ ജല കണക്ഷനുകൾ ഉപയോഗപ്പെടുത്തി വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, ജലം മോഷണം നടത്തുക, വാട്ടർ മീറ്ററിൽ കൃത്രിമം കാണിക്കുക എന്നീ പ്രവർത്തനങ്ങൾ തടയാൻ കേരള വാട്ടർ അതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്). കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിടനിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93(എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജല വകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാണ്.

(ബി & സി) ചില സ്ഥലങ്ങളിൽ സ്വകാര്യ വിതരണക്കാർ വിതരണം ചെയ്യുന്ന ജലം ഉപയോഗിക്കുന്നതുകാരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ വെൻഡിംഗ് പോയിന്റുകളിൽ നിന്നും സ്വകാര്യ വ്യക്തികൾക്കുൾപ്പെടെ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുവാനായി നൽകുന്ന കുടിവെള്ളം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം

മാത്രമാണ് നൽകുന്നത്. അതുപോലെ തന്നെ കേരള വാട്ടർ അതോറിറ്റി പൈപ്പിലൂടെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന ജലം കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമായാണ് നൽകുന്നത്. സ്രോതസ്സിൽ നിന്നും എടുക്കുന്നതു മുതൽ ഉപഭോക്താവിൽ എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധന വിഭാഗം ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇതുവഴി ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് എന്നത് ഉറപ്പാക്കുന്നു.

## പിറവത്തെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾ

162(939) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെ തുടർന്ന് വിഭാവനം ചെയ്ത റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വിവരം മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2018-ലെ പ്രളയത്തെതുടർന്ന് പിറവം നിയോജക മണ്ഡലത്തിലെ നദീതീരം, പുഴതീരം, തോടുകളുടെ തീരം എന്നിവ എത്ര കിലോമീറ്റർ വീതം തകർന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തകർന്ന തീരങ്ങൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തെ തുടർന്ന് വിഭാവന ചെയ്ത റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ജലവിഭവ വകുപ്പിനുള്ള വിഹിതത്തെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

(ബി) പിറവം നിയോജകമണ്ഡലത്തിൽ വരുന്ന മൂവാറ്റുപുഴ ആറിന്റെ ഏകദേശം 1.8 കിലോമീറ്റർ തീരവും തോടുകളുടെ ഏകദേശം 800 മീറ്റർ തീരവും തകർന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(സി) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സർക്കാരിന് നൽകിയ പദ്ധതികളിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ജലസേചന നിർമ്മിതികളുടെ പുനസ്ഥാപനത്തിനുള്ള പദ്ധതിയും ഉൾപ്പെടുന്നു. ഇവയ്ക്കുള്ള ധനസഹായത്തെക്കുറിച്ച് തീരുമാനമായിട്ടില്ല.

**ജലസംരക്ഷണ നടപടികൾ**

163(940) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും പുഴകളും വൻതോതിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുവാൻ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഭാരതപ്പുഴ, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കാസർകോഡ് ജില്ലയിലെ നീലേശ്വരം നദി എന്നിവയുടെ മലിനീകരണം തടയുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ നടത്തുന്ന കർമ്മപദ്ധതികൾ എന്തൊക്കെയാണ്; ഇത് പ്രസ്തുത നദികളിലെ മാലിന്യത്തിന്റെ തോത് എത്ര മാത്രം കുറയ്ക്കാൻ സഹായകമായെന്ന് വ്യക്തമാക്കുമോ;

(ഡി) ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ഭാവി തലമുറയ്ക്കായി ജലം കരുതിവയ്ക്കുന്നതിനും വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസ്രോതസ്സുകളായ കുളങ്ങൾ, നദികൾ എന്നിവയിലെ മാലിന്യലഘൂകരണത്തിനുള്ള നടപടികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയായി ലഭ്യമായ ഫണ്ടുപയോഗിച്ച് കുളങ്ങൾ ശുചീകരിച്ച്, സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കി മാലിന്യലഘൂകരണം സാധ്യമാക്കുന്നതിനായി തടയണകൾ, റെഗുലേറ്ററുകൾ എന്നിവയും നിർമ്മിച്ചുവരുന്നു. കൂടാതെ ഓരുവെള്ളക്കയറ്റംമൂലം ജലസ്രോതസ്സുകൾ മലിനമാകാതിരിക്കുന്നതിനും തടയണ/റെഗുലേറ്ററുകൾ നിർമ്മിക്കാറുണ്ട്. ഇതിനുപരി ചെറുനദികളിലെ/തോടുകളിലെ മാലിന്യവും ഉപരിതലസസ്യങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തനവും നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവനുസരിച്ച് വലിയ തോതിൽ മലിനീകരിക്കപ്പെട്ട കേരളത്തിലെ നദികളിലെ 20 സ്ഥലങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതിനായി ജില്ലാതലത്തിൽ "ജില്ലാതല സാങ്കേതിക സമിതി" രൂപീകരിക്കുകയും പ്രസ്തുത സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഭാരതപ്പുഴ, തിരുവനന്തപുരം ജില്ലയിലെ കരമന നദി എന്നിവയുടെ മലിനീകരണ നിയന്ത്രണത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കരമന നദിയുടെ ആക്ഷൻ പ്ലാൻ തയ്യറാക്കിയിട്ടുള്ളത് തിരുവനന്തപുരം കോർപ്പറേഷൻ, ജലവിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ചേർന്നാണ്. പാർവ്വതി പുത്തനാറിന്റെ പുനരുജ്ജീവനം, തെക്കനക്കര കനാൽ, കരിമഠം കോളനികുളം, ആമയിഴഞ്ചാൻ തോട് എന്നിവയ്ക്കു പുറമെ കരമന നദീതടത്തിലെ ചെറുനീർച്ചാലുകൾ ഉൾപ്പെടെയുള്ള നവീകരണം മുതലായവയാണ് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്.

ഭാരതപ്പുഴയുടെ പട്ടാമ്പി ഭാഗത്തെ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നത് പട്ടാമ്പി മുനിസിപ്പാലിറ്റി, ജലസേചന വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ചേർന്നാണ്. ഖരമാലിന്യ സംസ്കരണം, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ്സ്, ഫെൻസിംഗ്, കുളിക്കടവ്/നടപ്പാത/ബോട്ടുജെട്ടി എന്നിവയുടെ നിർമ്മാണം, സർവ്വയലൻസ് ക്യാമറ, നദീജല ഗുണനിലവാര പരിശോധന എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദിക്കുവേണ്ടി കർമ്മപദ്ധതികളൊന്നും മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയിട്ടില്ല.

(ഡി) ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി പുതിയൊരു ജലവിഭവ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ നടത്തിവരുന്നു. ജലവിഭവ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളുടെ സമഗ്രസംരക്ഷണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തടപ്ലാനുകളും ബ്ലോക്ക് തലത്തിൽ മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിവരുന്നു. ഇതോടൊപ്പം 'ജലം ജീവാമൃതം' എന്ന ലഘുലേഖ തയ്യാറാക്കി ജലസംരക്ഷണത്തിന്റെ പ്രാധാന്യം നഗര-ഗ്രാമീണ മേഖലകളിൽ എത്തിക്കുകയും കുടുംബശ്രീ യൂണിറ്റുകൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

## നദികളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം

164(941) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളെയും മറ്റ് ജലസ്രോതസ്സുകളെയും വീണ്ടെടുക്കുന്നതിന് വിവിധ സംഘടനകളും ഏജൻസികളും സർക്കാർ സഹായത്തോടെയും അല്ലാതെയും നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായ നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരളത്തിലെ പൊതുജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾ/പൊതുജനങ്ങൾ/ജനപ്രതിനിധികൾ തുടങ്ങിയവരുടെ സഹായത്തോടെ നിർവ്വഹിക്കപ്പെട്ട പ്രവർത്തനഫലമുണ്ടായ നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മൂന്ന് ഹെഡ് ഓഫ് അക്കൗണ്ടുകളിലായി 26.11 കോടി രൂപ ഹരിത കേരളം പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന തിനുമാത്രമായി നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമെ വകുപ്പിന് ബജറ്റിൽ ലഭ്യമായിട്ടുള്ള മറ്റ് തുകയും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് വിനിയോഗിക്കുന്നുണ്ട്.

## തിരുവമ്പാടി മണ്ഡലത്തിലെ നദികളുടെ സംരക്ഷണം

165(942) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിന്റെ ഭാഗമായി നാശനഷ്ടം സംഭവിച്ച നദികളുടെയും പുഴകളുടെയും സംരക്ഷണത്തിന് തിരുവമ്പാടി മണ്ഡലത്തിൽ ജലസേചന-ചെറുകിട ജലസേചന വകുപ്പിൽ നിന്നും അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അനുവദിക്കപ്പെട്ട പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മഹാപ്രളയത്തിന്റെ ഭാഗമായി നാശനഷ്ടം സംഭവിച്ച നദികളുടെയും പുഴകളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തിരുവമ്പാടി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.*

**നദികളുടെയും തോടുകളുടെയും തീരസംരക്ഷണം**

166(943) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 16-ന് ഉണ്ടായ മഹാപ്രളയത്തിൽ ഇടിഞ്ഞു പോയ നദികളുടെയും തോടുകളുടെയും തീരം കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും തീര സംരക്ഷണ പദ്ധതിക്കായി ഇതിനകം എത്ര രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച തീരം കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പത്തനംതിട്ട ജില്ലയിൽ എത്ര രൂപയാണ് ഇത്തരത്തിൽ അനുവദിച്ചിരിക്കുന്നത്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇതനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. പത്തനംതിട്ട ജില്ലയ്ക്ക് മൈനർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ 617.245 ലക്ഷം രൂപയും മേജർ ഇറിഗേഷൻ വിഭാഗത്തിനു കീഴിൽ 486.85 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച പ്രവൃത്തികളുടെ ടെണ്ടർനടപടികൾ നടന്നുവരുന്നു. ഉടൻതന്നെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെള്ളപ്പൊക്കം നേരിടുന്നതിനുള്ള നടപടികൾ

167(944) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക സാധ്യതയുള്ള നദീതടങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും അധിക ജലത്തെ ഉൾക്കൊള്ളുന്നതിനായി വൻ നദികളുടെ വശങ്ങളിൽ തോടുകളും ബണ്ടുകളും നിർമ്മിക്കുന്നതിനും ഉള്ള പദ്ധതി ആലോചിക്കുന്നുണ്ടോ;

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെതർലൻഡ്സ് സന്ദർശിച്ച വേളയിൽ അവിടെ വെള്ളപ്പൊക്കം നേരിടുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനം സംബന്ധിച്ച് ആ രാജ്യത്തെ വിദഗ്ധരുമായി ചർച്ച നടത്തിയതായി അറിവുണ്ടോ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വെള്ളപ്പൊക്ക ഭീഷണിയിൽ നിന്നും രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. നദികളുടെ ആഴം വർദ്ധിപ്പിക്കുക എന്നത് സമീപപ്രദേശങ്ങളിലെ ജലലഭ്യതയെ (പ്രത്യേകിച്ച് കിണറുകളിലെ) ബാധിക്കുമെന്നതിനാൽ വളരെ ശ്രദ്ധയോടുകൂടി മാത്രം നിർവ്വഹിക്കാൻ കഴിയുന്ന ഒന്നാണ്. മാത്രമല്ല, നദികളുടെ അടിത്തട്ടിലുള്ള മണൽ മാറ്റുന്നത് ജലലഭ്യതയെ ബാധിക്കുകയും ചെയ്യും. എന്നാൽ, നദിയുടെ വശങ്ങളിൽ ബണ്ടുകൾ നിർമ്മിച്ച് വെള്ളപ്പൊക്കസാധ്യത നിയന്ത്രിക്കാൻ കഴിയും. ഇത് കേരളത്തിൽ നടപ്പിലാക്കിയിട്ടുമുണ്ട്. ഇതോടൊപ്പം നിർവ്വഹിക്കേണ്ട ഒരു പ്രവർത്തനമാണ് ക്യാച്ച്മെന്റ് ഏരിയ ട്രീറ്റ്മെന്റ്. നദീതടത്തിലെ ചെറു നീർത്തടങ്ങളെ അടിസ്ഥാനമാക്കി നീരൊഴുക്കിന്റെ വേഗത നിയന്ത്രിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകവഴി താഴ്ന്ന ഇടങ്ങളിലെ വെള്ളപ്പൊക്ക സാധ്യത ലഘൂകരിക്കാൻ സാധിക്കും. ഇത് സാധ്യമാകുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടന്നുവരുന്നു.

(ബി & സി) നെതർലൻഡിലെ വിദഗ്ദ്ധ സംഘം 2019 മാർച്ച് മാസം കേരളം സന്ദർശിക്കുകയും കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. 'കേരള റിവർ ബേസിൻ അതോറിറ്റി' രൂപവത്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ഏറെ വൈദഗ്ധ്യമുള്ള നെതർലെൻഡിന്റെ അനുഭവം പങ്കുവക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയും സംഘവും 2019 മേയ് മാസം 9-ന് Room for River Project സന്ദർശിക്കുകയും വിദഗ്ദ്ധരുമായി ചർച്ച ചെയ്യുകയുമുണ്ടായി. ഇതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

168(945) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും നവീകരണ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി എന്തെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ പഞ്ചായത്തിലെ പള്ളിമുക്ക് അമ്പലക്കുളം എന്ന കുളം നവീകരിച്ചിട്ടുണ്ട്. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. നവീകരണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-2018 വർഷത്തിൽ പുൽപ്പാറ പഞ്ചായത്തിലെ കുന്നത്തേരി കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 0.89 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടായിട്ടില്ല.

**ഹരിത കേരളം മിഷൻ**

169(946) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷൻ സംസ്ഥാനത്ത് നടത്തിയ പുഴ പുനരുജ്ജീവന - ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി എത്ര പുഴകളും കുളങ്ങളും നന്നാക്കിയിട്ടുണ്ടെന്നും ഏതെല്ലാം പുഴകളും കുളങ്ങളുമാണവയെന്നും ഓരോ പുഴയ്ക്കും കുളത്തിനും ചെലവാക്കിയ തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഹരിത കേരളം മിഷനിൽ ഇനി എത്ര കുളങ്ങളും പുഴകളും പുനരുജ്ജീവിപ്പിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ ഫണ്ടിനു പുറമെ മറ്റേതെല്ലാം ഫണ്ട് ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം മിഷൻ നേരിട്ട് പുഴ പുനരുജ്ജീവന-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നില്ല. എന്നാൽ വിവിധ ഗവൺമെന്റ് വകുപ്പുകൾ/ ഏജൻസികൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ/ പൊതുജനങ്ങൾ എന്നിവരെ കൂട്ടിയോജിപ്പിച്ച് സമഗ്രമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ഇടപെടലാണ് മിഷൻ നടത്തുന്നത്. ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് താഴെപ്പറയുന്ന പുഴകളുടെ/ തോടുകളുടെ പുനരുജ്ജീവനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയും പുഴയുടെ മാലിന്യങ്ങൾ നീക്കി പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. വരട്ടാറിന്റെ പുനരുജ്ജീവനം-290 ലക്ഷം

2. കോലയാർ 400 ലക്ഷം -പ്രവൃത്തി പുരോഗമിക്കുന്നു.

3. കുട്ടംപേരൂർ -400 ലക്ഷം -പ്രവൃത്തി പുരോഗമിക്കുന്നു.

4. മതിലകംവലിയതോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ- 45 ലക്ഷം

5. കാനാമ്പുഴയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായുള്ള വി.സി.ബി. യുടെ പ്രവൃത്തികൾ -80 ലക്ഷം

6. മീനച്ചൽ മീനന്തലയാറുമായി ബന്ധപ്പെട്ട പ്രവൃത്തികൾ-105 ലക്ഷം

7. പാടിവയൽ തോടിന്റെ പുനരുജ്ജീവനം-27 ലക്ഷം

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ സാമ്പത്തിക വർഷങ്ങളിലായി ഭരണാനുമതി ലഭിച്ച 634 കുളങ്ങളിൽ 354 കുളങ്ങൾ പൂർത്തിയായിട്ടുണ്ട്. ചിലവായ തുക സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. ഇതുകൂടാതെ ഈ സാമ്പത്തിക വർഷം (2019-2020) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 52 കുളങ്ങളുടെ ഭരണാനുമതി പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) ഹരിത കേരളം മിഷൻ നേരിട്ട് പ്രവൃത്തികൾ ഒന്നും നിർവ്വഹിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ ചെലവ് അടക്കമുള്ള വിശദവിവരം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ച് വരുന്നു.

(ഡി) ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മറ്റൊരു ഫണ്ടും ലഭിച്ചിട്ടില്ല.

**അരുവിക്കര റിസർവ്വോയർ ശുദ്ധീകരണത്തിന് നടപടി**

170(947) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള വിതരണത്തിന്റെ പ്രധാന ആശ്രയമായ അരുവിക്കര റിസർവ്വോയറിൽ മണലും മറ്റ് മാലിന്യങ്ങളും അടിഞ്ഞ് കൂടി സംഭരണ ശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മണ്ണും എക്കലും മാലിന്യങ്ങളും അടിയന്തരമായി നീക്കുന്നതിന് ഡാം അധികൃതരിൽ നിന്നും സർക്കാരിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഡാമുകളിലെ മണ്ണും, എക്കലും, മാലിന്യങ്ങളും നീക്കംചെയ്യുന്നതിനുള്ള തുടക്കമെന്ന നിലയിൽ ചുള്ളിയാർ, മംഗലം ഡാമുകളിലെ ഈ പ്രക്രിയയുടെ Standard Operating Proceedure സർക്കാർ അംഗീകരിച്ച് കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ അരുവിക്കര ഡാമിലെയും മണ്ണും, എക്കലും മാലിന്യവും നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തോട്ടപ്പള്ളി സ്പിൽ വേ**

171(948) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേ കനാലിൽ വെള്ളമൊഴുക്കിന് തടസ്സം സൃഷ്ടിക്കുന്നത് തണ്ണീർമുക്കം ബണ്ടിലെ മണൽചിറയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിൽവേയുടെ അഴിമുഖത്തെ ധാതുമണൽ ഖനനത്തിന് തീരുമാനമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഖനനം ഏത് കമ്പനിക്ക് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) മണൽ ഖനനം അടിയന്തരമായി നടത്തി സ്പിൽവേ കനാലിലെ വെള്ളമൊഴുക്കിന്റെ തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളായ KMML/IREL എന്നീ സ്ഥാപനങ്ങൾ സംയുക്തമായാണ് മണൽ നീക്കം ചെയ്യുന്നത്.

(സി) സ്വീകരിച്ചിട്ടുണ്ട്.

### ഉപയോഗശൂന്യമായ കുളങ്ങളുടെ പുനരുജ്ജീവനം

172(949) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ കുളങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ മലപ്പുറം ജില്ലയിൽ എത്ര കുളങ്ങൾ ഉപയോഗശൂന്യമായുണ്ട് എന്ന് അറിയിക്കാമോ;

(ബി) ജലസമൃദ്ധി പദ്ധതിപ്രകാരം ഇത്തരം കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും വിവരശേഖരണം നടത്തി അവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ക്വാറികൾ പോലെ മനുഷ്യപ്രവർത്തനംമൂലമുണ്ടാവുന്ന ജലസംഭരണികളിലെ ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിവരുന്നു. ഇവ സംയോജിപ്പിച്ച് ജില്ലാതലത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാകുന്നതോടുകൂടി മാത്രമേ പൂർണ്ണമായും ഉപയോഗശൂന്യമായ കുളങ്ങളുടെ എണ്ണം അറിയാൻ സാധിക്കുകയുള്ളൂ.

(ബി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് മുൻഗണന നൽകിവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ റിഡ്ജ്-ടു-വാലി അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള കുളങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലസേചന വകുപ്പിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പ് തുടങ്ങിയവ മുഖേനയും കുളങ്ങൾ പുനരുദ്ധരിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 50 കുളങ്ങളുടെ പുനരുദ്ധാരണം (128.64 ലക്ഷം രൂപയ്ക്ക്) മൈനർ ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം വഴി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 10 കുളങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(സി) ലഭ്യമായ മറ്റു ജലസ്രോതസ്സുകളായ നദികൾ, കുളങ്ങൾ, കിണറുകൾ മുതലായവയ്ക്ക് പൂർണ്ണമായും ജലശോഷണം സംഭവിക്കുന്ന അടിയന്തര ഘട്ടങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തുന്നതിനായി, ഇപ്പോൾ ഉപയോഗത്തിലില്ലാത്തതും, ജലം ലഭ്യമായിട്ടുള്ളതുമായ പാറമടകളുടെ കണക്ക് എല്ലാ ജില്ലകളിലും ശേഖരിച്ചിട്ടുണ്ട്. ഇവയിൽ പ്രാവർത്തികമായി ഉപയോഗിക്കാവുന്ന പാറമടകളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തി അനുയോജ്യമായ താത്ക്കാലിക ശുദ്ധീകരണ സംവിധാനങ്ങൾ ഉപയോഗിച്ച് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലും തൃശ്ശൂർ ജില്ലയിലും ഇത്തരത്തിൽ രണ്ട് പാറമടകളിലെ ജലം ഇക്കഴിഞ്ഞ വരൾച്ചക്കാലങ്ങളിൽ താത്ക്കാലിക ശുദ്ധീകരണശാല ഉപയോഗിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു.

അങ്കമാലി നഗരസഭ 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "ജലസേചന പദ്ധതികൾ കുടിവെള്ളം ഉറപ്പാക്കൽ പാലിയേക്കര വാർഡ് 20" (പ്രോജക്ട് നമ്പർ 224/19) എന്ന പ്രവൃത്തി പാലിയേക്കര പാറമടയിൽ മൈനർ ഇറിഗേഷൻ പ്രോജക്ട് നടപ്പാക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്കുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുകയും ആയത് പ്രകാരം ആദ്യഗഡുവായി 6,37,000 രൂപ ഡിപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ഡാമുകളുടെ സംഭരണശേഷി**

173(950) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ വൻതോതിൽ ചെളിയടിഞ്ഞു കിടക്കുന്നതുമൂലം അവയുടെ സംഭരണശേഷിയിൽ കുറവു വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം അടിഞ്ഞുകൂടുന്ന ചെളിയും മണലും യഥാസമയം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ ഒരു കാരണം ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടിയ ചെളിയും എക്കലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) 26-9-2017 -ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 79/2017/ജ.വി.വ. പ്രകാരം അംഗീകരിക്കുകയും 14-5-2019 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 14/2019/ജ.വി.വ. പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പ്രവൃത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. 14-5-2019-ലെ ഭേദഗതിപ്രകാരം മറ്റുഡാമുകളുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള അംഗീകാരം തത്വത്തിൽ നൽകിയിട്ടുണ്ട്.

(സി) ഇല്ല. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ കാരണങ്ങളിലൊന്ന് ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ ലഭിച്ച പഠന റിപ്പോർട്ടിൽ (CWC റിപ്പോർട്ട്) പ്രതിപാദിച്ചിട്ടില്ല. പ്രതീക്ഷിച്ചതിലും കൂടുതൽ മഴ ലഭ്യമായതാണ് പ്രളയത്തിന് കാരണമായത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

**നാദാപുരത്തെ വിഷ്ണുമംഗലം അണക്കെട്ട് നവീകരണം**

174(951) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെക്ക്യാട് ഗ്രാമപ്പഞ്ചായത്തിലെ വിഷ്ണുമംഗലം അണക്കെട്ടിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) പ്രസ്തുത അണക്കെട്ടിന്റെ നവീകരണ പ്രവൃത്തി പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഷ്ണുമംഗലം തടയണയുടെ നിലവിലെ അവസ്ഥ തൃപ്തികരമാണ്. തടയണയുടെ മുകൾഭാഗത്തും താഴ്ഭാഗത്തും മണ്ണടിഞ്ഞുകൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതു പ്രകാരം മുകൾഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും 83 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തടയണയുടെ നവീകരണത്തെക്കുറിച്ച് വാട്ടർ അതോറിറ്റി നിലയവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**നദീതടങ്ങളുടെയും അണക്കെട്ടുകളുടെയും നിയന്ത്രണം**

175(952) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീതടങ്ങളുടെയും അണക്കെട്ടുകളുടെയും നിയന്ത്രണം ഒരു അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളായ നദികളെയും അണക്കെട്ടുകളെയും ശരിയായ വിധം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സംയോജിത ജലവിഭവ പരിപാലനം (Inegrated Water Resources Management) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി RBCMA ആക്റ്റിന് രൂപം നൽകുന്നതിനായി 3-5-2019-ലെ സ. ഉ. (സാധാ.)നമ്പർ 306/2019/WRD

പ്രകാരം സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സമിതിയുടെ ആദ്യയോഗം 1-6-2019-ൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഈ ആവശ്യത്തിലേയ്ക്കായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുധീർ. കെ. പി. ചെയർമാനായും ജലവിഭവ വകുപ്പ് സെക്രട്ടറി കോ-ചെയർമാനായും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2018-ലെ പ്രളയത്തിൽ ഉണ്ടായ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും ജീവനാശം, വ്യാപകമായ തോതിൽ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നാശനഷ്ടം, ജലസേചന നിർമ്മിതികളുടെ നാശനഷ്ടം, കാർഷിക വിളകളുടെ നാശം ജനവാസമേഖലയിലേയ്ക്ക് പ്രളയജലം വ്യാപിച്ചതുമൂലമുണ്ടായ പ്രശ്നങ്ങൾ, ഉൾനാടൻ തീരദേശ സംരക്ഷണ സംവിധാനങ്ങൾ തകർന്നതുമൂലം വേമ്പനാട് കായലിലേയ്ക്കുള്ള ലവണജലത്തിന്റെ കടന്നുകയറ്റം, നദികളിലൂടെ വൻതോതിൽ ഒഴുകിവന്ന മണ്ണ് അടിഞ്ഞുകൂടി നഗരപ്രദേശങ്ങളിലെ ജലനിർഗ്ഗമനചാലുകൾ അടഞ്ഞുപോയതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് കേരളത്തിന്റെ സുസ്ഥിരമായ പുനർനിർമ്മാണം ലക്ഷ്യമാക്കിയുള്ള നവകേരള നിർമ്മാണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി സംയോജിത ജലവിഭവ മാനേജ്മെന്റ് (ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനായിട്ടാണ് സംസ്ഥാന തലത്തിൽ ഒരു നദീതട സംരക്ഷണ മാനേജ്മെന്റ് അതോറിറ്റി (റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള അധികാരങ്ങളും ചുമതലകളും അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിനായുള്ള സാധ്യതാപഠനം

176(953) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിനായുള്ള സാധ്യതാപഠനത്തിനുള്ള അനുമതി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സാധ്യതാപഠനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കഴിഞ്ഞ കാലവർഷത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് അനിയന്ത്രിതമായി 145 അടിവരെ ഉയർന്ന സാഹചര്യത്തിൽ, ഈ വർഷം ആയത് ഒഴിവാക്കുന്നതിനായി മുൻകൂർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 14-11-2018-ന് പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ.) പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് (ടി.ഒ.ആർ.)-ന്റെ അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. പ്രസ്തുത ടി.ഒ.ആർ.-ന്റെ കാലാവധി 4 വർഷമാണ്. തുടർന്ന് ഇതുസംബന്ധിച്ച് സംസ്ഥാന വനം വകുപ്പിന്റെ അംഗീകാരം 20-4-2019-ൽ ലഭിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രഗതി ലാബ് കൺസൾട്ടൻസിന് ഇ.ഐ.എ. പഠനം തുടങ്ങുവാനുള്ള നിർദ്ദേശം നൽകുകയും കൺസൽട്ടന്റുമായുള്ള എഗ്രിമെന്റ് കാലാവധി 20-6-2020 വരെ പുതുക്കുകയും ചെയ്തു. പരിസ്ഥിതി ആഘാത പഠനം ഉടൻ തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇക്കഴിഞ്ഞ കാലവർഷത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142.3 അടിവരെ (2018 ആഗസ്റ്റ് 15 -ന്) മാത്രമേ ഉയർന്നിരുന്നുള്ളൂ. മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണം തമിഴ്നാടിനാണെങ്കിലും, ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ചിട്ടുള്ള ഉയർന്ന ജലനിരപ്പായ 142 അടി കവിഞ്ഞു ജലനിരപ്പ് ഉയരുന്നത് തടയാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിനായി തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നേരിട്ടും കൂടാതെ, പ്രളയാനന്തരം നടത്തിയിട്ടുള്ള മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റിയുടെ സബ് കമ്മിറ്റി NEC എന്നിവയുടെ എല്ലാ യോഗങ്ങളിലും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 4-6-2019 തീയതിയിൽ ചേർന്ന, ബഹുമാനപ്പെട്ട സുപ്രീകോടതിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റിയുടെ 12-ാം മത് യോഗത്തിൽ പ്രളയജലം നിയന്ത്രിതമായി തുറന്ന് വിടുന്നതിനാവശ്യമായ ഗേറ്റ് ഓപ്പറേഷൻ ഷെഡ്യൂൾ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുവാൻ തമിഴ്നാടിനോട് സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് Central Water Commission-ന്റെ പരിഗണനയിലാണുള്ളത്.

## കുട്ടിലങ്ങാടി ചെക്ക് ഡാം നിർമ്മാണം

177(954) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ -പൊറ്റമ്മൽ ചെക്ക് ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ യെന്നറിയിക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ ചെക്ക് ഡാം നിർമ്മാണത്തിന്റെ കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മാണം

178(955) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അമ്പലപ്പാറയിലെ അകവണ്ടതോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി എന്ന് നൽകുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2019-2020 മൈനർ ഇറിഗേഷൻ ക്ലാസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി അകവണ്ട തോട്ടിൽ തടയണ നിർമ്മിക്കുന്നതിനുള്ള 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായത് സർക്കാരിൽ നടപടിയെടുത്തുവരുന്നു.

## ചാലക്കുടിപ്പുഴയിലെ സ്റ്റോറേജ് ഡാം നിർമ്മാണം

179(956) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിയ്ക്കു മുകളിലായി സ്റ്റോറേജ് ഡാം (തടയണകൾ) നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഐ.ആർ.ഡി.ബി.-യിലേയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പുതുക്കിയ റിപ്പോർട്ടിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും സ്റ്റോറേജ് ഡാം യാഥാർത്ഥ്യ മാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ യെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രൊപ്പോസലുകൾ സർക്കാരിൽ നാളിതുവരെ ലഭ്യമായിട്ടില്ല. എന്നാൽ ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിക്കു മുകളിലായി വെറ്റിലപ്പാറയിലും കണ്ണൻകുഴിയിലും ഓരോ സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷൻ സർവ്വേയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൻകുഴിയിലെ ചെക്ക് ഡാമിന്റെ പുതുക്കിയ റിപ്പോർട്ടിന്മേൽ 3 മീ. സ്റ്റോറേജ് ഹൈറ്റുള്ള ഒരു തടയണയുടെ ഡിസൈൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വെറ്റിലപ്പാറയിലെ ചെക്ക് ഡാമിന്റെ ഡിസൈനിന് കൂടുതൽ സാങ്കേതിക വിവരങ്ങൾ ആവശ്യമാണ്.

**തോടിന്റെ പാർശ്വഭിത്തികളുടെ നവീകരണം**

180(957) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ പാർശ്വഭിത്തികളുടെ നവീകരണത്തിനും, ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഹരിത കേരളം പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ, മുൻസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

തോട്ടിലെ ചെളി നീക്കംചെയ്യൽ, കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണം, ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലും, കോൺക്രീറ്റും ഉപയോഗിച്ചുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയുള്ള കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനുള്ള എസ്റ്റിമേറ്റിന് 2019-2020 ബഡ്ജറ്റിൽ (വോള്യം-11 ക്രമനമ്പർ 2197) 15 കോടി രൂപയുടെ എസ്റ്റിമേറ്റിന് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. അതിർത്തി നിർണ്ണയത്തിനുശേഷം ഡി.പി.ആർ. ലഭ്യമാക്കുന്നതിനനുസരിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഹരിതകേരളം പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട് പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

**കിള്ളിയാറിൽ പാർശ്വഭിത്തി നിർമ്മാണം**

181(958) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജഗതി പാലത്തിനും മൈലാടിക്കടവ് പാലത്തിനും ഇടയിൽ കിള്ളിയാറിന്റെ വലത് ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 98 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടുവർഷം പിന്നിട്ടിട്ടും സാങ്കേതികാനുമതി നൽകുന്നതിനോ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനോ മേജർ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും നടപടിയുണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കിള്ളിയാറിൽ നിന്നും ജലം സമീപ പ്രദേശങ്ങളിലേയ്ക്ക് കയറുമെന്ന ജനങ്ങളുടെ ആശങ്ക കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റിൽ ചില വ്യക്തതകൾ വരുത്തുന്നതിനായി, ബന്ധപ്പെട്ട ഫീൽഡ് ഓഫീസർക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ കീഴിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും എത്രയും വേഗം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം മണ്ഡലത്തിലെ കടൽഭിത്തികളുടെ നവീകരണം

182(959) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മടുവം മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കുരിശ്ശടി, വേളാങ്കണ്ണി കടൽപ്പുറം, ബീമാപ്പള്ളി, മാമൂട്ടുവിളാകം, തൈയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിലെ കാലപ്പഴക്കംമൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) ജൂൺ-ജൂലൈ മാസങ്ങളിൽ കടൽക്ഷോഭം രൂക്ഷമാകുന്ന കാലയളവാണെന്നത് കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ ഗ്രൗണ്ടിന്റെ സമീപത്ത് നിലവിൽ രണ്ട് കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

1. വലിയതുറ പിയറിനു സമീപം സി.പി.0094 തെക്ക് ഭാഗത്ത് 47 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണം തുക -35 ലക്ഷം.

2. ചെറിയതുറ ഭാഗത്ത് സി.പി.0092, 10 മീറ്റർ മാറി വടക്കുഭാഗത്ത് 50 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനരുദ്ധാരണം-തുക 37.50 ലക്ഷം.

ഏപ്രിൽ മാസം 24-ാം തീയതി ഉണ്ടായ കടൽ ക്ഷോഭംമൂലം വലിയതുറ ഗ്രൗണ്ടിന്റെ ഇടതുഭാഗത്തുള്ള കടൽ ഭിത്തിക്കും വീടുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ ഭാഗത്തെ കടൽ ഭിത്തിയുടെ പുനരുദ്ധാരണം വലിയതുറ ഗ്രൗണ്ടിന് വടക്കു ഭാഗം 100 മീറ്റർ നീളത്തിൽ കടൽ ഭിത്തി നവീകരണത്തിനായി 77 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കൂടാതെ നാട്ടുകാരുടെ ആവശ്യാനുസരണം മണൽചാക്ക് അടുക്കി വീടുകൾ സംരക്ഷിക്കുന്നതിന്റെ രണ്ടു പ്രവൃത്തികളും ഈ ഭാഗത്ത് ചെയ്തുകഴിഞ്ഞു. കടലാക്രമണം രൂക്ഷമായ ചെറിയതുറ കുരിശ്ശടി മുതൽ തെക്കോട്ട് 1245 മീറ്റർ നീളത്തിൽ 16.7 കോടി രൂപയുടെ 15 പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പണികൾ ത്വരിതഗതിയിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള റബിൾ മൗണ്ട് സീവാൾ നിർമ്മാണത്തിനു അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കിവരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടി സ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകൾ മണൽ നിറച്ച് അടിയന്തരമായി കടൽ തീരത്തെ സംരക്ഷിച്ചുവരുന്നു. 'എ' പിരിവിലെ മേൽപ്പറഞ്ഞ പ്രവൃത്തികൾ കൂടാതെ കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് എല്ലാ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## മൂവാറ്റുപുഴയാറിന്റെ സംരക്ഷണം

183(960) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തീരമിടിഞ്ഞ മൂവാറ്റുപുഴയാറിന്റെ ഇരുകരകളും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടിയാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) മൂവാറ്റുപുഴയാറിന്റെ തീരമിടിഞ്ഞ് അപകടാവസ്ഥയിലായ തലയോലപ്പറമ്പ് അടിയം ഭാഗത്ത് തീരസംരക്ഷണത്തിന് റവന്യൂ വകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അടിയം ഭാഗത്തെ തീരം സംരക്ഷിക്കുന്ന നടപടികളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ മൂവാറ്റുപുഴയാറിന്റെ ഇടിഞ്ഞുപോയ തീരങ്ങൾ സംരക്ഷിക്കുന്നതിനായി SDRF ഉപയോഗപ്പെടുത്തി വെള്ളൂർ, തയോലപ്പറമ്പ്, മറവൻ തുരുത്ത്, ഉദയനാപുരം എന്നീ പഞ്ചായത്തുകളിലായി ഏറ്റവും അത്യാവശ്യമുള്ള 23 ഭാഗങ്ങളിൽ തെങ്ങിൻ കുറ്റികൾ അടിച്ച് ബലപ്പെടുത്തി ചാക്കിനുള്ളിൽ മണ്ണ് നിറച്ച് അടുക്കി തീരം സംരക്ഷിക്കുന്നതിനുള്ള പണികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ തലയോലപ്പറമ്പ് പഞ്ചായത്തിൽ കൊട്ടാരത്തി പറമ്പ് ഭാഗത്ത് തീരം കല്ലുകെട്ടി സംരക്ഷിക്കുന്നതിനായി 23,70,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) തലയോലപ്പറമ്പ് അടിയം ഭാഗത്തെ തീരസംരക്ഷണത്തിനായി 97,88,346 രൂപ റവന്യൂ വകുപ്പ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. കരാറുകാർ ടെണ്ടർ എടുക്കാത്തതിനാൽ പുനർ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കടൽഭിത്തി നിർമ്മാണം**

184(961) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണിയിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ സംരക്ഷണഭിത്തി കെട്ടുന്നതിന് കരിങ്കല്ലുകൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരിങ്കല്ലുകൾക്ക് പകരം മറ്റെന്തെങ്കിലും മാർഗ്ഗം അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അത്തരത്തിലുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽ തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

**കടൽഭിത്തികളുടെ പുനർനിർമ്മാണം**

185(962) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ തിരമാലകളാൽ കടൽഭിത്തി തകർന്ന് കരഭാഗം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന സംരക്ഷണഭിത്തികൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി പുനർനിർമ്മാണത്തിനായി നാല് പ്രവൃത്തികളുടെ

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.)* ടി പ്രവൃത്തികൾ മുൻഗണനാക്രമം അനുസരിച്ച് തയ്യാറാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പാട് പഞ്ചായത്തിൽ വെള്ളാനത്തുരുത്തിൽ IRE-യുടെ ഫണ്ട് ഉപയോഗിച്ചുള്ള പുലിമുട്ടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആലപ്പാട് പഞ്ചായത്തിന്റെ തെക്കുഭാഗത്തായി പന്മന പഞ്ചായത്തിൽ KMML -ന്റെ ഫണ്ട് ഉപയോഗിച്ച് നാല് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

## ഉളിയത്ത് കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

186(963) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉളിയത്ത് കടവിൽ, ഉപ്പുവെള്ളം കൊണ്ട് പൊറുതി മുട്ടുന്ന നെൽകർഷകർ ഉൾപ്പെടെയുള്ളവർ വർഷങ്ങളായി ആവശ്യപ്പെടുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉളിയത്ത് കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പര്യവേക്ഷണ എസ്റ്റിമേറ്റും, റഫ് കോസ്റ്റ് എസ്റ്റിമേറ്റും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

187(964) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന് എന്നാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതി നൽകിയിരുന്നപ്പോൾ ജലവിഭവവകുപ്പ് എന്തെല്ലാം കാര്യങ്ങൾ പരിശോധിച്ചിരുന്നു; ഭരണാനുമതിയുമായി ബന്ധപ്പെട്ട് ഓരോ ഓഫീസിലും ഫയൽ എത്ര ദിവസം വീതം പരിശോധിച്ചിരുന്നു; ഫയൽ പരിശോധിച്ച ഓഫീസുകളുടെ വിവരം ലഭ്യമാക്കുമോ; ഭരണാനുമതി ഉത്തരവ് എന്നാണ് ചീഫ് എഞ്ചിനീയർ (ഭരണം)ക്ക് ലഭിച്ചത്; ചീഫ് എഞ്ചിനീയർ (ഭരണം) പ്രസ്തുത ഉത്തരവിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ ഓഫീസും ഇതോടനുബന്ധിച്ചുള്ള എസ്.പി.വി. ആയ കെ.ഐ.ഡി.സി.-യും വിശദമായ പഠനം നടത്തിയ ശേഷമാണോ കിഫ്ബിക്ക് നൽകിയത്; കിഫ്ബിക്ക് നൽകിയ പ്രൊപ്പോസലിൽ പുഴയുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ഭരണാനുമതിയ്ക്ക് സർക്കാരിൽ നൽകിയ സമയത്ത് നടത്തിയ പഠനത്തിൽ നിന്നും വ്യത്യസ്തമായി എന്ത് പഠനമാണ് കിഫ്ബിക്ക് നൽകിയ സമയത്ത് നടത്തിയത്;

(സി) സാങ്കേതികമായി വിശദമായ പഠനം നടത്തിയിട്ട് തയ്യാറാക്കിയ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രൊപ്പോസലിന്മേൽ കിഫ്ബി ചോദിച്ച വിവരങ്ങൾ നൽകാതെ പ്രോജക്ട് അട്ടിമറിക്കുവാൻ നീക്കം നടത്തിയ ഏജൻസി ആരെന്ന് വ്യക്തമാക്കുമോ; പ്രോജക്ട് അട്ടിമറിക്കുവാൻ നീക്കം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പ്രോജക്ടിന്റെ തുടക്കത്തിൽ നടത്തിയ പഠനറിപ്പോർട്ട് പരിഗണിക്കാതെ പ്രോജക്ട് മാറ്റണമെന്ന നിർദ്ദേശം ഉന്നയിച്ചത് ആരാണ്; വ്യക്തമാക്കുമോ;

(ഇ) നിലവിൽ സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികളും ജലവിഭവവകുപ്പിൽ കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; 2016 ജനുവരി മുതൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സർക്കാരിൽ നിന്നും നൽകിയ ഭരണാനുമതികൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; പൂർത്തിയായ പദ്ധതികൾ ഏതെല്ലാം;

(എഫ്) ജലവിഭവ വകുപ്പ് ബഡ്ജറ്റ് ചെലവഴിക്കുന്നതിൽ സ്ഥിരമായി പിന്നിലാണെന്ന കാര്യം പരിശോധിക്കുമോ; ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ധൃതഗതിയിൽ ഫണ്ട് ചെലവഴിക്കുന്നത് പരിശോധിക്കുമോ; ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. 17-10-2017-ലെ G.O.(Rt.) No.859/2017/WRD പ്രകാരം MD, KIIDC-ന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് തത്വത്തിൽ അംഗീകാരമാണ് നൽകിയത്. പര്യവേക്ഷണ പ്രവൃത്തി നടത്തി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. 30-3-2017-ൽ അംഗീകരിച്ച ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ തിരൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 100 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് മേൽ ആഫീസുകളായ സബ് ഡിവിഷൻ, തിരൂർ സബ്ഡിവിഷൻ, ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം, ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട് എന്നീ ഓഫീസുകളിൽ

പരിശോധിച്ച ശേഷം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിനും ലഭിക്കുകയും 24-8-2017-ന് എസ്.പി.വി. ആയ KIIDC-ന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സമർപ്പിക്കുകയും ചെയ്തു. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് KIIDC തയ്യാറാക്കുകയും 7-7-2018-ൽ KIIFB-ൽ സമർപ്പിക്കുകയും ചെയ്തു.

(ബി) കെ.ഐ.ഐ.ഡി.സി.-യിൽ വിദഗ്ധരുടെ കുറവുകാരണം വിശദമായ പഠനം നടത്തിയിട്ടില്ല. ജലസേചന വകുപ്പ് നടത്തിയ സാങ്കേതിക പഠന റിപ്പോർട്ടാണ് കിഫ്ബിയിൽ സമർപ്പിച്ചത്. കിഫ്ബി പദ്ധതി റിപ്പോർട്ട് വിശദമായി പഠിക്കുകയും 23-8-2018-ൽ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ട് നൽകുകയും ചെയ്തു. ടി റിപ്പോർട്ടിൽ വെള്ളത്തിന്റെ ലഭ്യത, കൃഷി സ്ഥലത്തിന്റെ വ്യാപ്തി, പാലത്തിന്റെ ആവശ്യകത, മുകളിലും താഴെയുമുള്ള ഇതര റെഗുലേറ്ററുകളുടെ വിവരങ്ങൾ, ഗതാഗത സർവ്വേ, ഹൈഡ്രോഗ്രാഫിക് സർവ്വേ, ടോപോഗ്രാഫിക് സർവ്വേ, വിവിധ ആവശ്യങ്ങൾക്കായി ചെക്ക് ഡാമിൽ നിന്നും എടുക്കുന്ന വെള്ളത്തിന്റെ അളവ് തുടങ്ങിയ 42 കാര്യങ്ങൾക്ക് മറുപടി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത സാങ്കേതിക മൂല്യ നിർണ്ണയ റിപ്പോർട്ട് ജലസേചന വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. എല്ലാ കാര്യങ്ങളുടെയും മറുപടി ജലസേചന വകുപ്പ് KIIDC-ക്ക് നൽകിയിട്ടില്ല.

(സി) പ്രോജക്ട് അട്ടിമറിക്കാൻ നീക്കം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിഫ്ബിയുടെ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ട് അനുസരിച്ച് മുകളിലും താഴെയുമുള്ള ഇതര റെഗുലേറ്ററുകളുടെ വിവരങ്ങൾ ശേഖരിച്ചപ്പോൾ ടി റെഗുലേറ്റർ, നിർദ്ദേശിച്ച പ്രകാരം നിർമ്മിച്ചാൽ റെഗുലേറ്ററിന്റെ മുകളിൽ ഇപ്പോൾ നിലവിലുള്ള കൂട്ടക്കടവ് റെഗുലേറ്റർ മുങ്ങും എന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും ആയതിനാൽ ചീഫ് എഞ്ചിനീയർ ഇറിഗേഷൻ നിലവിലുള്ള കൂട്ടക്കടവ് റെഗുലേറ്ററിനെ ബാധിക്കാത്ത തരത്തിൽ കങ്കക്കടവ് റെഗുലേറ്ററിന്റെ ഏറ്റവും കൂടിയ ജലവിതാനം നിശ്ചയിക്കപ്പെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) 10-12-2018-ലെ ബഹുമാനപ്പെട്ട ജലവിഭവമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ നിർദ്ദിഷ്ട കാങ്കക്കടവ് ആർ.സി.ബി., നിലവിലുള്ള ചമ്രവട്ടം ആർ.സി.ബി.-യുടെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കൂട്ടക്കടവ് ആർ.സി.ബി.-യുടെയും ഇടയിലായതിനാൽ ആർ.സി.ബി.-ക്കുപകരം ഒരു ചെക്ക് ഡാമിന്റെ സാധ്യത പരിശോധിക്കുന്നതിനായി തീരുമാനമെടുത്തു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലവിഭവ വകുപ്പിലെ ചീഫ് എഞ്ചിനീയർമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സ്കീമുകളുടെയും ഭരണാനുമതി ജൂൺ മാസത്തിൽ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സ്കീമിന്റെയും ഓരോ ഉദ്യോഗസ്ഥതലത്തിലുള്ള പുരോഗതി തത്സമയം വിലയിരുത്തുന്നതിനുള്ള software ബേസ് ആയിട്ടുള്ള ഒരു സംവിധാനം 2 മാസത്തിനകം നിലവിൽ വരും.

**ചെമ്മങ്കടവിൽ റെഗുലേറ്റർ**

188(965) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴക്ക് കുറുകെ ചെമ്മങ്കടവിൽ റഗുലേറ്റർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) മലപ്പുറം നിയോജക മണ്ഡലത്തിൽ 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ പ്രവൃത്തികളുടെയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) മലപ്പുറം മുൻസിപ്പാലിറ്റിയിലെ കുടിവെള്ള സ്രോതസ്സായ കേരള വാട്ടർ അതോറിറ്റിയുടെ നമ്പ്രാണി ചെക്ക് ഡാമിൽ ലീക്ക് ആയതിനാൽ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി ചെമ്മങ്കടവിൽ ഒരു റെഗുലേറ്റർ സ്ഥാപിക്കാനുള്ള പ്രൊപ്പോസലിന്മേൽ മലപ്പുറം മുൻസിപ്പാലിറ്റി അധികൃതരുമായി ചേർന്ന് ജലസേചന വകുപ്പ് സംയുക്ത സ്ഥല പരിശോധന നടത്തുകയുണ്ടായി. അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) 2018-2019 ബഡ്ജറ്റിലെ മലപ്പുറം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

189(966) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പപുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഡിസൈൻ എത്രയും വേഗം തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) 2018 ആഗസ്റ്റ് മാസത്തെ വെള്ളപ്പൊക്കത്തെ തുടർന്ന് പുഴയിലെ ജലനിരപ്പിലുണ്ടായ വ്യതിയാനത്തിനനുസരിച്ച് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിക്കായുള്ള പുതുക്കിയ പര്യവേക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ഡി.ആർ.ബി. മുഖേനയെടുത്ത് ഭരണാനുമതിക്കുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

190(967) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിഭവ വകുപ്പ് വഴി ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും നവീകരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ജലസേചന വകുപ്പ് വഴി ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

**സീതാർക്കുണ്ട് മിനി ഡൈവേർഷൻ സ്കീം**

191(968) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർക്കുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ സർവ്വേ നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണെന്ന് വിശദമാക്കുമോ;

(സി) സീതാർക്കുണ്ട് പദ്ധതിയുടെ ആവശ്യകത മനസ്സിലാക്കി അടിയന്തരമായി പദ്ധതി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർക്കുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ പ്രാഥമിക പഠന സർവ്വേ നടപടികൾ KERI പീച്ചി മുഖേന പുരോഗമിച്ചു വരുന്നു.

(ബി & സി) പ്രാഥമിക പഠന സർവ്വേയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് നടപടിയെടുത്തുവരുന്നു.

**മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

192(969) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി) -യ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഭരണാനുമതി ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി.യിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഭരണാനുമതി നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണമെന്തെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിൽ വകുപ്പിനുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കി ഭരണാനുമതിയും ഫണ്ടും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി)-ക്ക് എസ്റ്റിമേറ്റ്, സാമ്പത്തികാനുമതിക്കായി PRICE മുഖേന ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഐ.ഡി.അർ.ബി.-ക്ക് സമർപ്പിച്ചിരുന്നു. എസ്റ്റിമേറ്റ് IDRB പരിശോധിച്ചപ്പോൾ ചില തിരുത്തലുകൾ വേണ്ടിവന്നു. ആയത് പരിഹരിച്ച് പുതിയ എസ്റ്റിമേറ്റ് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് തിരിച്ചയച്ചിരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി വിശദപഠന റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനും പ്രവൃത്തിയുടെ പ്രായോഗികതയും സ്ഥലലഭ്യതയും കണക്കിലെടുത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## പിറവം നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

193(970) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയം പിറവം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനത്തെ ബാധിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടുണ്ടോയെന്നും അടുത്തുവരുന്ന മൺസൂൺ സീസണിൽ പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സാധാരണ രീതിയിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയം പിറവം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന താഴെപ്പറയുന്ന എൽ.ഐ. സ്കീമുകളുടെ പ്രവർത്തനത്തെ ബാധിച്ചു.

1. നമ്പർ 1 എൽ.ഐ.എസ്. രാമമംഗലം
2. നമ്പർ 2 എൽ.ഐ.എസ്. രാമമംഗലം
3. നമ്പർ 3 എൽ.ഐ.എസ്. രാമമംഗലം
4. നമ്പർ 4 എൽ.ഐ.എസ്. രാമമംഗലം
5. കീഴ്മുറി എൽ.ഐ. സ്കീം
6. മാമലശ്ശേരി എൽ.ഐ. സ്കീം
7. പാമ്പാക്കുട റീ ലിഫ്റ്റ്
8. മുളക്കുളം വടക്കേക്കര
9. മുളക്കുളം നോർത്ത്
10. പിറവം
11. കളമ്പൂർ സൗത്ത്
12. പാഴൂർ
13. നെച്ചൂർ

14. കക്കാട്

15. കക്കാട് ടെയിൽ എന്റ്

16. കളന്നൂർ നോർത്ത്

17. പുതുമനക്കടവ്.

(ബി) എൽ.ഐ. സ്കീമുകളുടെ സക്ഷൻ പിറ്റ്, സൈഫൺ മുതലായവയിൽ അടിഞ്ഞുകൂടിയ ചെളി മാറ്റിയും പ്രവർത്തനരഹിതമായ മോട്ടോറുകൾക്ക് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിയും എല്ലാ എൽ.ഐ. സ്കീമുകളും 2018 നവംബർ മാസത്തോടെ പ്രവർത്തനമാരംഭിച്ചു. ഫ്ലഡ് ഡാമേജ് 2018-ൽ ഉൾപ്പെടുത്തി എൽ.ഐ. സ്കീമുകളിലെ സക്ഷൻ പിറ്റ്, സൈഫൺ മുതലായവ വൃത്തിയാക്കുന്നതിനുള്ള പ്രവൃത്തികളും പൂർത്തീകരിച്ചു. ഇതുകൂടാതെ പിറവം എൽ.ഐ സ്കീമിലെ വാലറ്റ ഭാഗത്തെ കനാൽ, കുടിയിക്കപ്പെടി കനാൽ, വിയറ്റ്നാം കോളനിക്കടുത്തുള്ള കനാൽ, കളന്നൂർ എൽ.ഐ. സ്കീമിലെ വാലറ്റ ഭാഗത്തെ കനാൽ, രാമമംഗലം നമ്പർ 2 എൽ.ഐ. സ്കീമിലെ വരണ്ടകം കൈവരി കനാൽ, ഊരനാട്ട ചിറ (ചെക്കഡാമിന്റെ പ്രധാന ലീഡിംഗ് ചാനൽ) എന്നീ കനാലുകളുടെ കേടുപാടുകൾ തീർക്കൽ എന്നീ പ്രവൃത്തികളുടെ തുടർപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

### നാദാപുരം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

194(971) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ നിലവിലുള്ള ഏതൊക്കെ പദ്ധതികൾ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നാദാപുരം മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- കാവിലുംപാറ പഞ്ചായത്തിലെ ചോയിച്ചുണ്ട് തച്ചറോത്തോയിലിൽ കുറ്റിയാടി ചെറുപുഴയുടെ ഇടതു കരസംരക്ഷണം ആർ.എം.എഫ്. എഗ്രിമെന്റ് ഒപ്പുവച്ചു.

- എടച്ചേരി പഞ്ചായത്തിലെ കായപ്പനച്ചിയിൽ മാഹിപ്പുഴയുടെ ഇടതുകര സംരക്ഷണം റീ ടെണ്ടർ പബ്ലിഷ് ചെയ്തു.

- കായക്കൊടി പഞ്ചായത്തിലെ കീരൻ കൈ വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- വളയം പഞ്ചായത്തിലെ ആലത്താൻ കണ്ടി വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- കായക്കൊടി പഞ്ചായത്തിലെ ചേടൻ കണ്ടി വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- നാദാപുരം പഞ്ചായത്തിലെ കരിയാച്ചേരി വി.സി.ബി. യുടെ പുനരുദ്ധാരണ പ്രവൃത്തി.

- നാദാപുരം പഞ്ചായത്തിലെ വാണിയൂർ വി.സി.ബി.-യുടെ പുനരുദ്ധാരണ പ്രവൃത്തി.

- നാദാപുരം പഞ്ചായത്തിലെ വാർഡ് നമ്പർ 21-ലെ പുളിക്കൂൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം.

- കോഴിക്കോട് ജില്ലയിലെ കായക്കൊടി പഞ്ചായത്തിലെ വാർഡ് നമ്പർ 11 -ൽ മൂരിപ്പാലം കീരകൈ തോടിനു കുറുകെ വി.സി.ബി നിർമ്മാണം.

- കോഴിക്കോട് ജില്ലയിലെ ചെക്ക്യാട് പഞ്ചായത്തിലെ കുറവന്തേരി പിലാത്ത് താഴ ചോയിത്തോട് കുറുകെ വി.സി.ബി. നിർമ്മാണം.

- വടകര താലൂക്കിൽ മാഹിപ്പുഴയ്ക്ക് കുറുകെ കൊയമ്പ്രം കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പര്യവേക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(ബി) നാദാപുരം മണ്ഡലത്തിൽ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കായക്കൊടി പഞ്ചായത്തിലെ കീരൻകൈ വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- വളയം പഞ്ചായത്തിലെ ആലത്താൻകണ്ടി വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- കായക്കൊടി പഞ്ചായത്തിലെ ചേടൻകണ്ടി വി.സി.ബി. യുടെ അറ്റകുറ്റപ്പണി.

- നാദാപുരം പഞ്ചായത്തിലെ കരിയാച്ചേരി വി.സി.ബി. യുടെ പുനരുദ്ധാരണ പ്രവൃത്തി.

- നാദാപുരം പഞ്ചായത്തിലെ വാണിയൂർ വി.സി.ബി.യുടെ പുനരുദ്ധാരണ പ്രവൃത്തി.

കുറ്റിയാടി ജലസേചനപപദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാട്ടിക നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പ് പ്രവൃത്തികൾ

195(972) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലം ഉൾപ്പെടുന്ന അഞ്ച് തീരദേശ പഞ്ചായത്തുകളിൽ ചേറ്റുവ മുതൽ സ്നേഹതീരം ബീച്ച് വരെ പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്നു വിശദമാക്കാമോ;

(ബി) നാട്ടിക മണ്ഡലത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിൽ പുഴയുടെ കരഭാഗം ഉദ്ദേശം 25 മീറ്റർ നീളം വരുന്ന ഭാഗം തകർന്ന് കിടക്കുന്നത് കെട്ടുന്നതിന് 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള തടസം എന്താണ്; ഈ നിർമ്മാണം എന്ന് പൂർത്തിയാക്കും എന്ന് വിശദമാക്കാമോ;

(സി) ഈ മണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിലെ മുനയത്ത് റെഗുലേറ്റർ സ്ഥാപിക്കുന്നതിന് 24 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള തടസം എന്താണ്; എപ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിന് സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) നാട്ടിക മണ്ഡലത്തിലെ കീഴ്പ്പുള്ളിക്കര മുനയം താല്ക്കാലിക ബണ്ട് നിർമ്മാണത്തിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ മേഖലയിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

(ബി) നാട്ടിക മണ്ഡലത്തില ചാഴൂർ ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ പുഴയുടെ കരഭാഗം 250 മീറ്റർ കെട്ടുന്നതിന് 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം അത്യാവശ്യമുള്ള 50 മീറ്റർ നീളം വരുന്ന ഭാഗം കെട്ടുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആവശ്യമായ ചില തിരുത്തലുകൾ വരുത്തുകയും ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്ത ശേഷം സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി എടുത്തുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

196(973) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച സെക്രട്ടേറിയറ്റിലെ IR2/313/18/WRD എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചീഫ് എഞ്ചിനീയറിൽനിന്നും അധിക വിവരം ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങളും കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കവളങ്ങാട്-വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടു പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്ത് റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹുമാനപ്പെട്ട മുൻസിഫ് കോടതിയിൽ ഒ.എസ്.104/2016 എന്ന നമ്പറിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ കോടതിതന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി. ഈ കേസിന്റെ വിധി ഇതുവരെ തീർപ്പാക്കിയിട്ടില്ല. വിസ്താരം 12-2-2019-ൽ ആണ് നിശ്ചയിച്ചിരുന്നത്. പിന്നീട് ടി വിസ്താരം 19-6-2019-ലേയ്ക്ക് നീട്ടിവച്ചു.

താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് ($48m^2$) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നുകിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം ($48m^2$) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കു. എന്നാൽ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കുന്നതിനും ഇവിടെ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുന്നതിനുമായി പല്ലാരിമംഗലം വില്ലേജ് സർവ്വേ നമ്പർ 508/4-ൽപ്പെട്ട

കെട്ടിങ്ങൾ ഒന്നുംതന്നെയില്ലാത്ത മേൽപ്പറഞ്ഞ $48m^2$ സ്ഥലം ഉൾപ്പെടെയുള്ള $190m^2$ സ്ഥലം ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ചെറിയ മാറ്റങ്ങളോടെ സർക്കാർ ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് പരിമിതമായ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും കോടതി ഉത്തരവുകളും സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) സർക്കാർ നിർദ്ദേശ പ്രകാരം അധിക വിവരങ്ങൾ ലഭിച്ചത് ലാന്റ് അക്വിസിഷന് വേണ്ടിയുള്ള നിശ്ചിത പ്രൊഫോർമയിൽ അല്ലാത്തതിനാൽ അപ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു.

**ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ജിയോട്യൂബ് നിർമ്മാണം**

197(974) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ തീരദേശങ്ങളിലെ കടലാക്രമണം തടയുന്നതിനായി 16-1-2018-ന് ഭരണാനുമതി നല്കിയ എട്ട് കോടി രൂപയുടെ ജിയോട്യൂബിന്റെ നിർമ്മാണപ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരം നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ കരാറുകാരന് ഉണ്ടായിരിക്കേണ്ട നിലവിലുള്ള യോഗ്യതകൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നിലവിലുള്ള മാനദണ്ഡപ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരുന്നോ; വെളിപ്പെടുത്തുമോ;

(ഡി) കരാറുകാരൻ പണി ആരംഭിക്കുന്നതിൽ കാലതാമസം വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാലവർഷവും കടലാക്രമണ സാധ്യതയും കണക്കിലെടുത്ത് തുക അനുവദിച്ചിട്ടുള്ള പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 5 സ്ഥലങ്ങളിലായി ജിയോട്യൂബുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 8 കോടി രൂപ അടങ്കൽ വരുന്ന 5 പ്രവൃത്തികൾ കരാറുകാരനുമായി ഉടമ്പടി ഒപ്പിടുകയും സൈറ്റ് 24-7-2018, 10-9-2018 എന്നീ തീയതികളിലായി കൈമാറുകയും ചെയ്തു. എന്നാൽ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ അലംഭാവം കാരണം 2 പ്രവൃത്തികൾ റദ്ദ് ചെയ്തു. ബാക്കിയുള്ളവയുടെ പുരോഗതിയും മന്ദഗതിയിലാണ്.

(ബി) വേളാങ്കണ്ണി പള്ളിക്ക് വടക്ക്, ബാസാർ ഭാഗം എന്നിവിടങ്ങളിലുള്ള പ്രവൃത്തികൾ റദ്ദാക്കിയിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിനാലാണ് റദ്ദാക്കിയത്. കാലവർഷാരംഭത്തോടെ കടൽ ക്ഷോഭം രൂക്ഷമാകാനിടയുള്ളതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതും ആവശ്യമായിരുന്നു.

(സി) എല്ലാ പ്രവൃത്തികളുടെയും അടങ്കൽ തുക അനുസരിച്ച് ബി ക്ലാസ് ലൈസൻസോ അതിലുപരിയോ ഉള്ളവർക്ക് ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നൽകുകയും ചെയ്തു. ടി കരാറുകാരന് ബി ക്ലാസ് യോഗ്യതയുണ്ട്.

(ഡി) കരാറുകാരന് മേൽ പ്രവൃത്തി ചെയ്തുള്ള പരിചയക്കുറവും അവശ്യം വേണ്ട യന്ത്രസാമഗ്രികളുടെ അഭാവവും പണി ആരംഭിക്കുന്നതിന് കാലതാമസം വരാനിടയാക്കി.

(ജി) ജിയോട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ സ്ഥിതി വിലയിരുത്തുന്നതിനായി 29-5-2019-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെയും ബന്ധപ്പെട്ട എം.എൽ.എ.മാരുടെയും സാന്നിദ്ധ്യത്തിൽ സ്ഥലവാസികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സത്വരനടപടികൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. കൂടാതെ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ജിയോബാഗ് ഉപയോഗിച്ചുള്ള രണ്ട് അടിയന്തര പ്രവൃത്തികൾ നടന്നുവരുന്നു. 2 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരുവല്ല, ചങ്ങനാശ്ശേരി ശുദ്ധജലപദ്ധതി

198(975) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവല്ല, ചങ്ങനാശ്ശേരി നഗരങ്ങൾക്കായുള്ള ശുദ്ധജല പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)തിരുവല്ല-ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി കിഫ്ബി വഴി ധനസഹായം ലഭിച്ച 58 കോടി രൂപയുടെ പദ്ധതിയിൽ 5 പാക്കേജുകളായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

പാക്കേജ്-1

1. കല്ലിശ്ശേരിയിലെ 10mld ജല ശുദ്ധീകരണശാലയുടെ നിർമ്മാണവും 25mld ജലശുദ്ധീകരണശാലയുടെ നവീകരണവും.

2. തിരുവല്ലയിലെ 33mld ജലശുദ്ധീകരണശാലയുടെ നവീകരണം.

3. കല്ലിശ്ശേരി, തിരുമൂലപുരം, തിരുവല്ല പമ്പ് ഹൗസുകളിലേയ്ക്കുള്ള റോ വാട്ടർ പമ്പ് സെറ്റുകളും ക്ലിയർ വാട്ടർ പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

പാക്കേജ്-2

1. തിരുമൂലപുരത്തെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയും 2 ലക്ഷം ലിറ്റർ സമ്പും

2. തിരുവല്ലയിലെ 22 ലക്ഷം ലിറ്ററിന്റെ ഉന്നതതലസംഭരണി

3. തിരുമൂലപുരം സമ്പിലേയ്ക്കും ടാങ്കിലേയ്ക്കുമുള്ള ട്രാൻസ്മിഷൻ മെയിനുകൾ, തിരുമൂലപുരം ടാങ്കിൽ നിന്നുള്ള വിതരണം.

4. തിരുവല്ലയിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം, കുറ്റപ്പുഴ പ്രദേശത്തെ വിതരണം, സോളാർപാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മുതലായവ.

പാക്കേജ്-3A

1. തിരുവൻവണ്ടൂരിലെ 15 ലക്ഷം ലിറ്റർ ടാങ്കിന്റെ നിർമ്മാണം, തിരുവൻവണ്ടൂർ ഭാഗത്തേയ്ക്കുള്ള പമ്പിംഗ് മെയിനുകൾ, തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ വിവിധ വിതരണ ശൃംഖലകൾ

പാക്കേജ്-3B

1. കുറ്റൂരിലെ 15 ലക്ഷം ലിറ്ററിന്റെ ഉന്നതതല സംഭരണി നിർമ്മാണം, കുറ്റൂർ ഭാഗത്തേയ്ക്കുള്ള പമ്പിംഗ് മെയിനുകൾ, കുറ്റൂർ പഞ്ചായത്തിന്റെ വിവിധ വിതരണ ശൃംഖലകൾ.

പാക്കേജ്-4

1. കുട്ടനാട് ജല ശുദ്ധീകരണ ശാലയുടെ കറ്റോട് പമ്പ് ഹൗസിന്റെ ട്രാൻസ്ഫോർമർ നവീകരണം.

2. കുട്ടനാട് ജല ശുദ്ധീകരണ ശാലയിലെ തിരുവല്ല പമ്പിംഗ് സ്റ്റേഷനിലെ പമ്പ് ഹൗസുകളുടെ നവീകരണം

3. കല്ലിശ്ശേരി ജലശുദ്ധീകരണശാല ട്രാൻസ്ഫോർമർ നവീകരണം എന്നിവയാണ്.

പാക്കേജ്-5

1. കല്ലിശ്ശേരി, തിരുവല്ല ജലശുദ്ധീകരണശാലയ്ക്കുള്ള പ്രത്യേക ഇലക്ട്രിക് ലൈനുകൾ(ഡെഡിക്കേറ്റഡ് ഫീഡർ).

(ബി) ഈ പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി ഉദ്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാട്ടുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

199(976) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പുലാമന്തോൾ പഞ്ചായത്തിൽ കാട്ടുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാന കനാലിന്റെ ചെയിനേജ് 2/250 മുതൽ 2/350 വരെയുള്ള അടിയന്തര അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പുലാമന്തോൾ പഞ്ചായത്തിലെ കാട്ടുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാന കനാലിന്റെ ചെയിനേജ് 2/250 മീറ്റർ മുതൽ 2/350 മീറ്റർ വരെയുള്ള അഭിവൃദ്ധിപ്പെടുത്തലും സൈഫൺ വെൽ ഡ്രോപ്പ് നിർമ്മാണവും എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മാനന്തവാടി കുടിവെള്ള പദ്ധതി

200(977) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി കുടിവെള്ള പദ്ധതിയിൽ നിന്നും എത്ര കുടുംബങ്ങൾക്കാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്; വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് ധനസഹായമായി ലഭിച്ചത്;

(സി) കിഫ്ബിയിൽ നിന്നും ലഭിച്ച തുക കൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി വഴി നടപ്പാക്കിയ മാനന്തവാടി, എടവക, നല്ലൂർനാട്, വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ പദ്ധതിയിൽ നിന്നും 18985 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കും.

(ബി) കിഫ്ബിയിൽ നിന്നും 18 കോടി രൂപയാണ് ഈ പദ്ധതിക്ക് ധനസഹായമായി ലഭിച്ചത്.

(സി)

1. 300mm മുതൽ 150 mm വരെയുള്ള ഡി.ഐ. പൈപ്പ് 31604 മീറ്റർ സ്ഥാപിച്ചു.
2. 110mm മുതൽ90mm വരെയുള്ള പി.വി.സി. പൈപ്പ് 43810 മീറ്റർ സ്ഥാപിച്ചു.
3. മാനന്തവാടിയിൽ ഒരു വിതരണടാങ്കും എടവക 2/4-ൽ ഒരു ടാങ്കും നിർമ്മിച്ചു. പയ്യമ്പള്ളി ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കാൻ 8000 മീറ്റർ, 150 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിച്ചു.
4. ഗവൺമെന്റ് കോളേജിലെ നിലവിലെ ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചു.
5. 40 എച്ച്.പി. യുടെ 2 പമ്പ് സെറ്റുകൾ സ്ഥപിച്ചു.

6. ട്രാൻസ്ഫോർമറിന് ചുറ്റും റീട്ടേയ്നിംഗ് വാൾ നിർമ്മിച്ചു.

7. 4 മീറ്റർ വീതിയിൽ ജലശുദ്ധീകരണശാലയിലേയ്ക്ക് റോഡ് നിർമ്മിച്ചു.

8. 2750 ഗാർഹിക കണക്ഷൻ മാറ്റി നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

## കൊയിലാണ്ടി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

201(978) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ എം.എൽ.എ. ഫണ്ട് അനുവദിച്ചതും കുറ്റ്യാടി ഇറിഗേഷൻ കനാൽ പ്രോജക്ട് വിഭാഗത്തിന് നിർമ്മാണച്ചുമതലയുള്ളതുമായ എത്ര പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ബാക്കിയുള്ള ഏതെങ്കിലും പ്രവൃത്തികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 5 പദ്ധതികളാണ് നടപ്പിലാക്കാനുള്ളത്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

## പള്ളിക്കൽ പഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

202(979) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് വർക്കല മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ടി പഞ്ചായത്തിൽ വികസന പ്രവർത്തനം നടത്തുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തെല്ലാം പദ്ധതികൾക്കുള്ള രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ പുഴ തോടിനു കുറുകെ കലുങ്ക നിർമ്മാണവും നീർച്ചാൽ നിർമ്മാണവും. 15 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചുവടെ ചേർത്തിട്ടുള്ള ജോലികളുടെ എസ്റ്റിമേറ്റുകൾക്ക് അനുവാദം നൽകുകയും വർക്ക് തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്:

- പള്ളിക്കൽ പുഴ ഏലാ തോടിന്റെ സൈഡ് സംരക്ഷണം- 1.8 ലക്ഷം.
- പള്ളിക്കൽപുഴ ഏലാ തോടിന്റെ തടയണയുടെ നവീകരണം- 1.4 ലക്ഷം.
- ഇടവേലിക്കൽ തോടിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം-2.38 ലക്ഷം.
- പകൽക്കുറി തോടിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം-1.8 ലക്ഷം
- പള്ളിക്കൽ താഴെഭാഗം തടയണയുടെ നവീകരണം -1.5 ലക്ഷം
- പള്ളിക്കൽ താഴെഭാഗം ഏലാതോടിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം-1.2 ലക്ഷം
- ഈരാറ്റിൻ മാമ്പഴത്തോടിന്റെ സൈഡ് സംരക്ഷണം-1.2 ലക്ഷം
- ഈരാറ്റിൽ മാമ്പഴത്തോടിന്റെ തടയണയുടെ നവീകരണം-1.53 ലക്ഷം
- ഈരറ്റിൽ മാമ്പഴത്തോടിന്റെ മുകൾഭാഗത്തെ സൈഡ് സംരക്ഷം- 2.4 ലക്ഷം.
- പള്ളിക്കൽ പഞ്ചായത്ത് പകൽക്കുറി ക്ഷേത്രക്കടവിനു സമീപം ഇത്തിക്കര ആറിന്റെ ഇടതുകരയിലുള്ള റാമ്പിന്റെയും കടവിന്റെയും അറ്റകുറ്റപ്പണികളും അനുബന്ധപ്രവൃത്തികളും-5.30 ലക്ഷം
- പള്ളിക്കൽ പഞ്ചായത്തിൽ പള്ളിക്കപ്പുഴ പാലത്തിനു താഴ്ഭാഗത്തായി ഇത്തിക്കര ആറിന്റെ വിവിധ ഭാഗങ്ങളിൽ സംരക്ഷണഭിത്തി പുനർനിർമ്മാണം-5.50 ലക്ഷം

പള്ളിക്കൽ പഞ്ചായത്തിൽ പള്ളിക്കപ്പുഴ പാലത്തിനു താഴെഭാഗത്തായി ഇത്തിക്കര ആറിന്റെ ഇടതുകരയിൽ സംരക്ഷണഭിത്തി (റീച്ച് II) നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## കുട്ടനാട്ടിലെ ജലാശയങ്ങളുടെ പരിപാലനം

203(980) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ജലാശയങ്ങളിൽ പ്രളയാനന്തരം പോളയും കടകലും (ജല സസ്യങ്ങൾ) മണ്ണും നിറഞ്ഞ് ആഴം കുറഞ്ഞ് ഒഴുക്കില്ലാത്ത അവസ്ഥയുണ്ടാകുന്നതിനാൽ ഇവ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിലെ ജലാശയങ്ങളിൽ മണ്ണ് നിറഞ്ഞ് ആഴം കുറഞ്ഞ് ഒഴുക്കില്ലാത്ത അവസ്ഥയുണ്ടാകുന്നതിനാൽ വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട് :

1. പുളിങ്കുന്ന് പഞ്ചായത്തിൽ 19 പ്രവൃത്തികൾക്ക് 61.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി. ടെണ്ടർ നടപടികൾ നടന്നുവരുന്നു.

2. കുട്ടനാട്ടിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കൊപ്പം തോടുകളും കനാലുകളും ശുചീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിൽ 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനോടൊപ്പം ചുറ്റുമുള്ള 60 കിലോമീറ്ററോളം തോടുകളും ശുചീകരിക്കും.

3. ഈ വർഷം കുട്ടനാട്ടിൽ നടപ്പാക്കുന്ന SDRF പ്രവർത്തനങ്ങളിൽ 1.4878 കോടി രൂപ പ്രളയത്തിൽ മണ്ണിടിഞ്ഞ് ജലനിർഗ്ഗമനം തടസ്സപ്പെട്ട് ചാനലുകൾ ശുചീകരിക്കുന്നതിനായി നീക്കിവെക്കുകയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ വഴി 0.45 കോടി രൂപയുടെ പദ്ധതികളും തോടുകളുടെ ശുചീകരണവും നടപ്പിലാക്കുന്നുണ്ട്.

5. ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ വഴി നടപ്പിലാക്കുന്ന ആലപ്പുഴ ജില്ലയിലെ 5.8 കോടി രൂപയുടെ വിവിധ പ്രവൃത്തികളിലും, കനാലുകളും തോടുകളും ശുചീകരിക്കുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുന്നു.

6. KIIFB-യുടെ ധനസഹായത്തോടെ ആലപ്പുഴ ടൗൺ കനാലുകൾ ശുചീകരിക്കുന്നതിനായി 39 കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു.

7. വീയപ്പുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ 4.25 ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് Expression of interest ക്ഷണിച്ചു കഴിഞ്ഞു.

8. വെള്ളപ്പൊക്കത്തിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ട ആലപ്പുഴ ജില്ലയിലെ നാവിഗേഷൻ കനാലുകളിലും ബോട്ടുജെട്ടികളിലും മണ്ണ് നീക്കം ചെയ്യുന്നതിന് ഫ്ലഡ് ഡാമേജ് 2018-ൽ ഉൾപ്പെടുത്തി 5.28 കോടി രൂപയുടെ പദ്ധതി ഇൻലാൻഡ് നാവിഗേഷൻ വഴി നടപ്പിലാക്കുന്നുണ്ട്.

9. കൂടാതെ തൊഴിലുറപ്പ് പദ്ധതി വഴിയും തോടുകളുടെ ശുചീകരണം നടപ്പിലാക്കുന്നുണ്ട്.

**മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണം**

204(981) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം എന്നീ പഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതികൾക്ക് ജലം സംഭരിക്കുന്നതിനായുള്ള മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തതിർത്തിയിലുള്ള മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനായി ജലവിഭവവകുപ്പിന്റെ സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള വിതണ പദ്ധതിയുടെ സ്രോതസ്സായ തൂതപ്പുഴയിൽ ഒരു സ്ഥിരം തടയണ മുണ്ടോർശ്ശിക്കടവ് എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധനയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏർപ്പെടുത്തുകയും അവർ മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. തടയണയുടെ ഡിസൈനും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും തയ്യാറാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ചുലമതലപ്പെടുത്തി യിരിക്കുന്നത്.

(ബി) തടയണ നിർമ്മിക്കാൻ രൂപകല്പന തയ്യാറാക്കുന്നതിന് വേണ്ടി ഐ.ആർ.ഡി.ബി. ചീഫ് എഞ്ചിനീയറെ സമീപിച്ചപ്പോൾ തയ്യാറാക്കാൻ സമ്മതമാണെന്നും ആയതിന് മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. മണ്ണ് പരിശോധിക്കുവാൻ വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ കീഴിലുള്ള Centre for continuinng education-നെ ചുമതലപ്പെടുത്തി. അതിൻപ്രകാരം മണ്ണ് പരിശോധനാറിപ്പോർട്ട് അവർ കെ.ഐ.ഐ.ഡി.സി.യിൽ സമർപ്പിക്കുകയും അത് വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുള്ളതാകുന്നു.

## ഇറിഗേഷൻ ഭൂമിയിൽ പകൽവീട് നിർമ്മാണം

205(982) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഇറിഗേഷൻ ഭൂമിയിൽ നടത്തിവന്ന പകൽവീട് നിർമ്മാണം തുടരുന്നതിനായി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം 20-12-2018-ന് 1302/M(WR)VIP/2018 എന്ന നമ്പർ പ്രകാരം ചീഫ് എഞ്ചിനീയർ (I&A)-ക്ക് അയച്ചുകൊടുത്തതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നാൾവഴി നടപടിക്രമങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ & ബി) ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഇറിഗേഷൻ ഭൂമിയിൽ നടത്തിവന്ന പകൽവീട് നിർമ്മാണം തുടരുന്നതിനായി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ ഓഫീസിൽ നിന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I-ന് തുടർനടപടികൾ സ്വീകരിക്കുന്നതിനായി 16-1-2019-ന് നൽകുകയുണ്ടായി. 5-2-2019-ലെ മേലെഴുത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കാനായി ഈ നിവേദനം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാടിന് നൽകുകയുണ്ടായി. മേൽ സർക്കിൾ ഓഫീസിൽനിന്നും റിപ്പോർട്ടിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-I, കാഞ്ഞിരപ്പുഴ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് സബ്ഡിവിഷൻ നമ്പർ-I, ഒറ്റപ്പാലം എന്നീ കാര്യാലയങ്ങളിലേയ്ക്ക് അയച്ചിരുന്നു. തുടർന്ന് 6-6-2019-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I-ന് സമർപ്പിച്ചിട്ടുണ്ട്.

## ഈരാറ്റിൻപുറം ടൂറിസം പദ്ധതി

206(983) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വിഭാഗം ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ ടെണ്ടർ ആണ് ആദ്യഘട്ടത്തിൽ ക്ഷണിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിന് ടൂറിസം വകുപ്പ് എത്ര കോടി രൂപയാണ് ഇറിഗേഷൻ വിഭാഗത്തിന് അഡ്വാൻസ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ആദ്യഘട്ടത്തിലെ ടെണ്ടർ നടപടിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ടെണ്ടർ ക്ഷണിച്ചത് എന്ന് വിശദീകരിക്കാമോ; പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസം വകുപ്പ് ഏത് വർഷത്തിലാണ് ഈരാറ്റിൻപുറം ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഇറിഗേഷൻ വിഭാഗത്തെ ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ കാലതാമസം വരുത്തിയതിന്റെ കാരണം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, ആദ്യഘട്ടം 1,32,67,559 രൂപയ്ക്കാണ് ടെണ്ടർ ചെയ്തത്.

(ബി) അഡ്വാൻസ് നൽകിയിട്ടില്ല.

(സി) ആദ്യഘട്ടത്തിലെ ടെണ്ടർ നടപടിയിൽ Ticket Counter, Toilet Block, Retaining Wall and Walkway, Landscaping, Sign Board, Seater, Internal Road and Walkway, Parking, Snacks Bar, Toilet, Fencing എന്നീ പ്രവൃത്തികൾ 1,32,67,559 രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിയും.

(ഡി) 2017-ൽ പ്രസ്തുത ടൂറിസം പദ്ധതിക്കുവേണ്ടിയുള്ള മുഴുവൻ സ്ഥലവും കൈമാറുന്നതിന് കാലതാമസം നേരിട്ടു. പണി പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂഗർഭ ജലചൂഷണം**

207(985) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഭൂഗർഭ ജലചൂഷണമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഇത്തരം ജലചൂഷണം നിയന്ത്രിക്കുന്നതിന് ഭൂഗർഭ ജലവകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (പെർമിറ്റ്) നിർബന്ധമാക്കിയിട്ടുണ്ട്.

മറ്റ് പ്രദേശങ്ങളിൽ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93(എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന്റെ ക്ലിയറൻസ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റോടുകൂടി 10-1-2014 മുതൽ നിർബന്ധ മാക്കിയിട്ടുണ്ട്.

(ബി) ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്  എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ വിഭാഗത്തിലും 152 ബ്ലോക്കുകളിൽ ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2017 മാർച്ച് വരെയുള്ള ഭൂജല സമ്പത്ത് കണക്കാക്കുന്നതിനുള്ള പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.  റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി)

1. കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടു<u>ത്തു</u>വാൻ നടപടികൾ സ്വീകരിച്ചുവരുന്നു.
2. വ്യാവസായിക-അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകുവാൻ അതത് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ഇവാല്യൂവേഷൻ കമ്മിറ്റികളിൽ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, KSEB എന്നിവരെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി പരിഷ്കരിച്ചിട്ടുണ്ട്.

3. ഭൂജലം അസംസ്കൃത വസ്തുവായി ഉപയോഗിച്ച് വരുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ലൈസൻസ് പുതുക്കി നൽകുവാൻ ഭൂജലവകുപ്പിന്റെ NOC നിർബന്ധമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്ത് അമിത ഭൂജലചൂഷണം നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരമുള്ള നിയമനടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

### ഭൂഗർഭജലത്തിന്റെ അമിത ചൂഷണം തടയാൻ നടപടി

208(986) ശ്രീ. പി. കെ. ശശി :
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രദേശത്തെയും ഭൂഗർഭ ജലനിരപ്പിന്റെ അളവ് നിർണ്ണയം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വൻകിട ഫ്ലാറ്റുകളിലും ഹോട്ടലുകളിലും ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നത് കണ്ടെത്തിയാൽ അവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ(14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജലവകുപ്പിന്റെ അംഗീകാരവും 10-1-2014 മുതൽ നിർബന്ധമാണ്.

കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ടിലെ വകുപ്പ് 21(2) A, B പ്രകാരം ചട്ടലംഘനം നടത്തിയിട്ടുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആദ്യകുറ്റത്തിന് 2,000 രൂപ വരെയുള്ള പിഴയും രണ്ടാമത്തെയും അതിനുശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവ് ശിക്ഷയോ, 10,000 വരെ ആകാവുന്ന പിഴയോ ആണ് നിഷ്കർഷിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് ഭൂജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനുവേണ്ടി കേരള സംസ്ഥാന ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് (2002) ഭേദഗതി ചെയ്യുന്നതിന് സാങ്കേതിക കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 18-2-2019-ന് നടന്ന 30-ാമത് സംസ്ഥാന ഭൂജല അതോറിറ്റി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഭൂജലവിതാന ഡേറ്റ, പ്രദേശത്തെ മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, ഹൈഡ്രോളജിക്കൽ ഘടകങ്ങൾ എന്നിവ താരതമ്യം ചെയ്ത് കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായ പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിന്റെ ഭൂസ്ഥിതിയെപ്പറ്റിയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള -മാർച്ച്- 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ 152 ബ്ലോക്കുകളെ ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ സുരക്ഷിതം, ഗുരുതരം, അതീവഗുരുതരം, അമിതചൂഷണ ബ്ലോക്കുകളായും തരംതിരിച്ച് ഭൂജലവിനിയോഗം ക്രമീകരിക്കുകയും ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ എന്നിവയും കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2017 മാർച്ച് വരെയുള്ള ഭൂജലസമ്പത്ത് കണക്കാക്കുന്നതിനുള്ള സംയുക്ത പഠനം പൂർത്തീകരിക്കുകയും റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

(സി) വൻകിട ഫ്ലാറ്റുകൾ, ഹോട്ടലുകൾ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവ അമിതമായി ഭൂജലം ഉപയോഗിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ഉപയോഗം നിർത്തിവയ്ക്കാനും, പമ്പിംഗിന് ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ പിടിച്ചെടുക്കുവാനുമുള്ള അധികാരം ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരം നൽകിയിട്ടുണ്ട്. ഇത് കൂടാതെ അനധികൃത ഭൂജലവികസന ഉപയോഗത്തിന് 2,000 രൂപ മുതൽ 10,000 രൂപവരെ പിഴ ചുമത്തുവാനും നിയമം വ്യവസ്ഥ ചെയ്യുന്നു. ഫ്ലാറ്റുകൾ, ഹോട്ടലുകൾ മുതലായവ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പരിധിയിൽ വരുന്നതാകുന്നതിനാൽ പ്രസ്തുത ഉപയോഗങ്ങൾ പമ്പിംഗ് ടെസ്റ്റ് തുടങ്ങിയ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂജല ഉപയോഗം ക്രമീകരിച്ചു വരുന്നത്. ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നുവെന്ന പരാതികൾ ലഭിച്ചാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭൂജലവകുപ്പ് ഭൂജലസംരക്ഷണത്തിനായി കൃത്രിമഭൂജലസംപോഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അവലംബിച്ചുവരുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പിന് 350 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. വിവിധ ജില്ലകളിൽ 76 എണ്ണം തുറന്ന കിണർ/റീചാർജ്ജ്പിറ്റ് പദ്ധതികളും കുഴൽകിണർ റീചാർജ്ജ് പദ്ധതികൾ 5 എണ്ണം കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചു. 2019-2020 സാമ്പത്തിക വർഷം 450 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്ന് ലഭ്യമായിട്ടുള്ള 200 ലക്ഷം രൂപയുടെ കൃത്രിമഭൂജലസംപോഷണ പദ്ധതികളുടെ പ്രൊപ്പോസലിന്മേൽ സൂക്ഷ്മ പരിശോധന പുരോഗമിച്ചുവരുന്നു.

**ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടികൾ**

209(987) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് അപകടകരമാംവിധം താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(സി) അനിയന്ത്രിതമായി കുഴൽ കിണറുകൾ കുഴിക്കുന്നതും, അക്കേഷ്യ പോലുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതും ഭൂഗർഭ ജലത്തിന്റെ അളവ് കുറക്കുന്നതിന് കാരണമാകുന്നുണ്ടോ;

(ഡി) എങ്കിൽ ജലനിരപ്പ് കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് അപകടകരമാംവിധം താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മഴയുടെ ലഭ്യതക്കുറവും, ഭൂപ്രകൃതിയുടെ സവിശേഷതകളും വേനൽക്കാലങ്ങളിൽ സ്വാഭാവികമായി ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്താറുണ്ട്. കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിലെ ഭൂജല സ്ഥിതിയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

2017 മാർച്ച് വരെയുള്ള ഭൂജല സമ്പത്ത് കണക്കാക്കുന്നതിനുള്ള പഠനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മഴയുടെ ലഭ്യതയിലുണ്ടാകുന്ന കുറവും, ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങളും ഭൂജലസംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജലവ്യതിയാനത്തിന് കാരണമാകുന്നു. ഇത് കൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ ഘനത്തിലുണ്ടാകുന്ന (Thickness) ഏറ്റക്കുറച്ചിലുകളും, പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ് ഉണ്ടാകും.

(ബി) ഭൂജലവകുപ്പ് പ്ലാൻ പദ്ധതിയായ ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽകിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികൾ, അടിയണകളുടെ നിർമ്മാണം തുടങ്ങിയവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഭൂജല വകുപ്പ് ഭൂജലസംരക്ഷണത്തിനായി കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അവലംബിച്ചു വരുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ ഭൂജല വകുപ്പിന് 350 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. വിവിധ ജില്ലകളിൽ 76 എണ്ണം തുറന്ന കിണർ/റീചാർജ്ജ്പിറ്റ് പദ്ധതികളും 5 കുഴൽകിണർ റീചാർജ്ജ് പദ്ധതികൾ കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചു. 2019-2020 സാമ്പത്തിക വർഷം 450 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്ന് ലഭ്യമായിട്ടുള്ള 200 ലക്ഷം രൂപയുടെ വിവിധ കൃത്രിമഭൂജലസംപോഷണ പദ്ധതികളുടെ പ്രൊപ്പോസലിന്മേൽ സൂക്ഷ്മ പരിശോധന പുരോഗമിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച വിശദപഠനം നടത്തിയിട്ടില്ല. എന്നാൽ അനിയന്ത്രിത കുഴൽകിണർ നിർമ്മാണം സംബന്ധിച്ച് വകുപ്പിന് പരാതികൾ ലഭിക്കുന്ന പക്ഷം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ(14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽ ക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ അംഗീകാരവും 10-1-2014 മുതൽ നിർബന്ധമാണ്. കൂടാതെ സ്വകാര്യകുഴൽക്കിണർ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ഏജൻസി/സ്ഥാപനം എന്നിവയ്ക്ക് സംസ്ഥാന ഭൂജല അതോറിറ്റി രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

**ഭൂജലശോഷണം**

210(988) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഭൂജലം രണ്ടു മുതൽ ആറു മീറ്റർ വരെ താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ എൺപത് ശതമാനത്തോളം ഗ്രാമവാസികളും അൻപതു ശതമാനത്തോളം നഗരവാസികളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് ഭൂജലമായതിനാൽ ഇത് കുടിവെള്ള ക്ഷാമം ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി)എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ജലവിതാന ഡാറ്റ (Water Level Data) എല്ലാ മാസവും വകുപ്പ് ശേഖരിച്ച് വിശകലന പഠനങ്ങൾ നടത്തിവരുന്നു. മാർച്ച് 2019-ൽ ഭൂജലനില 10 വർഷത്തെ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ 55% തുറന്ന കിണറുകളിലും 58% കുഴൽക്കിണറുകളിലും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂരിഭാഗം കിണറുകളിലെയും ഭൂജലവ്യതിയാനം ആശങ്കാജനകമല്ലെങ്കിലും തൃശ്ശൂർ ജില്ലയിലെ 4 നിരീക്ഷണ കിണറുകളിൽ ഭൂജലനില രണ്ടു മുതൽ ആറു മീറ്റർ വരെ താഴ്ന്നതായി നിരീക്ഷണത്തിൽ വ്യക്തമായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബാധകമല്ല.

## ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കുന്ന സേവന പദ്ധതികൾ

211(989) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല വകുപ്പ് ഗാർഹിക തലത്തിൽ നടപ്പിലാക്കുന്ന സേവന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2018-19 വർഷം ഉണ്ടായ മഹാപ്രളയത്തിന് ശേഷം വകുപ്പ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടത്തിയ സേവനങ്ങൾ വിവരിക്കാമോ;

(സി) ഗാർഹികതല സേവനങ്ങൾക്ക് വകുപ്പ് ഈടാക്കുന്ന സേവന നിരക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) ഭൂജലവകുപ്പ് തുറന്ന കിണർ, ബോർവെൽ, കുഴൽക്കിണർ (ട്യൂബ് വെൽ), ഫിൽറ്റർ പോയിന്റ് വെൽ തുടങ്ങിയ ഭൂജല നിർമ്മിതികൾക്കായുള്ള ഭൂജലപര്യവേഷണം, നിർമ്മാണം, കുഴൽക്കിണർ/ബോർവെൽ വൃത്തിയാക്കൽ, വെൽ ലോഗിങ്ങ്, ജലഗുണനിലവാര പരിശോധന തുടങ്ങിയ പ്രവൃത്തികൾ ഗാർഹിക തലത്തിൽ നടപ്പിലാക്കുന്ന സേവന പദ്ധതികളാണ്.

(ബി) 2018-2019 വർഷം ഉണ്ടായ മഹാപ്രളയത്തിന് ശേഷം ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖാന്തരം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ഏഴ് കുടിവെള്ള പദ്ധതികൾ നവീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കിയിട്ടുണ്ട്.

1. വെൺമണി ഗ്രാമപഞ്ചായത്ത് - 3 എണ്ണം
2. മാന്നാർ ഗ്രാമപഞ്ചായത്ത് - 2 എണ്ണം
3. ബുധനൂർ ഗ്രാമപഞ്ചായത്ത് - 2 എണ്ണം

(സി) വിവിധതരം ഗാർഹികതല സേവനങ്ങൾക്ക് വകുപ്പ് ഈടാക്കുന്ന സേവനനിരക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സേവനം | നിരക്ക് |
|---|---|
| 1. വിവധതരം കിണറുകൾക്കുള്ള ഭൂജലപര്യവേഷണം | 585 രൂപ |
| 2. ബോർവെൽ നിർമ്മാണം<br>(എ) 4 $^1/_2$ ഇഞ്ച് (dia) | ഒരു മീറ്ററിന് 390 രൂപ + പൈപ്പിന്റെ വില |
| (ബി) 6 ഇഞ്ച് (dia) | ഒരു മീറ്ററിന് 665 രൂപ + പൈപ്പിന്റെ വില |

| | |
|---|---|
| 3. ഫിൽറ്റർ പോയിന്റ് വെൽ | ഒരു മീറ്ററിന് 256 രൂപ + പൈപ്പിന്റെ വില |
| 4. ട്യൂബ് വെൽ<br>(എ) 6 ഇഞ്ച് (dia) well assembly | ഒരു മീറ്ററിന് 2315 രൂപ + പൈപ്പിന്റെ വില |
| (ബി) 6 ഇഞ്ച്-ൽ (dia) കൂടുതലുള്ള well assembly | ഒരു മീറ്ററിന് 2980 രൂപ + പൈപ്പിന്റെ വില |
| 5. കിണർ വൃത്തിയാക്കൽ<br>(എ) ബോർവെൽ | 5790 മിനിമം ചാർജ് മണിക്കൂറിന് |
| (ബി) ട്യൂബ് വെൽ | 15435 മിനിമം ചാർജ് മണിക്കൂറിന് |
| (സി) ഫിൽറ്റർ പോയിന്റ് വെൽ | 2870 മിനിമം ചാർജ് മണിക്കൂറിന് |
| 6. ജലഗുണനിലവാര പരിശോധ<br>(എ) പൊതുഘടകങ്ങൾ | 4545 രൂപ പെർ സാമ്പിൾ |
| (ബി)<br>അധികഘടകങ്ങൾ(ഫ്ലൂറൈഡ്, ഫോസ്ഫേറ്റ്) | 225 രൂപ(ഒരു ഘടകത്തിന്) |
| (സി) ബാക്ടീരിയോളജിക്കൽ അനാലിസിസ്സ് | 226 രൂപ പെർ സാമ്പിൾ |
| (ഡി) ഹെവി മെറ്റൽ | 225 രൂപ ഒരു ലോഹത്തിന് |
| 7. വെൽ ലോഗിങ്ങ് | 14475 രൂപ |

## ഭൂഗർഭജലനിരപ്പിലെ കുറവ്

212(990) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭജലനിരപ്പ് കുറഞ്ഞുവരുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലപഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ജലവിതാന ഡാറ്റ(Water Level Data) എല്ലാ മാസവും ശേഖരിച്ച് വിശകലന പഠനങ്ങൾ നടത്തിവരുന്നു. മാർച്ച് 2019-ലെ ജലവിതാന റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസ്രോതസ്സുകളുടെയും നദികളുടെയും സംരക്ഷണം

213(991) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ, നദികൾ എന്നിവയുടെ സംരക്ഷണത്തിനായി നവ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും നിർമ്മാണ പുരോഗതികളും വിശദീകരിക്കാമോ;

(സി) ഈ വർഷം പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; ഭരണാനുമതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) നവകേരളമിഷന്റെ ഭാഗമായുള്ള ഹരിതകേരളം പദ്ധതിയിൻ കീഴിൽ മലപ്പുറം ജില്ലയിലെ 50 കുളങ്ങളുടെ ഒന്നാംഘട്ട പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 50 കുളങ്ങളിൽ 39 കുളങ്ങളുടെ പുനരുദ്ധാരണത്തിന് 2017-2018 വർഷത്തിലും ശേഷിക്കുന്ന 11 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 2018-2019 വർഷത്തിലും ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിരുന്നു. കൂടാതെ ഒരു വി.സി.ബി.-യുടെ നിർമ്മാണത്തിനായി നടപടി പുരോഗമിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2019-2020 സാമ്പത്തിക വർഷത്തിൽ ഹരിതകേരളത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 9 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു.

## കുടിവെള്ള പദ്ധതികൾ

214(992) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിട്ടിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കുടിവെള്ള പദ്ധതികൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിൽ നിന്നുമുള്ള ജല ലഭ്യതയിൽ എത്ര ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്രോതസ്സ് ഇല്ലാതെ മുടങ്ങികിടക്കുന്ന എത്ര പദ്ധതികൾ സംസ്ഥാനത്ത് ഉണ്ടെന്നും ഇത്തരത്തിൽ എത്രകോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

1. തിരുവനന്തപുരം - 106
2. കൊല്ലം - 71
3. പത്തനംതിട്ട - 73
4. കോട്ടയം - 77
5. ആലപ്പുഴ - 69
6. കണ്ണൂർ - 80
7. കാസർഗോഡ് - 79
8. പാലക്കാട് - 58
9. കോഴിക്കോട് - 66
10. വയനാട് - 31
11. മലപ്പുറം - 49
12. തൃശ്ശൂർ - 116
13. എറണാകുളം - 91
14. ഇടുക്കി - 81

(ബി) തിരുവനന്തപുരം ജില്ലയിൽ വാമനപുരം നദി ഉറവിടമായി വരുന്ന പദ്ധതികളിൽ വേനൽക്കാലത്തും ജലലഭ്യതയിൽ 30 ശതമാനത്തോളം കുറവും കോട്ടയം ജില്ലയിൽ ഏകദേശം 1.2 ശതമാനത്തിന്റെ കുറവും പത്തനംതിട്ട ജില്ലയിൽ ഗ്രാമീണ ജലവിതരണ പദ്ധതികളിൽ നിന്നുള്ള ജലലഭ്യതയിൽ 40 ശതമാനം മുതൽ 50 ശതമാനം വരെ കുറവുമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. കാസർഗോഡ് ജില്ലയിൽ 50 ശതമാനവും കണ്ണൂർ ജില്ലയിൽ 10 ശതമാനം കുറവും കോഴിക്കോട് ജില്ലയിൽ 27 ശതമാനവും മലപ്പുറം ജില്ലയിൽ 25 ശതമാനവും

പാലക്കാട് ജില്ലയിൽ 50 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്. മൂവാറ്റുപുഴ സർക്കിളിന് കീഴിൽ ഇടുക്കി ജില്ലയിൽ കടുത്ത വേനലിൽ ജലലഭ്യതയിൽ 20 ശതമാനം കുറവും വന്നിട്ടുണ്ട്. തൃശ്ശൂർ സർക്കിളിനുകീഴിൽ ജലലഭ്യതയിൽ 21.4 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ വണ്ടൻമേട് കുടിവെള്ള പദ്ധതി സ്രോതസ്സ് ഇല്ലാതെ മുടങ്ങിക്കിടക്കുകയാണ്. ഈ പദ്ധതിക്കായി 5.1898 കോടി രൂപ ചെലവായിട്ടുണ്ട്.

## വരൾച്ച നേരിടാൻ പദ്ധതി

215(993) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടാൻ എന്തെല്ലാം പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) ദുരന്ത നിവാരണ പരിപാടിയുടെ സ്വഭാവത്തിൽ എന്തെല്ലാം അടിയന്തര നടപടികളാണ് കൈക്കൊണ്ടതെന്ന് വിവരിക്കുമോ;

(സി) കുടിവെള്ള പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ എന്തെല്ലാം തയ്യാറെടുപ്പുകളാണ് വരൾച്ച നേരിടാൻ കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) ഭൂജല വകുപ്പ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ, ചെറുകിട കുടിവെള്ള പദ്ധതി നവീകരണം, കുഴൽകിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ/റീചാർച്ച് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവർത്തനങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. 2018-ലെ വരൾച്ച കുടിവെള്ള ക്ഷാമത്തിലേയ്ക്ക് നയിക്കാതിരിക്കാൻ ദുരന്തനിവാരണ വകുപ്പിന്റെ നിർദ്ദേശാനുസരണം വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാണിജ്യ-വ്യവസായ അടിസ്ഥാന വികസന പദ്ധതികൾക്കായുള്ള ഭൂജല വിനിയോഗനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ ചില ജില്ലകളിൽ സ്വകാര്യ ഏജൻസികളുടെ കുഴൽക്കിണർ നിർമ്മാണം 2018 മേയ് 31 വരെ നിർത്തിവച്ചിരുന്നു. വിവിധ ജില്ലകളിൽ ഭൂജല വിനിയോഗ നിയന്ത്രണങ്ങളും ഭൂജലസംപോഷണം, പരിപോഷണം എന്നീ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 2018-2019 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ ഭൂജലാധിഷ്ഠിത

കുടിവെള്ള പദ്ധതിയിൽ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 11 ചെറുകിട കുടിവെള്ള പദ്ധതികൾ, 12 ചെറുകിട പദ്ധതി പുനരുദ്ധാരണം, 1963 കൈപ്പമ്പ് അറ്റകുറ്റപ്പണികൾ, 18 കുഴൽക്കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾ വിവിധ ജില്ലകളിൽ നടത്തിയിട്ടുണ്ട്. ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ 76 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികളും, 5 കുഴൽക്കിണർ റിചാർജ്ജ് പദ്ധതികൾ കാസർഗോഡ് ജില്ലയിലും നടപ്പിലാക്കി. ജലസംരക്ഷണത്തെക്കുറിച്ചുള്ള 20 ബോധവത്ക്കരണ ക്ലാസുകൾ ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. 2019-ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾ, 24 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 15 കുഴൽക്കിണർ നിർമ്മാണം, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 1570 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ, 350 കൃത്രിമ ഭൂജലസംപോഷണ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രവർത്തനരഹിതമായ ഹാന്റ് പമ്പുകളുടെ വിശദാംശങ്ങൾ എല്ലാ ജില്ലാഓഫീസർമാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ദുരന്തനിവാരണ വകുപ്പിന്റെ 20-3-2019-ലെ DMD/2/32/19/DMD പരിപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:

1. ജലവിതരണത്തിന് ഉപയോഗിക്കുന്ന സ്രോതസ്സുകളിൽ മലിനീകരണം ഇല്ല എന്ന് ഉറപ്പു വരുത്തി.

2. സ്ഥിരം സ്രോതസ്സുകൾ മലിനമാകുന്നത് തടയാനായി ജാഗ്രത പുലർത്തിയിട്ടുണ്ട്.

3. ആവശ്യമെങ്കിൽ മാത്രം ടാങ്കർ ലോറിയിലൂടെ ജലവിതരണം നടത്താൻ തീരുമാനിച്ചു.

4. മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് അണക്കെട്ടുകളിൽ ആവശ്യമായ ജലം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം കനാൽ മാർഗ്ഗം ജലസേചനം നടത്തി.

<u>ജലസേചന വകുപ്പ്</u>

1. പമ്പ, കല്ലട ജലസേചന പദ്ധതികളുടെ കനാലുകൾ ഡിസംബർ-ജനുവരി മാസങ്ങളിൽ തുറന്നുകൊടുത്തതിനാൽ കൊല്ലം,ആലപ്പുഴ, പത്തനംതിട്ട, ജില്ലകളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചു.

2. വാഴാനി ഡാമിൽ നിന്നും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കനാലിൽക്കൂടിയും ചിറകളിൽക്കൂടിയും 14 ദിവസം സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ റീചാർജ്ജ് ചെയ്യുന്നതിനായി ജലവിതരണം നടത്തുകയുണ്ടായി.

3. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ കാലയളവിൽ ചിമ്മിനി ഡാമിൽ നിന്നും വെള്ളം ആവശ്യാനുസരണം കുറുമാലി പുഴയിൽക്കൂടി തുറന്നുവിടുകയും ചെയ്തിരുന്നു.

4. താൽക്കാലിക ചിറകളിൽ വെള്ളം സംഭരിച്ചും കുടിവെള്ള ക്ഷാമം ലഘൂകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

6. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ താൽക്കാലിക ഓരുമുട്ടുകൾ ഇടുന്നുണ്ട്.

7. വി.സി.ബി./എസ്.ഡബ്ല്യൂ.ഇ.സി.ബി.-കളിൽ വന്നടിഞ്ഞിരിക്കുന്ന മണ്ണ് നീക്കം ചെയ്യൽ, എല്ലാ അണക്കെട്ടുകളുടെയും റെഗുലേറ്ററുകളുടെയും ഷട്ടറുകൾ യഥാസമയം കേടുപാടുകൾ പരിഹരിച്ച് ജലസംഭരണത്തിന് അനുയോജ്യമാക്കുന്ന പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും ഇതിലുൾപ്പെടുത്തിയിട്ടുള്ളത്.

8. ജല സംരക്ഷണത്തിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണവും നദികളുടെ പുനരുജ്ജീവന പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

9. മലമ്പുഴ പദ്ധതിയിൽ ജല അതോറിറ്റി വഴി കുടിവെള്ള വിതരണത്തിനായി 10 $mm^3$ ജലവും വരൾച്ച രൂക്ഷമാകുന്ന സാഹചര്യത്തിൽ വരൾച്ച നിവാരണത്തിനായി ഭാരതപ്പുഴ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികൾക്ക് (ചെക്ക് ഡാമുകൾ നിറയ്ക്കുന്നതിനായി) 2-4-2019 മുതൽ 9-4-2019 വരെ 2.65 $mm^3$ ജലവും ഭാരതപ്പുഴയിലേയ്ക്ക് തുറന്നുവിട്ടിട്ടുണ്ട്. ജൂൺ പകുതിവരെ കുടിവെള്ള വിതരണത്തിനാവശ്യമായ ജലം ശേഖരിച്ചിട്ടുണ്ട്.

10. പോത്തുണ്ടി അണക്കെട്ടിൽ രണ്ടാം വിളയ്ക്ക് ശേഷം 3.436$mm^3$ ജലം കുടിവെള്ള വിതരണത്തിന് കരുതൽ ശേഖരമായി മാറ്റിവച്ചിട്ടുണ്ട്. ജൂൺ പകുതിവരെ കുടിവെള്ള വിതരണത്തിനായുള്ള ജലം ശേഖരിച്ചിട്ടുണ്ട്.

11. ചിറ്റൂർപ്പുഴ പദ്ധതിയുടെ ഭാഗമായിട്ടുള്ള മൂലത്തറ വലതുകര, ഇടതുകര പ്രധാന കനാലുകളുടെയും ബ്രാഞ്ച് കനാലുകളുടെയും അനുബന്ധ കുളങ്ങളിലും മറ്റു സ്രോതസ്സുകളിലും കുടിവെള്ളാവശ്യാർത്ഥം ജലം ശേഖരിച്ചിട്ടുണ്ട്. കൂടാതെ RCB-യിലെ 16 ചെക്ക് ഡാമുകളിൽ ജലം സംഭരിച്ചിട്ടുണ്ട്.

12. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ലഭിച്ച ജലം മൂലത്തറ ഇടതുകര കനാൽ വഴി മീങ്കര ഡാമിൽ സംഭരിച്ചിട്ടുണ്ട്.

13. വാളയാർ ഡാമിന്റെ പദ്ധതി പ്രദേശത്ത് കുളങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും ജലം സംഭരിച്ചിട്ടുണ്ട്.

14. കാഞ്ഞിരപ്പുഴ അണക്കെട്ടിൽ നിന്നും കുടിവെള്ള വിതരണത്തിനായി റിവർ സ്ലയിസ് വഴി കാഞ്ഞിരപ്പുഴ, കരമ്പുഴ, തൂതപ്പുഴ എന്നിവിടങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് ജലം എത്തിച്ചിട്ടുണ്ട്.

15. കുറ്റ്യാടി പദ്ധതിയുടെ കനാലുകളിലൂടെ ഈ വർഷം ആരംഭത്തിൽത്തന്നെ ജലവിതരണം നടത്തിവരുന്നു. കനാലുകളിലൂടെ ജലവിതരണം കോഴിക്കോട് ജില്ലയുടെ പദ്ധതി പ്രദേശത്ത് ജലക്ഷാമം കുറയ്ക്കുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. ടി. പദ്ധതി ഡാമിലേയ്ക്ക് KSEB കക്കയം ടെയിൽ റെയ്സിൽ നിന്നും വൈദ്യുതോത്പാദനത്തിനുശേഷമുള്ള വെള്ളം മുഴുവനായും എത്തിച്ചേരുന്നതുകൊണ്ട് കുടിവെള്ള വിതരണത്തിന് ആവശ്യമായ വെള്ളം ഡാമിൽ സംഭരിച്ചിട്ടുണ്ട്.

16. പഴശ്ശി പദ്ധതിയിൽ ഡാമിന്റെ ഷട്ടറുകൾ 2018 നവംബർ ആദ്യവാരം തന്നെ അടച്ച് ജലവിതരണത്തിനാവശ്യമായ വെള്ളം സംഭരിച്ചിട്ടുണ്ട്.

17. കാരാപ്പുഴ പദ്ധതിയിൽ ജലവിതരണത്തിനാവശ്യമായ വെള്ളം ഡാമിൽ സംഭരിച്ചിട്ടുണ്ട്. കൂടാതെ ടി ഡാമിൽ നിന്നും വലതുകര, ഇടതുകര കനാലുകളിലൂടെ ജലവിതരണം നടത്തിവരുന്നതിനാൽ സമീപ പ്രദേശങ്ങളിൽ ജലക്ഷാമം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ സ്പിൽവേ ഷട്ടർ തുറന്നുവച്ച് ഡാമിന്റെ താഴെ ഭാഗത്തുള്ള ജലലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

ഭൂജലവകുപ്പ്

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ജലവിതാന ഡാറ്റ എല്ലാ മാസവും ഭൂജല വകുപ്പ് ശേഖരിച്ച് വിശകലന പഠനങ്ങൾ നടത്തിവരുന്നു. ജലവിതാന ഡാറ്റയുടെ അടിസ്ഥാനത്തിൽ വരൾച്ചാ ഇൻഡക്സ് തയ്യാറാക്കി എല്ലാ ജില്ലകളിൽ നിന്നും ഓരോ മാസവും അതാത് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയ്ക്ക് സമർപ്പിച്ചുവരുന്നു.

(സി) കുടിവെള്ള പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നുണ്ട്. ഇതിനായി 225 വെൻഡിംഗ് പോയിന്റുകൾ കേരള വാട്ടർ അതോറിറ്റി സജ്ജമാക്കിയിട്ടുണ്ട്. ഈ വെൻഡിംഗ്

പോയിന്റുകളിൽ നിന്നും നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജലം ശേഖരിച്ച് വിതരണം ചെയ്യുന്നത്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിലൂടെയുള്ള ജലസേചനത്തിന്റെ ഫലമായി കനാൽ കടന്നുപോകുന്ന പ്രദേശത്തെ കിണറുകളും കുളങ്ങളും റീചാർജ്ജ് ചെയ്യുവാനും അതുവഴി കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാനും സാധിക്കുന്നു.

## പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം

216(994) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയെ തുടർന്നുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കുടിവെള്ള പദ്ധതികൾ പ്രധാന കുടിവെള്ള സ്രോതസ്സുകളായ ഭാരതപ്പുഴ, ഗുതപ്പുഴ, വിവിധ ഡാമുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിച്ചുപോരുന്നത്. ഇതിൽ എല്ലാ ഡാമുകളിലും അവയെ അടിസ്ഥാനമാക്കിയുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും വേനൽക്കാലത്തേയ്ക്ക് ആവശ്യമായ ജലം കരുതലായി ശേഖരിച്ച് സൂക്ഷിച്ചിരുന്നു. ഭാരതപ്പുഴയിൽ പടിഞ്ഞാറൻ മേഖലകളിലുള്ള കുടിവെള്ള പദ്ധതികളിൽ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്താനായി മലമ്പുഴ ഡാം തുറന്നുവിട്ടിരുന്നു. അതുപോലെ ഗുതപ്പുഴ സ്രോതസ്സായുള്ള പദ്ധതികൾക്കായി കാഞ്ഞിരപ്പുഴ ഡാമും തുറന്നുവിട്ട് ജലലഭ്യത ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ വരൾച്ച നേരിടുന്നതിനായി ചിറ്റൂർ പുഴ, ഗുതപ്പുഴ, ഭാരതപ്പുഴ എന്നിവയിലെ ഷട്ടറുകൾ മുൻകൂറായി അറ്റകുറ്റപ്പണികൾ നടത്തി ജലം ശേഖരിക്കുവാൻ കഴിഞ്ഞു. പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായുള്ള ജലവും ചിറ്റൂർ പുഴയിൽ ലഭിച്ചിട്ടുണ്ട്. ശുദ്ധജലക്ഷാമം ഉണ്ടാകുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ജലം എടുക്കുവാനായി 18 സ്ഥലങ്ങളിൽ വെൻഡിംഗ് പോയിന്റുകൾ സ്ഥാപിച്ചു. ഇതിനുപുറമേ വേനൽക്കാലം വളരെ

രൂക്ഷമായി നിലവിലെ സ്രോതസ്സുകൾ വറ്റുന്ന സാഹചര്യമുണ്ടായാൽ ബദൽ സ്രോതസ്സായി ഉപയോഗിക്കാൻ കഴിയുന്ന പാറമടകളുടെ വിവരം ശേഖരിക്കുകയും ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തു. കൂടാതെ ജലലഭ്യത കുറഞ്ഞിരുന്ന സ്ഥലങ്ങളിൽ ഉള്ള വെള്ളം സംഭരിക്കുന്നതിനായി തൂതപ്പുഴയിലും ഭാരതപ്പുഴയിലുമായി 3 സ്ഥലങ്ങളിൽ താത്ക്കാലിക തടയണകൾ നിർമ്മിക്കുകയുണ്ടായി. KIIFB മുഖാന്തിരം പൂർത്തീകരിച്ച ഷൊർണ്ണൂർ കുടിവെള്ള പദ്ധതിയും നെന്മാറ-അയിലൂർ-മേലാർക്കാട്, അമ്പലപ്പാറ, കുഴൽമന്ദം-തേങ്കുറിശ്ശി-കണ്ണാടി എന്നീ കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതുശ്ശേരി, മീങ്കര, കുന്നക്കാട്ടുപതി എന്നീ ജലശുദ്ധീകരണ ശാലകളിൽ ഡ്യൂവൽമീഡിയ ഫിൽറ്റർ സംവിധാനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി ഈ ജലശുദ്ധീകരണശാലകളിൽ നിന്നുള്ള ജലവിതരണം കാര്യമായി വർദ്ധിച്ചിട്ടുണ്ട്. കുന്നക്കാട്ടുപതി മുതൽ മൂങ്കിൽമട വരെയുള്ള ശുദ്ധജല പമ്പിംഗ് മെയിനിന്റെ വ്യാസം കൂട്ടിയും ജലവിതരണം വർദ്ധിപ്പിച്ചിട്ടുണ്ട്. കുന്നക്കാട്ടുപതിയിലെ റാ വാട്ടർ പമ്പുസെറ്റുകൾ എം.എൽ.എ. യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചും ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സ്ഥിരമായി വരൾച്ച കാരണമുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി KIIFB-യിൽ ഉൾപ്പെടുന്ന കൊഴിഞ്ഞാമ്പാറ കുടിവെള്ള പദ്ധതി, എലപ്പുള്ളി-നല്ലേപ്പുള്ളി-പെരുമാട്ടി-പട്ടഞ്ചേരി കുടിവെള്ള പദ്ധതി, വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര കുടിവെള്ള പദ്ധതി, പല്ലശ്ശേന കുടിവെള്ള പദ്ധതി, മലമ്പുഴ വിപുലീകരണ പദ്ധതി, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപ്പാടം കുടിവെള്ള പദ്ധതി, അമ്പലപ്പാറ കുടിവെള്ള പദ്ധതി എന്നിവയും NABARD-ൽ ഉൾപ്പെടുത്തി കൊപ്പംവിളയൂർ-ഓങ്ങല്ലൂർ-വല്ലപ്പുഴ കുടിവെള്ള പദ്ധതി, മണ്ണൂർ-കേരളശ്ശേരി-മങ്കര കുടിവെള്ള പദ്ധതി, അട്ടപ്പാടി കുടിവെള്ള പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്.

**സമഗ്ര കുടിവെള്ള പദ്ധതി**

217(995) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; നടപ്പു സാമ്പത്തികവർഷം പദ്ധതിലക്ഷ്യം കൈവരിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബഡ്ജറ്റിൽ കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാംഘട്ടത്തിന് 195 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരുന്നത്. 241 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. ചില വിശദീകരണങ്ങൾ കിഫ്ബി ഉന്നയിച്ചതിനെ തുടർന്ന്, എസ്റ്റിമേറ്റ് 291 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) 2020 മുതൽ 2050 വരെയുള്ള 30 വർഷത്തേയ്ക്കുള്ള ജല ആവശ്യം പരിഗണിച്ചാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ രണ്ടു ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ ജലം എന്ന കണക്കിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകൾക്കും ഓരോ ഉന്നതതല ജലസംഭരണിയും ആകെ 894 കിലോമീറ്റർ നീളത്തിൽ ജലവിതരണ കുഴലുകളും നീരേറ്റുപുറത്ത് പ്രതിദിനം 30 MLD ഉത്പാദനശേഷിയുള്ള ശുദ്ധീകരണശാലയും പമ്പാനദിയിൽ നീരേറ്റുപുറത്ത് 120 കുതിര ശേഷിയുള്ള മോട്ടോർ ഘടിപ്പിച്ച പമ്പ് ഹൗസും അനുബന്ധ ട്രാൻസ്ഫോർമറുകളും സബ് സ്റ്റേഷനുകളും സ്ഥാപിച്ചുകൊണ്ടുള്ള പ്രവൃത്തിയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മൂന്നു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് കർമ്മ പദ്ധതി**

218(996) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനം മൂലമുള്ള കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി കുടിവെള്ളത്തിന്റെ ആവശ്യം വിതരണത്തിന് ലഭ്യമാകുന്നതിനേക്കാൾ ഉയരുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാഹചര്യത്തിൽ ജലത്തിന്റെ ഉപയോഗം കാര്യക്ഷമവും നിയന്ത്രിതവുമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്; വ്യക്തമാക്കാമോ;

(സി) പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവയെ ഉപയോഗയോഗ്യമാക്കുന്നതിനും ജലാശയങ്ങളെ നവീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആഗോളതാപനംമൂലമുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി മഴയുടെ തോതിൽ കാല-ദേശത്തിനനുസൃതമായുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യതയെ ബാധിക്കുന്നുണ്ട്. വേനൽക്കാലത്ത് ഇതുകാരണം ജലലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ട്. ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവും നഗരവത്ക്കരണവുംമൂലം കുടിവെള്ളത്തിന്റെ ആവശ്യകതയിലും ആനുപാതികമല്ലാത്ത രീതിയിൽ വർദ്ധനയുമുണ്ടായിട്ടുണ്ട്. ആയതിനാൽ ആവശ്യവും വിതരണവും തമ്മിൽ അന്തരമുണ്ടാകുകയും ആവശ്യം വിതരണത്തിന് ലഭ്യമാകുന്നതിനേക്കാൾ കൂടിയ സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സാഹചര്യത്തിൽ ജലത്തിന്റെ ഉപയോഗം കാര്യക്ഷമവും നിയന്ത്രിതവും ആക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യമായ മുൻകരുതൽ എടുക്കുന്നുണ്ട്. ലഭ്യമായ ജലം എല്ലാവർക്കും തുല്യമായ രീതിയിൽ വിതരണം ചെയ്യുന്നതിനായി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ പ്രഷർ ഗേജുകൾ, ബൾക്ക്മീറ്ററുകൾ, സ്ലൂയിസ് വാൽവുകൾ എന്നിവ സ്ഥാപിക്കുവാൻ ശ്രദ്ധ ചെലുത്താറുണ്ട്. ജലചോർച്ച കണ്ടെത്തുന്നതിനും ജലത്തിന്റെ ദുരുപയോഗം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഉപഭോക്താക്കളുടെ കണക്ഷനുകളിലെ ചോർച്ച കണ്ടെത്തി പരിഹരിക്കുന്നതിനും കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനും പ്രത്യേക മുൻഗണന നൽകുന്നുണ്ട്. വിതരണ ശൃംഖലയിലെ ചോർച്ച സമയബന്ധിതമായി പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടും ബ്ലൂബ്രിഗേഡും പ്രവർത്തിച്ചുവരുന്നു. കാര്യക്ഷമമായി ജലം ഉപയോഗിക്കുന്നതിനെക്കുറിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ജലത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിന് വേണ്ടി പരസ്യപ്രചരണം നടത്തുന്നുണ്ട്. ജലവിനിയോഗം സംബന്ധിച്ച ബോധവത്ക്കരണത്തിനും ജല ഉപയോഗത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ജലം-ജീവാമൃതം പദ്ധതിയുടെ ഭാഗമായി ഒരു കൈപ്പുസ്തകം വിതരണം ചെയ്തിട്ടുണ്ട്. ജലനിധി പദ്ധതികൾ കുടിവെള്ളത്തിന് ഏറെ ക്ഷാമമുള്ള പഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടെ ഗുണഭോക്തൃ സമിതികൾ വഴിയാണ് നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനൊപ്പം തന്നെ

ജലസാക്ഷരതാ ബോധവത്ക്കരണ പരിപാടികളും സാമൂഹികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു. ജലദുരുപയോഗം തടയുന്നതിന് ടെലസ്കോപിക് താരിഫ് (ഉപയോഗം കൂടുന്നതിന് ആനുപാതികമായി വെള്ളത്തിന്റെ വില വർദ്ധിക്കുന്ന രീതി), നിശ്ചിത സമയങ്ങളിൽ മാത്രം ജലവിതരണം, പൈപ്പുകളിലുണ്ടാകുന്ന ചോർച്ചയും അറ്റകുറ്റപ്പണികളും യഥാസമയം പരിഹരിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവും ഗുണഭോക്തൃസമിതികൾ തന്നെ നടത്തുന്നതിനാൽ ജല ദുരുപയോഗം തടയുന്നതിനും ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ ഗുണഭോക്താക്കൾ തന്നെ സ്വീകരിക്കുന്നുണ്ട്.

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും സുസ്ഥിരസംരക്ഷണവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. ജലസുരക്ഷ ലക്ഷ്യമിട്ട ഓരോ നദീതടങ്ങളിലും വരുന്ന ജലസ്രോതസ്സുകളായ കുളങ്ങൾ, ചിറകൾ എന്നിവയുടെ പരിപാലനത്തിന് മുൻഗണന നൽകിവരുന്നു. ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഭൂജലപരിപോഷണം ഉറപ്പുവരുന്നതിനുമായി തടയണകൾ നിർമ്മിച്ചു വരുന്നു. ജലമലിനീകരണം പ്രത്യേകിച്ച് ഉപ്പുവെള്ളം കയറി കുടിവെള്ള സ്രോതസ്സുകൾ ഉപയോഗശൂന്യമാകാതിരിക്കാനുമായി റെഗുലേറ്ററുകളും തടയണകളും നിർമ്മിക്കാറുണ്ട്. ഇവ കൂടാതെ സമഗ്ര നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനും നിലവിലുള്ള ജലസ്രോതസ്സുകളുടെ അവസ്ഥ തിരിച്ചറിഞ്ഞ് അവയെ പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവർത്തനപരിപാടി ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നിർവ്വഹിച്ചു വരുന്നു. സ്രോതസ്സുകളിൽ ജലലഭ്യത ഇല്ലാതായാൽ ഉപയോഗപ്പെടുത്താവുന്നതും ഇപ്പോൾ ഉപയോഗത്തിൽ ഇല്ലാത്തതും ജലം സംഭരിച്ചിട്ടുള്ളതുമായ പാറമടകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. അവയിൽ ജലസ്രോതസ്സായി പ്രവർത്തന യോഗ്യമാക്കാവുന്ന പാറമടകളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രത്യേക ജല നയം**

219(997) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അനിൽ അക്കര :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന്റെയും ശുചീകരണത്തിന്റെയും ഗുണനിലവാരവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി പ്രത്യേക നയത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാലാവസ്ഥ വ്യതിയാനം കുടിവെള്ള ലഭ്യതയിലും വിതരണത്തിലും സൃഷ്ടിച്ചിട്ടുള്ള വെല്ലുവിളി നേരിടുവാൻ പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷമുണ്ടായ പ്രളയം കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിലും വിതരണ സംവിധാനത്തിലും എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ദുരന്ത പ്രതിരോധശേഷിയുള്ളതും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രാപ്തമായതും ശുദ്ധജല വിതരണ രംഗത്തും ശുചിത്വമേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തുവാൻ പോന്നതുമായ കരട് വാട്ടർ സപ്ലൈ & സാനിറ്റേഷൻ പോളിസി തയ്യാറാക്കുന്നതിലേയ്ക്കായി ഒരു സംസ്ഥാനതല കമ്മിറ്റി G.O.(Rt.)No.303/ 2019/WRD നമ്പരായുള്ള 30-4-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31-നകം കമ്മിറ്റി അവരുടെ ശിപാർശകൾ സമർപ്പിക്കുവാനാണ് ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്.

(സി) പ്രളയത്തെ തുടർന്ന് പുഴകളിൽ ക്രമാതീതമായ അളവിൽ ചെളിയും എക്കലും എത്തിച്ചേർന്നതിനെ തുടർന്ന് കുടിവെള്ള പദ്ധതികളുടെ കിണറുകളിൽ കലങ്ങൽ സാധാരണ മഴക്കാലങ്ങളിലേക്കാൾ വൻതോതിൽ വർദ്ധിച്ചു. കൂടാതെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവിലും വൻ വർദ്ധയുണ്ടായി. ജലാഗമന പൈപ്പുകളും ജലാഗമന പ്രദേശത്തെ ഗാലറികളും ഒലിച്ചുപോയത് വിതരണ സംവിധാനത്തെ ഗുരുതരമായി ബാധിച്ചു. ജലാഗമന കിണറുകളും ഗാർഹിക കണക്ഷനുകളും ഭൂതല ജലസംഭരണികളും ചെളികൊണ്ട് മൂടി. വൈദ്യുത സബ്സ്റ്റേഷനുകളിൽ ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള വൈദ്യുത സംവിധാനങ്ങളിൽ വെള്ളം കയറിയതിനാൽ ജലവിതരണ പദ്ധതികളുടെ പ്രവർത്തനം നിലച്ചു. വെള്ളപ്പൊക്ക സമയത്ത് വൈദ്യുത മോട്ടോറുകൾ, സ്വിച്ച് ഗിയറുകൾ/സ്റ്റാർട്ടറുകൾ എന്നിവ പ്രവർത്തനരഹിതമായി. വെള്ളമിറങ്ങി ക്കഴിഞ്ഞിട്ടും ഇവ പ്രവർത്തനക്ഷമമായില്ല. അമിതമായ കലക്കൽമൂലം ഫിൽറ്റർ ബെഡുകളുടെ ഫിൽട്രേഷൻ നിരക്കിൽ കുറവ് വന്നതുമൂലം ജലവിതരണത്തിൽ കുറവുണ്ടാകുകയും ചെയ്തു. കെ.എസ്.ഇ.ബി.-യുടെ വൈദ്യുതിവിതരണം

വെള്ളപ്പൊക്കംമൂലം നിലച്ചതിനാൽ പമ്പിംഗ് തടസ്സപ്പെട്ടു. പമ്പിംഗ് സ്റ്റേഷനുകളും ശുദ്ധീകരണശാലകളും വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയതിനാൽ ജീവനക്കാർക്ക് അവ പ്രവർത്തിപ്പിക്കാൻ എത്തിച്ചേരാൻ കഴിഞ്ഞില്ല. പമ്പിംഗ്, ജലമെത്തിക്കൽ, ജലവിതരണം എന്നിവയുടെ പൈപ്പ് ലൈനുകൾ മണ്ണിനടിയിലല്ലാത്ത സ്ഥലങ്ങളിൽ ഒലിച്ചുപോകുകയും നാശനഷ്ടം സംഭവിക്കുകയും ചെയ്തു. 20000 ഗാർഹിക കണക്ഷനുകൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടം സംഭവിച്ചു. 122 പ്രധാന പദ്ധതികൾക്കുണ്ടായ തകരാറ് കാരണം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ ശുദ്ധീകരണം തടസ്സപ്പെട്ടു. കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകൾ, 39 മുൻസിപ്പാലിറ്റികൾ, 346 പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ കുടിവെള്ള വിതരണം ഗുരുതരമായി ബാധിക്കപ്പെട്ടു.

(ഡി) സാധിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ചെറുതും വലുതുമായ 1081 പദ്ധതികളിൽ 18-8-2018-ൽ 483 പദ്ധതികൾ പ്രവർത്തനരഹിതമായ സാഹചര്യത്തിൽ നിന്നും രണ്ടു ദിവസത്തിനുള്ളിൽ 200 പദ്ധതികൾ പ്രവർത്തനക്ഷമമാക്കി. ആകെ ഉത്പാദനശേഷിയുടെ 52 ശതമാനം പ്രവർത്തന രഹിതമായിരുന്നത് രണ്ടു ദിവസം കൊണ്ട് 28 ശതമാനമാക്കി കുറയ്ക്കാനും രണ്ടാഴ്ചകൊണ്ട് അത് വീണ്ടും 2 ശതമാനമാക്കി കുറയ്ക്കാനും സാധിച്ചു. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് അതിവേഗം വാട്ടർ അതോറിറ്റി തുടക്കമിട്ടു. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

1. ആസ്ഥാന കാര്യാലയത്തിൽ 24X7 കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫിസർമാരെ ചുമതലപ്പെടുത്തി.

2. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ആശയവിനിമയം കാര്യക്ഷമമാക്കാൻ മാത്രമായി വാട്സാപ്പ് ഗ്രൂപ്പിന് രൂപംകൊടുത്തു.

3. പ്രളയമേഖലകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ പദ്ധതി രൂപപ്പെടുത്തി. തൊട്ടടുത്ത പ്രവർത്തനക്ഷമമായ പദ്ധതിയിൽനിന്ന് ടാങ്കറുകൾ, കടത്തുവള്ളങ്ങൾ, കാനുകൾ എന്നിവ വഴി വെള്ളമെത്തിക്കാൻ തുടങ്ങി. ഇക്കാലയളവിൽ 250 ലക്ഷം ലിറ്റർ വെള്ളമാണ് ടാങ്കറുകൾ വഴി എത്തിച്ചത്. ഇതിൽ 95 ലക്ഷം ലിറ്റർ വെള്ളം ദുരിതാശ്വാസ ക്യാമ്പുകളിലും ബാക്കി പ്രളയബാധിത മേഖലകളിലുമാണ് വിതരണം ചെയ്തത്.

4. വെള്ളമിറങ്ങിത്തുടങ്ങിയ സമയംതൊട്ടു നടന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഭൂരിഭാഗം പദ്ധതികളുടെയും പ്രവർത്തനം പുനരാരംഭിച്ചു. കെ.എസ്.ഇ.ബി., കെ.എസ്.ഇ.ഐ., മറ്റ് ഏജൻസികൾ എന്നിവയുടെ സഹായവും സ്വീകരിച്ചു.

5. തെലുങ്കാന സർക്കാർ സംഭാവന ചെയ്ത മണിക്കൂറിൽ 1000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ശേഷിയുള്ള 50 ആർ.ഒ. പ്ലാന്റുകൾ വിവിധ പ്രളയബാധിത സ്ഥലങ്ങളിൽ സ്ഥാപിച്ചു.

6. ആലപ്പുഴ ജില്ലയിൽ മണിക്കൂറിൽ 6000 ലിറ്റർ ജലം ശുദ്ധീകരിക്കാൻ ശേഷിയുള്ള സഞ്ചരിക്കുന്ന ആർ.ഒ. പ്ലാന്റ് സി.എസ്.ഐ.ആർ.-ഉം ആയി സഹകരിച്ച് സ്ഥാപിച്ചു.

7. പ്രളയമേഖലകളിൽ 150 കമ്മ്യൂണിറ്റി ജല ശുദ്ധീകരണികൾ (തിരുവല്ല-70, ആലപ്പുഴ-70, കൊച്ചി-10) വിതരണം ചെയ്തു.

8. 1000/2000 ലിറ്റർ സംഭരണ ശേഷിയുള്ള 200 വാട്ടർകിയോസ്കുകൾ കുട്ടനാട്, തിരുവല്ല മേഖലകളിൽ സജ്ജീകരിച്ചു.

## കുടിവെള്ള പൈപ്പ് ലൈൻ പുതുക്കി പണിയുന്ന നടപടി

220(998) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണിച്ചിറ - മലബാർ ക്യാൻസർ സെന്റർ വഴി പോകുന്ന കുടിവെള്ള പൈപ്പ് ലൈൻ നിലവിൽ പൊട്ടിപൊളിഞ്ഞ അവസ്ഥയിലായത് പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഡി.പി.ആർ. സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. ഈ പ്രവൃത്തിയുടെ 1.25 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ. 10 ദിവസത്തിനകം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതാണ്.

## കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് പദ്ധതി

221(999) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെയോ ജലനിധിയുടെയോ കുടിവെള്ള പദ്ധതികൾ ഇല്ലാത്തിനാൽ വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതുമായ പഞ്ചായത്തുകളിൽ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കൂടുതലും ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ടവർ ഉള്ള മേഖലകളിലും, ഭീമമായ ഗുണഭോക്തൃ വിഹിതം നൽകാൻ കഴിവില്ലാത്ത പഞ്ചായത്തുകളിലും ജലനിധി പദ്ധതി നടപ്പിലാക്കുവാൻ നേരിടുന്ന പ്രയാസം ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകാറുണ്ട്. നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുള്ള പദ്ധതികളിൽ വിതരണ ശൃംഖല പൂർത്തിയാക്കുവാനാണ് പ്രാമുഖ്യം നൽകുന്നത്. എന്നിരുന്നാലും പഞ്ചായത്തുകളുടെ നിക്ഷേപ പ്രവൃത്തിയായും എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള വരൾച്ചാ ദുരിതാശ്വാസത്തിൽപ്പെടുത്തിയും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും ടാങ്കർ ലോറിയിൽ ജലവിതരണം ചെയ്യുന്നതും സാങ്കേതിക സാധ്യത ഉള്ളതുമായ സ്ഥലങ്ങളിൽ വിതരണശൃംഖല മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ചെയ്യാറുണ്ട്. 2016-17-ലെ വരൾച്ചക്കാലത്ത് ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയിരുന്ന തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, മടവൂർ (ഭാഗികം), പഴയകുന്നിന്മേൽ, കോവളം, കല്ലിയൂർ, വിഴിഞ്ഞം, വെങ്ങാനൂർ, പാറശ്ശാല (നെടുങ്കോട്), കൊല്ലം ജില്ലയിലെ പട്ടാഴി-വടക്കേക്കര, പട്ടാഴി-ദർഭ, വിളക്കുടി-കാര്യവിഭാഗം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, എരുത്തേൻപതി, വടകരപതി, കണ്ണൂർ ജില്ലയിലെ മാടായിപ്പാറ, വങ്കാത്തടം കോളനി, ലക്ഷംവീട് കോളനി, കണ്ടിൽത്തടം, സുനാമി കോളനി, പാട്യം എന്നിവിടങ്ങളിൽ പുതിയ വാട്ടർ സപ്ലൈ സ്കീമുകൾ കമ്മീഷൻ ചെയ്തത് വഴിയും ജലശുദ്ധീകരണശാലകളുടെ ശേഷി വർദ്ധിപ്പിക്കൽ, വിതരണശൃംഖലകളുടെ വിപുലീകരണം എന്നിവ വഴിയും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ജലനിധി പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളിൽ ഇതുവരെ ഇത്തരം പ്രശ്നം റിപ്പോർട്ട് ചെയ്തിട്ടില്ല. എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള ഗുണഭോക്തൃ കുടുംബങ്ങൾക്ക് അവരുടെ വിഹിതം നൽകുവാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പഞ്ചായത്ത് മുഖേന ട്രൈബൽ വെൽഫെയർ ഫണ്ടിൽനിന്നും തുക ലഭിക്കുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതത്തിന്റെ 50% തുക വരെ സേവനമായി നൽകുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

## ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ

222(1000) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ശുദ്ധജല വിതരണം കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും പൈപ്പ്ലൈനുകൾ നീട്ടിയും വാൽവുകൾ ക്രമീകരിച്ചും സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ നടത്തിയും കിയോസ്കുകൾ സ്ഥാപിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തരം ടാങ്കർ ലോറികൾ വഴിയും കുടിവെള്ളം എത്തിക്കുന്നു. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെൻഡിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു. പൈപ്പ്ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികളും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകളും അടിയന്തരമായി പരിഹരിച്ചും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നു. പമ്പ് ഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ വേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നത് ഇതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു. ശുദ്ധജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നു. ഇതുകൂടാതെ സംസ്ഥാനത്തിലെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യൂ.പി, നീതി ആയോഗ്, എം.എൽ.എ.-എ.ഡി.എഫ്. എന്നീ ഫണ്ടുകൾ വിനിയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ (ജലശുദ്ധീകരണ ശാലകളും വിതരണ ശൃംഖലകളും ഉൾപ്പടെ) നടപ്പിലാക്കിവരുന്നു.

(ബി) എല്ലാ ജില്ലകളിലും കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. കുടിവെള്ള ലഭ്യതയെ സംബന്ധിച്ച പരാതികൾക്ക് അടിയന്തര പ്രാധാന്യം നൽകി പരിഹാരം കാണുന്നുണ്ട്. എല്ലാ ഫീൽഡ് സ്റ്റാഫിനും ശുദ്ധജല വിതരണം കൃത്യമായി നടത്തുന്നതിനുള്ള പരിശീലനവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ശുദ്ധജലവിതരണത്തിലെ പരാതികൾ പരിഹരിക്കുന്നതിനായി അവലോകന യോഗങ്ങളും നടപടികളും സ്വീകരിച്ചുവരുന്നു. ലഭിക്കുന്ന പരാതികൾ കൃത്യമായി പരിഹരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നു. ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളിൽ ജലവിതരണം നടത്തുകയും ജലവിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ വാഹനത്തിന്റെ നമ്പർ, വിതരണം ചെയ്യുന്ന സ്ഥലം, തീയതി, അളവ് മുതലായവ രേഖപ്പെടുത്തുക തുടങ്ങിയ കൃത്യമായ അവലോകന നടപടികൾ സ്വീകരിച്ചുവരുന്നു.

## കുടിവെള്ളത്തിലെ ക്ലോറിന്റെ അളവ് കുറയ്ക്കാൻ നടപടി

223(1001) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ക്രമാതീതമായ തോതിൽ ക്ലോറിൻ അടങ്ങിയിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പകർച്ചവ്യാധികൾ, ഇ-കോളി വ്യാപനത്തിനുള്ള മറ്റ് സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് അവകൂടി തരണം ചെയ്യാനും മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ വിതരണ ശൃംഖലയുടെ അവസാനം വരെ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നിലനിർത്തുനാവശ്യമായ വിധത്തിലാണ് ക്ലോറിനേഷൻ ചെയ്യുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ശുദ്ധീകരണശാലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നേരിയ തോതിൽ കൂടുതലായി കാണപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തോതിൽ റെസിഡ്യൂൽ ക്ലോറിന്റെ അളവ് കാണപ്പെട്ടതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിഭാഗവും റെഗുലർ വിഭാഗവും നിരന്തരമായി നിരീക്ഷിക്കുകയും വേണ്ട തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ റെസിഡ്യൂൽ ക്ലോറിന്റെ അളവ് ഉറപ്പുവരുത്താനാവശ്യമായ ക്ലോറിൻ ബൂസ്റ്റർ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കാനും പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുപ്പിവെള്ള വിപണിയുടെ നിയന്ത്രണം

224(1002) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വിപണി ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ അനിയന്ത്രിതമായ ജലചൂഷണം തടയുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിൻപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള നിർമ്മാണ കമ്പനികൾക്ക് അതത് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റിയാണ് അനുമതി നൽകിവരുന്നത്. നിലവിൽ സുരക്ഷിതമെന്ന് കണ്ടെത്തിയിരിക്കുന്ന ബ്ലോക്കുകളിൽ നിന്നുള്ള പ്രൊപ്പോസൽ മാത്രമാണ് പരിഗണിച്ചുവരുന്നത്. ഭൂജല അതോറിറ്റിയുടെ അനുമതിയില്ലാതെ ഭൂജലം ഉപയോഗപ്പെടുത്തി ചില കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് 28-ാമത് ഭൂജല അതോറിറ്റി ബോർഡ് യോഗം തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ അനുവദിച്ചിട്ടുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) നിർബന്ധമാക്കിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിൽ R.O.പ്ലാന്റ്

225(1003) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, 2017-ൽ ദേവികുളങ്ങര, പത്തിയൂർ, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തുകളിലേക്ക് R.O. പ്ലാന്റ് നിർമ്മിക്കുന്നതിനുവേണ്ടി എത്ര രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പണം അടച്ച് 2 വർഷങ്ങൾ പിന്നിട്ടിട്ടും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് R.O. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21,25,000 രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ)

(ബി & സി) R.O. പ്ലാന്റ് നിർമ്മിക്കുന്നതിനുവേണ്ടി 21.25 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള എഗ്രിമെന്റ് ബ്ലോക്ക് പഞ്ചായത്തുമായി വയ്ക്കാത്തുമൂലം പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകാൻ സാധിച്ചിരുന്നില്ല. വിവരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ച് അടിയന്തരമായി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് R.O.പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്.

### കിഫ്ബി - ശുദ്ധജല കുടിവെള്ള പദ്ധതികൾ

226(1004) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ശുദ്ധജല കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാലുശ്ശേരി, കൊയിലാണ്ടി, പേരാമ്പ്ര മണ്ഡലങ്ങളിൽ പ്രയോജനം ലഭിക്കുന്ന കിഫ്ബി കുടിവെള്ള പദ്ധതി പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതെപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി പൂർത്തീകരിച്ചാൽ മൂന്ന് മണ്ഡലങ്ങളിലുമായി എത്ര പേർക്കാണ് പ്രയോജനം ലഭിക്കുക; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും അടുത്തുള്ള പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയും ഫറോക്ക് കരുവൻതുരുത്തി ശുദ്ധജല കുടിവെള്ള വിതരണ പദ്ധതിയുമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ശുദ്ധജല കുടിവെള്ള പദ്ധതികൾ.

(ബി) പ്രസ്തുത പദ്ധതി നാലു പാക്കേജുകളായി നടപ്പിലാക്കുന്നു. ഇവയുടെ പുരോഗതി ചുവടെ ചേർക്കുന്നു:

പാക്കേജ്-1-ൽ 900 mm-600 mm പൈപ്പ് 5100 m സ്ഥാപിച്ചു. ഈ പാക്കേജ് സെപ്റ്റംബർ 2019 പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ്-2-ൽ 500 mm-350 mm പൈപ്പ് 10950 m സ്ഥാപിച്ചു. വലിയമലയിൽ 17 ലക്ഷം ലിറ്റർ ടാങ്ക് നിർമ്മിച്ചു. കോട്ടക്കുന്ന് 17 ലക്ഷം ലിറ്ററിന്റെ ടാങ്ക് പ്രവൃത്തി പുരോഗമിക്കുന്നു. ഈ പാക്കേജ് ഡിസംബർ 2019-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ്-3-ൽ 500 mm പൈപ്പ് 2500 m സ്ഥാപിച്ചു. ഈ പാക്കേജ് മാർച്ച് 2020 ഓടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ്-4-ൽ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല.

(സി) പദ്ധതി പൂർത്തിയാകുമ്പോൾ 332847 പേർക്ക് കുടിവെള്ളം നൽകാൻ സാധിക്കും.

**ജല അതോറിറ്റിയുടെ പുനഃസംഘടന**

227(1005) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റിയുടെ പുനഃസംഘടന സംബന്ധിച്ച് ബംഗളൂരു ഐ.ഐ.ടി.യുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ട പഠനത്തിനൊടുവിൽ സമർപ്പിച്ച രണ്ടു റിപ്പോർട്ടുകളിൽ വർഷങ്ങളായി നടപടി സ്വീകരിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കൊൽക്കത്ത ഐ.ഐ.എമ്മിലെ പ്രൊഫ: സുശീൽ ഖന്നയെ അതോറിറ്റിയുടെ പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലഅതോറിറ്റിയുടെ പുനഃസംഘടന സംബന്ധിച്ച് ബംഗ്ളൂരു ഐ.ഐ.എം. ആണ് റിപ്പോർട്ട് തയ്യാറാക്കിയത്. ടി റിപ്പോർട്ടിന്മേൽ ഭാഗികമായി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 പ്രോജക്ട് ഡിവിഷൻ ഓഫീസുകൾ സ്ഥാപിക്കുകയും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്:

1. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കാത്ത എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചു. കേന്ദ്രീകൃത ബില്ലിംഗ് (ഇ-അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനം, കംപ്ലെയിന്റ് റിഡ്രെസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.

(ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് തീരുമാനപ്രകാരം പ്രൊഫ. (ഡോ.) സുശീൽ ഖന്നയെ കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കൺസൾട്ടന്റായി നിയോഗിച്ചുകൊണ്ട് അദ്ദേഹത്തിന് 26-04-2019-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ

228(1006) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം എത്ര ; റവന്യൂ ചെലവ് എത്ര ; വ്യക്തമാക്കുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര ; ആയത് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനാണുള്ളത് ; അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്ര ; വ്യക്തമാക്കുമോ ;

(ഡി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം (അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച) കേരള വാട്ടർ അതോറിറ്റി പ്രതിദിനം വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപെടാതെ നഷ്ടപ്പെടുന്നു ; വ്യക്തമാക്കുമോ ;

(ഇ) ഇതുമൂലം എത്ര തുകയുടെ വരുമാനനഷ്ടം വരുമെന്ന് കണക്കാക്കുന്നു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം, നോൺ പ്ലാൻ ഗ്രാന്റ് എന്നിവ കൂടാതെ മറ്റിനങ്ങളിലുമായി 1057.46 കോടി രൂപ റവന്യൂ വരുമാനം ലഭിക്കുകയുണ്ടായി. 1082.82 കോടി രൂപയാണ് 2018-19 വർഷത്തെ റവന്യൂ ചെലവ്.

(ബി) കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ 1030.5 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ഗാർഹികം-236.98 കോടി രൂപ

ഗാർഹികേതരം-784.31 കോടി രൂപ

വ്യവസായികം-9.21 കോടി രൂപ.

(സി) കേരള വാട്ടർ അതോറിറ്റിക്ക് 23,15,649 (ഇരുപത്തിമൂന്നുലക്ഷത്തി പതിനയ്യായിരത്തി അറുനൂറ്റി നാൽപ്പത്തിയൊൻപത്) ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളത്. അതിൽ 81,917 എണ്ണം പ്രവർത്തിക്കാത്ത മീറ്ററുകളാണ്.

(ഡി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം നഷ്ടപ്പെടുന്ന വെള്ളത്തിന്റെ കണക്ക് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവിന്റെ ഏകദേശം 40 ശതമാനത്തോളം ആണ് വരുമാനരഹിത ജലം (Non-Revenue Water) എന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഇ) പൈപ്പ് ലൈനിലെ ചോർച്ചമൂലം നഷ്ടപ്പെടുന്ന ജലം കാരണം ഉണ്ടാകുന്ന വരുമാന നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ വരുമാന രഹിത ജലത്തിന്റെ അളവ് 40% ആണെന്ന് കണക്കാക്കിയാൽ ജല അതോറിറ്റിക്ക് ഏകദേശം 1.2 കോടി രൂപ പ്രതിദിന വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

## പൈപ്പ് വഴി കുടിവെള്ളം

229(1007) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്പത് ശതമാനം ജനങ്ങൾക്കെങ്കിലും പൈപ്പ് വഴി കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ പൈപ്പുവഴി കുടിവെള്ളം എല്ലാ ഭവനങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇത്ഏല്പിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; എത്രകോടി രൂപയുടെ ധനസഹായമാണ് എ.ഡി.ബി.യിൽ നിന്നും ലഭിക്കുന്നത്; അതിന്റെ തിരിച്ചടവ് എപ്രകാരമാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ജല അതോറിറ്റി നിലവിൽ 1081 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,87,93,923 ജനങ്ങൾക്ക് 24.40 ലക്ഷം കണക്ഷനുകളിലൂടെയും 2.04 ലക്ഷം പൊതുടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. 2018 വരെയുള്ള കാലയളവിൽ ജല അതോറിറ്റി സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ 63% പേർക്കും ഗ്രാമ പ്രദേശങ്ങളിൽ 33% പേർക്കും പൈപ്പ് മുഖേന കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി സ്റ്റേറ്റ് സർക്കാർ ഫണ്ട്, കേന്ദ്ര ഫണ്ട്, നബാർഡ് ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എം.എൽ.എ./എം.പി. ഫണ്ട്, അമൃത് ഫണ്ട് എന്നിവയും ലഭ്യമാണ്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2744 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. ഇപ്പോൾ ജല അതോറിറ്റിയിൽ 8736.83 കോടി രൂപയുടെ (നബാർഡ്-881.50, സ്റ്റേറ്റ് പ്ലാൻ-837.99, NRDWP-1444.09, JNNURM-83.38, JICA-206.21, കിഫ്ബി-4232.81, അമൃത്-1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പൈപ്പുവഴി കുടിവെള്ളം എത്തിക്കേണ്ടതായിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുള്ള ശുദ്ധജല ആവശ്യകത പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യതയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനാവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പൈപ്പുവഴി കുടിവെള്ളം എല്ലാ ജനങ്ങളിലും എത്തിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കാവുന്നതാണ്. കുടിവെള്ള പദ്ധതി പൂർത്തീകരണസമയത്ത് കണക്ഷൻ അദാലത്തുകൾ നടത്തിയും പത്രദൃശ്യ ശ്രവ്യ മാധ്യമങ്ങൾവഴി ജനങ്ങളെ അറിയിച്ചും കൂടുതൽ ആളുകൾക്ക് ശുദ്ധജലം എത്തിക്കാൻ ശ്രമിക്കുന്നുണ്ട്.

(ബി) എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണപദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് നഗരംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനുള്ള ഫണ്ട് മാത്രമേ അനുവദിച്ച തുകയിലുള്ളൂ. ഈ രണ്ട് നഗരങ്ങളിലെ പദ്ധതിയുടെയും കരട് DPR 25-5-2019-ന് ADB കൺസൾട്ടന്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ പരിശോധിച്ചുവരുന്നു. ഇതിന്റെ വിശദമായ സർവ്വേ പ്രവൃത്തികൾ അവാർഡ് ചെയ്തതിന് ശേഷം കോൺട്രാക്ട് ചെയ്യാനാണ് വിഭാവന ചെയ്തിരിക്കുന്നത്. കരട് ഡി.പി.ആർ. ഉണ്ടാക്കുന്നതിനുള്ള വിശദാംശങ്ങൾ ADB കൺസൾട്ടന്റ് ശേഖരിച്ചിട്ടുണ്ട്.

(സി) 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന താഴെപ്പറയുന്ന ഘടകങ്ങളാണ് 24x7 പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം. (District Metering Area)-കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക, പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബഞ്ച്മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക. SCADA(Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണം സംവിധാനം നിയന്ത്രിക്കുക.

5. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

6. ഉപഭോക്തൃ വാട്ടർ മീറ്ററുകൾ മാറ്റി ഉന്നതനിലവാരമുള്ള മീറ്ററുകളും ബൾക്ക് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്ററുകളും സ്ഥാപിക്കുക.

7. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.

8. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്.-ലൂടെ കൃത്യമായ സംവിധാനങ്ങൾ ഉറപ്പാക്കുക.

പദ്ധതിയുടെ ആകെ തുക ഏകദേശം 2500 കോടി രൂപയാണ്. ഇതിന്റെ 70% തുക എ.ഡി.ബി. വായ്പയായിട്ടും ബാക്കി 30% തുക സംസ്ഥാന വിഹിതമായിട്ടുമാണ് ലഭ്യമാകുന്നത്. പദ്ധതിയുടെ 30% തുകയ്ക്കുള്ള പ്രവൃത്തികൾ അവാർഡ് ചെയ്തതിനുശേഷം മാത്രമേ ലോൺ എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയുള്ളൂ. എ.ഡി.ബി.-യുമായുള്ള കരാർ ഇനിയും ഒപ്പ് വച്ചിട്ടില്ല. കരാർ ഒപ്പ് വച്ചതിന് ശേഷമേ തിരിച്ചടവ് കാലാവധിയിൽ ധാരണയാകുകയുള്ളൂ.

## ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ നടപടി

230(1008) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(ബി) നിലവിൽ ശുദ്ധജല ലഭ്യതയിലും വിതരണത്തിലും ഗുരുതരമായ അപാകതകൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ശുദ്ധജല സംഭരണത്തിലും വിതരണത്തിലും വികസിത രാജ്യങ്ങളിലേതിന് സമാനമായ നൂതന മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ വിതരണം ചെയ്യുന്നത് ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലമാണ്. ശുദ്ധീകരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജല ശുദ്ധീകരണ ശാലകളിൽത്തന്നെ ലബോറട്ടറി സംവിധാനം ഉണ്ട്. ശുദ്ധീകരണശാലകൾ ഇല്ലാത്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ഫിൽട്ടർ ചെയ്ത് ലഭിക്കുന്ന ജലം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കി യതിനുശേഷമാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. നിലവിൽ ശുദ്ധീകരണശാല ഇല്ലാത്ത പദ്ധതികൾക്കായി ശുദ്ധീകരണശാലകൾ നിർമ്മിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതാണ്.

കേരള ജല അതോറിറ്റി നിലവിൽ 1081 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,87,93,923 ജനങ്ങൾക്ക് 24.40 ലക്ഷം കണക്ഷനുകളിലൂടെയും 2.04 ലക്ഷം പൊതുടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി നടപ്പിലാക്കിയ ഗ്രാമീണ-നഗര ജലവിതരണ പദ്ധതികൾ ഇതിനകംതന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2744 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. ഇപ്പോൾ ജല അതോറിറ്റിയിൽ 8736.33 കോടി രൂപയുടെ (നബാർഡ്-881.50, സ്റ്റേറ്റ് പ്ലാൻ-837.99, NRDWP-1444.08, JnNURM-83.38, JICA-206.21, കിഫ്ബി-4232.81, അമൃത്-1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

കൂടാതെ സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജിക്ക ധനസഹായത്തോടുകൂടി 5 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ തിരുവനന്തപുരം, ചേർത്തല പട്ടുവം പദ്ധതികൾ പൂർണ്ണമായും കൊല്ലം, മീനാട്, കോഴിക്കോട് പദ്ധതികൾ വിതരണ ശൃംഖലയുടെ കുറച്ച് പണികൾ ഒഴികെയും പൂർത്തീകരിച്ച് കഴിഞ്ഞു. ഇതിനുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ അഞ്ച് പദ്ധതിയിലൂടെ ഏകദേശം 40 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ചില ഉയർന്ന പ്രദേശങ്ങളിലും മറ്റു ചില പ്രദേശങ്ങളിലും ജല ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും പൈപ്പ്ലൈനുകൾ നീട്ടിയും വാൽവുകൾ ക്രമീകരിച്ചും സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ

നടത്തിയും കുടിവെള്ളം എത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തിരം ടാങ്കർ ലോറികൾ വഴിയും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെൻഡിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു. പൈപ്പ്‌ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തരമായി പരിഹരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നു. പമ്പുഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ വേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടിയും കെ.എസ്.ഇ.ബി.-യുമായി ആലോചിച്ച് വൈദ്യുതി തടസ്സം ഒഴിവാക്കിയും പമ്പിംഗ് തുടർച്ചയായി നടത്തി കുടിവെള്ളം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശുദ്ധജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിലെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യു.പി., നീതി ആയോഗ്, എം.എൽ.എ. എ.ഡി.എഫ്. എന്നീ ഫണ്ടുകൾ വിനിയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ (ജലശുദ്ധീകരണ ശാലകളും വിതരണ ശൃംഖലകളും ഉൾപ്പടെ) നടപ്പിലാക്കിവരുന്നു.

(സി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അഞ്ച് ജലശുദ്ധീകരണ ശാലകൾ ജിക്ക പദ്ധതിയുടെ കീഴിൽ നിർമ്മിച്ചിട്ടുണ്ട്. പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽ പൾസേറ്റർ സ്ലഡ്ജ് ബ്ലാങ്കറ്റ്/ലാമെല്ലാർ ക്ലാരിഫയർ സംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഇവയെല്ലാം തന്നെ ഭാഗികമായി യന്ത്രവൽകൃതങ്ങളാണ്. സ്കാഡ (Supervisory Control and Data Acquisition) സംവിധാനം ഉപയോഗിച്ച് ശുദ്ധീകരണശാലയുടെയും അനുബന്ധ യൂണിറ്റുകളായ ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങളും ജലസംഭരണികളിലെ ജലവിതരണവും തുടങ്ങിയ കാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള സംവിധാനം ഈ പദ്ധതികളിലുണ്ട്. ഇത്തരത്തിലുള്ള കൂടുതൽ പദ്ധതികൾ നൂതന സാങ്കേതികവിദ്യയുടെ കേരളത്തിലെ സാങ്കേതിക അനുയോജ്യതയും സാമ്പത്തിക സാധുതയും ഫണ്ടുകളുടെ പര്യാപ്തതയും അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

## കുപ്പിവെള്ള വിതരണം പദ്ധതി

231(1009) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനാവശ്യമായ ലൈസൻസുകൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) കുപ്പിവെള്ളം എന്നുമുതൽ വിപണിയിൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുപ്പിവെള്ള വിതരണപദ്ധതിയുടെ പണികൾ എല്ലാംതന്നെ അന്തിമഘട്ടത്തിലാണ്.

(ബി) വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ്.-സിന്റെ ഇൻസ്പെക്ഷൻ 22-5-2019-ന് പൂർത്തിയായി. ബി.ഐ.എസ്., FSSAI എന്നിവയുടെ അനുമതി രണ്ട് മാസത്തിനകം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ബി.ഐ.എസ്., FSSAI എന്നിവയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് 2019 ആഗസ്റ്റ് മാസത്തോടെ കുപ്പിവെള്ളം വിപണയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

232(1010) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാത്തതു കാരണം ജലവിതരണത്തിലുണ്ടാകുന്ന തകരാറുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തു;

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെട്ട ജലവിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര വേഗതയില്ലായെന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റി നിലവിൽ 1081 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,87,93,923 ജനങ്ങൾക്ക് 24.40 ലക്ഷം കണക്ഷനുകളിലൂടെയും 2.04 ലക്ഷം പൊതുടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയും വിവിധ ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി നടപ്പിലാക്കിയ ഗ്രാമീണ-നഗര ജലവിതരണ പദ്ധതികൾ ഇതിനകം തന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2744 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. ഇപ്പോൾ ജല അതോറിറ്റിയിൽ 8736.83 കോടി രൂപയുടെ (നബാർഡ്-881.50, സ്റ്റേറ്റ് പ്ലാൻ-837.99, NRDWP-1444.08, JnNURM-83.38, JICA-206.21, കിഫ്ബി-4232.81, അമൃത്-1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെയും കീഴിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നി 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവർത്തികളിൽ, 146.09 കോടി രൂപയുടെ പ്രവർത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അത് വഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി

നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിലെ പദ്ധതികൾക്ക് 433.33 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ള പദ്ധതികളിൽ 50 കുടിവെള്ള പദ്ധതികൾക്ക് 2853.074 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 963.52 കോടി രൂപയുടെ 10 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *. കമ്മീഷൻ ചെയ്ത പദ്ധതികളും അനുബന്ധമായി ചേർക്കുന്നു *.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന ജലവിതരണ പ്രവർത്തികൾ എല്ലാം തന്നെ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

അമൃത് പ്രവൃത്തികൾ എല്ലാം തന്നെ സംസ്ഥാനത്തെ നഗര പരിധികളിൽ വരുന്നതിനാൽ പൈപ്പ് സ്ഥാപിക്കുന്നതിനായി PWD/NH-ൽ നിന്ന് റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ ഇടപെടലുകൾ നടത്തിയെങ്കിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ PWD റോഡ് കട്ടിംഗ് അനുമതി വൈകുന്നു. ഇക്കാര്യം അമൃത് പദ്ധതിയുടെ ഉന്നതാധികാരസമിതിയായ സ്റ്റേറ്റ് ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (SHPSC)-യുടെ ശ്രദ്ധയിൽപ്പെടുത്തുകയും 11-12-2018-ൽ നടന്ന 20-ാമത് SHPSC മീറ്റിംഗിൽ SHPSC ചെയർമാനായ ചീഫ് സെക്രട്ടറി അമൃത് പദ്ധതിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ആവശ്യമായ പി.ഡബ്ല്യൂ.ഡി. റോഡ് മുറിക്കൽ അനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.-യിൽ നിന്നും ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി എടുക്കണം എന്ന് കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചു. കണ്ണൂർ കോർപ്പറേഷനിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുടെയും കേരള വാട്ടർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതോറിറ്റി, പി.ഡബ്ല്യു.ഡി., കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗങ്ങൾ വിളിച്ചു. ഇതനുസരിച്ച് അമൃത് പദ്ധതിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ പ്രവർത്തികൾക്ക് ആവശ്യമായ റോഡ് മുറിക്കൽ അനുമതി പി.ഡബ്ല്യു.ഡി.-യിൽ നിന്ന് ലഭ്യമാകുകയും കണ്ണൂർ കോർപ്പറേഷനിലെ അമൃത് പ്രവർത്തികൾ എല്ലാം തന്നെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. കേരള ജല അതോറിറ്റി പി.ഡബ്ല്യു.ഡി.റോഡ് മുറിയ്ക്കലിനായി സമർപ്പിച്ച സർക്കാർ ഉത്തരവിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ആണ്. പദ്ധതി നിർവ്വഹണത്തിലെ ഈ തടസ്സങ്ങൾ യഥാസമയം പരിഹരിച്ചാൽ അമൃത് പദ്ധതിയിലൂടെ അനുമതി ലഭിച്ച എല്ലാ പ്രവർത്തികളും 2020 മാർച്ച് 31-ഓടെ പൂർത്തിയാക്കി ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ജല അതോറിറ്റി ഉദ്ദേശിക്കുന്നത്. അമൃത് പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 1050.47 കോടി രൂപയുടെ 166 പദ്ധതികളാണുള്ളത്. ജല ശുദ്ധീകരണ പ്ലാന്റുകളുടെ നിർമ്മാണം, ഓവർഹെഡ് ടാങ്കുകൾ, പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ, നിലവിലെ പൈപ്പ് ലൈൻ മാറ്റി പുതിയവ സ്ഥാപിക്കൽ, വീടുകളിലെ പൈപ്പ് കണക്ഷൻ തുടങ്ങിയ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്. വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്ന 166 പദ്ധതികൾക്ക് 1050.47 കോടി രൂപയുടെ ഭരണാനുമതിയും 1045.18 കോടി രൂപയ്ക്ക് 165 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 1045.18 കോടി രൂപയുടെ 165 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 963.66 കോടി രൂപയുടെ 157 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 31 പദ്ധതികൾ പൂർത്തീകരിച്ചു. വാട്ടർ സപ്ലൈ സെക്ടറിൽ നാളിതുവരെ 327.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെയും നാഷണൽ ഹൈവേ, കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, തുടങ്ങിയ വകുപ്പുകളുടെ അധീനതയിലുള്ള റോഡ് കട്ടിംഗ് അനുവാദം ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. ആയത് പരിഹരിക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമൃത് വഴി നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടറിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**തലസ്ഥാനത്തെ ജലവിതരണം**

233(1011) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ആയിരം എം.എൽ.ഡി. പ്ലാന്റുകളും ജലസംഭരണ ടാങ്കുകളും പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും അതിൽ നിന്നും ജലവിതരണം നടത്തുവാൻ സാധിയ്ക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൈപ്പ് ലൈൻ പൂർത്തീകരിക്കാത്തതാണ് ജലവിതരണ തടസ്സത്തിന് കാരണമെന്നതിനാൽ ഇത് പൂർത്തിയാക്കുവാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തലസ്ഥാനത്ത് ഇത്തരമൊരു സാഹചര്യം നിലവിലില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഉൽപ്പാദനഘടകങ്ങൾ പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ ഏകദേശം 128 പദ്ധതികളിൽ ഘട്ടം ഘട്ടമായി വിതരണശൃംഖല സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി സ്റ്റേറ്റ് പ്ലാൻ, നബാർഡ്, NRDWP, കിഫ്ബി, Rebuild Kerala Initiative ഉൾപ്പെടെയുള്ള ധനസ്രോതസ്സുകൾ ഉപയോഗിച്ച് വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ RKI (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്)-ൽ മേൽപ്പറഞ്ഞ 128 സ്കീമുകൾക്കായി 11,340 കോടി രൂപയുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ ഉൾപ്പെടുത്തിയും പ്രഥമ പരിഗണനക്ക് നൽകിയതുമായ വിതരണം ശൃംഖലകൾ സ്ഥാപിക്കുന്ന 128 പദ്ധതികളിൽ 35 എണ്ണം സംസ്ഥാനത്ത് നടപ്പിലാക്കുന്ന/നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിതരണ ശൃംഖലകളാണ്. ആയതിനാൽ വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള രണ്ടാംഘട്ടവും കിഫ്ബി വഴി നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണശൃംഖലകളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*)

**ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ്**

234(1012) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് ജലഅതോറിറ്റിക്ക് വൻ ബാധ്യത ഉണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജലഅതോറിറ്റിയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ശരാശരി എത്രയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വൈദ്യുതി ചാർജ്ജ് കുറച്ചുകൊണ്ടുവരുന്നതിനായി ജലഅതോറിറ്റി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിനായി സോളാർ പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനു എത്ര രൂപ ചെലവഴിക്കേണ്ടിവരും ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റി ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ ശുദ്ധജലം വിതരണം ചെയ്യുകയും കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് വ്യാവസായിക നിരക്കിൽ ഈടാക്കുകയും ചെയ്യുന്നതുമൂലം വാട്ടർ അതോറിറ്റിക്ക് വൻ ബാധ്യത ഉണ്ടാകുന്നുണ്ട്.

(ബി) ഏകദേശം 23 കോടി രൂപ.

(സി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തരമായി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ നിർണ്ണയിക്കുന്നത് പുരോഗമിക്കുന്നു. കൂടാതെ ഉപയോഗത്തിലില്ലാത്ത പമ്പ് ഹൗസുകളിലെ വൈദ്യുതി വിച്ഛേദിച്ചും കണക്ടിംഗ് ലോഡ് കുറച്ച് ചെയ്തും പമ്പ് ഹൗസുകളിൽ കേടായ കപ്പാസിറ്റർ മാറ്റി സ്ഥാപിച്ച് പവർ ഫാക്ടർ കറക്ട് ചെയ്തും വൈദ്യുത ചാർജ്ജ് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതിനാവശ്യമായ ചെലവിനെ സംബന്ധിച്ചുള്ള സാമ്പത്തിക രൂപഘടന തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**കുടിവെള്ളത്തിൽ ക്രമാതീതമായ തോതിൽ ക്ലോറിൻ**

235(1013) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ക്രമാതീതമായ തോതിൽ ക്ലോറിൻ അടങ്ങിയിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധികൾ, ഇ-കോളി വ്യാപനത്തിനുള്ള മറ്റ് സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് അവ കൂടി തരണം ചെയ്യാനും മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ വിതരണശൃംഖലയുടെ അവസാനം വരെ റെസിഡ്യുൽ ക്ലോറിന്റെ അളവ് നിലനിർത്താവശ്യമായ വിധത്തിലാണ് ക്ലോറിനേഷൻ ചെയ്യുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ശുദ്ധീകരണശാലയോടു ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ റെസിഡ്യുൽ ക്ലോറിന്റെ അളവ് നേരിയ തോതിൽ കൂടുതലായി കാണപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തോതിൽ റെസിഡ്യുൽ ക്ലോറിന്റെ അളവ് കാണപ്പെട്ടതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിഭാഗവും റെഗുലർ വിഭാഗവും നിരന്തരമായി നിരീക്ഷിക്കുകയും വേണ്ട തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ റെസിഡ്യുൽ ക്ലോറിന്റെ അളവ് ഉറപ്പുവരുത്താനാവശ്യമായ ക്ലോറിൻ ബൂസ്റ്റർ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കാനും, പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

236(1014) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൻമേൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) 17-7-2017-ലെ 2715/എം (ഡബ്ല്യു.ആർ.)/വി.ഐ.പി. /2017 നമ്പർ ഫയലിൽ കേരള വാട്ടർ അതോറിറ്റിയുടെ മലപ്പുറം ഓഫീസിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഇവ സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ; വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഓഫീസിൽ നിന്നും അയച്ച നിർദ്ദേശത്തിൻമേൽ മലപ്പുറം ഓഫീസിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി നമ്പർ KWA/HO/OP-IV/369(12)/2016 തീയതി 30-10-2017 ആയി മലപ്പുറം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തു.

വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കണമെന്ന വളാഞ്ചേരി നഗരസഭാ ചെയർപേഴ്സൺ നൽകിയ നിവേദനം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുവാനാണ് ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകിയത്. അനന്തര നടപടികളുടെ ഭാഗമായി തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട ഉയർന്ന പ്രദേശങ്ങളായ തോണിക്കൽ-ചീരാനി, കാർത്തല-ചുങ്കം ഭാഗങ്ങളിലേയ്ക്ക് എം.പി.എൽ.എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലവിതരണം നടത്തിവരുന്നു.

വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ എല്ലാ ഉയർന്ന പ്രദേശങ്ങളിലേയ്ക്കും തിരുനാവായ പദ്ധതിയിൽനിന്നും ജലവിതരണം സാധ്യമല്ലാത്തിനാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എടയൂർ കുടിവെള്ള പദ്ധതിയിൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയെയും ഇരുമ്പിലിയം പഞ്ചായത്തിനെയും ഉൾപ്പെടുത്തിയുണ്ട്. ഈ പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉയർന്ന പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പുലൈനുകളിലെല്ലാം വെള്ളം ലഭ്യമാകും. ഇതു സംബന്ധിച്ച ഫയലിലെ കത്തുകളുടെ കോപ്പി അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *.

**വാട്ടർ അതോറിറ്റി പയ്യന്നൂർ സെക്ഷൻ ഓഫീസ്**

237(1015) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പയ്യന്നൂർ സെക്ഷൻ ഓഫീസും പയ്യന്നൂർ സബ്ഡിവിഷൻ ഓഫീസും UDISMAT പയ്യന്നൂർ പ്രൊജക്ട് സെക്ഷൻ ഓഫീസും പ്രൊജക്ട് സബ്ഡിവിഷൻ ഓഫീസും പയ്യന്നൂരിൽ ഒരു വാടക കെട്ടിടത്തിൽ ആണോ പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിക്ക് പയ്യന്നൂർ ഠൗണിൽ സ്വന്തമായി പതിനഞ്ച് സെന്റ് സ്ഥലം നിലവിൽ ഉണ്ടോ; എങ്കിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തി സ്വന്തമായി ഒരു ഓഫീസ് കെട്ടിടം പണിയാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അതെ; ഈ ഓഫീസുകളെല്ലാം തന്നെ ഒറ്റ വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കൈവശം പയ്യന്നൂർ ടൗണിൽ 9 സെന്റ് സ്ഥലമുണ്ട്. വാട്ടർ അതോറിറ്റിക്ക് പയ്യന്നൂരിൽ ഒരു പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് വേണ്ടി 2019-20-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

238(1016) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2019 നാളിതുവരെ കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികൾ എതൊക്കെയെന്നും ഓരോ പ്രവൃത്തികൾക്കും എത്രരൂപ വീതം ചെലവഴിച്ചുവെന്നും നിലവിൽ ഭരണാനുമതി ലഭിച്ച് പൂർത്തീകരിക്കേണ്ടതായ പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

## പീരുമേട് നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

239(1017) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച പുതിയ കുടിവെള്ള പദ്ധതികളുടെയും, ശാക്തീകരിക്കുന്നതിനോ വിപുലപ്പെടുത്തുന്നതിനോ അനുമതി ലഭിച്ചിട്ടുള്ള നിലവിലുള്ള പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പീരുമേട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സംസ്ഥാന പദ്ധതി 2018-19-ഏലപ്പാറയും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതി പീരുമേട് പഞ്ചായത്തിൽ വിതരണ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ-അടങ്കൽ തുക-1535 ലക്ഷം

2. കിഫ്ബി-അയ്യപ്പൻ കോവിൽ പഞ്ചായത്തിനായുള്ള കുടിവെള്ള വിതരണ പദ്ധതി-അടങ്കൽ തുക-4642.40 ലക്ഷം

3. സ്റ്റേറ്റ് പ്ലാൻ 2017-18-കുമളി പഞ്ചായത്തിലെ അൺകവേർഡ് ഏരിയായിലേയ്ക്കുള്ള കുടിവെള്ള പദ്ധതി-ഭരണാനുമതി-8 കോടി രൂപ.

4. എൻ.ആർ.ഡി.ഡബ്ല്യു.ഡി-പെരുവന്താനം കൊക്കയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി-ഭരണാനുമതി-7 കോടി രൂപ

5. എൻ.ആർ.ഡി.ഡബ്ല്യു.ഡി.- പീരുമേട് വണ്ടിപ്പെരിയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി-ഭരണാനുമതി-9 കോടി രൂപ

6. ഏലപ്പാറയ്ക്കും അനുബന്ധ പഞ്ചായത്തുകൾക്കും 4200 മീറ്റർ പൈപ്പ് ലൈൻ നീട്ടൽ-അടങ്കൽ തുക-40 ലക്ഷം

7. വണ്ടിപ്പെരിയാർ-പഴയ എ.സി.പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി-അടങ്കൽ തുക-60 ലക്ഷം

(ബി) ഏലപ്പാറയും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള വിതരണ പദ്ധതി, പീരുമേട് പഞ്ചായത്തിൽ വിതരണ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർ ഏറ്റെടുത്തിട്ടുണ്ട്. അയ്യപ്പൻ കോവിൽ പഞ്ചായത്തിനായുള്ള കുടിവെള്ള വിതരണ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുമളി പഞ്ചായത്തിലെ അൺകവേർഡ് ഏരിയായിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് കമ്മീഷനിങ് വർക്കുകൾ പുരോഗമിക്കുന്നു. പെരുവന്താനം കൊക്കയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് മെയിന്റനൻസ് ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പീരുമേട് വണ്ടിപ്പെരിയാർ പഞ്ചായത്തുകളിലെ മലയോര മേഖലയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് മെയിന്റനൻസ് ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏലപ്പാറയ്ക്കും അനുബന്ധ പഞ്ചായത്തുകൾക്കും 4200 മീറ്റർ പൈപ്പ് ലൈൻ നീട്ടലിന്റെ കരാർ ഏറ്റെടുത്ത് ജോലി ആരംഭിച്ചിട്ടുണ്ട്. വണ്ടിപ്പെരിയാറിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത് ജോലി ആരംഭിച്ചിട്ടുണ്ട്.

## കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി

240(1018) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലേയ്ക്കായി ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി സജ്ജീകരിച്ച പമ്പ് സെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ഒമ്പതു വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന ഈ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലേയ്ക്കായി വിതരണ ശൃംഖലയിൽ പി.ഡബ്ല്യൂ.ഡി. റോഡിലെ വേങ്ങര, അച്ചനമ്പലം റോഡിൽ 2.5 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയുള്ള തുക പി.ഡബ്ല്യൂ.ഡി.-യിൽ അടച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചാലുടനെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല. നിലവിലുള്ള ഊരകം, വേങ്ങര, കണ്ണമംഗലം പദ്ധതിയുടെ 2 വൈദ്യുത കണക്ഷനുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശികയായ 7.6 ലക്ഷം രൂപ അടച്ചുതീർത്താലേ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയുള്ളൂ എന്ന് 29-5-2019-ൽ കെ.എസ്.ഇ.ബി. അറിയിച്ചതിൻ പ്രകാരം പ്രസ്തുത തുക അടച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## കാളിപ്പാറ പദ്ധതി

241(1019) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളിപ്പാറ പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്ന നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തും മറ്റ് സ്ഥലങ്ങളിലും സ്ഥിരമായി പൈപ്പ് ലൈൻ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൈപ്പ് ലൈൻ പൊട്ടുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിട്ടറി എം.ഡി.-യുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കാളിപ്പാറ പൈപ്പ് ലൈനിൽ എയർ വാൽവുകൾ സ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) എയർ വാൽവ് സ്ഥാപിക്കുന്നതിനുള്ള നടപടി 2019-സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൈപ്പ് പൊട്ടുന്നത് ഒഴിവാക്കുന്നതിനായി നിലവിലുള്ള എയർ വാൽവുകൾ സർവ്വീസ് ചെയ്യുകയും സ്ഥിരമായി പൈപ്പ് പൊട്ടുന്ന ഭാഗങ്ങളിൽ പുതുതായി എയർ വാൽവുകൾ വയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി & സി) ഡബിൾ ഒറിഫിസ് എയർ വാൽവ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2019 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അരുവിക്കര കുപ്പിവെള്ള ഫാക്ടറി**

242(1020) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അരുവിക്കര കുപ്പിവെള്ള ഫാക്ടറി പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവാക്കി ; പ്രസ്തുത ഫാക്ടറി പൂർണ്ണ സജ്ജമാകുമ്പോൾ പ്രതിദിന വിതരണശേഷി എത്രയായിരിക്കും; വിശദാംശം ലഭ്യമാക്കാമോ;

(ഡി) അരുവിക്കരയിൽ ഉല്പാദിപ്പിക്കുന്ന കുപ്പി വെള്ളം എത്ര തുകയ്ക്ക് വിൽക്കുവാൻ ഉദ്ദേശിക്കുന്നു; ഇത് എപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഫാക്ടറി തുറക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ജനങ്ങൾക്ക് കുപ്പിവെള്ളം കുറഞ്ഞ നിരക്കിൽ ഉടൻ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ പ്രവർത്തനം ആരംഭിക്കുവാൻ പോകുന്ന കുപ്പിവെള്ള ഫാക്ടറിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വലിയ ലാഭേച്ഛയില്ലാതെ നിലവിലെ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വില ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 22-5-2019-ൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ് (ബി.ഐ.എസ്.) ഉദ്യോഗസ്ഥർ ഫാക്ടറിയിൽ പരിശോധന നടത്തുകയും കുപ്പികളുടെയും വെള്ളത്തിന്റെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുള്ളതുമാണ്. BIS-ന്റെ പരിശോധനാ ഫലം ലഭിക്കുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അനുമതി കൂടി ലഭിച്ചതിനുശേഷം ഫാക്ടറിയിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുന്നതാണ്.

(സി) 13.83 കോടി രൂപ. പ്രതിദിന വിതരണശേഷി-1,81,028 ലിറ്റർ

1 ലിറ്റർ കുപ്പി-1,15,200 എണ്ണം

2 ലിറ്റർ കുപ്പി-1600 എണ്ണം

½ ലിറ്റർ കുപ്പി-16,456 എണ്ണം

20 ലിറ്റർ ജാർ-2720 എണ്ണം.

(ഡി) വിലനിരക്ക് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. BIS, FSSAI എന്നീ ലൈസൻസുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉൽപ്പാദനം തുടങ്ങാനാവൂ.

(ഇ) ഇല്ല, വലിയ ലാഭേച്ഛയില്ലാതെ വിപണിയിൽ നിലവിലുള്ള നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ 2019 ആഗസ്റ്റ് മാസത്തോടുകൂടി കുപ്പിവെള്ളം ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാട്ടാക്കട താലൂക്ക് വാട്ടർ അതോറിറ്റി ഡിവിഷണൽ ഓഫീസ്

243(1021) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമായ വാട്ടർ അതോറിറ്റിയുടെ ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള തുടർനടപടികൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

കാട്ടാക്കട താലൂക്ക് കേന്ദ്രമായി വാട്ടർ അതോറിറ്റിയുടെ ഡിവിഷണൽ ഓഫീസ് ആരംഭിക്കണമെന്ന കാട്ടാക്കട എം.എൽ.എ.-യുടെ കത്തിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

244(1022) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ഷൻ പെരുമാറ്റചട്ടം നിലനിന്നിരുന്നതിനാൽ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പ്രവർത്തിക്കുള്ള കരാർ ഉടമ്പടി വയ്ക്കുന്നതിന് സാധ്യമായിരുന്നില്ല. ഇപ്പോൾ കരാർ ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടമ്പടിയിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

അമൃത് പദ്ധതിയുടെ ഭാഗമായി ഇടക്കൊച്ചിയിൽ നിർമ്മിക്കുന്ന 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പൈലിംഗ് ജോലികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭമായി സെറ്റിംഗ് ഔട്ട് പൂർത്തിയാക്കിയിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം പൈലിംഗ് നടത്തുവാൻ സാധിച്ചില്ല. ആയതിനാൽ എത്രയും പെട്ടന്ന് പണി തുടങ്ങുന്നതിന് കരാറുകാരന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പ്രവൃത്തി, കരാർ ഉടമ്പടി വരുന്നമുറയ്ക്ക് താമസംവിനാ ആരംഭിക്കാനാവും. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പൈലിംഗ് പ്രവൃത്തി ജൂൺ മൂന്നാം വാരത്തോടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൃക്കാക്കര മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ റോഡ്

245(1023) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവയിൽ നിന്നും എറണാകുളത്തേക്ക് ജലമെത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൈപ്പ് ലൈൻ റോഡിന്റെ എത്ര കിലോമീറ്ററാണ് തൃക്കാക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര കിലോമീറ്ററാണ് തൃക്കാക്കര മുനിസിപ്പാലിറ്റിയിലും എത്ര കിലോമീറ്ററാണ് കൊച്ചിൻ കോർപ്പറേഷനിലും ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ;

(സി) തൃക്കാക്കര മണ്ഡലത്തിൽപ്പെടുന്ന ഈ റോഡിന്റെ ഭാഗങ്ങൾ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നത് അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 7.16 കിലോമീറ്റർ.

(ബി) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ 2.7 കിലോമീറ്ററും കൊച്ചി കോർപ്പറേഷനിൽ 4.46 കിലോമീറ്ററുമാണ് ഉൾപ്പെടുന്നത്.

(സി) പൈപ്പ് ലൈൻ റോഡ് വാഹന ഗതാഗതത്തിനോ സഞ്ചാരയോഗ്യമാക്കുവാനോ ഉദ്ദേശിച്ചിട്ടുള്ളത് അല്ലാത്തതിനാൽ ടി റോഡ് റിപ്പയർ ചെയ്യുന്നതിനായുള്ള നടപടി നിലവിൽ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടില്ല. തൃക്കാക്കര നിയോജകമണ്ഡലത്തിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈൻ റോഡ് മുനിസിപ്പാലിറ്റി ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് അനുമതിക്കായി ബഹുമാനപ്പെട്ട തൃക്കാക്കര എം.എൽ.എ. സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

246(1024) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം നൽകിയ ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഓഫീസിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ പ്രൊഡക്ഷൻ ഘടകങ്ങളുടെ ഒന്നാം പാക്കേജ് ടെണ്ടർ ചെയ്തു കഴിഞ്ഞു.

(ബി&സി) ഒന്നാം പാക്കേജിന്റെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ നടന്നുവരുന്നു.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന അംഗീകാരമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ജലഅതോറിറ്റിക്ക് അടയ്ക്കേണ്ട മിനിമം വാട്ടർ ചാർജ്**

247(1025) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിലും സമീപപഞ്ചായത്തുകളിലും ഈ അടുത്തകാലത്തായി ജലഅതോറിറ്റി എത്രദിവസത്തേയ്ക്ക് ജലവിതരണം നിർത്തി വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്നും ഇപ്പോൾ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഉപഭോക്താക്കൾ ജലഅതോറിറ്റിക്ക് അടയ്ക്കേണ്ട മിനിമം നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജലവിതരണം ഇല്ലെങ്കിലും മിനിമം നിരക്ക് അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഉപയോഗിക്കാത്ത വെള്ളത്തിന് ചാർജ്ജ് ഈടാക്കുന്നത് അവസാനിപ്പിക്കാൻ നിയമവ്യവസ്ഥിതിയിൽ ആവശ്യമായ മാറ്റം കൊണ്ടുവരുമോ?

ഉത്തരം

(എ) 25-4-2019 മുതൽ 3-6-2019 വരെയുള്ള 40 ദിവസം ജലവിതരണം നിർത്തിവച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ പ്രധാന സ്രോതസ്സായ ബാവിക്കരയിൽ (ചന്ദ്രഗിരി പുഴയിൽ) നീരൊഴുക്ക് നിലക്കുകയും മാർച്ച് ആദ്യവാരത്തിൽ പൂർത്തീകരിച്ച താൽക്കാലിക തടയണയിലെ വെള്ളം വറ്റുകയും തുടർന്ന് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള പാണ്ടിക്കണ്ടം തടയണയിൽ ശേഖരിച്ച വെള്ളം രണ്ടു തവണകളായി ബാവിക്കരയിലുള്ള കിണറിലേയ്ക്ക് പ്രത്യേക ചാൽ നിർമ്മിച്ച് എത്തിക്കുകയും, കൂടാതെ പുഴയിൽ കയങ്ങൾ തമ്മിൽ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് ബന്ധിപ്പിക്കുകയും പുഴയിലെ വെള്ളം പരമാവധി ബാവിക്കരയിലെ കിണറിലെത്തിക്കുകയും ചെയ്തിരുന്നു. തുടർന്ന് 25-4-2019-ന് പൂർണ്ണമായും വെള്ളം വറ്റിയ അവസ്ഥയിൽ പമ്പിംഗ് നിർത്തിവെക്കേണ്ടിവന്നു. കാലവർഷം തുടങ്ങി പുഴയിലെ വെള്ളത്തിന്റെ നിരപ്പ് വർദ്ധിച്ചാൽ മാത്രമേ ജലവിതരണം പൂർവ്വസ്ഥിതിയിൽ തുടരാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ജലസേചന വകുപ്പിന്റെ മേൽ നോട്ടത്തിൽ ബാവിക്കരയിൽ പുരോഗമിച്ചുവരുന്ന സ്ഥിരം തടയണ നിർമ്മാണം പൂർത്തിയാകുന്നതോടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകും.

(സി) ഗാർഹിക കണക്ഷനുകൾക്ക് 5000 ലിറ്റർ വരെ 22 രൂപയും (2 രൂപ മീറ്റർ ഇൻസ്പെക്ഷൻ ചാർജ്ജ് ഉൾപ്പെടെ) ഗാർഹികേതര കണക്ഷനുകൾക്ക് 202 രൂപയും വ്യാവസായിക കണക്ഷനുകൾക്ക് മിനിമം നിരക്ക് 402 രൂപയുമാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നത്.

(ഡി) ഉണ്ട്. വാട്ടർ കണക്ഷൻ സ്ഥിരമായി നിലനിർത്തുന്നതിന് മിനിമം ചാർജ് അടയ്ക്കേണ്ടതാണ്.

(ഇ) പൂർണ്ണമായി ഒരു പ്രദേശത്ത് ജല വിതരണമില്ലെങ്കിൽ വാട്ടർ ചാർജ് ഒഴിവാക്കി നൽകുവാൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എന്തെങ്കിലും കാരണത്താൽ ഒരു വ്യക്തിക്ക് മാത്രം ഒഴിവാക്കി നൽകുവാൻ കഴിയില്ല.

**തഴക്കര കുടിവെള്ള പദ്ധതി**

248(1026) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി നിർദ്ദേശം മുതലുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വേ നടപടികൾക്കായി 2018-19-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ അനുവദിച്ചു.

(ബി & സി) മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾക്കുമായി വിഭാവന ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 30 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പദ്ധതിയുടെ വിതരണ ശൃംഖലകൾ ഒഴികെയുള്ള ഭാഗങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിന്മേൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുനിസിപ്പാലിറ്റിയിലെയും പഞ്ചായത്തുകളിലെയും സർവ്വേ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി & ഇ) ശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതാണ്. രണ്ട് ഉന്നതതല ജല സംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്നതാണ് എന്ന് സമ്മതിച്ചിട്ടുണ്ട്.

വിശദമായ പദ്ധതിറിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം**

249(1027) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലും അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് തയ്യാറാക്കിയിട്ടുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 20-3-2019-ലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 188.68 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി 200 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടാണ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചത്. ഇത് കിഫ്ബി വിശദമായി പരിശോധിച്ചശേഷം പദ്ധതിയുടെ ശേഷി 35 ദശലക്ഷം ലിറ്ററിൽ (MLD) നിന്നും 24 ദശലക്ഷം ലിറ്ററായി (MLD) കുറവ് ചെയ്ത് 188.68 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. പദ്ധതിയുടെ ശേഷി, കുറവ് ചെയ്തത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബിക്ക് 9-4-2019-ൽ കത്ത് നൽകിയിട്ടുണ്ട്. ഇതിന്മേൽ തീരുമാനം ആയെങ്കിൽ മാത്രമേ സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ നടപടികൾ തുടങ്ങുന്നതിനും സാധിക്കുകയുള്ളൂ. ഇതുകാരണമാണ് പദ്ധതിക്ക് കാലതാമസം ഉണ്ടായത്. പുനഃപരിശോധന അപേക്ഷയിൽ തീരുമാനം ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**മുക്കം മേജർ കുടിവെള്ള പദ്ധതി**

250(1028) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന വിഷയം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുക്കം-കൊടുവള്ളി നഗരസഭകൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി (തിരുവമ്പാടി, കുന്ദമംഗലം മണ്ഡലങ്ങളെ ഉൾപ്പെടുത്തി) 400 കോടി രൂപ മതിപ്പുചെലവ് കണക്കാക്കി ഒരു ബൃഹത് പദ്ധതി വിഭാവന ചെയ്യുകയും ഇതിന്റെ ഒന്നാം ഘട്ടമായ 60 കോടി രൂപയുടെ പ്രവൃത്തി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ

പരിഗണിക്കുകയും പ്രാഥമികമായി അംഗീകരിക്കുകയും ചെയ്തതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലം ലഭ്യമാക്കാനുള്ള പുതുക്കിയ പദ്ധതിയോടുകൂടി പ്രൊപ്പോസൽ തയ്യാറാക്കുവാൻ സർക്കാർ ജല അതോറിറ്റിയോട് നിർദ്ദേശിച്ചു. ഇതിൽ വിതരണക്കുഴൽ പരിപാലനം, റവന്യൂ പിരിവ് എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുകയും ബൾക്ക് മീറ്റർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ വിതരണ ശൃംഖലയിലേക്ക് നൽകുന്ന ജലത്തിന്റെ മൊത്തത്തിലുള്ള തുക അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരുമായി കേരള വാട്ടർ അതോറിറ്റി ഉത്തരമേഖലാ (കോഴിക്കോട്) ചീഫ് എഞ്ചിനീയർ യോഗം കൂടുകയും സ്വയംഭരണ സ്ഥാപനങ്ങളുടെ സന്നദ്ധത ആരായുകയും ചെയ്തു. എന്നാൽ നാളിതുവരെ ഒരു പഞ്ചായത്തുമാത്രമാണ് സന്നദ്ധത അറിയിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**മീനാട് കുടിവെള്ള പദ്ധതി**

251(1029) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം ഗ്രാമപഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർണമായും പ്രവർത്തനക്ഷമമാക്കാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ജിക്ക മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഓടനാവട്ടം-വാളകം പി.ഡബ്ല്യു.ഡി. ബി.എം./ബി.സി. റോഡിൽ വെളിയം പഞ്ചായത്തിന് വേണ്ടിയുള്ള വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന ബാപ്പാല മുതൽ ഓടനാവട്ടം ജംഗ്ഷൻ വരെ വിവിധ സ്ഥലങ്ങളിലായി ഏകദേശം 500 മീറ്ററോളം നീളത്തിൽ ഗ്യാപ്പ് കണ്ടുപിടിച്ച് വിതരണ കുഴലുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിന് വേണ്ടിയുള്ള റോഡ് കട്ടിംഗ് പെർമിഷനുവേണ്ടി പി.ഡബ്ല്യു.ഡി. ഓഫീസിൽ അപേക്ഷ

നൽകിയിട്ടുണ്ട്. പണമടയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റും അനുമതിയും ലഭ്യമായിട്ടില്ല. പി.ഡബ്ല്യു.ഡി. ഡിവിഷൻ ഓഫീസിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ് സ്ഥാപിച്ചു തുടങ്ങാൻ സാധിക്കുന്നതാണ്. പി.ഡബ്ല്യു.ഡി. റോഡിൽ ഉള്ള പ്രസ്തുത 500 മീറ്റർ ഗ്യാപ്പിൽ പൈപ്പ് സ്ഥാപിച്ചാൽ മാത്രമേ ബാക്കി 20 കിലോ മീറ്റർ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്ത് സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

(സി) മുമ്പ് പ്രവൃത്തികൾ ചെയ്ത കരാറുകാർ പൈപ്പ് ലൈൻ സ്ഥാപിക്കാത്ത സ്ഥലങ്ങളിൽ ഗ്യാപ്പ് കണ്ടുപിടിച്ച് സ്ഥാപിക്കുന്നതിനാണ് പുതിയ കരാർ നൽകിയിട്ടുള്ളത്. ഈ പദ്ധതി 2020 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടുവം കുടിവെള്ള പദ്ധതി**

252(1030) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി, എത്ര ശതമാനം വെള്ളം ഇപ്പോൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്ന ശ്രീകണ്ഠപുരം നഗരസഭ, ചെങ്ങളായി പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശത്തു കൂടി കുടിവെള്ളം ലഭ്യമാക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിലവിൽ 47% ജലമാണ് ഉപയോഗിച്ചുവരുന്നത്.

(ബി) ജിക്ക പദ്ധതിയുടെ ആരംഭഘട്ടത്തിൽ ശ്രീകണ്ഠപുരം നഗരസഭ, ചെങ്ങളായി പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണം ഉൾപ്പെട്ടിരുന്നില്ല. ശ്രീകണ്ഠപുരം നഗരസഭയിലെ, നിടിയേങ്ങ പ്രദേശങ്ങളിലേയ്ക്ക് പട്ടുവം പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭ്യമാക്കുന്നതിന് സാങ്കേതിക വശങ്ങൾ പരിശോധിച്ച് ഫീസിബിൾ ആണെങ്കിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെങ്ങളായി പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള വിതരണത്തിന് ജലലഭ്യത അനുസരിച്ച് വിശദമായ പഠനം നടത്തി ഭാവിയിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## ജപ്പാൻ കുടിവെള്ള പദ്ധതി

253(1031) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.എച്ച് 66 ബൈപ്പാസിൽ തൊണ്ടയാടിനും രാമനാട്ടുകരക്കും ഇടയിൽ റോഡ് കട്ടിംഗ് ഒഴിവാക്കി എച്ച്.ഡി.ഡി. മെത്തേഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദേശീയപാത മുറിച്ച് കൊണ്ടുപോവുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തേ കരാർ എടുത്തവർക്ക് ഇങ്ങനെ ഒരിനം പ്രവൃത്തി നൽകാത്ത സാഹചര്യത്തിൽ ഇതിന് പ്രത്യേകാനുമതി നൽകാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ;

(സി) ദേശീയപാത ആറ് വരിയാക്കുന്നതിന് മുമ്പ് പൈപ്പ് ക്രോസിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയപാത മുറിച്ചു കൊണ്ടുപോകുന്നതിന് നാഷണൽ ഹൈവേ അധികൃതരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ജിക്ക പദ്ധതിയിൽ ഭരണാനുമതി നൽകി ടി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) നിലവിൽ ശ്രീറാം ഇ.പി.സി.എൽ. ഏറ്റെടുത്തിരിക്കുന്ന കരാറിൽ (പാക്കേജ് പി3 ആർ2) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ എച്ച്.ഡി.ഡി. മെത്തേഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രത്യേകാനുമതി നൽകി ടെണ്ടർ വിളിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി

254(1032) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ;

(ബി) ടി പദ്ധതിയുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും; ഏതൊക്കെ പ്രദേശങ്ങളിലാണ് ഇതുവഴി കുടിവെള്ളമെത്തിക്കുന്നതെന്നും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ, ജലശുദ്ധീകരണശാലയിൽ നിന്നുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി. NRDWP ഫണ്ടിന്റെ അപര്യാപ്തതമൂലം ഒന്നാം ഘട്ടത്തിലെ നിർമ്മാണം തുടങ്ങാത്ത ഘടകങ്ങളായ ഇൻടേക് പമ്പ് ഹൗസിന്റെ നവീകരണം, കളക്ടിംഗ് ചേംബർ, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, റോ-വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ചെമ്പന്മുടിയിൽ 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി സ്ഥാപിക്കൽ, പഞ്ചാരമുക്കിൽ 2.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി 331 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിരുന്നു. ഇതിൽ ഉൾപ്പെട്ട ഇൻടേക്ക് പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിച്ചു. ബാക്കി പ്രവർത്തികൾ ടെണ്ടർ വിളിച്ചെങ്കിലും കരാറുകാർ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതിനാൽ ടെണ്ടർ റദ്ദ് ചെയ്ത് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതിക അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 41.40 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 3 പാക്കേജുകളായാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. പാക്കേജ് 1-ലെ പ്രവൃത്തികൾ 90% പൂർത്തിയാക്കി. പാക്കേജ് 2-ന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാക്കേജ് 3-ലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പദ്ധതി 2020-ഓടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 31-5-2019 വരെ പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിയുടെ NRDWP-യിൽ ഉൾപ്പെട്ട ഒന്നാംഘട്ടത്തിന് 1077.77 ലക്ഷം രൂപയും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന രണ്ടാംഘട്ടത്തിന് 1509.63 ലക്ഷം രൂപയും ചെലവഴിച്ചു. പദ്ധതിയുടെ ഭാഗമായി പെരുനാട് വില്ലേജിലും നാറാണംമൂഴി പഞ്ചായത്തിലെ അത്തിക്കയം വില്ലേജിലും കുടിവെള്ളം എത്തിക്കാൻ സാധിക്കും. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ താഴെ പറയുന്ന പ്രവർത്തികൾ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ 11 സോണുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്.

1. സോൺ 1 മുതൽ 7 വരെ വിതരണ ശൃംഖല

2. ജലശുദ്ധീകരണശാലയിൽ നിന്നും മന്നംപുഴ ലോ ലെവൽ വരെ ക്ലിയർ വാട്ടർ പമ്പിംഗ് ലെയിൻ

3. മന്നംപുഴ ലോ ലെവൽ മുതൽ മന്നംപുഴ ഹൈലെവൽ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

4. ജലശുദ്ധീകരണ ശാലയിൽ നിന്നും പഞ്ചാരമുക്ക് ജലസംഭരണി വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ.

5. ജലശുദ്ധീകരണശാലയിൽനിന്നും മുണ്ടമല ലോ ലെവൽ വരെ ക്ലിയർ വാട്ടർ പമ്പിങ് മെയിൻ

6. മുണ്ടമല ലോ ലെവൽ മുതൽ മുണ്ടമല ഹൈ ലെവൽ വരെ ക്ലിയർ വാട്ടർ പമ്പിംഗ് ലൈൻ

7. മുണ്ടമല ഹൈ ലെവലിൽ ജലസംഭരണിയുടെ നിർമ്മാണം

8. മുണ്ടമല ലോ ലെവലിൽ പമ്പ് ഹൗസിന്റെ നിർമ്മാണം

9. സോൺ 8,9 എന്നിവിടങ്ങളിൽ വിതരണ ശൃംഖല

10. സോൺ 10,11 എന്നിവിടങ്ങളിൽ വിതരണ ശൃംഖല

11. കോട്ടപാറ മുതൽ മാമ്പാറ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

12. പഞ്ചാരമുക്ക് സാമ്പിൽനിന്നും ചെമ്പൻമുടി ടാങ്ക് വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

13. വിവിധ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുക.

**തലശ്ശേരി കൂത്തുപ്പറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

255(1033) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാൻ ആവശ്യമായിട്ടുള്ളതെന്നും ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി-കൂത്തുപ്പറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് 85.86 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി പാനൂർ മുനിസിപ്പാലിറ്റിക്കും ചൊക്ലി ഗ്രാമപഞ്ചായത്തിനും കുടിവെള്ളമെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മേൽപ്പറഞ്ഞ ഒന്നാം ഘട്ടം ട്രാൻസ്മിഷൻ സംവിധാനം ആണ്. ഒന്നാം ഘട്ടം രണ്ടു പാക്കേജുകളായിട്ടാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

പാക്കേജ്-1

മൈലാടിയിൽനിന്നും കനകമലയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ, 6 ലക്ഷം ലിറ്റർ സമ്പ്, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ തുടങ്ങിയ പ്രവർത്തികൾ

പാക്കേജ്-2

പമ്പിംഗ് മെയിൻ, കനകമലയിൽ നിന്നും കരിയാട് ചൊക്ലി തുടങ്ങിയവയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ, ഉപരിതല ടാങ്ക്, ശുദ്ധജല സംഭരണി തുടങ്ങിയ പ്രവർത്തികൾ.

രണ്ട് പാക്കേജുകൾക്കും ആവശ്യമായ റോഡ് റീഫോർമേഷനുള്ള തുക ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. ഭൂമി ലഭ്യമാകുന്നതോടെ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒന്നാംഘട്ടം, പൂർത്തിയാക്കുന്നതോടുകൂടി നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഒരു പരിധിവരെ കുടിവെള്ളവിതരണം ചെയ്യുവാൻ കഴിയുന്നതാണ്.

(ബി) വിതരണ ശൃംഖല അടങ്ങിയ രണ്ടാംഘട്ടത്തിനുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിശദമായ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഒന്നാംഘട്ടം പൂർത്തിയായതിനുശേഷം രണ്ടാം ഘട്ടത്തിന്റെ പ്രവർത്തിയും (ഉദ്ദേശം ഒന്നര വർഷം) പൂർത്തിയാക്കിയാലേ പദ്ധതിയുടെ ഗുണം പൂർണ്ണമായും ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന് ഭരണാനുമതിയും ധനലഭ്യതയും കിട്ടുന്ന മുറയ്ക്ക് വിതരണഘട്ടം പൂർത്തിയാക്കുന്നതാണ്.

**അങ്കമാലി നിയോജകമണ്ഡലത്തിനായി പ്രഖ്യാപിച്ച കുടിവെള്ള പദ്ധതി**

256(1034) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം അങ്കമാലി നിയോജകമണ്ഡലത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 262.20 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ തടസ്സകാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രഖ്യാപനം വന്നിട്ട് ഇരുപത്തി ഏഴ് മാസം പിന്നിട്ടിട്ടും പദ്ധതി യാഥാർത്ഥ്യമാകാത്തതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ വിളിച്ച യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും യോഗതീരുമാനപ്രകാരം കൈക്കൊണ്ട നടപടിയും വ്യക്തമാക്കാമോ;

(ഇ) ജി. ഒ. (ആർടി.) നമ്പർ 615/2018/ ഡബ്ല്യു. ആർ. ഡി. തീയതി 20-8-2018 ഉത്തരവിൽ പറയുന്ന മൂന്ന് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; എന്നേയ്ക്ക് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷം അങ്കമാലി നിയോജകമണ്ഡലത്തിൽ 116 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉണ്ടായിരുന്നത്. പ്രസ്തുത പദ്ധതിക്കായി 116 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് 22-3-2018-ൽ തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയിൽ സമർപ്പിക്കുകയും 115.93 കോടി രൂപയുടെ അനുമതി 12-11-2018-ൽ കിഫ്ബിയിൽ നിന്ന് ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനാവശ്യമായ വർക്കിംഗ് എസ്റ്റിമേറ്റ് വിവിധ പാക്കേജുകളിലായി തയ്യാറാക്കുന്ന ജോലികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു.

(ബി) ഈ പദ്ധതി രണ്ട് ഭാഗങ്ങളായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. അതിൽ ഭാഗം ഒന്നിന്റെ ഉറവിടം പെരിയാർ നദിയിൽ തോപ്പിൽ കടവിലാണ്. എന്നാൽ പ്രസ്തുത ഉറവിടം അങ്കമാലി നിയോജകമണ്ഡലത്തിന് പുറത്ത് കാഞ്ഞൂർ പഞ്ചായത്ത് പ്രദേശത്ത് ആയതിനാൽ പരിസരവാസികളുടെ എതിർപ്പ് ഉണ്ടാകാനിടയുണ്ടെന്നും പദ്ധതി തടസ്സപ്പെടാൻ സാധ്യതയുണ്ടെന്നും ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ. 4-2-2019-ൽ നടന്ന അവലോകന യോഗത്തിൽ അറിയിക്കുകയും ടി അവലോകന യോഗത്തിലെ നിർദ്ദേശം അനുസരിച്ച് തോപ്പിൽ കടവിൽ വിഭാവനം ചെയ്ത സ്രോതസ്സ് കാലടി പാലത്തിനുസമീപത്തേയ്ക്ക് മാറ്റി വിഭാവനം ചെയ്യുന്നതിന്റെ പ്രായോഗികത പഠിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചതനുസരിച്ച് വിശദമായ സ്ഥല പരിശോധന നടത്തിയെങ്കിലും

അനുയോജ്യമായ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രധാന പൈപ്പ് ലൈനുകൾ വിവിധ പി.ഡബ്ല്യു.ഡി. റോഡുകളിലൂടെ സ്ഥാപിക്കേണ്ടതിനാൽ ആയതിന്റെ റോഡ് പുനരുദ്ധാരണ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. തന്നെ തയ്യാറാക്കി തരേണ്ടതായതിനാൽ ഇക്കാര്യത്തിനായി 18-1-2019-ലും 4-2-2019-ലും സംയുക്ത സ്ഥല പരിശോധന നടത്തിയെങ്കിലും ആയതിന്റെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി.-യിൽ നിന്നും ലഭ്യമായിട്ടില്ല.

(സി & ഡി) 4-2-2019-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു *.

<u>സ്വീകരിച്ച നടപടികൾ</u>

1. ഈ പദ്ധതിയുടെ ആവശ്യത്തിനായി കുഴിക്കേണ്ട റോഡുകളുടെ വിശദവിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

2. ഈ പദ്ധതിയുടെ ഉറവിടം തോപ്പിൽ കടവിൽ നിന്നും കാലടി പാലത്തിന് സമീപത്തേയ്ക്ക് മാറ്റി വിഭാവന ചെയ്യുന്നതിന്റെ പ്രായോഗികത പഠിക്കുന്നതിന് മെയിന്റനൻസ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറും പി.പി.ഡി. വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് 22-5-2019-ൽ സംയുക്ത പരിശോധന നടത്തുകയുണ്ടായി. എന്നാൽ ഉചിതമായതും അനുയോജ്യമായ സ്ഥലം കണ്ടെത്താനായില്ല.

3. മേൽ പദ്ധതിയുടെ നിലവിലുള്ള വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ റോഡ് സർവ്വേ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

മലയാറ്റൂർ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായും സഹകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ)

1. അങ്കമാലി മുനിസിപ്പാലിറ്റിയിലെ അങ്ങാടിക്കടവ് മുതൽ മങ്ങാട്ടുകര വരെയുള്ള പൈപ്പ് ലൈൻ മാറ്റിയിടുന്ന പ്രവൃത്തി-32.77 ലക്ഷം പണി പൂർത്തീകരിച്ചു.

2. അയ്യമ്പുഴ ഗ്രാമീണ ശുദ്ധജല പദ്ധതി-പ്രസ്തുത പദ്ധതിക്കുവേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 40 hp VT പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തി-9.50 ലക്ഷം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. മഞ്ഞപ്ര ഗ്രാമീണ ശുദ്ധജല പദ്ധതി-പ്രസ്തുത പദ്ധതിക്കുവേണ്ടി നീലീശ്വരം പമ്പ് ഹൗസിൽ 40 hp VT പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തി-9.5 ലക്ഷം.

ഇതിന്മേലുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഡിസംബർ 2019-ഓടുകൂടി പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നെയ്യാർ ജലസംഭരണയിൽനിന്ന് അരുവിക്കരയിലേയ്ക്ക് വെള്ളം**

257(1035) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ തലസ്ഥാനത്ത് ഗുരുതരമായ ശുദ്ധജലക്ഷാമം നേരിട്ടപ്പോൾ അടിയന്തര സാഹചര്യം കണക്കിലെടുത്ത് നെയ്യാർ ജലസംഭരണിയിൽനിന്നും അരുവിക്കരയിലേക്ക് വെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ നടപടി ഒഴിവാക്കിയാണോ നടപ്പിലാക്കിയത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) നെയ്യാർ ജലസംഭരണിയിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളമെത്തിക്കുന്ന പദ്ധതി സ്ഥിരം സംവിധാനമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി & സി) 29-4-2017-ലെ സർക്കാർ ഉത്തരവ് സ. ഉ. (സാധാ.) നമ്പർ 379/17/ജ.വി.വ. പ്രകാരം നെയ്യാർ ജലസംഭരണയിൽനിന്നും കരമനയാറ്റിലേയ്ക്ക് വെള്ളം എത്തിക്കുന്ന പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് സാധാരണ ദർഘാസ് നടപടിക്രമങ്ങൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം 6 കോടി രൂപയാണ് അനുവദിച്ചത്. ആയതിൽ നിന്നും 2,88,08,980 രൂപ (രണ്ടുകോടി എൻപത്തിയെട്ട് ലക്ഷത്തിയെണ്ണായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) യാണ് ചെലവായത്.

(ഡി) നെയ്യാറിൽ നിന്നും അരുവിക്കരയിലേയ്ക്ക് വെള്ളമെത്തിക്കുന്ന പദ്ധതി സ്ഥിരം സംവിധാനമാക്കുന്നതിന് നിലവിൽ ആലോചനയില്ല. എന്നാൽ അടിയന്തരഘട്ടത്തിൽ വലിയ പ്രയാസം കൂടാതെതന്നെ നെയ്യാറിൽനിന്നും

കരമനയാറ്റിലേയ്ക്ക് ജലമെത്തിക്കുവാൻ സാധിക്കുന്നതാണ്. നെയ്യാർ ഡാമിനടുത്തായി 120 MLD ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെനിന്നും 100 MLD ജലം തിരുവനന്തപുരം നഗരത്തിനും 20 MLD ജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ദർഘാസുകളുടെ സൂക്ഷ്മപരിശോധന നടന്നുവരുന്നു.

## എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതി

258(1036) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിക്ക് സർക്കാരിൽ നിന്നും തത്ത്വത്തിൽ അംഗീകാരം നൽകുകയും 17.58 കോടി രൂപയുടെ കിഫ്ബി ധനസഹായത്തിനുള്ള അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## മല്ലപ്പള്ളി-ആനിക്കാട് കുടിവെള്ള പദ്ധതി

259(1037) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി -ആനിക്കാട് കുടിവെള്ള പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങൾ പൂർത്തികരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഈ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മല്ലപ്പള്ളി-ആനിക്കാട് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണം 95% പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, പമ്പിംഗ് ലൈനുകൾ, ജല സംഭരണികൾ എന്നിവ ഉൾപ്പെട്ട പ്രവർത്തിക്ക് കരാർ നൽകി പ്രവർത്തികൾ ആരംഭിച്ചു. മല്ലപ്പള്ളി, ആനിക്കാട്, കോട്ടങ്ങൽ (ഭാഗികം) പഞ്ചായത്തിലെ വിതരണ ശൃംഖല മൂന്നാംഘട്ട പ്രവർത്തിക്ക് ആവശ്യമായ സർവ്വേ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാം ഘട്ട പ്രവൃത്തി റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI)-യിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ 2019 ജൂൺ മാസത്തോടെയും രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ 2020 മാർച്ച് മാസത്തോടെയും പൂർത്തീകരിക്കുവാൻ സാധിക്കും. ഈ പ്രവൃത്തികൾ പൂർത്തീകരിച്ച കഴിഞ്ഞാൽ നിലവിലുള്ള വിതരണ ശൃംഖലയിലൂടെ ജലവിതരണം നടത്തുവാൻ സാധിക്കും.

**കീഴാറ്റൂർ കേന്ദ്രമാക്കി കുടിവെള്ള പദ്ധതി**

260(1038) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഫയൽ നമ്പർ WSC3/77/2019/WRD പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റി മഞ്ചേരി ഡിവിഷനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു *.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ 16-03-2019-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. ബന്ധപ്പെട്ട ഫീൽഡ് ഓഫീസിൽ നിന്നും മറുപടി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) വാട്ടർ അതോറിറ്റി മഞ്ചേരി ഡിവിഷനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

(ഇ) ഫീൽഡ് ഓഫീസിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

**കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം പഞ്ചായത്തുകൾക്കുള്ള ശുദ്ധജലപദ്ധതി**

261(1039) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം എന്നീ പഞ്ചായത്തുകൾക്കായുള്ള ശുദ്ധജലപദ്ധതി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് കോടതി പുറപ്പെടുവിച്ച നിരോധനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം എന്നീ പഞ്ചായത്തുകൾക്കായുള്ള ശുദ്ധജലപദ്ധതിയുടെ 40 MLD ജലശുദ്ധീകരണശാല നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കോയിപ്പുറം പഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഉള്ളതുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ തടസ്സം നേരിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലശുദ്ധീകരണശാല നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലത്തിന്റെ ഉടമകൾ ഉൾപ്പെട്ട ഒരു കമ്പനി സ്ഥലം ഏറ്റെടുക്കലിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി ഉത്തരവിൻ പ്രകാരം ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉചിത തീരുമാനം കൈക്കൊള്ളുകയും ചെയ്തതിനെ തുടർന്ന് ഈ കേസിൽ നിലവിൽ കോടതിയുടെ നിരോധനമില്ല. എന്നാൽ സ്ഥലമുടമകൾ ഉൾപ്പെട്ട മറ്റൊരു കമ്പനി വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെതുടർന്ന് ഉചിതമായ നടപടികൾ സ്വീകരിച്ചതിനുശേഷമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള കേസിൽ വസ്തുതകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ബോധ്യപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂർക്കനാട് കുടിവെള്ള പദ്ധതി

262(1040) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖല മങ്കട നിയോജക മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ;

(സി) സമീപകാലത്തുണ്ടായ പ്രളയത്തിന്റെയും നിലവിലെ വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര ഫണ്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മൂർക്കനാട് കുടിവെള്ള പദ്ധതി പ്രതിദിന ആളോഹരി ജലലഭ്യത 40 ലിറ്റർ എന്ന തോതിലാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ ആകത്തക്കതരത്തിൽ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം മങ്കട നിയോജകമണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്നതും ഏകദേശം 63 കോടി രൂപ മതിപ്പുചെലവ് പ്രതിക്ഷിക്കുന്നതുമായ ഒരു പദ്ധതി 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ '(RKI) ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ' (RKI) ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ജപ്പാൻകുടിവെള്ള പദ്ധതി**

263(1041) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുനരാംരംഭിച്ചിട്ടുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ടി പദ്ധതി പൂർത്തികരിച്ച് ജലവിതരണം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പരവൂർ നഗരസഭയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ടി പദ്ധതിയുടെ പണി പൂർത്തീകരിക്കാനുണ്ടെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മീനാട്, ചിറക്കര, പരവൂർ പാർട്ട്, പൂയപ്പള്ളി എന്നീ വില്ലേജുകളിലെ പണികൾ പൂർത്തീകരിച്ചു. പൂതക്കുളം വില്ലേജിൽ 8 കിലോ മീറ്ററും ആദിച്ചനല്ലൂരിൽ 1.4 കിലോമീറ്ററും പരവൂർ മുനിസിപ്പാലിറ്റിയിൽ 4.8 കിലോമീറ്ററും പൈപ്പുകൾ സ്ഥാപിക്കുവാൻ ഉള്ള പണികൾ അവശേഷിക്കുന്നുണ്ട്. പ്രസ്തുത പണികൾ പുരോഗമിച്ചുവരുന്നു.

(ബി) പൂയപ്പള്ളി, ചിറക്കര, ചാത്തന്നൂർ എന്നീ പഞ്ചായത്തുകളിലെ ജിക്കാ മീനാട് കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(സി) പരവൂർ നഗരസഭയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പഴയ കരാറുകാരൻ സ്ഥാപിക്കാതെ പോയ 4800 മീറ്റർ പൈപ്പ് ലൈനുകൾ ഗ്യാപ്പ് കണ്ടുപിടിച്ച് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിൽ 700 മീറ്ററോളം ഗ്യാപ്പ് കണ്ടുപിടിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഭാഗമായ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ആദിച്ചനല്ലൂർ, പൂതക്കുളം എന്നീ വില്ലേജുകൾ പരവൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ പണികൾ പൂർത്തീകരിക്കാനുണ്ട്. ഈ പണികൾ 2020 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുർശ്ശി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ

264(1042) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കാരാകുർശ്ശി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള കാഞ്ഞിരപ്പുഴ ഡാമിനകത്തെ കിണർ അടച്ചതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘവീക്ഷണമോ ആവശ്യമായ പഠനമോ നടത്താതെയാണ് ഇത്തരത്തിൽ ഒരു തീരുമാനമെടുത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിണർ അടയ്ക്കുന്നതിന് ഡാം സുരക്ഷ അതോറിറ്റിയോ ജലവിഭവ വകുപ്പോ എന്തെങ്കിലും തരത്തിലുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കിണർ അടച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കിണർ അടച്ചതുമൂലം ഈ പഞ്ചായത്തുകളിലെ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനും തീരുമാനം പുനഃപരിശോധിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഇല്ല. അറ്റകുറ്റപ്പണികളെത്തുടർന്ന് ജലവിതരണത്തിൽ താൽക്കാലികമായ തടസ്സം അനുഭവപ്പെട്ടിരുന്നു.

(ബി) അണക്കെട്ടിന്റെ ചോർച്ച പരിഹരിക്കുന്നതിനായി പഠനം നടത്തുകയും (Tomography study) പ്രസ്തുത പഠനത്തിൽ കിണറിന്റെ ഭാഗത്ത് നിന്നുള്ള ചോർച്ചയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിരുന്നു. ചോർച്ചയ്ക്ക് പരിഹാരം കാണേണ്ടതാണെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം എടുത്തിട്ടുള്ളത്.

(സി) ഡാമിന്റെ സുരക്ഷ കണക്കിലെടുത്ത് ചോർച്ച പരിഹരിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിക്ക് ഇരുപത്തി അഞ്ചാമത് DRIP സാങ്കേതിക സമിതി 12-10-2017-ൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഡാമിന്റെ അറ്റകുറ്റപ്പണികളെ തുടർന്ന് താൽക്കാലികമായി അനുഭവപ്പെട്ട ജല വിതരണത്തിലെ തടസ്സം മാറി ഇപ്പോൾ ടി പഞ്ചായത്തുകളിൽ സ്ഥിരമായി ജലവിതരണം നടത്തുന്നുണ്ട്.

**ഒളുക്കങ്ങൽ-പൊൻമള കുടിവെള്ള പദ്ധതി**

265(1043) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളുക്കങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഒളുക്കങ്ങൽ-പൊൻമള കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോ വാട്ടർ പമ്പ് ഹൗസ്, 11 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, അനുബന്ധമായിട്ടുള്ള ടാങ്കുകൾ, വിതരണശൃംഖല എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് ഹൗസുകളിൽ വൈദ്യുതി കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 2019 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യാവുന്നതാണ്.

**കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി**

266(1044) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര, നെടുവത്തൂർ തദ്ദേശ സ്ഥാപനങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്ന പദ്ധതിക്കായി വാട്ടർ അതോറിറ്റി സാധ്യതാപഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അതെ.

(ബി) പ്രസ്തുത പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കുളക്കട വില്ലേജിൽ കല്ലടയാറിലെ തെങ്കോലിക്കടവിലാണ് കിണർ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ നിന്നും 5.50 കിലോ മീറ്റർ അകലെയുള്ള എറണാകുളം ജംഗ്ഷനിലെ ശുദ്ധീകരണശാലയുടെ ശേഷി പ്രതിദിനം 16 ദശലക്ഷം ലിറ്ററാണ്. ഉഗ്രൻ കുന്നിലും എസ്.ജി. കോളേജ് ജംഗ്ഷനിലും ഇടയ്യാർ കുന്നിലും അമ്പലം കുന്നിലും പുല്ലാമലയിലും കുറുമ്പല്ലൂരും ആനയത്തും ഇടയൻ കുന്നിലും നെടുവത്തൂരിലും ജലസംഭരണികൾ വിഭാവന ചെയ്തിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിലെ ജലക്ഷാമം**

267(1045) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പല ഉയർന്ന പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വേനൽക്കാലം നീണ്ടുപോകുന്ന സാഹചര്യത്തിൽ തലസ്ഥാനം അഭിമുഖീകരിക്കുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതു പരിഹരിക്കുന്നതിന് മാർച്ച് 2019-ൽ 10 എം.എൽ.ഡി. ജലം അരുവിക്കരയിൽനിന്ന് കൂടുതൽ ലഭ്യമാക്കുന്നതിനുവേണ്ടി അധികമായി പമ്പുകളും പമ്പിംഗ് മെയിനും സ്ഥാപിച്ചു. കൂടാതെ ബൂസ്റ്റർ പമ്പ് ഹൗസിൽ വി.എഫ്.ഡി. (വേരിയബിൾ ഫ്രീക്വൻസി ഡ്രൈവ്) സ്റ്റാർട്ടർ സ്ഥാപിച്ച് അധികമായി ഒരു പമ്പ് കൂടി പ്രവർത്തിപ്പിച്ചു. എന്നാൽ വരൾച്ചമൂലം ഉണ്ടായ അധിക ഉപഭോഗംമൂലം ചില ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ഇതു മറികടക്കുന്നതിനായി വാൽവ് ക്രമീകരണത്തിലൂടെയും ടാങ്കർ ലോറി മുഖേനയും ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി പുതിയ രണ്ടു പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. നിലവിൽ പേപ്പാറ ഡാമിൽ നിന്നുള്ള ജലം കരമന നദി വഴി അരുവിക്കര ഡാമിൽ ശേഖരിച്ച് അരുവിക്കരയിൽ സ്ഥാപിച്ചിട്ടുള്ള വിവിധ ജലശുദ്ധീകരണ

ശാലകൾ വഴി ശുദ്ധീകരിച്ച ജലം തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും എത്തിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 70 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അരുവിക്കരയിൽ കേരള ജല അതോറിറ്റിയുടെ സ്ഥലത്ത് 75 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് നിലവിലുള്ള ജലവിതരണ കുഴലുകൾ വഴി തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുവാനാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്.

2. നെയ്യാർ ഡാമിൽനിന്നും തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലം എത്തിക്കുന്നത് അരുവിക്കര-പേപ്പാറ ഡാമുകൾ കേന്ദ്രീകരിച്ചാണ്. കടുത്ത വേനൽക്കാലത്ത് ഈ ഡാമുകളിൽ ജലനിരപ്പ് ക്രമാതീതമായി താഴുകയും അത് ജല വിതരണത്തെ ബാധിക്കുമെന്ന അവസ്ഥയിലുമാണ്. ഇതിനൊരു പരിഹാരമെന്ന നിലവിൽ നെയ്യാർ ഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല നിർമ്മിച്ച് അവിടെ നിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിലും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. ശുദ്ധീകരിച്ച ജലം 1422 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിച്ച് അതിലൂടെ ഗ്രാവിറ്റിയിൽ തിരുവനന്തപുരം നഗരത്തിൽ എത്തിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ ജലശുദ്ധികരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി 60 കോടി രൂപ സ്റ്റേറ്റ് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് ആവശ്യമായ സ്ഥലം നെയ്യാർ ഡാമിനടുത്തായി ഇറിഗേഷൻ വകുപ്പ് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസിന്റെ പ്രാഥമിക നടപടികൾ നടന്നുവരുന്നു. പൈപ്പുലൈൻ സ്ഥാപിക്കലും അനുബന്ധ ഘടകങ്ങൾക്കുമുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കും.

(ബി) നിലവിലെ സാഹചര്യത്തിൽ വേനൽക്കാലം അഭിമുഖീകരിക്കുന്നതിന് ആവശ്യമായ ജലം പേപ്പാറ ജലസംഭരണിയിൽ ലഭ്യമാണ്. കടുത്ത ജലക്ഷാമത്തിനുള്ള സാഹചര്യമുണ്ടായാൽ വാൽവ് ക്രമീകരണത്തിലൂടെയും ടാങ്കർ ലോറി മുഖേനയും കിയോസ്കുകൾ സ്ഥാപിച്ചും കുടിവെള്ള ലഭ്യത ഉറപ്പാക്കാവുന്നതാണ്.

## അരുവിക്കരയിൽ ജലശുചീകരണ പ്ലാന്റ് നിർമ്മാണം

268(1046) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ പുതിയ ജലശുചീകരണ പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരത്ത് ഉയർന്ന പ്രദേശങ്ങളായ നന്തൻകോട്, കനകനഗർ, ജവഹർനഗർ, ചാരാച്ചിറ, കുറവൻകോണം, നാലാഞ്ചിറ തുടങ്ങിയ സ്ഥലങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരുവിക്കരയിലെ പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. വിവിധ ഘടകങ്ങളുടെ പുരോഗതി താഴെപ്പറയും വിധമാണ്:

1. റാ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കൽ- 90% പൂർത്തിയായി.

2. ഫ്ലോക്കുലേറ്റർ-80% പൂർത്തിയായി.

3. ക്ലാരിഫയർ-75% പൂർത്തിയായി.

4. ഓഫീസ് കെട്ടിടം-90% പൂർത്തിയായി.

5. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ-50% പൂർത്തിയായി.

6. ഫ്ലാഷ് മിക്സർ-75% പൂർത്തിയായി.

7. കെമിക്കൽ ഹൗസ്-95% പൂർത്തിയായി.

8. ഫിൽട്ടർ ഹൗസും സമ്പും-20% പൂർത്തിയായി.

9. എയറേറ്റർ-90% പൂർത്തിയായി.

പദ്ധതിയുടെ ആകെ പുരോഗതി 40%. ടി പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ വാൽവ് ക്രമീകരണത്തിലൂടെയാണ് ടി പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നത്. എന്നാൽ ക്രമാതീതമായ ഉപഭോഗവും പുതിയ കണക്ഷനുകളുടെ വർദ്ധനവും കാരണം ജലസംഭരണികളിൽ ആവശ്യമായ ജലവിതാനം നിലനിർത്താൻ സാധിക്കുന്നില്ല. അരുവിക്കരയിൽ പുതുതായി സ്ഥാപിക്കുന്ന ജലശുദ്ധീകരണശാല പൂർത്തിയാക്കുന്ന മുറയ്ക്ക് ജലസംഭരണി കളിലേയ്ക്ക് കൂടുതൽ ജലം എത്തിക്കുവാനും അതുവഴി ഉയർന്ന പ്രദേശങ്ങളിലെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനും സാധിക്കുന്നതാണ്.

## പള്ളിക്കലാറ്റിൽ തടയണ നിർമ്മാണം

269(1047) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പള്ളിക്കലാറ്റിലെ തടയണ നിർമ്മാണപുരോഗതി വിശദീകരിക്കുമോ; മഴക്കാലമെത്തുന്നതിനുമുമ്പായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടുത്തെ ജലത്തിലെ ഉപ്പിന്റെ അളവ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) പള്ളിക്കലാറ്റിലെ ജലസമൃദ്ധി ഉപയോഗപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പള്ളിക്കലാറ്റിലെ തടയണ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിൽ തടയണകളുടെ നിർമ്മാണവും തടയണയുമായി ബന്ധപ്പെട്ട പള്ളിക്കലാറിന്റെ സംരക്ഷഭിത്തിയുടെ നിർമ്മാണവും കാലാവസ്ഥ അനുകൂലമായാൽ 2019 ജൂൺ 30-ന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പള്ളിക്കൽ ആറ്റിൽ പോരുവഴി ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി താൽക്കാലിക തടയണ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം ജില്ലാ ഗുണപരിശോധന ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഉപ്പ് കലർന്നതായിട്ട് ഇതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പള്ളിക്കലാറ്റിൽ ജലലഭ്യത കുറവായതിനാൽ ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് സാധിക്കുന്നതല്ല.

## കുപ്പിവെള്ള ഫാക്ടറി

270(1048) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ /പൊതുമേഖലയിൽ നിലവിൽ എത്ര കുപ്പിവെള്ള ഫാക്ടറി/ബോട്ട് ലിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ ജില്ലകളിലേയ്ക്ക് ഇത്തരം പ്ലാന്റുകൾ വ്യാപിപ്പിച്ച് ഈ മേഖലയിലെ ചൂഷണത്തിന് കടിഞ്ഞാണിട്ടുകൊണ്ട് കുറഞ്ഞവിലയ്ക്ക് കുപ്പിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യകതമാക്കുമോ;

(സി) മലബാർ മേഖലയിൽ ജലലഭ്യത കൂടുതലുള്ള ഭാഗത്ത് ഇത്തരം പദ്ധതി ആരംഭിക്കുന്നതിനു ആലോചിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരെണ്ണം. പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)യുടെ കീഴിൽ തൊടുപുഴയിൽ 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ള ഫാക്ടറി പ്രവർത്തിച്ചു വരുന്നു.

(ബി & സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ ഒരു കുപ്പിവെള്ള ഫാക്ടറിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ഫാക്ടറിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന കാര്യം തീരുമാനിക്കാവുന്നതാണ്.

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

271(1049) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമോ ഉപേക്ഷിച്ചതോ ആയ തോട്ടങ്ങൾ ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിപ്രകാരം ഏതൊക്കെ തോട്ടങ്ങൾ ഏറ്റെടുത്തുവെന്നും അതിനായി എന്ത് തുക കോമ്പൻസേഷൻ ഇനത്തിൽ നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണ്; ഏത് വർഷം മുതലാണ് തോട്ടം മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. ടി ചർച്ചകളിൽ മിനിമം വേതനം സംബന്ധിച്ച് സമവായത്തിലെത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം 1-2-2019 മുതൽ അനുവദിച്ചുകൊണ്ട് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഒത്തുതീർപ്പ് കരാർ ഉണ്ടാക്കിയിട്ടുണ്ട്.

മിനിമം വേതന നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന വേതന വ്യവസ്ഥയ്ക്ക് പരമാവധി 5 വർഷക്കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ വ്യവസ്ഥ പ്രകാരം നിശ്ചയിക്കുന്ന വേതന കരാറിന് 3 വർഷത്തെ കാലാവധി നിശ്ചയിച്ചുവരുന്നു.

(സി) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്ന വിഷയം സർക്കാർ വിവിധതലങ്ങളിൽ സജീവമായി പരിശോധിച്ചുവരുന്നു.

**കായംകുളം ഐ.ടി.ഐ.-യ്ക്ക് സ്ഥലം കണ്ടെത്തുന്നത്**

272(1050) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ കായംകുളം നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കായംകുളം ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് പുതുതായി സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നടപടികളും അവയുടെ പുരോഗതിയും വിശദമാക്കാമോ?

ഉത്തരം

കായംകുളം ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കായംകുളം വില്ലേജിൽ 113/26, 26-21,139/48, 49 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 1 ഏക്കർ 15 സെന്റ് സ്ഥലം Negotiated purchase പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ

അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് കായംകുളം നഗരസഭ 75 ലക്ഷം രൂപ ജില്ലാ കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ സ്പെഷ്യൽ തഹസീൽദാരെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിക്കുകയും സ്ഥലം ഉടമകളുടെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്ന് തരംതിരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിന് ആവശ്യമായ വഴികൂടി ഏറ്റെടുത്ത് സ്ഥലം ഐ.ടി.ഐ.-യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാന്റേഷൻ ടാക്സ്

273(1051) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) എത്ര ഹെക്ടറിന് മുകളിലുള്ള തോട്ടങ്ങൾക്കാണ് നിലവിൽ പ്ലാന്റേഷൻ ടാക്സ് അടയ്ക്കേണ്ടത്; ഹെക്ടറിന് എന്ത് തുകയാണ് ഇത്തരത്തിൽ അടയ്ക്കേണ്ടത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിലൂടെ സർക്കാരിന് പ്രതിവർഷം എന്ത് തുക നഷ്ടം സംഭവിക്കും; ഇതിനായി 1960-ലെ തോട്ടം ഭൂമി നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ട് ഹെക്ടറിന് മുകളിലുള്ള തോട്ടങ്ങൾക്കാണ് നിലവിൽ പ്ലാന്റേഷൻ ടാക്സ് അടയ്ക്കേണ്ടത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടം കണക്കാക്കിയിട്ടില്ല. നിയമഭേദഗതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

274(1052) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചികിത്സ ലഭിക്കുന്ന സ്വകാര്യ/സർക്കാർ/സഹകരണ ആശുപത്രികൾ ഏതെല്ലാമാണെന്നും; ഏതൊക്കെ ചികിത്സകളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം നൽകിവരുന്ന ചികിത്സാ ആനുകൂല്യങ്ങളുടെ പരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചികിത്സ ലഭിക്കുന്ന സ്വകാര്യ/സർക്കാർ/സഹകരണ ആശുപത്രികളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. പ്രസ്തുത ആശുപത്രികളിൽ ലഭ്യമായ എല്ലാതരം ചികിത്സകളും പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.

(ബി) 2019 മാർച്ച് 31 വരെ 30,000 (മുപ്പതിനായിരം) രൂപ മാത്രം അടിസ്ഥാന കവറേജ് ഉണ്ടായിരുന്ന പദ്ധതി 2019 ഏപ്രിൽ 1 മുതൽ 5,00,000 (അഞ്ച് ലക്ഷം) രൂപയുടെ ഉയർന്ന ചികിത്സ ആനുകൂല്യ കവറേജ് ഉള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ പരിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി കൂടുതൽ ചികിത്സാനുകൂല്യം ജനങ്ങൾക്ക് ലഭ്യമാകുന്നു.

**കേരളാ ലേബർ വെൽഫയർ ഫണ്ട് ബോർഡ്**

275(1053) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലേബർ വെൽഫയർ ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ബോർഡിൽ നിന്നും തൊഴിലാളികൾക്ക് ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തൊഴിലാളി വിഭാഗങ്ങളാണ് ഈ ക്ഷേമ ബോർഡിന്റെ പരിധിയിൽ വരുന്നതെന്നറിയിക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൊഴിലാളികൾക്ക് ലഭ്യമായ ആനുകൂല്യം ആകെ എത്ര രൂപയാണ് ;

(ഡി) ഈ സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനച്ചെലവ് ജീവനക്കാരുടെ വേതനം ഉൾപ്പെടെ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരു വർഷം തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കാൾ കൂടിയ തുക ജീവനക്കാർക്ക് ശമ്പളം നൽകാനായി വേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനു ആവശ്യമായ തുക സ്വരൂപിച്ച് തൊഴിലാളികൾക്കായി ക്ഷേമപ്രവർത്തനങ്ങൾക്ക് സംഘടിപ്പിക്കുക, ഒഴിച്ചുകൂടാനാകാത്ത സാമൂഹിക ആവശ്യങ്ങൾക്ക് വിനിയോഗിക്കുക എന്നിവയാണ് ബോർഡിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ നിന്നും തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു:

1. തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്.

2. തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്.

3. അടിയന്തിരാശ്വാസ പദ്ധതി (മരണാനന്തര സഹായ പദ്ധതി)

4. ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളികൾക്കുള്ള ചികിത്സാ സഹായ പദ്ധതി.

5. ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. ഐ.ടി.ഐ. പരിശീലന പദ്ധതി

7. തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ടൂർ സബ്സിഡി.

8. ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം

9. കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി

10. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

11. കുമളിയിലെ തൊഴിലാളികളുടെ വിശ്രമ കേന്ദ്രം.

12. അന്ധർ, ബധിരർ, മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽ അവിവാഹിതരായ മക്കൾക്കുള്ള ക്ഷേമനിധിയിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം.

13. വരിക്കാരായ സ്ത്രീ തൊഴിലാളികൾക്ക്/അവരുടെ പെൺമക്കൾക്ക് വിവാഹ ചെലവിന് നൽകുന്ന ധനസഹായ പദ്ധതി.

(ബി) 1. 1948-ലെ ഫാക്ടറീസ് നിയമം സെക്ഷൻ 2-എം-ൽ പറയുന്ന തൊഴിലാളികളും സെക്ഷൻ 85(2)-ൽ പറയുന്ന തൊഴിലാളികളും,

2. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിന്റെ സെക്ഷൻ 2(ജി)-യിൽ വരുന്ന തൊഴിലാളികൾ.

3. 1951-ലെ പ്ലാന്റേഷൻ നിയമം സെക്ഷൻ 2(എഫ്)-ൽ വരുന്ന തൊഴിലാളികൾ

4. 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾ.

(സി) 16,61,997 രൂപ (പതിനാറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം)

(ഡി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന ചെലവ് (ജീവനക്കാരുടെ വേതനം ഉൾപ്പെടെ) ആകെ 2,02,15,402 രൂപ (ആകെ രണ്ട് കോടി രണ്ട് ലക്ഷത്തി പതിനഞ്ചായിരത്തി നാന്നൂറ്റി രണ്ട് രൂപ മാത്രം) ആണ്.

(ഇ) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിതരാകുന്ന ജീവനക്കാർക്ക് നിശ്ചിത ശമ്പള സ്കെയിൽ അടിസ്ഥാനമാക്കിയാണ് ശമ്പളം നൽകുന്നത്. തൊഴിലാളികൾക്ക് അവർ അടയ്ക്കുന്ന തുകയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നത്. ആയതിനെ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളവുമായി തുലനം ചെയ്യാൻ സാധ്യമല്ല.

**ക്ഷേമ ബോർഡുകൾ**

276(1054) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തൊഴിലാളി ക്ഷേമ ബോർഡുകൾ ഏതൊക്കെയാണ്;

(ബി) ഏതുതരത്തിലാണ് ഇവയുടെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ക്ഷേമ ബോർഡുകൾ ഒരു വർഷത്തിൽ ബന്ധപ്പെട്ട തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തെക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിനുകീഴിൽ താഴെപ്പറയുന്ന 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു:

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഷോപ്സ്& കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്
14. കേരള ബീഡി& സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള ചുമട്ടു തൊഴിലാളി തൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

(ബി) അനുബന്ധമായി ചേർക്കുന്നു *.

(സി) കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നുണ്ട്. സെസ്സ് പിരിവിനെതിരെ സ്റ്റേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലനിൽക്കുന്നതിനാൽ തൊഴിലാളി അംശാദായം മാത്രമാണ് നിലവിൽ ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം. ആയതിനാൽ 2018 മാർച്ച് മാസം വരെയുള്ള ആനുകൂല്യങ്ങൾ മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ആകെ വരുമാനത്തിന്റെ പത്ത് ശതമാനം ആണ് ഭരണച്ചെലവിനായി പദ്ധതിയിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ കാലാകാലങ്ങളായുള്ള ജീവനാക്കാരുടെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളുടെയും വർദ്ധനവ് കാരണം അനുവദിച്ച പരിധിയിൽ കൂടുതൽ തുക ഭരണച്ചെലവ് ആകാറുണ്ട്. ആയതിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങാറാണ് പതിവ്. എന്നാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തേക്കാൾ ബോർഡിന്റെ ഭരണച്ചെലവ് അധികരിക്കാറില്ല.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾ വരുമാനത്തിലുള്ള കുറവുമൂലവും അധികരിച്ച ഭരണച്ചെലവ് കാരണവും നിലനിൽക്കാൻ പ്രയാസപ്പെടുന്നവയാണ്. ഈ സാഹചര്യത്തിൽ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളുടെ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാധ്യമാകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ക്ഷേമനിധി ബോർഡുകളുടെ സംയോജനം

277(1055) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഭരണ ചെലവ് കുറയ്ക്കുന്നതിനും വേണ്ടി ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എത്ര ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഈ സംയോജനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഇതിനകം എത്ര കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത സംയോജനത്തിലൂടെ ബോർഡുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും അതിലെ അംഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്ക് താമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനും സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ?

<u>ഉത്തരം</u>

(എ & ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ക്ഷേമനിധി ബോർഡുകളുടെ ഏകീകരണം സംബന്ധിച്ച് പഠിക്കുന്നതിന് ശ്രീനിവാസൻ കമ്മിറ്റിയെ നിയമിച്ചിരുന്നു. കൂടാതെ 2-7-2014-ന് ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗതീരുമാനത്തെത്തുടർന്ന് ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരുന്നു.

(ഡി) ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടന വഴി ഭരണച്ചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആനുകൂല്യവിതരണം നടത്തുന്നതിനും സാധിക്കും.

**തൊഴിലാളി ക്ഷേമനിധി ബോർഡുകൾ**

278(1056) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തൊഴിലാളി ക്ഷേമനിധി ബോർഡിലുമായി എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇ.എസ്.ഐ.യിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു; ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലുമായി ആകെ 79,80,206 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽവരുന്ന കൊച്ചിൻപോർട്ട് ട്രസ്റ്റിലെ തൊഴിലാളികളിൽ 828 പേരും, വന്നതിനുശേഷം 2019 ഏപ്രിൽ വരെ 737 പേരുമാണ് ഇ.എസ്.ഐ.-യിൽ അംഗങ്ങളായിട്ടുള്ളത്. ശേഷിക്കുന്ന ബോർഡുകളിലെ അംഗങ്ങൾ ഇ.എസ്.ഐ.-യിൽ ഉൾപ്പെട്ടിട്ടില്ല.

## തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനം

279(1057) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി തൊഴിലാളികളുടെ ആവശ്യങ്ങളും അവകാശങ്ങളും ഉറപ്പാക്കുന്നതിന് പര്യാപ്തമായ സംവിധാനം നിലവിലുണ്ടോ;

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനം പുനഃസംഘടിപ്പിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## പുതിയ സംരംഭങ്ങൾ

280(1058) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര പേർക്ക് തൊഴിൽ നൽകിയെന്നും എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ അഭ്യസ്തവിദ്യരുടെ ബാഹുല്യം പരിഗണിച്ച് കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഐ.ടി.ഐ.-കളിൽ കാലിക പ്രാധാന്യമേറിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്(കേരളം) വകുപ്പ് മുഖേന 30-4-2019 വരെ 34,878 (മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തി എട്ട്) പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വെക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിലേയ്ക്കായി (അൻപത് ശതമാനം പരമാവധി 25,000 (ഇരുപതിനായിരം രൂപ) സബ്സിഡിയോടുകൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 4,92,47,000 (നാല് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരം) രൂപ സ്വയം തൊഴിൽ വായ്പയായി വിതരണം ചെയ്യുകയും 985 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിംഗിൽ വിവിധ സ്വയം തൊഴിൽസംരഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശിലനവും നൽകിവരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങും മറ്റു പരിശീലനങ്ങളും നൽകിവരുന്നു.

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം ആകെ 13,300 സ്വയംതൊഴിൽ സംരംഭങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പദ്ധതി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

കെസ്റു-2,527 സംരംഭങ്ങൾ

മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്-219 സംരംഭങ്ങൾ.

ശരണ്യ-10,554 സംരംഭങ്ങൾ

ആകെ 13,300 സംരംഭങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം KASE-ന്റെ വിവിധ സ്ഥാപനങ്ങൾ വഴിയായി 23,976 പേർക്ക് തൊഴിൽ ലഭ്യമാക്കുകയുണ്ടായി. എംപ്ലോയിബിലിറ്റി സെന്റർ വഴി 20,734 പേർക്കും മികവിന്റെ കേന്ദ്രങ്ങൾ വഴി 1,061 പേർക്കും accreditation വഴി 2,181 പേർക്കുമാണ് തൊഴിൽ ലഭ്യമാക്കിയത്.

ഈ കാലയളവിൽ 9 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുകയും (Accreditation), 2 മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുകയുണ്ടായി. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Centre of Excellence:

1. School of Water Technology(SWAT)

2. KASE Global Nursing Leadership Academy (KGNLA)

Accreditation:

1. Dhanwanthari Charitable Society

2. Intercad Systems Pvt. Ltd;

3. Incatek Solutions Pvt. Ltd;

4. Blitz Academy

5. Sports Management Research Institute (SMRI)

6. SMEC Automation Pvt. Ltd;

7. Atheos Institute of Skills Excellence

8. Induscan Petroleum Institute

9. Thoughts Academy Pvt. Ltd;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് 14 ജില്ലകളിലെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് സ്വയംതൊഴിൽ ബോധവൽക്കരണ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള തൊഴിൽരഹിതർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) വ്യവസായിക പരിശീലന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിനു കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസ്സുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്.

കോഴ്സുകൾ പരിഷ്കരിക്കുന്നത് അനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ടതും, തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും, തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിനും കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്.

## കിലയുടെ പ്രവർത്തനങ്ങൾ

281(1059) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്നാണ് സ്ഥാപിതമായതെന്നും ഇത്തരമൊരാശയം ആദ്യമായി ആരാണ് മുന്നോട്ട് വച്ചതെന്നും വ്യക്തമാക്കാമോ;

(ബി) കിലെ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഈ പ്രവർത്തനങ്ങൾക്കു ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കിലെയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എവിടെനിന്നാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കിലെയുടെ ആസ്ഥാനമെവിടെയാണെന്നും ജില്ലകളിൽ കിലെയുടെ പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പിക്കാറുണ്ടോ എന്നും എങ്കിൽ അത്തരത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1978 ഫെബ്രുവരി 4-നാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് സ്ഥാപിതമായത്. ശ്രീ. ഉമ്മൻ ചാണ്ടി തൊഴിൽ വകുപ്പുമന്ത്രി യായിരുന്ന കാലത്താണ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

(ബി) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, ശിൽപ്പശാലകൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവ കിലേ സംഘടിപ്പിച്ചുവരുന്നു. കൂടാതെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി ഗവേഷണപഠനങ്ങളും പ്രസിദ്ധീകരണങ്ങളും കിലേ നടത്തുന്നു. ഈ പ്രവർത്തനങ്ങൾക്കായി ലഭ്യമായ രേഖകൾ പ്രകാരം 6,52,33,151 രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.ഐ.റ്റി.എം. എന്ന സ്ഥാപനവുമായി ചേർന്ന് 5 സർട്ടിഫിക്കറ്റ് കോഴ്സുകൾ, 2 ഡിപ്ലോമ കോഴ്സുകൾ, 2 പി.ജി. ഡിപ്ലോമ കോഴ്സുകൾ

എന്നിവ കിലേ നടത്തിയിരുന്നു. ഇപ്രകാരം 206 പട്ടികജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ 1808 വിദ്യാർത്ഥികൾ കോഴ്സ് പാസ്സാവുകയും 1094 പേർക്ക് ഇൻഡ്യയിലും വിദേശത്തുമായി ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരള സർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡ്.

(ഡി) തിരുവനന്തപുരത്താണ് കിലയുടെ ആസ്ഥാനം. മറ്റ് ജില്ലകളിലും കിലയുടെ പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കില ഓരോ ജില്ലയിലും പരിശീലന പരിപാടികളും ശില്പശാലകളും സെമിനാറുകളും അനുസ്മരണ പ്രഭാഷണങ്ങളും സംഘടിപ്പിച്ചുവരുന്നു.

## ഭവനരഹിതരായ തോട്ടം തൊഴിലാളികൾ

282(1060) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ ലയങ്ങളുടെ അവസ്ഥ പരിതാപകരമാണെന്നത് വസ്തുതയല്ലേ;

(ബി) പ്രസ്തുത ലയങ്ങളെ കെട്ടിടനികുതിയിൽനിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഭവനരഹിതരായ എത്ര തോട്ടം തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇവർക്ക് വീട് പണിത് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്.

(സി) തോട്ടം മേഖലയിലെ ഭൂരഹിതരും ഭവനരഹിതരുമായ തൊഴിലാളികളെ സംബന്ധിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിലെ വിവരം ചുവടെ ചേർക്കുന്നു:

കാറ്റഗറി 1:-റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ-4197

കാറ്റഗറി 2:-റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമുണ്ടാവുകയും എന്നാൽ വീടില്ലാത്തവരുമായവർ-1040

കാറ്റഗറി 3:- നിലവിൽ തോട്ടത്തിനകത്ത് ജോലി ചെയ്ത് വരുന്നവരിൽ കേരളത്തിൽ സ്വന്തമായി സ്ഥലമുള്ളവർ (സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാവരുമായവർ)-4825

കാറ്റഗറി 4:- സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത തോട്ടം തൊഴിലാളികൾ-22529

(ഡി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും, ഒരു ഹാളും, അടുക്കളയും, ടോയിലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പെൻഷൻ

283(1061) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെങ്ങനെയാണ് നടപ്പിലാക്കുക എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ പെൻഷൻ സ്കീമിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെടുമെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിയുടെ സാമ്പത്തിക വിശദീകരണം നൽകാമോ?

ഉത്തരം

(എ) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2-8-2018-ലെ 49/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുറഞ്ഞത് പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന്, സ്ഥിരമായി ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, 60 വയസ്സ് തികഞ്ഞാലോ അംഗത്തിന്റെ അപേക്ഷ പ്രകാരം പെൻഷൻ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ 1,200 രൂപയാണ് പ്രതിമാസ പെൻഷൻ. കൂടാതെ

അർഹരായവർക്ക് പെൻഷൻ തുകയുടെ 50% ഫാമിലി പെൻഷൻ അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. 18-5-2015-ലെ സ. ഉ. (അച്ചടി) നമ്പർ 55/2015/തൊഴിൽ പ്രകാരം ഒരംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുന്നതു വരെയുള്ള തൊഴിലാളികളുടെയും തൊഴിലുടമയുടെയും അംശാദായം നിധിയിലേയ്ക്ക് അടച്ചാൽ അങ്ങനെയുള്ള അംഗത്തിനും പെൻഷൻ നൽകിവരുന്നു.

(സി) നിലവിൽ 231 പേർക്കാണ് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകിവരുന്നത്.

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ തൊഴിലാളിയും അംശാദായമായി പ്രതിമാസം 20 രൂപ വീതവും ഓരോ തൊഴിലുടമയും, ഓരോ തൊഴിലാളിക്കും വേണ്ടി പ്രതിമാസം 20 രൂപ വീതവും അംശാദായമായി പദ്ധതിയിലൊടുക്കണം. സ്വയം തൊഴിൽ ചെയ്യുന്നയാൾ ആകെ 40 രൂപ ഒടുക്കണം. 4-12-2018-ലെ സ. ഉ. (കൈ.) നമ്പർ 72/18 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നുമാത്രം പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തണമെന്നും, പെൻഷനുമായി ബന്ധപ്പെട്ട് യാതൊരു ബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ലായെന്നും, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി 134 കോടി രൂപയുടെ സ്ഥിരനിക്ഷേപം മാറ്റിവയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ വിതരണത്തിന് വേണ്ടി 134 കോടി രൂപയുടെ സ്ഥിരനിക്ഷേപം തിരുവനന്തപുരം ജില്ല ട്രഷറിയിൽ പെൻഷൻ ഫണ്ടായി മാറ്റിവെച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നുള്ള പലിശ ഉപയോഗിച്ചാണ് ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷന വിതരണം ചെയ്തുവരുന്നത്.

## ചുമട്ടുതൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് കലാമിറ്റി റിലീഫ്

284(1062) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന കലാമിറ്റി റിലീഫ് തുക വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ എന്നാണ് ബോർഡ് പ്രസ്തുത തീരുമാനം എടുത്തത്; ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര പേർക്ക് കലാമിറ്റി റിലീഫ് ഫണ്ട് അനുവദിച്ചു;

(സി) ഇനി എത്ര പേർക്ക് ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) കലാമിറ്റി ഫണ്ടിൽ നിന്നും തുക ലഭിക്കുവാൻ അർഹതപ്പെട്ടവർക്ക് അടിയന്തരമായി അത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) തീരുമാനിച്ചിട്ടുണ്ട്. 10,000 രൂപ (പതിനായിരം രൂപ) ആയിരുന്ന കലാമിറ്റി റിലീഫ് തുക ബോർഡിന്റെ സർക്കുലർ നമ്പർ 39/2017-18 പ്രകാരം 3-1- 2018 തീയതി മുതൽ 20,000 രൂപ (ഇരുപതിനായിരം രൂപ) ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18-ലെ ബോർഡിന്റെ ബഡ്ജറ്റ് യോഗത്തിൽ അവതരിപ്പിച്ച പ്രസ്തുത വിഷയം 3-1-2018-ൽ സർക്കാർ അംഗീകരിച്ചതിന് ശേഷമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതുവരെ 5 പേർക്ക് കലാമിറ്റി റിലീഫ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) 3-6-2019 വരെ 51 പേർക്ക് ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കാനുണ്ട്:

| | |
|---|---|
| ആലപ്പുഴ | 14 |
| പാലക്കാട് | 2 |
| ഇടുക്കി | 1 |
| തൃശ്ശൂർ | 27 |
| മലപ്പുറം-കൊണ്ടോട്ടി | 1 |
| എറണാകുളം-തൃപ്പൂണിത്തുറ | 3 |
| പാലക്കാട്-ഒറ്റപ്പാലം | 3 |

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

285(1063) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ മേഖലയിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്നും അവ നേരിടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വിശദമാക്കാമോ;

(സി) നഗരഗ്രാമീണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലും നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായിഅപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സാതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. കൂടാതെ 1-4-2019 മുതൽ 1200 രൂപയായും ക്ഷേമനിധി പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിക്കുന്നത് വഴി ഭരണചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആനുകൂല്യവിതരണം നടത്തുന്നതിനും സാധിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 26 തൊഴിൽ മേഖലകളിലെ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 10 തൊഴിൽ മേഖലകളിൽ സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇനിയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളിൽ ആയത് പുതുക്കി നിശ്ചയിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമൈശ്വരങ്ങളും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിനായി സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) നഗരഗ്രാമീണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിൽ വൈദഗ്ധ്യത്തിലും പരിശീലനത്തിലും നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് ഇരിപ്പിടം

286(1064) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിലെ ഇരിപ്പിട അവകാശം സംബന്ധിച്ച നിയമം സർക്കാർ പാസ്സാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിയമപാലനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് ഇരിപ്പിടം നൽകേണ്ട തൊഴിലുടമകൾ ഇക്കാര്യത്തിൽ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ആഴ്ചയിൽ എല്ലാ ദിവസവും കടകൾ തുറക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധി നിർബന്ധമായും നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഫലപ്രദമായ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ ;

(ഡി) തൊഴിൽ വകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്ക് ഏർപ്പെടുത്തിയിരുന്ന പിഴത്തുക ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ-സി) സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുവാൻ തൊഴിലുടമകൾ ബാദ്ധ്യസ്ഥരാണ്. തൊഴിൽ വകുപ്പിനു കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ഈ വിഷയങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നിയമം പാലിക്കാത്ത തൊഴിലുടമകൾക്ക് നോട്ടീസ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി നിയമനടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഫയൽ ചെയ്ത കേസുകളിന്മേൽ വിചാരണ നടന്നുവരികയാണ്. ഭേദഗതി വരുത്തിയ പ്രകാരമുള്ള പിഴത്തുക ഇതുവരെ കേസുകളിൽ ചുമത്തിയിട്ടില്ല.

## നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികളുടെ പുനരധിവാസം

287(1065) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം തൊഴിലാളികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളിലാണ് ഇപ്പോഴും നെല്ലിയാമ്പതിയിൽ സർക്കാർ ഏറ്റെടുത്ത തോട്ടങ്ങളിലെ തൊഴിലാളികൾ താമസിച്ചുവരുന്നത്. ഗ്രാറ്റുവിറ്റി ഇനിയും ലഭിച്ചിട്ടില്ലാത്ത 86 തോട്ടം തൊഴിലാളികൾക്ക് ആയത് ലഭ്യമാക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിലാളികൾക്ക് പ്രാഥമികസൗകര്യങ്ങൾ

288(1066) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലാസ്ഥാപനങ്ങളിലെ വനിതാജീവനക്കാർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് പ്രാഥമികസൗകര്യങ്ങൾക്കുപുറമെ ഇരിപ്പിടവും കുടിവെള്ളവും ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് നിരീക്ഷിക്കുന്നതിന് വകുപ്പുതലനടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ഈ വിഷയത്തിൽ ആവശ്യമായ പരിശോധനകൾ നടത്തിവരുന്നു. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലിസമയം**

289(1067) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലിസമയം എത്ര മണിക്കൂറായാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിജപ്പെടുത്തിയിട്ടുള്ള സമയത്തിലും കൂടുതൽ സമയം ജോലി ചെയ്യാൻ ജീവനക്കാരെ നിർബ്ബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി സമയം സ്പ്രെഡ് ഓവർ ഉൾപ്പെടെ 10 ½ മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരാതികൾ പരിശോധിക്കുകയും സ്ഥാപനങ്ങൾ പരിശോധിച്ച് തൊഴിലുടമയ്ക്ക് നിയമപ്രകാരമുള്ള വസ്തുതകൾ മനസ്സിലാക്കിക്കൊടുക്കുകയും, അധികസമയം ജോലി ചെയ്യിക്കുന്നതിന് അധിക വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ലേബർ ക്യാമ്പുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി**

290(1068) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളുടെ സ്ഥിതി ശോചനീയമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥലങ്ങളിൽനിന്നും പകർച്ചവ്യാധികൾ പടരുവാനുള്ള സാഹചര്യം ഗൗരവമുള്ളതായി കാണുന്നുണ്ടോ;

(സി) ഇത്തരം ലേബർ ക്യാമ്പുകളിൽ നിരന്തരപരിശോധന നടത്തുന്നതിലും അവിടെ ആവശ്യമായ സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിലും തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉപേക്ഷ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ലേബർ ക്യാമ്പുകളിൽ നിരന്തരപരിശോധന നടത്തി വൃത്തിഹീനമായ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി & ഡി) ലേബർ ക്യാമ്പുകളിൽ നിരന്തര പരിശോധന നടത്തുന്നതിനും അവിടെ ആവശ്യമായ സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിലും തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉപേക്ഷയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ. ഉ. (സാധാ.)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും മെഡിക്കൽ ക്യാമ്പ്, ബോധവത്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം**

291(1069) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം അവരുടെ നാടുകളിൽ എത്തിക്കുന്നതിന് ഏജന്റുമാർ വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മരണമടയുന്നവരുടെ മൃതശരീരം വിമാനത്തിൽ കൊണ്ടുപോകുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ഉണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നല്കിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഭൗതിക ശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണ് കുറവ് അത് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും നൽകിവരുന്നു. മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മേൽ തുക അനുവദിക്കുന്നത്. ടി തുക കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് റീക്രൂപ്പ് ചെയ്ത് നൽകുന്നുണ്ട്.

## പുതുതായി ആരംഭിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ

292(1070) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്; അവ എവിടെയൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന സർക്കാരിന് കീഴിൽ പത്തനംതിട്ട, മുക്കം, കട്ടപ്പന എന്നീ സ്ഥലങ്ങളിലായി 3 ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ മൂന്നാറിൽ ഒരു ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസും ആരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ചെറുവണ്ണൂർ-1, ചെറുവണ്ണൂർ-2, ചക്കോരത്തുകുളം, ചാലപ്പുറം, ചേമഞ്ചേരി, ചുങ്കം, എരഞ്ഞിപ്പാലം, കൈനാട്ടി, കുന്നത്തുപാലം, മാവൂർ, പുതിയറ, മുക്കം എന്നീ 12 ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

293(1071) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ ഡിമാന്റ് ലഭ്യമാക്കിയതിനെ തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നെങ്കിലും തീരുമാനമാകാത്തതിനാൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം അനുവദിക്കുകയും വേതന പരിഷ്കരണം സംബന്ധിച്ച തുടർ ചർച്ചകൾ പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

തോട്ടം തൊഴിലാളികൾക്കും ടി മേഖലയിലെ സൂപ്പർവൈസറി, സെലക്ടഡ് സ്പെഷ്യൽ കാറ്റഗറി, കുക്ക് തുടങ്ങിയ തസ്തികയിലുള്ള മാസശമ്പളക്കാരായ ജീവനക്കാർക്കും പ്രതിദിനം 50 രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിച്ചുകൊണ്ടും ആയതിന് 2019 ഫെബ്രുവരി 1-ാം തീയതി മുതൽ പ്രാബല്യം നൽകികൊണ്ടും 27-2-2019-ാം തീയതിയിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒത്തുതീർപ്പ് കരാർ ഉണ്ടാക്കിയിട്ടുണ്ട്.

## തൊഴിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക

294(1072) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ഓരോ കമ്പനി/ബോർഡ്/ കോർപ്പറേഷനിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്ര; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അവശേഷിക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപ്പറേഷനിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് തയ്യാറാകാത്ത സ്ഥാപനമേധാവികളുടെ മേൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിശദവിവരങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ഡി) സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## തൊഴിൽ വകുപ്പിനുകീഴിലുള്ള ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ

295(1073) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള ഏതെല്ലാം കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്ത ഏതെല്ലാം സ്ഥാപനങ്ങളുണ്ടെന്ന് അറിയിക്കുമോ; ഇത്തരം തസ്തികയിലെ നിയമനം പി.എസ്.സി.വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ;

(സി) തൊഴിൽ വകുപ്പിനുകീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെയും നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിൽ സ്പെഷ്യൽ റൂൾ നിലവിലുള്ള കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ഉൾപ്പെടെയുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) തൊഴിൽ വകുപ്പിൽ പി.എസ്.സി. വഴി നിയമനം നടത്താത്ത ബോർഡുകളുടെ പേരുവിവരം താഴെപ്പറയുന്നു:

1. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
2. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്.
4. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്.
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.

സ്പെഷ്യൽ റൂൾ രൂപീകരിച്ച് തസ്തിക നിർണ്ണയിക്കാത്തതുമൂലമാണ് മുകളിൽ സൂചിപ്പിച്ച ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കാത്തത്.

(സി)സ്പെഷ്യൽ റൂൾ രൂപീകരിക്കാത്ത ബോർഡുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നമുറയ്ക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

296(1074) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഡോ. കെ. എസ്. ചന്ദ്രശേഖരൻ തയ്യാറാക്കി സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ട് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ യോഗം പരിഗണിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അക്കാദമിയുടെ തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കി അക്കാദമിയുടെ നിർമ്മാണോദ്ഘാടനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. കെ. എസ്. ചന്ദ്രശേഖരൻ കരട് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടി പ്രോജക്റ്റ് റിപ്പോർട്ട് ബോർഡ് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയത് 17-11-2018-ന് സമർപ്പിച്ചിരുന്നു. 21-11-2018-ന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗം കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ച് ഒരു വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം തീരുമാനത്തിനായി 15-12-2018-ലെ 212-ാമത് ബോർഡിൽ ടി വിഷയം സമർപ്പിക്കുകയും ബോർഡ് തീരുമാനപ്രകാരം കേരള കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനം സംബന്ധിച്ചും പ്രസ്തുത 10 ഏക്കർ സ്ഥലത്ത് ചുറ്റുമതിൽ

നിർമ്മിക്കുന്നതിനുമായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ വിശദമായ പ്രാജക്ട് റിപ്പോർട്ട് നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡ് തീരുമാനപ്രകാരം അക്കാദമിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## കാട്ടാക്കടയിൽ അസിസ്റ്റന്റ് ലേബർ ഓഫീസ്

297(1075) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കണമെന്നുള്ള ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## നൈപുണി കേന്ദ്രങ്ങൾ

298(1076) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന നൈപുണി കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ ജനസംഖ്യാപരമായ സവിശേഷതകൾ വിലയിരുത്തി പ്രത്യേകമായ കഴിവുകൾക്കനുസരിച്ചുള്ള മാതൃകകൾ സ്വീകരിക്കുകയും, വാണിജ്യകേന്ദ്രങ്ങളുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിക്കുക, പരിശീലന പടിപാടികൾ ആസൂത്രണം ചെയ്യുകയും, നടപ്പിലാക്കുകയും ചെയ്യുക, തൊഴിൽ ലഭ്യമാക്കുക എന്നിവയാണ് നൈപുണ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം.

(ബി) ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE-ന്റെ അംഗീകാരം (Accreditation) ലഭ്യമാക്കുന്നതോടൊപ്പം മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ കരിയർ നൈപുണ്യ വികസന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എംപ്ലോയബിലിറ്റി സെന്റർ:

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-2013 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) :

ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലേയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.കൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

മോഡൽ കരിയർ സെന്റർ:

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്നവിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ, ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്.

നിയുക്തി മെഗാ ജോബ് ഫെയർ :

സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തിവരുന്നുണ്ട്.

## എംപ്ലോയബിലിറ്റി സെന്ററുകൾ

299(1077) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; നിലവിൽ ഏതെല്ലാം ജില്ലകളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ;

(സി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അത് അർഹരായ ഉദ്യോഗാർത്ഥികളിൽ എത്തിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന പരിശീലനം നല്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നാളിതുവരെയായി എത്ര ആളുകൾക്ക് വിവിധ മേഖലകളിൽ ജോലി നല്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. എംപ്ലോയബിലിറ്റി സെന്റർ :

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരമുണ്ടാക്കി കൊടുക്കുന്നുണ്ട്.

സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

2. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.) :

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-2017 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽമേഖലയിലേയും നൂതന പ്രവണതകളെ

കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്.

3. <u>മോഡൽ കരിയർ സെന്റർ</u> :

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യമേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ് പോർട്ടർ മോഡൽ കരിയർ സെന്ററിന്റെ വെബ്പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടു കൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തിയ ശേഷം ആവശ്യമായ നൈപുണ്യ പരിശീലനം നൽകി സ്വകാര്യമേഖലയിലെ വിവിധ തൊഴിലുകൾക്ക് അവരെ പ്രാപ്തരാക്കുന്നു. ഇപ്രകാരം തൊഴിലിന് പ്രാപ്തരായ ഉദ്യോഗാർത്ഥികളെ സ്വകാര്യ മേഖലയിലെ ഉദ്യോഗ ദായകരുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഡ്രൈവുകൾ/ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അതുവഴി തൊഴിൽ നേടിയെടുക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ അവസരമൊരുക്കി കൊടുക്കുന്നുണ്ട്.

(ഡി) ഉണ്ട്. എംപ്ലോയബിലിറ്റി സെന്ററുകൾ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിവിധ മൃദുനൈപുണ്യ പരിശീലനങ്ങളും കമ്പ്യൂട്ടർ പരിശീലനവും നൽകിവരുന്നുണ്ട്.

(ഇ) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നാളിതുവരെയായി 49,935 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്.

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

300(1078) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയിന്മേൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതിയ കോഴ്സുകൾ എത്രയും വേഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് റെഫ്രിജറേഷൻ &

എയർകണ്ടീഷനിംഗ്, മെഷിനിസ്റ്റ്, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിക്കുന്നതിനായി ടി ട്രേഡുകളിലെ കഴിഞ്ഞ 3 മുതൽ 5 വരെ വർഷങ്ങളിലെ പ്ലെയിസ്മെന്റ് വിവരം മാർക്കറ്റ് സ്റ്റഡി/ഇൻഡസ്ട്രി അനാലിസിസ് നടത്തി ടി ട്രേഡുകളുടെ തൊഴിൽ സാധ്യത സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## കയ്യൂർ ഐ.ടി.ഐ.

301(1079) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ഐ.ടി.ഐ-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) KIIFB-യുടെ ധനസഹായത്തോടുകൂടി കയ്യൂർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 4.23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. KIIFB-യുടെ മാനദണ്ഡപ്രകാരം, ടി പ്രോജക്ടിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ പുതുതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി

302(1080) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട് ഒരു ഐ.ടി.ഐ. സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയിട്ടും ഐ.ടി.ഐ. ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വാഴക്കാട് ഐ.ടി. ഐ സ്ഥാപിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി & സി) മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് 2015-ൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ടി ഉത്തരവിൽ ട്രേഡുകളോ, തസ്തികകളോ അനുവദിച്ചിരുന്നില്ല. ആയതിനാൽ ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വാഴക്കാട് ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം ഉൾപ്പെടാത്തതിനാൽ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശകൾ പരിഗണിച്ചില്ല.

**വാമനപുരം നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ.**

303(1081) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി ആദിവാസികൾക്കുവേണ്ടി ഐ.റ്റി.ഐ. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമല ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി ട്രൈബൽ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

304(1082) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഫണ്ട് ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം വൈകുന്നതിന്റെ സാങ്കേതിക തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ചുള്ള നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളത് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നരിപ്പറ്റ ഐ.ടി.ഐ.-യ്ക്ക് സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ.-യ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി & സി) നരിപ്പറ്റ ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നരിപ്പറ്റ വില്ലേജിൽ സർവ്വെ നമ്പർ 101/4-ൽ പെട്ട 2 ഏക്കർ സ്ഥലം വ്യവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് ലാൻഡ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് സർവ്വേയർ ഭൂമിയുടെ സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ വടകര താലൂക്ക് ഓഫീസിലാണുള്ളത്.

**ചാലക്കുടി സർക്കാർ ഐ.ടി.ഐ.**

305(1083) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചാലക്കുടി സർക്കാർ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനായി കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഫണ്ട് അനുവദിപ്പിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) KIIFB-യുടെ ധനസഹായത്തോടുകൂടി ചാലക്കുടി ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 8.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. KIIFB-യുടെ മാനദണ്ഡപ്രകാരം, ടി പ്രോജക്ടിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## വൈക്കത്ത് സർക്കാർ ഐ.ടി.ഐ.

306(1084) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത വൈക്കം നിയോജകമണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ. തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ 5 സർക്കാർ ഐ.ടി.ഐ.-കളും 20 സ്വകാര്യ ഐ.ടി.ഐ.-കളുമുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

സർക്കാർ ഐ.ടി.ഐ.-കൾ:

1. ഗവ.ഐ.ടി.ഐ., ഏറ്റുമാനൂർ.
2. പി.റ്റി.സി.എം. ഗവ.ഐ.ടി.ഐ., പള്ളിക്കത്തോട്, കോട്ടയം.
3. ഗവ.ഐ.ടി.ഐ. (വനിത) ചങ്ങനാശ്ശേരി, കോട്ടയം.
4. ഗവ.ഐ.ടി.ഐ., പെരുവ, കോട്ടയം
5. ഗവ. ഐ.ടി.ഐ., തിരുവാർപ്പ് കോട്ടയം

സ്വകാര്യ ഐ.ടി.ഐ.കളുടെ പേരും വിലാസവും:

1. ഡോ.സക്കീർ ഹുസൈൻ മെമ്മോറിയൽ പ്രൈവറ്റ് ഐ.ടി.ഐ., ചങ്ങനാശ്ശേരി
2. ട്രോണിക്സ് പ്രൈവറ്റ് ഐ.ടി.ഐ., പാല
3. സെന്റ് ജോൺസ് പ്രൈവറ്റ് ഐ.ടി.ഐ., മൈലാടി
4. മന്നം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ പ്രൈവറ്റ് ഐ.ടി.ഐ., പാല
5. മാത്യൂസ് മാർ ഇവാനിയോസ് പ്രൈവറ്റ് ഐ.ടി.ഐ., പോത്തൻപുറം
6. യംഗ് ഇന്ത്യ പ്രൈവറ്റ് ഐ.ടി.ഐ., തലയോലപ്പറമ്പ്.
7. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ഐ.ടി.ഐ, അഞ്ചിലിപ്പ,
8. എസ്.ഐ.ഐ.ടി. പ്രൈവറ്റ് ഐ.ടി.ഐ., തലയോലപ്പറമ്പ്

9. ഐ.സി.എം. കമ്പ്യൂട്ടർ പ്രൈവറ്റ് ഐ.ടി.ഐ., തലയോലപ്പറമ്പ്.

10. മേരീമാതാ പ്രൈവറ്റ് ഐ.ടി.ഐ., കടുത്തുരുത്തി.

11. അസ്സീസ്സി പ്രൈവറ്റ് ഐ.ടി.ഐ. ഫോർ ഡെഫ്, നീർപാറ

12. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ., മണർകാട്.

13. എൻ.ഐ.സി.റ്റി. കമ്പ്യൂട്ടേഴ്സ് പ്രൈവറ്റ് ഐ.ടി.ഐ., കോട്ടയം.

14. എസ്.റ്റി.സി. പ്രൈവറ്റ് ഐ.ടി.ഐ., തിരുനക്കര.

15. ശ്രീനാരായണ പ്രൈവറ്റ് ഐ.ടി.ഐ., കാളികാവ്.

16. ഭാരത് പ്രൈവറ്റ് ഐ.ടി.ഐ., കോട്ടയം.

17. പി.ടെക് പ്രൈവറ്റ് ഐ.ടി.ഐ., പേരൂർ.

18. ടെക്നോ പ്രൈവറ്റ് ഐ.ടി.ഐ., ഏറ്റുമാനൂർ

19. സെന്റ് ജോസഫ് പ്രൈവറ്റ് ഐ.ടി.ഐ., നാഗമ്പടം.

20. സെന്റ് ആന്റണീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ഐ.ടി.ഐ., പാല.

(ബി)ഇപ്പോൾ പരിഗണനയിലില്ല.

**തിരുവമ്പാടി ഗവണ്മെന്റ് ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം**

307(1085) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ തിരുവമ്പാടി ഗവണ്മെന്റ് ഐ.ടി.ഐ.യുടെ കെട്ടിടനിർമ്മാണം ആരംഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതികാനുമതി ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) അക്രെഡിറ്റഡ് ഏജൻസി തയ്യാറാക്കുന്ന ഡി.പി.ആർ.-ന് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവമ്പാടി ഐ.ടി.ഐ.-യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നത് CMP Architect എന്ന സ്ഥാപനമായിരുന്നു. പി.ഡബ്ല്യു.ഡി. ഇതര ഏജൻസി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആയതിനാൽ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പൊതുമരാമത്ത് വകുപ്പ് ഉന്നയിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികളുടെ അവലോകനത്തിനായി തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-5-2019-ൽ കോഴിക്കോട് കളക്ടറേറ്റിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള വിശദമായ ഡ്രോയിംങ്, എസ്റ്റിമേറ്റ് എന്നിവ അടിയന്തരമായി തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം), സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് Architectural വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ വിഷയം തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിഗണനയിലില്ല.

## ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം

308(1086) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് പുതിയതായി ആരംഭിച്ചിട്ടുള്ള ഐ.ടി.ഐ.-യ്ക്ക് നിലവിലുള്ള താത്കാലിക കെട്ടിടത്തിന് പകരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുൻപിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധമായ നിർദ്ദേശങ്ങൾ നിലവിലില്ലെങ്കിൽ പുതിയ കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി

ചിത്തിരപുരം ഹൈസ്കൂളിന്റെ അധീനതയിലുള്ള സ്ഥലത്തുനിന്നും 3 ഏക്കറിൽ കുറയാതെ ഭൂമി ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കാമെന്ന് പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സമ്മതപത്രം നൽകിയിരുന്നു. ആയത് ലഭ്യമായിട്ടില്ല. സ്ഥലം അടിയന്തരമായി ലഭ്യമാക്കണമെന്ന് പള്ളിവാസൽ ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക്, ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ**

309(1087) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകളോ, നിലവിലുള്ള ട്രേഡുകളിൽ അധിക ബാച്ചോ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ ഡി-സിവിൽ, ഡ്രസ് മേക്കിംഗ് എന്നീ ട്രേഡുകൾക്ക് അധികമായി ഒരു യൂണിറ്റുകൂടി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഐ.ടി.ഐ.-യുടെ വികസനത്തിനായി പൊതുവായി എന്തെല്ലാം നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പെയിന്റർ ജനറൽ, ഡ്രസ്സ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റുകൂടി അനുവദിക്കുന്നതിനുള്ള വ്യക്തമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പെയിന്റർ ജനറൽ ട്രേഡ് വർക്ക്ഷോപ്പ് നവീകരണത്തിനായി 2017-18 വർഷം 24,84,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കെട്ടിടം

310(1088) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത് ആരാണ്; വിശദ വിവരങ്ങൾ നൽകാമോ;

(സി) ഈ കെട്ടിടം പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പ്ലാൻ & എസ്റ്റിമേറ്റ് സർക്കാർ അംഗീകൃത ഏജൻസിയായ തിരുവനന്തപുരം ജില്ലാ നിർമ്മിതികേന്ദ്രയിൽ നിന്നും ലഭ്യമാക്കിയിരുന്നു. സമർപ്പിത എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. ആയതിനാൽ ഇന്റീരിയർ ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ടി സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ & എസ്റ്റിമേറ്റ് അംഗീകരിച്ച്, നിർമ്മാണ ചുമതല നൽകി, ബന്ധപ്പെട്ട സർക്കാർ അംഗീകൃത ഏജൻസിയും വകുപ്പും തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി

311(1089) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക ഉൾപ്പടെയുള്ള തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം വ്യാപകമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക നിയമനം നേരിട്ട് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 3-5-2017 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും ഇവിടെ നിന്നും ലഭ്യമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി "കൈവല്യ"പുനരധിവാസ പദ്ധതി പുതുതായി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ച് "കരിയർ ഡെവലപ്മെന്റ് സെന്ററുകൾ" ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരത്ത് മോഡൽ കരിയർ സെന്റർ പുതുതായി ആരംഭിക്കുകയുണ്ടായി.

വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പാക്കിവരികയാണ്. ഇതേവരെ 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പാക്കികഴിഞ്ഞു. ബാക്കിയുള്ള ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാന്റേഷൻ പോളിസി

312(1090) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്ലാന്റേഷൻ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാനനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) തോട്ടം മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; ആയത് പ്രസ്തുത മേഖലയിൽ ഉളവാക്കിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കിയിരുന്ന സീനിയറേജ് (Seigniorage) തുക പൂർണ്ണമായും ഒഴിവാക്കുന്നതുസംബന്ധിച്ച് ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷൻ സമർപ്പിച്ച തോട്ടം മേഖലയിലെ പ്രതിസന്ധിയെപ്പറ്റിയുള്ള റിപ്പോർട്ടിൽ എന്തെങ്കിലും ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ ശിപാർശ എന്തായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) കമ്മീഷൻ നൽകിയ ശിപാർശയിൽ മാറ്റം വരുത്തിയത് ഏതു സാഹചര്യത്തിലാണ്; ഇത് പ്ലാന്റേഷൻ മേഖലയിലെ വൻകിടക്കാരെ സഹായിക്കുവാൻ വേണ്ടിയാണെന്ന ആക്ഷേപം വസ്തുതാപരമല്ലേ?

### ഉത്തരം

(എ) ഇല്ല.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

റീ പ്ലന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം ബാധകമാക്കുന്നതിനുള്ള നിയമന ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. പാട്ടക്കാലാവധി അവസാനിക്കുന്നമുറയ്ക്ക് തോട്ടങ്ങളുടെ പാട്ടംപുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടിസ്വീകരിച്ചു.

ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

തൊഴിലാളികളുടെ വേതന പരിഷ്കരണം കാലാകാലം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

പ്ലാന്റേഷൻ മേഖലയുടെ പ്രശ്നപരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു.

(സി) റബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് ഒഴിവാക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

"തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീ പ്ലാന്റിനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനംവകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം."

(ഡി) സീനിയറേജ് സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശത്തിൽ മാറ്റംവരുത്തിയിട്ടില്ല. ടി നിർദ്ദേശപ്രകാരം റീപ്ലാന്റേഷനുവേണ്ടി റബർമരങ്ങൾ മുറിച്ച് മാറ്റുമ്പോൾ സീനിയറേജ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് പ്ലാന്റേഷൻ മേഖലയിലെ വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലഹരി വസ്തുക്കളുടെ ഉപയോഗം

313(1091) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കാമോ;

(സി) വിമുക്തി പദ്ധതിയിൽ നിയോജക മണ്ഡലം തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കുകീഴിൽ 2018-ൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചുവെന്നും അതിലെത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്താകെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുംപുറമെ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വിമുക്തി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്.

(സി) 'വിമുക്തി' മിഷന്റെ ഭാഗമായി 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചതിനുപുറമേ, ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ്

അസോസിയേഷൻസ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നിയോജകമണ്ഡലം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ കീഴിൽ നടപ്പിലാക്കുന്നില്ല.

(ഡി) വിമുക്തി ബോധവത്കരണ പരിപാടികൾക്കായി 2018-2019 വർഷത്തിൽ 27,87,62,200 രൂപ അനുവദിച്ചതിൽ 11,63,23,493 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ലഹരി വസ്തുക്കളുടെ ലഭ്യത

314(1092) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ മദ്യ മയക്കുമരുന്ന് മാഫിയകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ലഹരി മരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ലഭ്യത കൂടുന്നതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് പൊതുജനവുമായി സഹകരിച്ച് നവീന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഹരി മരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനായി എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോഎക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതോടൊപ്പം അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിലും ദേശീയപാതകളിലും ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധനയും നടത്തിവരുന്നു.

ലഹരിമരുന്ന് മാഫിയകളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് അത്തരം കേസുകൾ കണ്ടെത്തുമ്പോൾ കൂടുതൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത അന്വേഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി മേജർ എൻ.ഡി.പി.എസ് കേസുകൾ കണ്ടെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ലഹരി ഉപയോഗത്തിനെതിരെ ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ക്യാമ്പസുകളിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് പോലിസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി. എന്നിവയുടെ പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നതാണ്. ലഹരിവിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ചിട്ടയായി പ്രവർത്തനം നടത്തിവരുന്നുണ്ട്.

## ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും

315(1093) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുകയുടെ ലഹരി ഉല്പന്നങ്ങൾ പിടിച്ചെടുത്തുവെന്ന വിവരം കഞ്ചാവ്,ഹാഷിഷ്,ബ്രൗൺഷുഗർ, മാരകമായ രാസലഹരി വസ്തുക്കൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ ഇനത്തിലും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തു ; എത്ര പേരെ പിടികൂടി; എത്ര പേരെ പിടികൂടാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സ്കൂൾ കോളേജ് കുട്ടികൾക്ക് ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ എത്ര കച്ചവടക്കാരെയും മറ്റുള്ളവരെയും പിടികൂടി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി ഉദ്ദേശം 1000 കോടി രൂപയുടെ മയക്കുമരുന്ന് പിടികൂടി നടപടി സ്വീകരിച്ചിട്ടുണ്ട്.

| കണ്ടുപിടിച്ച ലഹരിവസ്തുക്കൾ | പിടികൂടിയ മയക്കുമരുന്നുകളുടെ തൂക്കം |
|---|---|
| കഞ്ചാവ് | 4845 കി.ഗ്രാം |
| ഹാഷിഷ് ഓയിൽ | 104 കി.ഗ്രാം |
| ബ്രൗൺ ഷുഗർ | 730 ഗ്രാം |
| എൽ.എസ്.ഡി. | 10.8 ഗ്രാം |
| എം.ഡി.എം.എ. | 31.1 കി.ഗ്രാം |
| ചരസ് | 640 ഗ്രാം |
| ഓപ്പിയം | 5.66 കി.ഗ്രാം |
| മയക്കുമരുന്ന് ഗുളികകൾ | 78,017 എണ്ണം |

(സി) കഞ്ചാവ് കേസുകൾ-16,497, ഹാഷിഷ് ഓയിൽ കേസുകൾ 107, ബ്രൗൺ ഷുഗർ 52, മറ്റ് മാരകമായ രാസലഹരി വസ്തുക്കൾ കൈകാര്യം ചെയ്ത കുറ്റത്തിന് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 1477 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലായി ആകെ 18,973 പേരെ പിടികൂടിയിട്ടുള്ളതും 188 പേരെ പിടികൂടാനുമുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സ്കൂൾ കോളേജ് കുട്ടികൾക്ക് നിരോധിത പുകയില ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ കുറ്റത്തിന് 7025 പ്രതികളെ പിടികൂടുകയും 10,420 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

## എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

316(1094) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത് എന്ന് അറിയിക്കാമോ;

(ബി) എണ്ണായിരം ജനങ്ങൾക്ക് ഒരു എക്സൈസ് ഓഫീസർ എന്ന നിലയിലുള്ള സ്റ്റാഫ് പാറ്റേൺ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുവാനും ലഹരിവിമുക്ത നവകേരളം സൃഷ്ടിക്കുവാനും ഉതകുന്നതാണോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും പുതിയ സർക്കിളുകൾ ആരംഭിക്കുന്നതിനും എക്സൈസ് ക്രൈംബ്രാഞ്ച് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1968-ൽ

(ബി&സി) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നിരവധി പുതിയ തസ്തികകൾ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. 6 പുതിയ സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് വിഭാഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സജീവമായി പരിഗണിച്ചുവരുന്നു.

## എക്സൈസ് വിഭാഗത്തിലെ ക്രൈംബ്രാഞ്ച്

317(1095) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വിഭാഗത്തിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

എക്സൈസ് വിഭാഗത്തിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ബാറുകൾ അനുവദിക്കുന്ന നടപടി

318(1096) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അടച്ചുപൂട്ടിയ എത്ര ബാറുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തുറന്നിട്ടുണ്ട്;അവ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് കൂടുതൽ ബാറുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 347 ബാറുകൾ തുറന്നിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിലുള്ള അബ്കാരി നയപ്രകാരം ത്രീ സ്റ്റാർ പദവിയോ അതിനുമുകളിലോ ഉള്ള ഹോട്ടലുകൾക്ക് നിയമപരമായ യോഗ്യതയുള്ള പക്ഷം, ബാർ ലൈസൻസ് അനുവദിക്കുന്നുണ്ട്.

## മയക്കുമരുന്ന്-കഞ്ചാവ് വിൽപ്പന തടയുന്നതിന് നടപടി

319(1097) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്നും കഞ്ചാവും വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക മണ്ഡലത്തിൽനിന്നും ഇപ്രകാരം എത്ര കഞ്ചാവ് പിടികൂടിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എക്സൈസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ വിഭാഗം ജീവനക്കാരുടെ സുരക്ഷയ്ക്ക് കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പുറമേ രക്ഷാകർത്താക്കളുടേയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 'വിമുക്തി' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്.

(ബി) നാട്ടിക മണ്ഡലത്തിൽനിന്നും 121 കേസുകളിലായി 6.250 കിലോഗ്രാം കഞ്ചാവ് പിടികൂടിയിട്ടുണ്ട്.

(സി)എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്ക് ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ തസ്തികകളിലായി ആകെ 244 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമേ 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങൾക്കായി 31 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ഡി)138 എക്സൈസ് റെയിഞ്ച് ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. എറണാകുളം, പാലക്കാട് ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിച്ചിട്ടുള്ളതും എക്സൈസ് ചെക്ക് പോസ്റ്റുകളിലും സോളാർ ലൈറ്റ്, ഇൻവെർട്ടർ എന്നിവ

സ്ഥാപിച്ചിട്ടുള്ളതും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 പുതിയ സ്കൂട്ടറുകളും 26 ഓഫീസുകളിൽ വനിതാ ജീവനക്കാർക്കായി പ്രത്യേക റസ്റ്റ് റൂമും, ടോയിലറ്റും നിർമ്മിച്ചിട്ടുള്ളതുമാണ്. ഫീൽഡ് ഓഫീസുകളിലേയ്ക്ക് 12 പുതിയ വാഹനങ്ങളും, ഫൈബർ ലാത്തി, സിഗ്നൽലൈറ്റ്ബാറ്റൺ, കുട, ഹാൻഡ്കഫ് എന്നിവയും ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്.

(ഇ) ജീവനക്കാരുടെ സുരക്ഷയ്ക്ക് കൂടുതൽ പരിഗണന നൽകുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**വിദേശമദ്യ ഔട്ട് ലൈറ്റുകളിലെ മിന്നൽ പരിശോധന**

320(1098) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദേശ മദ്യ ഔട്ട് ലെറ്റുകളിൽ മിന്നൽ പരിശോധന നടത്തിയ വിജിലൻസ് വിഭാഗം വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനമോ ചിട്ടയോ ഇല്ലാതെയാണ് ഔട്ട് ലെറ്റുകളുടെ പ്രവർത്തനമെന്ന് വിജിലൻസ് കണ്ടെത്തുകയുണ്ടായോ;

(സി) വിൽപന കേന്ദ്രങ്ങളിൽ ബില്ലടിക്കുന്ന യന്ത്രത്തിന് വില 16,000 രൂപയും ഒരു വർഷത്തെ അതിന്റെ സർവ്വീസ് ചാർജ് 60,000 രൂപയും ആണെന്ന് കണ്ടെത്തുകയുണ്ടായോ;

(ഡി) വിവിധ ഔട്ട് ലെറ്റുകളിൽനിന്ന് കണക്കിൽപ്പെടാത്ത തുകയും ചിലയിടങ്ങളിൽ ഔട്ട് ലെറ്റുകളോട് ചേർന്ന കെട്ടിടങ്ങളിലും മറ്റും വൻ തുക ഒളിപ്പിച്ചു വച്ചതായും കണ്ടെത്തുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബിവറേജസ് കോർപ്പറേഷന്റെ 48 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. എന്നാൽ, ഈ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

**ബിവറേജസ് കോർപ്പറേഷന്റെ വില്പനശാലകളുടെ പെയിന്റിംഗ്**

321(1099) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കടുത്ത ചായം പൂശി മനോഹരമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി ഏതെങ്കിലും പ്രത്യേക കമ്പനിയുടെ പെയിന്റ് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനിയുടെതെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം കെട്ടിടങ്ങൾ ചായം പൂശിയ വകയിൽ ബിവറേജസ് കോർപ്പറേഷന് എന്ത് തുക ചെലവായെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളുടെ നവീകരണത്തിന്റെ ഭാഗമായും സമാനരീതിയിൽ കാണുന്നതിനായും എല്ലാ ചില്ലറ വില്പനശാലകളും ഒരേ തരത്തിലുള്ള നിറങ്ങൾ പൂശണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പൂശേണ്ട നിറത്തിന്റെ മാതൃക നൽകിയിട്ടുണ്ട്. ഇപ്രകാരം ഏഷ്യൻ പെയിന്റിന്റെ പ്രത്യേക കോഡ് നമ്പറുള്ള ചായം ഉപയോഗിക്കണമെന്ന് കോർപ്പറേഷൻ നിർദ്ദേശം നൽകിയിരുന്നു.

(സി) കെട്ടിട ഉടമകൾ അവരുടെ സ്വന്തം ചെലവിൽ ചായം പൂശണമെന്നാണ് നിർദ്ദേശിച്ചത് ഏതെങ്കിലും കെട്ടിട ഉടമ അതിന് വിസമ്മതിക്കുകയാണെങ്കിൽ ആയത് 50:50 എന്ന വ്യവസ്ഥയിൽ പരമാവധി 5,000 രൂപ കോർപ്പറേഷൻ ചെലവിൽ ചെയ്യുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെലവായ തുകയുടെ കണക്ക് അന്തിമമായി ലഭ്യമായിട്ടില്ല.

**ബിവറേജസ് കോർപ്പറേഷനിലെ ലേബലിംഗ് ജീവനക്കാർ**

322(1100) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; സ്ഥിരപ്പെടുത്തുന്ന ഏറ്റവും ജൂനിയറായ ഉദ്യോഗസ്ഥന് എത്ര വർഷത്തെ താല്ക്കാലിക സർവ്വീസുണ്ട്; വ്യക്തമാക്കാമോ;

(സി) ഇവരുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് എന്തെങ്കിലും കോടതി കേസ് നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജോലിയിൽ സ്ഥിരപ്പെടുത്താത്തതിൽ പ്രതിഷേധിച്ച് ലേബൽ ഒട്ടിക്കുന്ന ജീവനക്കാർ കഴിഞ്ഞ ഈസ്റ്റർ കാലത്ത് ജോലിയിൽ മെല്ലെപ്പോക്ക് നടപ്പിലാക്കിയതിനാൽ കൺസ്യൂമർ ഫെഡ് പോലുള്ള സ്ഥാപനങ്ങൾക്ക് സമയത്ത് മദ്യം നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. 7-6-2018-ലെ ജി. ഒ. (എംഎസ്.) നമ്പർ 41/18/നി.വ. പ്രകാരം 437 പേരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. ഏറ്റവും ജൂനിയറായ ജീവനക്കാരന് 3 വർഷത്തെ താൽക്കാലിക സർവ്വീസാണുള്ളത്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 12-2-2015-ലെ W.P.(C) No.4570/15 മുതലായ കേസുകളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ മറ്റു കേസുകൾ നിലവിലില്ല.

(ഡി) കെ.എസ്.ബി.സി. എഫ്.എൽ-9 ആലപ്പുഴ വെയർഹൗസിൽ നിന്നും മദ്യം വാങ്ങുന്ന കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾ ഈസ്റ്റർ സീസണിൽ മുൻകൂറായി പണമടച്ചിട്ടും അവർക്ക് വൈകിയാണ് മദ്യം ലഭിച്ചതെന്ന് കണ്ടെത്തുകയുണ്ടായി. കൺസ്യൂമർഫെഡറേഷന്റെ ചില്ലറ വില്പനശാലകൾക്ക് നൽകാനുള്ള മദ്യക്കുപ്പികളിൽ ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ പതിക്കുന്നതിന് കാലതാമസം നേരിട്ടതാണ് ഇതിന് കാരണം. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി. എഫ്.എൽ-9 ആലപ്പുഴ വെയർ ഹൗസിലെ ലേബലിംഗ് അസിസ്റ്റന്റ്, ലേബലിംഗ് വിഭാഗത്തിലെ അബ്കാരി വർക്കർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന**

323(1101) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനയിൽ വ്യാപകമായ അഴിമതി നടക്കുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മദ്യവില്പനയിലെ അഴിമതി പരിശോധിക്കാനും അത് തടയാനും നിലവിൽ എന്തു സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് കാര്യക്ഷമമല്ലെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) അഴിമതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.-1 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സി.-യ്ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡി.-യ്ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സി-യുടെ എല്ലാ പ്രവൃത്തിക്രമങ്ങളും, നയങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-2019 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തിയതിൽ സ്റ്റോക്കിലും വില്പനത്തുകയിലും ഏകദേശം 5.56 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും, ടി കാലയളവിൽ ബാധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും 2.94 കോടി രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതിനായി കണ്ടെത്തുകയും 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുപുറമേ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്.

(സി) 2018-2019 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം എഫ്.എൽ-1 ചില്ലറ വില്പനശാലകളിൽ 6343 പരിശോധനകൾ നടത്തിയിട്ടുണ്ട്. എഫ്.എൽ.-1 ചില്ലറ വില്പനശാലകളെ സംബന്ധിച്ച് കൂടുതൽ പരാതികളുണ്ടാകുന്ന സാഹചര്യത്തിൽ പരിശോധനകൾ വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിൽ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം

324(1102) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ഇടപാടുകൾ നിയന്ത്രിക്കാൻ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ടോ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ ലേബൽ ഒട്ടിക്കുവാൻ ബിവറേജസ് കോർപ്പറേഷന്റെ സംഭരണശാലകളിൽ എത്തിയവരെ ജീവനക്കാരാക്കി സ്ഥിരപ്പെടുത്തുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയുന്നതിനും ചട്ടപ്രകാരം പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലേയ്ക്കായി ERP സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഓർഡർ നൽകുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതും കൂടാതെ ഇതിനാവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളുംവാങ്ങുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയുമാണ്.

(ബി&സി) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ ലേബലിംഗ് വർക്കർ തസ്തിക ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് 426 തൊഴിലാളികളെ സ്ഥിരപ്പെടുത്തി ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതിനുമുൻപും കെ.എസ്.ബി.സി.-യിൽ പ്രവൃത്തിയെടുത്തിരുന്ന ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തിക്കൊണ്ട് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു ഈ വിഷയത്തിൽ ആക്ഷേപങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ല.

**ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ വിജിലൻസ് പരിശോധന**

325(1103) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തരം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രത്യേക ബ്രാന്റ് മദ്യം മാത്രം വിൽക്കുന്നതിന് ജീവനക്കാർ താല്പര്യം എടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ അടുത്തകാലത്ത് വിജിലൻസ് പരിശോധന നടത്തിയതിന്റെ സാഹചര്യത്തിൽ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റോക്കിലും വില്പനത്തുകയിലും കുറവുവരുത്തുക, ഉപഭോക്താക്കളിൽ നിന്നും മദ്യത്തിന് അധികവില ഈടാക്കുക, ചില ബ്രാൻഡുകൾ പൂഴ്ത്തിവയ്ക്കുക തുടങ്ങിയ ക്രമക്കേടുകളാണ് വിവിധ പരിശോധനകളിലായി കണ്ടെത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ-1 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ബെവ്കോയിൽനിന്നും കൺസ്യൂമർഫെഡിന് മദ്യം നൽകാത്ത സാഹചര്യം

326(1104) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ്റ്റർ കാലത്ത് ആലുവയിൽ വില്പന നടത്തുവാൻ കൺസ്യൂമർ ഫെഡ് മുൻകൂർ തുക അടച്ച് മദ്യം ആവശ്യപ്പെട്ടിട്ടും ബെവ്കോയിൽനിന്നും ആയത് നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) പ്രസ്തുത കാലയളവിൽ കൺസ്യൂമർ ഫെഡിന് മദ്യം നൽകാതെ ബാറുടമകൾക്ക് മദ്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) ഈസ്റ്റർ കാലത്ത് കൺസ്യൂമർഫെഡ് മുൻകൂർ തുക അടച്ച് മദ്യം ആവശ്യപ്പെട്ടിട്ട് ഇത് നൽകാത്ത സാഹചര്യം ആലുവ വെയർ ഹൗസിൽ

ഉണ്ടായിട്ടില്ല. എന്നാൽ ആലപ്പുഴ വെയർഹൗസിൽ ഇപ്രകാരം താമസമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിന്റെ ചെയർമാൻ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുകയും കെ.എസ്.ബി.സി. എഫ്.എൽ.-9 ആലപ്പുഴ വെയർഹൗസിൽ നിന്നും മദ്യം വാങ്ങുന്ന കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾ ഈസ്റ്റർ സീസണിൽ മുൻകൂറായി പണമടച്ചിട്ടും അവർക്ക് വൈകിയാണ് മദ്യം ലഭിച്ചതെന്ന് കണ്ടെത്തുകയുമുണ്ടായി. കൺസ്യൂമർ ഫെഡറേഷന്റെ ചില്ലറ വില്പനശാലകൾക്ക് നൽകാനുള്ള മദ്യക്കുപ്പികളിൽ ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ പതിക്കുന്നതിന് കാലതാമസം നേരിട്ടതാണ് ഇതിന് കാരണം. ടി വെയർഹൗസിൽ പ്രസ്തുത കാലയളവിൽ കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകൾക്ക് മദ്യം നൽകാൻ കാലതാമസം ഉണ്ടായിട്ടുള്ളതായും ബാറുകൾക്ക് കാലതാമസം കൂടാതെ മദ്യം നൽകിയിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി)അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി. എഫ്.എൽ.-9 ആലപ്പുഴ വെയർഹൗസിലെ ലേബലിംഗ് അസിസ്റ്റന്റ് ലേബലിംഗ് വിഭാഗത്തിലെ അബ്കാരി വർക്കർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## കരുനാഗപ്പള്ളി ബിവറേജസ് കോർപ്പറേഷൻ പ്രവർത്തനം

327(1105) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റിലെ പ്രതിമാസ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വെയർ ഹൗസിംഗ് കോർപ്പറേഷൻ കൂടുതൽ സ്ഥലം അനുവദിച്ചാൽ ഇവിടെ പ്രീമിയം ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശരാശരി 5.71 കോടിരൂപ.

(ബി) തിരക്ക് ഒഴിവാക്കുന്നതിനായി നിലവിൽ 3 കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

## മദ്യ ഉല്പാദക യൂണിറ്റുകൾ

328(1106) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ബ്രൂവറികളും ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും തുടങ്ങുന്നതിന് ഈ സർക്കാർ അനുമതി നൽകിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത അനുമതി റദ്ദ് ചെയ്യുവാനുണ്ടായ കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ മദ്യ ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകത നിലവിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുവാനും കാലാനുസൃതമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനും ഉന്നത തല സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഈ സമിതിയിലെ അംഗങ്ങളെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൂന്ന് ബ്രൂവറികളും രണ്ടു കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും തത്വത്തിൽ അനുവാദം നൽകിയിരുന്നു. അവ ചുവടെകൊടുക്കുന്നു:

ബ്രൂവറികൾ -1.അപ്പോളോ ഡിസ്റ്റിലറീസ് ആൻഡ് ബ്രുവറീസ് എലപ്പുള്ളി, പാലക്കാട്.

2. ശ്രീധരൻ ബ്രൂവറി, വാരം, കണ്ണൂർ

3. പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

കോമ്പൗണ്ടിംഗ്, ബ്ലെന്റിംഗ് &ബോട്ടിലിംഗ് യൂണിറ്റുകൾ

1. ശ്രീ ചക്രാ ഡിസ്റ്റിലറിസ്, തൃശ്ശൂർ

2. മലബാർ ഡിസ്റ്റിലറിസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട്

(ബി) പ്രളയത്തെതുടർന്ന് കേരളപുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും ഒരുമിച്ച് പ്രവൃത്തിക്കേണ്ട സന്ദർഭത്തിൽ അനാവശ്യവിവാദങ്ങൾ ഒഴിവാക്കുന്നതിനായാണ് തത്വത്തിൽ മാത്രം നൽകിയിരുന്ന അനുമതികൾ റദ്ദാക്കിയത്.

(സി) ഉണ്ട്. സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40%-വും വിദേശ മദ്യത്തിന്റെ 7%-വും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. സംസ്ഥാന ഉപഭോഗത്തിനനുസൃതമായ നിരക്കിനുള്ള മദ്യം സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കണമെന്ന നിർദ്ദേശം ഈ ആവശ്യകതയുടെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്.

(ഡി) ഉണ്ട്. 9-10-2018-ലെ സ.ഉ. (സാധാ.)നമ്പർ 744/18 നി.വ., 17-10-2018-ലെ സ.ഉ. (സാധാ.) നമ്പർ 764/2018 നി.വ. എന്നീ ഉത്തരവുകൾ പ്രകാരം സമിതിയെ രൂപീകരിച്ചിട്ടുണ്ട്. നികുതി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായും, എക്സൈസ് കമ്മീഷണർ, നിയമവകുപ്പ് സെക്രട്ടറി, ജോയിന്റ് എക്സൈസ് കമ്മീഷണർ (ഇ.സി.ആർ.ബി.), നികുതി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവരെ അംഗങ്ങളാക്കിയുമാണ് സമിതി രൂപീകരിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ലഹരി മരുന്ന് മാഫിയ**

329(1107) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ലഹരി മരുന്ന് മാഫിയ നടത്തുന്ന ലഹരി വസ്തുക്കളുടെ വിതരണം വ്യാപകമായി നടക്കുന്നുവെന്നതും ആയതിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി പുതിയ ലഹരി വസ്തുക്കൾ പല രൂപത്തിലും ഭാവത്തിലും വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പുറത്തിറക്കുന്നുവെന്നതിനാൽ അവ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ കോളേജ് പരിസരങ്ങളിൽനിന്നും വിദ്യാർത്ഥികളിൽനിന്നും സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര രൂപയുടെ നിരോധിത ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ലഹരി മരുന്ന് കേസുകളിൽ പിടികൂടുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ലഹരിമരുന്ന് മാഫിയയെ നേരിടുന്നതിനായി ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) പുതു തലമുറ ലഹരിക്കടിമപ്പെട്ട് പോകാതിരിക്കാൻ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ കൂടി നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എക്സൈസ് വകുപ്പ് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ പുതിയ ലഹരിവസ്തുക്കൾ തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് നിരന്തര രഹസ്യനിരീക്ഷണം നടത്തിവരുന്നു. ഇപ്രകാരം വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി ശിക്ഷ ലഭിക്കുന്നരീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജില്ലതിരിച്ചുള്ള വിവരണം:

| ജില്ലകൾ | തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 43,02,100 |
| കൊല്ലം | 3,21,835 |
| പത്തനംതിട്ട | 1,60,000 |
| ആലപ്പുഴ | 3,63,200 |
| കോട്ടയം | 30,000 |
| ഇടുക്കി | 84,400 |
| എറണാകുളം | 2,81,25,000 |
| തൃശ്ശൂർ | 0 |

| (1) | (2) |
|---|---|
| പാലക്കാട് | 5,25,000 |
| മലപ്പുറം | 42,000 |
| കോഴിക്കോട് | 64,150 |
| വയനാട് | 0 |
| കണ്ണൂർ | 16,000 |
| കാസർഗോഡ് | 0 |
| ആകെ | 3,40,33,685 |

ലഹരിമരുന്ന കേസുകളിൽ പിടിക്കപ്പെടുന്നവർക്കെതിരെ കടുത്തശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്തപരിശോധനകളും നടത്തിവരുന്നു.

(ഇ) പുതുതലമുറ ലഹരിക്ക് അടിമപ്പെട്ട് പോകാതിരിക്കാൻ സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളേയും അദ്ധ്യാപകരേയും കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-2019 വർഷത്തിൽ പി.റ്റി.എ.-യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചുകൊണ്ട് 506 വിവിധ ബോധവത്ക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്.

**മയക്കമരുന്ന് വ്യാപനത്തിനെതിരെ നടപടി**

330(1108) ശ്രീ. അനിൽ അക്കര :

ശ്രീ. കെ.സി.ജോസഫ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ ബാറുകൾ തുറന്ന് കൊടുക്കുകയും പുതിയവ അനുവദിക്കുകയും ചെയ്തിട്ടും മയക്കമരുന്നിന്റെ ഉപഭോഗം സംബന്ധിച്ച് ആശങ്കാജനകമായ റിപ്പോർട്ടുകളാണ് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനം മയക്കമരുന്ന് കടത്തിന്റെ ഒരു ഹബ്ബായി മാറിയതിനുള്ള കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലഹരി മാഫിയയെ ഉന്മൂലനം ചെയ്യുന്നതിന് നിലവിലുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം കൊണ്ട് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; കാലത്തിന് അനുസൃതമായി അതിനെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്തെയാകെ ഗ്രസിച്ചിരിക്കുന്ന മയക്കമരുന്ന് വിപത്തിൽ നിന്നും പുതുതലമുറയെ രക്ഷിക്കുന്നതിന് എന്തൊക്കെ ശക്തമായ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരളം ലഹരിമരുന്ന് വ്യാപനത്തിന്റെ ഒരു ഹബ്ബായി മാറിയിട്ടില്ല.

(സി) ഉണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതുതായി രൂപംകൊണ്ട 12 താലൂക്കുകളിൽ 6 എണ്ണത്തിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും അവയ്ക്ക് ആവശ്യമായ 84 തസ്തികകൾ സൃഷ്ടിക്കുകയും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 138 അധിക തസ്തികകൾ സൃഷ്ടിക്കുകയും ഓഫീസുകൾക്ക് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കുകയും മറ്റ് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നതോടൊപ്പം സ്കൂൾ/കോളേജ് തലങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ പി.റ്റി.എ.-കളുടെ

സഹകരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും വിമുക്തി മിഷന്റെ നേതൃത്വത്തിൽബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നവ മാധ്യമ ങ്ങളിലൂടെയുള്ള പ്രചരണം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## കഞ്ചാവ് ലഹരിമരുന്ന് മാഫിയകളുടെ പ്രവർത്തനം

331(1109) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം ആശങ്കയുണ്ടാക്കുന്നവിധം വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കൾ എത്തിച്ച് നൽകുന്ന സംഘങ്ങളെ കണ്ടെത്താനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും ഉള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ ലഹരി മാഫിയകൾ വാഹകരായി ഉപയോഗിക്കുന്നത് നിരീക്ഷിക്കുവാൻ നിലവിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഞ്ചാവ് ലഹരിമരുന്ന് പദാർത്ഥങ്ങളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഇപ്പോൾ ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട് ബോർഡർ പട്രോളിംഗ് നടത്തിവരുന്നു. അതിനൊപ്പം സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വകുപ്പുകളുമായി ഏകോപിച്ചുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഓരോ സ്കൂളിന്റെയും നിരീക്ഷണ ചുമതല നല്കിയിട്ടുള്ളതിന്റെ ഭാഗമായി ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ഉപയോഗിച്ച് ട്രെയിൻ വഴി നടത്തുന്ന ലഹരികടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്നയിടങ്ങളിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു.

## കുട്ടികളെ മയക്കുമരുന്നിന് അടിമകളാക്കുന്നവർക്കെതിരെ പോക്സോ നിയമം

332(1110) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് മയക്കുമരുന്ന് നൽകുകയോ അവരെ മയക്കുമരുന്നിന് അടിമകളാക്കുകയോ ചെയ്യുന്നവർക്കെതിരെ പോക്സോ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് മയക്കുമരുന്ന് നൽകുകയോ അവരെ മയക്കുമരുന്നിന് അടിമകളാക്കുകയോ ചെയ്യുന്നവർക്കെതിരെ നിലവിൽ പോക്സോ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ എക്സൈസ് വകുപ്പിന് അധികാരം ഇല്ലാത്തതാണ്.

## സ്പിരിറ്റ് ചേർത്ത വ്യാജക്കള്ള്

333(1111) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പിരിറ്റ് ചേർത്ത് വ്യാജക്കള്ള് വ്യാപകമായി ഉണ്ടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിറ്റൂർ താലൂക്കിൽ ഉൽപാദിപ്പിക്കുന്ന കള്ളിൽ സ്പിരിറ്റ് ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വ്യാജ കള്ള് നിർമ്മാണവുമായി ബന്ധപ്പെട്ട് 2018-ലും 2019-ൽ ഇതുവരെയും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ആർക്കൊക്കെ എതിരെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല,

(ബി) കണ്ടെത്തിയിട്ടില്ല.

(സി) രജിസ്റ്റർ ചെയ്തിട്ടില്ല.

**ലഹരി വസ്തുക്കളുടെ ഉപഭോഗം**

334(1112) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലഹരി വസ്തുക്കൾ സംസ്ഥാനത്ത് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ലഹരി മരുന്നുകൾക്ക് അടിമപ്പെടുന്നവർക്കായി എല്ലാ ജില്ലകളിലും സർക്കാർ തലത്തിൽ ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഹരിവസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടു വരുന്നത് നിയന്ത്രിക്കുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

ഇതിനുപുറമെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും ദേശീയപാതയിലും പ്രത്യേക വാഹനപരിശോധനകൾ കർശനമാക്കി ലഹരി വസ്തുക്കൾ സംസ്ഥാനത്ത് എത്തുന്നതും സംസ്ഥാനത്തിനുള്ളിൽ കൈമാറ്റം ചെയ്യപ്പെടുന്നതും നിയന്ത്രിക്കുന്നു.

(സി) ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ച ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനറൽ ഹോസ്പിറ്റൽ നെയ്യാറ്റിൻകര, തിരുവനന്തപുരം (0471-2222235)
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം (0474-2512324)
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട.(0473-5229589)
4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ. (0479-2452267)
5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം. (0482-2215154)
6. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി. (0486-2232474)
7. താലൂക്ക് ഹോസ്പിറ്റൽ മൂവാറ്റുപുഴ, എറണാകുളം. (0485-2832360)
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ. (0480-2701823)
9. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്. (04924-254392)
10. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം. (04931-220351)
11. ബീച്ച് ആശുപത്രി, കോഴിക്കോട് (0495-2365367)
12. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്. (0493-6206768)
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ. (04985-205716)
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരം, കാസർഗോഡ്. (0467-2282933).

## വിമുക്തി പദ്ധതി പ്രവർത്തനങ്ങൾ

335(1113) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച വിമുക്തി പദ്ധതിയുടെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത്. മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജനപങ്കാളിത്തത്തോടുകൂടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു. വിമുക്തി മിഷന്റെ ഭാഗമായി 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ് അസോസിയേഷൻസ് മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണ സ്റ്റാളുകൾ തയ്യാറാക്കി പ്രദർശിപ്പിച്ചുവരുന്നു. പൊതുജനങ്ങളേയും യുവാക്കളേയും ആകർഷിക്കുന്നതിലേയ്ക്കായി കലാ കായിക മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ആദിവാസി മേഖലകൾ എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. പഞ്ചായത്തുകളിലും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചിട്ടുണ്ട്. വീടുകൾ നേരിട്ട് സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

## നെയ്യാറ്റിൻകര ലഹരി ചികിത്സ കേന്ദ്രം

336(1114) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ വിമുക്തി ലഹരി ചികിത്സ കേന്ദ്രത്തിലെത്തുന്ന എല്ലാവരെയും കിടത്തി ചികിൽസിക്കാവുന്ന വിധത്തിൽ അധിക സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) വിമുക്തി ലഹരി ചികിത്സ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയതായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങളാണ് നെയ്യാറ്റിൻകര വിമുക്തിയിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രവർത്തനം ആരംഭിച്ചതിനുശേഷം എത്ര പേരാണ് ഈ കേന്ദ്രത്തിൽ ചികിൽസയ്ക്ക് എത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തനം ആരംഭിച്ച വിമുക്തി ലഹരിമോചന ചികിത്സ കേന്ദ്രത്തിൽ ചികിത്സ തേടിവരുന്ന എല്ലാവർക്കും ചികിത്സ നല്കിവരുന്നുണ്ട്. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ കിടത്തി ചികിത്സിക്കുന്നതിലേയ്ക്ക് 10 ബെഡുകളുടെ സൗകര്യം നിലവിൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ 10 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഐ.പി. വിഭാഗത്തിൽ 79 പേരും ഒ.പി. വിഭാഗത്തിൽ 784 പേരും ചികിത്സ തേടിയിട്ടുണ്ട്.

## സിവിൽ എക്സൈസ് ഓഫീസർമാർ

337(1115) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിവിൽ എക്സൈസ് ഓഫീസർമാർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 1964-ലെ സ്റ്റാഫ് പാറ്റേൺ പുനഃപരിശോധിച്ച് നിലവിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2839

| നമ്പർ | ജില്ല | നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർമാരുടെ എണ്ണം | നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 220 | 34 |
| 2 | കൊല്ലം | 155 | 28 |
| 3 | പത്തനംതിട്ട | 109 | 31 |
| 4 | ആലപ്പുഴ | 170 | 26 |
| 5 | കോട്ടയം | 191 | 41 |
| 6 | ഇടുക്കി | 193 | 21 |
| 7 | എറണാകുളം | 228 | 36 |
| 8 | തൃശ്ശൂർ | 213 | 34 |
| 9 | പാലക്കാട് | 263 | 45 |
| 10 | മലപ്പുറം | 143 | 34 |
| 11 | കോഴിക്കോട് | 150 | 24 |
| 12 | വയനാട് | 101 | 19 |
| 13 | കണ്ണൂർ | 179 | 36 |
| 14 | കാസർഗോഡ് | 100 | 15 |
| | | 2415 | 424 |
| ആകെ | | | 2839 |

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) പത്തനംതിട്ട - 38 (35+WCEO3),

കോട്ടയം - 17(9+WCEO8),

ഇടുക്കി - 24(11+WCEO13)

**കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസ്**

338(1116) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി എത്ര വില്ലേജുകൾ ഉൾപ്പെട്ടതാണെന്ന് അറിയിക്കുമോ;

(ബി) ഈ പ്രദേശത്തെ അബ്കാരി കേസുകളും മയക്കുമരുന്ന് കഞ്ചാവ് കേസുകളും കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ സ്റ്റാഫിനെയും ആവശ്യമായ വാഹനങ്ങളും അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൂടുതൽ സ്റ്റാഫിനെയും ആവശ്യമായ വാഹനങ്ങളും അനുവദിച്ച് ഇവിടെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 17 വില്ലേജുകൾ.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി)നിലവിലെ പ്രവർത്തനം കാര്യക്ഷമമാണ്.

**തഴക്കര എക്സൈസ് ഓഫീസ് നിർമ്മാണം**

339(1117) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തഴക്കരയിൽ എക്സൈസ് ഓഫീസ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് കെട്ടിടത്തിന്റെ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പാലക്കാട്ടെ സ്പിരിറ്റ് കടത്തൽ**

340(1118) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് തത്തമംഗലം കെ.എസ്.ഇ.ബി. ഓഫീസിന് മുന്നിൽ വച്ച് 2-5-2019-ൽ കാറിൽ സ്പിരിറ്റ് കടത്തിയതിന് പിടിയിലായ അത്തിമണി സ്വദേശി അനിൽകുമാർ എന്നയാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തത്; പ്രസ്തുത സ്പിരിറ്റ് ചിറ്റൂർ താലൂക്കിൽ ഉല്പാദിപ്പിക്കുന്ന കള്ളിൽ ചേർക്കുവാനായി കൊണ്ടുവന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ കേസിലെ പ്രസ്തുത പ്രതി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഭാരവാഹിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ഇ) രാഷ്ട്രീയ സ്വാധീനം മൂലമാണ് പ്രതിയെ സംഭവ ദിവസം തന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-5-2019-ന് പാലക്കാട് തത്തമംഗലത്തുവച്ച് കാറിൽ സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട് അത്തിമണി സ്വദേശി അനിൽകുമാർ എന്നയാളെ രണ്ടാം പ്രതിയാക്കി ചിറ്റൂർ എക്സൈസ് റേയ്ഞ്ചിൽ ഒരു അബ്കാരി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 480 ലിറ്റർ സ്പിരിറ്റാണ് കണ്ടെടുത്തത്. കള്ളിൽ ചേർക്കുവാനാണ് ഈ സ്പിരിറ്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടില്ല.

(സി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാട്ടാക്കട എക്സൈസ് സർക്കിൾ ഓഫീസ്

341(1119) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള കാലതാമസം ഒഴിവാക്കി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കാട്ടാക്കട കേന്ദ്രമായി എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**തലസ്ഥാനത്ത് നിന്ന് ഹാഷിഷ് പിടികൂടിയ കേസ്**

342(1120) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് നിന്ന് രണ്ട് കെയ്സുകളിലായി പന്ത്രണ്ട് കിലോ ഹാഷിഷ് പിടികൂടിയ കേസിൽ അറസ്റ്റിലായ അടിമാലി ചാറ്റുപ്പാറ പാറത്താഴത്ത് വീട്ടിൽ ഷാജിമോന് ഹൈക്കോടതി ജാമ്യം അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയുമോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളിൽ 180 ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ചാൽ പ്രതികൾ വിചാരണ നേരിടണം എന്നിരിക്കെ ഈ കേസിലെ പ്രതിക്ക് ജാമ്യം ലഭിക്കുവാനിടയായത് കുറ്റപത്രം സമർപ്പിക്കുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായത് കൊണ്ടാണോ;

(സി) എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളുടെ സ്വത്ത് കണ്ടുകെട്ടുവാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ ഈ പ്രതിയുടെ സ്വത്ത് കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി പ്രതിക്ക് ജാമ്യം നൽകിയതിനെതിരെ എക്സൈസ് വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ Recall petition ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത Recall petition കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) കുറ്റപത്രം സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. പ്രതിയെ അറസ്റ്റുചെയ്ത് 180 ദിവസത്തിനകംതന്നെ കുറ്റപത്രം ബന്ധപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ പ്രതി ഷാജിമോന്റെ വസ്തുവകകൾ കണ്ടുകിട്ടിക്കൊണ്ട് എക്സൈസ് വകുപ്പ് ഉത്തരവിറക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ കീഴിലുള്ള എൻ.ഡി.പി.എസ്. ആക്ടിനു വേണ്ടിയുള്ള Competent Authority & Administrator 29-5-2019 F.No.OCA/ MDS/2003 & 2004/2019-NDPS ഉത്തരവ് പ്രകാരം സ്ഥിരീകരിച്ചിട്ടുള്ളതാണ്.

**വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ്**

343(1121) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ് വാടക കെട്ടിടത്തിൽ നിന്നും മാറ്റുന്നതിന്റെ ഭാഗമായി സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിലേയ്ക്ക് അനുവദിക്കപ്പെട്ട അംഗീകൃത തസ്തികകൾ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഓഫീസിലെ ഇപ്പോഴുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ; ഏതെങ്കിലും തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഈ ഓഫീസിലെ പഴയ വാഹനത്തിനുപകരം പുതിയ വാഹനം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ -1

2. എക്സൈസ് ഇൻസ്പെക്ടർ -1

3. പ്രിവന്റീവ് ആഫീസർ -2

4. സിവിൽ എക്സൈസ് ആഫീസർ -5

5. ഡ്രൈവർ- 1

ആകെ-10

(സി) 1. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ബി. നസ്സിമുദ്ദീൻ

2. എക്സൈസ് ഇൻസ്പെക്ടർ - ശ്രീ. സി. എ. ടൈറ്റസ്

3. പ്രിവന്റീവ് ആഫീസർ - ശ്രീ. വി. ആർ. രാജീവ്,

- ശ്രീ. ടി. വി. അനീഷ് കുമാർ

4. സിവിൽ എക്സൈസ് ആഫീസർ - ശ്രീ. കെ. എം. കണ്ണൻ,

ശ്രീ. നിധീഷ്. കെ. സോമൻ, ശ്രീ. സി. കെ. സാബു,
ശ്രീ. എസ്. അഫ്സൽ, ശ്രീ. കെ. എം. അനിൽകുമാർ.

5. ഡ്രൈവർ- ശ്രീ. ഇ. എ. വിൽസൺ

നിലവിൽ ഒഴിവുകളില്ല.

(സി) ഇല്ല. പരിശോധിക്കുന്നതാണ്.

## നാവായിക്കുളം എക്സൈസ് സർക്കിൾ ഓഫീസിന് വാഹനം

343(1122) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാവായിക്കുളം എക്സൈസ് സർക്കിൾ ഓഫീസിൽ വാഹനം ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിൽ വാഹനം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നാവായിക്കുളത്ത് സ്ഥിതി ചെയ്യുന്ന വർക്കല എക്സൈസ് സർക്കിൾ ഓഫീസിന് ഔദ്യോഗിക ആവശ്യങ്ങൾക്കായി KL-01-CK-2509 എന്ന രജിസ്ട്രേഷൻ നമ്പറോട് കൂടി ബോലേറോ വാഹനവും KL-01-CD-9736 എന്ന രജിസ്ട്രേഷൻ നമ്പറോട് കൂടിയ TVS Apache 160CC ബൈക്കും അനുവദിച്ചിട്ടുണ്ട്.

## മാനന്തവാടിയിലെ ജനമൈത്രി എക്സൈസ് പ്രവർത്തനങ്ങൾ

345 (1123) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ജനമൈത്രി എക്സൈസ് നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജനമൈത്രി എക്സൈസ് ആദിവാസി മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നതോടൊപ്പം കോളനി സന്ദർശനങ്ങൾ നടത്തുകയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രളയ കാലഘട്ടത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ വസ്ത്രം/ഭക്ഷണം എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം ഉൾക്കൊണ്ട് ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

മദ്യത്തിനടിമകളായ 17 പേരെ ലഹരി വിമുക്ത ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. "ഡ്രോപ് ഔട്ട് ഫ്രീ" വയനാട് പദ്ധതി പ്രകാരം

169 കുട്ടികളെ സ്കൂളിൽ എത്തിക്കുകയും 7 കുട്ടികൾക്ക് തുടർ പഠനസൗകര്യ മൊരുക്കുകയും 68 പേർക്ക് പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് സഹായിക്കുകയും ഗ്രോത്രകിരണത്തിന്റെ ഭാഗമായി 83 പി.എസ്.സി. പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജനമൈത്രി എക്സൈസ് ആദിവാസി മേഖലയിൽ 370 ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകളും 2177 കോളനി സന്ദർശനങ്ങളും 5 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രളയത്തിൽ നശിച്ച 3 കിണറുകൾ ശുചീകരിക്കുകയും 26 വീടിന്റെ അറ്റകുറ്റപ്പണി ചെയ്തുകൊടുക്കുകയും 8 ശൗചാലയം നിർമ്മിച്ച് നൽകിയിട്ടുള്ളതുമാണ്. പ്ലസ് ടു പാസ്സായ എസ്.റ്റി. വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസുകളും 68 പേരെ പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യിപ്പിച്ചിട്ടുള്ളതും 7 പേർക്ക് തുടർ പഠന സൗകര്യമൊരുക്കിയിട്ടുള്ളതും പി.എസ്.സി. പരിശീലന പരിപാടി ഗോത്രകിരണം എന്ന പേരിൽ 83 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ടി മേഖലയിൽ നിന്നും 169 കുട്ടികളെ "ഡ്രോപ് ഔട്ട് ഫ്രീ" വയനാട് പദ്ധതിയിൽപ്പെടുത്തി സ്കൂളിൽ എത്തിച്ചിട്ടുണ്ട്.

വിമുക്തി പദ്ധതിയിൽപ്പെടുത്തി ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം ഉൾക്കൊണ്ട് 10 ഫുട്ബോൾ മത്സരങ്ങളും, നിയമ ബോധവൽക്കരണം, വിമുക്തി പരിശീലനം എന്നിവയും നൽകിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട 17 പേരെ ലഹരി വിമുക്ത ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. കിടപ്പിലായ 2 രോഗികൾക്ക് വാട്ടർ ബെഡ് സംവിധാനവും 3 പേർക്ക് ചികിത്സാ സംവിധാനവും ഏർപ്പാടാക്കി നൽകിയിട്ടുണ്ട്. ആദിവാസി കോളനിയിലെ 2 സ്ഥലങ്ങളിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തിയതോടൊപ്പം 4 കോളനികളിൽ വസ്ത്ര വിതരണവും നടത്തിയിട്ടുള്ളതാണ്. വികലാംഗ കോർപ്പറേഷനിൽ നിന്നും പഞ്ചായത്തിൽ നിന്നും 3 ഇലക്ട്രോണിക്സ് വീൽ ചെയറും സ്കൂട്ടറും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി പ്രവർത്തനങ്ങൾ തുടർന്നും നടത്തിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 862, 873, 984 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.m.]

# II തിരുത്തിയ ഉത്തരം

## നക്ഷത്ര ചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ
30-1-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 30-1-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

# III അറിയിപ്പ്

## അംഗങ്ങളുടെ രാജി

മി. സ്പീക്കർ: വട്ടിയൂർക്കാവ് നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. കെ. മുരളീധരൻ 2019 മേയ് 29-ാം തീയതി പ്രാബല്യത്തിലും അരൂർ നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. എ. എം. ആരിഫ്, എറണാകുളം നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ എന്നിവർ 2019 മേയ് 31-ാം തീയതി പ്രാബല്യത്തിലും കേരള നിയമസഭയിൽ അവരുടെ അംഗത്വം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിലെ 5-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

റൂൾ 50 അവതരിപ്പിക്കുന്നത് സംബന്ധിച്ചോ ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണനോടുള്ള നിർദ്ദേശമോ അല്ല ഇത്. സമയനിഷ്ഠ സംബന്ധിച്ചുള്ള ധാരണ നമ്മൾ വീണ്ടും തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ തീരുമാനിച്ചിരുന്നത്, സഭ ഒൻപത് മണിയിലേയ്ക്ക് മാറ്റുമ്പോൾ രണ്ട് മണിക്കെങ്കിലും അവസാനിപ്പിക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട സഭാംഗങ്ങൾ എല്ലാവരും സഹകരിക്കണമെന്നാണ്.

---

* അനുബന്ധമായി ചേർക്കുന്നു.

ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും നീണ്ടുപോകുന്ന നിർഭാഗ്യകരമായൊരു സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് നേരത്തെ നിശ്ചയിച്ചതുപോലെ സബ്മിഷനുകളുടെ ചോദ്യവും ഉത്തരവും ഒരു മിനിട്ടിൽ ഒതുക്കണം. സബ്മിറ്റ് ചെയ്യുക എന്നുള്ളതാണ് ഇതിന്റെ ഭാഗമായിട്ട് നടക്കേണ്ടത്. എഴുതി തയ്യാറാക്കിക്കൊടുക്കുക എന്നത് നമ്മൾ നേരത്തെ നിശ്ചയിച്ചിട്ടുള്ളതാണ്. ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാവരും സമയക്ലിപ്തത പാലിക്കണം. അതിലൊരു പ്രയാസവുമുണ്ടാകരുത്. അടിയന്തരപ്രമേയത്തിനും സമയനിഷ്ഠ ആവശ്യമാണ്.

# IV അടിയന്തരപ്രമേയം

## കർഷക ആത്മഹത്യ

മി. സ്പീക്കർ: സഹകരണ-ദേശസാൽകൃത ബാങ്കുകൾ കർഷകരുടെ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി വീടുകൾ ഉൾപ്പെടെ ജപ്തി ചെയ്യുന്നതിനാൽ സംസ്ഥാനത്ത് നടക്കുന്ന കർഷക ആത്മഹത്യകളും 2 ലക്ഷം രൂപവരെയുള്ള കടങ്ങളെങ്കിലും എഴുതിത്തള്ളാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകാത്തതും ഗവൺമെന്റ് പ്രഖ്യാപിച്ച മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഗുരുതരമായ നിരവധി പ്രകൃതി ദുരന്തങ്ങളുണ്ടായി. 2016-ൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയാണ് നേരിടേണ്ടിവന്നത്. അതിനുശേഷം ഓഖി ദുരന്തം സംസ്ഥാനത്തെ കാർഷിക മേഖലയെ വലിയ തോതിൽ ബാധിക്കുകയുണ്ടായി. എന്നാൽ, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിനുശേഷം വളരെ ഗുരുതരമായ സാമ്പത്തികനഷ്ടമാണ് കർഷകർക്കുണ്ടായിരിക്കുന്നത്. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന് ശേഷം കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായിട്ടുള്ള പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. എന്നാൽ ഇതിനിടയിൽ പല സന്ദർഭങ്ങളിലായി ഇടുക്കി ജില്ലയിൽ 10 കർഷകരും വയനാട് ജില്ലയിൽ 5 കർഷകരും ആത്മഹത്യ ചെയ്തതായ റിപ്പോർട്ട് വരികയുണ്ടായി. 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ

മഹാപ്രളയത്തിൽ സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ മാത്രം 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ഇടുക്കി ജില്ലയിൽ മാത്രം 83782 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോയതായും ആകെ 35,870.8 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായും കണക്കാക്കിയിട്ടുണ്ട്. മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ ദുരിതത്തിലായ കർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കൃഷിനാശവും കിടപ്പാടവും നഷ്ടപ്പെട്ടതുമൂലം ഭൂരിഭാഗം കർഷകരും വലിയ മാനസിക സമ്മർദ്ദത്തിലാണ്. ഈ സാഹചര്യത്തിൽ കർഷകർക്കാവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തേണ്ടത് അനിവാര്യമാണ്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിച്ച 54 കോടി രൂപ ഉൾപ്പെടെ നാളിതുവരെ 204.9905 കോടി രൂപയുടെ ധനസഹായം  വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പ്രളയബാധിതരായ കർഷകർക്ക് 11.798 കോടി രൂപയുടെ ധനസഹായം നൽകിക്കഴിഞ്ഞു. ഇതിനുപുറമേ Mission for Integrated Development of Horticulture (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയും ലഭ്യമാക്കി. ഇതിന്റെ ആദ്യ ഗഡുവായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭിച്ച 41.55 കോടി രൂപയിൽ നിന്നും 8.646 കോടി രൂപ ഇടുക്കി ജില്ലയിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കർഷകരുടെ ആത്മഹത്യ ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം ആത്മഹത്യ ചെയ്ത കർഷകരുടെ ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബാംഗങ്ങളെ കാണുകയും ചെയ്തു. കർഷകർക്ക് അടിയന്തര സഹായം നൽകുന്നതിനായി ഔദ്യോഗിക തലത്തിൽ മീറ്റിംഗ് വിളിച്ചുചേർത്ത് ആശ്വാസ നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തു. തുടർന്ന്, അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേക മന്ത്രിസഭാ യോഗം ചേരുകയും കർഷകരെടുത്തിട്ടുള്ള എല്ലാത്തരം വായ്പകളിന്മേലുമുള്ള ജപ്തിനടപടികൾ നിർത്തിവയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുചേർത്ത് കർഷകരുടെ എല്ലാത്തരം വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾ 2019 ഡിസംബർ 31 വരെ നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുചേർത്ത് കർഷകർക്ക് ആശ്വാസ നടപടികൾ എത്തിക്കുന്നതിന് തീരുമാനമെടുക്കുകയും  പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിൽ പഞ്ചായത്ത്

അടിസ്ഥാനത്തിൽ ബാങ്കുകളുടേയും കർഷകരുടേയും ഉദ്യോഗസ്ഥരുടേയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് കർഷകരുടെ വായ്പാ കുടിശ്ശിക ഒടുക്കുന്നതിന് സാവകാശം ഉണ്ടാകുമെന്ന് ബോദ്ധ്യപ്പെടുന്ന തരത്തിൽ കാര്യക്ഷമമായി കൗൺസിലിംഗ് നടത്തുകയും കർഷകർക്കാവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

പ്രളയാനന്തര കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി കൃഷിവകുപ്പ് ഊർജ്ജിതമായി പ്രവർത്തിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും പുനർജ്ജനി എന്ന പേരിൽ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പാക്കി. ജനപ്രതിനിധികൾ, കർഷക സന്നദ്ധ പ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനാംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ പദ്ധതി നടപ്പാക്കിയത്. ഇതോടനുബന്ധിച്ച് പ്രളയാനന്തരം അനുവർത്തിക്കേണ്ട കാർഷികമുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്ക്കരണം നടത്തുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണ്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 1,52,350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. പ്രളയംമൂലം നെൽകൃഷി നശിച്ചവർക്ക് വിരിപ്പ്, മുണ്ടകൻ എന്നീ സീസണിൽ വിതയ്ക്കുവാനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ കർഷകരുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുടെ 30 ലക്ഷത്തിലധികം പച്ചക്കറി തൈകളും കൃഷിക്കാർക്ക് അടിയന്തരമായി വിതരണം ചെയ്തു. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സോയിൽ അമിലിയോറൻസ് സെലക്റ്റഡ് ഡിസ്ട്രിക്ട് എന്ന പദ്ധതി പ്രകാരം 75% സബ്സിഡി നിരക്കിൽ 4369 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 2,38,376 കർഷകർക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11,035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ.എഫ്. വിതരണം ചെയ്യുകയുണ്ടായി. ഇതിനെല്ലാം പുറമെ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിനാശമുണ്ടായ ഭൂമിക്കും

നഷ്ടപരിഹാരത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ട് 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് സ്കീം നടപ്പാക്കി. കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന എല്ലാ ജില്ലകളിലും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ തുടങ്ങിയ എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവിറക്കുകയുണ്ടായി.

5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പൊതുമേഖല, വാണിജ്യ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഉണ്ടായിരുന്ന ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31-വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവിറക്കുകയുണ്ടായി. ഇതുപ്രകാരം കൃഷി വകുപ്പ് 7-3-2019-ൽ 41/2009 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പെരുമാറ്റചട്ടം അവസാനിച്ച ഉടനെ തന്നെ കൃഷി വകുപ്പിന്റെ ഉത്തരവിന് പുറമേ 27-5-2019-ന് പൊതുമേഖല, വാണിജ്യ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പയിന്മേൽ ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ദീർഘകാലവിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ ലോൺ അനുവദിക്കുന്നതു മുതൽ ഒരു വർഷത്തേയ്ക്ക് 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പലിശ സബ്സിഡി അനുവദിക്കാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുപോലെ കേരളത്തിലും കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടു. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിലവിലില്ലാത്ത ഒരു സാഹചര്യം കേരളത്തിലുണ്ടായിട്ടുണ്ട്. ഇവിടെ കടാശ്വാസ കമ്മീഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2007 വരെയുള്ള കാർഷിക കടാശ്വാസ കടങ്ങളാണ് കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉണ്ടായിരുന്നത്. സഹകരണ ബാങ്കുകൾക്കുള്ള കടങ്ങൾ മാത്രമേ ഈ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ കടാശ്വാസ കടങ്ങൾ 2011 വരെ ദീർഘിപ്പിക്കുകയും വീണ്ടും 2014 വരെയുള്ള കടങ്ങൾകൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് ഉത്തരവിറക്കുകയുമുണ്ടായി. 50,000 മുതൽ 1,00,000 രൂപ വരെയുള്ള

കടങ്ങളായിരുന്നു കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വന്നിരുന്നതെങ്കിൽ അത് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മാത്രമല്ല, സഹകരണ ബാങ്കുകളുടെ കടങ്ങൾ മാത്രമായിരുന്നു കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വന്നിരുന്നുവെങ്കിൽ ബാങ്കുകളുമായി സംസാരിച്ചുകൊണ്ട് മറ്റ് വാണിജ്യ ബാങ്കുകളുടെ കടങ്ങൾ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ തത്വത്തിൽ തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാന പ്രകാരം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് ചർച്ച നടത്തിയപ്പോൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയും സർക്കാരിന്റെ നിർദ്ദേശം അംഗീകരിക്കുക യുണ്ടായി. ആ നിർദ്ദേശം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി പൊതുഭരണ വകുപ്പിനെയും കൃഷിവകുപ്പിനെയും ചുമതലപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതോടുകൂടി കേരളത്തിലെ രണ്ട് ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന നടപടിക്രമങ്ങളിലേയ്ക്ക് ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുകയാണ്. സഹകരണ ബാങ്കുകളിൽ രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷൻ എന്നു പറയുന്ന വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ എഴുതിത്തള്ളാനുള്ള സംവിധാനങ്ങൾ ഇപ്പോൾ ഉത്തരവിലൂടെ ഇറങ്ങിക്കഴിഞ്ഞു.

എല്ലാ ജില്ലകളിലെയും കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി 2014 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിരുന്നു. രണ്ടാമത്തെ കാര്യം ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31-ാം തീയതി വരെയുള്ള എല്ലാ കാർഷിക കടങ്ങളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാനുള്ള സുപ്രധാനമായ തീരുമാനവും ഈ പ്രത്യേക മന്ത്രിസഭായോഗത്തിൽ എടുക്കുകയുണ്ടായി. ബാക്കി ജില്ലകളിൽ 2014 വരെയുള്ള കടങ്ങൾ തീർത്തിട്ടുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് പുറമേ വാണിജ്യ ബാങ്കുകൾകൂടി ഈ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് തത്വത്തിൽ തീരുമാനമെടുത്തിരിക്കുകയാണ്. അതുപ്രകാരം സംസ്ഥാന ഗവൺമെന്റും ബാങ്കുകളും തമ്മിൽ എടുത്തിരിക്കുന്ന തീരുമാനം നടപ്പാക്കാൻവേണ്ട നടപടി ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് ഏതാനും നാളുകൾക്കകം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാൽ, സംസ്ഥാനത്ത് കാർഷിക കടങ്ങൾക്കുമേൽ രണ്ട് ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന നടപടിയിലേയ്ക്കാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് പ്രതിവർഷം 15,000 കൃഷിക്കാർ ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് കണക്ക്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം 15 കൃഷിക്കാർ ആത്മഹത്യ ചെയ്തതായി കണക്കുകളുണ്ട്. നമ്മൾ കൃഷിക്കാരെ സന്ദർശിക്കുകയും റിപ്പോർട്ടുകൾ വാങ്ങുകയും

ചെയ്തു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, കാർഷിക കടങ്ങൾ വാങ്ങിയല്ല പല കൃഷിക്കാരും കടത്തിലായതെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകും. കൃഷിക്കാർ എടുത്തിട്ടുള്ള കടങ്ങളായതുകൊണ്ടുതന്നെ കാർഷിക കടങ്ങൾ എന്ന പരിധിക്കകത്ത് നിർത്താതെ കൃഷിക്കാരെടുത്തിരിക്കുന്ന എല്ലാ കടങ്ങൾക്കും ഈ ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചു. കൃഷി ഉപജീവനമാർഗ്ഗമായി എടുക്കുന്ന കൃഷിക്കാർ അവരുടെ മക്കളുടെ കല്യാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വീടുവയ്ക്കുന്നതിനും വേണ്ടി ബാങ്കുകളിൽ നിന്ന് ലോൺ എടുക്കുന്നു. പക്ഷേ അവന്റെ വരുമാനമാർഗ്ഗം കൃഷിയാണ്. കൃഷിലോൺ മാത്രമല്ല, കൃഷിക്കാർ എടുത്തിട്ടുള്ള എല്ലാ ലോണുകളും മൊറട്ടോറിയത്തിന്റെ പരിധിയിൽ കൊണ്ടുവരാനെടുത്തിട്ടുള്ള തീരുമാനമാണ് ഏറ്റവും പ്രധാനം. അങ്ങനെ തീരുമാനമെടുത്തതുകൊണ്ടാണ് ഇവിടെ കർഷകർക്കെതിരായുള്ള നടപടികൾ നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുള്ളത്. എന്നാൽ 2002-ൽ സർഫാസി ആക്ട് കൊണ്ടുവന്നത് ബി.ജെ.പി. ഗവൺമെന്റാണ്. അതിനുശേഷം എത്ര ഗവൺമെന്റുകൾ വന്നു, നമ്മൾ ആരെങ്കിലും മാറ്റിയോ? ആ ആക്ടിൽ 31 (ഐ) പ്രകാരം കർഷക കൃഷി ഭൂമി ജപ്തി നടപടിക്ക് വിധേയമാക്കാൻ പാടില്ലെന്ന് പറയുന്നു. പക്ഷേ ഇവിടത്തെ ബാങ്കുകൾ നെൽകൃഷി മാത്രമാണ് കൃഷിഭൂമിയായി അവർ അംഗീകരിച്ചിരിക്കുന്നത്. മറ്റ് ഭൂമി അംഗീകരിക്കാത്തതുമൂലം സർഫാസി ആക്ട് പ്രകാരം ബാങ്കുകൾ പല രീതിയിലും ആ നിയമം ലംഘിച്ചുകൊണ്ടുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യമടക്കം സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയിൽ സംസ്ഥാന ഗവൺമെന്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. സർഫാസി നിയമത്തെ എതിർക്കുന്ന കാര്യത്തിൽ നമ്മളെല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രളയമുണ്ടായപ്പോൾ കുട്ടനാട് മേഖലയിൽ 168 മടകൾ വീണു. എന്നാൽ മൂന്ന് കൊല്ലത്തേയ്ക്ക് കുട്ടനാട് മേഖലയിൽ കൃഷി ഉണ്ടാകില്ലെന്ന് പല ആളുകളും പറഞ്ഞു. യുദ്ധകാലാടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഇടപെട്ടതിന്റെ ഭാഗമായി 168 മടകളും കെട്ടിക്കൊടുക്കുകയും കൃഷിക്കാർക്ക് സൗജന്യമായി വിത്ത്, വളം, കുമ്മായം എന്നിവ നൽകുകയും ചെയ്തു. കൃഷിചെയ്യാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന്റെ ഭാഗമായി ഇപ്പോൾ കുട്ടനാട് മേഖലയിൽ റിക്കോർഡ് വിളവാണ് ഉണ്ടായത്. കൃഷിക്കാർ എല്ലാ ലാഭവും നേടിക്കൊണ്ടിരിക്കുകയാണ്. ഞാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് ആത്മാർത്ഥമായി ചോദിക്കുകയാണ്, കുട്ടനാട് മേഖലയിൽ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ടുകൊണ്ട് ഡീസിൽറ്റിംഗ് അടക്കം കൃഷിക്കാർക്ക് വേണ്ട എല്ലാ സഹായങ്ങളും മുൻകാലങ്ങളിൽ എപ്പോഴെങ്കിലും

ചെയ്തിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കുട്ടനാട് മേഖലയിലെ ഒരു എം.എൽ.എ. ആണ്. ഈ ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ട് കർഷകരെ സംരക്ഷിക്കുന്നതിന് വേണ്ടി ചെയ്തുകൊണ്ടിരിക്കുകയാണ്. രാജ്യവ്യാപകമായി പ്രതിവർഷം 15,000-ത്തിൽപ്പരം കൃഷിക്കാർ ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ മാത്രമാണ് കർഷകരുടെ ആത്മഹത്യ വളരെ ചെറിയ തോതിലെന്ന് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 15 കർഷകരുടെ ആത്മഹത്യയെന്നത് ഒരു വസ്തുതയാണെങ്കിൽപ്പോലും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർ ആത്മഹത്യ ചെയ്യാതിരിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുംവേണ്ടി ഒരു ഗവൺമെന്റുണ്ടെന്ന് ബോധ്യപ്പെടുത്താൻ കഴിയാവുന്ന രീതിയിലുള്ള പ്രവർത്തനമാണ് നടക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, മന്ത്രിയുടെ തീപ്പൊരി പ്രസംഗം ഈ സഭയിൽ ഏതാണ്ട് മൂന്നുവർഷമായി കേൾക്കുന്നതാണ്. മന്ത്രി ഇവിടെ വാചാലമായി പ്രസംഗിച്ചതുകൊണ്ട് സാധാരണക്കാരുടെ അടുപ്പിൽ തീ കത്തിക്കാൻ കഴിയുമോ? കേരളത്തിലെ കർഷകർ ഇന്ന് വലിയ പ്രതിസന്ധിയിലാണ്. കുറേ പാക്കേജുകളും പദ്ധതികളും പ്രഖ്യാപിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അതെവിടെയാണ് എത്തുന്നത്? ഇടുക്കിയിൽ 10 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് അദ്ദേഹംതന്നെ സമ്മതിച്ചുകഴിഞ്ഞു. കാർഷിക പ്രതിസന്ധിയുള്ളതു കൊണ്ടാണല്ലോ അത് നടന്നത്. വയനാട് ജില്ലയിൽ 5 എണ്ണമാണ്; ഏറ്റവും അവസാനമായി ആത്മഹത്യ ചെയ്തത് പനമരത്തെ നീർവാരത്ത് ദിനേശനാണ്. ഈ ഗവൺമെന്റ് കുറേ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വാചാലമായി പറയുമ്പോൾപ്പോലും സാധാരണക്കാർ അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും കാർഷികവൃത്തിക്കും മറ്റുകാര്യങ്ങൾക്കുംവേണ്ടി ബാങ്കുകളിൽനിന്ന് എടുത്ത ലോണുകൾ തിരിച്ചടയ്ക്കാത്തതുകൊണ്ട് നോട്ടീസുകൾ അയയ്ക്കുന്നു. ജപ്തി നടപടി ഭീഷണിയിലാണല്ലോ ആത്മഹത്യ ചെയ്യുന്നത്; അദ്ദേഹംതന്നെ അത് സമ്മതിച്ചു. അദ്ദേഹം പ്രതിപക്ഷത്തിരിക്കുമ്പോൾ എന്തൊക്കെ വീമ്പിളക്കിയതാണ്. ഇപ്പോൾ അദ്ദേഹം മന്ത്രിയാണ്. ഞാൻ അദ്ദേഹത്തെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം മന്ത്രിയായപ്പോൾ കർഷകരെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഒരാവേശം ഉണ്ടായിരുന്നു. ആ ആവേശം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. കുറേ കാലങ്ങളായി കേരളത്തിൽ സംജാതമായി ക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. വരൾച്ചമൂലം കർഷകർ പ്രതിസന്ധിയിലായപ്പോൾ എന്ത് തീരുമാനമാണെടുത്തത്? എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിഞ്ഞോ; കാലവർഷക്കെടുതി കേരളത്തെ ഞെട്ടിച്ചതാണ്.

വയനാട്, ഇടുക്കി പോലുള്ള ജില്ലകളിൽ കർഷകർക്ക് കൃഷി ഭൂമിയും വീടുകളും നഷ്ടപ്പെട്ട് അവരുടെ ജീവിതം ദുരിതത്തിലായി. അവരെ സഹായിക്കാൻ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്? പഞ്ചായത്തുകളിലൊക്കെ യോഗം വിളിക്കുകയാണെന്ന് ഇപ്പോൾ പറഞ്ഞു. ഇതിലൊക്കെ അദ്ദേഹത്തിനൊരു കാഴ്ചപ്പാടുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹം മന്ത്രിയായ ഉടനെ ഇത് ചെയ്തിരുന്നുവെങ്കിൽ ഇന്ന് 15 കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്യുകയില്ലായിരുന്നു. അദ്ദേഹത്തിന് ഇപ്പോൾ ബുദ്ധിയുണ്ടായി. മൂന്നുവർഷം കഴിഞ്ഞു, ഇനി രണ്ടുവർഷമാണുള്ളത്. കാലവർഷക്കെടുതിയുടെ സമയത്ത് ഭരണപക്ഷം മാത്രമല്ല പ്രതിപക്ഷമടക്കം സാധാരണക്കാരായ കർഷകരെ ആശ്വസിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചു. കാലവർഷക്കെടുതിയുണ്ടായ ഘട്ടത്തിൽപ്പോലും കേരളത്തിലെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുകയാണുണ്ടായത്. ഞങ്ങൾ ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞതാണ്. ഇന്നും അത് നിർത്തിവയ്ക്കാൻ കഴിഞ്ഞോ; മാത്രമല്ല, 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് ഇന്ന് മന്ത്രി സമ്മതിച്ച സ്ഥിതിക്ക് അവരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നിലപാടുകൾ ഇവിടെ പ്രഖ്യാപിക്കുമോ എന്നറിയണം. പ്രഖ്യാപിക്കണ്ടെ; മാത്രമല്ല, ജപ്തി നടപടികൾ നിർത്തിവച്ച് കർഷകരെ സംരക്ഷിക്കുന്ന നിലപാടുകളിലേയ്ക്ക് ഈ ഗവൺമെന്റ് എത്തുന്നില്ല. ഇതൊക്കെ നമ്മൾ മാത്രമല്ല, കേരളത്തിലെ മുഴുവൻ കർഷകരും കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ മനോഹരമായ പ്രസംഗംകൊണ്ടൊന്നും കർഷകരുടെ ആത്മഹത്യ തടയാൻ കഴിയില്ല. അദ്ദേഹം വളരെ ലളിതമായി പദ്ധതികൾ പ്രഖ്യാപിക്കുന്നു. അതൊക്കെ എവിടെയാണ് എത്തുന്നത്? പല കാര്യങ്ങൾകൊണ്ടും കർഷകർ ഇന്ന് വീർപ്പുമുട്ടുകയാണ്. വന്യമൃഗശല്യംമൂലവും കർഷകർ പ്രതിസന്ധിയിലാണ്. അവിടെ കർഷകർ വിളയിറക്കുന്നു, വന്യമൃഗങ്ങൾ വിളവെടുപ്പ് നടത്തുന്നു. സർഫാസി ആക്ടിനെപ്പറ്റി മന്ത്രി ഇവിടെപറഞ്ഞു. സാധാരണക്കാരായ കർഷകരുടെ തലയിൽ വച്ചുകെട്ടി ഉദ്യോഗസ്ഥർ അവരുടെ വീടുകളിൽ വിളയാട്ടം നടത്തുകയാണ്. അത് നിയന്ത്രിക്കാൻ കഴിയുന്നില്ല. ദിനേശനും ഇടുക്കിയിൽ 10 കർഷകരും ആത്മഹത്യ ചെയ്തത് എങ്ങനെയാണ്? അവരെ ആത്മഹത്യയിൽനിന്ന് സംരക്ഷിക്കുകയാണ് വേണ്ടത്. കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി എടുക്കുന്ന വിദ്യാഭ്യാസ ലോൺ തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ ബാങ്കുകൾ നോട്ടീസ് അയയ്ക്കുകയാണ്. ചെറിയൊരു വീട് നിർമ്മിക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിൽ നിന്ന് ലോണെടുത്ത എന്റെ മണ്ഡലത്തിലെ ഒരു പാവപ്പെട്ട അമ്മയുടെ വീട് ജപ്തി ചെയ്തതിനാൽ അവരിപ്പോൾ ആ വീടിന്റെ വരാന്തയിലാണ് കിടക്കുന്നത്. നിങ്ങൾ കർഷക പ്രേമത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; കർഷകരുടെ കടങ്ങൾ

എഴുതിത്തള്ളുമെന്ന് മന്ത്രി പറഞ്ഞല്ലോ, ഇത് എപ്പോഴാണ് എഴുതിത്തള്ളാൻ കഴിയുകയെന്ന് കൃത്യമായ സമയം പറയാമോ? അത് നിങ്ങൾക്ക് കഴിയില്ല. നിങ്ങൾ കേരളത്തിലെ കർഷകരെ വഞ്ചിക്കുകയാണ്. ആത്മഹത്യ പെരുകുകയാണ്. വയനാട് ജില്ലയിൽ വലിയ പ്രതിസന്ധിയുണ്ടായ സമയത്ത് ഞാനൊരു വിദ്യാർത്ഥിയായിരുന്നു. ശ്രീ. എ. കെ. ആന്റണി കൊണ്ടുവന്ന വയനാട് പാക്കേജ് ഇന്ന് എവിടെയാണ്? ആ പാക്കേജ് നടപ്പാക്കാൻ കഴിയുന്നില്ല. ഞാൻ ഈ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചു. അന്നത്തെ പാക്കേജിന്റെ ഭാഗമായി 25-ഉം 30-ഉം കോടി രൂപയാണ് വയനാട് ജില്ലയിലെ കർഷകർക്ക് അവരുടെ കാർഷികവൃത്തിക്കുവേണ്ടി നൽകിയിരുന്നത്. ഈ വർഷം അത് 19 കോടി രൂപയായി ചുരുക്കിയിരിക്കുകയാണ്. ഒരു മേഖലയിലും ഇന്ന് കർഷകർക്ക് രക്ഷയില്ല. വിലയിടിവിനെപ്പറ്റി ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത്, 'രണ്ടുവർഷമായി പച്ചത്തേങ്ങ സംഭരണമില്ല, നടുവൊടിഞ്ഞ കേരകർഷകൻ' എന്നാണ്. അങ്ങിവിടെ കുറേ കാര്യങ്ങൾ പറഞ്ഞല്ലോ; ഈ പദ്ധതികളൊക്കെ പ്രഖ്യാപനങ്ങളിൽമാത്രം പോരാ, അവയെല്ലാം യാഥാർത്ഥ്യമാക്കുന്നതിനുള്ള നിലപാടുകളാണ് സ്വീകരിക്കേണ്ടത്. രണ്ടുവർഷമായി കേര കർഷകർ പ്രതിസന്ധിയിലാണ്. കാലവർഷക്കെടുതിയുണ്ടായി. നമ്മളെല്ലാവരും അത് ചർച്ച ചെയ്തു. അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള തീരുമാനമെടുത്തു. അതുകൊണ്ട് പ്രയോജനമില്ലല്ലോ. കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് 10,000 രൂപയോ 20,000 രൂപയോ കൊടുത്താൽ പോരാ. കർഷകരുടെ ബാങ്കിലെ കടങ്ങൾ എന്തുകൊണ്ട് നമുക്ക് എഴുതിത്തള്ളാൻ കഴിയുന്നില്ല? വയനാട് ജില്ലയിലെ സ്ഥിതി അറിയാമോ; 2019 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ അവിടെയൊക്കെ കടുത്ത മഴയാണ്. അവിടെയുള്ള കാപ്പിയും കുരുമുളകും അടയ്ക്കയും തേങ്ങയുമൊക്കെ നശിച്ചു. കർഷകർക്ക് ലോണടയ്ക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ഈ സഭയിൽ ഞാൻതന്നെ കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നിർത്തിവച്ചില്ല. ബാങ്ക് ഉദ്യോഗസ്ഥർ ഗവൺമെന്റിന് മുകളിലാണോ; ഗവൺമെന്റ് പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരല്ലേ അവർ? ഇതൊന്നും കാണാതെ എല്ലാം ഞങ്ങൾ ചെയ്തുവെന്ന് സഭയിൽ പറഞ്ഞതുകൊണ്ട് കർഷകരുടെ വിശപ്പടക്കാൻ കഴിയുമോ; എല്ലാത്തിന്റെയും നട്ടെല്ല് കർഷകരല്ലേ? ഞാനൊരു കർഷക കുടുംബത്തിലെ അംഗമാണ്. വയനാട്ടിൽ കർഷകർക്ക് ഇന്ന് ജീവിക്കാൻ കഴിയുന്നില്ല. ഇതുസംബന്ധിച്ച് വ്യക്തമായ ഒരു പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ? ഏതൊക്കെ ബാങ്കിൽ ഏതൊക്കെ കർഷകന് എത്രമാത്രം കടമുണ്ട് എന്നതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കി അവരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. പാവപ്പെട്ട പട്ടികവർഗ്ഗക്കാരടക്കം

ഇന്ന് പ്രതിസന്ധിയിലാണ്. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇപ്പോൾ പറഞ്ഞല്ലോ. പിന്നെ എന്തിനാണ് വെള്ളത്തൂവലിലെ ജോസഫ് എന്ന കർഷകൻ വൃക്ക നൽകുന്നതിനുവേണ്ടി പരസ്യം നൽകിയത്? കാലവർഷക്കെടുതിയുടെ സഹായം കൈപ്പറ്റുന്നതിനുവേണ്ടി അദ്ദേഹത്തിനോട് ഒരുദ്യോഗസ്ഥൻ കൈക്കൂലി ചോദിച്ചുവെന്ന് പത്രത്തിൽ വാർത്ത വന്നു. ഇത് ഉദ്യോഗസ്ഥ ഭരണമാണോ? ബഹുമാനപ്പെട്ട മന്ത്രി, അക്കാര്യത്തിൽ നിലപാടുകൾ എടുക്കണ്ടേ? ഇന്ന് കേരളത്തിൽ ഒരാൾക്കുപോലും രക്ഷയില്ലാത്ത സാഹചര്യമാണ്. ഇന്ന് കൃഷി ചെയ്യാൻ കഴിയുന്നില്ല. നിങ്ങൾ കുറേ കീടനാശിനികളും കുമ്മായവും വളവും കൊടുക്കുന്നുവെന്ന് പറയുന്നു, അത് മനുഷ്യന് കഴിക്കാൻ സാധിക്കുമോ? രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഗഡിലും ചെയ്തതുപോലെ കർഷകന്റെ കടത്തിന്റെ കണക്കെടുത്ത് ആ കടങ്ങൾ എഴുതിത്തള്ളിയിരിക്കുന്നുവെന്ന് പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറാകണം.

ഇവിടെ സാധാരണക്കാരായ കർഷകരോടൊപ്പം തന്നെയാണ് പട്ടികവർഗ്ഗക്കാരും. പട്ടികവർഗ്ഗക്കാരുടെ കാർഷിക കടങ്ങളും മറ്റ് കടങ്ങളും എഴുതിത്തള്ളുന്നതിനുവേണ്ടി ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നൊരു തീരുമാനമുണ്ട്. ഇന്ന് വനാവകാശ ഭൂമിയിൽ കുടിലുകെട്ടി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുപോലും ജപ്തി നോട്ടീസുകൾ അയച്ചുകൊണ്ട് ഉദ്യോഗസ്ഥർ പീഡിപ്പിക്കുകയാണ്. നിങ്ങൾക്ക് കർഷകരോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ആ സ്നേഹവും വാത്സല്യവും കാണിക്കേണ്ടത് പ്രസംഗത്തിൽ കൂടിയല്ല. നിങ്ങൾ അവരുടെ കടങ്ങളുടെ കണക്കെടുത്ത് അവ എഴുതിത്തള്ളി അവരെ ആത്മഹത്യയിൽനിന്നും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. നിങ്ങൾ കാർഷിക കടങ്ങൾ എഴുതിത്തള്ളുമോ എന്ന ഒറ്റ ചോദ്യം മാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. അങ്ങനെ എഴുതിത്തള്ളുമെങ്കിൽ ആ തീയതി പ്രഖ്യാപിക്കാൻ കഴിയുമോ? നിങ്ങൾക്ക് കർഷകരോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ആ തീയതിയും സമയവും ഇവിടെ പ്രഖ്യാപിക്കാൻ തയ്യാറാകണം. ഇപ്പോൾ സഹകരണ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെയുണ്ട്. വയനാട് ജില്ലയിൽ സഹകരണ മേഖലയിലുള്ള ബാങ്കുകളിൽനിന്നും ലോണെടുത്ത എണ്ണായിരം കുടുംബങ്ങൾക്ക് സർഫാസി ആക്റ്റനുസരിച്ച് നോട്ടീസ് അയച്ചിരിക്കുകയാണ്. അവിടത്തെ കർഷക പ്രതിനിധികളുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറായോ? മന്ത്രിസഭ കൂടി ഉന്നതതല യോഗം ചേർന്നാൽ സാധാരണക്കാരായ കർഷകർ ഇതിനെക്കുറിച്ച് അറിയുമോ? ഇവിടെ മൊറട്ടോറിയം പ്രഖ്യാപിച്ചുവെന്ന് പറഞ്ഞല്ലോ. മൊറട്ടോറിയം എപ്പോഴാണ് പ്രഖ്യാപിച്ചത്? ഇലക്ഷൻ സമയത്താണ് മൊറട്ടോറിയം പ്രഖ്യാപിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പെരുമാറ്റച്ചട്ടം

നിലനിന്നതിനാൽ ആ സമയത്ത് നിങ്ങൾക്ക് ഓർഡർ ഇറക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ കർഷകരെ വഞ്ചിക്കുകയല്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നുവർഷമായിട്ടും മൊറട്ടോറിയത്തിന്റെ തീരുമാനമെടുത്തത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഘട്ടത്തിലാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഘട്ടത്തിൽ എങ്ങനെയാണ് ഓർഡർ ഇറക്കുന്നത്? ഇതൊക്കെ മനസ്സിലാക്കുന്ന സാധാരണക്കാരായ കർഷകരാണ് കേരളത്തിലുള്ളത്. അതുകൊണ്ട് കർഷകരുടെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. റബ്ബർ, കാപ്പി, കുരുമുളക്, തേയില തുടങ്ങിയവ കൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെയുള്ളവർ ഇന്ന് പ്രതിസന്ധിയിലാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ സർക്കാർ കർഷകരോട് വഞ്ചന കാണിക്കുന്നുവെന്നാണ് എന്റെ പ്രിയ സുഹൃത്ത് ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞത്. സത്യത്തിൽ ആരാണ് കർഷകരെ വഞ്ചിച്ചതെന്നതിന്റെ ഉത്തരം അറിയണമെങ്കിൽ ഈ പ്രമേയം അവതരിപ്പിച്ച ശ്രീ. ഐ. സി. ബാലകൃഷ്ണൻ സ്വയമൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കോൺഗ്രസ് ഭരിക്കുന്ന കാലഘട്ടങ്ങളിൽ ചെയ്ത പ്രവർത്തനങ്ങളുടെ തിക്തഫലമാണ് ഇന്ന് കൃഷിക്കാർ അനുഭവിക്കുന്നത്. .......(ബഹളം).......

മി. സ്പീക്കർ: ഇരിക്കൂ. അങ്ങ് സംസാരിച്ചപ്പോൾ അദ്ദേഹം കേട്ടില്ലേ. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. ടി. തോമസ്: സർ, കർഷക ആത്മഹത്യപോലെ ഇത്ര ഗൗരവമായൊരു കാര്യം പറയുമ്പോൾ ഇങ്ങനെ രാഷ്ട്രീയവൽക്കരിക്കുന്നത് ശരിയാണോ? ....(ബഹളം)......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. ഐ. സി. ബാലകൃഷ്ണൻ എന്നെ വ്യക്തിപരമായി പറഞ്ഞിട്ടുപോലും ഞാൻ ഒരക്ഷരം മിണ്ടിയിട്ടില്ല. ......(ബഹളം)...... കർഷകരെ ഞങ്ങൾ വഞ്ചിച്ചുവെന്ന് നിങ്ങൾ പറഞ്ഞത് രാഷ്ട്രീയ ആരോപണമല്ലേ; അതിന് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനല്ലേ? ആസിയാൻ കരാർ കൊണ്ടുവന്ന് കേരളത്തിലെ കുരുമുളകിന്റെയും റബ്ബറിന്റെയും ഏലത്തിന്റെയും ചുക്കിന്റെയുമൊക്കെ വിലയിടിക്കാനും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും കോർപ്പറേറ്റുകൾക്കും കർഷകരെ കൊള്ളയടിക്കാനും അവരെ ആത്മഹത്യയിലേയ്ക്ക് നയിക്കാനുമുള്ള നയം നടപ്പാക്കിയ മൻമോഹൻ സിംഗ് ഗവൺമെന്റിനെക്കുറിച്ച് പറയാതെ കർഷകരുടെ ആത്മഹത്യയ്ക്ക് കാരണം ഈ ഗവൺമെന്റാണെന്ന് പറയരുത്. .......(ബഹളം)....... അതൊക്കെ വെറുതെ പറയുന്നതാണ്. കർഷകരെ

വഞ്ചിച്ചത് ഇടതുപക്ഷ ഗവൺമെന്റല്ല, അതിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം നിങ്ങൾക്കുമുണ്ട്. സർഫാസി നിയമം 2002-ൽ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നു. അതിനുശേഷം രണ്ടുതവണ കേന്ദ്രം ഭരിച്ചത് കോൺഗ്രസ്സാണ്. സർഫാസി നിയമത്തിൽ പറയുന്ന കർഷക വിരുദ്ധമായ, പാവപ്പെട്ട കർഷകർക്കെതിരായ ഏതെങ്കിലുമൊരു വകുപ്പ് എടുത്തുകളയാൻ കഴിയാതെ ഇപ്പോൾ സർഫാസി ആക്റ്റിനെക്കുറിച്ച് പറയുന്നത് കർഷക വഞ്ചനയാണ്. അതാണ് ആത്മ വഞ്ചന.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സർഫാസി ആക്ട് കേന്ദ്രം കൊണ്ടുവന്നെങ്കിലും അത് നടപ്പാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ അഞ്ചുവർഷം സർഫാസി ആക്റ്റനുസരിച്ച് ഒരു നോട്ടീസും അയച്ചിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സർഫാസി ആക്റ്റ് കേന്ദ്ര നിയമമാണെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ആദ്യം മനസ്സിലാക്കണം. അതിൽ സംസ്ഥാന ഗവൺമെന്റിന് ഒരധികാരവുമില്ല. സർഫാസി നിയമത്തിന്റെ പരിധിയിൽ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതുകൊണ്ടാണ് ധനകാര്യ സ്ഥാപനങ്ങളെന്ന നിലയിൽ മറ്റ് കൊമേഴ്സ്യൽ ബാങ്കുകളെ ഉൾപ്പെടുത്താൻ കഴിയാതെ പോയത്. അങ്ങ് വെറുതെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സർഫാസി ആക്റ്റിനെ സംബന്ധിച്ച് ആറ് മാസംമുമ്പ് ഈ സഭയിൽ ഞാനൊരു ചോദ്യം ചോദിച്ചപ്പോൾ പരിശോധിക്കാമെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. ഈ സഭയിൽ വയനാട്ടിൽ സർഫാസി ആക്റ്റിൻപ്രകാരമുള്ള ജപ്തിനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അങ്ങുതന്നെയാണ് മറുപടി പറഞ്ഞത്. അത് രേഖയിലുണ്ട്.

മി. സ്പീക്കർ: സർഫാസി ആക്റ്റിനെ സംബന്ധിച്ച് ഈ സഭയ്ക്ക് ഒരേ വികാരം തന്നെയാണുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സർഫാസി ആക്റ്റിന്റെ കാര്യത്തിൽ നമ്മൾ തർക്കിക്കേണ്ട കാര്യമില്ല. നമുക്കെല്ലാം ഒരേ വികാരമാണുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2003-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് സർഫാസി ആക്റ്റ് സഹകരണ മേഖലയിൽക്കൂടി നടപ്പിലാക്കാൻ തീരുമാനമെടുത്തത്. അത് മറന്നിട്ട് ഇങ്ങനെ സംസാരിക്കരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ അതുംകൂടി മനസ്സിലാക്കിയല്ലോ. സർഫാസി ആക്ട് സഹകരണ മേഖലയിൽക്കൂടി നടപ്പിലാക്കിയത് നിങ്ങളാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രി ഇവിടെ പറഞ്ഞല്ലോ സഹകരണ മേഖലയിൽക്കൂടി സർഫാസി ആക്റ്റ് നടപ്പാക്കിയെന്ന്. ഈ ഗവൺമെന്റ് വന്നശേഷം സർഫാസി ആക്റ്റ് പ്രകാരം സഹകരണ ബാങ്കുകൾ ഓരോ ജില്ലയിലും ജപ്തി നടപടികൾ സ്വീകരിച്ചതിന്റെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. 2600 പേർക്കെതിരെയാണ് ജപ്തി നടപടികൾ സ്വീകരിച്ചത്. ഇത് ജില്ല തിരിച്ചുള്ള കണക്കാണ്. 2600-ലധികം ആളുകൾക്കെതിരെ ജപ്തി നടപ്പാക്കിയിട്ടാണ് ഈ വർത്തമാനം പറയുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് വ്യക്തമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, കണ്ണടച്ചാലൊന്നും ഇരുട്ടാകില്ല. സർഫാസി ആക്റ്റ് കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖലയിൽക്കൂടി പ്രാബല്യത്തിൽ കൊണ്ടുവന്നത് 2003-ലാണ്. അത് യു.ഡി.എഫ്. ഭരണകാലത്തുതന്നെയാണ്. ഇത് കേന്ദ്ര നിയമമാണെന്നുള്ളത് അങ്ങേയ്ക്കറിയാം. ആർ.ബി.ഐ.-ക്ക് കീഴിൽ വരുന്ന എല്ലാ ബാങ്കുകളും ഈ നിയമം നടപ്പിലാക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ആർ.ബി.ഐ. ലൈസൻസിന് കീഴിൽ വരുന്ന സഹകരണ ബാങ്കുകൾ എന്നീ ബാങ്കുകളിൽ മാത്രമാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിലെ കർഷകരെടുക്കുന്ന വായ്പയുടെ 80 ശതമാനവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നാണ്. ആ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ സർഫാസി ആക്റ്റ് നടപ്പിലാക്കിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, 2961 കർഷകരുടെ വീടും സ്ഥലവും ജപ്തി ചെയ്തിട്ടാണ് മന്ത്രി ഇങ്ങനെ പറയുന്നത്. അങ്ങനെയാണെങ്കിൽ ജപ്തി നടപടി നിർത്തിവച്ചുകൂടായിരുന്നോ?

മി. സ്പീക്കർ: നിങ്ങൾ രണ്ടുപേരും രണ്ട് കാര്യങ്ങളാണ് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർഫാസി ആക്റ്റിനെതിരെയാണ് നമ്മളെല്ലാവരും സംസാരിക്കുന്നത്. അത് സഹകരണ ബാങ്കുകൾക്കും ബാധകമാക്കിയ സാഹചര്യം നിലനിൽക്കുമ്പോൾ അതൊഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. സഹകരണ ബാങ്കുകൾക്ക് സർഫാസി ആക്റ്റ് ബാധകമല്ലെന്ന നിലപാട് നമുക്ക് ഭാവിയിൽ സ്വീകരിക്കാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കർഷകർക്കുവേണ്ടി ചെയ്ത കാര്യങ്ങളെപ്പറ്റി ഞാൻ ഇവിടെ പറയുകയുണ്ടായി. പല പാക്കേജുകളും ഇവിടെ നടപ്പിലാക്കി. യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ഇടുക്കി പാക്കേജ് അവസാനിച്ചു; ആയിരക്കണക്കിന് കോടി രൂപയുടെ കുട്ടനാട് പാക്കേജ് എങ്ങനെ പോയി; കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ നിലച്ചുപോയത് എങ്ങനെയാണ്; സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കപ്പെടാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്; ആരെല്ലാമാണ് അതിനുത്തരവാദികൾ എന്നുള്ള കാര്യംകൂടി അങ്ങ് പരിശോധിക്കണ്ടേ? കുട്ടനാട് പാക്കേജുകൊണ്ട് ലഭ്യമാകേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും കൃഷിക്കാർക്ക് ലഭിച്ചില്ല. അതിന്റെ ഭാഗമായി കുട്ടനാട് പാക്കേജ് പോയത് യു.ഡി.എഫ്.-ന്റെ ഭരണ കാലത്താണ്. അത് പറയുമ്പോൾ രാഷ്ട്രീയമാണെന്ന് തെറ്റിദ്ധരിക്കരുത്, അതൊരു വസ്തുതയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. എങ്ങനെയാണ് കുട്ടനാട് പാക്കേജ് നടപ്പാക്കുക എന്നുള്ളത് നിങ്ങൾക്ക് ഞങ്ങൾ കാണിച്ചുതരാം. പ്രളയത്തിന്റെ ഭാഗമായി ഇടുക്കി, കുട്ടനാട്, വയനാട് എന്നീ ജില്ലകൾക്കുവേണ്ടി പ്രത്യേക പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലെ പാക്കേജുകൾ എന്തുകൊണ്ട് പരാജയപ്പെട്ടുവെന്ന കാര്യംകൂടി പഠിച്ചതിനുശേഷം പ്രതിപക്ഷവുമായി ചർച്ച ചെയ്ത് ഈ പാക്കേജുകൾ ഞങ്ങൾ നടപ്പിലാക്കും. അതിന് നിങ്ങളുടെ സഹകരണമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 15 കൃഷിക്കാരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് നമ്മൾ അവരുടെ രക്തം പരിശോധിക്കേണ്ട കാര്യമില്ല. പണ്ട് ശ്രീമതി കെ. ആർ. ഗൗരിയമ്മ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ ആത്മഹത്യയൊന്നും കർഷക ആത്മഹത്യയല്ല, പ്രണയ നൈരാശ്യംമൂലമുള്ള ആത്മഹത്യകളാണെന്ന് പറഞ്ഞത് ഈ സഭയിലാണ്. ഞാൻ ഈ 15 കൃഷിക്കാർ ആത്മഹത്യ ചെയ്ത കാരണം കൃഷിയുമായി ബന്ധപ്പെട്ടുള്ളതാണോയെന്ന് പരിശോധിച്ചിട്ടില്ല, അവരെല്ലാം കൃഷിക്കാരാണ്. അവരെല്ലാം ആത്മഹത്യ ചെയ്യാൻ കാരണം പല തരത്തിൽ അവർക്കുണ്ടായ നഷ്ടമാണ്. അവരിൽ പലരും കാർഷിക ലോൺ എടുത്തവരല്ല. മക്കളുടെ വിദ്യാഭ്യാസത്തിനും വീടുവയ്ക്കാനുമൊക്കെ ലോണെടുത്തവരാണ്. അവരുടെ ഉപജീവനം കൃഷി മാത്രമാണ്. കൃഷിക്കാർ എടുക്കുന്ന എല്ലാ വായ്പയും കാർഷിക വായ്പയായിത്തന്നെ കണക്കാക്കേണ്ടിവരും. കാരണം, അവന്റെ ഉപജീവന മാർഗ്ഗം കൃഷി മാത്രമാണ്. കൃഷിയിലുണ്ടാകുന്ന നഷ്ടം വായ്പ തിരിച്ചടയ്ക്കാൻ പറ്റാത്ത സാഹചര്യമുണ്ടാക്കും എന്നതുകൊണ്ടാണ് ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചപ്പോൾ കാർഷിക വായ്പ എന്നതിന് പകരം കർഷകരുടെ വായ്പ എന്ന് മാറ്റം വരുത്തിയത്. അത് ചരിത്രപരമായ മാറ്റമാണ്.

ആ മാറ്റം വരുത്തിക്കൊണ്ടാണ് ഇപ്പോൾ ഉത്തരവിറക്കിയിരിക്കുന്നത്. കാർഷിക കടം എന്നാണ് എഴുതിത്തള്ളാൻ പോകുന്നതെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചോദിച്ചു. അമ്പതിനായിരം മുതൽ ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ വേണ്ടിയുള്ള അപേക്ഷകൾ എല്ലാ ജില്ലകളിലെയും സഹകരണ ബാങ്കുകൾ വഴി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള തീയതി ഇടുക്കി, വയനാട് ജില്ലകളിൽ 2019 ആഗസ്റ്റ് മാസം 31 വരെ നീട്ടിയിരിക്കുകയാണ്. സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട എല്ലാ കടങ്ങളുടെയും അപേക്ഷകൾ സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ വഴി സ്വീകരിക്കാനാവശ്യമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ കാര്യം, മറ്റ് കൊമേഴ്സ്യൽ ബാങ്കുകളുടെ കടങ്ങൾകൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരാൻ ആവശ്യമായ നടപടിക്രമങ്ങൾ ആസൂത്രണ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഏതാനും നാളുകൾക്കകം ആ നടപടി പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും കൊമേഴ്സ്യൽ ബാങ്കുകളിലും നിന്ന് കൃഷിക്കാർ എടുത്തിരിക്കുന്ന രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനുൾപ്പെടെയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. അത് മന്ത്രിസഭാ തീരുമാനമാണ്. ഏതാനും മാസങ്ങൾക്കകം ആ നടപടി പൂർത്തീകരിക്കും. കാരണം, എല്ലാ ബാങ്കുകളുമായും ചർച്ച നടത്തിയാൽ മാത്രമേ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇത് നിങ്ങളുടെ ഗവൺമെന്റുകൾ മറ്റ് സംസ്ഥാനങ്ങളിൽ ചെയ്തുവെന്നത് ഞാൻ നിഷേധിക്കുന്നില്ല. അതിനേക്കാൾ കാര്യക്ഷമമായി, കാർഷിക കടാശ്വാസ കമ്മീഷനെന്ന വ്യവസ്ഥാപിത സംവിധാനത്തിലൂടെ ഈ കടങ്ങളെല്ലാം എഴുതിത്തള്ളാനാവശ്യമായ നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന കാര്യം സഭയെ ഞാൻ അറിയിക്കുകയാണ്. കൃഷിക്കാരുടെ കാര്യത്തിൽ ഞങ്ങൾ എന്തുചെയ്തുവെന്ന് അദ്ദേഹം ഇവിടെ ചോദിച്ചു. 22-2-2016-ൽ എം.എൽ.എ. ആയിരുന്ന ബഹുമാനപ്പെട്ട ജി. സുധാകരൻ, ആലപ്പുഴ ജില്ലയിലെ 18,800 കൃഷിക്കാരുടെ നാശനഷ്ടം നികത്താൻ എന്തുകൊണ്ട് പണം കൊടുക്കുന്നില്ലെന്ന ചോദ്യത്തിന്, അന്നത്തെ കൃഷി വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്ന മറുപടി, ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കഴിഞ്ഞ ഗവൺമെന്റ് കൃഷിക്കാർക്ക് കൊടുക്കാനുണ്ടായിരുന്ന 196 കോടി രൂപയും നാച്വറൽ കലാമിറ്റിയുമായി ബന്ധപ്പെട്ട തുകയും പരിപൂർണ്ണമായി കൊടുത്തുതീർത്തു. ഇതുവരെയുണ്ടായ പ്രകൃതി ദുരന്തങ്ങളുടെയും ഫണ്ട് കൊടുത്തുതീർത്തു. ഇനി ഏതാനും കോടി രൂപ കൊടുക്കാനുണ്ട്. അത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കുടിശ്ശികയുള്ള 36 കോടി രൂപയും അടിയന്തരമായി കൊടുത്തു തീർക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമുക്, കൊക്കോ, കുരുമുളക്, ജാതി, ഗ്രാമ്പൂ തുടങ്ങിയ എട്ട് വിളകൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരം ഇരട്ടിയാക്കാൻവേണ്ടി ഉത്തരവിറക്കിയിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ. ...(മൈക്ക് ഓഫ്)... ഇഞ്ചിയും കുരുമുളകും ഇല്ലല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അത് മലയോര മേഖലയിലെ കൃഷിക്കാരെ ഉദ്ദേശിച്ചുകൊണ്ടാണ്. കാരണം പലതിനും നഷ്ടപരിഹാരം കുറവാണെന്ന് അങ്ങ് ഉൾപ്പെടെ പറഞ്ഞു. അത് ഇരട്ടിയാക്കിക്കൊണ്ട് ഉത്തരവിറക്കുകയും കഴിഞ്ഞ വർഷമുണ്ടായ നഷ്ടം കണക്കാക്കി ഈ വർഷം കൊടുക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. മറ്റൊരു കാര്യം, അങ്ങ് ഇവിടെ തേങ്ങയുടെ കാര്യം പറയുകയുണ്ടായി. രണ്ട് കൊല്ലമായി തേങ്ങ സംഭരിക്കുന്നില്ലെന്നത് സത്യമാണ്. തേങ്ങ സംഭരിക്കേണ്ടി വന്നിട്ടില്ല. തേങ്ങയുടെ വില കിലോയ്ക്ക് 25 രൂപയിൽ താഴെയാകുമ്പോൾ പച്ചത്തേങ്ങ സംഭരിക്കുക എന്നുള്ളതാണ് സർക്കാർ നയം. തേങ്ങയുടെ വില കിലോയ്ക്ക് 25 രൂപയിൽ താഴെയാകുന്ന മുറയ്ക്ക് തേങ്ങ സംഭരിക്കാനാവശ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിരിക്കുകയാണ്. 900-ത്തോളം വരുന്ന സഹകരണ സംഘങ്ങൾ വഴി എല്ലാ പഞ്ചായത്തുകളിലും പച്ചത്തേങ്ങ സംഭരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കിലോയ്ക്ക് 25 രൂപയിൽ താഴെയാകുന്ന മുറയ്ക്ക് പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കാനുള്ള നടപടിയുണ്ടാകും. പച്ചത്തേങ്ങയുടെ വില 40, 50, 60 രൂപയിൽ എത്തിയതുകൊണ്ട് മൂന്ന് വർഷം പച്ചത്തേങ്ങ സംഭരിക്കേണ്ടി വന്നിട്ടില്ല. ഇപ്പോൾ വില കുറഞ്ഞ സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരിക്കാനാവശ്യമായ നടപടിയുണ്ടാകും. ഇതാണ് കൃഷിക്കാരുമായി ബന്ധപ്പെട്ടു കൊണ്ട് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ. കർഷക ആത്മഹത്യയെന്ന പ്രശ്നം ഉൾപ്പെടെ അഡ്രസ് ചെയ്യുന്നതിനുവേണ്ടിയാണ് ഇപ്പോൾ വായ്പയുടെ കാര്യത്തിൽ തീരുമാന മെടുത്തിരിക്കുന്നത്. നേരത്തേ ഹ്രസ്വകാല വായ്പകൾക്ക് മാത്രമാണ് പലിശയിളവുണ്ടായിരുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതു പ്രകാരം ദീർഘകാല വിളകളുടെ പലിശകൂടി ഗവൺമെന്റ് അടച്ച് പലിശരഹിത ലോണുകളാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കർഷകരുടെ രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങൾക്ക് കടാശ്വാസ കമ്മീഷനെ സമീപിക്കാമെന്ന നിലപാടുണ്ടായി. ഈ ഗവൺമെന്റ് വിള ഇൻഷ്വറൻസ് പദ്ധതി രണ്ടിരട്ടി മുതൽ 13 ഇരട്ടിവരെ വർദ്ധിപ്പിച്ചു. പുനർജനി എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ കാർഷിക കടവുമായി ബന്ധപ്പെട്ടുള്ള എല്ലാ കടങ്ങൾക്കും

മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം അനാവശ്യമായ ഭീതിയുണ്ടാക്കാൻ പാടില്ല. ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് പറയാനുള്ള കാര്യം, സംസ്ഥാനത്തെ കാർഷിക കടങ്ങൾക്കുമേൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന മൊറട്ടോറിയം അനുസരിച്ച് ഒരു ബാങ്കുകൾക്കും നടപടി സ്വീകരിക്കാൻ കഴിയില്ല. അങ്ങനെ ഏതെങ്കിലും ബാങ്കുകൾ നടപടി സ്വീകരിച്ചാൽ ആ ബാങ്കുകൾക്കെതിരെ ശക്തമായ നടപടിയുണ്ടാകും.അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്ന് വർഷം പൂർത്തിയാക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രോഗ്രസ് കാർഡ് പുറത്തിറങ്ങുന്ന ദിവസമാണിന്ന്. അങ്ങും ആ പ്രോഗ്രസ് കാർഡിന്റെ പ്രസിദ്ധീകരണത്തിൽ പങ്കെടുക്കുന്നതായും ആഘോഷങ്ങളുള്ളതായും അറിഞ്ഞു. യഥാർത്ഥ പ്രോഗ്രസ് കാർഡാണ് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചത്. 10 കർഷകർ ഇടുക്കിയിലും 5 കർഷകർ വയനാട്ടിലും ആത്മഹത്യ ചെയ്തുവെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചു. അദ്ദേഹത്തിന്റെ ജില്ലയായ തൃശ്ശൂരിലെ മാളയിലും കൊട്ടിയത്തും കേളകത്തും ഓരോ കർഷകർ ആത്മഹത്യ ചെയ്തത് അദ്ദേഹം മറന്നുപോയി. കേരളത്തിൽ കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ 18 കർഷകർക്കാണ് കാർഷിക കടങ്ങളുടെ ജപ്തി നടപടിമൂലം ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഈ വിഷയം ഇങ്ങനെയാണോ വകുപ്പുമന്ത്രി കൈകാര്യം ചെയ്യേണ്ടിയിരുന്നത്? ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ ഒരു ചർച്ചയ്ക്ക് എന്തുകൊണ്ട് സർക്കാർ മുന്നോട്ടുവരുന്നില്ല. രാഷ്ട്രീയത്തിനപ്പുറം നമുക്ക് ഈ പ്രശ്നത്തെ കാണാൻ കഴിയണ്ടേ. ഇന്ന് കേരളത്തിലുണ്ടായിരിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് ഗുരുതരമായ പ്രശ്നമാണ്. റബ്ബർ, കാപ്പി, ഏലം, കുരുമുളക്, തേങ്ങ എന്നിവയ്ക്കൊന്നും വിലയില്ല. കാർഷികാവശ്യങ്ങൾക്കും മറ്റിതര ആവശ്യങ്ങൾക്കും കർഷകർ എടുക്കുന്ന കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോഴാണ് സഹകരണ ബാങ്കിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും നോട്ടീസ് വരുന്നത്. ഇതിന്റെ ഫലമായി മറ്റൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ടാണ് കർഷകർക്ക് ആത്മഹത്യ

ചെയ്യേണ്ടിവരുന്നത്. ഏതെങ്കിലുമൊരു കർഷകൻ മനഃപൂർവ്വം ആത്മഹത്യ ചെയ്യുമോ? സർക്കാർപോലും തന്റെ സഹായത്തിനില്ലാതെ നിരാലംബനായി മാറുമ്പോഴാണ് ആത്മഹത്യയെപ്പറ്റി ചിന്തിക്കേണ്ടിവരുന്നത്. കേരളത്തിൽ 18 കർഷകർ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ ആത്മഹത്യ ചെയ്തുവെന്ന് പറയുന്നത് നിസ്സാര കാര്യമാണോ? രാഷ്ട്രീയത്തിനതീതമായി നമ്മൾ ചിന്തിക്കേണ്ട പ്രശ്നമാണിത്. ഇടുക്കിയിലെ വെള്ളത്തൂവലിൽ 73 വയസ്സുള്ള തണ്ണിത്തോട് ജോസഫ് എന്നയാൾക്ക് പ്രളയം കാരണം എല്ലാം നഷ്ടപ്പെട്ട് ഒരു സഹായവും കിട്ടാതെവന്നപ്പോൾ "എന്റെ രണ്ട് വൃക്കകൾ വിൽക്കാനുണ്ടെന്ന്" വീടിനുമുന്നിൽ എഴുതിവയ്ക്കേണ്ട ഗുരുതരമായ സാഹചര്യം കേരളത്തിന്റെ മണ്ണിലാണുണ്ടായത്. സർക്കാരിൽ നിന്നും ഒരു സഹായവും കിട്ടാതെവന്നപ്പോഴാണ് പ്രളയത്തിൽ എല്ലാം നശിച്ച ആ വൃദ്ധൻ സ്വന്തം വൃക്ക വിൽക്കാൻ തയ്യാറായത്. ഇതാണോ സർക്കാരിന്റെ യഥാർത്ഥ പ്രോഗ്രസ് റിപ്പോർട്ട്. ശ്രീ. വി. എസ്. അച്യുതാനന്ദൻ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇരുപതിലേറെ കർഷകർ ആത്മഹത്യ ചെയ്തു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിലിരുന്ന അഞ്ചുവർഷം ഒരു കർഷകൻ പോലും ആത്മഹത്യ ചെയ്തിട്ടില്ലെന്ന സത്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ സാധിച്ചു. ഇവിടെ ഓരോ കർഷകനും ആത്മഹത്യ ചെയ്യുമ്പോൾ അവന് എന്തെങ്കിലും സഹായം കൊടുക്കുന്ന കാര്യംപോലും സർക്കാർ ആലോചിക്കുന്നില്ല. പനമരത്ത് ദിനേശ് കുമാർ എന്ന ഹതഭാഗ്യനെക്കുറിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. പനമരം ഭൂപണയ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, പനമരം സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് 15 ലക്ഷം രൂപ കടമെടുത്തത് തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നപ്പോഴാണ് അദ്ദേഹത്തിന് ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഇതുസംബന്ധിച്ച് കോൺഗ്രസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തയച്ചപ്പോൾ അതിനെപ്പറ്റി അന്വേഷിക്കാമെന്ന് മുഖ്യമന്ത്രി മറുപടി അയച്ചു. നല്ല കാര്യം. അതുമാത്രമല്ല, ആ കുടുംബത്തിന് സഹായംകൂടി നൽകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, പോയിന്റ് ഓഫ് ഓർഡർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒരു കർഷക ആത്മഹത്യപോലും ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. കൃത്യമായ കണക്കുകൾ ഞാൻ പറയാം. 2011-ൽ 21, 2012-ൽ 27, 2013-ൽ 6, 2014-ൽ 4, 2015-ൽ 8 അങ്ങനെ 66 ആണ്. അതാണ് വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, 66 കർഷകർ ആത്മഹത്യ ചെയ്തില്ലേ എന്ന് അങ്ങ് ആവേശം കൊള്ളുന്നതിൽ എനിക്ക് ദുഃഖമുണ്ട്. 66 പേർ ആത്മഹത്യ ചെയ്തില്ലേ എന്നാണോ അങ്ങ് പറയേണ്ടത്? ആ കാലഘട്ടത്തിൽ ഒരു കർഷകനും കാർഷികകടങ്ങളുടെ ജപ്തിമൂലം ആത്മഹത്യ ചെയ്തിട്ടില്ലെന്നത് സത്യമാണ്. അത് മറച്ചുവച്ചുകൊണ്ട് തങ്ങളുടെ കാലത്ത് നടന്ന ആത്മഹത്യകളെ ന്യായീകരിക്കുന്നത് ശരിയാണോ? ഇടുക്കിയിൽ കർഷകർ തുടരെത്തുടരെ ആത്മഹത്യ ചെയ്യുകയാണ്. കർഷക പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മാർച്ച് 6-ാം തീയതി കട്ടപ്പനയിൽ ഞാനൊരു ഉപവാസം നടത്തി. അതിന്റെ തലേദിവസം അങ്ങ് പ്രത്യേക ക്യാബിനറ്റ് കൂടിയപ്പോൾ എന്തെങ്കിലും പ്രഖ്യാപനങ്ങളുണ്ടാകുമെന്ന് ഞാൻ വിചാരിച്ചു. ക്യാബിനറ്റ് കൂടിയാൽ സെക്രട്ടേറിയറ്റ് മാനുവൽ അനുസരിച്ച് 48 മണിക്കൂറിനുള്ളിൽ ഉത്തരവിറങ്ങേണ്ടതല്ലേ? ഈ ഗവൺമെന്റിന്റെ കർഷക ദ്രോഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്, മാർച്ച് 10-ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷമാണ് മൊറട്ടോറിയത്തിനുള്ള ഉത്തരവിറക്കുന്ന കാര്യം സർക്കാർ ആലോചിച്ചത്. അത് പെരുമാറ്റ ച്ചട്ടത്തിൽ കുരുങ്ങി. ഇതാണോ കർഷകരോടുള്ള ആത്മാർത്ഥത. പത്രത്തിൽ വന്ന വാർത്ത ഇവയാണ്, " മന്ത്രിസഭാ യോഗത്തിൽ ചീഫ് സെക്രട്ടറിയെ മുഖ്യമന്ത്രി കുടഞ്ഞു", റവന്യൂ മന്ത്രി പറഞ്ഞു, "സൂര്യപ്രകാശത്തെ മുറംകൊണ്ട് മറയ്ക്കുന്നതുപോലെയാണ് ചീഫ് സെക്രട്ടറിയുടെ ഈ വിശദീകരണം". കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുമ്പോൾ മാർച്ച് 6-ന് ഞാൻ കട്ടപ്പനയിൽ ഉപവാസം നടത്തുന്നതിന് ഒരു ദിവസം മുമ്പ് ക്യാബിനറ്റ് കൂടിയെടുത്ത തീരുമാനങ്ങൾ നടപ്പാക്കാനുള്ള ഇച്ഛാശക്തി കാണിക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ല. ചീഫ് സെക്രട്ടറിയെ കുടഞ്ഞതുകൊണ്ട് എന്ത് കാര്യം? അതുകൊണ്ട് വല്ല പ്രയോജനവുമുണ്ടായോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചീഫ് സെക്രട്ടറിയെ കുടയലൊന്നുമല്ല ഉണ്ടായത്. ഇങ്ങനെയൊരു തീരുമാനമെടുത്തിട്ട് അത് തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വരുന്നതിനുമുമ്പ് തന്നെ നടപ്പാക്കാൻ ആകുമായിരുന്നു. അങ്ങനെ ഉത്തരവ് പുറപ്പെടുവിക്കാതിരുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് ആഭ്യന്തര വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. അതാണ് സംഭവിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാമല്ലോ, അങ്ങേയ്ക്ക് മൂന്നുവർഷത്തെ പരിചയമുണ്ടല്ലോ, നേരത്തെ മന്ത്രിയുമായിരുന്നല്ലോ? പ്രളയസമയം ഒഴിച്ചുനിർത്തിയാൽ വളരെ അപൂർവ്വമായേ അങ്ങ് സ്പെഷ്യൽ ക്യാബിനറ്റ് കൂടാറുള്ളൂ. ഇത്രയും ഗൗരവതരമായ പ്രശ്നത്തിൻമേൽ സ്പെഷ്യൽ ക്യാബിനറ്റ്കൂടി കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം

പ്രഖ്യാപിക്കണമെന്ന സുപ്രധാനമായ തീരുമാനമെടുത്തശേഷം അത് നടപ്പാക്കാൻ കഴിയാതെ വന്നതിനെ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കണ്ടെ? അത് ഹോം സെക്രട്ടറിയാണോ അന്വേഷിക്കേണ്ടത്? അതിന് ചീഫ് സെക്രട്ടറിക്കല്ലേ ഉത്തരവാദിത്വം. ചീഫ് സെക്രട്ടറി കണ്ടുപിടിക്കട്ടെ. ഇത്രയും ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥന്മാരെ ആ സ്ഥാനത്ത് വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നതാണ് ഗൗരവതരമായ കാര്യം. ഈ തീരുമാനം തന്നെ തട്ടിപ്പായിരുന്നു. 2019 ഒക്ടോബർ 11 വരെ നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം നിലവിലുണ്ടായിരുന്നു. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച മൊറട്ടോറിയം ഡിസംബർ 31 വരെ നീട്ടിയെന്നേയുള്ളൂ. മൊറട്ടോറിയം പ്രഖ്യാപിക്കാൻ മന്ത്രിസഭയെടുത്ത തീരുമാനംപോലും കൃത്യമായി നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി എന്നത് ഗൗരവതരമല്ലേ? കാർഷിക ഉത്പന്നങ്ങൾക്കുള്ള വിലയിടിവ് തടയാനും കർഷകരെ സംരക്ഷിക്കാനും ഇവിടെ നടപടി സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറേ പ്രഖ്യാപനങ്ങൾ നടത്തി. അദ്ദേഹം പറഞ്ഞു, കുട്ടനാട്ടിൽ കൃഷിയിറക്കിയെന്ന്. ഞങ്ങളൊക്കെ അവിടെ ജനിച്ചുവളർന്നവരാണ്, കുട്ടനാട്ടിലുള്ളവരാണ്. കുട്ടനാട്ടിൽ ആദ്യമായിട്ടൊന്നുമല്ല കൃഷി ചെയ്യുന്നത്. നമ്മുടെ ഗവൺമെന്റുണ്ടാകുന്നതിനുമുമ്പ് തന്നെ അവിടെ കൃഷിയുണ്ട്. കർഷകന്റെ ആത്മാർത്ഥതയും കർഷകത്തൊഴിലാളികളുടെ പ്രയത്നവുംകൊണ്ടാണ് അവിടെ കൃഷി നടക്കുന്നത്. ആധുനിക സംവിധാനങ്ങളൊന്നുമില്ലാത്ത കാലത്താണ് അവിടെ കൃഷി ചെയ്തിരുന്നത്. അങ്ങ് പറയുന്നത് കേട്ടാൽ തോന്നും അങ്ങ് കൃഷി വകുപ്പുമന്ത്രിയായതിനുശേഷമാണ് കുട്ടനാട്ടിൽ ആദ്യമായി കൃഷി നടക്കുന്നതെന്ന്. സർഫാസി നിയമത്തിന്റെ കാര്യത്തിൽ സഭ ഒറ്റക്കെട്ടുതന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാനാണ് പിന്താങ്ങിയത്. ഈ നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. സർഫാസി നിയമത്തിന്റെ പേരിലാണ് കർഷകന് ഏറ്റവുമധികം ദ്രോഹം അനുഭവിക്കേണ്ടിവരുന്നത്. കേന്ദ്രത്തിൽ നമുക്കൊരുമിച്ച് ഈ വിഷയത്തിൽ സമ്മർദ്ദം ചെലുത്തണം. വിജയിച്ചുവന്ന കോൺഗ്രസ് എം.പി.-മാരോട് ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഏറ്റവും ആദ്യമെടുക്കുന്ന വിഷയം സർഫാസി നിയമത്തിന്റെ പേരിൽ കർഷകർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ തന്നെയായിരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്നതാണ് ഏറ്റവും പ്രധാനം. കർഷകരുടെ കടം എഴുതിത്തള്ളാൻ കർഷക കടാശ്വാസ കമ്മീഷനൊന്നും വേണ്ട. ക്യാബിനറ്റ് തീരുമാനമെടുത്താൽ മതി, ധനകാര്യ വകുപ്പുമന്ത്രി ഒരു തീരുമാനമെടുത്താൽ മതി. അത് പാസ്സാക്കാം. എന്തിനാണ് കർഷക കടാശ്വാസ കമ്മീഷനെ അതിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത്. രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ ഈ സർക്കാർ തീരുമാനിച്ചാൽ അവിടെ തീരുന്ന പ്രശ്നമേയുള്ളൂ. അത് പല ഗവൺമെന്റുകളും ചെയ്തിട്ടുണ്ടല്ലോ? ഇന്ത്യ മുഴുവൻ ലോംഗ് മാർച്ച് നടത്തുന്ന ആളുകളാണ് ഇവിടെ ഭരിക്കുന്നത്. അവർക്ക് കർഷക കടാശ്വാസ

കമ്മീഷൻ പരിശോധിക്കേണ്ട കാര്യമൊന്നുമില്ല. ക്യാബിനറ്റ് തീരുമാനമെടുക്കേണ്ട കാര്യമേയുള്ളൂ. ദീർഘകാല വിളകൾക്ക് പൊതുവായി അനുവദിക്കുന്ന വായ്പയുടെ പലിശ ഒൻപത് ശതമാനം വരെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകാമെന്ന മന്ത്രിസഭാ തീരുമാനം ഇനി വരാൻ പോകുന്ന കടത്തെപ്പറ്റിയുള്ളതാണ്. ഇതുവരെ എടുത്ത കടങ്ങളുടെ സ്ഥിതിയെന്താണ്? അതിനെപ്പറ്റി എന്തുകൊണ്ട് ഗവൺമെന്റ് ആലോചിക്കുന്നില്ല. വിളനാശത്തിന് നഷ്ടപരിഹാരമായി 85 കോടി രൂപ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് പര്യാപ്തമല്ല. കൂടുതൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ ഒരു മഹാപ്രളയം ഉണ്ടായി. പ്രളയത്തിനുശേഷം ഉപരിതലത്തിലെ മണ്ണ് ഒഴുകിപ്പോയി കൃഷിക്ക് ഉപയുക്തമല്ലാത്ത നിലയിൽ ഇടുക്കിയിലും വയനാട്ടിലുമുള്ള ഭൂമികൾ നിലനിൽക്കുകയാണ്. അതിന് വലിയ തോതിലുള്ള സർക്കാർ സഹായമുണ്ടെങ്കിൽ മാത്രമേ ഇന്നത്തെ സാഹചര്യം പിടിച്ചുനിർത്താൻ കഴിയൂ. കഴിഞ്ഞ വർഷം ഇന്ത്യയിൽ 11,400 കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് കേന്ദ്ര ഗവൺമെന്റ് ലോക്സഭയിൽ പറഞ്ഞു. ഓരോ 30 മിനിട്ടിലും ഓരോ കർഷക ആത്മഹത്യ നടക്കുന്നു. ബി.ജെ.പി സർക്കാരിന്റെ അതേ നയം നമുക്കിവിടെ പിന്തുടരാൻ കഴിയുമോ? ഭരണ പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ കേരളത്തിലെ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഉണ്ടാകേണ്ടത്. മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്നതുപോലെയുള്ള ഗുരുതരമായ അവസ്ഥയിലേയ്ക്ക് നമ്മുടെ കർഷകരെ തള്ളിവിടാതിരിക്കുകയെന്നതാണ് ഏറ്റവും പ്രധാനമായി സ്വീകരിക്കേണ്ടത്. ശ്രീ. വി. എസ്. സുനിൽ കുമാർ എന്റെ സുഹൃത്താണ്. അദ്ദേഹം ഒരു ചർച്ചയ്ക്ക് തയ്യാറാകേണ്ടതായിരുന്നു. രാഷ്ട്രീയത്തിനപ്പുറം ഉയർത്തിക്കാട്ടേണ്ട പല വിഷയങ്ങളും ഇതിലുണ്ട്. അങ്ങ് നടപടികൾ സ്വീകരിച്ചുവെന്ന് പറയുമ്പോഴും കർഷക ആത്മഹത്യകൾ തുടർന്നുകൊണ്ടിരിക്കുകയാണ്. മാളയിലെയും കൊട്ടിയൂരിലെയും കേളകത്തെയും പനമരത്തെയും കർഷകർ ആത്മഹത്യ ചെയ്തത് നടപടികൾ സ്വീകരിച്ചശേഷമാണ്. There is something wrong, seriously something wrong. അക്കാര്യം ഗവൺമെന്റ് പരിശോധിച്ച് കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കുകയാണ് വേണ്ടത്. അതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, 'ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക ആത്മഹത്യ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; വ്യക്തമാക്കുമോ' എന്ന 2019 ഫെബ്രുവരി മാസത്തിലെ ചോദ്യത്തിന്, 'ഇല്ല' എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി. കഴിഞ്ഞ രണ്ടുമാസംകൊണ്ടാണ് മുഴുവൻ കർഷക ആത്മഹത്യകളുമുണ്ടായതെന്ന

രീതിയിലാണ് അദ്ദേഹം മറുപടി നൽകിയിട്ടുള്ളത്. 'ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിനെ സഹായിക്കാൻ എന്തൊക്കെ ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ' എന്ന ചോദ്യത്തിന് 'കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ടി വിഷയം പരിഗണിച്ചിട്ടില്ല' എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ടെന്ന് കുറ്റസമ്മതംപോലെ ഇന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിരിക്കുന്നു. പ്രളയത്തിനുശേഷം ഈ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകർക്ക് ആത്മഹത്യ ചെയ്യേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷമാണ് കേരളത്തിലുള്ളത്. ഇവിടെ പറഞ്ഞതുപോലെ നീർവാരം സ്വദേശി ദിനേശ് (52), ഇടുക്കി അടിമാലിയിലെ സുരേന്ദ്രൻ, പെരിഞ്ചാംകുടി സ്വദേശി ജെയിംസ് ഇങ്ങനെ 18 പേരുടെ ആത്മഹത്യയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. സർഫാസി നിയമം തള്ളണമെന്നു പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. എന്നാൽ ബാങ്കുകൾ പലപ്പോഴും ഈ സർഫാസി ആക്റ്റിനെ ദുരുപയോഗം ചെയ്യുന്നുമുണ്ട്. ബാങ്കേഴ്സ് കമ്മിറ്റി കൂടുന്ന സമയത്ത് സർക്കാർ അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം. ബാങ്കുകൾ അവരുടെ പണം തിരിച്ചുകിട്ടാൻ വേണ്ടിയാണ് സർഫാസി നിയമം ഉപയോഗിക്കുന്നത്. സർക്കാർ അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചുകഴിഞ്ഞാൽ സർഫാസി ആക്റ്റ് പ്രകാരം ഇവരെ ബുദ്ധിമുട്ടിക്കുന്ന നിലപാടിൽ മാറ്റം വരുത്താൻ സാധിക്കും. മാത്രമല്ല, ഈ നിയമത്തിന്റെ പരിധിയിൽനിന്ന് പരമാവധി കർഷകരെ എങ്ങനെ മാറ്റിയെടുക്കാൻ സാധിക്കുമെന്നുള്ളതും പരിശോധിക്കേണ്ടതാണ്. സഹകരണ മേഖലയെ ഇതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുമെന്ന് ഇന്ന് മുഖ്യമന്ത്രി നൽകിയ മറുപടി ജനങ്ങൾക്ക് ആശ്വാസകരമാണ്. പക്ഷേ കുറച്ചു നാളുകൾക്ക് മുമ്പ് സർഫാസി നിയമം പിൻവലിക്കുന്നതിനുവേണ്ടി കത്ത് അയച്ചിട്ടുണ്ടോ എന്ന് സഹകരണ വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ അങ്ങനെ ഒരു കത്ത് അയച്ചിട്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അപ്പോൾ സഹകരണ വകുപ്പ് ഇതുവരെ ഒരു നിലപാടും സ്വീകരിച്ചിരുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞതിൽ നിന്നും മനസ്സിലാകുന്നത്, സ്വീകരിക്കാമായിരുന്നു എന്നാണല്ലോ.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, വളരെ ഗൗരവതരമായ ഈ പ്രശ്നം നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രമേയ രൂപേണ അവതരിപ്പിച്ച് ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുള്ളതാണ്. അതിനേക്കാൾ വലുതാണോ സഹകരണ വകുപ്പ് പ്രത്യേകം കത്ത് അയയ്ക്കുന്നത്. അങ്ങ് ആ പ്രമേയത്തിന്റെ ഉള്ളടക്കത്തെയും ഗൗരവത്തേയും ഒട്ടുംതന്നെ കുറച്ച് കാണരുത്.

ഡോ. എം. കെ. മുനീർ: ഞാൻ കുറച്ച് കണ്ടിട്ടില്ല. ഞാൻ പറഞ്ഞല്ലോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചപ്പോൾ ഞങ്ങളെല്ലാവരും അതിനെ പൂർണ്ണമായും പിന്തുണച്ചതാണ്. പക്ഷേ സഹകരണ വകുപ്പിന് ഒരു കത്ത് അയയ്ക്കുന്നതിൽ എന്താണ് പ്രശ്നം? എന്തുകൊണ്ട് അയച്ചില്ല? ആ ചോദ്യത്തിന്, ഇല്ല എന്നാണ് മറുപടി പറഞ്ഞത്. നമ്മൾ ഒരുമിച്ച് കൈകാര്യം ചെയ്യേണ്ട വിഷയമാണ്. ഞങ്ങൾ പറയുന്നതിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി വികാരം കൊള്ളേണ്ട കാര്യമില്ല. കാരണം, ഈ ആത്മഹത്യകൾ യാഥാർത്ഥ്യമാണ്. അതിനെ എങ്ങനെ മറികടക്കാമെന്നുള്ളതിനെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. അതിനുപകരം കഴിഞ്ഞ കാലത്ത് എത്ര ആത്മഹത്യ നടന്നു; നിയമം എപ്പോൾ വന്നു എന്നതിനെക്കുറിച്ചൊന്നുമല്ല ആലോചിക്കേണ്ടത്. ഈ നിയമത്തെ മറികടക്കാൻ ഒരുമിച്ച് നിൽക്കാമെന്ന് പറഞ്ഞ സാഹചര്യത്തിൽ എന്തുകൊണ്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകുന്നില്ല. മുരുകൻ കാട്ടാക്കടയുടെ ഒരു കവിതയുടെ തലക്കെട്ട് തന്നെ 'ഒരു കർഷകന്റെ ആത്മഹത്യാക്കുറിപ്പ്' എന്നാണ്. അത് അവസാനിക്കുന്നത്,

"ഇനിയെന്റെ കരളും

ഇനിയെന്റെ ശാന്തിയും

ഇനിയെന്റെ പാട്ടും

ഇനിയെന്റെ ബോധവും

ഇനിയെന്റെ ചലനവുമെടുത്തുകൊൾക." എന്നാണ്. കേരളത്തിലെ കർഷകൻ പറയുന്നത് എന്റെ ചലനവും എന്റെ ബോധവും നിങ്ങൾ എടുത്തുകൊള്ളുക എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചില കുട്ടികൾ പ്രോഗ്രസ് കാർഡ് വീട്ടിൽ കൊണ്ടുപോയി രക്ഷിതാവിന്റെ ഒപ്പ് അവർ സ്വന്തമായിട്ട് തിരിച്ച് കൊടുക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിലെ പ്രോഗ്രസ് റിപ്പോർട്ടിനുള്ളത്. എല്ലാ കാര്യത്തിലും നിങ്ങൾ പരാജയപ്പെട്ടുവെന്ന് പറഞ്ഞ് ജനങ്ങൾ ചുവപ്പുകൊണ്ട് വരച്ചിരിക്കുന്ന സാഹചര്യത്തിൽ എന്ത് കള്ള ഒപ്പിട്ടാലും ജനം തിരിച്ചറിയും. ഈ ആത്മഹത്യകളെ വളരെ ഗൗരവമായി കേരളം ചർച്ച ചെയ്യേണ്ടതായിരുന്നു. ഇനി ഇതുപോലുള്ള ആത്മഹത്യകൾ കേരളത്തിൽ സംഭവിക്കാതിരിക്കാൻ ഇത് ചർച്ച ചെയ്തിരുന്നെങ്കിൽ ഗുണകരമാകുമായിരുന്നുവെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

11.00 A.m.]

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ചില പ്രശ്നങ്ങളെ വസ്തുതാപരമായി സമീപിക്കേണ്ടിയിരിക്കുന്നു. ഇടുക്കിയിലെ ആത്മഹത്യകൾ എപ്പോഴാണ് നടന്നതെന്ന് കൃത്യമായി എനിക്കറിയാം, ചെറിയൊരു കാലയളവിലാണ് അവ നടന്നത്. എന്താണ് കാര്യം? ജപ്തി നോട്ടീസുകൾ മുറയ്ക്ക് ചെന്നു. ജില്ലാ ബാങ്കിന്റെ ഒരു നോട്ടീസാണ് വാഴത്തോപ്പിലെ ഒരു ആത്മഹത്യയ്ക്ക് കാരണം. ജില്ലാ ബാങ്കുകൾ സർക്കാർ ഏറ്റെടുത്തതിനുശേഷം അവിടെനിന്നും ഒരു നോട്ടീസ് പോയാൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? മൊറട്ടോറിയം നിലനിൽക്കുന്ന സമയത്ത് 15000 ജപ്തി നോട്ടീസാണ് ഇടുക്കിയിൽ നിന്ന് പോയത്. അപ്പോൾ മൊറട്ടോറിയത്തിന് എന്താണ് വില? മൊറട്ടോറിയം നീട്ടിയാലും കാര്യമില്ല. ജില്ലാ ബാങ്കിന്റെ ഒരു നോട്ടീസ് കാരണം ആത്മഹത്യ ചെയ്താൽ ആ ജില്ലാ ബാങ്കിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കില്ലേ? പത്രങ്ങളിലെല്ലാം ഇക്കാര്യങ്ങൾ കൃത്യമായി വന്നതാണ്. മൊറട്ടോറിയം നിലനിൽക്കുന്ന സമയത്ത് ഇത്രമാത്രം ജപ്തി നോട്ടീസുകൾ പോയെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണ്ടേ? ഇനി മൊറട്ടോറിയമുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഉദ്യോഗസ്ഥന്മാർ അവർക്ക് ഇഷ്ടമുള്ളതുപോലെ ചെയ്യും. സർഫാസി നിയമത്തിന്റെ പേരിൽ ഇനി നടപടിയുണ്ടാകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് ആശ്വാസകരമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്, മാണി സാറിന്റെ മാതൃക പിന്തുടർന്ന് വാക്കൗട്ട് സ്പീച്ച് ആ നിലയിൽ തന്നെ പൂർത്തീകരിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, പറയേണ്ട കാര്യം പറയണ്ടേ. മുഖ്യമന്ത്രി അനുകൂലമായി ഒരു മറുപടി പറഞ്ഞു. ഞാൻ അതിൽ വിശ്വസിക്കുന്നു. ഗവൺമെന്റ് വിചാരിച്ചാൽ ജപ്തി നടപടിയുണ്ടാകുമോ? സഹകരണ മേഖലയിൽ ഇനി ജപ്തി നടപടിയുണ്ടാകില്ലെന്ന് പൂർണ്ണമായും വിശ്വസിക്കുന്നു. അങ്ങനെ വേണം. അതേസമയം ഇതുപോലെ ജപ്തി നോട്ടീസ് കൊടുത്താൽ മൊറട്ടോറിയത്തിന് എന്ത് വിലയാണുള്ളത്; കൃഷി വകുപ്പുമന്ത്രി മറുപടി പറയേണ്ടതാണ്. മൊറട്ടോറിയമുള്ളപ്പോൾ ജപ്തി നോട്ടീസുകൾ നൽകിയ സ്ഥാപനങ്ങൾക്കെതിരെ നടപടി വേണ്ടേ? മറ്റൊരു കാര്യം, ഏലത്തിന് വിലയുണ്ട്, പക്ഷെ ഏലം കിട്ടാനില്ല. പ്രളയത്തെത്തുടർന്ന് മേൽമണ്ണ് മുഴുവൻ ഒഴുകിപ്പോയിരിക്കുകയാണ്. ചില പ്രദേശങ്ങളിൽ പല തട്ടുകളിലായി മൂന്നും നാലും അടി ഭൂമി താഴ്ന്നുപോയിരിക്കുന്നു. അത്തരം സ്ഥലങ്ങളിലെല്ലാം കർഷകർക്ക് ആശ്വാസം ലഭിക്കണം. വളരെ ഗുരുതരമായ സ്ഥിതിയാണ് അവിടെയുള്ളത്. അടുത്ത ദിവസമാണ് പനമരത്ത് ആത്മഹത്യയുണ്ടായത്. മൊറട്ടോറിയമുണ്ടെങ്കിലും ജപ്തി നോട്ടീസുകൾ

കൊടുക്കുന്നതിനെ ഗവൺമെന്റ് ഗൗരവമായിട്ടെടുക്കണം. മുഖ്യമന്ത്രി പറഞ്ഞതു പോലുള്ള നടപടികളുണ്ടാകണം. അതുപോലെതന്നെ കുട്ടനാട്ടിൽ വിള കിട്ടാത്ത സാഹചര്യമുണ്ടായിരുന്നു. എക്കലുണ്ടെങ്കിൽ ഒന്നും ചെയ്യാതെ നല്ല വിള കിട്ടും. അതിപ്പോൾ കിട്ടിയിട്ടുണ്ട്. പക്ഷെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മേൽമണ്ണ് പോയതിന്റെ ഫലമായി വലിയ തോതിൽ ഉല്പാദനം കുറഞ്ഞിരിക്കുന്നു. ഇപ്പോൾ നാളികേരത്തിന്റെ വിലയിടിഞ്ഞെന്ന് മാത്രമല്ല, എല്ലാ ഉല്പന്നങ്ങളുടെയും ഉല്പാദനം പകുതിയായി കുറഞ്ഞിരിക്കുകയാണ്. വലിയ പ്രതിസന്ധിയാണ് ഇന്നുള്ളത്. അതുകൊണ്ട് 2 ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ അടിയന്തരമായി എഴുതിത്തള്ളുകയും 5 ലക്ഷം രൂപ വരെയുള്ളവ എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എന്റെ അഭ്യർത്ഥന. 2 ലക്ഷം രൂപവരെയുള്ളത് എഴുതിത്തള്ളിയിട്ട് ബാക്കിയുള്ളതിനെപ്പറ്റി ആലോചിക്കണം. ഇപ്പോഴും ബാങ്കുകൾ ജപ്തി നോട്ടീസ് അയയ്ക്കുന്ന പശ്ചാത്തലത്തിൽ, ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ നടന്ന ആത്മഹത്യയെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നിസ്സാരവത്കരിക്കുകയാണുണ്ടായത്. രാജ്യത്തെ ആത്മഹത്യാ കണക്കിനെയും ശ്രീമതി ഗൗരിയമ്മയെയും കൂട്ടുപിടിച്ചുകൊണ്ട് ഇതൊരു വലിയ വിഷയമല്ലെന്ന നിലയിൽ അദ്ദേഹം പറഞ്ഞത് തീർത്തും നിർഭാഗ്യകരമാണ്. കേരളത്തിലെ 18 കർഷകരാണ് ആത്മഹത്യ ചെയ്തിരിക്കുന്നത്. ജപ്തിനടപടികളെ ഭയന്നാണ് കർഷകർ ഇങ്ങനെയൊരു തീരുമാനമെടുത്തിരിക്കുന്നത് എന്നുള്ളതാണ് ഏറ്റവും ഗൗരവമേറിയ വിഷയം. ഗവൺമെന്റ് മൊറട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കാനുള്ള തീരുമാനമെടുത്തെങ്കിലും ഉത്തരവിറങ്ങിയില്ല. ചീഫ് സെക്രട്ടറിയെ മന്ത്രിസഭ വിരട്ടിയെന്നുള്ള നിലയിൽ പത്രങ്ങളിലും മാധ്യമങ്ങളിലും വാർത്തകൾ വന്നിരുന്നു. ചീഫ് സെക്രട്ടറിയെ വിരട്ടിയാൽ കർഷകരുടെ പ്രശ്നം അവസാനിക്കില്ല. അതുസംബന്ധിച്ച് അന്വേഷിക്കാൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അത്തരത്തിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുകയാണ് വേണ്ടത്. മൊറട്ടോറിയം പ്രഖ്യാപിച്ചതിലൂടെ കർഷകർക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. മൊറട്ടോറിയം നിലനിൽക്കുമ്പോൾ തന്നെ ഒട്ടനവധി നോട്ടീസുകൾ ബാങ്കുകൾ അയച്ചുകൊണ്ടിരിക്കുകയാണ്. പ്രളയത്തിനുശേഷം കർഷകർക്ക് ആശ്വാസ നടപടികളെന്ന നിലയിൽ ഗവൺമെന്റിൽനിന്ന് 8,000 രൂപയാണ് ലഭിച്ചിരിക്കുന്നത്. ഇടുക്കിയിലുള്ള ചില കർഷകർക്ക് തുക ലഭിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. അതൊന്നും പര്യാപ്തമല്ല. പ്രളയത്തിനുശേഷം മലയോര മേഖലയിലെ

മണ്ണിലുണ്ടായ ഘടനാപരമായ മാറ്റം സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അത്തരത്തിലുള്ള ക്രിയാത്മകമായ ഇടപെടലുകളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. എത്ര വലിയ പ്രോഗ്രസ് കാർഡ് ഇറക്കിയാലും 18 കർഷകർ ആത്മഹത്യ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, കർഷകർക്കുവേണ്ടി വാചാലമായി സംസാരിക്കുകയും പ്രായോഗികമായി കൈക്കൊള്ളേണ്ടതായിട്ടുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന്റെയും ഫലമായി 18 കർഷകർ മരിക്കേണ്ട സാഹചര്യമുണ്ടായി. ഈ സർക്കാരിന്റെ കഴിവുകേടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ

ശ്രീ. പി. കെ. ശശി: സർ, സംസ്ഥാനത്തെ ഡാമുകളിൽ ദീർഘകാലമായി, പ്രത്യേകിച്ച് കഴിഞ്ഞ പ്രളയകാലത്ത് ചെളിയും മണലും വന്നടിഞ്ഞ് ജലസംഭരണികളിലെ ശേഷി വളരെയധികം കുറഞ്ഞത് പരിഹരിക്കുന്നതിനും ഇവ നീക്കം ചെയ്യുന്നതിനും മണലെടുത്ത് ശുദ്ധീകരിച്ച് നിർമ്മാണമേഖലയിൽ യുക്തിസഹമായി വിനിയോഗിക്കുന്നതിനും കാർഷിക മേഖലയുടെ വളർച്ചയ്ക്കും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

സംസ്ഥാനത്തെ ഡാമുകളിൽ ചെളിയും മണലും കാലങ്ങളായി വന്നടിഞ്ഞ് ഡാമുകൾ പലതും നികന്നുകിടക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇതുമൂലം ഡാമുകളുടെ സംഭരണശേഷി ഗണ്യമായി കുറയുകയും കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമായിട്ടുള്ള വെള്ളം ലഭിക്കാതെ വരികയും ചെയ്യുകയാണ്. മിക്കവാറും ഡാമുകളിൽ അതിന്റെ ശേഷിക്കൊത്ത തരത്തിൽ വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ പ്രളയകാലത്ത് ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഈ സ്ഥിതി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. വളരെയധികം മണലും പാറയും ഡാമുകളിലേയ്ക്ക് ഒഴുകിവരുന്ന

അവസ്ഥയുണ്ടായിട്ടുണ്ട്. ഡാമുകളിൽ വന്നടിഞ്ഞിട്ടുള്ള ചെളിയും മണലും നീക്കം ചെയ്യുന്നത് സർക്കാരിന്റെ വരുമാന സ്രോതസ്സാണ്. KEMDEL (Kerala State Mineral Development Corporation Limited) പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഈ ചെളിയും മണ്ണും വിപണനം ചെയ്യാൻ സാധിക്കുന്നതാണ്. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഏറെ സഹായിക്കുന്നതാണ്. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ പ്രധാനമായും രണ്ട് തരത്തിലുള്ളതാണ്. ഒന്ന്, തരി മണൽ (Coarse Sand), അത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. മറ്റൊന്ന്, മിനുസമുള്ള മണൽ (Fine Sand), അത് റോഡുകളുടെ രൂപീകരണത്തിനും റോഡിന്റെ ഫില്ലിംഗിനും ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഇതിലെ ചെളിയും മണ്ണും തരംതിരിക്കാൻ സാധിച്ചാൽ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ നല്ലതുപോലെ സംരക്ഷിക്കാൻ സാധിക്കും. പ്രത്യേകിച്ച്, മൺപാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കാൻ സാധിക്കുന്ന ഒന്നാണത്. ടൈൽ ഫാക്ടറികളിൽ റാ മെറ്റീരിയലായും ഇത് ഉപയോഗിക്കാൻ സാധിക്കും. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയുടെ ഭാഗമായുള്ള എക്കൽ കാർഷിക രംഗത്ത് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന നല്ല ജൈവവളമാണ്. ആ നിലയിൽ കാർഷിക മേഖലയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുംവേണ്ടി ഉപയോഗിക്കാൻ സാധിക്കും.

ഇവിടെ കുടിവെള്ളത്തിന്റെ പ്രശ്നം വളരെ ഗൗരവമായി ചർച്ച ചെയ്തതാണ്. കാലവർഷം ആരംഭിച്ചു. നമുക്ക് ലഭിക്കുന്ന മഴവെള്ളം നല്ല രീതിയിൽ സംഭരിക്കണമെങ്കിൽ ഡാമുകളിലെ മണ്ണും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിക്കണം.

കേരളത്തിന്റെ നെല്ലറയാണ് പാലക്കാട് ജില്ല. ഡാമുകളിലെ വെള്ളത്തെ ആശ്രയിച്ചാണ് പാലക്കാട് ജില്ലയിലെ നെൽകൃഷി നിലനിൽക്കുന്നത്. ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ ഒന്നാംവിള ഇറക്കാനായി കൃഷിക്കാർക്ക് വെള്ളം കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഒന്നാംവിള മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. അതിനാൽ ഓരോ പ്രദേശങ്ങളിലെയും മഴയുടെ ലഭ്യതയ്ക്കനുസരിച്ച് പ്രത്യേക സമയങ്ങളിലാണ് വിളയിറക്കുന്നത്. എന്നാൽ വിളയിറക്കാൻ ഡാമുകളിൽനിന്ന് വെള്ളം കൊടുക്കുന്നതോടുകൂടി ജില്ലയിലാകെ നെൽകൃഷി ഫലപ്രദമാക്കാനും വിളവെടുക്കാനും സാധിക്കും. ഇത്തരമൊരു പദ്ധതി കാർഷിക മേഖലയ്ക്ക് ഏറെ ഗുണകരവും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഏറെ സഹായകരവുമാണ്. KEMDEL പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇത് നല്ലൊരു വരുമാന സ്രോതസ്സ് കൂടിയാണ്. ടൈൽ, മൺപാത്ര നിർമ്മാണം

പോലെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും വലിയ പങ്ക് വഹിക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഈ പദ്ധതി അടിയന്തര പ്രാധാന്യത്തോടുകൂടി പ്രാവർത്തികമാക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട പി. കെ. ശശി ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ സജീവമായി ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. ഡാമുകളിൽ ചെളിയും മണലും അടിഞ്ഞുകൂടുന്നതുമൂലം സ്വാഭാവികമായും അതിന് ഉൾക്കൊള്ളാൻ കഴിയുന്ന വെള്ളത്തിന്റെ അളവ് വളരെയേറെ കുറഞ്ഞുപോകുന്നതും അത് കാർഷിക മേഖലയെ ബാധിക്കാൻ ഇടവരുത്തുമെന്ന് പറയുന്ന വിഷയവും അംഗീകരിക്കാൻ കഴിയുന്നതാണ്. ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിന് Standard Operating Procedure (SOP) ജലവിഭവ വകുപ്പ് 26-9-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 79/2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ നേരത്തെ തന്നെ ആരംഭിച്ചതാണ്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്ക് പുറമേ ജലവിഭവം, ധനകാര്യം, ഊർജ്ജം, റവന്യൂ, വനം-വന്യജീവി എന്നീ വകുപ്പ് സെക്രട്ടറിമാരും ഈ സമിതിയിലെ അംഗങ്ങളാണ്. 2-11-2018-ൽ ഉന്നതാധികാര സമിതി യോഗം ചേർന്നതിനുശേഷം ചുള്ളിയാർ, മംഗലം എന്നീ ഡാമുകളിലെ പൈലറ്റ് പദ്ധതികളുടെ ഡി.പി.ആർ.-ൽ ചില ഭേദഗതികൾ ശിപാർശ ചെയ്തിട്ടുള്ളതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ അഭിപ്രായം ജലവിഭവ വകുപ്പ് പരിശോധിച്ചു വരികയാണ്. കൂടാതെ അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ചെളിയും മണലും നീക്കം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിക്കുകയും പ്രസ്തുത മണൽ ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ നിന്ന് മണൽ നീക്കം ചെയ്യുന്ന പൈലറ്റ് പദ്ധതികളിൽ രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികളായിരിക്കും സ്വീകരിക്കുന്നത്. ടേൺ കീ പ്രകാരവും വർക്ക് കോൺട്രാക്ട് പ്രകാരവുമായിരിക്കും ഇത് നടത്തുന്നത്. വർക്ക് കോൺട്രാക്ട് പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ റവന്യൂ അധികാരികൾക്ക് കൈമാറേണ്ടതാണ്. ടേൺ കീ പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിലും വേർതിരിക്കുന്നതിലും ലഭിക്കുന്ന മണൽ ടെണ്ടർ പിടിക്കുന്ന ആൾ തന്നെ ലേലം ചെയ്യുന്നതിനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ നടപടികൾ ഇപ്പോൾ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്.

ശ്രീ. പി. കെ. ശശി: സർ, ഡാമുകളിൽ നിന്ന് ശേഖരിക്കാൻ സാധിക്കുന്ന മണൽ നിർമ്മാണ മേഖലയുടെ ഉപയോഗത്തിനായി വിനിയോഗിക്കുന്നതിനും ഇതിന്റെ ചുമതല KEMDEL പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനും വേണ്ടിയുള്ള ഇടപെടൽ നടത്താൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ട് തരത്തിലുള്ള ടെണ്ടർ നടപടികളാണ് സ്വീകരിക്കുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം ചെയ്ത്, തുടർന്ന് ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. പൊതുമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

## (2) ആരോഗ്യസ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും ഏർപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യ സ്ഥാപനങ്ങളും തസ്തികകളും അനുബന്ധ സൗകര്യങ്ങളുമില്ലാത്തത് സംബന്ധിച്ച വിഷയത്തിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. മാറിമാറി വരുന്ന സർക്കാരുകളുടെ ആരോഗ്യ വകുപ്പിനോടുള്ള കടുത്ത അവഗണനയും നീതികേടും അനുഭവിക്കുന്ന ജില്ലയാണ് മലപ്പുറം. സംസ്ഥാനത്ത് ശരാശരി മുപ്പതിനായിരം ജനങ്ങൾക്ക് ഒരു പ്രാഥമികാരോഗ്യകേന്ദ്രം എന്ന നിലയാണുള്ളത്. എന്നാൽ മലപ്പുറം ജില്ലയിലെ പല പി.എച്ച്.സി.-കൾക്കുകീഴിലും അറുപത്തയ്യായിരത്തോളം ജനങ്ങളുണ്ടെന്നുള്ളതാണ് വാസ്തവം. ഉദാഹരണത്തിന്, താനൂർ, തിരുനാവായ പി.എച്ച്.സി.-കൾക്കുകീഴിൽ അറുപതിനായിരത്തിനും അറുപത്തയ്യായിരത്തിനും ഇടയ്ക്കാണ് ജനസംഖ്യ. സംസ്ഥാനത്ത് 5000 ജനങ്ങൾക്ക് ഒരു പ്രാഥമികാരോഗ്യ ഉപകേന്ദ്രം എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ മലപ്പുറം ജില്ലയിൽ 12000 വരെയുള്ള ജനങ്ങൾക്ക് ഒരു പ്രാഥമിക ഉപകേന്ദ്രമാണുള്ളത്. അതുപോലെ സാധാരണ ജനങ്ങൾക്കിടയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണവും, പ്രത്യേകിച്ച് മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളും നടത്തേണ്ടവരാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും. ഇത് സംസ്ഥാനത്ത് ശരാശരി 5000 ജനങ്ങൾക്ക് ഓരോന്നുവീതമെന്ന നിലയാണെങ്കിൽ മലപ്പുറം ജില്ലയിൽ പതിനായിരത്തിനും പന്ത്രണ്ടായിരത്തിനും ഇടയ്ക്കുവരുന്ന ജനങ്ങൾക്കാണ് ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും ഹെൽത്ത് ഇൻസ്പെക്ടറുമുള്ളത്. മലപ്പുറം ജില്ലയിൽ ഐ.പി.പി. പ്രോജക്ട് നടപ്പിലാക്കിയപ്പോഴാണ് ഈ തസ്തികകളും മറ്റും വന്നത്. എന്നാൽ അന്ന് മലപ്പുറത്തുണ്ടായിരുന്ന ഉദ്യോഗസ്ഥരെല്ലാം മറ്റ്

ജില്ലകളിലുള്ള, പ്രത്യേകിച്ച് തെക്കൻ ജില്ലകളിലുള്ള ആളുകളായതുകൊണ്ട് അവരൊക്കെ സ്വന്തം ജില്ലകളിലേയ്ക്ക് സ്ഥലം മാറിപ്പോയപ്പോൾ ആ തസ്തികകളും കൊണ്ടാണ് പോയിട്ടുള്ളത്. ആ തസ്തിക അവിടെ നിലനിർത്തിക്കൊണ്ട് അവർക്ക് അവരവരുടെ ജില്ലയിലേയ്ക്ക് പോകാൻ സൗകര്യം ചെയ്തുകൊടുത്തിരുന്നെങ്കിൽ ഈ ലാപ്സ് ഒഴിവാക്കാമായിരുന്നു.

അതുപോലെ പഞ്ചായത്തിലെ ഓരോ പി.എച്ച്.സി.-യിലും ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഒരു വനിതാ പബ്ലിക് ഹെൽത്ത് നഴ്സും വേണമെന്നാണ് കണക്ക്. എന്നാൽ മലപ്പുറം ജില്ലയിലെ മുപ്പതോളം പഞ്ചായത്തുകളിലെ പി.എച്ച്.സി.-കളിൽ ഈ രണ്ട് തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളതാണ് വാസ്തവം. മറ്റ് ജില്ലകളിലെ പല പി.എച്ച്.സി.-കളിലും ഈ രണ്ട് തസ്തികകളിലും ഒരേ സമയം അധികം ആളുകളുള്ളപ്പോൾ മലപ്പുറത്തെ മുപ്പതോളം പി.എച്ച്.സി.-കളിൽ ഈ രണ്ട് തസ്തികകളും ഇല്ലെന്നുള്ളതാണ് വിരോധാഭാസം. ഇത് മലപ്പുറം ജില്ലയോട് കാണിക്കുന്ന ചിറ്റമ്മ നയമായി മാത്രമേ ഞങ്ങൾക്ക് കാണാൻ കഴിയുന്നുള്ളൂ.

അതുപോലെ കേരളത്തിലെ ഒരു ഹെൽത്ത് ബ്ലോക്കിൽ ഒരു ഹെൽത്ത് സൂപ്പർവൈസറും ഒരു വനിത പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസറും വേണമെന്നാണ്. എന്നാൽ മലപ്പുറത്തെ മൂന്ന് ബ്ലോക്കുകളിലും ഇപ്പോഴും ഈ തസ്തികകളിൽ ആളില്ലെന്നുള്ളത് വലിയ കുറവാണ്. അതുപോലെ സി.എച്ച്.സി.-കളുടെ മേധാവിയായി സിവിൽ സർജൻ തസ്തികയിലുള്ള ഡോക്ടർമാരാണ് നിലവിലുള്ളത്. എന്നാൽ മലപ്പുറം ജില്ലയിലെ ഓമന്നൂർ, ചുങ്കത്തറ, മാരഞ്ചേരി സി.എച്ച്.സി.-കളിൽ ഇന്നും അസിസ്റ്റന്റ് സർജന്മാരാണ് മേധാവികളായിട്ടുള്ളത്. ഓരോ ജില്ലയിലെയും ആരോഗ്യ കേന്ദ്രങ്ങൾ വ്യത്യസ്ത രീതിയിലാണ് തസ്തികകൾ നിർണ്ണയിച്ചിട്ടുള്ളതെന്നതാണ് മറ്റൊരു വിചിത്രമായ കാര്യം. മലപ്പുറം ജില്ലയിൽ തസ്തികകൾ കുറവും മറ്റ് ജില്ലകളിൽ കൂടുതലുമാണുള്ളത്. താലൂക്കാശുപത്രികളുടെ കാര്യം പറയാതിരിക്കുന്നതാണ് നല്ലത്. ജില്ലാശുപത്രിയോടും മഞ്ചേരി മെഡിക്കൽ കോളേജിനോടും ആരോഗ്യ വകുപ്പ് കടുത്ത അവഗണനയാണ് കാണിക്കുന്നത്. കൊണ്ടോട്ടി സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും അത് കോഴിക്കോട് എയർപോർട്ടിന്റെ റഫറൽ ആശുപത്രിയായിട്ടുപോലും അവിടെ ഇപ്പോഴും ആവശ്യമായ തസ്തികകളും മറ്റും സൃഷ്ടിച്ചിട്ടില്ലെന്നുള്ളതാണ് മറ്റൊരു കാര്യം. പുതുതായി ആരംഭിച്ച ആർദ്രം പദ്ധതിയിലെ എഫ്.എച്ച്.സി.-കളിൽ ഭൗതിക സൗകര്യങ്ങളില്ല, തസ്തിക പോസ്റ്റ് മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. ഐ.പി.പി. പ്രോജക്ട് മുഖേന പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും പത്ത് ബെഡ്ഡുകൾ വരെ അനുവദിക്കുകയുണ്ടായെങ്കിലും അവിടെ ആവശ്യത്തിന് തസ്തിക സൃഷ്ടിക്കാത്തതു

കൊണ്ട് അതിന്റെ ഉപകാരം സാധാരണ ജനങ്ങൾക്ക് കിട്ടുന്നില്ല. ഇതെല്ലാം അനുഭവിക്കാൻ മലപ്പുറം ജില്ലയിലെ ആളുകൾ എന്ത് തെറ്റാണ് ചെയ്തതെന്നുള്ളതാണ് ഞങ്ങൾക്കറിയേണ്ടത്. മലപ്പുറത്തെ ജനങ്ങൾ നികുതി കൊടുക്കുന്നുണ്ട്. ഞങ്ങൾ നിയമങ്ങൾ അനുസരിക്കുന്നവരല്ലേ; ഞങ്ങൾ എന്ത് കുറ്റമാണ് ചെയ്തത്? ഞങ്ങളോടുമാത്രം ഈ അവഗണന എന്തിനാണെന്നുള്ളതാണ് ഞങ്ങൾക്കറിയേണ്ടത്. എല്ലാക്കാലത്തുമുള്ള ഗവൺമെന്റുകൾ ഇങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മന്ത്രിമാരുടെ റാങ്കിൽ ഇന്ന് ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെന്ന് പറയപ്പെടുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇതിനൊരു പരിഹാരം കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ രാജ്യം സ്വതന്ത്രമായതിനു ശേഷം ആരോഗ്യ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി ഡോക്ടർമാരേയും നഴ്സുമാരെയും നിയമിക്കാൻ സാധിച്ചിട്ടില്ല. അതായത്, ജി.ഡി.പി.-യുടെ രണ്ട് ശതമാനത്തിൽ താഴെയാണ് ആരോഗ്യ മേഖലയ്ക്കുവേണ്ടി ചെലവഴിക്കുന്നത്. അതിലൊരു വിഹിതമാണ് കേരളത്തിനും ലഭിക്കുന്നത്. 1957 മുതൽ 2019 വരെയുള്ള കേരളത്തിന്റെ പ്രവർത്തനങ്ങൾക്കിടയിൽ ആരോഗ്യ മേഖലയിൽ ദേശീയ ശരാശരിയേക്കാൾ എല്ലാ കാര്യത്തിലും മെച്ചമുണ്ടാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ആവശ്യകതകൾ ഇനിയും വളരെ വലുതാണ്. അതിനനുസരിച്ച് നമുക്ക് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം മനസ്സിലാക്കി ആരോഗ്യ മേഖലയിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നാല് മിഷനുകളിലൊന്നായ ആർദ്രം മിഷൻ ഈ മേഖലയിൽ പ്രഖ്യാപിച്ചത്. അതിനനുസരിച്ചുള്ള മാറ്റങ്ങളുണ്ടാക്കി വകുപ്പ് മുന്നോട്ട് പോകുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ഉത്കണ്ഠ അസ്ഥാനത്താണെന്ന് ഞാൻ പറയുന്നില്ല. ജനസംഖ്യ ഏറെയുള്ള മലപ്പുറം ജില്ലയ്ക്ക് ഇനിയും പരിഗണന ആവശ്യമാണെന്ന് പറയുന്നതിൽ തെറ്റില്ല. അത് പരിഗണിക്കേണ്ടതാണ്. 5000 ജനങ്ങൾക്ക് ഒരു സബ്സെന്റർ എന്ന നിലയിൽ താഴെത്തട്ടിൽനിന്നാണ് തുടങ്ങേണ്ടിയിരുന്നത്. എന്നാൽ കേരളത്തിൽ 5000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇരുപതിനായിരമോ മുപ്പതിനായിരമോ ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന നിലയിലുള്ള മറ്റ് പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച്, ശരാശരി ഏഴായിരമോ എണ്ണായിരമോ ജനസംഖ്യയ്ക്ക് ഒരു സബ് സെന്റർ എന്ന നിലയിൽ കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സെൻസസിൽ മലപ്പുറം ജില്ലയിലെ ജനസംഖ്യ 41 ലക്ഷമായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോൾ 46 ലക്ഷത്തിനടുത്തുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ 46 ലക്ഷം ജനങ്ങൾക്കുവേണ്ടി

589 സബ് സെന്ററുകളാണ് അവിടെയുള്ളത്. ശരാശരി 7800 ആളുകൾക്ക് ഒരു സബ്സെന്റർ എന്ന നിലയിലുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, മലപ്പുറത്തിന്റെ ചില പ്രദേശങ്ങളിൽ പതിനയ്യായിരത്തോളം ജനങ്ങൾക്ക് ഒരു സബ് സെന്ററാണുള്ളത്. അത് ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം മനസ്സിലാക്കാതെയല്ല ഞാൻ പറയുന്നത്. ഭാവിയിൽ 5000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന നിലയിലേയ്ക്ക് എത്തണം. പക്ഷേ സാമ്പത്തികമായ പ്രശ്നങ്ങൾ കാരണം അവിടേയ്ക്ക് എത്താൻ സാധിക്കുന്നില്ല. കേരളത്തിന്റെ വളരെ ശ്രദ്ധേയമായ പ്രവർത്തനംകൊണ്ടാണ് ഇങ്ങനെ മെച്ചപ്പെടുത്തി പോകുന്നത്. മലപ്പുറം ജില്ലയെ പരിഗണിച്ചില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. ആരോഗ്യ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്യുമ്പോൾ ജനസംഖ്യ കൂടുതലാണെന്നുള്ള പ്രത്യേകതയുള്ളതുകൊണ്ട് മലപ്പുറത്തിന് പ്രത്യേക പരിഗണന കൊടുക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാലായിരത്തി അഞ്ഞൂറിലേറെ തസ്തികകൾ സൃഷ്ടിച്ചത് 14 ജില്ലകൾക്കും വീതിച്ച് കൊടുത്തിട്ടുണ്ട്. അതിൽ പകുതി തസ്തികകളും മെഡിക്കൽ കോളേജുകൾക്കാണ് കൊടുത്തിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മലപ്പുറം ജില്ലയ്ക്കുമാത്രമായി 259 തസ്തികകളാണ് പുതുതായി സൃഷ്ടിച്ച് നൽകിയിട്ടുള്ളത്. അവിടെയുള്ള മിക്കവാറും ഒഴിവുകളും നികത്തിയിട്ടുണ്ടെന്നുതന്നെ പറയാം. മലപ്പുറം ജില്ലയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിക്കാം. മോഡേൺ മെഡിസിന് പുറമെ ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നല്ല രീതിയിൽ കാര്യങ്ങൾ കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യം ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം മഞ്ചേരി മെഡിക്കൽ കോളേജിനുവേണ്ടി പുതുതായി ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ശ്രീ. എം. ഉമ്മർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടിയായി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ ഉപകരണങ്ങൾ വാങ്ങുകയും കൂടുതൽ വാർഡുകൾ അനുവദിക്കുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്ന് കാണാൻ സാധിക്കും. അതുപോലെ എൻ.എച്ച്.എം.-ന്റെ ഭാഗമായും അവിടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2017-18-ലാണ് ആർദ്രം മിഷൻ ആരംഭിച്ചത്. ആർദ്രം പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ 17 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആ 17 പി.എച്ച്.സി.-കളിലെ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേയ്ക്ക് 42 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ എൻ.എച്ച്.എം. മുഖേനയുള്ള ഫണ്ട് കൊടുത്തുകഴിഞ്ഞു. ലാബ് സെറ്റ് ചെയ്യലും നിർമ്മാണപ്രവർത്തനങ്ങളും അവിടെ കൃത്യമായി നടക്കുന്നുവെന്നുള്ളതാണ് പ്രത്യേകിച്ച് പറയാനുള്ളത്.

അതുപോലെതന്നെ ആർദ്രം പദ്ധതിയുടെ ഭാഗമായി സെക്കണ്ടറി തലത്തിലുള്ള ആശുപത്രികളെ ഉയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ തിരൂർ ആശുപത്രിയെ ജില്ലാതലത്തിലുൾപ്പെടുത്തിക്കൊണ്ട് ഹൈടെക്കാക്കി മാറ്റാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിവരികയാണ്. അതിനുമുമ്പുതന്നെ അവിടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെതന്നെ മലപ്പുറം, കുറ്റിപ്പുറം നിലമ്പൂർ, പൊന്നാനി, തിരൂരങ്ങാടി, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്കാശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, തിരൂരങ്ങാടി താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ അനുവദിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായി വരികയാണ്; ഉടൻതന്നെ ഇത് ആരംഭിക്കുവാൻ സാധിക്കും. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം കഴിഞ്ഞ് 85 പുതിയ തസ്തികകൾ അവിടെ സൃഷ്ടിച്ചു. ആ ജില്ലയിൽ നിന്നും പ്രസവത്തിനും കുട്ടികളുടെ ചികിത്സയ്ക്കും മറ്റുമൊക്കെയാണ് ആളുകൾ ഇവിടെ വരുന്നത്. അതുമാത്രമല്ല, 6 കോടി രൂപയിലേറെ അനുവദിച്ചുകൊണ്ട് ഇപ്പോൾ മറ്റ് പ്രവർത്തനങ്ങളും അവിടെ നടന്നുവരുന്നു. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലാണ്. എന്നാൽ അത് ജില്ലയ്ക്കുവേണ്ടിയുള്ള ആശുപത്രിയാണ്.

അതുപോലെ ആർദ്രം മിഷന്റെ ഭാഗമായി തിരൂർ ആശുപത്രിയെ രോഗീസൗഹൃദമാക്കാൻ ഒരു കോടി രൂപയുടെ പ്രവർത്തനം നടന്നുവരികയാണ്. അതനുസരിച്ച് ജില്ലയ്ക്കാകെ ഇതിന്റെ ഗുണം ഉണ്ടാകുമെന്നുള്ളത് തന്നെയാണ് കാണാൻ കഴിയുന്നത്. കൊണ്ടോട്ടി താലൂക്കിൽ വേറെ താലൂക്കാശുപത്രികൾ ഇല്ലാത്തതിന്റെ പേരിൽ കൊണ്ടോട്ടിയെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള നടപടികളും ആലോചിച്ചുവരികയാണ്. എടവണ്ണയിൽ ഒരു ക്യാൻസർ രോഗനിർണ്ണയകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭാഗമായി, ജില്ലയ്ക്കാകെ സഹായകരമായ രീതിയിൽ ആരംഭിക്കുന്നതിന് ഈ ഗവൺമെന്റാണ് ഉത്തരവിട്ടത്. അവിടെ ഒരു കാരുണ്യ ഫാർമസിയുടെ ഔട്ട്‌ലെറ്റും തുടങ്ങുന്നതിന് ഉത്തരവിട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അവിടെ 10 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പബ്ലിക് ഹെൽത്ത് ലാബുകളിൽ ആവശ്യമുള്ള എല്ലാ ആധുനിക ഉപകരണങ്ങളും നൽകിക്കൊണ്ട് മലപ്പുറം ജില്ലയിലുള്ളവരുടെ ചികിത്സയ്ക്ക് നല്ല രീതിയിൽ സഹായിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ തന്നെ പ്രളയത്തിൽ തകർന്നുപോയ ഒരു ഹൈടെക് ആശുപത്രി പുനഃസ്ഥാപിക്കുമ്പോൾ, വി.പി.എസ്. ഹെൽത്ത് കെയർ അവിടെ മൂന്നുനാല് ആശുപത്രികൾ തെരഞ്ഞെടുക്കാൻ പറഞ്ഞു. അതിൽ ഒന്ന് ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ വാഴക്കാടാണ്; എന്നിട്ടും പരിഗണിച്ചില്ലെന്ന് പറയുന്നത് ശരിയല്ല. ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റലായിട്ട് അത് വരികയാണ്. ഇതെല്ലാം മലപ്പുറം ജില്ലയ്ക്കുവേണ്ടിയുള്ളതാണ്.

അതുപോലെതന്നെ ആയുഷ് മേഖലയിൽ വിവിധ സ്കീമുകൾ, അതായത് സ്പോർട്സ്, മെഡിസിൻ, വൃദ്ധജന പരിപാലനം, കുട്ടികൾക്കും അമ്മമാർക്കുമുള്ള പ്രസൂതി തന്ത്ര പ്രോജക്ട്, കൗമാര ഭൃത്യം പ്രോജക്ട് ഇതെല്ലാം മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചിട്ടുണ്ട്. മലപ്പുറത്തെ ജനങ്ങൾക്ക് അത് ഗുണം ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, 7 മിനിറ്റായി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം മലപ്പുറം ജില്ലയിൽ 2 ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അതും അവർക്ക് ഗുണം ചെയ്യുന്നതാണ്. NAM(National Ayush Mission)-ന്റെ കീഴിൽ നിലമ്പൂർ താലൂക്കിൽ ആയുഷ് ഗ്രാമം പദ്ധതിയും പേരാമ്പ്ര താലൂക്കാശുപത്രിയിലും തെന്നല ആയുർവേദ ഡിസ്പെൻസറിയിലും പാലിയേറ്റീവ് കെയർ സംവിധാനവും പുതിയതായി ആരംഭിച്ചിട്ടുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ....യെസ്.... പ്ലീസ്....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ എല്ലാം പറയുന്നില്ല. കൂടാതെ മഞ്ചേരിയിൽ കൂടുതൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമെല്ലാമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* ഏതായാലും വളരെ മുന്തിയ പരിഗണനയാണ് മലപ്പുറം ജില്ലയ്ക്ക് കൊടുത്തിട്ടുള്ളതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതിൽ എല്ലാ സി.എച്ച്.സി-കളിലും 2 സ്റ്റാഫ് നഴ്സിനെ വീതം ഈ ഗവൺമെന്റ് വന്നതിനുശേഷം നിയമിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ സ്റ്റാഫ് വേണമെന്നത് നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിഗണിച്ചുകൊണ്ടുതന്നെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മലപ്പുറത്തിന് പരിഗണന നൽകുമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മന്ത്രിയുടെ മറുപടി കേട്ടാൽ മലപ്പുറം ജില്ലയ്ക്കുമാത്രം എല്ലാം കൊടുത്തതുപോലെയാണ്. എന്റെ ചോദ്യം, മലപ്പുറം ജില്ലയിൽ 7800 പേർക്കുള്ള ജെ.പി.എച്ച്.എൻ.-മാരും ജെ.എച്ച്.ഐ.-മാരും ഒരു സബ് സെന്ററുമുണ്ടെന്ന് മന്ത്രി പറഞ്ഞല്ലോ. എന്നാൽ മറ്റുചിലയിടത്ത് പതിനയ്യായിരം ആളുകളുണ്ട്. മലപ്പുറം ജില്ലയിലേത് മാത്രം ക്രമീകരിക്കുമെന്നുള്ള രീതിയിലാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. എന്നാൽ കേരളത്തിൽ മൊത്തം എടുത്താൽ 3000 ആളുകൾക്ക് ഒരു ജെ.പി.എച്ച്.എൻ-ഉം അതുപോലെതന്നെ ഒരു പ്രാഥമിക

---

* അനുബന്ധമായി ചേർക്കുന്നു.

ഉപകേന്ദ്രവുമുള്ള സ്ഥലങ്ങളുണ്ട്. പ്ലസ് ടുവിന്റെ കാര്യത്തിലായാലും ഹയർ സെക്കൻഡറിയുടെ കോഴ്സുകളുടെ കാര്യത്തിലായാലും ഈ ഗവൺമെന്റ് നല്ലൊരു നിലപാടെടുത്തു. അതുപോലെ കേരളത്തിലെ മൊത്തം ജനസംഖ്യ കണക്കാക്കി മുഴുവൻ തസ്തികകളും ഇതുപോലെ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട സർക്കാർ ശ്രദ്ധ ചെലുത്തുമോയെന്നാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 3000 എന്നുപറയുന്നത് ഒരു കണക്കല്ല. 5000, 6000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്ററൊക്കെയുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, തീരെ ഇല്ലാത്ത സ്ഥലത്ത് അധികമുള്ള സ്ഥലങ്ങളിൽ നിന്നെടുത്ത് ക്രമീകരിക്കാൻ പരിശ്രമിക്കാം. അത്രയ്ക്ക് ഒരു വ്യത്യാസം വരുന്നില്ലെന്നാണ് കാണുന്നത്. സബ്സെന്ററുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കണമെന്നുള്ളതുകൊണ്ട് ചില മേഖലകളിൽ 7000, 8000 ജനസംഖ്യയ്ക്ക് ഒരു സബ് സെന്ററായി നിൽക്കുന്നുവെന്നുള്ളതാണ്. അപൂർവം ചിലയിടത്താണ് പതിനായിരത്തിനും അതിനുമുകളിലും വരുന്നത്. പരിശോധിച്ചതിനുശേഷം അതിനൊരു ക്രമീകരണം വരുത്താം.

## VI സബ്മിഷൻ

### (1) 'നിപ' രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2018 മേയ് - ജൂൺ മാസങ്ങളിൽ കോഴിക്കോട് ജില്ലയിലെ 'നിപ' രോഗം ബാധിച്ചവരെ പരിചരിക്കുന്നതിൽ മികച്ച സേവനം കാഴ്ചവച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ 47 താൽക്കാലിക ജീവനക്കാരെ 2018 ജൂലൈ മാസം സർക്കാർ ആദരിക്കുകയുണ്ടായി. ആ ചടങ്ങിൽ വച്ച് 47 പേർക്കും സ്ഥിരം ജോലി നൽകാമെന്ന് ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉറപ്പുനൽകിയിരുന്നു. എന്നാൽ ഒരു വർഷമായിട്ടും അവർക്ക് ജോലി നൽകാനുള്ള നടപടി സ്വീകരിച്ചില്ല. മാത്രമല്ല, ഇവരിൽ ബഹുഭൂരിപക്ഷം പേർക്കും ഇപ്പോഴുള്ള താൽക്കാലികജോലി പോലും നഷ്ടപ്പെടുന്ന ഒരവസ്ഥയാണുള്ളത്. സംസ്ഥാനത്തെ മുഴുവൻ ആശങ്കയിലാക്കിയ 'നിപ' എന്ന പകർച്ചവ്യാധിയെ നേരിടുന്നതിൽ മികച്ച സേവനം കാഴ്ചവച്ച ഈ താൽക്കാലിക ജീവനക്കാരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടി അവിടത്തെ എം.പി. ശ്രീ. എം. കെ. രാഘവൻ ഒരു ദിവസം സമരപ്പന്തലിൽ അവരോടൊപ്പം സത്യാഗ്രഹം അനുഷ്ഠിച്ചു. പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ രണ്ടുതവണ അവരെ സന്ദർശിച്ചു. അവരുമായി ചർച്ച നടത്തി ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് അപരിചിതമായിരുന്ന 'നിപ' വൈറസ് രോഗം 2018 മേയ് മാസം കോഴിക്കോട് 18 പേർക്ക് സ്ഥിരീകരിക്കുകയുണ്ടായി. ഈ സമയത്താണ് രോഗം ബാധിച്ച ആളുകളെ ശുശ്രൂഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പോരെന്ന് തോന്നിയതിനാൽ താൽക്കാലികമായി അതിനുവേണ്ടി ആളുകളെ എടുത്തിരുന്നു. അത്തരത്തിലുള്ള ആളുകൾ അവിടെ നല്ലരീതിയിൽ ജോലി ചെയ്യുകയും ചെയ്തിരുന്നു. രോഗബാധിതരെ പരിചരിച്ചത് കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു. ആയതിന് നിയോഗിക്കപ്പെട്ടവർ പ്രാണഭയമില്ലാതെയാണ് പ്രസ്തുത ജോലി നിർവ്വഹിച്ചത്. സ്വന്തം ജീവൻ അപകടത്തിലാകുന്ന പരിതസ്ഥിതിയിൽ സ്വന്തം ജീവൻപോലും അവഗണിച്ച് 'നിപ' രോഗബാധിതരെ പരിചരിക്കുകയും 'നിപ' നിയന്ത്രണവിധേയമാക്കാൻ സഹായിക്കുകയും ചെയ്ത ജീവനക്കാരുടെ നിസ്വാർത്ഥ സേവനവും ത്യാഗമനോഭാവവും അംഗീകരിക്കപ്പെടേണ്ടതാണെന്ന് സർക്കാർ ഉറച്ച് വിശ്വസിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് രോഗികളെ പരിചരിച്ച സ്ഥിരം ജീവനക്കാർക്ക് മുൻകൂറായി ഒരു ഇൻക്രിമെന്റും ജൂനിയർ, സീനിയർ റസിഡന്റുമാർക്ക് ഒരു പവന്റെ സ്വർണ്ണ മെഡലും നൽകി ആദരിച്ചത്. 'നിപ' രോഗബാധിതരെ പരിചരിച്ചതിലൂടെ ജീവൻ നഷ്ടപ്പെട്ട സിസ്റ്റർ ലിനി പുതുച്ചേരിയോടുള്ള ആദരവിന്റെ ഭാഗമായി ആശ്രിതനായ ലിനിയുടെ ഭർത്താവിന് പ്രത്യേക പരിഗണന നൽകി സർക്കാർ സർവ്വീസിൽ ജോലി നൽകുകയും ഇതിന്റെ പേരിൽ ഒരു അവാർഡും ഏർപ്പെടുത്തുകയുണ്ടായി. കോഴിക്കോട് മെഡിക്കൽ കോളേജിൽ 'നിപ' രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത മുഴുവൻ ജീവനക്കാരെയും പൊതുവേദിയിൽ ഉപഹാരം നൽകി ആദരിക്കുകയുണ്ടായി. 'നിപ' പകർച്ചവ്യാധി നിയന്ത്രണ വിധേയമാക്കുന്നതിൽ സജീവമായി ഇടപെട്ട് പ്രവർത്തിച്ച 29-ഓളം വരുന്ന കോൺട്രാക്ട് ജീവനക്കാരെ അവരുടെ ത്യാഗസന്നദ്ധതയെ അംഗീകരിച്ച് ആശുപത്രി വികസനസമിതി, എൻ.എച്ച്.എം. മുതലായവ വഴി തുടർച്ചയായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നൽകാനാണ് തീരുമാനിച്ചിരുന്നത്. ഇവരെ പിരിച്ചുവിടുന്നതിനുപകരം അവരെ സ്ഥിരമായി അവിടെ തുടരാൻ അനുവദിക്കണമെന്നാണ് അന്ന് തീരുമാനിച്ചത്. നിയമം അനുവദിക്കുന്നപക്ഷം ഇവർക്ക് സർവ്വീസിൽ സ്ഥിരനിയമനം നൽകുന്നതിന് സർക്കാരിന് വിരോധമില്ല. അത്തരമൊരു ഫയൽ ഗവൺമെന്റിലേയ്ക്ക് മൂവ് ചെയ്യുകയും 29 പേരടങ്ങിയ ആദ്യത്തെ ലിസ്റ്റിലുള്ളവരെ എടുക്കാൻ വേണ്ടി ക്യാബിനറ്റിന്റെ നോട്ട് വരികയും ചെയ്തു. പക്ഷെ, അത് ധനകാര്യ വകുപ്പിലെത്തിയപ്പോൾ 2006-ലെ ഉമാദേവി കേസിന്റെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ അവരെ സ്ഥിരപ്പെടുത്താൻ സാധിക്കില്ല; അത് കൺടംപ്റ്റ് ഓഫ് കോർട്ടായി മാറുമെന്ന് അറിയിച്ചു. അത് വളരെ കർശനമായിട്ടുള്ള

വിധിയാണ്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതുകൊണ്ടാണ് അവരെ സ്ഥിരപ്പെടുത്തുന്നതിന് പ്രയാസം നേരിട്ടത്. ഇത്തരമൊരു സേവനം അനുഷ്ഠിച്ച വരായതുകൊണ്ട് തുടർച്ചയായി ജോലി കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അവർക്ക് ഒരു ബ്രേക്ക് കൊടുത്തിട്ട് പിന്നെയും നിയമിക്കുന്ന രീതി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. പക്ഷെ, അവരിൽ പലരും സ്ഥിരനിയമനം തന്നെ വേണമെന്ന് പറയുകയാണ്. അവരുടെ ആഗ്രഹത്തെ എതിർക്കുന്നില്ല. അവർക്ക് അവിടെ തുടർച്ചയായി ജോലി കൊടുക്കുന്നതിന് എല്ലാവരും സഹകരിക്കണം. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ചർച്ച ചെയ്തതാണ്. പക്ഷെ സ്ഥിരപ്പെടുത്താൻ നമുക്കുള്ള പ്രയാസം ഈ ഉമാദേവി കേസിലെ വിധിയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ധനകാര്യ വകുപ്പ് എല്ലാക്കാലത്തും ഉമാദേവി കേസിന്മേലുള്ള കോടതിവിധിയുണ്ടെന്ന് പറയാറുണ്ട്. ക്യാബിനറ്റ് തീരുമാനിച്ചാൽ അത് ചെയ്യാൻ കഴിയുമെന്ന് തോന്നുന്നു. മുഖ്യമന്ത്രിയുമായി ആലോചിച്ച് ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. അങ്ങ് അവരെ വിളിച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അവരെ വിളിച്ച് ചർച്ച ചെയ്യുന്നതിൽ വിരോധമില്ല. നേരത്തെ സമരം നടന്നപ്പോൾ ചർച്ച ചെയ്ത് എങ്ങനെയാണ് കൊടുക്കേണ്ടതെന്ന് വളരെ വ്യക്തമായി തീരുമാനമെടുത്തിട്ടുണ്ട്. 'നിപ' വാർഡിലും ഐസൊലേഷൻ വാർഡിലും 19-5-2018 മുതൽ 31-5-2018 വരെ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാർക്ക് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന മുറയ്ക്ക് മുൻഗണന നൽകി ധനകാര്യവകുപ്പിന്റെ ഉത്തരവ്, സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി എൻട്രി തസ്തികയിൽ താൽക്കാലിക നിയമനം നൽകാൻ തീരുമാനമെടുത്തു. അതോടൊപ്പംതന്നെ 1-6-2018 മുതൽ 6-6-2018 വരെ ഐസൊലേഷൻ വാർഡിൽ ജോലി ചെയ്തിരുന്ന 12 പേർക്ക് മുൻഗണന നൽകാനും തീരുമാനിച്ചു. അവർക്ക് താൽക്കാലിക ജോലി കൊടുക്കാൻ സന്നദ്ധമാണ്. ഉമാദേവി കേസ് എല്ലാവരും പഠിക്കേണ്ടതാണ്. ധനകാര്യവകുപ്പ് വെറുതെ അങ്ങനെ പറയുന്നതല്ല. വിധി പകർപ്പ് ഞാനും വായിച്ചിട്ടുണ്ട്. ഇത് കർശനമായൊരു വിധിയാണ്. ഇത് കോൺസ്റ്റിറ്റ്യൂഷന്റെ ലംഘനമാണെന്ന് പറഞ്ഞുകൊണ്ട് വളരെ വ്യക്തവും വിപുലവുമായിട്ടുള്ളൊരു വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അത് ലംഘിച്ചാൽ (ആർട്ടിക്കിൾ 320) കോൺസ്റ്റിറ്റ്യൂഷൻ റൈറ്റ്സിന്റെ ലംഘനമായിരിക്കുമെന്ന് കോടതി വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ടാണ് ധനകാര്യവകുപ്പ് അങ്ങനെ പറയുന്നത്. അതുകൊണ്ട് അവർക്ക് മെഡിക്കൽ കോളേജിൽ താൽക്കാലികമായി നിയമനം നൽകാനും അത് തുടരാനുമുള്ള സംവിധാനം ഉണ്ടാക്കാം.

## (2) ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ

<u>ശ്രീ. എം. നൗഷാദ്</u>: സർ, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായും കൊല്ലം തോടിന്റെ പരിസരത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായും എന്റെ നിയോജകമണ്ഡലത്തിലെ തവളക്കുഴി, താന്നി, വള്ളക്കടവ്, വലിയവിള തുടങ്ങിയ സ്ഥലങ്ങളിലായി (ഏഴ് ഫ്ലാറ്റുകൾ) 1600-ലധികം കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. കുടിവെള്ള സൗകര്യമോ റോഡോ കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതികളോ തയ്യാറാക്കാതെയാണ് ഈ കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളത്. അവർ വർഷങ്ങളായി ദുരിതം അനുഭവിച്ചുകൊണ്ടിരി ക്കുകയാണ്. കെട്ടിടത്തിന്റെ നിർമ്മാണം തന്നെ ഫലപ്രദമല്ല. റോഡിന്റെയും കുടിവെള്ളത്തിന്റെയും പ്രശ്നങ്ങൾ എം.എൽ.എ. ഫണ്ടും മറ്റുമൊക്കെ ഉപയോഗപ്പെടുത്തി പ്രായോഗികമായി നടപ്പിലാക്കാൻ കഴിയും, അതൊരു പരിധിവരെ പരിഹരിച്ചിട്ടുമുണ്ട്. പക്ഷെ ഫ്ലാറ്റുകളിൽ താഴത്തെ നിലയിൽ കുഴി നിർമ്മിച്ച് കക്കൂസ് മാലിന്യം അവിടെത്തന്നെ സ്റ്റോർ ചെയ്യുന്ന രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി മൂന്നും നാലും വീടുകൾക്കുവേണ്ടിയാണ് ഒരു ചെറിയ ടാങ്ക് നിർമ്മിച്ചിട്ടുള്ളത്. രണ്ടാഴ്ച കൂടുമ്പോൾ മാലിന്യം നീക്കേണ്ട അവസ്ഥാവിശേഷം വരുന്നു. പരിസരത്ത് ഒരുമിച്ച് താമസിക്കുന്നുവെന്നതുകൊണ്ട് മഴക്കാലത്ത് കക്കൂസ് മാലിന്യം നിറഞ്ഞ് പരിസരം മലിനമാകുന്നതിനാൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാനുള്ള സാധ്യതയുമുണ്ട്. ഇതുവരെ അങ്ങനെ സംഭവിക്കാതിരുന്നത് ആരുടെയോ ഭാഗ്യമെന്ന് വേണമെങ്കിൽ പറയാം. അതുകൊണ്ട് വളരെ അടിയന്തരമായി അവിടെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കേണ്ട ആവശ്യകതയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ആ സ്ഥലം ഒരിക്കൽ സന്ദർശിച്ചതാണ്. നിയമസഭാ സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ വളരെ അടിയന്തരമായി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു. അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുമുണ്ട്. അതുകൊണ്ട് വളരെ അടിയന്തരമായി റോഡ്, കുടിവെള്ളം, സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയ്ക്കായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കണം. ഈ ദുരിതത്തിൽ നിന്നും 1600-ലധികം കുടുംബങ്ങളിലെ പതിനായിരത്തോളം ജനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതൊരു പൊതു പ്രശ്നമാണ്. 2004-ലെ സുനാമി ദുരന്തത്തെത്തുടർന്ന് വീടുകളും വസ്തുക്കളും നഷ്ടപ്പെട്ട ഒൻപത് ജില്ലകളിലുള്ള അർഹരായ ഗുണഭോക്താക്കൾക്ക് പുനരധിവാസ പദ്ധതിപ്രകാരം വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കോളനികളിൽ പലയിടങ്ങളിലും കുടിവെള്ളക്ഷാമം, ഡ്രെയിനേജ് സംവിധാനത്തിലെ പോരായ്മ, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മഴക്കാലത്ത് വെള്ളക്കെട്ട് തുടങ്ങിയവ ഉണ്ടാകുന്നുവെന്നും അത് സുനാമി ഫണ്ടുപയോഗിച്ച് പരിഹരിക്കണമെന്നു മാവശ്യപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. സുനാമി പുനരധിവാസ പദ്ധതി ഒരു തുടർ പദ്ധതിയല്ല. അതിനാൽ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നില്ല. കാലാകാലങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയാതെവന്ന സാഹചര്യ മാണുണ്ടായത്. ഇതിന് പരിഹാരമെന്ന നിലയിൽ ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മാലിന്യ നിർമ്മാർജ്ജനവും സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണെന്ന് സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 12-2-2019-ലെ സർക്കാർ ഉത്തരവനുസരിച്ച് റവന്യൂ വകുപ്പ് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് ഉൾപ്പെടെയുള്ളവയുടെ പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതാണ്.

### (3) ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിൽ മാപ്രാണം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ചിട്ടി കമ്പനിയാണ് ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്. ഏകദേശം രണ്ടായിരം ജീവനക്കാരാണ് അവിടെയുണ്ടായിരുന്നത്. ആയിരക്കണക്കിന് വരുന്ന ഇടപാടുകാരിൽ നിന്ന് കുറിയിനത്തിലും ഡെപ്പോസിറ്റ് ഇനത്തിലും ഏകദേശം 200 കോടി രൂപ കമ്പനി കൈവശപ്പെടുത്തിയിട്ടുണ്ട്. മണലൂർ മണ്ഡലത്തിലെ പാവറട്ടി, കുന്നത്തങ്ങാടി അടക്കം 40 ബ്രാഞ്ചുകളിൽ 34 എണ്ണം ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന പേരിലും 6 എണ്ണം ധനഞ്ജയൻ എന്ന പേരിലും 4 എണ്ണം മുംബൈയിൽ റാംധോനി എന്ന പേരിലുമാണ് പ്രവർത്തിച്ചിരുന്നത്. കണ്ണൂരിൽ ധനമിത്ര എന്റർപ്രൈസസ് എന്ന പേരിൽ ഇവർ ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം

2019 ജനുവരി മുതൽ പൂട്ടി ഉടമകൾ മുങ്ങിയതിന്റെ ഫലമായി ആയിരക്കണക്കിന് വരുന്ന കുടുംബങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് തട്ടിപ്പുകാരെ അറസ്റ്റ് ചെയ്ത് ഇടപാടുകാർക്ക് നഷ്ടപ്പെട്ട പണം തിരിച്ചുകിട്ടുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഇതിനാവശ്യമായ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം നോർത്ത് പറവൂർ സ്വദേശികളായ ടെൽസൺ, നെൽസൺ എന്നിവർ മാനേജിംഗ് ഡയറക്ടർമാരായി ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി തൃശ്ശൂർ ജില്ലയിലെ തേലപ്പള്ളി കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവന്നിരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 33 ബ്രാഞ്ചുകളുണ്ടായിരുന്ന പ്രസ്തുത സ്ഥാപനം നിരവധിയാളുകളെ ചേർത്ത് തവണകളായി പണം കൈപ്പറ്റിയശേഷം കാലാവധിയെത്തിയ ചിട്ടി തുകകൾ യഥാസമയം നൽകാതെ 50 കോടിയിൽപ്പരം രൂപയുടെ തട്ടിപ്പ് നടത്തിയിട്ടുള്ള തായാണ് കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപനത്തിന്റെയും നടത്തിപ്പുകാരുടെയും പേരിൽ 537 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഡയറക്ടർ ബോർഡ് അംഗങ്ങളിൽ ഒരാളായ എറണാകുളം സ്വദേശി അനിരുദ്ധനെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതും ഒളിവിൽ പോയ മറ്റ് പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നതുമാണ്. ചിട്ടി ഫണ്ടിന്റെ ഓഫീസുകൾ റെയ്ഡ് ചെയ്ത് രേഖകളും കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ ഉൾപ്പെടെയുള്ളവയും കണ്ടെത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ അതത് സ്റ്റേഷനുകളിൽ പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിച്ച് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## (4) എക്കലും ചെളിയും നീക്കം ചെയ്യൽ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വേമ്പനാട്ട് കായലിന്റെ ഭാഗമായ അരൂർ, അരൂക്കുറ്റി, ഇടക്കൊച്ചി, കുമ്പളം തുടങ്ങിയ പ്രദേശങ്ങളിലും കൊച്ചി കായലിന്റെ ഭാഗമായ മട്ടാഞ്ചേരി, കുമ്പളങ്ങി, കണ്ണമാലി തുടങ്ങിയ പ്രദേശങ്ങളിലും എക്കൽ അടിഞ്ഞുകൂടുന്നതു കാരണം വല്ലാത്ത ദുരിതമാണ് അവിടത്തെ ജനങ്ങൾ അനുഭവിക്കുന്നത്. വേമ്പനാട്ട് കായലിന്റെ വിസ്തൃതി കഴിഞ്ഞ 50 കൊല്ലത്തിനിടയിൽ 40 ശതമാനം കുറഞ്ഞുവെന്നാണ് ഔദ്യോഗികമായ

കണക്ക്. യഥാർത്ഥത്തിൽ അതിനേക്കാൾ കൂടുതൽ വേമ്പനാട്ട് കായലിന്റെ വിസ്തൃതി കുറഞ്ഞിട്ടുണ്ട്. മാത്രമല്ല, അശാസ്ത്രീയമായി കായൽ നികത്തപ്പെട്ടപ്പോൾ, പ്രത്യേകിച്ച് കൊച്ചിതുറമുഖത്തിന്റെ കൈവശമുള്ള പ്രദേശത്ത് കായൽ നികത്തപ്പെട്ടതിനെത്തുടർന്ന് ജലത്തിന്റെ ഒഴുക്കിൽ വന്ന മാറ്റത്തിന്റെ ഫലമായും എക്കൽ അടിഞ്ഞുകൂടുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞാൽ, പാലം പോലുള്ളവ നിർമ്മിക്കുന്നതിന്റെ ഭാഗമായി വരുന്ന ബണ്ട് പൊളിച്ച് മാറ്റാത്തതിന്റെ ഫലമായി തീരപ്രദേശത്തുനിന്ന് 60 മുതൽ 120 മീറ്റർ വരെ എക്കൽ അടിഞ്ഞുകൂടിയിരി ക്കുകയാണ്. ഇതിന്റെ ദുരിതം അനുഭവിക്കുന്നത് പ്രധാനമായും മത്സ്യത്തൊഴിലാളികളാണ്. അവർക്ക് മത്സ്യബന്ധനത്തിന് പോകാൻ ചെറിയ വഞ്ചികളോ വള്ളങ്ങളോ ഇറക്കാൻ കഴിയില്ല. 60, 70 മീറ്റർ മാറി പലകകൊണ്ട് പാലം ഉണ്ടാക്കി അവിടെ ചെന്നിട്ട് മാത്രമേ വള്ളത്തിൽ കയറാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഫലമായി ഊന്നിവല തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. കായലിന്റെ തീരത്തോട് ചേർന്നാണ് ചീനവല കെട്ടുന്നത്. പക്ഷേ എക്കൽ അടിഞ്ഞുകൂടിയതിന്റെ ഫലമായി ചീനവല കായലിന്റെ നടുവിൽ മാറ്റേണ്ട സ്ഥിതിയാണ് വരുന്നത്. മാത്രമല്ല, കായലിന് ഉൾക്കൊള്ളാൻ കഴിയുന്ന വെള്ളത്തിന്റെ അളവ് കുറഞ്ഞതിന്റെ ഫലമായി മത്സ്യലഭ്യതയും കുറഞ്ഞിരിക്കുകയാണ്. വളരെ പ്രശസ്തമായ മട്ടാഞ്ചേരി ടൂറിസ്റ്റ് കേന്ദ്രത്തിൽ ജലഗതാഗത വകുപ്പിന്റെ ബോട്ട് അടുക്കുമായിരുന്നു. മട്ടാഞ്ചേരിയിലെ ബോട്ട്ജെട്ടിയിൽ എക്കൽ അടിഞ്ഞുകൂടിയതിനെ ത്തുടർന്ന് കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി ബോട്ട് അടുപ്പിക്കുന്നില്ല. ഫിഷിംഗ് ഹാർബറിന്റെ അപ്പുറവുമിപ്പുറവുമുള്ള സ്വകാര്യ ഫിഷിംഗ് ഹാർബറുകളിൽ അറുപതും എഴുപതും മീറ്ററോളം കായലിൽ തന്നെ പ്രത്യേകമായി ചെറിയ പാലം കെട്ടിയതിനുശേഷം മാത്രമേ ബോട്ടടുപ്പിക്കാൻ സാധിക്കുകയുള്ളൂ. മണൽ തിട്ടയുണ്ടായതിന്റെ ഫലമായി വീശുവല തൊഴിലാളികൾക്ക് വഞ്ചിയിറക്കാൻ കഴിയുന്നില്ല. ഇത് വളരെ ഗൗരവമായ വിഷയമാണ്. കഴിഞ്ഞദിവസം മലയാള മനോരമ പത്രത്തിൽ "ചെളിക്കായലിൽ പൂണ്ട മത്സ്യത്തൊഴിലാളികൾ" എന്ന പേരിൽ ഒരു വാർത്ത വന്നിട്ടുണ്ട്. കായലിൽ ചെളി അടിഞ്ഞുകൂടിയതും കായലിന്റെ കരയിൽ നിന്നും കായലിലേയ്ക്കുള്ള ചെളിയുടെ പരപ്പ്, അതിന്റെ ഫലമായ ദുരിതത്തെക്കുറിച്ചുള്ള ഫോട്ടോ എന്നിവ അടക്കമാണ് വാർത്ത കൊടുത്തിരിക്കുന്നത്. ഏഴ് മീറ്റർ ആഴമുണ്ടായിരുന്ന പുഴയ്ക്ക് ഇന്ന് രണ്ട് മീറ്ററിൽ താഴെമാത്രമാണ് ആഴമുള്ളത്. ഇതിന്റെ ഫലമായി ഇന്ന് ഉൾനാടൻ മത്സ്യത്തൊഴിലാളികൾ വലിയ ദുരന്തമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇതിനുമുമ്പ് അരൂർ എം.എൽ.എ. ശ്രീ. എ. എം. ആരിഫ് ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. നടപടിയെടുക്കാമെന്ന് പറയുന്നതല്ലാതെ ചെളിനീക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നടപടിയും ഇതുവരെയും കൈകൊണ്ടിട്ടില്ല. ഈ ദുരിതത്തിൽ നിന്നും ആ പ്രദേശവാസികളെയും

മത്സ്യത്തൊഴിലാളികളെയും അതുമായി ബന്ധപ്പെട്ട മേഖലയെയും രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പശ്ചിമ കൊച്ചിയിലെ മിക്ക കായലുകളും എക്കൽ അടിഞ്ഞുകൂടി മത്സ്യബന്ധനത്തിനും ജലഗതാഗതത്തിനും തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടി ഹാർബറിന് സമീപമുള്ള ബോട്ടുജെട്ടികളിൽ എക്കൽ വന്നടിഞ്ഞതുമൂലം ബോട്ടുകൾ അടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തെ എക്കൽ നീക്കം ചെയ്യുന്നതിനായി 22.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിൽ നിന്നും ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. അതിനാൽ ഈ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഇൻലാൻഡ് നാവിഗേഷൻ പുതുക്കി തയ്യാറാക്കി സാങ്കേതികാനുമതികൾ നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. തോപ്പുംപടി പാലത്തിന്റെ കിഴക്കുവശം വില്ലിങ്ടൺ ഐലന്റ്, തേവര, കണ്ടന്നൂർ മേഖലകളിലെ കായലുകളിലും പടിഞ്ഞാറുവശത്തുള്ള തോപ്പുംപടി മുതൽ മട്ടാഞ്ചേരി വരെയും ഇടക്കൊച്ചി മുതൽ പള്ളുരുത്തി വരെയുമുള്ള മേഖലയിലും തേവര, കുമ്പളം ഭാഗത്തും എക്കലും ചെളിയും അടിഞ്ഞു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃപ്പൂണിത്തുറ, കൊച്ചി എന്നീ നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന നാഷണൽ വാട്ടർവേയുടെ ഭാഗമായ കണ്ണങ്ങാട്ട്-വില്ലിങ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ തീരത്തോടടുത്ത് ഏകദേശം 60-70 മീറ്റർ വരെ വീതിയിൽ എക്കൽ അടിഞ്ഞ് മത്സ്യബന്ധനത്തിനും വിനോദസഞ്ചാരത്തിനും പറ്റാത്ത സാഹചര്യത്തിലാണ് കിടക്കുന്നത്. ഇത് നാഷണൽ വാട്ടർ വേ 3-ൽ പെടുന്നതാണ്. ഈ കായൽ ആഴംകൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് മൂന്ന് കോടി രൂപയുടെ ഒരു പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതിന് ഉൾനാടൻ ജലഗതാഗതം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ രണ്ട് റീച്ചായി തരംതിരിച്ച് തയ്യാറാക്കി വരികയാണ്. ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് ബാർജിൽ കയറ്റി കടലിൽ ഉപേക്ഷിക്കുന്ന പ്രായോഗികമായ നടപടി അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കൊച്ചി, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ തോപ്പുംപടി പാലത്തിന്റെ പടിഞ്ഞാറുവശത്തുള്ള ഇടക്കൊച്ചി മുതൽ പള്ളുരുത്തി വരെയും കൂടാതെ തേവര, കുമ്പളം ഭാഗങ്ങളിലുള്ള ചെളി നീക്കുന്നതിനുള്ള പദ്ധതി ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകകൊള്ളിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. മട്ടാഞ്ചേരി ബോട്ടുജെട്ടിയുടെ മുൻവശം ഇപ്പോൾ എക്കലും ചെളിയും അടിഞ്ഞുകൂടി ബോട്ടുകൾ അടുപ്പിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഇതിനായി 15 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഉൾനാടൻ ജലഗതാഗതം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്.

## (5) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ ചേർപ്പ് ബ്ലോക്കിൽ പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഫണ്ട് അനുവദിച്ചത്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ച് കരാറുകാരന്റെ കൈകളിൽ വർക്ക് ഏൽപ്പിച്ചുകൊടുത്തു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട യാതൊരു പ്രശ്നവുമില്ലാതെ തന്നെ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനെ ഏൽപ്പിച്ചതാണ്. നാളിതുവരെ കരാറുകാരൻ ഈ ടെണ്ടർ ഏറ്റെടുക്കാതെ, വളരെ അനന്തമായി നീട്ടിക്കൊണ്ടുപോയി ദുരിതപൂർണ്ണമായ ഒരവസ്ഥയാണ് ഇപ്പോൾ അവിടെ സൃഷ്ടിച്ചിരിക്കുന്നത്. അവിടെ ഇരുന്നൂറ്റിയമ്പതോളം വരുന്ന എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന കോളനിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ കോളിനിയെ ദത്തെടുത്ത് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ ഭാഗമായി ഒരു കോടി രൂപ ഞാൻ അവിടെ ചെലവഴിച്ചു. നിർമ്മിതി എന്ന ഏജൻസിയാണ് ഒരു കോടി രൂപയുടെ ടെണ്ടർ നടപടികൾ അതിവേഗത്തിൽ പൂർത്തീകരിച്ചത്. മിനി ഫംഗ്ഷനുകളും മറ്റും നടത്തുന്നതിനുള്ള കമ്മ്യൂണിറ്റി ഹാളിന്റെയും അങ്കണവാടികളുടെയും നവീകരണം, ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും വീടിന്റെ അറ്റകുറ്റപ്പണികളും പെയിന്റിംഗും ചെയ്തുകൊടുക്കൽ, ഡ്രെയിനേജ് സംവിധാനം നടപ്പാക്കൽ, സ്ട്രീറ്റ് ലൈറ്റുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കൽ, കുടിവെള്ളത്തിനായി 125 -ഓളം കുടുംബങ്ങൾക്ക് 125 സിന്റെക്സ് ടാങ്കുകളുടെ വിതരണം തുടങ്ങിയ പ്രവൃത്തികളിലൂടെ ആ കോളനിയുടെ മുഖച്ഛായതന്നെ മാറ്റിയെടുത്തു. അംബേദ്കർ ഗ്രാമവികസന പദ്ധതി 2018-19 എന്ന് നാമകരണം ചെയ്ത ഗേറ്റുകളും കവാടങ്ങളും നിർമ്മിച്ചുകൊണ്ടാണ് ആ കോളനി നവീകരിച്ചത്. ഇതോടൊപ്പം ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും കൂടിവന്നാൽ കോളനിക്കാവശ്യമായ വെള്ളം നൽകാമെന്ന ആശയത്തോടു കൂടിയാണ് സർക്കാർ ഈ പദ്ധതിക്ക് രൂപം നൽകിയത്. സർക്കാർ ഇത് അനുഭാവപൂർവ്വം സ്വീകരിച്ചു. ഒരേ സമയത്ത് വ്യത്യസ്ത വികസനംകൊണ്ട് ആ മേഖലയെ വികസിപ്പിക്കാൻ നമുക്ക് സാധിക്കും. ഇറിഗേഷൻ എ.ഇ.-യെ വിളിച്ചാൽ പറയുന്നത്, എം.എൽ.എ. കരാറുകാരനെ വിളിക്കു എന്നാണ്. കരാറുകാരൻ പറയുന്നത്, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പണി കഴിഞ്ഞ ഉടനെ അവിടത്തെ പണി തുടങ്ങാമെന്നാണ്. കരാറുകാരന്റെ ഒപ്പം നിൽക്കുന്ന എ.ഇ.-മാർ ഇവരുടെ നിർദ്ദേശപ്രകാരം പോകുകയാണെങ്കിൽ സർക്കാർ വിഭാവന ചെയ്യുന്ന പദ്ധതികൾ സമയത്തിന് തുടങ്ങാനോ പാവപ്പെട്ട ജനങ്ങൾക്ക് വെള്ളമെത്തിക്കാനോ കഴിയില്ല. ഈ മേഖലയിൽ ജല സംവിധാനം

ഉറപ്പുവരുത്താൻ പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുകയാണെങ്കിൽ അവിടത്തെ രണ്ട് പ്രശ്നങ്ങൾ ഒരേ സമയത്ത് പരിഹരിക്കാൻ സാധിക്കും. അങ്ങ് ഇടപെട്ട് പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അട്ടിമറിക്കാതെ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്. മെയിൻ കോൾ ചാലിൽ നിന്നും പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ലീഡിംഗ് ചാനൽ വരെ പൈപ്പിടുന്ന പ്രവൃത്തിക്ക് 13,65,000 രൂപയുടെ സാമ്പത്തിക-ഭരണ സാങ്കേതികാനുമതികൾ നൽകി ടെണ്ടർ ചെയ്യുകയും 2-6-2018-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തു. നിലവിലുള്ള പി.വി.സി. പൈപ്പ് മാറ്റി ഡി.ഐ. പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. കോൾ നിലങ്ങൾക്കിടയിലുള്ള തോടിലാണ് പൈപ്പിടേണ്ടത്. കൊയ്ത്തുകഴിഞ്ഞ് മഴയ്ക്ക് മുമ്പുള്ള സമയത്ത് മാത്രമേ ടി പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. ഏപ്രിൽ അവസാനത്തോടെയാണ് കൊയ്ത്ത് കഴിഞ്ഞത്. എന്നാൽ കൊയ്ത്തിനുശേഷം ഒരാഴ്ച കഴിഞ്ഞ് പടവുകാർ താറാവുകൃഷിക്കുവേണ്ടി വെള്ളം കയറ്റുകയും വെള്ളം വറ്റിച്ചുതരാൻ ആവശ്യപ്പെട്ടപ്പോൾ പടവുകാരുടെ മോട്ടോർ കേടായതിനാൽ വെള്ളം വറ്റിക്കുവാൻ സാധിക്കില്ല എന്നറിയിക്കുകയും ചെയ്തു. ഈ വർഷത്തെ മൺസൂൺ മഴയ്ക്കുശേഷം കൊയ്ത്ത് ആരംഭിക്കുന്നതിനുമുമ്പ് ആഗസ്റ്റ്-സെപ്തംബർ മാസത്തോടെ പൈപ്പ് സ്ഥാപിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തിൽ പ്രളയമുണ്ടായതിനാലാണ് പ്രവൃത്തി ചെയ്യാൻ സാധിക്കാത്തത്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ഈ മേഖലയിലെ കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്നതിന് സഹായകരമാകുന്നതാണ്.

## (6) കുടിവെള്ള പദ്ധതി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽ 2012-ൽ നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതിയാണ് 2014-ൽ ജലനിധി ഏറ്റെടുത്ത് പുതിയ ജലനിധി പദ്ധതി ആരംഭിച്ചത്. അന്ന് ജലവിഭവ വകുപ്പ് 1.7 ദശലക്ഷം ലിറ്റർ വെള്ളം നൽകാമെന്നാണ് പറഞ്ഞിരുന്നത്. അതിലൂടെ നാലായിരം കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ രണ്ടായിരം കുടുംബങ്ങൾക്കുപോലും ഇപ്പോൾ അതിൽ നിന്നും വെള്ളം ലഭിക്കുന്നില്ല. പമ്പിംഗ് ലോസ് കാരണം തിരുനാവായയിൽ നിന്നും വരുന്ന വെള്ളത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം നഷ്ടപ്പെട്ടുപോകുകയും മലിനജലം അതിൽ കലർന്ന് വെള്ളം കുടിക്കാൻ സാധിക്കാത്ത സാഹചര്യവുമുണ്ട്. ഇന്ന് ജലനിധിയുടെ പ്രവർത്തനം വളരെ പരിതാപകരമായ അവസ്ഥയിലാണ്. അവിടെ

എസ്.എൽ.ഇ.സി. നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാത്തതിന്റെ ഫലമായി പഞ്ചായത്തിന് യാതൊന്നും ചെയ്യാൻ സാധിക്കുന്നില്ല. പഞ്ചായത്തിന് നിയന്ത്രണം നഷ്ടപ്പെട്ട സ്ഥിതിയാണ്. എസ്.എൽ.ഇ.സി.-യുടെ നിയന്ത്രണം പഞ്ചായത്തിനെ ഏൽപ്പിക്കുകയും പ്രശ്നത്തിന് പരിഹാരം കാണാവുന്ന തരത്തിൽ ജലവിഭവ വകുപ്പ് അതിനുപകരമായി ജലനിധിയോട് യോജിപ്പിച്ചുകൊണ്ട് ഒരു പുതിയ കിണർ നിർമ്മിച്ച് നിലവിലുള്ള ടാങ്കിലേയ്ക്ക് വെള്ളമടിച്ച് തിരുനാവായ പദ്ധതിയിൽ നിന്നും ഒഴിവാക്കി കുടിവെള്ളം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചാൽ നന്നായിരിക്കും. ഇതിനെല്ലാമുള്ള പരിഹാരമെന്ന നിലയ്ക്ക് കാങ്കക്കടവ് പദ്ധതിയിൽ ഉൾപ്പെടുത്തി തൃത്താല മണ്ഡലത്തിലെയും കുറ്റിപ്പുറത്തെയും സമീപപഞ്ചായത്തിലെയും ആളുകൾക്ക് കുടിവെള്ളം എത്തിക്കാനാവശ്യമായ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. അത് സാങ്കേതികമായ തടസ്സം കാരണം നിർത്തിവച്ചിരിക്കുകയാണ്. തിങ്കളാഴ്ച മന്ത്രി വിളിച്ച യോഗത്തിൽ വച്ച് അതിന് പരിഹാരം കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം വളരെ സജീവമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ജലനിധി പദ്ധതിയുടെ പ്രവർത്തനം ജലവിഭവ വകുപ്പ് ഏറ്റെടുക്കുകയോ ഇല്ലെങ്കിൽ അത് പരിപൂർണ്ണമായും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടത്താൻ ആവശ്യമായ സൗകര്യമൊരുക്കുകയോ ചെയ്താൽ നാലായിരം കുടുംബങ്ങൾക്കായുള്ള ആ പദ്ധതി നല്ല നിലയ്ക്ക് നടത്തിക്കൊണ്ടുപോകാൻ സാധിക്കും. അതിനാവശ്യമായ നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽ ജലനിധി സ്കീമിൽ കൂടിയാണ് കുടിവെള്ളം വിതരണം ചെയ്തുവരുന്നത്. ഈ ജലനിധി സ്കീമിലേയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ തിരുനാവായ സമഗ്ര കുടിവെള്ള പദ്ധതിയിൽ നിന്നും ബൾക്ക് മീറ്ററിലൂടെ കേരള വാട്ടർ അതോറിറ്റി കിലോ ലിറ്ററിന് 6 രൂപ നിരക്കിൽ പ്രതിദിനം 1.7 ദശലക്ഷം ലിറ്റർ (എം.എൽ.ഡി.) വെള്ളം വിതരണം ചെയ്യാനാണ് കരാർ വച്ചിട്ടുള്ളത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ 0.9 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യാൻ മാത്രമേ സാദ്ധ്യമാകുന്നുള്ളൂ. ഇതിനുകാരണം താഴെ പറയുന്നവയാണ്.

കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതിലെ കാലതാമസവും മറ്റ് പ്രയാസങ്ങളുംകൊണ്ട് കഞ്ഞിപ്പുര-മൂടാൽ റോഡിൽ പൈപ്പ്ലൈൻ ഇടുന്നതിന് കാലതാമസം നേരിട്ടിരുന്നു. പ്രസ്തുത റോഡിലെ ഡിസ്ട്രിബ്യൂഷൻ ലൈൻ പൂർത്തീകരിക്കുകയും ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലുമാണ്. ആയത് ഒരാഴ്ചയ്ക്കകം പൂർത്തീകരിക്കുന്നതാണ്. ഇതിനുപുറമേ ഇൻടേക്ക് കിണറിൽ നിന്നും ഒരേ സമയം രണ്ട് മോട്ടോർ പ്രവർത്തിപ്പിച്ച് പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിന് നിലവിലെ ട്രാൻസ്ഫോർമറിന്റെ

ശേഷി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. തിരുനാവായ റെയിൽവേ സ്റ്റേഷന്റെ സമീപത്തായി പദ്ധതിയുടെ പമ്പിംഗ് മെയിനിലെ ലീക്കുമൂലം ഒരാഴ്ച പമ്പിംഗ് നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ടായിരുന്നു. ഇതിനുള്ള സ്ഥിരം പരിഹാരമെന്ന നിലയിൽ റെയിൽവേ പാതയ്ക്ക് കുറുകെ നിലവിലെ ലൈനിന് സമാന്തരമായി പൈപ്പ്ലൈൻ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് ജലലഭ്യത ഉറപ്പുവരുത്തുന്നതാണ്.

12.00 Noon]

## (7) ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം

ശ്രീ. രാജു എബ്രഹാം: സർ, റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് ഇപ്പോൾ വലിയ ഗതികേടിലാണ്. കഴിഞ്ഞ മഹാപ്രളയത്തിൽ ബസ് സ്റ്റാന്റ് പൂർണ്ണമായും മുങ്ങിപ്പോയിരുന്നു. അതിനുശേഷമാണ് എല്ലാ ഗതികേടുകളും ആരംഭിച്ചത്. ഡിപ്പോ തന്നെ പത്തനംതിട്ടയിലേയ്ക്ക് മാറ്റി. ഏറെ ശ്രമം നടത്തിയിട്ടാണ് ഡിപ്പോ റാന്നിക്ക് മടക്കികിട്ടിയത്. അതിനുശേഷവും ഗതികേട് തുടരുകയാണ്. അരഡസൻ വണ്ടികൾ അവിടെനിന്നും കൊണ്ടുപോയി. 15 ഒഴിവുകൾ അവിടെ നികത്താതെ കിടക്കുകയാണ്. കോട്ടയം ചെയിൻ സർവ്വീസുണ്ടായിരുന്നത് നിർത്തലാക്കി. പല സ്ഥലങ്ങളിലും നേരത്തെയുണ്ടായിരുന്ന സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടില്ല. ചുറ്റുപാടുമുള്ള ഡിപ്പോകളിലൊക്കെ ദീർഘദൂര സർവ്വീസുകൾ പുതുതായി ആരംഭിച്ചു. ഒരു ദീർഘദൂര സർവ്വീസ്പോലും ഇവിടെ നിന്നും ആരംഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി നല്ല പ്രവർത്തനം നടത്തുന്നതിനിടയിലാണ് ചില ഉദ്യോഗസ്ഥർ റാന്നി ഡിപ്പോ ഇല്ലാതാക്കാനുള്ള ശ്രമവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അതുകൊണ്ട് ചെയിൻ സർവ്വീസ് ആരംഭിക്കുകയും ദീർഘദൂര സർവ്വീസ് അവിടെ നിന്നും അനുവദിക്കുകയും ഒഴിവുകൾ നികത്തുകയും വേണം. അവിടെനിന്നും കൊണ്ടുപോയ ബസ്സുകൾ മടക്കി കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, റാന്നിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. അതിനോട് വലിയ അവഗണന കെ.എസ്.ആർ.ടി.സി. കാണിക്കുന്നുവെന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ പരാതി. പഴവങ്ങാടി ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള 50 സെന്റ് സ്ഥലത്തെ കെട്ടിടത്തിലാണ് ഈ സെന്റർ പ്രവർത്തിക്കുന്നത്. പ്രളയകാലത്ത് അവിടെ വെള്ളം വലിയ തോതിൽ ഉയരുകയും നാശനഷ്ടമുണ്ടാവുകയും ചെയ്തു

പശ്ചാത്തലത്തിലാണ് സെന്റർ തൽക്കാലത്തേയ്ക്ക് പത്തനംതിട്ടയിലേയ്ക്ക് മാറ്റിയത്. പിന്നീട് അത് തിരിച്ചുകൊണ്ടുപോയിട്ടുമുണ്ട്. ആ സ്ഥലത്ത് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുമ്പോൾ രണ്ടര ഏക്കർ വസ്തു നൽകുമെന്നാണ് പറഞ്ഞിരുന്നത്. 50 സെന്റ് സ്ഥലത്തിനാണ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. ഇപ്പോഴും കെ.എസ്.ആർ.ടി.സി.-ക്ക് അത് കൈമാറിയിട്ടില്ല. നമുക്കവിടെ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഒന്നാമതായി, സ്ഥലം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കണം. രണ്ടാമതായി, കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികശേഷിയുടെ തോത് പരിശോധിക്കുകയും വേണം. റാന്നിയിൽ മാത്രമല്ല, കേരളത്തിലെ മിക്കവാറും എല്ലാ ഡിപ്പോകളിലും സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. അങ്ങനെ സർവ്വീസുകൾ ക്രമീകരിച്ചതിനുശേഷം നിലവിൽ 19 കെ.എസ്.ആർ.ടി.സി. ബസ്സുകളും 2 കെ.യു.ആർ.ടി.സി. ബസ്സുകളുമാണ് അവിടെ പ്രവർത്തിക്കുന്നത്. 19 ഷെഡ്യൂളുകളിലായി 5100 കിലോമീറ്റർ സർവ്വീസ് നടത്താനാണ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്. ശരാശരി വരുമാനം 1,40,000 രൂപയാണ്. പ്രളയക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ ഒഴിവാക്കാനുള്ള അറ്റകുറ്റപ്പണികൾ ഇപ്പോൾ അവിടെ നടന്നുവരികയാണ്. കോട്ടയം ചെയിൻ സർവ്വീസ് നിർത്തലാക്കി എന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ലാഭകരമായി നടക്കുന്ന ഒരു സർവ്വീസാണെങ്കിൽ തീർച്ചയായും അത് പരിശോധിച്ച് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം തന്നെ റാന്നി-ചാരുംമൂട്-പന്തളം ചെയിൻ സർവ്വീസും തിരുവല്ല ഡിപ്പോയുമായി ചേർന്ന് റാന്നി-തിരുവല്ല ചെയിൻ സർവ്വീസും ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തുന്നതിനുള്ള നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ യാത്രക്കാരുടെ താൽപ്പര്യവും ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ താൽപ്പര്യവും രണ്ടാണ്. ആ താൽപ്പര്യത്തിനനുസരിച്ച് നമുക്ക് സർവ്വീസുകൾ നടത്താൻ പ്രയാസമാണ്. എന്നാൽ യാത്രക്കാർക്ക് യാത്രാസൗകര്യമൊരുക്കി കൊടുക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്.

## (8) പബ്ലിക് ഹെൽത്ത് ആക്ടിന്റെ ആവശ്യകത

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്താകെ ബാധകമാകുന്ന ഒരു പൊതു ആരോഗ്യ നിയമം ഐക്യ കേരളം രൂപപ്പെട്ട് ഇത്രയും വർഷങ്ങളായിട്ടും ഉണ്ടായിട്ടില്ലെന്ന സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ

അവതരിപ്പിക്കുന്നത്. ഇന്ന് നമ്മൾ ധാരാളം മാരകരോഗങ്ങളും പകർച്ചവ്യാധികളുംകൊണ്ട് പ്രയാസപ്പെടുകയാണ്. കുടിവെള്ളം, ഭക്ഷ്യവസ്തുക്കൾ, പരിസരമലിനീകരണം എന്നിവയാണ് ഈ രോഗങ്ങളുടെ വരവിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ഈ ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ ഒരു പൊതു ആരോഗ്യ നിയമം ആവശ്യമാണ്. 1956-ൽ ഐക്യകേരളം രൂപീകരിച്ചുവെങ്കിലും ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ മേഖലയിൽ മദ്രാസ് ഹെൽത്ത് ആക്ടുമാണ് ഇപ്പോഴും നമ്മൾ അവലംബിക്കുന്നത്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മേൽപ്പറഞ്ഞ രണ്ട് നിയമങ്ങളാണുള്ളത്. ഭക്ഷ്യവസ്തുക്കൾ മലിനമാക്കുകയും പൊതുനിരത്തിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയുകയും മലിനജലം ഒഴുക്കിവിടുകയും പാതയോരങ്ങളിൽ മത്സ്യ-മാംസ മാലിന്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നവരെ ശിക്ഷിക്കാനും നിയന്ത്രിക്കാനും ബാധകമായ ഒരു നിയമം കേരളത്തിൽ നിലവിലില്ല. പോലീസ് ആക്ടിലെ ചില വകുപ്പുകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. പൊതുനിരത്തിൽ പുകവലിച്ചാൽ 200 രൂപ ഫൈൻ ഈടാക്കും. എന്നാൽ പൊതുനിരത്തിൽ മല-മൂത്ര വിസർജ്ജനം നടത്തിയാൽ പഴയ നിയമ പ്രകാരം 10 രൂപയാണ് ഫൈൻ. 1950-ലും 1955-ലുമൊക്ക ഈ നിയമം രൂപീകരിച്ചപ്പോൾ 10 രൂപ വലിയൊരു തുകയായിരുന്നു. 10 രൂപ കൊടുക്കണമെന്ന് പറഞ്ഞാൽ ജനങ്ങൾക്ക് പേടിയുണ്ടായിരുന്നു. ഇന്ന് അതൊരു പ്രശ്നമല്ല. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങളുണ്ട്. ഐക്യകേരളം രൂപപ്പെട്ടിട്ട് ഒരുപാട് വർഷങ്ങളായിട്ടും ഒരു പൊതു ആരോഗ്യ നിയമം ഉണ്ടായിട്ടില്ല എന്നുള്ളത് നാം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട്, വളരെ വ്യാപകമായ തോതിൽ പരിസരം, ജലം, ഭക്ഷ്യ വസ്തുക്കൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനായി കേരളത്തിനാകെ ബാധകമാകുന്ന പൊതു ആരോഗ്യ നിയമം ആവശ്യമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പാർലമെന്റിലും സംസ്ഥാനങ്ങളിലും നിയമങ്ങളുടെ കോഡിഫിക്കേഷൻ നടന്നിട്ടുണ്ട്. കുറെ നിയമങ്ങൾക്കു പകരം നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഓരോ മേഖലയ്ക്കും ഓരോ നിയമമാക്കി മാറ്റുകയാണ് വേണ്ടത്. പകർച്ചവ്യാധികൾ നമ്മെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേകത വച്ചുകൊണ്ട് പൊതു ആരോഗ്യ സംരക്ഷണത്തിനുവേണ്ടി കേരളത്തിനാകെ ബാധകമായ മദ്രാസ് ആക്ടും ട്രാവൻകൂർ-കൊച്ചിൻ ആക്ടും ക്രോഡീകരിച്ച് ഇന്നത്തെ കാലത്തിനനുസൃതമായി കേരള പബ്ലിക് ഹെൽത്ത് ആക്ട് എന്ന നിയമം കൊണ്ടുവരാൻ മുൻകയ്യെടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് രണ്ട് പൊതുജനാരോഗ്യ നിയമങ്ങളാണ് നിലവിലുള്ളത്. പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലിരിക്കുന്നത്. ആയവ വളരെ കാലപ്പഴക്കം ചെന്നതാണെന്നത് പോരായ്മ തന്നെയാണ്. ആരോഗ്യമേഖലയ്ക്ക് ഭീഷണിയായ പുതിയ പകർച്ചവ്യാധികളും മാലിന്യ ഭീഷണിയും മറ്റും പരിഹരിക്കാൻ ഈ നിയമങ്ങൾമൂലം കഴിയുന്നില്ല. വളരെ കാലപ്പഴക്കംചെന്ന നിയമങ്ങളായതിനാൽ ശിക്ഷാനടപടികളും പിഴകളും കാലാനുസൃതമല്ല. കൂടാതെ രണ്ട് നിയമങ്ങളിലെയും അധികാരഘടനയിലും വ്യത്യാസം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പാരിസ്ഥിതികവും ജീവിതശൈലീ രോഗവും മറ്റുമായുള്ള എല്ലാ പ്രശ്നങ്ങളും കണക്കിലെടുക്കുന്ന ഒരു പുതിയ കേരള പൊതുജനാരോഗ്യ നിയമം കൊണ്ടുവരേണ്ടത് ആവശ്യംതന്നെയാണ്. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചു കൊണ്ട് പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി 2014-ൽ രൂപീകരിച്ചിരുന്നു. പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ കരട് ബിൽ സമർപ്പിക്കുകയുണ്ടായി. കരട് പൊതുജനാരോഗ്യ ബിൽ പരിശോധനയ്ക്കായി നിയമ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73, 74 ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ നിലവിലുള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് ആരോഗ്യകരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ളതാണെന്നും പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, ഫുഡ് സേഫ്റ്റി ആക്ട് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമനിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം പരിശോധിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി വിശദമായ ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരടിൽ പരാമർശിക്കുന്ന അധികാരഘടനയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിനുള്ള

പ്രൊപ്പോസലുകൾ കൂട്ടിച്ചേർത്തും ഇതുമായി യോജിച്ചുപോകാൻ കഴിയാത്ത വ്യവസ്ഥകൾ ഒഴിവാക്കിയും കരടിൽ മാറ്റം വരുത്തേണ്ടതുണ്ട്. കരട് ബിൽ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനയ്ക്കും നിർദ്ദേശത്തിനുമായി അയച്ചുകൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച കൂടുതൽ ചർച്ചകൾ നടത്തിയതിനുശേഷം ബില്ലിൽ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഇത്തരം ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## (9) ഭരണാനുമതി നൽകൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയത്തിൽ ശ്രീ. അനൂപ് ജേക്കബിന് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തെയും പിറവം നിയോജകമണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഉന്നയിക്കുന്നത്. 14-7-2009-ൽ 9 കോടി രൂപയുടെ ഭരണാനുമതി ഈ പാലത്തിന് ലഭിച്ചിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാതെ അന്ന് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇത്തരത്തിൽ അപ്രോച്ച് റോഡിന് സ്ഥലമില്ലാതെ പാലം പൂർത്തീകരിക്കാൻ കഴിയാത്ത നിരവധി പാലങ്ങൾ കേരളത്തിലുണ്ട്. സ്ഥലത്തിന് അഡ്വാൻസ് പൊസെഷൻ കൊടുത്ത സ്ഥലങ്ങളിൽ പാലം പണി പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഭൂമിയുടെ അഡ്വാൻസ് പൊസെഷൻ ലഭ്യമല്ലാത്തതുകൊണ്ട് പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ തീരുമാനിച്ചിരുന്നു. സ്ഥലം ലഭ്യമായതിനുശേഷം ഞാനും പിറവം എം.എൽ.എ. ശ്രീ. അനൂപ് ജേക്കബും അങ്ങേയ്ക്ക് കത്ത് തന്നതിന്റെ അടിസ്ഥാനത്തിൽ 14-3-2017-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചീഫ് എഞ്ചിനീയറും പി.ഡബ്ല്യു.ഡി. സെക്രട്ടറിയും ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടിയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട ബാലൻസ് പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അങ്ങ് നിർദ്ദേശം കൊടുക്കുകയുണ്ടായി. വീണ്ടും കാലതാമസം വന്നപ്പോൾ ഞങ്ങൾ രണ്ട് എം.എൽ.എ.-മാരും നിരന്തരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-12-2018-ൽ മന്ത്രിയുടെ ഓഫീസിൽ യോഗം ചേർന്ന് നിലവിലെ കരാറുകാരനെ വിളിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചു. അദ്ദേഹം എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക ചോദിച്ചതിനാൽ അദ്ദേഹത്തെ ഒഴിവാക്കി ബാലൻസ് തുക അനുവദിച്ച് റീ-ടെണ്ടർ ചെയ്യാൻ അങ്ങയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഈ പാലം പണി

പൂർത്തീകരിക്കാൻ നിരന്തരമായി ഞാനും എന്റെ ഓഫീസും ഓരോ ഫയലുകൾക്കും പിന്നിലുണ്ടെന്ന് അങ്ങേയ്ക്കറിയാം. അങ്ങയുടെ കാലത്തുതന്നെ ഈ പാലത്തിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യണമെന്നാണ് ഞങ്ങളുടെ എല്ലാവരുടെയും ആഗ്രഹം. പ്രളയം വന്നതിനാൽ ഏഴ് മാസം നഷ്ടപ്പെട്ടിട്ടുണ്ട്. മീറ്റിംഗ് വിളിക്കാൻ കത്ത് തന്നെങ്കിലും പ്രളയ ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് അങ്ങ് ആലപ്പുഴ ജില്ലയിലായതു കൊണ്ട് യോഗം വിളിക്കാൻ കഴിഞ്ഞില്ല. ഈ പാലവുമായി ബന്ധപ്പെട്ട് ഇതിനുമുമ്പും സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ആദ്യ ഭരണാനുമതിയിലെ 9 കോടി രൂപയുടെ ബാലൻസ് തുകയും ബാക്കി ആവശ്യമായ തുകയും കൂട്ടി 14,30,00,000 രൂപ അനുവദിച്ച് ടെണ്ടർ നടപടിയിലേയ്ക്ക് പോയി പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ അങ്ങ് ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പംതന്നെ ഇനിയും അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്ത സ്ഥലങ്ങളിൽ ഇതുപോലുള്ള പാലം പണി ആരംഭിക്കരുത്. കേരളത്തിൽ ഏത് പാലം പണിയും അപ്രോച്ച് റോഡിന് സ്ഥലമുണ്ടെങ്കിൽ മാത്രമേ ആരംഭിക്കാവൂ, അല്ലെങ്കിൽ സ്ഥലം വിട്ടുകിട്ടാൻ ബുദ്ധിമുട്ടുണ്ടാകും. അക്കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതിന്റെ പശ്ചാത്തലങ്ങളെല്ലാം ബഹുമാനപ്പെട്ട അംഗം ഇവിടെ വിവരിക്കുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ഡിസംബർ 12-ാം തീയതിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ യോഗം ചേർന്നത്. ഏകദേശം 6 മാസങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഇത് രണ്ട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഒരു പാലമാണ്. അപ്രോച്ച് റോഡിന് സ്ഥലമില്ലാതെ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതാണ് ഇത് നീണ്ടുപോകാനുണ്ടായ കാരണം. പാലം വരുന്നതിലൂടെ ഉണ്ടാകുന്ന വികസനവും ഗതാഗതവും പ്രദേശവാസികൾക്ക് ഏറെ പ്രതീക്ഷകൾ നൽകുന്നതാണ്. എത്രയും പെട്ടെന്ന് ഇതിന്റെ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാനുള്ള അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രനും ശ്രീ. അനൂപ് ജേക്കബും ഇവിടെ അവതരിപ്പിച്ച വിഷയത്തിന് എ.എസ്. കൊടുത്തത് 2009 ജൂലൈ 14-നാണ്. ഇപ്പോൾ 10 വർഷമായി. എ.എസ്. കൊടുക്കുന്ന സമയത്ത് രണ്ട് ഭാഗത്തെയും സ്ഥലം സൗജന്യമായി വിട്ടുനൽകാമെന്ന് ആളുകൾ ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാതെ ചെയ്തതല്ല. പാലം പണി ആരംഭിക്കുകയും ചെയ്തു. ആ ഗവൺമെന്റ് മാറി പുതിയ ഗവൺമെന്റ്

അധികാരത്തിൽ വന്നു. ആ കാലത്തിനിടയിൽ സ്ഥലം ഉടമകൾക്ക് പൈസ കൊടുത്തിട്ടില്ല. അവർ പണി തടസ്സപ്പെടുത്തി. ഇതാണ് സംഭവം. ശ്രീ. വി. പി. സജീന്ദ്രന്റെ കത്ത് പ്രകാരം 14-3-2017-ൽ ഞാനുംകൂടി പങ്കെടുത്ത യോഗം നടന്നു, ശ്രീ. അനൂപ് ജേക്കബും ഉണ്ടായിരുന്നു. നിരക്ക് പുതുക്കുന്നതിനുള്ള പ്രൊപ്പോസലാണ് അന്ന് തീരുമാനിച്ചത്. അതിനിടയ്ക്ക് നിലവിലുള്ള കോൺട്രാക്ടർ കേസ്സിനുപോയി. അങ്ങനെ കുറച്ചുകാലം പണി തടസ്സപ്പെട്ടു. കേസ്സെല്ലാം പിൻവലിക്കണം. പുതിയ ക്ലെയിമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിലെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി കൊടുക്കാമെന്നതിന്റെ അടിസ്ഥാനത്തിൽ അതെല്ലാം ഒഴിവാക്കി കൊടുത്തു. കേസ്സൊന്നുമില്ല. വീണ്ടും അതിന്റെ എസ്റ്റിമേറ്റ് പുതുക്കി. നേരത്തെ 9 കോടി രൂപയായിരുന്നത് ഇപ്പോൾ 14,30,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി കൊടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ചെയ്ത് പാലം പണി നടത്താവുന്നതാണ്.

## (10) റേഷൻ കാർഡ് അനുവദിക്കൽ

<u>ശ്രീ. സജി ചെറിയാൻ:</u> സർ, റേഷൻ കടകളെ ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും ഭക്ഷ്യവിതരണ രംഗത്തുള്ള പൂഴ്ത്തിവയ്പ്പും കള്ളക്കടത്തും അവസാനിപ്പിച്ച് സംശുദ്ധമായ പൊതുവിതരണ സമ്പ്രദായം കേരളത്തിൽ നടപ്പാക്കാനും ഈ ഗവൺമെന്റിനും ഭക്ഷ്യ വകുപ്പിനും കഴിഞ്ഞിട്ടുണ്ട്. അതിനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ ചില കാര്യങ്ങളിൽ പ്രത്യേകമായ പരിശോധന ഉണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം, വാടക വീട്ടിലും താൽക്കാലിക ഷെഡ്ഡുകളിലും താമസിക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും താമസ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. കെട്ടിട ഉടമ സമ്മതപത്രം നൽകാത്തതാണ് അതിന് കാരണം. കെട്ടിട ഉടമകൾ സമ്മതപത്രം നൽകിയാൽ മാത്രമേ പഞ്ചായത്തുകൾക്ക് താമസ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ താമസക്കാർക്ക് റേഷൻ കാർഡ് ലഭിക്കുന്നില്ലെന്നുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഇത്തരത്തിൽ റേഷൻ കാർഡ് ലഭ്യമാകാത്ത നിരവധി ആളുകളുണ്ട്. ഈ കാര്യത്തിൽ അടിയന്തരമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): സർ, വാടക വീട്ടിലും താൽക്കാലിക ഷെഡ്ഡുകളിലും താമസിക്കുന്ന കുടുംബങ്ങൾക്ക്

ബന്ധപ്പെട്ട പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽനിന്നും താമസ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം റേഷൻ കാർഡ് ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ലെ കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ഭക്ഷണത്തിനുള്ള അവകാശം നിഷേധിക്കാൻ കഴിയില്ല. 2015-ലെ ടി.പി.ഡി.എസ്. ഓർഡർ പ്രകാരം റേഷൻ കാർഡ് ഭക്ഷ്യധാന്യം കൈപ്പറ്റാനുള്ള രേഖ മാത്രമാണെന്ന് വിവക്ഷിക്കുന്നു. വാടകയ്ക്ക് താമസിക്കുന്ന ഒരപേക്ഷകന് റേഷൻ കാർഡ് ലഭിക്കാൻ കെട്ടിട ഉടമയുടെ സമ്മതപത്രം വേണമെന്ന നിബന്ധന നിയമപരമായി നിലനിൽക്കുന്നതല്ല. വീടിന്റെ ഉടമയും വാടകക്കാരനുമായുള്ള ഒരുടമ്പടിയാണ് വാടകക്കരാർ. ഒരു റേഷൻ കാർഡ് അനുവദിക്കുന്നതിന് ഒരു അപേക്ഷകൻ ഒരു വീട്ടിൽ കുടുംബമായി താമസമുണ്ടായിരിക്കണമെന്ന് കേരളത്തിന്റെ ഭക്ഷ്യ ഭദ്രതാ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. നിലവിൽ വാടക വീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡില്ലെങ്കിൽ അത് ലഭിക്കുന്നതിന് വീട്ടുടമസ്ഥന്റെ സമ്മതപത്രം ഇല്ലാതെയും താമസ സർട്ടിഫിക്കറ്റ് ഇല്ലാതെയും സാധുവായ വാടക കരാറിന്റെ മാത്രം അടിസ്ഥാനത്തിൽ റേഷൻ കാർഡിന് അപേക്ഷ നൽകാവുന്നതാണ്. ഇതു കൂടാതെ പകരമായി താഴെപ്പറയുന്ന 10 രേഖകളിൽ ഏതെങ്കിലും ഒന്നിനെ അടിസ്ഥാനമാക്കി റേഷൻ കാർഡ് അനുവദിക്കാവുന്നതാണ്.

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ അടച്ച ഒരു ബിൽഡിംഗ് ടാക്സ് രസീതിന്റെ പകർപ്പ്.
2. ഇലക്ട്രിസിറ്റി ബില്ലിന്റെ പകർപ്പ്.
3. ലാന്റ് ഫോൺ ബില്ലിന്റെ പകർപ്പ്.
4. എൽ.പി.ജി. അനുവദിച്ച വൗച്ചർ/ബില്ലിന്റെ പകർപ്പ്.
5. അപേക്ഷകൻ ഗസറ്റഡ് ഓഫീസറാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന.
6. അപേക്ഷകൻ നോൺ-ഗസറ്റഡ് ഓഫീസറാണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ.-യുടെ സാക്ഷ്യപത്രം.
7. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം.
8. അംഗീകൃത ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്ബുക്കിന്റെ പകർപ്പ്.
9. ആധാർ കാർഡിന്റെ പകർപ്പ്.
10. തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്.

മേൽപ്പറഞ്ഞ രേഖകളുടെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നുതന്നെയായിരിക്കണം. സ്വന്തമായി വീടില്ലാത്ത പുറമ്പോക്കിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്കുപോലും ബന്ധപ്പെട്ട താലൂക്കുകളിൽ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ ബന്ധപ്പെട്ട താലൂക്കിലെ പൊതുവിതരണ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി അവർ അവിടത്തെ താമസക്കാരാണെന്ന റിപ്പോർട്ട് ഹാജരാക്കി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചിത മാർക്ക് നൽകി മുൻഗണനാ പദവിയും ലഭ്യമാക്കാവുന്നതാണ്. ഇത്തരക്കാർക്ക് റസിഡന്റ്സ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിലും അപേക്ഷാ ഫാറത്തിൽ വീട്ടുനമ്പരിന്റെ സ്ഥാനത്ത് 000 എന്ന് രേഖപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# VII പ്രത്യേക പരാമർശം

## ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 28-5-2019-ൽ ശ്രീ. കെ. എസ്. ശബരീനാഥൻ അവതരണാനുമതി നേടിയ മസാല ബോണ്ട് സംബന്ധിച്ച അടിയന്തരപ്രമേയ ചർച്ചാവേളയിലും 29-5-2019-ലെ 31-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ക്ലബ് ചെയ്ത ചോദ്യങ്ങളിലൂൾപ്പെടെ മറുപടി പറയുന്ന വേളയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയിൽ പറഞ്ഞ പല കാര്യങ്ങളും വസ്തുതാ വിരുദ്ധവും യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തതുമാണ്. ഇക്കാര്യം നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ നിർദ്ദേശം നമ്പർ 1(എ) പ്രകാരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഞ്ച് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, കിഫ്ബി ബോണ്ടുകളിൽ ഏതൊക്കെ കമ്പനികൾ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന കാര്യം സ്റ്റോക്ക് എക്സ്ചേഞ്ചുമായി ഉണ്ടാക്കിയ കരാർപ്രകാരം പുറത്തുവിടാൻ സാധിക്കില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ 2019 മാർച്ച് 30-ന് കിഫ്ബി നൽകിയ പത്രക്കുറിപ്പിൽ സി.ഡി.പി.ക്യൂ. എന്ന കമ്പനി മസാല ബോണ്ട് നിക്ഷേപിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. അത് മാതൃഭൂമി ദിനപ്പത്രത്തിലടക്കം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29-5-2019-ലെ ചോദ്യോത്തര വേളയിൽ മസാല ബോണ്ടുകൾക്ക് ലണ്ടൻ നിയമമല്ലേ ബാധകം എന്ന ചോദ്യത്തിന് അല്ല എന്നായിരുന്നു മറുപടി. എന്നാൽ കിഫ്ബി പുറത്തിറക്കിയ പത്രക്കുറിപ്പിൽ ഇംഗ്ലീഷ് നിയമമാണ് ഈ ബോണ്ടുകൾക്ക് ബാധകമാകുകയെന്ന് വ്യക്തമായി പറയുന്നുണ്ട്. ഞാനത് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

മൂന്നാമത്തേത്, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ആഭ്യന്തര മാർക്കറ്റിലിറക്കിയ ബോണ്ടുകൾക്കെല്ലാം പലിശ നിരക്ക് പത്ത് ശതമാനത്തിന് മുകളിലാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. അമരാവതി വികസനത്തിനായി ആന്ധ്രാപ്രദേശ് സർക്കാർ പുറത്തിറക്കിയ ബോണ്ട് അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. എന്നാൽ 2019 ജനുവരിയിൽ അഹമ്മദാബാദ് മുനിസിപ്പാലിറ്റി പുറത്തിറക്കിയ ബോണ്ടിന്റെ പലിശ 8.6 ശതമാനം മാത്രമാണ്. നവി മുംബൈ ഇറക്കിയ ബോണ്ടുകളുടെയും പലിശ നിരക്ക് കുറവാണ്. അത് ഞാൻ അങ്ങേയ്ക്ക് നൽകിയിട്ടുള്ളതാണ്. സി.ഡി.പി.ക്യൂ.-വിന്റെ ആസ്ഥാനവും എസ്.എൻ.സി. ലാവ്ലിൻ കമ്പനിയും സ്ഥിതി ചെയ്യുന്ന ക്യൂബെക്കിൽ നടത്തിയ പ്ലേസ്മെന്റല്ല, മറിച്ച് ബോണ്ട് വാങ്ങുന്നതിൽനിന്നും റീട്ടെയിൽ ഇൻവെസ്റ്റേഴ്സിനെ തടയാൻ ഇറക്കിയ നോട്ട് മാത്രമാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. എന്നാൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഓഫർ സർക്കുലറിൽ വ്യക്തമായി പറയുന്നത്, കാനഡയിലെ ക്യൂബെക് പ്രവിശ്യയിലെ വ്യക്തികൾക്കും കമ്പനികൾക്കും ഇറക്കിയ ഓഫർ പ്രൈവറ്റ് പ്ലേസ്മെന്റ് ആണെന്നുള്ളതാണ്. പ്രസ്തുത സർക്കുലറിൽ എവിടെയും റീട്ടെയിൽ ഇൻവെസ്റ്റേഴ്സിനെ ബോണ്ട് വാങ്ങുന്നതിൽനിന്നും തടയുമെന്ന് രേഖപ്പെടുത്തിയിട്ടില്ല. കിഫ്ബി മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 2018-ൽ ലിസ്റ്റ് ചെയ്തിരുന്നു വെന്നാണ് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. എന്നാൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ലഭ്യമായ രേഖകളിൽനിന്നും 2019 ഏപ്രിൽ 1-നാണ് മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്തതെന്നാണ് തെളിയുന്നത്. ഈ അഞ്ച് കാര്യങ്ങൾക്കും ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ച അടിയന്തരപ്രമേയത്തിനുള്ള നോട്ടീസിന് മറുപടിയായി പറഞ്ഞപ്പോഴും അങ്ങ് ക്ലബ്ബ് ചെയ്ത ചോദ്യങ്ങൾക്ക് മറുപടിയായി 29-5-2019-ൽ പറഞ്ഞപ്പോഴും വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞത്. അതിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. കിഫ്ബി പുറത്തിറക്കിയ സർക്കുലറിന്റെ വെളിച്ചത്തിലും ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് ഇറക്കിയ കുറിപ്പിന്റെ അടിസ്ഥാനത്തിലും മാതൃഭൂമി ദിനപ്പത്രത്തിൽ അനീഷ് ജേക്കബ് പേര് വച്ചെഴുതിയ മുൻപേജിലുള്ള വാർത്തയിലുമാണ് ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണ്. കാരണം, അദ്ദേഹം പറഞ്ഞതുപോലെയുള്ള ഒരു പ്രസ്താവനയും ഞാൻ എവിടെയും നടത്തിയിട്ടില്ല. ഓരോന്നോരോന്നായി പരിശോധിക്കാം. ആദ്യത്തേത്, കിഫ്ബി ബോണ്ടുകളിൽ ഏതൊക്കെ കമ്പനികൾ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന കാര്യം സ്റ്റോക്ക് എക്സ്ചേഞ്ചുമായി ഉണ്ടാക്കിയ കരാർപ്രകാരം പുറത്തുവിടാൻ സാധിക്കില്ലായെന്ന് ഞാൻ പറഞ്ഞുവെന്നുള്ളതാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല സഭയിൽ 29-5-2019-ന് നൽകിയ മറുപടി

ഇപ്രകാരമാണ്, മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമെ പങ്കെടുക്കാൻ സാധിക്കൂ എന്നാണ്. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും ആർ.ബി.ഐ. നിഷ്കർഷിക്കുന്ന K.Y.C. (Know Your Customer) മാനദണ്ഡം പാലിച്ചവരാണ്. അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ പതിനാറ് സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിനുശേഷം സെക്കണ്ടറി വിപണിയിൽ കച്ചവടം നടത്താനുള്ള സാദ്ധ്യത കണക്കിലെടുത്താൽ നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. അല്ലാതെ എക്സ്ചേഞ്ചുമായിട്ടുള്ള കരാർ പ്രകാരം ഇത് പുറത്തുവിടാൻ പറ്റില്ലെന്നല്ല പറഞ്ഞത്. ലോകത്ത് എവിടെയുമുള്ള പബ്ലിക് ഇഷ്യൂവിലും നിക്ഷേപകർ ആഗ്രഹിക്കുന്നവരുടെ പേരോ നിക്ഷേപ തുകയോ പൊതു മാധ്യമങ്ങൾ പൊതുമധ്യത്തിൽ തുറന്ന് കാട്ടപ്പെടരുതെന്നാണ് പറയുന്നത്. ഇത് ആഗോള ധനകാര്യ വിപണിയിൽ നിലനിൽക്കുന്ന ഒരു സമ്പ്രദായമാണ്. അത്തരത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ബോണ്ടുകളുടെ ട്രേഡിംഗിന് ഗുണകരമാകില്ല. മാത്രമല്ല, ബോണ്ടിന്റെ സെക്കണ്ടറി മാർക്കറ്റിനെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിക്കുംപ്രകാരം 30-ാം തീയതി ആയിരുന്നില്ല കിഫ്ബിയുടെ പത്രക്കുറിപ്പ് പുറത്തിറക്കിയത്. 29-3-2019-ൽ ഒരു പത്രക്കുറിപ്പ് ഇറക്കിയിരുന്നു. അതിൽ ഒരു കമ്പനിയുടെ പേരും പറയുന്നില്ല. കിഫ്ബിയുടെ മസാല ബോണ്ടിന്റെ വിജയകരമായ വിപണനം മാധ്യമങ്ങളെ അറിയിക്കുക മാത്രമാണ് ചെയ്യുന്നത്. അങ്ങ് കാണിക്കുന്നത് മാതൃഭൂമി ദിനപ്പത്രത്തിൽ വന്ന റിപ്പോർട്ടാണ്. മാധ്യമങ്ങൾക്ക് അവരുടേതായ സ്രോതസ്സുകളുണ്ടാകും. അതേതായാലും കിഫ്ബിയുടെ പത്രക്കുറിപ്പല്ല. വേറെ എന്തെല്ലാം കാര്യങ്ങൾ പത്രമാധ്യമങ്ങൾ ചോർത്തിയെടുക്കുന്നു? കിഫ്ബി പത്രക്കുറിപ്പിൽനിന്ന് എടുത്ത് കൊടുത്തു, കിഫ്ബി വെളിപ്പെടുത്തി തുടങ്ങിയ കാര്യങ്ങൾ പറയുന്നതിനോട് മാത്രമാണ് എനിക്ക് വിരോധമുള്ളത്. എന്നാൽ പിന്നീട് 6-4-2019-ൽ കിഫ്ബി ഇറക്കിയ പത്രക്കുറിപ്പിൽ സി.ഡി.പി.ക്യൂ. കമ്പനിയുടെ പേര് അവരുടെ അനുവാദത്തോടെ ഉപയോഗിച്ചു. കാരണം, പൊതു മണ്ഡലത്തിൽ ഏറ്റവും വലിയ വിവാദമായി വന്നു, അറിയില്ലായെന്ന് പറഞ്ഞ് നിൽക്കാൻ കഴിയില്ല. അതുകൊണ്ട് സി.ഡി.പി.ക്യൂ.-വിന്റെ അനുവാദം വാങ്ങി

അതിന്റെ അടിസ്ഥാനത്തിൽ ഇറക്കിയ പത്രക്കുറിപ്പാണ്. ഇപ്പോൾ അങ്ങ് തെറ്റിദ്ധരിച്ചിരിക്കുന്നത് മാതൃഭൂമി റിപ്പോർട്ട് മുഴുവനും ഞങ്ങളുടെ പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് എന്നാണ്. അല്ല, അതവരുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. രണ്ടാമത്തെ പ്രശ്നം, മസാല ബോണ്ടുകൾക്ക് ലണ്ടൻ നിയമമല്ലേ ബാധകമാകു എന്ന ചോദ്യത്തിന് അല്ലായെന്ന് ഞാൻ ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞുവെന്നാണ് പറഞ്ഞത്. അങ്ങനെ ഒരാക്ഷേപം ഉന്നയിച്ചപ്പോൾ ഞാൻ സൗണ്ട് ട്രാക്കും അച്ചടിച്ച ടെക്സ്റ്റും നോക്കിയതിൽ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞാൻ യഥാർത്ഥത്തിൽ വഴി മാറി വേറെയൊരു പ്രശ്നത്തിന് മറുപടി പറഞ്ഞതാണ്. അദ്ദേഹം ലാവ്‌ലിനുമായി കൂട്ടിക്കലർത്തിയപ്പോൾ അതിനോട് പ്രതികരിച്ച് പോകുകയാണ് ചെയ്തത്. എന്നാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 471-ന്റെ മറുപടിക്ക് എല്ലാ സാഹചര്യത്തിലും ഇംഗ്ലീഷ് നിയമമാണ് ഈ ബോണ്ടുകൾക്ക് ബാധമാകുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് സഭയിൽ ഒരു കാര്യവും മറച്ചുവച്ചിട്ടില്ല. മൂന്ന്, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ആഭ്യന്തര മാർക്കറ്റിലിറക്കിയ ബോണ്ടുകൾക്ക് 10 ശതമാനം പലിശ നിരക്കാണെന്നും എന്നാൽ അഹമ്മദാബാദ് മുനിസിപ്പാലിറ്റി ഇറക്കിയ ബോണ്ടിന് 8.6 ശതമാനവും പലിശ വേണ്ടിവന്നു എന്നുള്ളതാണ് ആക്ഷേപം. ഞാൻ ഇവിടെ ആ ചോദ്യത്തിന് ഉത്തരം നൽകിയത് അങ്ങ് വായിച്ചിരുന്നെങ്കിൽ ഇങ്ങനെ പറയില്ലായിരുന്നു. കൃത്യമായി പറഞ്ഞാൽ ചോദ്യകർത്താവായ ശ്രീ. പി. സി. ജോർജ് ഈ ചോദ്യം ഉന്നയിക്കുമ്പോൾ അതിനുള്ള മറുപടി കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്, ആഭ്യന്തര ബോണ്ട് വഴിയുള്ള ധനസമാഹരണത്തിന് വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് എ പ്ലസ് ആയും ഇതേ റേറ്റിംഗുള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടേത് കുറഞ്ഞത് ഇരുന്നൂറ് കോടി രൂപയുമാണ്. കഴിഞ്ഞ വർഷം നടന്ന 44 ഇടപാടുകളിൽ ഒന്നുപോലും വിടാതെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതെല്ലാം 9.72-നേക്കാൾ ഉയർന്ന പലിശ നിരക്കിലുള്ളതാണ്. അഹമ്മദാബാദ് മുനിസിപ്പാലിറ്റി ഇറക്കിയത് മുനിസിപ്പൽ ബോണ്ടാണ്. അവയ്ക്ക് സെബി അനുശാസിക്കുന്ന പ്രത്യേക മാനദണ്ഡങ്ങളുണ്ട്. ഇവയെ മറ്റ് ആഭ്യന്തര ബോണ്ടുകളുമായി താരതമ്യം ചെയ്യുന്നതിൽ അർത്ഥമില്ല. സംസ്ഥാന സർക്കാരുകൾക്കോ കിഫ്ബി, എ.പി.സി.ആർ.ഡി.എ.(ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് അതോറിറ്റി) പോലുള്ള ഏതെങ്കിലും സംസ്ഥാന ഏജൻസികൾക്കോ മുനിസിപ്പൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ സെബി മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. നമുക്ക് വെറും എ പ്ലസ് റേറ്റ് മാത്രമാണുള്ളത്. ഡബിൾ എ പ്ലസ് റേറ്റഡായ ഒരു മുനിസിപ്പൽ അതോറിറ്റി

എന്നതിനാൽ അഹമ്മദാബാദ് മുനിസിപ്പാലിറ്റി പുറത്തിറക്കിയ 200 കോടി രൂപയുടെ ബോണ്ടിന് മികച്ച കൂപ്പൺ റേറ്റ് ലഭിച്ചു. നവി മുംബൈ ഇറക്കിയ ബോണ്ടുകളും ഡബിൾ എ പ്ലസ് റേറ്റിംഗുള്ളതാണ്. അതിനാൽ യാതൊരു തെറ്റായ ഉത്തരവും സഭയിൽ നൽകിയിട്ടില്ല.

നാലാമത്തെ ആക്ഷേപം, ഓഫർ സർക്കുലറിൽ എവിടെയും റീട്ടെയിൽ ഇൻവെസ്റ്റേഴ്സിനെ തടയുന്നതായി രേഖപ്പെടുത്തിയിട്ടില്ല എന്നതാണ്. നീണ്ട ഒരു രേഖ ആയതുകൊണ്ട് മുഴുവനും വായിക്കാൻ കഴിയില്ല. പക്ഷേ 91-ാമത്തെ പേജിൽ പ്രസ്തുത ഓഫർ ലെറ്റർ എടുത്തിട്ടുള്ളതിൽ പ്രസക്തമായ ഒരു ഭാഗം ഞാൻ വായിക്കാം. The offering notes in Canada is being made only on a private placement basis pursuant to the accredited investor exemption in Section 2.3 of National Instrument 45-106 - Prospectus Exemptions of Canadian Securities Administrators and Section 43 of Securities Act (Quebec). ഇതിന്റെ അർത്ഥം, അക്രെഡിറ്റഡ് ഇൻവെസ്റ്റേഴ്സിനെ ഡിറ്റെയിൽഡ് പ്രോസ്പെക്ടസ് ഇറക്കി ആകർഷിക്കുന്നതിൽനിന്ന് എക്സംപ്റ്റ് ചെയ്യുന്ന ക്ലാസ് ഞങ്ങൾ ഇതിനാൽ invoke ചെയ്യുന്നു എന്നതാണ്. ഇതിന്റെ അർത്ഥത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അടുത്ത പേജിൽ Representations and agreements of investors എന്നൊരു ഭാഗമുണ്ട്. അതിൽ (a)-ൽ ഇങ്ങനെയുള്ള അക്രെഡിറ്റഡ് ഇൻവെസ്റ്റേഴ്സ് അവർ അക്രെഡിറ്റഡ് ഇൻവെസ്റ്റേഴ്സ് ആണെന്നുള്ള റെപ്രസന്റേഷൻ തരണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം, ഈ എക്സംപ്ഷൻ ഇല്ലാത്തതുകൊണ്ട് റീട്ടെയിൽ ഇൻവെസ്റ്റേഴ്സിന് കിഫ്ബി ബോണ്ടുകൾ വാങ്ങാൻ കഴിയില്ല. അങ്ങനെയാരും വാങ്ങിയിട്ടുമില്ല.

കിഫ്ബി ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ സെപ്റ്റംബർ 19-ന് ലിസ്റ്റ് ചെയ്തു എന്നാണ് ഞാൻ പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലഭ്യമായ രേഖകളിൽ 2019 ഏപ്രിൽ 1-നാണ് ലിസ്റ്റ് ചെയ്തതെന്നാണ് പറയുന്നത്. 2018-19-ലാണ് പ്രസ്തുത മസാല ബോണ്ട് ഇഷ്യൂ ഉൾപ്പെടുന്ന കിഫ്ബിയുടെ മീഡിയം ടേം നോട്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന നോട്ട് ഓഫറിംഗ് സർക്കുലറിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഈ മറുപടിയോടൊപ്പം അങ്ങേയ്ക്ക് സമർപ്പിക്കുന്നുണ്ട്. ഈ വെബ് പേജിലേയ്ക്കുള്ള ലിങ്കും അവിടെത്തന്നെ നൽകിയിട്ടുണ്ട്. കിഫ്ബിയുടെ മസാല ബോണ്ട് 2019 മാർച്ച് 25-നാണ് വിപണനത്തിനായി തുറന്നത്. അതിനുശേഷം സമാഹരിച്ച 2150 കോടി രൂപ മാർച്ച് 29-ന് സെറ്റിൽ ചെയ്യുകയും കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമാവുകയും ചെയ്തു.

ഇതുസംബന്ധിച്ച് മാർച്ച് 29-ാം തീയതി കിഫ്ബി ഒരു പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുന്ന ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ 1-4-2019-ലെ പത്രക്കുറിപ്പ് കിഫ്ബി മാർച്ച് 29-ന് വിജയകരമായി പൂർത്തീകരിച്ച പ്രസ്തുത മസാല ബോണ്ട് സംബന്ധിച്ച് അവർ പുറപ്പെടുവിച്ച അറിയിപ്പ് മാത്രമാണ്. ലിസ്റ്റ് ചെയ്യുന്ന അറിയിപ്പല്ല.

മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിക്കുന്ന ആക്ഷേപങ്ങൾ തെറ്റിദ്ധാരണയിൽനിന്ന് ഉണ്ടായിട്ടുള്ളതാണ്. നമുക്ക് എന്തുവേണമെങ്കിലും ചർച്ച ചെയ്യാം. ഇങ്ങനെയൊരു പരസ്യ വിവാദവുമായി മുന്നോട്ട് പോകരുതെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. നമുക്ക് മറച്ചുവയ്ക്കാനൊന്നുമില്ല. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യമായി കാണണം. ഈ വിവാദം മുന്നോട്ട് കൊണ്ടുപോകുന്നത് ഇൻവെസ്റ്റർ വേൾഡിലും റെഗുലേറ്റേഴ്സിന്റെ ഇടയിലും എന്തോ പ്രശ്നങ്ങളാണ് എന്നൊക്കെയുള്ള തോന്നൽ ഉണ്ടാക്കാൻ ഇടയാക്കും. അതുകൊണ്ട് ഇത് ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റിസർവ് ബാങ്ക് ഗവർണർ കൊച്ചിയിൽ വന്നപ്പോൾ ഈ മസാല ബോണ്ടിനെക്കുറിച്ച് പത്രക്കാർ ചോദിച്ചു. അദ്ദേഹം പറഞ്ഞു 'I don't have any idea. I don't know about it.' റിസർവ് ബാങ്ക് ഗവർണർ ഇത് അറിഞ്ഞിട്ടില്ല എന്നുപറയുന്നത് ഒരു ഗൗരവതരമായ കാര്യമല്ലേ? അദ്ദേഹം എന്തുകൊണ്ട് അങ്ങനെ പറഞ്ഞുവെന്നുള്ളത് പരിശോധിക്കേണ്ടതല്ലേ? ഏതായാലും അദ്ദേഹം പറഞ്ഞ മറുപടി പരിശോധിച്ചിട്ട് എന്തെങ്കിലുമുണ്ടെങ്കിൽ ഞാൻ അങ്ങയെ അറിയിക്കാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഇൻഫ്രാസ്ട്രക്ചറിനുവേണ്ടിയുള്ള റുപ്പീ ഡിനോമിനേറ്റഡ് ബോണ്ട് ഇറക്കുന്നത് ഓട്ടോമാറ്റിക് റൂട്ടാണ്. റൂട്ടീനായിട്ടുള്ള പ്രവർത്തനമാണ്. റിസർവ് ബാങ്ക് ഗവർണറോ റിസർവ് ബാങ്ക് ബോർഡോ ഒന്നും അത് പരിശോധിക്കേണ്ട ആവശ്യമില്ല. ഈ എക്സ്റ്റേണൽ ബോറോയിസിന്റെ സെക്ഷനിൽ നമ്മൾ അപേക്ഷിച്ചു. 2018 ജൂൺ 1-ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അവർക്ക് ഒബ്ജക്ഷനില്ലെന്ന് മറുപടി നൽകുകയും ചെയ്തു. അപ്പോൾ അവർ അറിഞ്ഞിട്ടുണ്ട്. അതിനുശേഷം നമ്മുടെ ലിസ്റ്റ് ഇറക്കുന്നതിനുമുൻപ്, ഓഫറിന് വയ്ക്കുന്നതിനുമുൻപ് അതിനൊരു ഇ.സി.ബി. നമ്പരുണ്ട്, ആ നമ്പരും അലോട്ട് ചെയ്തുതന്നിട്ടുണ്ട്. പക്ഷേ ഇത് റിസർവ് ബാങ്ക് ബോർഡ് അറിയേണ്ട കാര്യമില്ല. ഇതൊക്കെ routine procedures ആണ്. അത് അംഗീകരിച്ചു തന്നിട്ടുള്ളതാണ്. ഈ രേഖയും ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ലഭ്യമാക്കാം.

# VIII ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരേ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (Rs) | മൂലധനം (Rs) | റവന്യൂ (Rs) | മൂലധനം (Rs) | ആകെ (Rs) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XII | പോലീസ് | 1307,24, 39,000 | 28,41,69,000 | 2699,33,63,000 | 56,83,37,000 | 2756,17,00,000 |
| XIII | ജയിലുകൾ | 48,85,47,000 | --- | 97,70,94,000 | --- | 97,70,94,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 184,66,54,000 | 3,66,67,000 | 369,33,08,000 | 7,33,33,000 | 376,66,41,000 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XII- പോലീസ്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ക്രമസമാധാന തകർച്ചയും പോലീസ് അതിക്രമവും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ക്രമസമാധാനം പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗുണ്ടാ-മയക്കുമരുന്ന് മാഫിയ നടത്തുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് തയ്യാറാകുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' പദ്ധതിയുടെ തുടർച്ചയായി യാതൊരു നടപടിയും നിലവിൽ സ്വീകരിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉണ്ടായ അക്രമ സംഭവങ്ങൾ തടയുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ക്രമസമാധാന പ്രശ്നം ഉണ്ടായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ശബരിമലയിൽ നാമജപഘോഷയാത്ര നടത്തിയ വിശ്വാസികൾക്കെതിരെ പോലീസ് അതിക്രമം കാട്ടിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (രാഷ്ട്രീയ കൊലപാതകങ്ങൾ തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാരാപ്പുഴ കൊലപാതകക്കേസിലെ ആരോപണ വിധേയനായ റൂറൽ പോലീസ് ഇൻസ്പെക്ടറെ പ്രതിയാക്കുന്നതിന് പകരം സാക്ഷിയാക്കുകയും പ്രൊമോഷൻ നൽകുവാൻ തീരുമാനിക്കുകയും ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പോലീസിൽ എസ്.ഐ. മുതൽ ഡി.വൈ.എസ്.പി. (നോൺ ഐ.പി.എസ്.) വരെയുള്ള തസ്തികകളിൽ ഡി.പി.സി. കൂടാതെ പ്രൊമോഷൻ തടഞ്ഞുവച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പോലീസ് ആസ്ഥാനം ഉൾപ്പെടെയുള്ള സുരക്ഷിത മേഖലകളിൽ അജ്ഞാത ഡ്രോണുകൾ പറത്തിയവരെ കണ്ടുപിടിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹന പരിശോധനയിൽ പോലീസുകാർ ഈടാക്കുന്ന പിഴ ഖജനാവിൽ അടയ്ക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹന പരിശോധനയുടെ പേരിൽ നിരപരാധികളെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വാമി സന്ദീപാനന്ദഗിരിയുടെ സാളഗ്രാമം ആശ്രമം തീവച്ച് നശിപ്പിച്ചവരെ കണ്ടെത്തുന്നതിൽ പോലീസിന് അനാസ്ഥ യുണ്ടായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മാവോയിസ്റ്റുകളുടെ പ്രവർത്തനം കണ്ടെത്തി തടയുന്നതിന് പോലീസ് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഡോ. എൻ. ജയരാജ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2756,17,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജയിലുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കൂടുതൽ ഓപ്പൺ ജയിലുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജയിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തടവുകാരുടെ മാനസിക ഉല്ലാസത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തടവുകാർക്ക് ലഹരി പദാർത്ഥങ്ങൾ ലഭ്യമാകുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ജയിലുകൾ എന്ന XIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജയിലുകളിൽ സംഭവിക്കുന്നതായി പറയപ്പെടുന്ന അസ്വാഭാവിക മരണങ്ങൾ കണക്കിലെടുത്ത് കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തടവുകാർ തമ്മിലുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സി.സി.ടി.വി. സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിചാരണ തടവുകാരുടെ വിചാരണ വീഡിയോ കോൺഫറൻസ് വഴി നടത്തുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പരോൾ അനുവദിക്കുന്നതിൽ വിവേചനം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. മോൻസ് ജോസഫ്: സർ, ജയിലുകൾ എന്ന XIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,70,94,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ ഗസറ്റ് കൃത്യസമയത്ത് അച്ചടിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ ഗസറ്റ് മുടക്കം കൂടാതെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (അച്ചടി വകുപ്പിൽ ഇടുങ്ങിയ റോഡുകളിലൂടെ കടന്നു പോകുന്ന വാഹന-യന്ത്ര സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ പ്രസ്സ് നവീകരണത്തിനുള്ള ഫണ്ട് ശിഥിലമാക്കുകയും കലണ്ടർ റിമ്മിംഗ് അടക്കമുള്ള ജോലികൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ എല്ലാ രജിസ്റ്ററുകളും ഫോറങ്ങളും പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനായി സർക്കാർ പ്രസ്സുകളെ സജ്ജമാക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഡിപ്പാർട്ടുമെന്റ് ടെസ്റ്റിന് ആവശ്യമായ പുസ്തകങ്ങൾ നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലും വിതരണം ചെയ്യുന്നതിലും ഉണ്ടാകുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഹോം ഗാർഡുകൾക്ക് മെച്ചപ്പെട്ട വേതനം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് അഗ്നിബാധയുണ്ടാകുന്നത് തടയാനുള്ള സംവിധാനം പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (അഗ്നിശമനസേനയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഹരണപ്പെട്ട വാഹനങ്ങളും യന്ത്രങ്ങളും മാറ്റി പുതിയവ വാങ്ങുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി ബാലകൃഷ്ണൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 376,66,41,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ അഭിമാനപൂർവ്വം പിന്തുണയ്ക്കുകയാണ്. പോലീസ്, ജയിൽ തുടങ്ങിയ ആഭ്യന്തര വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ മേഖലകളും ഇന്ന് മികവിന്റെ നിറവിലാണെന്ന് നമുക്ക് എല്ലാവർക്കും അഭിമാനപൂർവ്വം ഈ ലോകത്ത് എവിടെയും പറയാവുന്ന സാഹചര്യം ഉയർന്നുവന്നിട്ടുണ്ട്. ഏറ്റവും അവസാനത്തെ ഉദാഹരണം, 17-ാം ലോക്സഭാ തെരഞ്ഞെടുപ്പിൽ മറ്റു പല സംസ്ഥാനങ്ങളിലും സംഘർഷങ്ങളും കൊലപാതകങ്ങളുമൊക്കെ നടന്നപ്പോൾ കേരളത്തിലെ തെരഞ്ഞെടുപ്പ് എത്രമാത്രം സമാധാനപരമായിട്ടാണ് നടന്നത്. കേരളാ പോലീസിന്റെ പ്രശംസനീയമായ വിധത്തിലുള്ള പ്രവർത്തനം അതിനകത്തുണ്ട്.

മി. സ്പീക്കർ: ഒരു കാര്യം പറയാം, ഇടപെട്ട് സംസാരിക്കുന്നതിന്റെ സമയം പ്രസംഗിക്കുന്ന ആൾക്ക് പോകും.

ശ്രീ. പി. സി. ജോർജ്: സർ, ഇലക്ഷൻ സമയത്ത് പോലീസിന്റെ പൂർണ്ണമായ അധികാരം ഇലക്ഷൻ കമ്മീഷന്റെ കൈവശമാണ്. അല്ലാതെ ഗവൺമെന്റിന്റെ കൈവശമല്ല. അതുകൊണ്ട് ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കേണ്ട കാര്യമില്ല, ഇലക്ഷൻ കമ്മീഷനെയാണ് പ്രശംസിക്കേണ്ടത്.

ശ്രീ. എ. പ്രദീപ്കുമാർ: ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും പോലീസിന്റെ അധികാരം ആ സമയത്ത് ഇലക്ഷൻ കമ്മീഷന്റെ കൈവശമാണ്. അവിടെയൊക്കെയാണ് കലാപവും സംഘർഷവും നടക്കുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി ഇലക്ഷൻ കമ്മീഷൻ ആഗ്രഹിക്കുന്ന നിലയിൽ പ്രവർത്തിക്കാൻ ശേഷിയും കാര്യക്ഷമതയും നീതിപൂർവ്വവുമായ പ്രവർത്തന ശൈലിയുമുള്ള പോലീസ് സംവിധാനത്തെ സംസ്ഥാനത്ത് വികസിപ്പിച്ചുവെന്നതാണ് ഈ സർക്കാരിന്റെ നേട്ടം. അത് നേരത്തെ ഉണ്ടായിരുന്നില്ല. മുൻ സർക്കാരിന്റെ കാലത്ത് കുറ്റവാളികൾക്ക് കാവൽ നിൽക്കുന്ന സമീപനമായിരുന്നു. അത് പോലീസ് സേനയുടെ കുഴപ്പമാണെന്ന് ഞാൻ പറയുന്നില്ല. പോലീസിനെക്കൊണ്ട് അത്തരം കാര്യങ്ങൾ ചെയ്യിപ്പിച്ച അനുഭവം ഈ നിയമസഭയിൽത്തന്നെ ചർച്ച ചെയ്തിട്ടുള്ളതാണ്. ക്രമസമാധാനപാലനത്തിന്റെ കാര്യത്തിൽ കേരള പോലീസ് കൈവരിച്ച നേട്ടം സാർവ്വദേശീയമായിപ്പോലും പ്രശംസിക്കപ്പെടുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ നിരവധി പ്രശംസയും പുരസ്കാരങ്ങളും സംസ്ഥാന പോലീസ് സേനയെത്തേടിയെത്തിയിട്ടുണ്ട്. വർഗ്ഗീയകലാപം ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുള്ളത് ഇന്ത്യയിലെ പൊതുവായ അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. മുൻ യു.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്താണ് മാറാട് സംഘർഷം ഉണ്ടായത്. അത് നമ്മുടെ കേരളത്തിന് ഏറ്റവും വലിയ അപമാനമുണ്ടായ കാലമായിരുന്നു. ആ സംഭവമൊക്കെ എങ്ങനെയാണ് ആ കാലത്ത് കൈകാര്യം ചെയ്തതെന്ന് നമുക്കറിയാം. പക്ഷെ ഇന്ന് അങ്ങനെ ഏതെങ്കിലും തരത്തിലുള്ള വർഗ്ഗീയവാദികൾക്ക് അരങ്ങൊരുക്കുന്ന സമീപനം സർക്കാരിന്റേയോ പോലീസിന്റേയോ ഭാഗത്തുനിന്നും ഉണ്ടാകാത്തതിന്റെ ഭാഗമായിട്ടാണ് ഈ പ്രശംസ ഉണ്ടായത്. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം എന്ന പ്രശംസയും നമുക്ക് ലഭിച്ചിട്ടുണ്ട്. സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ റിപ്പോർട്ടിലാണ് അത്തരമൊരു പരാമർശമുള്ളത്. അതിനല്പം മങ്ങലേൽപ്പിക്കുന്ന തരത്തിലുള്ള ചില കാര്യങ്ങൾ നിങ്ങളുടെ കാലത്തുണ്ടായതിന്റെ തുടർച്ചയായി വരുന്നതാണ്. ഇപ്പോൾ പാലാരിവട്ടം പാലം അഴിമതി കേരളം കണ്ടതാണ്. സോളാർ കുംഭകോണത്തിന്റെ അലയൊലികൾ ഇപ്പോഴും പൂർണ്ണമായും നിലച്ചിട്ടില്ല. ഇതൊക്കെ യു.ഡി.എഫ്.-ന്റെ കാലത്ത്

ചെയ്തുവച്ച കാര്യങ്ങളുടെ അലയൊലികളാണ്. പക്ഷെ കാളിദാസൻ പറഞ്ഞതുപോലെ ചന്ദ്രന്റെ പ്രഭയിൽ കളങ്കമെന്നോണം, ഈ അഴിമതിയുടെ ലാഞ്ചനകളെയൊക്കെ മറയ്ക്കുന്ന വിധത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളും പ്രതിഛായയും പ്രോജ്ജ്വലിച്ചുനിൽക്കുന്നുവെന്നതാണ് ഇന്നത്തെ പ്രത്യേകത. ക്രമസമാധാന പാലനത്തിന് ദേശീയതലത്തിൽ പ്രഖ്യാപിക്കപ്പെടുന്ന ഇന്ത്യാ ടുഡേയുടെ അവാർഡ് നമുക്ക് ഇപ്പോൾ കിട്ടിയിട്ടുണ്ട്. യു.എ.ഇ.-യുടെ 'ബെസ്റ്റ് എം-ഗവൺമെന്റ് സർവ്വീസ് അവാർഡ് കേരളാ പോലീസിന്റെ ട്രാഫിക്ക് വിഭാഗത്തിന് ലഭിച്ചു. പോലീസിന്റെ സൈബർ ഡോമിന് ഫിക്കിയുടെ സ്മാർട്ട് പോലീസിംഗിനുള്ള അവാർഡ് ലഭിച്ചു. ഇത് ആഭ്യന്തര വകുപ്പിന്റെ മികവുറ്റ പ്രവർത്തനത്തിന്റെ ഉത്തമ നിദർശനങ്ങളാണ്. ദേശീയതലത്തിലും സാർവ്വദേശീയ തലത്തിലും ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരത്തിന്റെ ഭാഗമായിട്ടാണ് ഇതെല്ലാം വന്നത്. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ നമ്മുടെ സമൂഹം പ്രതീക്ഷിക്കുന്ന വിധത്തിൽ പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും സേവന സജ്ജമാക്കുന്നതിനുമുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും അഭിമാനകരമായി തോന്നുന്നത്, പോലീസിൽ വനിതകൾക്കുള്ള പ്രാതിനിധ്യം പോലീസ് സേനയുടെ 25 ശതമാനമായി വർദ്ധിപ്പിക്കാൻ ഈ സർക്കാർ തീരുമാനിച്ചതും അതിന്റെ നടപടികൾക്ക് തുടക്കം കുറിച്ചതും റിക്രൂട്ട്മെന്റ് പ്രോസസ്സ് ഉൾപ്പെടെ ആരംഭിച്ചതുമാണ്. സ്ത്രീ ശാക്തീകരണം, ലിംഗസമത്വം എന്നീ കാര്യങ്ങളൊക്കെ നമ്മൾ കഴിഞ്ഞ കുറേക്കാലമായി പറഞ്ഞുവരികയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അത് പ്രഖ്യാപനം മാത്രമായിരുന്നു. ഈ സർക്കാർ അത് ഓരോന്നായി പ്രാവർത്തികമാക്കുകയാണ്. പോലീസ് സേനയിൽ വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനം പൂർത്തിയാക്കി 451 പുതിയ തസ്തികകൾ അതിനുവേണ്ടി സൃഷ്ടിച്ചു. എനിക്കൊരു അഭിപ്രായമുള്ളത്, പാലാരിവട്ടം കൊള്ളക്കാരെയൊക്കെ ഈ വനിതാ കമാൻഡോകൾക്ക് പരിശീലനത്തിനായി വിട്ടുകൊടുത്താൽ നന്നായിരിക്കും, അവരുടെ ആദ്യ പരിശീലനം അവിടെയാക്കുന്നതാണ് നല്ലത്. അതുപോലെ ട്രൈബൽ വിഭാഗത്തിൽ നിന്ന് 75 പേർക്ക് ഇപ്പോൾ പോലീസിൽ നിയമനം നൽകി. കേരളീയരെ വല്ലാതെ വേദനിപ്പിച്ച, അട്ടപ്പാടിയിൽ കൊല ചെയ്യപ്പെട്ട മധുവിന്റെ സഹോദരിക്കും അതിൽ നിയമനം കിട്ടി. വിവിധ മാധ്യമങ്ങളിൽ ആ വാർത്ത വലിയ പ്രാധാന്യത്തോടെ വന്നു. ഈ സർക്കാരിന്റെ സൂക്ഷ്മതയോടുകൂടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ആ സഹോദരിക്ക് അവിടെ നിയമനം കിട്ടിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് മാൻഹോളിൽ വീണ് മരിച്ച നൗഷാദിനെയാണ് ഞാൻ ഇപ്പോൾ ഓർക്കുന്നത്. അന്നത്തെ സർക്കാർ

നൗഷാദിന്റെ കുടുംബത്തെ സംരക്ഷിക്കുമെന്നും സർക്കാർ ജോലി കൊടുക്കുമെന്നും പറഞ്ഞു. പക്ഷെ ഒന്നും ഉണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് നൗഷാദിന്റെ ഭാര്യയ്ക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുത്തത്. നിങ്ങൾ നൽകിയ വാഗ്ദാനം പാലിച്ചത് ഞങ്ങളാണ്. അതുപോലെയുള്ള കാലവിളംബം ഈ സർക്കാരിന്റെ കാലത്തുണ്ടാകുന്നില്ല. ഓരോ കാര്യങ്ങളിലും അങ്ങേയറ്റത്തെ ജാഗ്രതയോടെ, സാമൂഹ്യ പ്രതിബദ്ധതയോടെ കാര്യങ്ങൾ ചെയ്തുവരുന്നുവെന്നതിന്റെ തെളിവാണിത്. ഇപ്പോൾ പല പോലീസ് സ്റ്റേഷനുകളിലും ആവശ്യത്തിന് ആളുകളില്ലെന്ന പരാതി നമ്മളെല്ലാവരും പലപ്പോഴും പറയാറുണ്ട്. ആ കുറവുകൾ പരിഹരിക്കുന്നതിന് പോലീസ് വകുപ്പിൽ 2691 സ്ഥിരം തസ്തികകളും 240- ഓളം താൽക്കാലിക തസ്തികകളും സൃഷ്ടിച്ചു. 1873 താൽക്കാലിക തസ്തികകൾ നിലവിലുള്ളത് തുടരാനുള്ള അനുമതി ഈ സർക്കാരിന്റെ കാലത്ത് നടത്തി. കേരളത്തിന്റെ വ്യവസായ സംരക്ഷണ സേനയിൽ 499 പുതിയ തസ്തികകൾ സൃഷ്ടിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിനുണ്ടെന്നുള്ളത് എല്ലാവർക്കുമറിയാം. അതിനിടയിലും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും ആഭ്യന്തര വകുപ്പിന്റെ ഭാഗമായി വരുന്ന പോലീസ് സേനയിലും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും ഒരു തരത്തിലുള്ള അലംഭാവവും ഈ സർക്കാർ കാണിച്ചിട്ടില്ല. പുതിയ 13 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ പ്രഖ്യാപിച്ചിരുന്നു. അതിൽ ആറെണ്ണം ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. 4 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ സംസ്ഥാനത്തെ 6 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 7 എണ്ണം ആരംഭിച്ചുവെങ്കിലും തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. നിങ്ങൾ മെഡിക്കൽ കോളേജ് ആരംഭിച്ചു, ജില്ലാ ആശുപത്രിയുടെ മുമ്പിൽ മെഡിക്കൽ കോളേജ് എന്ന ബോർഡ് വച്ചു, തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സംവിധാനങ്ങൾ ഒരുക്കുകയോ ചെയ്തില്ല. അതുപോലെതന്നെയാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചത്, അവിടെയും തസ്തികകൾ സൃഷ്ടിച്ചത് ഈ സർക്കാരാണ്. കൊച്ചി മെട്രോ വന്നപ്പോൾ അവിടെ വരുന്ന കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക പോലീസ് സ്റ്റേഷൻ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ 145 യൂണിറ്റുകൾ ആരംഭിച്ചു. യു.ഡി.എഫ്.-ന്റെ കാലത്തെ സ്ഥിതി എന്തായിരുന്നു? പല മേഖലകളിലും നിങ്ങൾ പ്രോത്സാഹിപ്പിച്ചതുപോലെ സെൽഫ് ഫൈനാൻസിംഗ് രീതിയായിരുന്നു. അവിടെയും പൈസ കൊടുത്ത് യൂണിറ്റുകൾ നടത്താൻ പറഞ്ഞു.

വേണമെങ്കിൽ നിങ്ങൾക്ക് എസ്.പി.സി. യൂണിറ്റ് തരാം, അത് സെൽഫ് ഫൈനാൻസിംഗാണ്, സർക്കാർ അതിന്റെ സാമ്പത്തിക ബാദ്ധ്യത വഹിക്കില്ല എന്നതായിരുന്നു യു.ഡി.എഫ്. സമീപനം. അതിൽ നിന്നും വ്യത്യസ്തമായി സ്കൂളുകളിലെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ 145 എസ്.പി.സി. യൂണിറ്റുകൾ ഈ സർക്കാർ ആരംഭിച്ചു. പോലീസ് സംവിധാനം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മുമ്പോട്ടുപോകുന്ന കാര്യത്തിൽ സർവ്വകാല റെക്കോർഡ് ഈ സർക്കാരിന്റെ കാലത്തുണ്ടായി. പോലീസ് സേനയിൽ ട്രാഫിക് സമ്പ്രദായത്തിലാണെങ്കിലും, പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ടാണെങ്കിലും ധാരാളം പുതിയ ടെക്നോളജികൾ ഏർപ്പെടുത്തി. സി.സി.ടി.വി. സംവിധാനം പുതിയതല്ലെങ്കിലും പോലീസ് സ്റ്റേഷനുകളിൽ സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ചുകൊണ്ട്, കുറ്റാന്വേഷണത്തിനും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും സഹായകരമാകുന്ന നിലയിൽ അതിന്റെ ശൃംഖല ഏതുകാലത്തുമുള്ളതിനേക്കാൾ വൻതോതിൽ വികസിപ്പിക്കാൻ സാധിച്ചു. അതുപോലെ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ ബോഡി വൺ ക്യാമറകൾ സ്ഥാപിച്ചു തുടങ്ങി. ഇങ്ങനെ സാങ്കേതികവിദ്യയുടെ സാധ്യതകളെ നന്നായി പ്രയോജനപ്പെടുത്തി പോലീസ് സേനയെ പരിഷ്ക്കരിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന് മറ്റേതൊരു സർക്കാരിനേക്കാളും മുമ്പോട്ടുപോകാൻ കഴിഞ്ഞു. ജയിൽ പരിഷ്കരണത്തിനായി 309 തസ്തികകൾ സൃഷ്ടിച്ചു. റിട്ടയേർഡ് ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായുള്ള ജയിൽ പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ ഈ സർക്കാർ ഫലപ്രദമായി നടപ്പിലാക്കിത്തുടങ്ങി. തടവുകാരുടെ മാനസിക പരിവർത്തനം സാധ്യമാക്കാനും ജയിൽവകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കാനുമുതകുന്ന വിധത്തിലുള്ള പദ്ധതികൾക്ക് തുടക്കമിട്ടു. സെൻട്രൽ ജയിലുകളും തുറന്ന ജയിലുകളും കേന്ദ്രീകരിച്ചുകൊണ്ട് പെട്രോൾ ബങ്കുകൾ തുടങ്ങുക എന്ന ആശയം പ്രാവർത്തികമായിക്കൊണ്ടിരിക്കുന്നു. ആധുനിക വർക്ക് ഷോപ്പുകൾ, വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് സേവനങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ സാധിക്കുന്നതോടൊപ്പം കുറ്റവാളികളെ കൂടുതൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരാനും ജയിൽ വകുപ്പിന് വരുമാനമുണ്ടാക്കാനും സാധിക്കുമെന്നത് കമ്മീഷന്റെ ശിപാർശയിൽ തന്നെ വന്നതാണ്. ജയിൽ വകുപ്പിൽത്തന്നെ കുപ്പിവെള്ളം വിതരണം ചെയ്യുന്ന സംവിധാനം ഉണ്ടാക്കി. പ്രസ്തുത പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്, തടവുകാർക്ക് സർട്ടിഫിക്കറ്റോടുകൂടിയ തൊഴിൽ പരിശീലനം നൽകുന്നു എന്നതാണ്. ജയിൽമോചിതരായ വനിതകൾക്ക് പുനരധിവാസം ഉറപ്പാക്കുന്ന

'പ്രതീക്ഷ' പദ്ധതി എടുത്തുപറയേണ്ടതാണ്. വനിതകളുടെ വിമോചനത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകുന്നതാണിത്. അഗ്നി സുരക്ഷാ വകുപ്പിൽ പോലും 100 പുതിയ തസ്തികകൾ സൃഷ്ടിച്ച് വനിതകളെ റിക്രൂട്ട് ചെയ്യുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. സമൂഹത്തിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന, കൈപിടിച്ചുയർത്തേണ്ട വിഭാഗങ്ങളെ പ്രാധാന്യം കൊടുക്കുന്ന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുമ്പോട്ടുപോകുന്നത്. കഴിഞ്ഞ ദിവസം സഭ തുടങ്ങിയതിന് ശേഷം പ്രതിപക്ഷത്തുനിന്നും പല അഭിപ്രായങ്ങളുമുണ്ടായി. പ്രധാനമായും പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ചുള്ള അഭിപ്രായ പ്രകടനങ്ങളായിരുന്നു. ഇത്തരത്തിലുള്ള മികവുറ്റ പ്രവർത്തനങ്ങൾ നടത്തുന്നതിനിടയിലും ഞങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിൽ പരാജയമുണ്ടായി. ആ ജനവിധിയെ ഞങ്ങൾ വിനയപൂർവ്വം അംഗീകരിക്കുന്നു, മാനിക്കുന്നു. പരാജയത്തിലേയ്ക്ക് നയിച്ച സാഹചര്യത്തെക്കുറിച്ചെല്ലാമുള്ള ഞങ്ങളുടെ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം സഭയിൽ വിശദീകരിച്ചുകഴിഞ്ഞു. ഞങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിൽ അവ ഞങ്ങൾ പരിശോധിക്കും, പരിഹരിക്കും, ജനാഭിലാഷം മാനിച്ചുകൊണ്ട് ഉണർന്ന് പ്രവർത്തിക്കും. ഈ സർക്കാർ തുടരുന്ന തത്വാധിഷ്ഠിതവും സത്യസന്ധവുമായിട്ടുള്ള നിലപാടുമായി ഞങ്ങൾ മുമ്പോട്ടു പോകുകതന്നെ ചെയ്യും. ഞങ്ങളുടെ പരാജയത്തെക്കുറിച്ച് നിങ്ങൾ വിശകലനം നടത്തിയല്ലോ. ദേശീയ തലത്തിൽ പരമദയനീയമായ പരാജയം കോൺഗ്രസിനുണ്ടായതിനെക്കുറിച്ച് നിങ്ങൾ വിശകലനം നടത്തിയിട്ടുണ്ടോ? കഴിഞ്ഞ 5 വർഷക്കാലത്തെ ബി.ജെ.പി.-യുടെ ഭരണം ഒരു ദുരന്തമായിരുന്നല്ലോ. ആ സർക്കാർ രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചു. കാർഷിക മേഖലയുടെ തകർച്ച, വർഗ്ഗീയത, അഴിമതി തുടങ്ങിയവയ്ക്കെതിരെ ദേശീയ തലത്തിൽ ശക്തമായ ഒരു നിലപാട് സ്വീകരിച്ച് ഒരു ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ; ഇതിനെക്കുറിച്ചെന്തെങ്കിലും എപ്പോഴെങ്കിലും പറയുന്നുണ്ടോ? ഏറ്റവുമൊടുവിൽ തെരഞ്ഞെടുപ്പ് വന്ന സമയത്തെങ്കിലും ഏതൊരു രാഷ്ട്രീയ കക്ഷിക്കും മുന്നണിക്കും തെരഞ്ഞെടുപ്പിൽ ഒരു ആയുധവും നിലപാടുമുണ്ടാകും. നിങ്ങളുടെ കയ്യിലുള്ള ആയുധത്തിന്റെ മുന സ്വയം കുത്തിയൊടിച്ച് നിങ്ങൾ പരാജയം സമ്മതിച്ചുകൊടുത്തു. അതാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വം. അദ്ദേഹം ഇവിടെ സ്ഥാനാർത്ഥിയായി വന്ന് ഒരു സീറ്റിൽ ജയിച്ചുകളയുമെന്ന ഭയം കൊണ്ടല്ല ഞങ്ങൾ അക്കാര്യത്തിൽ അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചത്. അദ്ദേഹം ഒരു സീറ്റിൽ ജയിച്ചതുകൊണ്ട് എന്താണ് കുഴപ്പം? അതല്ല പ്രശ്നം. നിങ്ങൾ ഒരു യുദ്ധം നയിക്കുമ്പോൾ ഞങ്ങൾക്കുമുണ്ടായിരുന്നു ഒരു പ്രതീക്ഷ. നിങ്ങളുടെ കയ്യിലുള്ള ആയുധത്തിന്റെ മുന സ്വയം കുത്തിയൊടിക്കുകയാണ്

നിങ്ങൾ ചെയ്തത്. നിങ്ങൾക്കിടയിൽത്തന്നെ അങ്ങനെയൊരു അഭിപ്രായം ഉണ്ടായല്ലോ, അതല്ലേ പരാജയത്തിലേയ്ക്ക് നയിച്ചത്, അതിൽ നിങ്ങളുടെ നിലപാടും മറുപടിയും പറയണം. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ പിടിപ്പുകേടുകൊണ്ടാണ് ലോക് സഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ദയനീയമായ പരാജയം നേരിടേണ്ടിവന്നത്. മികവിന്റെ നിറവിൽ അഭിമാനപൂർവ്വം എന്ന് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ പറഞ്ഞു. എന്റെ അഭിപ്രായത്തിൽ അദ്ദേഹം നല്ലൊരു എം.എൽ.എ.-യാണ്. സ്വന്തം മണ്ഡലത്തിൽ വികസനത്തിനായി ധാരാളം കാര്യങ്ങൾ ചെയ്തയാളാണ്. അദ്ദേഹം മത്സരിച്ച കോഴിക്കോട് പാർലമെന്റ് സീറ്റിൽ അദ്ദേഹത്തിന്റെ നിയമസഭാ മണ്ഡലത്തിൽപ്പോലും ദയനീയമായി പരാജയപ്പെട്ടുവെന്നത് കാണാതെ പോകരുത്. ഇത് മികവിന്റെ നിറവുകൊണ്ടാണോ? എൽ.ഡി.എഫ്.-ന്റെ മൂന്ന് എം.എൽ.എ.-മാരിൽ ശ്രീ. എ. എം. ആരിഫ് ജയിച്ചെങ്കിലും അരൂരിൽ പുറകോട്ടുപോയി. ശ്രീമതി വീണാ ജോർജ്ജ് പരാജയപ്പെടുകയും സ്വന്തം മണ്ഡലത്തിൽ പുറകോട്ടു പോകുകയും ചെയ്തു. ഇതൊന്നും കാണാതെ നിങ്ങൾ വെറുതെ വാചകമടിക്കരുത്. ഇന്നത്തെ പത്രങ്ങളിൽ നേട്ടങ്ങളുടെ വലിയൊരു പട്ടികയുണ്ട്. മിതമായ ഭാഷയിൽ പറഞ്ഞാൽ ജനങ്ങൾക്ക് ബോധ്യം വരാത്ത, ജനങ്ങൾക്ക് അനുഭവവേദ്യമാകാത്ത, ജനങ്ങൾ വിശ്വസിക്കാത്ത നേട്ടമാണ് ആ പട്ടികയിലുള്ളത്. സമൂഹമാധ്യമങ്ങളിൽ ലോക്സഭാ ഇലക്ഷൻ കഴിഞ്ഞപ്പോൾ സന്ദേശം സിനിമയുടെ ഒരു എക്സ്ട്രാക്റ്റ് വന്നു. സത്യൻ അന്തിക്കാടിന്റെ ആ സിനിമയിൽ ശ്രീനിവാസൻ ബോബി കൊട്ടാരക്കരയോട് ചോദിക്കുകയാണ്, "സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ലല്ലോ നമ്മുടെ പരാജയം, എന്താ ഉത്തമാ, നമ്മളോട് ജനങ്ങൾ ഇങ്ങനെ പെരുമാറിയത്? നമ്മുടെ ഗവൺമെന്റ് എന്തെല്ലാം നല്ലകാര്യങ്ങൾ ജനങ്ങൾക്കുവേണ്ടി ചെയ്തു" എന്ന്. അപ്പോൾ ഉത്തമൻ പറഞ്ഞത് മുഖ്യമന്ത്രി കേൾക്കണം, "നമ്മൾ ചെയ്തത് കൂടുതലും വാഗ്ദാനങ്ങളായിരുന്നു" എന്നാണ്. നിങ്ങൾ വാഗ്ദാനങ്ങൾ നടത്തി, നിങ്ങളുടെ പ്രകടനത്തിന്റെ വിലയിരുത്തലായിരുന്നു ഈ ലോക്സഭാ തെരഞ്ഞെടുപ്പെന്നത് നിങ്ങൾ കാണാതെ പോകരുത്.

1.00 P.m.]

ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ വലിയ ന്യായങ്ങളൊക്കെ പറഞ്ഞല്ലോ, അതിനെല്ലാം മറുപടി ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പിലെ പരാജയം സി.പി.ഐ. (എം.) അന്വേഷിക്കണമെന്നും വെറുതെ ന്യായം കണ്ടെത്തുന്നതിലേയ്ക്ക് അത് പരിമിതപ്പെടരുതെന്നും ശ്രീ. വി. എസ്.

അച്യുതാനന്ദൻ പാർട്ടി കേന്ദ്ര കമ്മിറ്റിക്ക് കത്തയച്ചിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയെ പേടിച്ച് ഞങ്ങളെ തെറ്റിദ്ധരിപ്പിച്ചു, എല്ലാവരും അങ്ങോട്ട് മാറി വോട്ട് ചെയ്തു എന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. മോദിപേടി മാത്രമല്ല, പിണറായി പേടിയും ഈ പരാജയത്തിന് കാരണമാണ്. ഇന്ന് കേരളത്തിലെ പോലീസ് സി.പി.ഐ. (എം.)-ന്റെ കളിപ്പാവയാണ് ആജ്ഞാനുവർത്തിയാണ്. സി.പി.ഐ. (എം.)-ന്റെ 'ബി' ടീമായി പോലീസ് മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലയിലെ കല്ലിയോട് അവസാനമുണ്ടായ രണ്ട് കൊലപാതകങ്ങൾ എല്ലാവർക്കും അറിയാവുന്നതാണല്ലോ. 36 മാസം കഴിഞ്ഞപ്പോൾ 31 രാഷ്ട്രീയ കൊലപാതകങ്ങളാണ്. സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് ഇന്ന് വൈകിട്ട് മുഖ്യമന്ത്രി അവതരിപ്പിക്കുമ്പോൾ ഈ 31 രാഷ്ട്രീയ കൊലപാതകങ്ങളുടെ കാരണം എന്താണെന്നുള്ളത് പറയണം. അന്വേഷണം എവിടെ പോയി? ടി. പി. ചന്ദ്രശേഖരന്റെയും തളിപ്പറമ്പിലെ അരിയിൽ ഷുക്കൂറിന്റെയും മട്ടന്നൂരിലെ ഷുഹൈബിന്റെയും കല്ലിയോട് കൃപേഷിന്റെയും ശരത് ലാലിന്റെയും കൊലപാതകങ്ങളിൽ സി.പി.ഐ. (എം.)-ന് യാതൊരു പങ്കുമില്ലെന്ന് ഈ കൊലപാതകമുണ്ടായപ്പോഴൊക്കെ നിങ്ങൾ പറഞ്ഞു. ഏത് കൊലപാതകമുണ്ടായാലും നിങ്ങൾ ആദ്യം പ്രസ്താവന ഇറക്കും, പിന്നീട് പറയും പങ്കുണ്ടെങ്കിൽ പുറത്താക്കുമെന്ന്. എന്തുകൊണ്ട് നിങ്ങൾ ഈ പ്രസ്താവന ഇറക്കുന്നു; പങ്കില്ലെന്ന് സി.പി.ഐ. പറയുന്നില്ലല്ലോ? നിങ്ങൾക്ക് കുറ്റബോധമുണ്ട്. കേസന്വേഷണം മുന്നോട്ടുപോകുമ്പോൾ പ്രതിയാകുന്നതെല്ലാം സി.പി.ഐ. (എം.) നേതാക്കൻമാരാണ്. നിങ്ങൾ അരിയിൽ ഷുക്കൂറിന്റെ കൊലക്കേസിൽ സംശയിക്കപ്പെടുന്ന നേതാവിനെ സ്ഥാനാർത്ഥിയാക്കി പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങളെ വെല്ലുവിളിച്ചു. ജനങ്ങൾ ആ വെല്ലുവിളി സ്വീകരിച്ചു, ദയനീയപരാജയം ഏറ്റുവാങ്ങേണ്ടിവന്നു. നിങ്ങളത് മറികടന്നുപോകരുത്. കല്ലിയോട് കൊലപാതകമുണ്ടായിക്കഴിഞ്ഞ് 19-ാം തീയതി മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു, അദ്ദേഹം ചോദിക്കുന്നത് പാർട്ടി ജാഥ നടക്കുമ്പോൾ കൊല നടത്തുമോ എന്നാണ്. അദ്ദേഹം പറഞ്ഞത്, ഇടതുമുന്നണിയുടെ രണ്ട് ജാഥകൾ നടക്കുകയാണ്, കാസർഗോഡ് ജില്ലയിൽ ജാഥ നടക്കുമ്പോൾ രാഷ്ട്രീയത്തിന്റെ ആദ്യാക്ഷരമറിയുന്നവരാരും ഇത് ചെയ്യില്ലെന്നാണ്. അങ്ങ് അന്വേഷിക്കണം, ജാഥയുടെ പേരിൽ അങ്ങ് ഇതിനെ മൂടിവയ്ക്കാൻ ശ്രമിച്ചു. ആരൊക്കെയാണ് കല്ലിയോട് കേസിലെ പ്രതികൾ; 13-ാം പ്രതി സി.പി.ഐ. (എം.) പെരിയ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. എൻ. ബാലകൃഷ്ണൻ, 14-ാം പ്രതി ഉദുമ ഏരിയ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. മണികണ്ഠൻ. 14 പ്രതികളും സി.പി.ഐ. (എം.) ബന്ധമുള്ള ആളുകൾ. നിങ്ങളുടെ വാദങ്ങൾ ആരെങ്കിലും വിശ്വസിക്കുമോ; രാഷ്ട്രീയ സംഘർഷമുണ്ടാകുമ്പോൾ കൊലപാതകം ഉണ്ടാകുമോ;

ചിലപ്പോൾ വികാരങ്ങളെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കില്ല. ടി. പി. ചന്ദ്രശേഖരന്റെയും അരിയിൽ ഷുക്കൂറിന്റെയും ഷുഹൈബിന്റെയും കൃപേഷിന്റെയും ശരത് ലാലിന്റെയും കൊലപാതകങ്ങൾ സംഘർഷംമൂലം ഉണ്ടായതല്ല, meticulously planned cold blooded murder ആണ്. അവരെ കൊല്ലാൻ തീരുമാനിക്കുകയും അതിനുവേണ്ടി അജണ്ടയുണ്ടാക്കി, പദ്ധതിയുണ്ടാക്കി ക്വട്ടേഷൻ സംഘത്തെ ഏർപ്പാടാക്കി, ഭരണത്തിന്റെ മറവിലും അഹന്തയിലും നിങ്ങൾ കൊലപാതകങ്ങൾ നടപ്പിലാക്കി. അത് നിങ്ങൾക്കെതിരെ തിരിഞ്ഞുകുത്തുമെന്നതിന് യാതൊരു സംശയവും വേണ്ട. അവസാനം സി. ഒ. ടി. നസീറിന്റെ ആക്രമണം. ഈ കൊലക്കേസ്സുകൾ യാദൃശ്ചികമാണോ; വികാരപരമാണോ; അങ്ങ് അന്വേഷിക്കണം, ഇതിന്റെയെല്ലാം പിന്നിൽ ഒരു conspiracy ഉണ്ട്. അത് നിങ്ങൾ മൂടിവയ്ക്കാൻ ശ്രമിക്കേണ്ട. അന്വേഷണങ്ങൾ ആ conspiracy-യിലേയ്ക്ക് പോകുമ്പോൾ നിങ്ങൾ അന്വേഷണം അട്ടിമറിക്കുന്നു. സി.പി.ഐ. (എം.)-ന് പങ്കില്ലെന്ന് നിങ്ങൾ പറയുന്നു. പക്ഷെ പിന്നീട് പ്രതികൾക്ക് നിയമസഹായം, പ്രതികളുടെ കുടുംബത്തിന് സാമ്പത്തിക സഹായം, ബന്ധുക്കൾക്ക് ജോലി, ഇതെല്ലാം കൊടുത്ത് ക്വട്ടേഷൻ സംഘത്തേയും കൊലയാളികളേയും സംരക്ഷിക്കുന്ന രാഷ്ട്രീയ സമീപനം നിർത്താത്തിടത്തോളം കാലം കേരളം രക്ഷപ്പെടാൻ പോകുന്നില്ല. 'കടക്ക് പുറത്ത് ' എന്ന് അങ്ങ് മാധ്യമങ്ങളോട് പറഞ്ഞല്ലോ; അങ്ങ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉന്നതനായ നേതാവാണ്. 'അവസാനിപ്പിക്കു കൊലപാതകം' എന്നൊരു വാക്ക് അങ്ങ് പറഞ്ഞാൽ മതി, ആ സെക്കന്റിൽ അവസാനിക്കും. പക്ഷെ അങ്ങ് പറയാൻ തയ്യാറല്ല. കല്ലിയോട് കൊലക്കേസിൽ അന്വേഷണമുണ്ടായി, അന്വേഷണം സി.പി.ഐ.(എം.) നേതാക്കളിലേയ്ക്ക് പോയി. ആരുടെയും പേരൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ മുന്നോട്ട് പോയപ്പോൾ അന്വേഷണ സംഘത്തെ മൂന്ന് വട്ടം മാറ്റി. അന്വേഷണ സംഘത്തലവൻ ശ്രീ. മുഹമ്മദ് റഫീഖ് തെറിച്ചു. മാറ്റിയത് ഉന്നതർ കുടുങ്ങുമെന്ന് കണ്ടാണെന്ന് പറയുന്നു. പെരിയയിലെ ഇരട്ടകൊലപാതകത്തിലെ പ്രതികളെ കുടുക്കിയ ഡിവൈ.എസ്.പി.-യെ തെറിപ്പിച്ചു. പെരിയയിലെ ഇരട്ടകൊലക്കേസ് അന്വേഷണ സംഘത്തെ പൊളിച്ചുപണിതു. നാല് മാസക്കാലത്തിനുള്ളിൽ നാല് തവണ ആ സംഘത്തെ മാറ്റി. ആ സംഘം അന്വേഷിച്ച് മുന്നോട്ടുപോയാൽ conspiracy angle പുറത്തുവരും. നിങ്ങൾ പ്രതികളാകും. അതൊഴിവാക്കാൻ വേണ്ടി അന്വേഷണ സംഘത്തെ അട്ടിമറിച്ചു. അപ്പോൾ നേട്ടമുണ്ടായി, എന്താണ് നേട്ടമുണ്ടായത്; സി.പി.ഐ. (എം.)-ന് യാതൊരു പങ്കുമില്ലെന്നാണ് ഇപ്പോൾ അന്വേഷണസംഘം പറയുന്നത്. ക്രൈംബ്രാഞ്ചിന്റെ റിപ്പോർട്ടാണ്. പെരിയ ഇരട്ടക്കൊലയ്ക്ക് കാരണം

വ്യക്തിപരമാണ്. പെരിയ കൊലക്കേസിലെ സാക്ഷികൾ ആരാണ്; 16 സാക്ഷികൾ സി.പി.ഐ. (എം.)-കാരാണ്. സി.പി.ഐ. (എം.)-പ്രതി, സി.പി.ഐ. (എം.) സാക്ഷി. 'ഞാൻ കണ്ടില്ല, ഞാൻ കേട്ടില്ല 'എന്ന് സാക്ഷി പറയുന്നു. ഈ കുറ്റപത്രവുമായി കോടതിയിലേയ്ക്ക് പോയാൽ കോടതിയിൽ ഈ കേസ് നിൽക്കില്ല, പ്രതികൾ രക്ഷപ്പെട്ട് പോകും. നിങ്ങൾ ബോധപൂർവ്വം അന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നു. പ്രതികൾക്ക് തുടർച്ചയായി പരോൾ നൽകുന്നു. ടി. പി. കേസിൽ കുഞ്ഞനന്തന് തുടർച്ചയായി പരോൾ, ജയിൽ സുഖവാസവും മറ്റെല്ലാ സൗകര്യങ്ങളുമുണ്ട്. ഈ സമീപനം സി.പി.ഐ. (എം.)-തിരുത്താതെ ഈ കൊലപാതകങ്ങൾ അവസാനിക്കില്ല. അവസാനമായി ഒരു കാര്യം കൂടി പറയാം; സി. ഒ. ടി. നസീർ വധശ്രമ കേസിലെ പ്രതികളാരാണ്; ഇന്നലെ സി.സി.ടി.വി. ദൃശ്യങ്ങൾ ഏഷ്യാനെറ്റും മനോരമ ചാനലും കാണിച്ചു. ഇന്ന് മലയാള മനോരമയിലെ പ്രധാന വാർത്ത- 'സി. ഒ. ടി. നസീർ വധശ്രമ ദൃശ്യങ്ങൾ പുറത്ത്, പിന്തുടർന്ന് വെട്ടി, ബൈക്ക് കയറ്റി' എന്നാണ്. അവിടെയും നിങ്ങൾ അന്വേഷണ സംഘത്തെ മാറ്റി. എസ്. ഐ. ശ്രീ. സജീഷിനെ മാറ്റി, ശ്രീ. വിശ്വംഭരനെ ചുമതലയേൽപ്പിച്ചു. അവിടെയും നിങ്ങൾ അന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നു. മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം, സി. ഒ. ടി. നസീർ കൊടുത്ത മൊഴിയിൽ ഈ സംഭവത്തിനു പിന്നിൽ ഈ സഭയിലെ ഒരംഗത്തിന്റെ പേരുണ്ട്. ആ പേര് വന്നപ്പോൾ അതിന്റെ പേരിൽ മാത്രം അന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നു. ഡി.വൈ.എഫ്.ഐ.-യുടെ പഴയ സഖാവാണ് സി. ഒ. ടി. നസീർ. കഴിഞ്ഞ ഞായറാഴ്ച സി. ഒ. ടി. നസീറിന്റെ മൊഴിയെടുത്തു. മൊഴി എടുത്തുകഴിഞ്ഞാൽ അത് വായിച്ചു കേൾപ്പിക്കണം. മൊഴിവായിച്ചു കേട്ടു, ഒപ്പിട്ടു വാങ്ങിക്കുന്നു. സി. ഒ. ടി. നസീറിന്റെ മൊഴിയെടുത്ത് ഒൻപത് ദിവസമായിട്ടും മൊഴിപകർപ്പ് കൊടുക്കുന്നില്ല. മൊഴി വായിച്ച് കേൾപ്പിച്ചില്ല, ഒപ്പിട്ട് വാങ്ങിച്ചില്ല. എന്താണ് കാരണം? ആ മൊഴിയിൽ സി. ഒ. ടി. നസീർ പറഞ്ഞത്, "ഈ സംഭവത്തിൽ ഒരു എം.എൽ.എ.-യ്ക്ക് പങ്കുണ്ട് " എന്നാണ്. ആ പങ്ക് പുറത്ത് പറയാതിരിക്കാൻ നിങ്ങൾ ബോധപൂർവ്വം അന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നു. അങ്ങ് വിചാരിച്ചാൽ കേരളം രക്ഷപ്പെടുമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് പവർഫുള്ളാണ്. സി.പി.ഐ. (എം.) അങ്ങയുടെ ചൊൽപ്പടിക്ക് നിൽക്കും. കേരളത്തിന് ഇനി മോചനമുണ്ടാകണ മെങ്കിൽ ദയവായി അന്ധമായ രാഷ്ട്രീയം മാറ്റിവച്ചുകൊണ്ട് ഈ നാട്ടിലെ രാഷ്ട്രീയകൊലപാതകത്തിന് അവസാനമുണ്ടാകണം. പരാജയപ്പെട്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. മുഖ്യമന്ത്രി പറഞ്ഞു, ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുമെന്ന് പറഞ്ഞ് ഞങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു എന്ന്. ഞങ്ങൾ വേറെ

എന്തുപറയണം; ശ്രീ. പ്രകാശ് കാരാട്ട് ആകുമെന്ന് പറയണമോ? ഒരു കാര്യം മനസ്സിലാക്കണം, ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും പോയി ക്യാമ്പയിൻ നടത്തിയ ഏക നേതാവ് ശ്രീ. രാഹുൽ ഗാന്ധി മാത്രമാണ്. ഞാൻ വേറൊരു കാര്യം കൂടി പറയട്ടെ; പശ്ചിമബംഗാളിൽ അങ്ങയുടെ സഖാക്കൾ തൃണമൂലിന്റേയും, ബി.ജെ.പി.-യുടേയും ചവിട്ടും കുത്തുമേറ്റ് മത്സരിച്ചു. അങ്ങ് ഇന്ത്യയിലെ ഏക surviving left chief minister ആണ്. അങ്ങ് ബംഗാളിലേയ്ക്ക് പോയില്ല, നെതർലാന്റിലേയ്ക്കും ലണ്ടനിലേയ്ക്കും സുഖവാസത്തിന് പോയി. കോയമ്പത്തൂരിൽ സി.പി.ഐ. (എം.)-ന്റെ മൂന്ന് ലോക്സഭാ എം.പി.-മാരിൽ രണ്ട് പേർ തമിഴ്നാട്ടിലുള്ളവരാണ്, എങ്ങനെ ജയിച്ചു; കോൺഗ്രസ്സ് കൊടി കൂട്ടിക്കെട്ടി ജയിച്ചു, കോൺഗ്രസ്സിന്റെ സഹായമുണ്ടായി. ശ്രീ. രാഹുൽ ഗാന്ധി അവിടെ പോയി; മധുരയിൽ ശ്രീ. വെങ്കിടേശനും കോയമ്പത്തൂരിൽ ശ്രീ. നടരാജനും ജയിച്ചു. രണ്ട് സീറ്റിലും ശ്രീ. രാഹുൽ ഗാന്ധി പോയി, പക്ഷെ ശ്രീ. പിണറായി വിജയൻ പോയില്ല. എന്തുകൊണ്ട്? അവിടെ കോൺഗ്രസ്സിന്റെ കൊടി സി.പി.ഐ. (എം.)-ന്റെ കൊടിയുടെ കൂടെയുള്ളതുകൊണ്ടാണ്. ഇത് നിർഭാഗ്യമാണ്. ബി.ജെ.പി.-യുടെ അപകടം മനസ്സിലാക്കുന്നുവെങ്കിൽ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങൾ പറയുന്നതുപോലെ, ബി.ജെ.പി.-യെ നേരിടാൻ നിങ്ങൾക്ക് സാധിക്കില്ല. നിങ്ങൾ ലിമിറ്റഡാണ്. ത്രിപുര പോയി, ബംഗാൾ പോകുന്നു, അതുകൊണ്ട് കോൺഗ്രസ്സാണ് ഇന്ത്യയിൽ ബി.ജെ.പി.-യെ നേരിടുന്നത്. ആ യാഥാർത്ഥ്യം മനസ്സിലാക്കാൻ നിങ്ങൾ തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിലെ സി.പി.ഐ.(എം.)-ന്റെ ഭാവി ബംഗാളിന്റേയും തൃപുരയുടേയും അവസ്ഥയാകുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്)

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. സി. ജോസഫ് ലോക് സഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുണ്ടായ വിജയം സംബന്ധിച്ച് വളരെ ഹരം കൊണ്ട് സംസാരിച്ചു. ഇപ്രാവശ്യത്തെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസ് കൂടുതൽ സീറ്റുകൾ നേടിയെങ്കിലും സംസ്ഥാന ഭരണത്തിനെതിരായി കാര്യമായ വിമർശനങ്ങളൊന്നും ഉയർത്താൻ കഴിയാത്ത ഒരു തെരഞ്ഞെടുപ്പാ യിരുന്നുവെന്ന് നിഷ്പക്ഷ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ആളുകൾക്കെല്ലാമറിയാം. സീറ്റിന്റെ കാര്യത്തിൽ കോൺഗ്രസുകാർ പിന്നോട്ടൊന്ന് ആലോചിക്കണ്ടേ. നാനൂറ് സീറ്റുകളിൽക്കൂടുതൽ കിട്ടിയിരുന്ന, എം.പി.-മാരുണ്ടായിരുന്ന കോൺഗ്രസിന്റെ

ഇപ്പോഴത്തെ സ്ഥിതി എന്താണ്? 52 -53 സീറ്റിലാണ് നിൽക്കുന്നത്. ഒരുപക്ഷേ, കേരള നിയമസഭയിലോ തൊട്ടടുത്ത ഒന്നോ രണ്ടോ സംസ്ഥാനങ്ങളിലോ ഉള്ളതിനപ്പുറം എന്ത് മെച്ചമാണ് കോൺഗ്രസ്സിന് പ്രത്യേകിച്ച് പറയാനുള്ളത്? ഇപ്പോൾ ലോക് സഭാ സ്ഥാനാർത്ഥി മത്സരിക്കുന്നതുപോലെയാണോ അസംബ്ലിയിൽ മത്സരിക്കുന്നത്. ഇതൊക്കെ മറച്ചുവച്ച് പറഞ്ഞിട്ട് കാര്യമുണ്ടോ? ആറ് മാസം കഴിയുമ്പോൾ ഈ നിയമസഭയിൽത്തന്നെ നമുക്ക് വലിയ താമസമില്ലാതെ തിരിച്ച് വർത്തമാനം പറയാനുള്ള സമയം ഇടതുപക്ഷ ജനാധിപത്യ മുന്നണി സൃഷ്ടിക്കും; അക്കാര്യത്തിൽ സംശയമില്ല. ക്രമസമാധാന പരിപാലനത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അത് എല്ലാ മലയാളികൾക്കും അറിയാവുന്നതാണ്. മാത്രമല്ല, ഇപ്പോൾ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തിയിരിക്കുകയാണ്. 2019 മേയ് 15, ബുധനാഴ്ച 74 ആദിവാസികളെ പോലീസ് സേനയുടെ ഭാഗമാക്കി പുതുചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് കേരള പോലീസ്. ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട മധുവിന്റെ സഹോദരി ചന്ദ്രിക ഇന്ന് കേരള പോലീസിൽ അംഗമാണെന്നുള്ളത് കക്ഷി രാഷ്ട്രീയത്തിനതീതമായി നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാണ്. വനിതകളുടെ അനുപാതം സംബന്ധിച്ച് ഇവിടെ നേരത്തേ സൂചിപ്പിക്കുകയുണ്ടായി. വനിതകളുടെ അനുപാതം 25 ശതമാനമാക്കി ഉയർത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ ഇപ്പോൾ മുന്നോട്ടുവയ്ക്കുന്നത്. 15 ശതമാനം ആക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണെന്നാണ് അറിയാൻ കഴിയുന്നത്. ഇതിന്റെ പ്രാഥമിക നടപടിയെന്ന നിലയിൽ പ്രത്യേക റിക്രൂട്ട്മെന്റ് വഴി വനിതാ ബറ്റാലിയൻ കമാൻഡോ അടക്കമുള്ള പ്രഥമ ബാച്ച് പോലീസ് സേനയുടെ ഭാഗമായി. 44 കമാൻഡോ, 578 വനിതാ പോലീസ് ഉൾപ്പെടെയുള്ളവർ ഇപ്പോൾ സേനയിൽ പ്രവേശിച്ചുകഴിഞ്ഞു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഈ സർക്കാരിന്റെ അചഞ്ചലമായ ദിശാബോധമാണ്. സ്ത്രീകളുടെയും ആദിവാസി വിഭാഗങ്ങളുടെയും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് വീണ്ടും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഇടതുപക്ഷ സർക്കാർ അധികാരമേറ്റതുമുതൽ പോലീസ് സ്റ്റേഷനുകളുടെ മുഖച്ഛായ മാറ്റുന്നതിനുള്ള തീവ്രമായ ശ്രമങ്ങൾ നടന്നുവരുന്നു. ഇപ്പോൾ പോലീസ് സ്റ്റേഷനെക്കുറിച്ചുള്ള മനോഭാവത്തിൽ എത്രയോ മാറ്റം വന്നിരിക്കുന്നു. ജനങ്ങൾക്ക് ആശ്രയിക്കാൻ പറ്റിയ ഇടമായി പോലീസ് സ്റ്റേഷൻ മാറുകയാണ്. അടിമുടി മാറിയിരിക്കുന്ന കേരള പോലീസ് നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ്. അതുകൊണ്ടുതന്നെയാണ് നിരവധി അവാർഡുകൾ ഉൾപ്പെടെ കേരള പോലീസിനെ

തേടിവരുന്നത്. സമൂഹ മാധ്യമങ്ങളിലെ ചർച്ചകളിൽ കേരള പോലീസ് അങ്ങേയറ്റം ശ്രദ്ധയാണ് ഇപ്പോൾ പിടിച്ചുപറ്റുന്നത്. ഇന്ത്യയിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ ഫെയ്സ്ബുക്ക് പേജുകളിൽ ബാംഗ്ലൂർ മെട്രോപൊളിറ്റൻ പോലീസിന്റെ പേജാണ് ഏറ്റവും മുമ്പിലായിരുന്നത്. അതിനെയെല്ലാം പിന്നിലാക്കി ഇപ്പോൾ കേരള പോലീസിന്റെ പേജാണ് ഏറ്റവും കൂടുതൽ ആളുകൾ ലൈക്ക് ചെയ്യുന്ന പേജായി മാറിയിരിക്കുന്നത്. ഈ പേജിൽ വരുന്ന കമന്റുകൾക്ക് നൽകുന്ന മറുപടികൾ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ വൈറലായി വന്നുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ പ്രധാനപ്പെട്ട മറ്റൊരു ചുവടുവയ്പായിരുന്നു സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്ന പുതിയ പദ്ധതി. പരിചയസമ്പന്നരായ സർക്കിൾ ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.മാരായി വന്നതോടുകൂടി പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതവും കാര്യക്ഷമവുമായി തീർന്നിരിക്കുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ പോലീസിന്റെ ആധുനികവൽക്കരണത്തിനുവേണ്ടി 199 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ഇതിനുപുറമെ, 24 കോടി രൂപയുടെ സംസ്ഥാന സർക്കാർ വിഹിതമടക്കം 60 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പോലീസ് നവീകരണത്തിനായി നീക്കിവച്ചിരിക്കുന്നതായി അറിയുന്നു. ഇതുകൂടാതെ ജയിൽ നവീകരണത്തിനായി 16 കോടി രൂപയും തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 10 കോടി രൂപയും മാറ്റി വച്ചിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്തെ ജനവിരുദ്ധ പോലീസ് ഇപ്പോൾ അക്ഷരാർത്ഥത്തിൽ മാറിയിരിക്കുകയാണ്. ജനമൈത്രി പോലീസ് എന്ന വാക്കിനോട് നീതി പുലർത്തുന്ന വിധത്തിലുള്ള മാറ്റം ദൃശ്യമാണ്. ഇതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ഇടതുപക്ഷ സർക്കാരിനെയും ആത്മാർത്ഥമായി അഭിനന്ദിക്കേണ്ട സാഹചര്യമാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളത്. ഇതിനിടയിലും ചില പോലീസ് ഉദ്യോഗസ്ഥർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ കടമെടുത്താൽ, പുഴക്കുത്ത് പോലെ പ്രവർത്തിക്കുന്നുണ്ട്. അത്തരത്തിലുള്ളവരെ കർശന നടപടിക്ക് വിധേയമാക്കിയതും ഈ സർക്കാരാണെന്ന കാര്യം ആരും വിസ്മരിക്കരുത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പോലീസ് സേനയിലുണ്ടായ ദാസ്യപ്പണി, സമൂഹം ഒന്നായി ചർച്ച ചെയ്തതാണ്. മൂന്നാംമുറ ഇപ്പോൾ അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. അനാവശ്യമായ വർക്കിംഗ് അറേഞ്ച്മെന്റ് ഇല്ലാതായിരിക്കുന്നു. പ്രൊഫഷണലായും വ്യക്തിപരമായും പോലീസ് ഉദ്യോഗസ്ഥർ എങ്ങനെ മാതൃകയാകണമെന്ന് കർക്കശമായ നിർദ്ദേശം കൊടുക്കുന്നതിൽ മുഖ്യമന്ത്രി വിജയിച്ചിരിക്കുന്നുവെന്ന്

നമുക്ക് കാണാൻ കഴിയും. ഇക്കാര്യങ്ങളെല്ലാം പറയുന്നതിനുവേണ്ടി റെയിഞ്ച് അടിസ്ഥാനത്തിൽ, എസ്.ഐ. തുടങ്ങി മുകളിലുള്ള മുഴുവൻ ഉദ്യോഗസ്ഥരുടെ യോഗത്തിലും മുഖ്യമന്ത്രി തന്നെ നേരിട്ട് സംസാരിക്കുന്ന സ്ഥിതി വന്നിരിക്കുന്നതായി കാണാൻ കഴിയും. സൈബർ ഫോറൻസിക്, വിവിധ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ, സൈബർ കുറ്റാന്വേഷണം, നിയമസഹായം, വിവിധ പദ്ധതികളുടെ നടത്തിപ്പ് തുടങ്ങിയ സാങ്കേതിക-പ്രൊഫഷണൽ വൈദഗ്ദ്ധ്യംവേണ്ട ജോലികളിൽ സാങ്കേതിക- പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കാനുമുള്ള തീരുമാനം പോലീസ് സേനയുടെ ഈ മേഖലയിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുമെന്നാണ് പൊതുവെ കരുതുന്നത്. "മൃദു ഭാവെ, ദൃഢ കൃത്യെ" എന്നതാണ് കേരളാ പോലീസിന്റെ ആപ്തവാക്യമായി അംഗീകരിച്ചിരിക്കുന്നത്. അതായത്, 'മൃദുവായ പെരുമാറ്റം, ദൃഢമായ കർമ്മങ്ങൾ' ചെയ്യുക എന്നത്. ഇപ്പോൾ കേരള പോലീസിന് ഈ ആപ്തവാക്യം ഏറ്റവും അനുയോജ്യമായി തീർന്നിരിക്കുകയാണ്. കേരളത്തിൽ സമീപകാലത്തുണ്ടായ പ്രളയം ഉൾപ്പെടെയുള്ള നിരവധി സംഭവങ്ങളിൽ നടന്ന രക്ഷാപ്രവർത്തനങ്ങളിലും അതുപോലെ കമ്മ്യൂണിറ്റി പോലീസ് എന്ന അർത്ഥത്തിലുള്ള അവരുടെ പ്രവർത്തനങ്ങളിലുമെല്ലാം കാണുന്നത് കേരള പോലീസിലുള്ള വലിയ മാറ്റമാണ്. അതുകൊണ്ട് കേരള പോലീസിന്റെ ഈ മാറ്റത്തെ വിലയിരുത്തിക്കൊണ്ടുവേണം മുന്നോട്ടുപോകേണ്ടത്. ഇപ്പോൾ പുതുതായി അനുവദിക്കപ്പെട്ട പതിമൂന്ന് പോലീസ് സ്റ്റേഷനുകളുൾപ്പെടെ വന്നപ്പോൾ പുരോഗതിയിൽ ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. അടുത്ത രണ്ട് വർഷങ്ങളിലും കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ പോലീസ് വകുപ്പിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട്, ശുഭപ്രതീക്ഷയോടുകൂടി ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കെവിൻ വധക്കേസ് ഉൾപ്പെടെ സംസ്ഥാനത്ത് പ്രമാദമായ പല കേസുകളിലും പോലീസിനെതിരായി നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. അതുപോലെതന്നെ പോലീസ് അതിക്രമങ്ങൾ സംസ്ഥാനത്ത് പലവിധത്തിൽ വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ നാം കാണേണ്ടതാണ്. ഇന്നുപോലും ദളിത് പ്രവർത്തകന്മാർ പറഞ്ഞ ഒരു പരാതിയുണ്ട്. കല്ലായിയിലെ വീട്ടുതടങ്കലിൽ കഴിയുന്ന ആദിവാസി യുവതിയുടെ ദൈന്യതയാർന്ന ചിത്രം. പോലീസിൽ പരാതി കൊടുത്തിട്ടും പോലീസ് പ്രതികളുമായി ഒത്തുചേർന്ന് ആ പരാതി ഒതുക്കിത്തീർത്തിരിക്കുന്നുവെന്ന് ചില ദളിത് സംഘടനകൾ പരാതിപ്പെടുകയും ഈ വിഷയം നിയമസഭയിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

ഇതാണ് കേരള പോലീസിന്റെ ചിത്രം. അതുപോലെതന്നെ ഏറെ നാണക്കേടുണ്ടാക്കിയതല്ലേ പോസ്റ്റൽ ബാലറ്റ് തിരിമറി. പോലീസിൽ അസോസിയേഷൻ രൂപീകരിച്ച് അവരെ രാഷ്ട്രീയവൽക്കരിച്ചതുതന്നെ ഒന്നാമത്തെ തെറ്റ്. അത് സി.പി.ഐ.(എം.) ചെയ്ത തെറ്റാണ്. ഈ തെരഞ്ഞെടുപ്പിൽ അവരെക്കൊണ്ട് പച്ചയായ രാഷ്ട്രീയം കളിപ്പിച്ചു. ജനാധിപത്യത്തിൽ കേട്ടുകേൾവി യില്ലാത്തവിധം പാവപ്പെട്ട പോലീസുകാരന്റെ ജനാധിപത്യ അവകാശത്തെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും തട്ടിപ്പറിക്കാനാണ് പോലീസ് അസോസിയേഷനും ഓഫീസേഴ്സ് അസോസിയേഷനും ശ്രമിച്ചത്. അതുപോലെതന്നെ വേറൊരു രസകരമായ സംഗതിയുള്ളത്, ഇന്റലിജൻസ് ബ്യൂറോ കേന്ദ്രത്തിന് കൊടുത്ത ഒരു റിപ്പോർട്ടിനെക്കുറിച്ചാണ്. കേരളത്തിൽ ഒരു കോടി രൂപ തെരഞ്ഞെടുപ്പ് ഫണ്ടിനായി പിരിക്കാൻ പോലീസിനെ ഏൽപ്പിച്ചു എന്നാണ് പറയുന്നത്. പോലീസിനെ നന്നാക്കണമെങ്കിൽ ദുബായിൽ പോയി പോലീസ് സ്റ്റേഷൻ കാണേണ്ട കാര്യമില്ല. ആത്മാർത്ഥതയുള്ള, നിഷ്പക്ഷവും കാര്യക്ഷമവുമായ പോലീസ് വേണമെന്ന് ആഗ്രഹിക്കുന്ന ഭരണകൂടം ഉണ്ടായാൽ അത് നടക്കും. ദുബായിൽ പോയതുകൊണ്ടുമാത്രം അതിൽ പ്രത്യേകിച്ച് മാറ്റമൊന്നും ഉണ്ടാകില്ല. ഇപ്പോൾ ഒരു കമ്മീഷണറേറ്റ് രൂപീകരിക്കാൻ പോകുകയാണ്. അതുസംബന്ധിച്ച് ശക്തമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എന്നുള്ള നിലയ്ക്ക് കളക്ടറുടെ അധികാരം പോലീസിനെ ഏൽപ്പിക്കാൻ പോകുകയാണ്. പരാതിക്കാരനും വിധികർത്താവും പോലീസാകുന്ന പ്രത്യേകമായൊരു സാഹചര്യം ഇതുവഴി കരഗതമാകുകയാണ്. അതുണ്ടാകരുത്; അത് നിയമത്തിനും ഭരണഘടനയ്ക്കും വിരുദ്ധമാണെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മൾ വലിയൊരു ജനവിധിക്ക് ശേഷമാണ് ഇവിടെ എത്തിയിരിക്കുന്നത്. ഭരണപക്ഷത്തിരിക്കുന്നവർക്ക് അതൊരു കാര്യമായ വിഷയമല്ലെന്നാണ് പറയുന്നത്. അങ്ങനെയുള്ളൊരു തിരിച്ചടിയല്ലേ ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കേറ്റത്. സി.പി.ഐ.(എം.)-ന്റെ കാലിനടിയിലെ മണ്ണ് മുഴുവനും ഒലിച്ച് പോകുന്ന ഒരു സ്ഥിതിയല്ലേ ഉണ്ടായത്. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം 12 ശതമാനമാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് 35 ശതമാനം വോട്ടിലേയ്ക്ക് സി.പി.ഐ. (എം.) നിലംപതിച്ചതെന്ന് ഓർക്കണം. ചുവപ്പു കോട്ടകൾ കുലുങ്ങുക മാത്രമല്ല, കടപുഴകി വീഴുന്ന സാഹചര്യമാണ് കാണാൻ സാധിച്ചത്. കാസർഗോഡും കണ്ണൂരും വടകരയിലും ആറ്റിങ്ങലിലുമൊക്കെ ജയിച്ചത് യു.ഡി.എഫ്. ആണ്. അങ്ങനെയൊരു വിജയത്തിന്റെ ഘോഷയാത്ര നമുക്ക് കാണാൻ സാധിച്ചു. പാലക്കാട് എത്ര ഉറച്ച കോട്ടയായിരുന്നു. എന്റെ സ്നേഹിതൻ ശ്രീ. എം. ബി. രാജേഷ് പാട്ട് വരെയുണ്ടാക്കി. പക്ഷേ ആ പാട്ട് പാടാനുള്ള

യോഗം ഞങ്ങളുടെ സ്ഥാനാർത്ഥി ശ്രീ. വി. കെ. ശ്രീകണ്ഠനാണുണ്ടായത്. പാലക്കാട് നിങ്ങൾ തോറ്റത് ചരിത്രത്തിലെ വലിയൊരു അപൂർവ്വതയാണ്. ആലത്തൂരിൽ ഞങ്ങളുടെ പെങ്ങൾ പാട്ടും പാടി ജയിക്കുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ സാധിച്ചത്. ഞെട്ടലിൽ നിന്നും ഇപ്പോഴും സി.പി.ഐ.(എം.) വിമുക്തമായിട്ടില്ല. ആലത്തൂരിൽ ഇടതുപക്ഷ അനുഭാവികൾ വോട്ട് ചെയ്യാതെ യു.ഡി.എഫ്.-ന് ജയിക്കാൻ സാധിക്കില്ല. കാരണം അവർക്ക് നിങ്ങളെ മടുത്തു. നിങ്ങളുടെ നിലപാടുകൾക്കെതിരായ അതിശക്തമായ എതിർപ്പാണ് അവിടെ കാണാൻ സാധിച്ചത്. ആറ്റിങ്ങൽ, പൊന്നാനി അങ്ങനെ യു.ഡി.എഫ്.-ന്റെ വിജയ തേരോട്ടത്തിന്റെ ജൈത്രയാത്രകൾ പറയുന്നുണ്ട്. ഇതൊക്കെ സി.പി.ഐ.(എം.)-ന്റെ ദുഷ്ടമനസ്സിന് കിട്ടിയ കടുത്ത ശിക്ഷയാണ്. നിങ്ങൾ എന്താണ് കരുതിയത്? കേരളത്തിൽ യു.ഡി.എഫ്. തകർന്നുപോയി, പകരം ബി.ജെ.പി. വന്നോട്ടെ, എന്നിട്ട് ബി.ജെ.പി.-യും നിങ്ങളും തമ്മിലുള്ള ഒരു കേളീരംഗമായി ഈ കേരളം മാറണം എന്നാണ് നിങ്ങൾ കരുതിയത്. അങ്ങനെ എന്നുമൊരു ഭരണത്തുടർച്ച അതിലൂടെ നിങ്ങൾ കണ്ടു. നിങ്ങൾ ഒത്തുകളിച്ച് ബി.ജെ.പി.-ക്ക് ഒരുപാട് അവസരങ്ങൾ ഉണ്ടാക്കികൊടുത്തു. ശ്രീ. പി. എസ്. ശ്രീധരൻ പിള്ള പറഞ്ഞ സുവർണ്ണാവസരംവരെ സി.പി.ഐ.(എം.)-ന്റെ സൃഷ്ടിയായിരുന്നു. എന്താണ് ലക്ഷ്യം. നിങ്ങൾ രണ്ടുകൂട്ടരുമുള്ള ഒരു കേരളമുണ്ടാകണം. ഇവിടെ ചില ആളുകൾ പ്രസംഗിച്ചല്ലോ, സി.പി.ഐ. (എം.) അമ്പത് കൊല്ലം ഭരിക്കാൻ പോകുകയാണെന്ന്. നിങ്ങൾക്ക് അഞ്ച് കൊല്ലം തികയ്ക്കാൻ കഴിഞ്ഞോ; ഇപ്പോൾ 123 മണ്ഡലങ്ങളിൽ നിങ്ങൾ പുറകിലാണ്. രാഷ്ട്രീയ ധാർമ്മികതയുണ്ടെങ്കിൽ ഈ തെരഞ്ഞെടുപ്പ് വിധിയുടെ പശ്ചാത്തലത്തിൽ രാജിവയ്ക്കണം. അഞ്ച് കൊല്ലം തികയ്ക്കാൻ കഴിഞ്ഞില്ല പിന്നല്ലേ, അമ്പത് കൊല്ലം ഭരിക്കാൻ സാധിക്കുന്നത്. പക്ഷേ ഞങ്ങളുടെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. യു.ഡി.എഫ്.-ന് നഷ്ടപ്പെട്ടാൽ എൽ.ഡി.എഫ്.-ന് കിട്ടിക്കോട്ടെ. ഞങ്ങൾക്ക് തർക്കമില്ല. പക്ഷേ എൽ.ഡി.എഫ്.-ന് നഷ്ടപ്പെട്ടാൽ ഞങ്ങൾക്ക് കിട്ടണം. നിങ്ങൾ ബി.ജെ.പി.-ക്ക് സ്പേസ് ഉണ്ടാക്കിക്കൊടുക്കാനാണ് ശ്രമിച്ചത്. ഇവിടെ കേരളം നൽകുന്ന വളരെ അപകടകരമായ സൂചനയുണ്ട്. ബംഗാളിലെ ചുവപ്പ് നരച്ചപ്പോൾ അത് കാവിയായിപ്പോയി. കേരളത്തിലും അതിന്റെ ഒരു സൂചന ഞങ്ങൾ കാണുകയാണ്. എന്താണ് ബംഗാളിലെ സ്ഥിതി? 42 സീറ്റിൽ 41 സീറ്റിലും കെട്ടിവച്ച കാശില്ല. ജയിച്ചില്ല എന്നുമാത്രമല്ല സി.പി.ഐ.(എം.)-ന് കെട്ടിവച്ച കാശ് കിട്ടിയില്ല. ഒരു സീറ്റിലാണ് നിങ്ങൾക്ക് കെട്ടിവച്ച കാശ് കിട്ടിയത്. ബി.ജെ.പി. 18 സീറ്റും കൊണ്ടുപോയി. ആരാണ് വോട്ട് ചെയ്തത്. പഴയ സഖാക്കളാണ്. അവിടെ ചുവപ്പ് നരച്ച് കാവിയായി. ഇതാ നിങ്ങൾ യുവതുർക്കികൾ എഴുതിവച്ചോ ഒരാളുടെ പേര്,

ഖഗൻ മുർമു. ഇത് സി.പി.ഐ.(എം.)-ന്റെ സിറ്റിംഗ് എം.എൽ.എ. ആണ്. അദ്ദേഹം ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നു, മത്സരിച്ച നിയോജക മണ്ഡലത്തിന്റെ പേര് മാൽഡ ഉത്തർ. അരിവാൾ ചുറ്റിക നക്ഷത്രത്തിൽ വിജയിച്ച ഖഗൻ മുർമു പാർലമെന്റിലേയ്ക്ക് മത്സരിച്ചത് ബി.ജെ.പി. സ്ഥാനാർത്ഥിയായിട്ടാണ്. അമ്പതിനായിരം വോട്ടുകൾക്ക് ജയിക്കുകയും ചെയ്തു. എം.എൽ.എ. സ്ഥാനംപോലും രാജിവയ്ക്കാതെയാണ് മത്സരിച്ചത്. രാജി വയ്ക്കേണ്ടതില്ല എന്നുതോന്നി. അണികൾ മാത്രമല്ല നേതാക്കന്മാരും ഒന്നിച്ചൊഴുകി. ഈയൊരു അവസ്ഥ കേരളത്തിൽ ഉണ്ടാകുമോയെന്നുപോലും ഞങ്ങൾ ഭയപ്പെടുകയാണ്. ഈ അവസ്ഥ ഞങ്ങൾക്കുണ്ടാകു മെന്നാണ് നിങ്ങൾ കരുതിയത്. യു.ഡി.എഫ്. ഇല്ലാതായിട്ട് പകരം ബി.ജെ.പി. ആയിക്കോട്ടെ എന്ന ദുഷ്ട മനസ്സ് നിങ്ങൾക്കുണ്ടായിരുന്നു. പക്ഷേ ആ കെണിയിൽ നിങ്ങൾ വീഴുന്ന ദയനീയ കാഴ്ചയാണ് ഇവിടെ കാണാൻ സാധിച്ചത്. ത്രിപുരയിൽ നിങ്ങൾ പറഞ്ഞത് കോൺഗ്രസ്സ് ആകെ ഒലിച്ചുപോയി എന്നാണ്. ത്രിപുരയിൽ കഴിഞ്ഞ 2014-ലെ തെരഞ്ഞെടുപ്പിൽ 65 ശതമാനം വോട്ടും അവിടെയുള്ള 100 ശതമാനം സീറ്റും എന്നുപറഞ്ഞാൽ 2 സീറ്റ് നേടിയവരാണ് നിങ്ങൾ. ഈ തെരഞ്ഞെടുപ്പിൽ എന്താണ് സ്ഥിതി? ത്രിപുരയിൽ മൂന്നാം സ്ഥാനത്താണ്. അതാണ് ഇപ്പോഴത്തെ അവസ്ഥ. ദേശീയതലത്തിൽ ലീഗും സി.പി.ഐ.(എം.)-ഉം തുല്യ ശക്തികളാണ്. ഞങ്ങളെ കളിയാക്കിയതിന് ദൈവം നിങ്ങൾക്ക് തന്ന ശിക്ഷയാണിത്. ഞങ്ങൾ എന്തെങ്കിലും ദേഷ്യപ്പെട്ട് സംസാരിച്ചാൽ നിങ്ങളാകെ രണ്ടംഗങ്ങളുള്ള ഒരു പാർട്ടിയല്ലേ എന്നുപറഞ്ഞ് ഞങ്ങളെ ചെറുതാക്കാറുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, മത്സരിച്ചതിൽ നൂറ്ശതമാനം വിജയം കൈവരിച്ച പാർട്ടി ഇന്ത്യയിലുണ്ടെങ്കിൽ അത് ഏതാണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. നൂറ് ശതമാനം വിജയം ഈ തെരഞ്ഞെടുപ്പിൽ നേടിയ ഏക പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. നമ്മൾ രണ്ടു കൂട്ടരും ഇപ്പോൾ ഒരുപോലെയാണ്. പക്ഷേ ഒരു വ്യത്യാസമുണ്ട്. ലീഗിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ, മലപ്പുറത്ത് രണ്ട് ലക്ഷത്തി അറുപതിനായിരം വോട്ടിനും പൊന്നാനിയിൽ രണ്ട് ലക്ഷം വോട്ടിനുമാണ് ഞങ്ങൾ ജയിച്ചത്. പൊന്നാനി ചുവപ്പിക്കാൻ വന്ന കുറേ ആൾക്കാരുണ്ടല്ലോ. എന്തൊരു പ്രഖ്യാപനമായിരുന്നു. ഡോ. കെ. ടി. ജലീലിന്റെ തവനൂർ മണ്ഡലത്തിൽ വരെ ഞങ്ങൾക്ക് 13000 വോട്ട് ലീഡാണ്. തോറ്റാൽ എം.എൽ.എ. സ്ഥാനം രാജിവയ്ക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ച പൊന്നാനിയിലെ സ്ഥാനാർത്ഥി ഇപ്പോൾ പറയുന്നത്, വോട്ട് കുറഞ്ഞതിന്റെ കാരണം സി.പി.ഐ.

(എം.)-ന്റെ ജില്ലാ കമ്മിറ്റിയോട് അന്വേഷിക്കാനാണ്. ഇപ്പോൾ വാട്ട്സ്ആപ്പിലും ഫെയ്സ്ബുക്കിലും വരുന്ന ട്രോൾ, അന്വേഷിക്കാൻ കാശ് വേറെ തരണം, തന്ന കാശ് തീർന്നു എന്നാണ്. നിങ്ങളുടെ ഈ അവസ്ഥയെക്കുറിച്ച് പറയുന്നതിൽ ഞങ്ങൾക്ക് അത്രയ്ക്ക് സന്തോഷമില്ല. നിങ്ങൾ ഈ പുതിയ പൈസക്കാരെ കൊണ്ടുവന്നിട്ട് ഞങ്ങൾക്കെതിരെ സീറ്റ് പിടിക്കാൻ നോക്കിയാൽ അത് നടക്കില്ലെന്നാണ് മലപ്പുറം എഴുതിയിട്ടുള്ള വിധി എന്നതുകൂടി നമ്മൾ കാണേണ്ടതുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഈ തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷ ഏകീകരണമാണ് ഉണ്ടായതെന്ന്. ന്യൂനപക്ഷങ്ങൾ ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് വോട്ട് ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ തന്നെ ആ രീതിയിൽ കോൺഗ്രസ്സിനും യു.പി.എ.-യ്ക്കും ചെയ്തിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, മൂന്ന് സീറ്റ് കിട്ടാൻ പോകുന്ന നിങ്ങൾക്കാണോ ന്യൂനപക്ഷങ്ങൾ ബി.ജെ.പി.യെ എതിർക്കാൻ വോട്ട് ചെയ്യേണ്ടത്; അല്ലല്ലോ; അപ്പോൾ ന്യൂനപക്ഷങ്ങൾ എടുത്ത നിലപാട് ശരിയാണ്. മതേതര വിശ്വാസികളും നിങ്ങൾക്കെതിരായി വോട്ട് ചെയ്തു. ജമാഅത്തെ ഇസ്ലാമിനോട് ഞങ്ങൾ വോട്ട് ചോദിച്ചതല്ല. ജമാഅത്തെ ഇസ്ലാമിക് അവരുടെ നയത്തിന്റെ ഭാഗമായി ഇത്തവണ യു.ഡി.എഫ്.നാണ് വോട്ട് ചെയ്തത്. അത് വലിയൊരു അപരാധമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, എത്രയോ തെരഞ്ഞെടുപ്പുകളിൽ ഈ ജമാഅത്തെ ഇസ്ലാമിയുടെ വോട്ട് നിങ്ങൾ വാങ്ങിയിട്ടില്ലേ. നിങ്ങൾക്ക് വോട്ട് ചെയ്യുമ്പോൾ അത് ഹലാലും ഞങ്ങൾക്ക് വോട്ട് ചെയ്യുമ്പോൾ അത് ഹറാമുമാകുന്നത് എങ്ങനെയാണ്? എത്രയോ തെരഞ്ഞെടുപ്പുകളിൽ നിങ്ങൾ അത് വാങ്ങിയിട്ടുണ്ട്. അതുപോലുള്ള കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ വലിയ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം നടത്തി. ഇപ്പോൾ ഇന്ത്യയിൽ സി.പി.ഐ.(എം.)-ന് ഉയർത്തിക്കാട്ടാവുന്ന ഏറ്റവും വലിയ നേതാവ് പോളിറ്റ് ബ്യൂറോ അംഗമായ സഖാവ് പിണറായി വിജയനാണ്. കേരളത്തിന്റെ മുഖ്യമന്ത്രി കേരളത്തിന് പുറത്ത് ബി.ജെ.പി.ക്കെതിരെ ഏത് സംസ്ഥാനത്താണ് പ്രചരണം നടത്തിയത്? അതുകൊണ്ട് ന്യൂനപക്ഷ ഏകീകരണം മാത്രമല്ല ന്യൂനപക്ഷങ്ങൾ ഒട്ടുമില്ലാത്ത ഭൂരിപക്ഷ സമൂഹം മാത്രം താമസിക്കുന്ന പ്രദേശങ്ങളിൽ ഇടതുപക്ഷ കുടുംബങ്ങളിൽ നിന്നുപോലും സി.പി.ഐ.(എം)-നെതിരെ പ്രതിഷേധത്തിന്റെയും അമർഷത്തിന്റെയും അണപൊട്ടി ഒഴുകിയിട്ടുണ്ട്. ഹിന്ദു ഭൂരിപക്ഷ ബൂത്തുകളിൽ സി.പി.ഐ. (എം.) തകർന്നടിഞ്ഞതിനു കാരണം ശബരിമലയിൽ നിങ്ങൾ കാണിച്ച ധിക്കാരമാണ്. രഹ്ന ഫാത്തിമയ്ക്ക് അയ്യപ്പനെ കാണാൻ എന്തൊരു തിടുക്കമായിരുന്നു. പോലീസ്

വളരെ കഷ്ടപ്പെട്ടല്ലേ അവരെ കൊണ്ടുപോയത്. ആക്ടിവിസ്റ്റുകൾക്ക് വിളയാടാനുള്ളതാണോ ശബരിമല? അതിനൊക്കെ കിട്ടിയ ശിക്ഷയാണിത്. ന്യൂനപക്ഷവും ഭൂരിപക്ഷവും കേരളത്തിലെ മതേതര വിശ്വാസികളും എല്ലാവരും ഞങ്ങൾക്കാണ് വോട്ട് ചെയ്തത്. ഞാൻ ചുരുക്കുകയാണ്. പോലീസിന്റെ നടപടികൾ വളരെ ആക്ഷേപാർഹമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമാണ് ഈ ചർച്ച നടക്കുന്നത് എന്നതുകൊണ്ട് എല്ലാ കക്ഷികളും പാർലമെന്റ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് സംസാരിക്കുന്നത് സ്വാഭാവികമാണ്. എന്റെ കക്ഷിയും ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ചു. പക്ഷെ വിജയം കൈവരിക്കാൻ സാധിക്കാത്തതിനാൽ എന്റെ കക്ഷിയുടെ പാർലമെന്റ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. ശ്രീ. പി. കെ. ബഷീർ പറഞ്ഞു, മൂന്ന് പേർ മത്സരിച്ചു, മൂന്ന് പേരും വിജയിച്ചു എന്ന്. ആ കക്ഷി അഭിമാനിക്കുന്നത് മനസ്സിലാക്കാം. പക്ഷെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ മത്സരിച്ച മറ്റ് കക്ഷികൾ ഒരു കക്ഷിയുടെ മാത്രം പരാജയത്തെ സംബന്ധിച്ച് പറഞ്ഞ് സന്തോഷിക്കണ്ട. വേണമെങ്കിൽ മൂന്ന് സീറ്റിൽ മത്സരിച്ച് മൂന്ന് സീറ്റും വിജയിച്ചവർ ഒഴിച്ച്, നമ്മളെല്ലാവരും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒരു ജനാധിപത്യ പ്രസ്ഥാനത്തിന്റെ ആളുകളെന്ന നിലയ്ക്ക് തലകുനിക്കണം. അതിൽ ഒരു കക്ഷിയെ മാത്രം ആക്ഷേപിച്ചിട്ട് ഏതെങ്കിലും തരത്തിൽ രക്ഷപ്പെടാമെന്ന് നമ്മൾ ധരിക്കുന്നുണ്ടെങ്കിൽ അതിന് സാധിക്കില്ല. കാരണം, ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികളെ നിർത്തിയിട്ട് പരാജയപ്പെട്ടത് ആരാണ്? ആ കാര്യത്തെ സംബന്ധിച്ചൊന്നും ഇപ്പോൾ വിശകലനം ചെയ്യേണ്ട ആവശ്യമില്ല, അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസിന്റെ ഭാഗത്തുനിന്ന് വളരെ നല്ല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ, വടകരയിൽ റൂറൽ മണ്ഡലത്തിൽപ്പെട്ട ആളെന്ന നിലയ്ക്ക് ഞാൻ പറയുകയാണ്, ഈ മൂന്ന് കൊല്ലത്തിനിടയ്ക്ക് അവിടത്തെ എസ്.പി. ഓഫീസ് കൂടുതൽ മെച്ചപ്പെടുത്തി. അതുപോലെ അവിടെ ബ്രിട്ടീഷ് ഭരണകാലത്തുള്ള വളരെ ചെറിയ ജയിലാണുണ്ടായിരുന്നത്. പ്രതികൾക്ക് അവിടെ താമസിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഇപ്പോൾ പുതിയ ജയിൽ സ്ഥാപിക്കാനുള്ള സ്ഥലം വാങ്ങി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. അതുപോലെ പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനും ടൗണിലെ ട്രാഫിക് സംവിധാനം

മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. പോലീസ് അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നം, റോഡുകളുടെ വീതികുറവും വാഹനങ്ങൾ വർഷംതോറും വർദ്ധിച്ച വരുന്നതുമാണ്. പോലീസിന് നിയന്ത്രിക്കാൻ സാധിക്കാത്ത ഒരവസ്ഥയുണ്ട്. അതുകൊണ്ട് കുറച്ചുകൂടി വീതിയുള്ള റോഡുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. അതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളുടെ മുമ്പിലും പോലീസ് പിടിച്ചിട്ട വണ്ടികൾ കുറേ വർഷങ്ങളായി കിടക്കുന്നുണ്ട്. ഈ വിഷയം നിയമസഭയിൽ പല എം.എൽ.എ. മാരും സംസാരിച്ചിട്ടുള്ളതാണ്. ആ വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തുനിന്നും മാറ്റാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പോലീസ് വകുപ്പിൽ നിയമിച്ച എന്നതാണ് ഏറ്റവും സന്തോഷകരമായ ഒരു വസ്തുത. ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് ഇത്രയും വർഷങ്ങളായിട്ടും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽ പ്പെട്ട, ഏറ്റവും പിന്നോക്കം നിൽക്കുന്ന പാവങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിരുന്നില്ല. ഒരു പ്രാവശ്യം വനം വകുപ്പ് കുറേ ആളുകളെ നിയമിച്ചിരുന്നു. പക്ഷെ അത് തുടർന്നുകൊണ്ടുപോയില്ല. ഇപ്പോൾ പോലീസ് വകുപ്പ് ഈ വിഭാഗത്തിൽപ്പെട്ടവരെയും നിയമിക്കാൻ തീരുമാനിച്ചു. ഇതോടുകൂടി ആ സമൂഹത്തെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. ഇന്ന് പോലീസുമായി ബന്ധപ്പെട്ട ഒരു പ്രശ്നമുണ്ടായാൽ അത് നിയമത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള ഒരു സാഹചര്യമാണുള്ളത്. ഈ മൂന്ന് കൊല്ലത്തിനിടയ്ക്ക് കേരളത്തിലെ പോലീസ് വകുപ്പിനെ മെച്ചപ്പെട്ട നിലയിലെത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പഴയ കാലത്ത് പോലീസുകാർക്കുള്ള ക്വാർട്ടേഴ്സ് ഒരു ചെറിയ മുറിയായിരുന്നു, ഇപ്പോൾ അത് മാറി നല്ല പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി അവിടെ ആരംഭിക്കുകയാണ്. മെച്ചപ്പെട്ട നിലയിൽ പോലീസുകാർക്ക് താമസിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മൊത്തത്തിൽ നമ്മുടെ സംസ്ഥാനത്ത് പോലീസ് വകുപ്പിനെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകാൻ സർക്കാർ പരിശ്രമിക്കുന്നുണ്ട്. അതുപോലെ പഴയ കാലത്തുള്ള ജയിൽ മാറ്റി പുതിയ രൂപത്തിൽ ജയിൽ സ്ഥാപിക്കാൻ തീരുമാനിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സീറ്റുകൾ കൂടുതൽ ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കേരളത്തിലെ ജനങ്ങൾ പിന്തുണ നൽകുമെന്നുള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചപ്പോൾ, തങ്ങൾ മത്സരിച്ച് നൂറ് ശതമാനം സീറ്റിലും വിജയിച്ചു എന്ന് വളരെ അഭിമാനബോധത്തോടെ ഇവിടെ സൂചിപ്പിച്ചു. അത് ശരിയാണ്. പക്ഷെ, കേരള കോൺഗ്രസ്സ് (എം) ഒരു സീറ്റിൽ മത്സരിച്ചു, ആ ഒരു സീറ്റ് വിജയിച്ചു, അത് നൂറ് ശതമാനമാണ്. എന്താണ് അതിന്റെ അർത്ഥം, ഒന്ന് ക്രിസ്ത്യൻ പാർട്ടി ഒന്ന് മുസ്ലീം പാർട്ടി. അതാണ് കേരളത്തിലെ പ്രശ്നം. ഇവിടത്തെ ക്രിസ്ത്യാനിയും മുസ്ലീമും ഉൾപ്പെട്ട ന്യൂനപക്ഷങ്ങൾ എല്ലാ കാലഘട്ടങ്ങളിലും ദേശീയ കാഴ്ചപ്പാടിന് വിരുദ്ധമായി പ്രവർത്തിക്കുന്നതാണ് എന്നെ ദുഃഖിപ്പിക്കുന്ന കാര്യം. ഇവിടെ 352 സീറ്റുമായി ശ്രീ. നരേന്ദ്ര മോദി ഇന്ത്യാ രാജ്യം ഭരിക്കാൻ വരുമ്പോൾ കേരളത്തിൽ ഇരുപത് സീറ്റ് പിടിച്ചിട്ട് എന്ത് കാര്യം; അതിൽ നിന്നും നമുക്ക് എന്ത് കിട്ടാനാണ്? എപ്പോഴും ദേശീയ കാഴ്ചപ്പാടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് പോയാൽ നമുക്ക് എന്ത് കിട്ടാനാണെന്ന് എനിക്കറിയില്ല. വല്ലതും കിട്ടാനുണ്ടോ? ഞാൻ ചോദിക്കട്ടെ, 1980 മുതൽ ഞാൻ നിയമസഭാംഗമാണ്. എന്താണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഭരിക്കുമ്പോൾ ഇവിടെ ഇരുന്ന് പറയും 'നിങ്ങളുടെ പോലീസ് ഭരണം കുഴപ്പമാണ്, നിങ്ങൾ കുഴപ്പക്കാരാണ് എന്നു പറയും. അടുത്ത ഭരണം മാറി വരുമ്പോൾ ഇവർ വരും, അപ്പോൾ നിങ്ങൾ ഇവിടെ ഇരുന്നുകൊണ്ട് പറയും 'ഭരണം മോശമാണ്, ഭരണം മോശമാണ് എന്ന്. ഇത് ഞാൻ കണ്ടുകൊണ്ടിരിക്കുകയല്ലേ. വല്ല കാര്യവുമുണ്ടോ; എവിടെയാ ഭരണം മോശം. പോലീസ് വകുപ്പിനെപ്പറ്റി പറയുമ്പോൾ ഈ അടുത്ത കാലത്ത് നടന്ന പോലീസ് ഭരണത്തിൽ ഏറ്റവും ഭേദമായ രീതിയിലുള്ള ഭരണം നടക്കുന്ന കാലഘട്ടമാണ് ഇതെന്ന് പറയുന്നതിൽ എനിക്കൊരു മടിയുമില്ല. അതിന് കാരണമെന്താണ്? ഞാൻ നിങ്ങളെ അനുകൂലിക്കുന്ന ആളല്ല, രാഷ്ട്രീയമായി അഭിപ്രായവ്യത്യാസമുണ്ട്. കോട്ടയം ജില്ലയിലെ ഒറ്റ കാര്യം പറയാം. അവിടെ പകൽ മുഴുവൻ ടിപ്പർ വേഗതയിൽ ഓടിച്ച് കുട്ടികളെ കൊന്നൊടുക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ വർഷം നടപ്പാക്കിയ ശക്തമായ ഇടപെടലുകൾ കാരണം ഒരു കുഞ്ഞിനും മരണമുണ്ടായില്ല, ടിപ്പറിനെ നിയന്ത്രിക്കാൻ കഴിഞ്ഞു. മാന്യന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാർ ജോലി ചെയ്തു. കോട്ടയം ജില്ലയിലെ എസ്. പി. ഉൾപ്പെടെ ജോലി ചെയ്തു, അദ്ദേഹത്തിന്റെ പേര് ഞാൻ പറയുന്നില്ല. അദ്ദേഹത്തെ മാറ്റിയെങ്കിലും ഉദ്യോഗസ്ഥർ മാന്യന്മാരായി ജോലി ചെയ്തു. അങ്ങനെ ചെയ്യുന്ന നിലയുണ്ടാകണം. അത് ശ്രീ. പിണറായി വിജയന്റെ ഒരു നേട്ടമായി തന്നെയാണ് ഞാൻ കാണുന്നത്. അത് ഒളിച്ചുവയ്ക്കുന്നില്ല. ഇനി സമയത്തെപ്പറ്റി ഒരു വാക്കുകൂടി പറയുകയാണ്. സമയം നിയന്ത്രിക്കണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. പതിനഞ്ച് മിനിറ്റുള്ളവർ വീണ്ടും അഞ്ച് മിനിറ്റ് കൂടി കൂട്ടുകയും ഒരു മിനിറ്റുള്ളവർ

മിണ്ടാതിരിക്കുകയും ചെയ്യണമെന്ന് പറയുന്നതിൽ ന്യായമില്ല. അവർക്ക് കുറച്ച് സമയം കൂട്ടിക്കൊടുക്കാനുള്ള നീതിയുണ്ടാകണം. ഒന്നുരണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കുകയാണ്. കാഞ്ഞിരപ്പള്ളിയിൽ വലിയ ഗതാഗതക്കുരുക്കാണ്. ഈരാറ്റുപേട്ടയിലുൾപ്പെടെ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞിട്ട് ഇതുവരെയും നടപ്പാക്കിയിട്ടില്ല, അക്കാര്യം പരിശോധിക്കണം. മറ്റൊന്ന്, എല്ലാ പോലീസ് സ്റ്റേഷനുകൾക്കും മൂന്നും നാലും ഏക്കർ സ്ഥലമാണുള്ളത്. എന്തിനാണ് ഈ സ്ഥലം ഇങ്ങനെ ഇങ്ങനെയിരിക്കുന്നത്. അവ കാട് കയറി കിടക്കുകയാണ്. ഒരു പോലീസ് ക്വാർട്ടേഴ്സ് മാത്രം കാണും. ആ സ്ഥലം പോലീസിന്റെ കയ്യിൽ തന്നെ ഇരിക്കട്ടെ. ഇപ്പോൾ സെൻട്രൽ ജയിലിൽനിന്നും കൊടുക്കുന്ന ചപ്പാത്തി എത്ര സന്തോഷത്തോടുകൂടിയാണ് ജനങ്ങൾ വാങ്ങുന്നത്. അതുപോലെ ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് പോലീസിനുതന്നെ ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാൻ കഴിയുമോ എന്നുകൂടി ആലോചിക്കണമെന്നൊരു അഭിപ്രായമുണ്ട്. അതുപോലെ സ്റ്റുഡന്റ് പോലീസ് മുഴുവൻ സ്കൂളുകളിലും വ്യാപിപ്പിക്കണം. ഇപ്പോൾ നാനൂറെണ്ണമേയുള്ളു. മുഴുവൻ സ്കൂളുകളിലും വ്യാപിപ്പിക്കാനുള്ള നടപടി കൂടി സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. നമ്മുടെ രാജ്യത്ത് നിരവധി ആശങ്ക നിലനിൽക്കുന്ന സമയത്താണ് ഈ സഭ ചേരുന്നത്. വർഗ്ഗീയതയുടെ പുതിയ അജണ്ടകൾ നിരത്തി നമ്മുടെ രാജ്യത്തിന്റെ മതേതര കാഴ്ചപ്പാടിനെ തകർത്ത് രണ്ടാം വട്ടവും ബി.ജെ.പി. അധികാരത്തിലെത്തിയിരിക്കുന്നു. വലിയ ഭൂരിപക്ഷത്തിലെത്തിയ എൻ.ഡി.എ. ഗവൺമെന്റിനെ പ്രതിരോധിക്കേണ്ട ഇന്ത്യയിലെ ദേശീയ കക്ഷിയായ കോൺഗ്രസ് 52 പേരിലൊതുങ്ങി. അഞ്ച് വർഷമായി ഒഴിഞ്ഞുകിടക്കുന്ന പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഇപ്പോഴും ആളില്ല. ശ്രീ. രാഹുൽ ഗാന്ധി വലിയ പ്രതീക്ഷ നൽകി ഈ തെരഞ്ഞെടുപ്പിനെത്തി. അദ്ദേഹം തന്നെ പറഞ്ഞു, ഞാൻ ഒറ്റപ്പെട്ടു, എന്നോടൊപ്പം നിൽക്കാൻ മറ്റു നേതാക്കളില്ല എന്ന്. സ്വാതന്ത്ര്യസമര പാരമ്പര്യമുള്ള നൂറുക്കണക്കിന് ദേശീയ നേതാക്കളെ സംഭാവന ചെയ്ത കോൺഗ്രസ്സിന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥ കേരളത്തിലെ നേതാക്കൾക്കുപോലും മനസ്സിലാകുന്നില്ല. തെക്കേ ഇന്ത്യയിലെ പ്രാദേശിക കക്ഷിയായി കോൺഗ്രസ് ചുരുങ്ങുന്നു. ഒരു സംസ്ഥാനത്തും ഒറ്റയ്ക്ക് ഒരു സീറ്റിൽപ്പോലും ജയിക്കാൻ കഴിയാത്തവണ്ണം ദുർബലമായി. എന്നിട്ടും ഡൽഹിയിലും രാജസ്ഥാനിലും യു.പി.-യിലും തുടങ്ങി ഇന്ത്യയിലാകെ എല്ലാ മതേതര ശക്തികളെയും കൂട്ടിയോജിപ്പിച്ച് ബി.ജെ.പി.-ക്കെതിരെ ദേശീയ ബദലാകാൻ

കഴിയുന്നില്ല. ഒറ്റപ്പെട്ടുപോയ ശ്രീ. രാഹുൽ ഗാന്ധി കോൺഗ്രസ് നേതൃത്വം ഒഴിയാൻ തയ്യാറായി ഭീരുവിനെപ്പോലെ നിൽക്കുന്നു. കേരളത്തിന് ഭാഗ്യക്കുറി ലഭിച്ചതുപോലെ യു.ഡി.എഫ്.-ന് 19 സീറ്റ് കിട്ടിയതിന്റെ സന്തോഷത്തിലാണ്. യു.ഡി.എഫ്. എന്തെങ്കിലും പ്രവർത്തിച്ചതുകൊണ്ടാണോ ഈ നേട്ടം ലഭിച്ചതെന്ന് എല്ലാവരും ഓർക്കുന്നത് നല്ലതായിരിക്കും. ചരിത്രത്തിലാദ്യമായി ഇന്ത്യയുടെ ഹൃദയഭൂമിയിൽ കോൺഗ്രസ് അദ്ധ്യക്ഷൻ തോറ്റു. വയനാട്ടിലേയ്ക്ക് ശ്രീ. രാഹുൽ ഗാന്ധി വന്നതിന്റെ രഹസ്യം ഇതാണെന്ന് കേരളം അറിഞ്ഞിരുന്നെങ്കിൽ ഈ വിജയം യു.ഡി.എഫ്.-ന് കേരളത്തിൽ ലഭിക്കുകയില്ലായിരുന്നു. ഒരു കാര്യത്തിൽ യു.ഡി.എഫ്.-ന് ഒന്നാന്തരമായി കേരളത്തെ തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞു. ബി.ജെ.പി.-ക്ക് ബദലായി കോൺഗ്രസിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് വരും. അങ്ങനെ വന്നാൽ ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകും. കേരളത്തിൽ നിന്ന് ജയിച്ചുപോകുന്ന ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ കോൺഗ്രസ് എം.പി.-മാർ പോകുന്നതാണ് നല്ലതെന്ന് കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതിനാലാണ് യു.ഡി.എഫ്. സ്ഥാനാർത്ഥികൾ വിജയിച്ചത്. കേരളത്തിലെ മിക്ക മണ്ഡലങ്ങളിലും യു.ഡി.എഫ്. പ്രവർത്തിച്ചില്ലെന്നത് ഭൂരിപക്ഷം പേർക്കുമറിയാം. ബി.ജെ.പി. ഗവൺമെന്റ് അടുത്ത അഞ്ചുവർഷം ഭരിച്ചാലുണ്ടാകുന്ന അപകടം കേരളത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയായിരുന്നു. അങ്ങനെ ബി.ജെ.പി.-യെ ഒഴിവാക്കാൻ തീരുമാനിച്ച മതന്യൂനപക്ഷ വിഭാഗവും യു.ഡി.എഫ്.-നാണ് വോട്ട് ചെയ്തത്. വിശ്വാസികളുടെ മുതലെടുപ്പായിരുന്നു ബി.ജെ.പി.-യുടെ അജണ്ട. എല്ലാ മര്യാദകളും ലംഘിച്ചുകൊണ്ടാണ് ബി.ജെ.പി. വിശ്വാസത്തിന്റെ പേരിൽ കടുത്ത വർഗ്ഗീയത വളർത്തിയത്. കേരളമായതുകൊണ്ടാണ് സമാധാനപരമായി തെരഞ്ഞെടുപ്പ് കടന്നുപോയത്. ശ്രീ. പിണറായി വിജയനെന്ന മുഖ്യമന്ത്രിയെ ലക്ഷ്യം വച്ച്, ബി.ജെ.പി., പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ കൊണ്ടുവന്ന് നട്ടാൽ കുരുക്കാത്ത നുണ ചേർത്ത് വർഗ്ഗീയത പറഞ്ഞു. കേന്ദ്രത്തിന്റെ നയവും പെട്രോൾ, ഡീസൽ വിലവർദ്ധനവും റഫാൽ അഴിമതിയുമൊക്കെ ചർച്ച ചെയ്യാതിരിക്കാൻ പരമാവധി ശ്രമിച്ചു. ആ പരിശ്രമത്തിന്റെയും ഗുണമനുഭവിച്ചത് യു.ഡി.എഫ്. ആണ്. കോൺഗ്രസ്സിന് ഒരുപണിയും ചെയ്യാതെ 19 സീറ്റും ലഭിച്ചു. കോൺഗ്രസ്സിന്റെ വിചാരം വെറുതെ ഇരുന്നാൽമതി എല്ലാവരും ജയിക്കുമെന്നാണ്. മതിമറന്നു നിൽക്കുന്ന യു.ഡി.എഫ്.-നോട് എനിക്ക് ഒന്നേ പറയുവാനുള്ളൂ, ഞങ്ങളുടെ ഈ പരാജയം താല്ക്കാലികമാണ്. ഇടതുപക്ഷത്തിന് ഇതിനുമുമ്പും ജനങ്ങൾ ലോക് സഭാ തെരഞ്ഞെടുപ്പിൽ കുറഞ്ഞ സീറ്റ് നൽകിയിട്ടുണ്ട്. ഞങ്ങൾ ഇതിനെ അങ്ങനെയേ കാണുന്നുള്ളൂ. കഴിഞ്ഞ മൂന്ന് വർഷമായി ഈ ഗവൺമെന്റ്

നടത്തിയ വികസന പ്രവർത്തനങ്ങളും വിവിധ ക്ഷേമ പ്രവർത്തനങ്ങളും രാജ്യത്തിന് മാതൃകയായി മാറി. ഇത് ഞാൻ പറയുന്നതല്ല. ഐക്യരാഷ്ട്രസഭ തയ്യാറാക്കിയ വികസന ലക്ഷ്യ സൂചികയിൽ 69 പോയിന്റുമായി കേരളം ഒന്നാമതാണ്. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ദൃതനാശയം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ കേരളം മുന്നിലാണ്. ഇന്ത്യാരാജ്യത്ത് ക്രമസമാധാന രംഗത്ത് ഏറ്റവും മുന്നിലാണ് കേരളം. രാജ്യത്ത് മികച്ച 'സ്റ്റാർട്ട് അപ്പ് ' പദ്ധതിയിലും കേരളം മുന്നിലാണ്. ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ കണക്കനുസരിച്ച് അഴിമതി ഏറ്റവും കുറവുള്ള ഇന്ത്യയിലെ സംസ്ഥാനവും സാമുദായിക ലഹളയിൽ നിന്നും മുക്തമായ ഏക സംസ്ഥാനവും മഹാദുരന്തങ്ങളെ അതിജീവിക്കാൻ ഉദ്യോഗസ്ഥരെയും ജനങ്ങളേയും വിശ്വാസത്തിലെടുത്ത് പൊതു അംഗീകാരം നേടിയ സംസ്ഥാനവും കേരളമാണ്. പ്രളയത്തെ നേരിട്ടതിന് ഈ സർക്കാരിന് അന്തർദ്ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു. ഓഖി ദുരന്തത്തെയും ധൈര്യപൂർവ്വം നേരിട്ടു. 'നിപ' പോലുള്ള പകർച്ചാവ്യാധിയുടെ നേരിയ സൂചന ലഭിച്ചപ്പോൾത്തന്നെ രോഗം പടരാതിരിക്കാൻ കേരളത്തെ സജ്ജമാക്കി. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം പുരോഗതിയുടെ പാതയിലാണ് കേരളം. ഇതെല്ലാം മാറ്റിവച്ചാണ് കേരളം യു.ഡി.എഫ്.-ന് വോട്ട് ചെയ്തതെന്നത് വലിയ അത്ഭുതമായിരിക്കുന്നു. 2018-19-ലെ ബഡ്ജറ്റിൽ പോലീസ് സേനയുടെ ആധുനികവത്കരണത്തിന് 136 കോടി രൂപയായിരുന്നെങ്കിൽ, ഈ വർഷത്തെ ബഡ്ജറ്റിൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷത്തേക്കാൾ എത്രയോ ഇരട്ടിയാണ്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലും എത്ര വലിയവരായാലും ക്രിമിനൽ കേസുകളിൽപ്പെടുന്ന പ്രതികളെ അറസ്റ്റുചെയ്യുന്നതിലും കേരള പോലീസ് കാണിക്കുന്ന ജാഗ്രത പ്രതിപക്ഷത്തിനു പോലും ആക്ഷേപമില്ലാത്തതാണ്. പോലീസ് സ്റ്റേഷനുകളിൽ ഇടപെടലുകളില്ല. പ്രാദേശിക നേതാക്കളുടെ ഭരണമില്ല. യു.ഡി.എഫ്.-ന്റെ കാലത്തെപ്പോലെ പോലീസ് സ്റ്റേഷനുമുമ്പിൽ നേതാക്കളുടെ നിരയില്ല. സ്ത്രീ സുരക്ഷയ്ക്കായി നിരവധി ആധുനിക സംവിധാനങ്ങൾ പോലീസ് ഏർപ്പെടുത്തിയിരിക്കുന്നു. നിർഭയമായി രാത്രികാലങ്ങളിൽ ഏത് സ്ത്രീക്കും യാത്ര ചെയ്യാവുന്ന സംസ്ഥാനം കേരളമാണെന്ന് ഓർക്കണം. ക്രൈംബ്രാഞ്ച് വിഭാഗം പുതിയ ഉയരങ്ങളിലെത്തി. പുതിയ മൂന്ന് റെയ്ഞ്ച് ഐ.ജി. ഓഫീസുകൾ ആരംഭിച്ചിരിക്കുന്നു. സങ്കീർണ്ണവും അതീവ ഗൗരവമുള്ള കേസുകൾ വേഗത്തിൽ അന്വേഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. സൈബർ കേസ് അന്വേഷിക്കുന്ന രീതിക്ക് നിരവധി അന്താരാഷ്ട്ര അംഗീകാരങ്ങൾ കഴിഞ്ഞ ഒരു വർഷംകൊണ്ട് ലഭിച്ചു. എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ മികച്ച ജനസേവനവും

പുരോഗതിയും കേരളത്തെ ഇന്ത്യയിൽ ഒന്നാമതാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതൊക്കെയാണെങ്കിലും, നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് എപ്പോഴും വിമർശിക്കുകയാണ്. ഒന്നിനും കഴമ്പില്ലെന്നുമാത്രം. എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമാണ്. അദ്ദേഹത്തിന്റെ വിമർശനങ്ങൾ ഞാൻ പ്രത്യേകം ശ്രദ്ധിക്കും. അപ്പോഴാണ് മനസ്സിലാകുന്നത്, ഇതൊരു ദിനചര്യ മാത്രമാണെന്ന്. ഇല്ലെങ്കിൽ കേരളത്തിന്റെ വികസനത്തിനായുള്ള കിഫ്ബി പദ്ധതിക്കുവേണ്ടി മസാല ബോണ്ട് വഴി പണം സമാഹരിക്കുന്നതിന് ശ്രമിച്ച ധനകാര്യ വകുപ്പുമന്ത്രിയേയും അതിനുവേണ്ടി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ക്ഷണം സ്വീകരിച്ച മുഖ്യമന്ത്രിയേയും ഇങ്ങനെ വിമർശിക്കുമോ? അദ്ദേഹത്തിന്റെ മണ്ഡലത്തിലും കോടിക്കണക്കിന് രൂപയുടെ വികസനം കിഫ്ബി വഴിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ കടമ നിർവ്വഹിക്കുന്നതിൽ ബുദ്ധിമുട്ടില്ല, ഭരണകക്ഷി ചെയ്യുന്ന കാര്യങ്ങൾ ശരിയോ തെറ്റോയെന്ന് വിലയിരുത്തി ന്യായമായ വിമർശനങ്ങൾ നടത്തുന്നതിൽ ഒരഭിപ്രായ വ്യത്യാസവുമില്ല. കേരളത്തിന്റെ ഭരണം ഈ മൂന്ന് വർഷം പൂർത്തീകരിച്ചപ്പോൾ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ സത്യസന്ധമായി വിലയിരുത്തണം. ഞാനൊരു പുതിയ അംഗമെന്നുള്ള നിലയിൽ പറയട്ടെ, എന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ളവയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ എത്രയോ മടങ്ങ് വികസനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഈ തോൽവിയെന്ന് നിങ്ങൾ പറയുമെങ്കിൽ അതംഗീകരിക്കാൻ ഞാൻ തയ്യാറാണ്. കേരളത്തിലെ ഇരുപത് പാർലമെന്റ് നിയോജകമണ്ഡലങ്ങളിലെ കാര്യം മാത്രം നിങ്ങൾ വിലയിരുത്താൻ പാടില്ല. ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളെ വിശ്വസിച്ചുകൊണ്ട് തിരികെവരും. കോൺഗ്രസ് പ്രസ്ഥാനം ഈ രാജ്യത്തിന്റെ ജനാധിപത്യ പ്രസ്ഥാനങ്ങളെ വിശ്വസിപ്പിച്ചുകൊണ്ട് എല്ലാവരേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇന്ത്യയെന്ന മതേതര രാജ്യത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാന്യനായ എ.ഐ.സി.സി. പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി പ്രസിഡന്റ് സ്ഥാനം അദ്ദേഹം ഒഴിയുന്നുവെന്ന് പറയുമ്പോൾ, അത് ശരിയായ നടപടിക്രമമാണോ എന്ന് നിങ്ങൾ പരിശോധിക്കണം. നിങ്ങൾ പരിശോധിച്ചതിനുശേഷം അദ്ദേഹത്തെ തിരുത്തണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളെ വിമർശിച്ചുകൊണ്ട് മാത്രം കാര്യമില്ല. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ രാജ്യത്തെ ജനങ്ങൾക്കു വേണ്ടിയുള്ളതാണ്. ആ പ്രസ്ഥാനങ്ങളെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ ഭരണം നടത്തിക്കൊണ്ടുപോകുന്ന ബി.ജെ.പി. ഗവൺമെന്റിനെതിരായി ശക്തമായ മുന്നേറ്റമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ 7 സീറ്റുകൂടി,

തമിഴ്നാട്ടിൽ ഇല്ലാതിരുന്ന സീറ്റ് കോൺഗ്രസിനുണ്ടായി. 44 സീറ്റുണ്ടായിരുന്ന പാർലമെന്റിൽ ഇത്രയും സീറ്റുകൾ ഇല്ലായിരുന്നെങ്കിൽ കോൺഗ്രസ്സിന്റെ സ്ഥിതി എന്താകുമായിരുന്നു? നമ്മൾ ചിന്തിക്കേണ്ട വിഷയം, കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി ഒരു അഴിമതിയാരോപണം ഉന്നയിക്കാൻ കോൺഗ്രസ്സുകാർക്ക് കഴിഞ്ഞിട്ടുണ്ടോ? ഇടതുപക്ഷ ഗവൺമെന്റിനെതിരായി നിങ്ങൾ ചെയ്യുന്ന ഈ പ്രവൃത്തികൾ ശരിയല്ല. ന്യായമായും ഇന്ത്യാ രാജ്യത്തിനുവേണ്ടി നിൽക്കുമ്പോൾ ഇടതുപക്ഷ പ്രസ്ഥാനത്തിനെ അംഗീകരിച്ചു കൊണ്ടുവേണം നിങ്ങൾ പോകേണ്ടതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഈ ധനാഭ്യർത്ഥകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടർന്നുവരുന്ന വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ മേഖലകളിലെ അനസ്യൂതമായ പ്രവർത്തനങ്ങളും നാട്ടിലെമ്പാടും വലിയ നേട്ടങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. പിണറായി വിജയൻ സർക്കാർ ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണെന്ന് എതിരാളികൾപോലും സമ്മതിക്കുന്ന വസ്തുതയാണ്. ആരോഗ്യ മേഖലയും വിദ്യാഭ്യാസമേഖലയും ശാക്തീകരിച്ചും അഴിമതിക്കെതിരാണ് ഈ സർക്കാർ എന്ന സന്ദേശം ജനങ്ങൾക്ക് നൽകിയും സാമ്പത്തിക പരിമിതികളുള്ള കാലത്തും വികസന പ്രവർത്തനങ്ങൾ നടത്തിയും സർക്കാർ മുന്നോട്ടു പോകുകയാണ്. മികച്ച ഭരണനിർവ്വഹണത്തിന് മാതൃകയാണ് കേരളം. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. സാമുദായിക ലഹളകളില്ലാത്ത ഏക സംസ്ഥാനം കേരളമായി മാറിയിരിക്കുകയാണ്. ഇന്ത്യാ ടുഡേയുടെ റിപ്പോർട്ടനുസരിച്ച് ക്രമസമാധാന പരിപാലനത്തിൽ കേരളം മുന്നിലാണ്. 3 വർഷം പൂർത്തിയാക്കിയ ഈ സർക്കാർ അതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് കേരളത്തിലെ ജനങ്ങൾക്ക് സമർപ്പിക്കാൻ പോവുകയാണ്. കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ ദേശീയ വിജയവും യു.ഡി.എഫ്.-ന്റെ കേരളത്തിലെ വിജയവും ഏതാണ്ട് സമാനതകളുള്ളതാണ്. രണ്ടും രാഷ്ട്രീയേതര വിജയമാണ്. ബി.ജെ.പി. രാജ്യത്ത് ഹിന്ദു വർഗ്ഗീയതയുടെ തിരികൊളുത്തി, അതൊരു മത്താപ്പ് കത്തുന്നതുപോലെ കത്തുകയായിരുന്നു. അത് കത്തുമ്പോൾ കാണാൻ സുന്ദരമാണ്. പക്ഷേ അത് കത്തിക്കഴിഞ്ഞാൽ പിന്നെ പുകയും ചാരവും മാത്രമാണ്. കേരളത്തിൽ യു.ഡി.എഫ്., ജമാഅത്തെ ഇസ്ലാമിക്, എസ്.ഡി.പി. ഐ. തുടങ്ങിയവരുടെ വൻതോതിലുള്ള സഹായത്തോടുകൂടി മുസ്ലീം ന്യൂനപക്ഷ സമുദായത്തിന്റെയിടയിൽ മോദി ഭയമൊക്കെ കത്തിച്ച് വർഗ്ഗീയ പ്രചരണം നടത്തി

ഒരു അധാർമ്മിക വിജയം നേടിയതാണ്. ഒരു ഭരണ വിരുദ്ധ തരംഗമൊന്നും കേരളത്തിൽ ഉണ്ടായിട്ടില്ല. സർക്കാരിനെതിരെ രാഷ്ട്രീയ വിമർശനങ്ങൾ സ്വാഭാവികമായും ഉണ്ടായിരുന്നു. പക്ഷേ സർക്കാരിനെതിരെ ജനക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ ഒരു വിമർശനവും പ്രതിപക്ഷത്തിനുപോലും ഉയർത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ അക്കമിട്ട് നിരത്തിക്കൊണ്ടാണ് ഇടതുപക്ഷം ഈ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഈ തെരഞ്ഞെടുപ്പ് ഫലം, മതം രാഷ്ട്രീയത്തിൽ ചെലുത്തുന്ന സ്വാധീനം കൂടുതൽ വ്യക്തമാക്കുന്ന ഒരു തെരഞ്ഞെടുപ്പ് ഫലമായി മാറിയിരിക്കുകയാണ്. തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി ജാതി/മത വികാരങ്ങളെ ഉപയോഗിക്കുന്ന രീതി കേരളത്തിലും ഇപ്പോൾ നാമ്പെടുത്തിരിക്കുകയാണ്. രാജ്യത്താകമാനം രാഷ്ട്രീയത്തെ മത സ്വാധീനത്തിൽനിന്നും മോചിപ്പിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് ഒരിക്കൽക്കൂടി ബോദ്ധ്യപ്പെടുന്ന തെരഞ്ഞെടുപ്പായി ഇതിനെ കാണണം. ജാതിക്കും മതത്തിനുമപ്പുറം മനുഷ്യൻ ഒന്നാണെന്ന് ചിന്തിക്കുന്ന ഒരു മഹാരാജ്യത്തിലെ മനുഷ്യസ്നേഹികളെല്ലാം ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ അതീവ ദുഃഖിതരാണ്. ജനവിധി അംഗീകരിക്കേണ്ടതാണ്. പാർലമെന്ററി ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പിൽ കിട്ടിയ വോട്ടുതന്നെയാണ് മുഖ്യം. എങ്കിലും ഇന്ത്യയുടെ ഭരണഘടനാമൂല്യങ്ങൾ അല്പംപോലും മാനിക്കാത്തവർ ഭരണഘടനയെ തലകുനിച്ചുവണങ്ങുന്ന ദൃശ്യം പലരും പറഞ്ഞതുപോലെ, മഹാത്മാഗാന്ധി വധത്തെയാണ് ഓർമ്മിപ്പിക്കുന്നത്. മഹാത്മാഗാന്ധിയുടെതു പോലുള്ള ഒരു ദാരുണാന്ത്യം ഇന്ത്യൻ ഭരണഘടനയ്ക്ക് ഉണ്ടാകാതിരിക്കട്ടെ. 17-ാം ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ആദ്യ കമന്റ് ഇന്ത്യ ജയിച്ചുവെന്നാണ്. തെരഞ്ഞെടുപ്പ് നടന്ന 542 സീറ്റിൽ 303 സീറ്റും ബി.ജെ.പി. നേടി. എൻ.ഡി.എ.-ക്ക് 352 സീറ്റ് ലഭിച്ചു. പക്ഷേ ഈ തെരഞ്ഞെടുപ്പിന്റെ വിജയത്തിനായി നമ്മുടെ തെരഞ്ഞെടുപ്പ് സംവിധാനത്തെ തെറ്റായ വഴിയിലൂടെ എവിടെവരെ കൊണ്ടുപോകാമെന്ന് ശ്രീ. നരേന്ദ്ര മോദി-ശ്രീ. അമിത് ഷാ കൂട്ടുകെട്ട് തെളിയിച്ചിരിക്കുകയാണ്. പാകിസ്ഥാൻ ഒരു മുസ്ലീം രാജ്യമാണ്, അതിനാൽ ഇന്ത്യ ഒരു ഹിന്ദുരാജ്യമാകണം, ഭരണ രംഗത്തെവിടെയും മുസ്ലീം ജനവിഭാഗത്തിന്റെ ഒരു നിഴൽപോലും വീഴാൻ പാടില്ല എന്നിങ്ങനെയുള്ള ഹിഡൻ അജണ്ടകൾ അരങ്ങ് തകർക്കുകയായിരുന്നു. ഇന്ത്യയെ ഹിന്ദു രാജ്യമാക്കുന്നതിനുള്ള ശ്രമം ബി.ജെ.പി.-യുടെ ഓരോ നിലപാടിലും കാണാനാകും. 303 പേർ ബി.ജെ.പി. ടിക്കറ്റിൽ പാർലമെന്റിൽ എത്തിയപ്പോൾ 19.5 കോടി ജനസംഖ്യ വരുന്ന മുസ്ലീം ജനവിഭാഗത്തിൽനിന്ന് ഒരാളുപോലും ഇല്ലെന്നത് ശ്രദ്ധേയമാണ്. ഭരണഘടനയെ വന്ദിച്ച്

പാർലമെന്റിലേയ്ക്ക് കയറിയ ശ്രീ. നരേന്ദ്ര മോദി ഈ അസഹിഷ്ണുതയ്ക്ക് ഒരിക്കലും മറുപടി പറയുന്നില്ല. ഹിന്ദു വർഗ്ഗീയതയെ താലോലിക്കാൻ ഗാന്ധിജിയെയും നെഹ്റുവിനെയുംപോലും അവർ പ്രതിക്കൂട്ടിലാക്കുകയാണ്. ഗോഡ്സെയെ വാഴ്ത്തുന്നതിൽ ഇവർക്ക് യാതൊരു മടിയുമില്ല. ജാതിയുടെയും മതത്തിന്റെയും പേരിൽ മത്സരിക്കുന്ന പ്രാദേശിക കക്ഷികൾ ധാരാളമുള്ളത് അവർക്കൊരു സൗകര്യമായി മാറുകയാണ്. ലോകത്ത് ധാരാളം ആളുകൾ ദേശീയതയെയും മത തീവ്രവാദത്തെയും അധികാരം കിട്ടുന്നതിനും അധികാരത്തിൽ തുടർന്ന് കടന്നുവരുന്നതിനുമുള്ള ആയുധമാക്കിയിട്ടുണ്ട്. ഹിറ്റ്ലർ ജർമ്മനിയെ കൈപ്പിടിയിൽ ഒതുക്കിയത് അത്തരത്തിലൂടെയുള്ള തന്ത്രങ്ങളിലൂടെയാണെന്ന് നമ്മൾ വിസ്മരിക്കുന്നില്ല. പാകിസ്ഥാൻ ഭരണാധികാരികളും പല ഘട്ടത്തിലും സ്വീകരിച്ചിട്ടുള്ള വഴിയും ഏതാണ്ട് ഇതുതന്നെയാണ്. കോർപ്പറേറ്റുകൾ വഴിവിട്ട് നൽകുന്ന സമ്പത്ത് ഇതിന് കൂടുതൽ കരുത്താകുകയാണ്. ജനാധിപത്യമൂല്യങ്ങളും ധാർമ്മികതയും ബി.ജെ.പി.-യെ ബാധിക്കുന്ന വിഷയമല്ല. എം.എൽ.എ.-മാരെ വിലയ്ക്കെടുക്കുവാനും നിലവിലുള്ള ഭരണ സംവിധാനത്തെ മറിച്ചിടാനും അവർ ശ്രമിക്കുകയാണ്. മാധ്യമങ്ങളെ ഒപ്പം നിർത്താനും ഇത്തരം വഴിതന്നെയാണ് ഇപ്പോൾ ബി.ജെ.പി. സ്വീകരിക്കുന്നത്. ദേശീയതലത്തിൽ ശക്തമായ പ്രതിപക്ഷമില്ലാത്തതും തമ്മിൽ ഐക്യമില്ലാത്തതും പൊതു സ്വീകാര്യതയുള്ള ഒരു ദേശീയ നേതൃത്വത്തെ കാട്ടാനാകാത്തതും ബി.ജെ.പി.-ക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി. അതാണ് കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കേണ്ടത്. ഇന്ത്യ ജയിച്ചുവെന്ന് ശ്രീ. നരേന്ദ്ര മോദി പറയുമ്പോൾ, ലോകത്ത് കൂടുതലാളുകൾ ഏറ്റവും നേരത്തെ മരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് വിസ്മരിക്കരുത്. ഇന്ത്യയിലെ ആളുകളുടെ ശരാശരി ആയുസ്സ് 67 വയസ്സും ലോകത്തിന്റേത് 72-ഉം ആണ്. ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ള രാജ്യം ഇന്ത്യയാണ്. മൂന്നിലൊന്ന് വിഭാഗം ആളുകൾ അത്താഴപ്പട്ടിണി കിടക്കുന്ന രാജ്യമാണ് ഇന്ത്യ. ചികിത്സ കിട്ടാതെ മരിക്കുന്നവർ, പോഷകാഹാരക്കുറവ് നേരിടുന്നവർ, ഭൂമിയും വീടും ഇല്ലാത്തവർ, തൊഴിലില്ലാത്തവർ, അക്ഷരമറിയാത്തവർ, ശുദ്ധജലം കിട്ടാത്തവർ എന്നിങ്ങനെയാണ് ഇന്ത്യ ജയിച്ചുവെന്ന് പറയുന്ന ഈ രാജ്യത്തിന്റെ സ്ഥിതി. ശിശുമരണ നിരക്ക് ഏറ്റവും കൂടിയ രാജ്യമാണ്. ഇന്ത്യയിലെ ജനങ്ങളിൽ ഒരു ശതമാനംപോലും കോടീശ്വരന്മാരല്ല, പക്ഷേ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട് വന്നവരിൽ 88 ശതമാനം പേരും കോടീശ്വരന്മാരാണ്. കഴിഞ്ഞവർഷം അത് 83 ശതമാനമായിരുന്നു.

2.00 P.m.]

ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട് വന്നവരിൽ 88 ശതമാനം പേർ കോടീശ്വരന്മാരാണെന്ന് പറയുമ്പോൾ, 542-ൽ 476 പേരും കോടീശ്വരന്മാരാണ്. ബി.ജെ.പി. -യുടെ 303 എം.പി.-മാരിൽ 265 പേരും കോൺഗ്രസിന്റെ 52 എം.പി.-മാരിൽ 44 പേരും കോടീശ്വരന്മാരാണ്. ബി.ജെ.പി. എം.പി.-മാരുടെ ശരാശരി ആസ്തി 14.5 കോടി രൂപയാണെങ്കിൽ കോൺഗ്രസ് എം.പി.-മാരുടെ ശരാശരി ആസ്തി 38.75 കോടി രൂപയാണ്. സാധാരണക്കാർക്ക് ചെന്നെത്താൻ കഴിയാത്ത കോടീശ്വരന്മാരുടെ ഇടമാക്കി ബി.ജെ.പി.-യും കോൺഗ്രസും പാർലമെന്റിനെ മാറ്റിയെടുക്കുകയാണ്. ഇപ്പോൾ മത്സരിച്ച് വിജയിച്ചുവന്ന 542 പേരിൽ 236 പേർ (43 ശതമാനം ആളുകൾ) ക്രിമിനൽ കേസ്സുകളിൽ പ്രതികളാണ്. അതിൽ 116 പേർ ബി.ജെ.പി.-യും 29 പേർ കോൺഗ്രസ്സുകാരുമാണ്. ഇതിൽ രാഷ്ട്രീയമായ കേസ്സുകളിലുൾപ്പെട്ട ആളുകൾ വെറും 9 ശതമാനം മാത്രമാണ്. 236 പേരിൽ 20 പേരെ ഒഴിച്ചു നിർത്തിയാൽ ബാക്കിയുള്ള 210 പേരിലധികവും കൊലപാതക കേസ്സുകളിലെയും സ്ത്രീപീഡന കേസ്സുകളിലെയും തട്ടിക്കൊണ്ടുപോകൽ കേസ്സുകളിലെയും പ്രതികളാണ്. ബി.ജെ.പി.-യുടെയും കോൺഗ്രസ്സിന്റേയും എം.പി.-മാരുടെ കണക്കാണിത്. രാജ്യം നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുമ്പോഴാണ് ഇന്ത്യ ജയിച്ചുവെന്ന് പറയാൻ കഴിയുന്നത്. അത്തരം വിഷയങ്ങളാണ് ചർച്ച ചെയ്യേണ്ടത്. ഇവയൊന്നും ചർച്ച ചെയ്യാതെ നിലവിലുള്ള മൗലികമായ വിഷയങ്ങളെ മറ്റ് പ്രചാരണങ്ങളിലൂടെ ഇളക്കിമാറ്റി ജനങ്ങളുടെ ദേശീയ വികാരത്തെ ഉദ്ദീപിപ്പിച്ച് സർജിക്കൽ സ്ട്രൈക്കും പുൽവാമയും ബലാക്കോട്ടും അയോദ്ധ്യയും ഇന്ത്യാ-പാകിസ്ഥാൻ അതിർത്തിത്തർക്കങ്ങളും തെറ്റായ രീതിയിൽ പ്രചാരണത്തിന് ഉപയോഗിക്കുകയായിരുന്നു ബി.ജെ.പി. ഇന്ത്യയുടെ പൊതുസമ്പത്ത് തുച്ഛമായ വിലയ്ക്ക് കോർപ്പറേറ്റുകൾക്ക് കൈമാറിയതും കോർപ്പറേറ്റുകളുടെ വളർച്ച ശരവേഗത്തിലാക്കിയതും ബി.ജെ.പി.യാണ്. ലോകമാർക്കറ്റിൽ ഇന്ധനവില കുറഞ്ഞപ്പോൾ ഇന്ത്യയിൽ മാത്രം ഇന്ധനവില കുത്തനെ ഉയർന്നതും ചരിത്രത്തിലെ ഏറ്റവും വലിയ കടക്കെണിയിലേയ്ക്ക് രാജ്യം കൂപ്പുകുത്തിയതും വളർച്ചാനിരക്ക് ഗണ്യമായി കുറഞ്ഞതും ഈ കാലത്താണ്. നോട്ടുനിരോധന ദുരന്തങ്ങൾ സൃഷ്ടിച്ചതും 45 വർഷത്തെ ഏറ്റവും വലിയ തൊഴിലില്ലായ്മ, പതിനായിരക്കണക്കിന് കർഷകരുടെ ആത്മഹത്യ, ന്യൂനപക്ഷങ്ങളും ദളിതരും ബുദ്ധിജീവികളും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തതും ഭരിക്കുന്നവരുടെ നയവൈകല്യംമൂലം കയറ്റുമതി കുറഞ്ഞതും ഇറക്കുമതി കൂടിയതും റഫാൽ അഴിമതി ഉൾപ്പെടെയുള്ള ആയിരക്കണക്കിന് കോടി രൂപയുടെ അഴിമതി നടന്നതും പോലെയുള്ള വിഷയങ്ങളൊന്നും തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടാതിരിക്കാൻ അസാധാരണമായ ആസൂത്രണമാണ് ശ്രീ. നരേന്ദ്ര

മോദിയും ശ്രീ. അമിത് ഷായും ചേർന്ന് നടത്തിയത്. ജയപരാജയങ്ങൾ അളെന്നെടുക്കുന്ന വിപണി തന്ത്രം സമർത്ഥമായി ഉപയോഗിച്ചാണ് പരസ്യ പ്രചാരണത്തിനായി 100 കണക്കിന് കോടി രൂപ ബി.ജെ.പി. വിനിയോഗിച്ചത്. ഇതിൽ 600 കോടി രൂപ Madison Media-യ്ക്കാണ് കരാർ നൽകിയതെന്ന് വ്യക്തമാണ്. പ്രചാരണത്തിന് ഉപയോഗിച്ച തുകയുടെ 40 ശതമാനം ഫെയ്സ്ബുക്കിനും വാട്ട്സാപ്പിനുമായി അവർ മാറ്റിവച്ചു. വോട്ടർമാരേയും പ്രാദേശിക പാർട്ടികളേയും മാധ്യമങ്ങളേയും സ്വാധീനിക്കാൻ 1800 കോടി രൂപ ചെലവഴിച്ചുവെന്നുള്ള കണക്കുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ പോക്ക് പണാധിപത്യത്തിന് അടിപ്പെടുന്നതാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. ആസൂത്രണം പ്രചാരണത്തിൽ മാത്രമായിരുന്നില്ല. ശ്രീ. നരേന്ദ്ര മോദി ഉപയോഗിക്കുന്നവേഷം, പ്രയോഗിക്കുന്ന ഭാഷ, പ്രകടിപ്പിക്കുന്ന ശരീരഭാഷ എന്നിങ്ങനെ എല്ലാ മേഖലയും ഈ പ്രൊഫഷണൽ കൂലിക്കാർ തീരുമാനിക്കുകയാണ്. ഓരോ ദിവസവും ഏത് വേഷം ധരിക്കണം, ഓരോ കാര്യത്തിലും പ്രതികരണം എന്തായിരിക്കണം, പുതിയ വിവാദങ്ങൾ സൃഷ്ടിക്കാൻ ഓരോ ദിവസവും തെരഞ്ഞെടുക്കേണ്ട വിഷയങ്ങൾ എന്താണ്, അടുത്ത ദിവസത്തെ പത്രങ്ങളിൽ വരേണ്ട തലക്കെട്ടുകൾ എന്തായിരിക്കണം, പത്രങ്ങളിൽ വരേണ്ട ഫോട്ടോ ഏതായിരിക്കണം തുടങ്ങിയ ഓരോ കാര്യത്തിനുപിന്നിലും കൃത്യമായ പ്രൊഫഷണലുകളുടെ ആസൂത്രണം ഉണ്ടായിരുന്നു. കോർപ്പറേറ്റുകൾ ഏർപ്പാടാക്കിയ ഒരു വിദഗ്ദ്ധസംഘമാണ് ഇത്തരം കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. അതായിരുന്നു ഈ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ജനാധിപത്യത്തെ കൈകാര്യം ചെയ്ത രീതി. ബി.ജെ.പി. യുടെ വിഷലിപ്തമായതും അസത്യങ്ങൾ നിറഞ്ഞതുമായ ആസൂത്രിത പ്രചാരണ തന്ത്രങ്ങളെ ജനകീയമായ പ്രചാരണങ്ങളിലൂടെ മറികടക്കുന്നതിൽ പ്രതിപക്ഷം പരാജയപ്പെട്ടുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. വോട്ടിംഗ് മെഷീനുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പലയിടങ്ങളിലും പോൾ ചെയ്ത വോട്ടിന്റെ കണക്കും എണ്ണിയ വോട്ടിന്റെ കണക്കും പരിശോധിക്കുമ്പോഴുള്ള വ്യത്യാസത്തെ സംബന്ധിച്ച് ഇന്ന് രാജ്യം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവയെല്ലാം വളരെ ഗൗരവമായി പരിശോധിക്കേണ്ട വിഷയങ്ങളാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യം നേരിടുന്ന ഭീകരമായ സ്ഥിതിവിശേഷം സാധാരണക്കാരിൽ എത്തിയില്ല. ജാതിയും മതവും അന്ധവിശ്വാസങ്ങളും ലോകത്തെ ഒരു സമൂഹത്തേയും മുന്നോട്ട് നയിച്ചിട്ടില്ല. ബി.ജെ.പി.-യുടെ നയങ്ങൾ നടപ്പിലാക്കുമ്പോൾ അതിന്റെ ഗുണഫലം ലഭിക്കുന്നത് രാജ്യത്തെ ഒരു ശതമാനം വരുന്ന മഹാകോടീശ്വരന്മാർക്ക് മാത്രമാണെന്ന സത്യം ഈ രാജ്യം തിരിച്ചറിയണം. അതുകൊണ്ട് ശ്രീ. നരേന്ദ്രമോദിയുടെ

രണ്ടാംവരവിനെ സംബന്ധിച്ച് ലോകമാധ്യമങ്ങൾ വിശേഷിപ്പിക്കുന്നത് വളരെ ശ്രദ്ധേയമായി നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. ശ്രീ. നരേന്ദ്ര മോദിയുടെ രണ്ടാം വരവ് ഇന്ത്യയുടെ ആത്മാവ് നഷ്ടപ്പെട്ടതിന് തുല്യമാണെന്നാണ് ഗാർഡിയൻ പത്രം പറഞ്ഞത്. ഈ രാജ്യത്തെ പാവപ്പെട്ടവനെ ഉപേക്ഷിച്ച ഒരു സർക്കാർ തിരിച്ചുവന്നുവെന്നാണ് അതിനർത്ഥം. വിദ്വേഷവും വെറുപ്പും വേര് പിടിപ്പിച്ച ഇന്ത്യയിൽ അക്രമവ്യാജ വാർത്തകൾ, വ്യാജ വ്യക്തിബന്ധങ്ങളുടെ സൃഷ്ടി, അസഹിഷ്ണുത ഇവയെല്ലാം ഉപയോഗിച്ചാണ് ശ്രീ. നരേന്ദ്ര മോദിയുടെ രണ്ടാം വരവെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുകയാണ്. ലോകമാധ്യമങ്ങൾ ഈ സംഭവ വികാസങ്ങളെ ഗൗരവമായി കാണുകയാണ്. വർഗ്ഗീയ വിദ്വേഷവും സ്വേച്ഛാധികാര പ്രവണതയുമുള്ളൊരു വ്യക്തി വീണ്ടും തെരഞ്ഞെടുക്കപ്പെടുന്ന ലോകത്തിലെ ആദ്യ രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു വെന്നാണ് ഒരു ഇംഗ്ലീഷ് പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതെല്ലാം ഗൗരവമായി നമ്മുടെ രാജ്യം കാണേണ്ടതാണ്. ഈ സാഹചര്യത്തിലും കേരളത്തിലെ ഇടതുപക്ഷത്തിന്റെ താത്ക്കാലിക പരാജയത്തിൽ മതിമറന്ന് ആഹ്ലാദിക്കുന്ന കോൺഗ്രസ് വർഗ്ഗീയ ശക്തികളുടെ വിജയത്തിൽ സന്തോഷവാന്മാരായി തീരുന്നുവെന്നത് ഖേദകരമാണ്. ഡൽഹിയിൽ കോൺഗ്രസ് അധ്യക്ഷന്റെ പരിഹാസ്യ രാജി നാടകം അരങ്ങേറുമ്പോൾ കോൺഗ്രസ്സിന് സംഭവിച്ച മഹാദുരന്തം മനസ്സിലാക്കാതെ കഴിയുകയാണ് കേരളത്തിലെ കോൺഗ്രസ്. കേരളത്തിൽ യു.ഡി.എഫ്.-ന് ലഭിച്ച 19 സീറ്റ് അവരെ അന്ധരാക്കി മാറ്റുകയാണ്. ഹിന്ദി ഹൃദയഭൂമിയിൽ തകർന്നടിഞ്ഞതും ഇനി തിരിച്ചുവരാനാകാത്ത വിധം കോൺഗ്രസ്സിന്റെ കൊത്തളങ്ങൾ തകർന്നതും മനസ്സിലാക്കാതെ ഇടതുപക്ഷത്തിന്റെ വോട്ട് നഷ്ടത്തിൽ കോൺഗ്രസ് സന്തോഷിച്ചിരിക്കുകയാണ്. അത് നമ്മുടെ രാജ്യത്തെ കോൺഗ്രസിന് ഗുണകരമല്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. മൂങ്ങകൾ അസ്തമയം കഴിഞ്ഞെങ്കിലും കണ്ണ് തുറക്കും, കോൺഗ്രസ്സുകാർ അസ്തമയം കഴിഞ്ഞിട്ടും കണ്ണ് തുറക്കുന്നില്ലായെന്നുള്ളതാണ് വേദനാജനകമായി പറയാനുള്ളത്. കോൺഗ്രസിന്റെ അസ്തമയമായി, ഇനിയെങ്കിലും ഈ വസ്തുതകളെ കണ്ണ് തുറന്ന് കാണണം. ജനകീയ പ്രശ്നങ്ങൾ കണ്ടെത്താനും അതുയർത്തിപ്പിടിച്ച് ജനങ്ങൾക്കുവേണ്ടി പോരാടാനും ഭരണം കിട്ടുന്ന വേളയിലെങ്കിലും അവ പരിഹരിക്കാനും കോൺഗ്രസ്സിന് കഴിയാതെയായിരിക്കുന്നു എന്നുള്ളതാണ് കോൺഗ്രസിന്റെ പരാജയം. അധികാരമില്ലാത്ത കോൺഗ്രസ്സിൽ നിന്നും കൂട്ടമായി എം.എൽ.എ.-മാർ ബി.ജെ.പി.-ലേയ്ക്ക് പോകുന്ന കാഴ്ചയും ഈ രാജ്യം കാണുകയാണ്. ജനപക്ഷത്തോടൊപ്പം നിൽക്കുന്ന രാഷ്ട്രീയ തത്വസംഹിതകളാണ് എന്നും ഇടതുപക്ഷം മുന്നോട്ട് വയ്ക്കുന്നത്. ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തെ

വിളിച്ചുണർത്തി അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കി അവരെ സമരസജ്ജരാക്കി ലോകത്തെ മാറ്റിമറിച്ച മഹാപ്രസ്ഥാനമാണ് ഞങ്ങളുടേത്. ജാതി-മത-വർഗ്ഗീയ-വർണ്ണ വിവേചനമില്ലാതെ മനുഷ്യരെ ഒന്നായി കാണുന്നവരാണ് ഇടതുപക്ഷക്കാർ. അവകാശങ്ങളില്ലാത്ത, പരാതി ബോധിപ്പിക്കാനിടമില്ലാത്ത, ആർക്കോവേണ്ടി പണിയെടുത്ത് ഭൂമിയെ പൊന്നണിയിച്ച നിസ്വവർഗ്ഗത്തിന്റെ നാവായി, ശക്തിയായി ഉയർന്നുവരുന്ന പ്രസ്ഥാനമാണ് ഞങ്ങളുടേത്. അനാചാരങ്ങളുടെ മാറാലകൾ തുത്തെറിഞ്ഞ് ഈ മണ്ണിനെ സംസ്കാര സമ്പന്നമാക്കിയ പ്രസ്ഥാനമാണ് ഞങ്ങളുടേത്. ഇതിനെല്ലാം ഈ മഹാ പ്രസ്ഥാനത്തെ പ്രാപ്തമാക്കിയത് ജനസഭകളിലെ പ്രാതിനിധ്യം മാത്രമായിരുന്നില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, എല്ലാ വിഭാഗം ജനങ്ങളുടെയും സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള ജനപക്ഷ പ്രവർത്തനങ്ങളാണ് ഈ പ്രസ്ഥാനത്തെ കരുത്തുറ്റതാക്കിയത്. ഇടതുപക്ഷത്തിന്റെ ആ രാഷ്ട്രീയസംഹിതയെ ദുർബ്ബലപ്പെടുത്താൻ തെരഞ്ഞെടുപ്പ് ഫലത്തിനായിട്ടില്ല. കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് പരാജയം ഒരു പാഠശാലയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഇടതുപക്ഷ സർക്കാരിന്റെ നടപടികൾ തെറ്റിദ്ധരിച്ചോ അല്ലെങ്കിൽ കേന്ദ്രത്തിൽ കോൺഗ്രസ് ഒറ്റയ്ക്ക് അധികാരത്തിൽ വരുമെന്നോ തെറ്റിദ്ധരിച്ച് വോട്ടുചെയ്തവരെ വിശ്വാസത്തിലെടുത്ത് അവരെ അത് ബോധ്യപ്പെടുത്തി മുന്നോട്ട് പോകാൻ ഞങ്ങൾക്ക് കഴിയും. ഇടതുപക്ഷം ആ പാതയിലാണ്. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക് സഭാ തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് ഏറ്റവും അവസാനം സംസാരിച്ച ശ്രീ. ജി. എസ്. ജയലാലും ചർച്ച തുടങ്ങിവച്ച ശ്രീ. എ. പ്രദീപ്കുമാറുമടക്കം യു.ഡി.എഫ്.-നോട് കണ്ണ് തുറക്കാനാണ് പറയുന്നത്. ഇത്രയും ശക്തമായൊരു പരാജയമുണ്ടായിട്ടും സി.പി.ഐ.-യും സി.പി.ഐ.(എം.)-ഉം ഈ പരാജയത്തിൽ നിന്നും തെറ്റ് തിരുത്താൻ തയ്യാറല്ല എന്നൊരു തെറ്റായ സന്ദേശമാണ് അതിലൂടെ നൽകുന്നത്. ഈ വിധിയെഴുത്ത് എൽ.ഡി.എഫ്. സർക്കാരിന്റെ കണ്ണ് തുറപ്പിക്കാനും തെറ്റ് തിരുത്തി ജനക്ഷേമത്തിനുവേണ്ടി ഭരിക്കുവാനും സഹായിക്കട്ടെയെന്നാണ് ജനനന്മയ്ക്കുവേണ്ടി ഞാൻ പറയാൻ

ആഗ്രഹിക്കുന്നത്. അതോടൊപ്പം കേന്ദ്ര സർക്കാർ കേരളത്തോട് കാണിച്ച വികസന വിരോധമടക്കമുള്ള കാര്യങ്ങൾ തിരുത്തുന്നതിന് ബി.ജെ.പി.-യുടെയും കണ്ണ് തുറപ്പിക്കേണ്ടതായിട്ടുണ്ട്. ശ്രീ. പി. സി. ജോർജ് ചിരിക്കുന്നത് കാണുമ്പോൾ ഞങ്ങൾക്ക് അത്ഭുതം തോന്നുകയാണ്. അദ്ദേഹം ബി.ജെ.പി.-യിൽ ചേർന്നിരിക്കുന്നു വെന്നുള്ളതാണ് അത്ഭുതകരമായ മറ്റൊരു വാർത്ത. അദ്ദേഹം കേരള കോൺഗ്രസിനെ ആക്ഷേപിച്ചു. കേരള കോൺഗ്രസ് ക്രിസ്ത്യാനികളുടെ പാർട്ടിയാണ്, മുസ്ലീം ലീഗ് മുസ്ലീങ്ങളുടെ പാർട്ടിയാണെന്ന് പറഞ്ഞു. അദ്ദേഹം അങ്ങനെ പറയുന്നത് നന്ദികേടാണെന്നാണ് ഞാൻ കരുതുന്നത്. എത്രയോ പ്രാവശ്യം അദ്ദേഹം കേരള കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച് കെ. എം. മാണി സാറിന്റേയും ശ്രീ. പി. ജെ. ജോസഫ് സാറിന്റേയും നേതൃത്വത്തിലുള്ള പാർട്ടികളിലും ഒന്നിച്ച കേരള കോൺഗ്രസിന്റെയും എം.എൽ.എ. ആയ ആളാണ്. എനിക്ക് അദ്ദേഹത്തോട് സ്നേഹം മാത്രമേയുള്ളു. ഇപ്പോൾ ബി.ജെ.പി. മുന്നണിയിൽ ചേർന്നത് അദ്ദേഹത്തിന്റെ വ്യക്തിപരമായ നിലപാടാണ്. പക്ഷെ കേരള കോൺഗ്രസ് പല തവണ എം.എൽ.എ. ആക്കി നിയമസഭയിലേയ്ക്ക് വിട്ട അദ്ദേഹം കേരള കോൺഗ്രസിനെ തള്ളിപ്പറയുന്നത് നിർഭാഗ്യകരമാണ്. കേരള കോൺഗ്രസ് ഒരു മതേതര പാർട്ടിയാണെന്ന് പറയാൻ ഞങ്ങളാഗ്രഹിക്കുന്നു. 100 ശതമാനത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, കേരള കോൺഗ്രസിന് ഒരു സീറ്റാണ് ലഭിച്ചത്. ആ സീറ്റിൽ കോട്ടയത്ത് കേരള കോൺഗ്രസ് മത്സരിച്ചു. കേരള കോൺഗ്രസ് ഒറ്റക്കെട്ടായി വർക്ക് ചെയ്തതിന്റെ ഫലമായി ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തോടെ ശ്രീ. തോമസ് ചാഴികാടൻ കോട്ടയത്ത് ജയിക്കുമ്പോൾ 100 ശതമാനം വിജയം കേരള കോൺഗ്രസിന് ലഭിച്ചു. കേരളത്തിലെ യു.ഡി.എഫ്.-ന്റെ വിജയത്തിനുവേണ്ടി ഇടുക്കിയടക്കമുള്ള സീറ്റുകളിൽ കേരളാ കോൺഗ്രസ്സിന് ആത്മാർത്ഥമായ സംഭാവനകൾ നൽകുവാൻ കഴിഞ്ഞു. ഞങ്ങൾക്കൊരു സങ്കടമുള്ളത്, പാർട്ടിയുടെ അഭിവന്ദ്യനായ നേതാവ് കെ. എം. മാണി സാർ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കാലഘട്ടത്തിൽ നമ്മളെ വിട്ടുപിരിഞ്ഞ വേദനാജനകമായ സാഹചര്യമുണ്ടായി എന്നുള്ളതാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ ഞാൻ പ്രണാമമർപ്പിക്കുന്നു.

രാഷ്ട്രീയമായ കാര്യങ്ങളിലേയ്ക്ക് കടക്കാൻ സമയമില്ലാത്തതുകൊണ്ട് ആഭ്യന്തര വകുപ്പിന്റെ ചർച്ചയിലേയ്ക്ക് നേരിട്ട് കടക്കുകയാണ്. ഇന്നത്തെ പത്രത്തിൽ വന്ന സങ്കടകരമായ ഒരു വാർത്തയാണ്, ഇന്നലെയുണ്ടായ അപകടത്തിൽ എട്ട് പേർ മരിച്ചു എന്നുള്ളത്. അപകടത്തിൽപ്പെട്ടവരുമായി പോയ ആംബുലൻസ് ലോറിയുമായി കൂട്ടിയിടിച്ചാണ് മരണമുണ്ടായത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നുള്ള

ഇടപെടൽ ഏറ്റവും ഗൗരവമായി എടുക്കേണ്ട വിഷയമാണ്. മൊത്തത്തിൽ പരിശോധിച്ചപ്പോൾ കഴിഞ്ഞ വർഷം വിവിധ റോഡപകടങ്ങളിലായി 4,200 പേർ മരണപ്പെടുകയും 43,000-ത്തോളം ആളുകൾ അപകടങ്ങളിൽപ്പെടുകയും 63,000 പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. നിരന്തരമായുണ്ടാകുന്ന ഈ അപകടങ്ങൾ കുറയ്ക്കുവാനാവശ്യമായ നടപടി പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകണം. പൊതുവെ ഭരണരംഗത്ത് 'Three E's' എന്ന് പറയാറുണ്ട് - എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ, എൻഫോഴ്സ്മെന്റ്. അതിൽ എഞ്ചിനീയറിംഗ് പി.ഡബ്ല്യൂ.ഡി.യുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളാണ്. അപകടങ്ങൾ കുറയ്ക്കുവാൻ പി.ഡബ്ല്യൂ.ഡി. ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. എഡ്യൂക്കേഷനിൽ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് മദ്യപാനം ഉപേക്ഷിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വരും. എൻഫോഴ്സ്മെന്റിന്റെ കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നു മുണ്ടാകേണ്ട നടപടികളെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് പരിഗണിക്കേണ്ട തായിട്ടുണ്ടെന്ന് സൂചിപ്പിക്കുവാനാഗ്രഹിക്കുകയാണ്. ട്രാഫിക് പോലീസിന്റെ എണ്ണം വളരെ കുറവാണ്. ട്രാഫിക് പോലീസ് ഉൾപ്പെടെയുള്ള പോലീസിന്റെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുക എന്നുള്ളത് അത്യാവശ്യമായി തീർന്നിരിക്കുകയാണ്. റോഡ് സേഫ്റ്റിയുമായും ട്രാഫിക് സേഫ്റ്റിയുമായും ബന്ധപ്പെട്ട നടപടികൾ സർക്കാർ തലത്തിൽ ഇതിനായി സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഫണ്ടുണ്ടെങ്കിലും പലപ്പോഴും ഇത് ലാപ്സാകുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ ശ്രദ്ധേയമായ ഒരിടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടാമത്തെ കാര്യം, കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് ഗൗരവമായി കാണേണ്ടതുണ്ട്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് എല്ലാ കാലത്തുമുള്ളതാണ്, അത് സർക്കാരിന്റെ മാത്രം പരാജയമാണെന്ന് പറയേണ്ട കാര്യമില്ല. പക്ഷേ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടി വരുമ്പോൾ ആവശ്യത്തിന് പോലീസ് ഉദ്യോഗസ്ഥർ ഇല്ലാത്തതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷം 8,36,000 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതായിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഈ കേസുകൾ കൈകാര്യം ചെയ്യാൻ ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ 26,000 പോലീസുകാർ മാത്രമേ ഉള്ളൂ. മറ്റൊരു കാര്യം, വിവിധ ഡ്യൂട്ടികൾക്കായി പോലീസുകാർ പല സ്ഥലങ്ങളിൽ പോകുമ്പോൾ ലാ & ഓർഡർ നിർവ്വഹിക്കുവാനും കേസ്സുകൾ നടത്തിക്കൊണ്ടുപോകാനും ആവശ്യത്തിന് പോലീസുകാരില്ലെന്നുള്ള പ്രശ്നം ഇന്നും നിലനിൽക്കുകയാണ്. ഇപ്പോൾ പോലീസ് വകുപ്പിൽ പുതിയതായി നിയമനം നടത്തിയിട്ടുണ്ടെങ്കിലും പോലീസിന്റെ സ്ട്രെംഗ്ത്

വർദ്ധിപ്പിക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേസന്വേഷണത്തിലെ കാലതാമസവും അനിശ്ചിതാവസ്ഥയും പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. 'Under Investigation Cases' എന്ന നിലയിൽ പതിനെട്ട് ലക്ഷത്തോളം കേസ്സുകളാണ് ഇപ്പോൾ നിലനിൽക്കുന്നത്. കേസന്വേഷണത്തിന്റെ കാര്യത്തിൽ ജാഗ്രതയോടെയുള്ള ഇടപെടൽ വേണം. മുൻകാലങ്ങളിൽ 'Crime Audit' എന്നൊരു സിസ്റ്റം സംസ്ഥാനത്ത് നടപ്പാക്കിയിരുന്നു. In-depth Inspection എന്ന നിലയിലുണ്ടായിരുന്ന ആ നടപടി പിന്നീട് അവസാനിക്കുകയുണ്ടായി. ഈ അവസരത്തിൽ ഒരു പ്രത്യേക കാര്യംകൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംഗീതലോകത്തിന്റെ തേജസ്സായിരുന്ന ബാലഭാസ്കറിന്റെ മരണവും അതിനെത്തുടർന്നുണ്ടായിരിക്കുന്ന ദുരൂഹതകളും ചർച്ചയാവുകയാണ്. ബാലഭാസ്കറിന്റെ മരണം കേരളത്തെ മുഴുവൻ വേദനിപ്പിച്ചതാണ്. അതുമായി ബന്ധപ്പെട്ട് സമഗ്രമായൊരന്വേഷണം ഇന്നാവശ്യമായി വന്നിരിക്കുകയാണ്. ഇപ്പോൾ ചൂണ്ടിക്കാണിക്കുന്ന വിവിധ തരത്തിലുള്ള ദുരൂഹതകൾ എന്തൊക്കെയാണെന്ന് പരിശോധിക്കുവാനും മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുറത്തുകൊണ്ടുവരാനും സർക്കാർ കൂടുതൽ ജാഗ്രത കാണിക്കണമെന്നഭ്യർത്ഥിക്കുകയാണ്. എനിക്ക് മറ്റൊരു നിർദ്ദേശം പറയുവാനുള്ളത്, ഇന്റലിജൻസ് വിഭാഗത്തിനെ ശക്തിപ്പെടുത്തുക എന്ന പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഇതുവരെയായിട്ടും എങ്ങും എത്തിയിട്ടില്ല. അന്വേഷണം സി. ബി. ഐ.-ക്ക് വിടുന്നതിനെപ്പറ്റി അങ്ങേയ്ക്ക് എന്താണഭിപ്രായം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനൊരു തീരുമാനമെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. മോൻസ് ജോസഫ്: സർ, ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന് സർക്കാർ ഒരു പരിഗണന കൊടുക്കേണ്ടതാണ്. ഞാൻ പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയുവാനാഗ്രഹിക്കുന്നു. നക്സലൈറ്റുകളെയും ടെററിസ്റ്റുകളെയും നേരിടുന്ന കാര്യത്തിൽ നമ്മുടെ ശ്രദ്ധയിൽ വന്ന ചില കാര്യങ്ങളുണ്ട്. കേരളം ശാന്തവും സമാധാനവുമുള്ള ദൈവത്തിന്റെ സ്വന്തം നാടാണ്. ഇവിടെ മാഫിയാ സംഘങ്ങൾ തഴച്ചുവളരുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. കേരളത്തിൽ സ്വർണ്ണ കള്ളക്കടത്ത് വ്യാപകമായിരിക്കുകയാണെന്നാണ് സമീപകാലത്ത് വന്നിരിക്കുന്ന വാർത്ത. കിലോ കണക്കിന് സ്വർണ്ണവുമായിട്ട് മാഫിയാ സംഘങ്ങൾ തിരുവനന്തപുരം വിമാനത്താവളമടക്കം പിടിമുറുക്കുകയാണ്. കേരളത്തിൽ അരാജകത്വശക്തികൾ കടന്നുവരുന്നു.

ഞാനിവിടെ രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഒന്ന്, നക്സലൈറ്റുകളുമായി ബന്ധപ്പെട്ട വിഷയം, ശ്രീലങ്കയിൽ ഈസ്റ്ററിന് പള്ളിയിൽ ബോംബുവച്ച നക്സലൈറ്റുകൾ കേരളത്തിൽ എത്തിയശേഷമാണ് പോയതെന്നുള്ള വാർത്ത വന്നു. രണ്ട്, ആന്ധ്രയിൽ നിന്നും രക്ഷപ്പെട്ട ടെററിസ്റ്റുകളിൽ നാലുപേരെ കേരളത്തിൽ വച്ച് അറസ്റ്റുചെയ്തുവെന്ന വാർത്ത വന്നു. ഇതുപോലെയുള്ള മാഫിയാ സംഘങ്ങളും തീവ്രവാദികളും പ്രശ്നക്കാരുമെല്ലാം കേരളം വഴി കടന്നുവരുന്നു വെന്നുള്ള പ്രശ്നത്തെ ഗൗരവമായി കാണണം. അതുകൊണ്ട് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തണം. മാഫിയകളെ അടിച്ചമർത്താനുള്ള സാഹചര്യം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനത്തിലൂടെ യുവതലമുറ വഴിതെറ്റുന്ന ഒരു വിഷയവുമുണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽപ്പോലും ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിൽ എസ്.പി.സി (Students Police Cadet) തുടങ്ങാൻ കഴിഞ്ഞാൽ അത് സർക്കാർ ചെയ്യുന്ന വലിയ കാര്യമായിരിക്കും. അതിലൂടെ കുട്ടികളിൽ ഉത്തരവാദിത്വബോധമുണ്ടാകുകയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ആത്മധൈര്യമുണ്ടാകുകയും ചെയ്യും; കൂടാതെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി നിലകൊള്ളാനും തയ്യാറാകും. ആ നന്മ ഉൾക്കൊണ്ടുകൊണ്ട് ഈ രംഗത്ത് കൂടുതൽ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായിട്ടുമുണ്ടാകണം. ക്രിയാത്മകമായ ഇത്തരം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

<u>ശ്രീ. കെ. ബാബു</u>: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഭരണ നിർവ്വഹണത്തിലും കാര്യക്ഷമതയിലും കേരളം രാജ്യത്ത് ഒന്നാമതാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം ഏറ്റവും അഴിമതി കുറഞ്ഞതും വർഗ്ഗീയ സംഘട്ടനങ്ങളോ സാമുദായിക ലഹളയോ ഇല്ലാതെ ജനങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന ഇന്ത്യയിലെ ഏകസംസ്ഥാനവും എല്ലാ വർഷവും ജനങ്ങൾക്ക് മുമ്പിൽ പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് അവതരിപ്പിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനവും കേരളമാണ്. ഇന്ത്യാ ടുഡേയുടെ റിപ്പോർട്ടനുസരിച്ച് ക്രമസമാധാന പാലനത്തിലും കേരളം ഒന്നാമതാണ്. അത്തരമൊരവസ്ഥയിൽ കേരളത്തെക്കൊണ്ടെത്തിച്ച കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെയും പ്രത്യേകിച്ച് എൽ.ഡി.എഫ്. സർക്കാരിനെയും ആഭ്യന്തര വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് ആദ്യമന്ത്രിസഭയിലെ ആദ്യത്തെ തീരുമാനം കഴിഞ്ഞ

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ക്രൂരമായി കൊലചെയ്യപ്പെട്ട ജിഷ എന്ന പെൺകുട്ടിയുടെ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചതായിരുന്നു. സ്പെഷ്യൽ ടീമിനെ നിയമിക്കുക മാത്രമല്ല മാസങ്ങൾക്കകം ആ കൊലയാളിയെ കണ്ടെത്തി ഇരുമ്പഴിക്കുള്ളിലടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമം പൂർത്തീകരിക്കുകയും ചെയ്തു. അക്രമശ്രമങ്ങളുടെയും മറ്റ് കേസ്സുകളുടെയും കാര്യത്തിൽ സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2017-നെ അപേക്ഷിച്ച് 2018-ൽ 1,41,672 എണ്ണം കുറവാണ്. കൊലപാതക കേസ്സുകൾ നോക്കിയാലും 2017-ൽ 305 -ഉം 2018-ൽ 276 -ഉം ആണ്. ഇത് ആഭ്യന്തര വകുപ്പിന്റെ ക്രമസമാധാന നിലയുടെ ഭദ്രതയാണ് സൂചിപ്പിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയവും പ്രകൃതി ദുരന്തങ്ങളും സാമ്പത്തിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചപ്പോഴും പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന് 2016-ലെ ആദ്യ ബഡ്ജറ്റിൽ 45 കോടി രൂപയാണെങ്കിൽ 2019-2020-ൽ 179 കോടി രൂപയാണ് ചെലവഴിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന തീരുമാനമെടുക്കുക മാത്രമല്ല പോലീസ് സേനയിൽ 2,980 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 1,873 താൽക്കാലിക തസ്തികകൾ നിലനിർത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ പത്ത് ശതമാനമായും പടിപടിയായി വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം ഇരുപത്തിയഞ്ച് ശതമാനമായും വർദ്ധിപ്പിക്കാനെടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്താദ്യമായി വനിതാ ബറ്റാലിയനാരംഭിച്ച് 451 തസ്തികകൾ സൃഷ്ടിച്ച് women commando platoon-ന്റെ പരിശീലനം പൂർത്തീകരിച്ച ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. അട്ടപ്പാടിയിലെ മധുവിന്റെ സഹോദരിയുൾപ്പെടെ ആദിവാസി സമൂഹത്തിൽപ്പെട്ട 74 പേരെ പ്രത്യേക നിയമനം വഴി പോലീസ് സേനയുടെ ഭാഗമാക്കിയതും ഈ സർക്കാരാണ്. പ്രളയ രക്ഷാപ്രവർത്തന സമയത്ത് ഓടിയെത്തിയ സൈന്യാധിപൻമാരായ 179 മത്സ്യത്തൊഴിലാളികൾക്ക് കോസ്റ്റ് ഗാർഡ് തസ്തികയിൽ നിയമനം നൽകിയാണ് ഈ സർക്കാർ ആദരിച്ചത്. അതിൽ അഞ്ച് പേർ സ്ത്രീകളാണ്. എൽ.ഡി.എഫ്. സർക്കാർ സാമൂഹ്യപരമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ പക്ഷത്താണെന്ന് ഈ നിയമനത്തിലൂടെ തെളിയിക്കപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുക്കുന്ന ആഭ്യന്തര വകുപ്പിൽ അഭിമാനാർഹമായ നേട്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും 24 മണിക്കൂറും അടിയന്തര സഹായം ലഭ്യമാക്കുന്ന 'പിങ്ക് പട്രോൾ' 8 ജില്ലകളിൽ നിന്ന് 14 ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. പണ്ട്, കരയുന്ന കുട്ടികളുടെ കരച്ചിലടക്കാൻ അമ്മമാർ പോലീസ് വരുമെന്ന് ഭയപ്പെടുത്തുമായിരുന്നു.

എന്നാൽ ഇന്ന് ആ കുട്ടികൾ വളരെ സ്നേഹത്തോടെ, ഇതാ പോലീസ് മാമൻ വരുന്നുവെന്നാണ് അമ്മമാരോട് പറയുന്നത്. ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ 6-ൽ നിന്ന് 54-ലേയ്ക്ക് ഉയർത്തി, അതിന്റെ ചുമതലയുള്ള പോലീസുകാർക്ക് പ്രത്യേക പരിശീലനവും പൂർത്തീകരിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് കേന്ദ്ര സർക്കാർ ഏറ്റെടുത്ത് ഇന്ത്യയിലെ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാൻ പോകുന്നത് കേരളത്തിന് അഭിമാനകരമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് 59 സ്കൂളുകളിലൂടെ വ്യാപിപ്പിച്ച് 645 സ്കൂളുകളിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഗുണ്ടാ മയക്കുമരുന്ന് വേട്ടയ്ക്ക് 'ഓപ്പറേഷൻ ബോൾട്ട്', സർക്കാർ ഓഫീസിലെ അഴിമതിക്കാരെ പിടികൂടാൻ വിജിലൻസ് സേനയുടെ 'ഓപ്പറേഷൻ തണ്ടർ', മാവോയിസ്റ്റുകളെ പിടികൂടാൻ 'ആന്റി നക്സൽ സ്ക്വാഡ്' എന്നിവ കൂടാതെ ക്രൈം ബ്രാഞ്ചിൽ മൂന്ന് ജില്ലകളൊഴികെയുള്ള 11 ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരെ വിന്യസിപ്പിച്ചതും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. ട്രാഫിക് കേസന്വേഷണം ലോക്കൽ പോലീസിന് കൈമാറുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും ട്രാഫിക് യൂണിറ്റുകളേയും ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവന്ന് ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനവും സർക്കാർ ആരംഭിച്ചുകഴിഞ്ഞു. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കേസന്വേഷണം ഉറപ്പുവരുത്തുന്നതിനും മുഴുവൻ സ്റ്റേഷനുകളിലും ഇൻസ്പെക്ടർ എസ്.എച്ച്.ഒ. (സ്റ്റേഷൻ ഹൗസ് ഓഫീസർ) സംവിധാനം ആരംഭിക്കുകയും അത് പൂർത്തീകരിക്കാൻ കഴിഞ്ഞതും ഈ ഗവൺമെന്റിന്റെ കാലത്താണ്. ചരിത്രത്തിലാദ്യമായി കേരളാ ഫയർ സർവ്വീസിൽ 100 ഫയർ വിമൻ തസ്തിക സൃഷ്ടിച്ച് ആഭ്യന്തര വകുപ്പിന്റെ തൊപ്പിയിൽ ഒരു പൊൻതൂവൽ ചാർത്തിയിരിക്കുകയാണ്. കണ്ണൂർ ആസ്ഥാനമായി പുതിയ ഫയർ സ്റ്റേഷൻ ഡിവിഷനുകൾ ആരംഭിച്ചു. ഏറ്റവും കൂടുതൽ പ്രളയാനന്തരമുള്ള അപകടവും വേനൽക്കാലത്ത് കാട്ടുതീ പടരുന്നതുമായ പ്രദേശത്തുനിന്നുമാണ് ഞാൻ ജനപ്രതിനിധിയായി ഇവിടെ എത്തിയിരിക്കുന്നത്. എന്റെ മണ്ഡലമായ നെന്മാറയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള അനുമതി ഈ ഗവൺമെന്റിൽ നിന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. പുതിയ ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയ പോലീസ് സംവിധാനത്തിലെ പരിഷ്കാരങ്ങൾ ഏറെ അഭിമാനാർഹമാണ്. 24 മണിക്കൂറും അവധിയില്ലാതെ പ്രവർത്തിക്കുന്ന ദുബായ് സ്മാർട്ട് പോലീസ് സ്റ്റേഷൻ മാതൃക കേരളത്തിൽ നടപ്പിലാക്കാനുള്ള ശ്രമത്തെയും ചർച്ചയേയും ഞാൻ സ്വാഗതം ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. തോക്ക് ഏന്തിയ പാറാവുകാർക്ക് പകരം ലോകത്ത് അത്യപൂർവ്വവും രാജ്യത്ത്

ആദ്യത്തേതുമായ കെ.പി. ബോട്ട് എന്ന മനുഷ്യരൂപത്തിലുള്ള റോബോട്ട് സ്ഥാപിച്ച് പോലീസ് ചരിത്രത്തിലിടം കുറിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പിനും ഞാനൊരു ബിഗ് സല്യൂട്ട് നൽകുകയാണ്. താമസസ്ഥലവും കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള മറ്റെല്ലായിടത്തും മോഷണത്തെയും മോഷ്ടാവിനെയും ഭയക്കാതെ 24 മണിക്കൂറും സുരക്ഷ നൽകുന്ന സെൻട്രലൈസ്ഡ് ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ സ്ഥാപിക്കുന്ന ആഭ്യന്തര വകുപ്പിന് പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു. മൊബൈൽ ആപ്പ് വഴി നിരവധി സേവനമാണ് വകുപ്പ് നൽകുന്നത്. പോലീസ് സ്റ്റേഷൻ സർവ്വീസ് പ്രൊവൈഡിംഗ് സ്റ്റേഷനാക്കി മാറ്റുന്നതിന്റെ ഭാഗമായി രക്ഷ, സിറ്റിസൺ, സേഫ്റ്റി, ഫയർ എ കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, നോ യുവർ ജൂറിസ്ഡിക്ഷൻ, തുണ, സൈബർ കുറ്റങ്ങൾ തടയാൻ എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി., വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്ക്, സ്ത്രീശക്തി-കുടുംബശ്രീ-നിർഭയ കൂട്ടായ്മയിലൂടെ സൈബർ പരിശീലനവും സർക്കാരിന്റെ ഭാഗത്തുനിന്നും പൂർത്തീകരിച്ചിരിക്കുന്നു. ഏറ്റവും ഒടുവിൽ പോലീസ് സേനയുടെ ഘടനാപരമായ മാറ്റത്തിനായി ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലും പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കാൻ ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും ശ്രമിച്ചതിനേയും ഞാൻ അഭിനന്ദിക്കുന്നു. പോലീസ് സേനയുടെ മുദ്രയിൽ ആലേഖനം ചെയ്ത ആപ്ത വാക്യം "മൃദുഭാവേ ദൃഢ കൃത്യേ" എന്നാണ്. പോലീസ് സേനാംഗങ്ങൾക്കായി നടത്തുന്ന കായിക മൽസരങ്ങളിലൂടെ ആർജിക്കുന്ന ഊർജ്ജം കൃത്യനിർവ്വഹണത്തിൽ ദൃഢത ഉണ്ടാക്കുമ്പോൾ കലാമത്സരങ്ങളിലൂടെ സേനാംഗങ്ങൾക്ക് ലഭിക്കുന്ന മാനസികമായ മൃദുത്വ ഭാവം വീണ്ടെടുക്കണമെന്ന തിരിച്ചറിവാണ് ഇന്നലെകളിൽ നിർത്തിവച്ചിരുന്ന കലാമത്സരങ്ങളിലൂടെ ആരംഭിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചത്; അതിനേയും ഞാൻ അഭിനന്ദിക്കുന്നു. ഇത് വെറും വാക്കുകളല്ല. നിരവധി അവാർഡുകളാണ് ഈ സർക്കാരിന് ഇത്തരം പ്രവർത്തനങ്ങളിലൂടെ ലഭിച്ചിട്ടുള്ളത്. യു.എ.ഇ.-യുടെ Best M- Government Service Award സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ 'Traffic Guru'-ന് ലഭിച്ചു. യൂണിയൻ ഹോം മിനിസ്ട്രിയുടെ Asadharan Aasuchana Kushalta Padak, 2018 കോഴിക്കോട് റെയിഞ്ചിനാണ് ലഭിച്ചത്. FICCI - യുടെ Award for Best Practices in SMART Policing, 2018 അവാർഡും ഈ സർക്കാരിന് ലഭിച്ചു. 2018-ലെ SKOCH Governance Award കേരള പോലീസിനാണ് ലഭിച്ചത്. ദുബായിൽ നിന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ നമ്മുടെ പോലീസ് സേന കേന്ദ്രങ്ങൾ സന്ദർശിച്ചത് മാത്രമല്ല അതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് തുടക്കം

കുറിക്കുന്നതും അഭിമാനാർഹമായ നേട്ടമാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജിതരുടെ പക്ഷത്താണ്. ഇന്ത്യാരാജ്യത്ത് ഇടതുപക്ഷം ചെറുതാണെങ്കിലും ഞങ്ങളുടെ പരാജയത്തെ സംബന്ധിച്ച് വലിയ തോതിൽ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്ന പാർട്ടിയാണ്. രാജ്യത്ത് കോൺഗ്രസ് ഇല്ലാതായാലും വേണ്ടില്ല, കേരളത്തിൽ ഇടതുപക്ഷത്തെ തകർക്കണമെന്ന ലക്ഷ്യം വച്ചുകൊണ്ട് എ.ഐ.സി.സി.-യുടെ ചില ഉന്നതൻമാർ നടത്തിയ കുബുദ്ധിയാണിത്. ശ്രീ. നരേന്ദ്ര മോദിയെ പേടിച്ച് പടനായകന് പട നയിക്കാൻ കഴിയാതിരുന്നപ്പോൾ അതിനുപറ്റാവുന്നത് കേരളമാണെന്നും വയനാടാണെന്നും തെളിയിച്ച് തിരിച്ചുകൊണ്ടുവന്നത് അവരുടെ കുബുദ്ധിയായിരുന്നു. അതിന്റെ ഭാഗമായി കേരളത്തിലെ ജനങ്ങളോട് യു.ഡി.എഫ്. പറഞ്ഞത് മോദി സർക്കാരിനെ തടയാൻ കോൺഗ്രസിനേ കഴിയൂവെന്നാണ്. ഇന്ത്യാരാജ്യത്ത് അടുത്ത പ്രധാനമന്ത്രിയാകാൻ പോകുന്നത് രാഹുൽജി എന്നാണ് അവർ പ്രചരിപ്പിച്ചത്. ഞങ്ങൾ ചോദിക്കുന്നു, ശ്രീ. നരേന്ദ്ര മോദി നേതൃത്വം കൊടുക്കുന്ന ബി.ജെ.പി.-യെ തളയ്ക്കാൻ കോൺഗ്രസിന് കഴിഞ്ഞോ? പ്രധാനമന്ത്രിപദം പോയിട്ട്, പ്രതിപക്ഷ നേതൃസ്ഥാനത്ത് എത്താനുള്ള സീറ്റുപോലും അവർക്ക് ലഭിക്കാതെ പോയി. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശൈലിയിൽ മാറ്റം വരുത്തണമെന്നാണ്. ഞങ്ങൾ ചോദിക്കട്ടെ, ചൗക്കീദാർ ചോർ ഹൈകാവൽക്കാരൻ കള്ളനെന്ന് ബി.ജെ.പി.-യുടെ റാഫേൽ അഴിമതിയെക്കുറിച്ച് രാഹുൽഗാന്ധി പറഞ്ഞപ്പോൾ അത് ഏറ്റുപറയാൻ ഒരാളും ഉണ്ടായിരുന്നില്ല. കൂടെയുണ്ടായിരുന്ന ആളുകൾ പ്രതികരിക്കാതിരുന്നത് അവർ ആദർശ് ഫ്ലാറ്റിന്റെയും ടു ജി സ്പെക്ട്രത്തിന്റെയും കൽക്കരി കുംഭകോണത്തിന്റെയും കോമൺവെൽത്ത് ഗെയിംസിന്റെയും അഴിമതിവിഹിതം പറ്റിയവരായിരുന്നതുകൊണ്ടാണ്. അഴിമതിയുടെ കാര്യത്തിൽ ബി.ജെ.പി.-യും കോൺഗ്രസും മുക്കാൽക്കള്ളനും മുഴക്കള്ളനും കളിക്കുമ്പോൾ, തന്റെ മന്ത്രിസഭയിൽ അഴിമതി നടത്തുന്ന ഒരു മന്ത്രിയെയും വച്ചുപൊറുപ്പിക്കില്ലെന്ന് പറഞ്ഞ് അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശൈലിയാണോ തിരുത്തണമെന്ന് നിങ്ങൾ പറയുന്നത്? മംഗലാപുരത്ത് വന്നാൽ തലയെടുക്കും, ഹൈദ്രാബാദിൽ വന്നാൽ കാലെടുക്കും എന്ന് പ്രഖ്യാപിച്ച ആർ.എസ്.എസ്. സംഘ്പരിവാറിന്റെ വെല്ലുവിളി ഏറ്റെടുത്ത് മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും വേണ്ടി പൊരുതുന്ന ധീരനായ മുഖ്യമന്ത്രിയുടെ ശൈലിയാണോ യു.ഡി.എഫ്. മാറ്റണമെന്ന് പറയുന്നത്. ആ രണ്ട് ശൈലികളും തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനയെ പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ മൂന്ന് വർഷം വിജയകരമായി പൂർത്തിയാക്കിയതിന്റെ പ്രോഗ്രസ് റിപ്പോർട്ട് ഇന്ന് വൈകിട്ട് കനകക്കുന്ന് കൊട്ടാരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പീക്കർക്ക് നൽകികൊണ്ട് പ്രകാശനം ചെയ്യുകയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടായിട്ടു പോലും മനസാന്നിദ്ധ്യത്തോടുകൂടി കേരളത്തെ നയിച്ചുകൊണ്ട് പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കാൻ സാധിച്ചുവെന്നുള്ളത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി കാണാൻ സാധിക്കും. പക്ഷേ അപ്പോഴും ചില ആളുകൾ ചോദിക്കുന്നത്, പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്തുകൊണ്ട് തിരിച്ചടിയുണ്ടായി എന്നാണ്. 48% ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ശ്രീ. നരേന്ദ്ര മോദിയെ ഒഴിച്ചുനിർത്തി എങ്ങനെ രക്ഷപ്പെടാൻ സാധിക്കുമെന്ന് ആലോചിച്ചിട്ടുള്ള ആളുകളാണ് ന്യൂനപക്ഷവിഭാഗത്തിലും അതുപോലെയുള്ള മറ്റ് വിഭാഗങ്ങളിലുമുള്ളത്. കോൺഗ്രസിന്റെ തെറ്റായ പ്രചാരണങ്ങളിൽ കുടുങ്ങിയാണ് ഇതുപോലൊരു സമീപനം ആ ഭാഗത്തുനിന്നും ഉണ്ടായതെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ബി.ജെ.പി.-ക്ക് പകരം കോൺഗ്രസ് വരില്ലെന്ന് ഇടതുപക്ഷം അന്ന് വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്. കാരണം, യു.പി.-യിൽ 80 സീറ്റിൽ 2 സീറ്റിലാണ് കഴിഞ്ഞ തവണ കോൺഗ്രസ് ജയിച്ചത്. അതുപോലും ജയിക്കാൻ ഇപ്രാവശ്യം സാധ്യതയില്ല. അവിടെയുള്ള പ്രാദേശിക കക്ഷികളുടെ സഹായമുണ്ടെങ്കിൽ അവർ മുന്നോട്ട് വച്ചതുപോലെ രണ്ട് സീറ്റ് കോൺഗ്രസിന് കൊടുക്കാം, അതിൽ ജയിച്ചെങ്കിലായെന്നാണ് നമ്മളൊക്കെ അന്ന് പറഞ്ഞത്. പക്ഷെ കേരളത്തിലേയ്ക്ക് ശ്രീ. രാഹുൽഗാന്ധിയെ കൊണ്ടുവന്ന് തെറ്റായ ഒരു സന്ദേശം നൽകിക്കൊണ്ട് ജനാധിപത്യവിരുദ്ധമായ സമീപനം സ്വീകരിച്ചതു കൊണ്ടാണ് ഇങ്ങനെയൊരു ഫലം വന്നത്. ഇൻഡ്യാ രാജ്യത്ത് ബി.ജെ.പി.-ക്ക് പകരമായി കോൺഗ്രസ് വരില്ല, അതിനുള്ള ത്രാണി കോൺഗ്രസിനില്ലെന്ന് നമ്മൾ വളരെ വ്യക്തമായിത്തന്നെ അന്ന് പറഞ്ഞതാണ്. പക്ഷെ അക്കാര്യത്തിലുള്ള പ്രചണ്ഡമായ പ്രചാരവേലകൾ ഒരുപക്ഷെ കേരളത്തിലെ ജനങ്ങളെ സ്വാധീനിച്ചി ട്ടുണ്ടാകണം. പക്ഷെ ആ സന്ദർഭത്തിൽപ്പോലും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ നമുക്ക് അവസരമുണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷെ ഒരു കാര്യം ഉറപ്പിച്ചുപറയാൻ സാധിക്കും ഈ തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ പ്രതിപക്ഷത്തിന് സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു കുറ്റവും പറയാനുണ്ടായിരുന്നില്ല എന്നുള്ളതാണ്. അതുതന്നെയാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി കാണാൻ സാധിക്കുന്നത്. മൂന്നുവർഷത്തെ നേട്ടത്തിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ ധാരാളം

കാര്യങ്ങളുണ്ട്. കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പന്തീരാങ്കാകാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിച്ചു. വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു കാര്യം നടപ്പാലാക്കാൻ സാധിച്ചതിന് സർക്കാരിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അതുപോലെതന്നെ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ കോഴിക്കോട് ജില്ലയിലെ മാവൂരിന് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. അതിനും ഈ സർക്കാരിനെ അഭിനന്ദിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഇവിടെ എല്ലാ ആളുകളും ആവശ്യപ്പെട്ട ഒരു കാര്യമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്. നമ്മുടെ വിദ്യാർത്ഥികളിൽ അച്ചടക്കബോധം വളർത്താൻ ഏറ്റവും ഉപയുക്തമായ ഒരു മാർഗ്ഗമാണ് സ്റ്റുഡന്റ് പോലീസ് സംവിധാനം. അത് പരമാവധി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. അതുപോലെതന്നെ കടലിന്റെയും കാടിന്റെയും മക്കളെ സുരക്ഷാ മേഖലയിലേയ്ക്ക് കൊണ്ടുവരാനും വാഗ്ദാനം പാലിച്ച് അവർക്ക് ചുമതല ഏൽപ്പിച്ചുകൊടുക്കാനും ഈ സർക്കാരിന് സാധിച്ചുവെന്നുള്ളതും എടുത്തുപറയേണ്ട കാര്യമാണ്. ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിൽ ഒത്തുകളിക്കുകയാണെന്ന ആരോപണം ഇവിടെ ചില ആളുകൾ സൂചിപ്പിക്കുക യുണ്ടായി. ആരാണ് ഒത്തുകളിച്ചത്? ഞാൻ കഴിഞ്ഞ പ്രസംഗത്തിൽ ഒരു ഡി.ജി.പി.-യെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അദ്ദേഹത്തെ 'ബാഹുബലി'യായിട്ടാണ് കണ്ടത്. അന്ന് അദ്ദേഹം അത് നിഷേധിച്ചു. 'ബാഹുബലി' എന്ന വാക്കുപോലും പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹമത് പറഞ്ഞിട്ടുണ്ടെന്ന് നിയമസഭാരേഖകളിൽ വളരെ വ്യക്തമായിത്തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. 'ബാഹുബലി' എന്ന് പറഞ്ഞുവെന്നുമാത്രമല്ല, അദ്ദേഹത്തിന്റെ കേസ് സുപ്രീംകോടതിയിൽ വന്നപ്പോൾ, മുസ്ലീം ലീഗ് പ്രത്യേക അഭിഭാഷകനെ ഏർപ്പെടുത്തി അദ്ദേഹത്തെ ജയിപ്പിച്ചുവെന്ന് പറഞ്ഞ് വലിയ പ്രചരണം നടത്തിയിട്ടുള്ള ആളുകളാണ് അപ്പുറത്തുള്ളത്. ആ കാലഘട്ടത്തിൽ UAPA ഏതുവിധത്തിലാണ് ദുരുപയോഗം ചെയ്തതെന്ന് നമുക്കറിയാം. കണ്ടതിനും കേട്ടതിനുമൊക്കെ എല്ലാ കേസ്സുകളിലും UAPA ചുമത്തുന്ന സമീപനമാണ് ആ കാലഘട്ടത്തിലുണ്ടായിരുന്നത്. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്ന ദിവസം എല്ലാ മുസ്ലീം പള്ളികളിലും പ്രാർത്ഥനാ യോഗങ്ങൾ നടത്തണമെന്ന് ഒരു സംഘടന പറയുകയാണ്. എല്ലാ ക്ഷേത്രങ്ങളിലും വീടുകളിലും നിലവിളക്ക് കത്തിക്കണമെന്നാണ് ഈപറയുന്ന ഡി.ജി.പി.-യുടെ ആഹ്വാനം. ഇത് രണ്ടും രാജ്യത്തിന് അപകടകരമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ജനാധിപത്യപരമായി തെരഞ്ഞെടുത്ത ഒരു സർക്കാർ അധികാരത്തിൽ വരുമ്പോൾ പള്ളിയിൽ പ്രത്യേക പ്രാർത്ഥന

നടത്തണമെന്നും ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകൾ നടത്തണമെന്നും പറയുന്ന സംവിധാനം വളർത്തിക്കൊണ്ടുവരാനാണ് ചില ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് നിലനിൽക്കുന്ന സാമുദായിക സൗഹാർദ്ദം ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ചില ഭാഗങ്ങളിൽ നിന്നുണ്ടാകുന്നതെന്നുള്ളത് ദുഃഖകരമായൊരു വസ്തുതയാണ്. ആരാണ് ബി.ജെ.പി.-യുമായി സൗഹൃദമുണ്ടാക്കിയത്? മാറാട് കലാപമാണ് കേരളത്തിൽ അടുത്ത കാലത്തായി നമ്മളറിയുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമായി മാറിയത്. ബഹുമാനപ്പെട്ട വി.കെ.സി. മമ്മത് കോയ അന്ന് അവിടത്തെ എം.എൽ.എ. ആണ്. അന്ന് മൂന്ന് മന്ത്രിമാരാണ് മുസ്ലീം ലീഗിന് അവിടെയുണ്ടായിരുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. നാലകത്ത് സൂപ്പി, ഡോ. എം. കെ. മുനീർ. മൂന്ന് മന്ത്രിമാർ ഉണ്ടായിരുന്നിട്ടുപോലും അന്ന് ഭരണം കയ്യാളിയിരുന്ന ശ്രീ. എ. കെ. ആന്റണിക്ക് അവരെ അവിടെ കൊണ്ടുപോകാൻ സാധിച്ചില്ല. ശ്രീ. എ. കെ. ആന്റണിയോടൊപ്പം ഇവിടെനിന്ന് പുറപ്പെട്ട ശ്രീ. നാലകത്ത് സൂപ്പി കൊല്ലത്ത് ഇറങ്ങിപ്പോയി, ഡോ. എം. കെ. മുനീർ അദ്ദേഹത്തിന്റെ താമസസ്ഥലത്തുനിന്നും മാറി ഗസ്റ്റ്ഹൗസിൽ താമസമാക്കി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും അങ്ങോട്ട് പോകാൻ സാധിച്ചില്ല, പോകാനുള്ള ധൈര്യവും കാണിച്ചില്ല. ഈ വിഷയം സംബന്ധിച്ച് ഗുരുതരമായ പ്രത്യാഘാതങ്ങളും പ്രശ്നങ്ങളുമൊക്കെയുണ്ടായപ്പോൾ അവിടെ ഒരു റിലീഫ് ക്യാമ്പ് സംഘടിപ്പിക്കാൻ പോലും സാധിക്കാത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. സി.പി.ഐ.(എം.) ആണ് കോഴിക്കോട് അങ്ങാടിയിൽനിന്ന് സാധനങ്ങൾ വാങ്ങി അവിടെ റിലീഫ് ക്യാമ്പ് നടത്തിയത്. ഞാൻ ആ റിലീഫ് ക്യാമ്പിൽ പോകുകയും സാധനങ്ങൾ വാങ്ങി കൊടുക്കുകയും ചെയ്തു. അതിന് നേതൃത്വം നൽകിയത് സുന്നികളാണ്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമയാണ്. ലീഗുകാർക്ക് അതിനുള്ള ധൈര്യം വന്നിട്ടില്ല. മുസ്ലീം ലീഗിന് ക്യാമ്പ് നടത്താൻ സാധിക്കാത്തതു കൊണ്ടാണ് അവർ നടത്തിയത്. രാഷ്ട്രീയമായി മുസ്ലീം ലീഗ് അവിടെ ക്യാമ്പ് നടത്തിയിട്ടില്ല. നിങ്ങൾ ഒരു കാര്യവും ചെയ്തിട്ടില്ലെന്നുമാത്രമല്ല ഇ. കെ. നായനാർ അന്ന് കോഴിക്കോട് ടൗൺ ഹാളിൽ ഒരു കൺവെൻഷൻ വിളിച്ചുകൂട്ടി 'ഈ ആളുകളെ പുനരധിവസിപ്പിക്കുന്നില്ലെങ്കിൽ ഞാൻ അങ്ങോട്ട് ഈ അഭയാർത്ഥികളെയും കൊണ്ട് മാർച്ച് നടത്തും' എന്ന് പറഞ്ഞപ്പോഴാണ് നിങ്ങൾ ബി.ജെ.പി.-യുമായി സന്ധി സംഭാഷണം നടത്തിയത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്ര കോടി രൂപയാണ് നിങ്ങൾ നൽകിയത്; ഗൂഢാലോചന നടത്തിയതാരാണ്; ബി.ജെ.പി.-യുമായി സന്ധിസംഭാഷണം നടത്തിയതാരാണ്; ആ കേസിൽ ആരാണ് പ്രതി; ആരാണ് ഇതിനുത്തരവാദികൾ? ബഹുമാനപ്പെട്ട പിണറായി വിജയൻ അവിടെ പോയി.

അദ്ദേഹത്തിന്റെ കൂടെ ശ്രീ. വി. കെ. സി. മമ്മത് കോയ, ശ്രീ. എളമരം കരീം എന്നിവരുമുണ്ടായിരുന്നു. അവർ കലാപത്തിൽ മരിച്ച എല്ലാ ആളുകളുടെയും വീടുകളിൽ പോയി. ഒരു വീട്ടിൽ ചെന്നപ്പോൾ ശ്രീ. പിണറായി വിജയനോട് അങ്ങോട്ട് കയറണ്ടായെന്ന് പറഞ്ഞു. 'മരിച്ച വീട്ടിൽ പൊതുപ്രവർത്തകനെന്ന നിലയിൽ വന്നതാണ്; ഇതൊരു ആർ.എസ്.എസ്.-കാരന്റെ വീടാണെന്ന് എനിക്കറിയില്ലായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പക്ഷെ ധൈര്യമായി അദ്ദേഹം പോയി. നിങ്ങൾക്കാർക്കെങ്കിലും അങ്ങോട്ട് പോകാൻ സാധിച്ചോ; നിങ്ങൾക്ക് മൂന്ന് കൊടിവച്ച കാറുകൾ തന്നിട്ടുണ്ടല്ലോ, നിങ്ങൾ പോയോ? ചീഫ് വിപ്പ് ഉൾപ്പെടെ നാലാളുകളുണ്ട്. നിങ്ങൾക്കാർക്കെങ്കിലും പോകാൻ സാധിച്ചോ; ഒരാൾക്കുപോലും പോകാൻ സാധിച്ചില്ല. പോയില്ലെന്നു മാത്രമല്ല നിങ്ങളെ അവിടെ കൊണ്ടുപോകണമെന്ന് ശ്രീ. എ. കെ. ആന്റണിക്ക് തോന്നിയില്ല. അതുമാത്രമല്ല ശ്രീ. എ. കെ. ആന്റണി അതിനോടനുബന്ധിച്ച് ഡൽഹിയിൽനിന്ന് കേരളത്തിൽ വന്ന് ഒരു പ്രസംഗം നടത്തി. 'നിങ്ങൾ മര്യാദ കാണിക്കണം, ഗൾഫിൽനിന്ന് കുറേ പൈസയുണ്ടാക്കി ഇവിടെ വന്നിട്ട് നിങ്ങൾ വലിയ അഹങ്കാരം കാണിക്കരുത്, അഹങ്കാരത്തിന്റെ പ്രതിഫലനമാണിത് എന്നാണ് ശ്രീ. എ. കെ. ആന്റണി അന്ന് പറഞ്ഞതെന്നുകൂടി നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് ബി.ജെ.പി.-യുമായി സന്ധിസംഭാഷണം നടത്തിയത് ആരാണെന്ന് നിങ്ങൾ വ്യക്തമാക്കണം. അതുപോലെതന്നെ, എന്തെല്ലാം പ്രശ്നങ്ങളാണ് മുമ്പുണ്ടായിരുന്ന ആഭ്യന്തര വകുപ്പിന്റെ കാലഘട്ടത്തിൽ നടന്നിട്ടുള്ളത്. ഇ-മെയിൽ കേസ്, എന്താണ് ഇ-മെയിൽ കേസ്? മുസ്ലീം ലീഗ് നേതാക്കളായ അബ്ദുൽ സമദ് സമദാനിയുടേതുൾപ്പെടെ ഇ-മെയിൽ ചോർത്തി. ഇ-മെയിൽ ചോർത്തുന്നതിന്റെ വ്യവസ്ഥയെന്താണ്; അതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വേണം. ആ അനുമതിയില്ലാതെ ഇ-മെയിൽ ചോർത്തുന്നതിനുവേണ്ടി ഒരുദ്യോഗസ്ഥൻ ഉത്തരവ് കൊടുത്തു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പി. ടി. എ. റഹീം, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു ഉദ്യോഗസ്ഥൻ ഇ-മെയിൽ ചോർത്താൻ ഉത്തരവ് കൊടുത്തു. അത് കണ്ടുപിടിച്ചപ്പോൾ ആ ഉദ്യോഗസ്ഥരെയൊക്കെ സസ്പെന്റ് ചെയ്ത് അവരുടെ പേരിൽ കേസ്സെടുത്തു. മാധ്യമം പത്രത്തിന്റെ എഡിറ്ററുടെ പേരിലടക്കം കേസ്സെടുത്തു. ആ ഗവൺമെന്റ് അത് പിൻവലിച്ച് കൊടുത്തില്ലേ; ആ പോലീസിന്റെ നയമാണോ ഇന്നുള്ളത്? ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉമായി രഹസ്യ സംഭാഷണം നടത്തി കാര്യങ്ങൾ നടത്തുന്നത് ഇടതുപക്ഷമല്ല, നിങ്ങളാണ് എന്നുകൂടി പറഞ്ഞുകൊണ്ട്

ഈ ധനാഭ്യർത്ഥകളെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മതനിരപേക്ഷ അഴിമതിരഹിത വികസിത കേരളം എന്ന ലക്ഷ്യമാണ് ഈ സർക്കാർ ഏകദേശം 1200 ദിവസങ്ങൾ പിന്നിടുമ്പോൾ പൂർത്തീകരിക്കുന്നത്. ജനപക്ഷത്തുനിന്നും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളെല്ലാംതന്നെ ചുരുങ്ങിയ ദിവസങ്ങൾക്കകം ഈ സർക്കാർ നടപ്പിലാക്കികഴിഞ്ഞു. എനിക്കുമുമ്പ് ചില അംഗങ്ങൾ സംസാരിച്ചപ്പോൾ തെരഞ്ഞെടുപ്പിന്റെ പരാജയത്തെക്കുറിച്ചൊക്കെ പറഞ്ഞു. ഒരിക്കലും വിജയത്തിൽ മതിമറന്ന് ആഹ്ലാദിക്കുന്നവരും തോൽവിയിൽ നിരാശപ്പെടുന്നവരുമല്ല കമ്മ്യൂണിസ്റ്റുകാർ. ഈ സർക്കാർ നാലാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ അധികാരത്തിലെത്തിയാൽ നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങൾ പ്രകടനപത്രികയിൽ വിശദീകരിച്ചത് എത്രത്തോളം പാലിച്ചിട്ടുണ്ടെന്ന് ധൈര്യപൂർവ്വം ഓരോ വർഷവും ജനങ്ങൾക്കുമുന്നിൽ തുറന്നുപറയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. ഇന്ന് വൈകുന്നേരം നാലുമണിക്ക് സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് മുഖ്യമന്ത്രി പുറത്തിറക്കുകയാണ്. പ്രകടനപത്രികയിൽ പറഞ്ഞ മിക്ക കാര്യങ്ങളും ചുരുങ്ങിയകാലംകൊണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പ്രതിപക്ഷത്തിന് രാഷ്ട്രീയ വൈരാഗ്യങ്ങളൊക്കെയുണ്ടാകാം. പക്ഷെ ഈ സർക്കാർ ചെയ്ത നല്ല കാര്യങ്ങളെ വിമർശിക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിയുന്നുവെന്ന് ഞാൻ ആശ്ചര്യപ്പെടുകയാണ്. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതില്ലെന്ന് പറയാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു? എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ പോലീസ് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചൊക്കെ വളരെ വിശദമായി ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേയ് മാസം 28-ാം തീയതി പോലീസിന്റെ ശാക്തീകരണത്തെ സംബന്ധിച്ച് സഭയിൽ നൽകിയ മറുപടി അംഗങ്ങൾക്ക് അച്ചടിച്ച് ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, എല്ലാ സംവിധാനങ്ങളെയും ഓൺലൈനാക്കി മാറ്റാൻ കഴിഞ്ഞുവെന്നതാണ്. പല അംഗങ്ങളും അതിനെക്കുറിച്ചിവിടെ പറഞ്ഞതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു വനിതാ അംഗമെന്ന നിലയിൽ അഭിമാനത്തോടെ പറയുന്നൊരു കാര്യം, പ്രകടന പത്രികയിൽ പോലീസിൽ 15 ശതമാനം വനിതാ പ്രാതിനിധ്യമാണ് പറഞ്ഞതെങ്കിലും ഇപ്പോൾ പോലീസിലെ വനിതാ പ്രാതിനിധ്യം 10 ശതമാനമായി ഉയർത്തുകയും അതിനുശേഷം 25 ശതമാനമായി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവെന്നതാണ്. അത്തരം കാര്യങ്ങളല്ലേ ഇതുപോലുള്ള ചർച്ചകളിൽ കൂടുതലായി പറയേണ്ടത്. പ്രതിപക്ഷത്തുനിന്നാണെങ്കിലും നടപ്പാക്കിയ കാര്യങ്ങൾ

പറയാനുള്ള തന്റേടം കാണിക്കണമെന്നാണ് എന്റെ അപേക്ഷ. സംസ്ഥാനത്ത് ആദ്യമായി ഒരു പുതിയ വനിതാപോലീസ് ബറ്റാലിയൻ ആരംഭിച്ചത് സംബന്ധിച്ച് പ്രസംഗത്തിന്റെ തുടക്കത്തിൽത്തന്നെ ഇവിടെയൊരംഗം സൂചിപ്പിക്കുകയുണ്ടായി. അതിനുവേണ്ടി പ്രത്യേകമായി പത്തേക്കർ സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. ഇങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തതിന്റെ ഭാഗമായി സൈബർ ഡോം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം കേരളത്തിൽ ലഭിച്ചിട്ടുണ്ട്. മികച്ച സൈബർ സുരക്ഷയ്ക്കുള്ള ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ (FICCI) സ്മാർട്ട് പോലീസിംഗ് പുരസ്കാരം കേരള പോലീസിന്റെ സൈബർ ഡോം കരസ്ഥമാക്കിയിട്ടുണ്ട്. ഏറെ ചർച്ച ചെയ്യപ്പെട്ടൊന്നൊരു പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്. ഇന്നത്തെ സാമൂഹ്യ ചുറ്റുപാടിൽ കുഞ്ഞുങ്ങളെ അച്ചടക്കത്തോടുകൂടി വാർത്തെടുക്കാൻ കഴിയുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ സ്കൂളുകളിലും വ്യാപകമാക്കാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതിന് ഒട്ടേറെ അവാർഡുകൾ സർക്കാരിനെ തേടിവരുന്നുണ്ട്. കേന്ദ്രം ഈ പദ്ധതി ഏറ്റെടുക്കാൻ പോകുകയാണ്. ഇത്തരം ശുഭസൂചകമായ ധാരാളം കാര്യങ്ങളുണ്ട്. സ്ത്രീ സുരക്ഷയിൽ ഈ സർക്കാർ തെല്ലും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ പ്രവർത്തനമാരംഭിച്ചു. പ്രതിപക്ഷം പലപ്പോഴും സർക്കാരിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുമ്പോൾ, ഇത്തരത്തിലുള്ള നല്ല പദ്ധതികൾ നിങ്ങളുടെ മണ്ഡലത്തിലെങ്കിലും താഴെത്തട്ടിലുള്ളവർക്ക് പറഞ്ഞുകൊടുക്കണം. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ ഗ്രാഫ് നോക്കിയാൽ, 2012-2015-ലെയും 2016-2018-ലെയും കണക്ക് നോക്കിയാൽ സ്ത്രീകൾക്കെതിരെ യുള്ള കുറ്റകൃത്യങ്ങളുടെ അളവ് കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. അത് കുറയുന്നതിന് കാരണം സ്ത്രീകളുടെ സുരക്ഷിതത്വത്തിനുവേണ്ടി പിങ്ക് പോലീസ് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ടാണ്. നഗരങ്ങളിൽ സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി പിങ്ക് പട്രോളിംഗ് സംവിധാനമുണ്ട്. അതുപോലെ അതിക്രമസാഹചര്യങ്ങൾ തിരിച്ചറിയാനും ആത്മവിശ്വാസത്തോടെ നേരിടാനും സ്ത്രീകളെ പ്രാപ്തരാക്കാൻ സ്വയം പ്രതിരോധ പരിശീലന പദ്ധതി കേരള പോലീസ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ജില്ലാതലങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. അന്തസ്സോടുകൂടി നമ്മുടെ വനിതാ ബറ്റാലിയൻ മുന്നേറുകയാണ്. വനിതകൾക്കായി മൂന്ന് മൊബൈൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഷീ ടാക്സി, പിങ്ക് ഓട്ടോ, ഷീ ഓട്ടോ തുടങ്ങിയ പേരുകളിൽ എല്ലാ ജില്ലകളിലും സുരക്ഷിത യാത്രാസംവിധാനം ഏർപ്പെടുത്താൻ സർക്കാരിന് സാധിച്ചു.

നേരത്തെ സൂചിപ്പിച്ചതുപോലെ വെള്ളപ്പൊക്കമുണ്ടായപ്പോൾ എല്ലാവരും മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനത്തെ അഭിനന്ദിച്ചു. എന്നാൽ ഈ സർക്കാർ മത്സ്യത്തൊഴിലാളികളിൽനിന്ന് 177 പേരെ തെരഞ്ഞെടുത്ത്, അവർക്ക് തീരദേശ കോസ്റ്റൽ വാർഡൻമാരായി പരിശീലനം നൽകി അവരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കഴിഞ്ഞു. അതുപോലെ ആദിവാസി വിഭാഗത്തിൽനിന്നും 78 പേരെ നിയമിക്കാനുള്ള വിപ്ലവകരമായ തീരുമാനം ഈ സർക്കാർ എടുത്തിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഏകദേശം ആയിരം ദിവസങ്ങൾ പൂർത്തീകരിച്ചിരിക്കുന്നതായി നിങ്ങൾക്കെല്ലാവർക്കും അറിയാം. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം തലയുയർത്തിനിൽക്കുന്നത് നാം ഏറ്റെടുത്തിട്ടുള്ള ജനക്ഷേമകരമായ പദ്ധതികളുടെ ഫലമായിട്ടാണ്. ലൈഫ്, ആർദ്രം, ഹരിത കേരളം എന്നീ പദ്ധതികൾ നടപ്പിലാക്കിയതും സ്കൂളുകൾ സ്മാർട്ടാക്കിയതുമൊക്കെ എല്ലാ തലത്തിലുമുള്ള ജനങ്ങളെ സ്പർശിച്ചുകൊണ്ടാണ്. അതുപോലെ ഇവിടെ അക്രമത്തെക്കുറിച്ച് പറഞ്ഞു. സംസ്ഥാനത്ത് കുറ്റകൃത്യം കുറയുന്നുവെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. പോലീസിന്റെ കഴിവില്ലായ്മയെക്കുറിച്ച് ഒരംഗം പറഞ്ഞു. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് പത്രത്തിൽവന്നൊരു വാർത്തയെക്കുറിച്ചാണ്. 'ആദിവാസി പെൺകുട്ടിക്ക് പീഡനം, പ്രതികളായ നേതാക്കളെ കൈവിടാതെ കോൺഗ്രസ്'. അത്തരം കേസ്സുകളെക്കുറിച്ചായിരിക്കും നിങ്ങൾ പറഞ്ഞത്. വയനാട്ടിൽ ഒരു ആദിവാസി പെൺകുട്ടിയെ പീഡിപ്പിച്ച ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെ കൃത്യമായും അറസ്റ്റ് ചെയ്യാൻ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും പോലീസ് തയ്യാറായിട്ടുണ്ട്. പക്ഷെ അവരെ സംരക്ഷിക്കുന്ന സമീപനം കാണിക്കുന്നത് നിങ്ങളാണ്. നിങ്ങളുടെ വിജയം മതിമറന്നാഘോഷിക്കേണ്ട കാര്യമൊന്നുമില്ല. വിജയത്തെയും പരാജയത്തെയും മതിമറന്ന് ആഘോഷിക്കുകയോ വിഷമിക്കുകയോ ചെയ്യുന്നൊരു പാരമ്പര്യം ഇടതുപക്ഷത്തിനില്ല. അഞ്ചുവർഷം കൊണ്ട് 80 കോൺഗ്രസ്സ് എം.എൽ.എ.-മാരാണ് ബി.ജെ.പി.യിലേയ്ക്ക് പോയിട്ടുള്ളത്. അവരെ തിരിച്ചുകൊണ്ടുവരാൻ നിങ്ങൾ ശ്രമിക്കണം. അരുണാചൽപ്രദേശിൽ 34 എം.എൽ.എ.-മാർ ഒന്നിച്ചാണ് പോയത്. അതിൽ ഏറ്റവും രസകരമായ കാര്യം, കോൺഗ്രസ് മുഖ്യമന്ത്രി ബി.ജെ.പി. മുഖ്യമന്ത്രിയായി മാറിയിരിക്കുന്നുവെന്നതാണ്. നിങ്ങൾ വയനാട്ടിലുൾപ്പെടെയുള്ള കോൺഗ്രസ് വിജയത്തെക്കുറിച്ച് പറയുമ്പോൾ അമേഠിയിൽ എന്താണ് സംഭവിച്ചതെന്ന് ഒരിക്കലെങ്കിലും പറയാൻ തയ്യാറാകേണ്ടതായിരുന്നു. ലീഗിന്റെ അന്ധമായിട്ടുള്ള ഇടതുപക്ഷവിരോധം ചിലരുടെ സംസാരത്തിൽ കണ്ടു. ശ്രീ. യോഗി ആദിത്യനാഥ് വൈറസ് പ്രയോഗം നടത്തിയപ്പോൾ കോൺഗ്രസ്സ് ഒന്നും മിണ്ടിയില്ലല്ലോ;

കോൺഗ്രസ്സിന് മൃദുസമീപനമായിരുന്നല്ലോ; അതിന് നിങ്ങൾക്കൊരു പ്രശ്നവുമില്ല. ഞങ്ങൾ ഉറപ്പിച്ചുപറയുന്നു, കേരളത്തിൽ ഇടതുപക്ഷം ഉള്ളതുകൊണ്ടുമാത്രമാണ് കോൺഗ്രസ്സിന് 19 സീറ്റ് നേടാൻ കഴിഞ്ഞത്. ഞങ്ങളില്ലാത്തിടത്താണ് നിങ്ങൾക്ക് വലിയ പരാജയമേറ്റു വാങ്ങേണ്ടി വന്നിട്ടുള്ളത്. ഞങ്ങളൊരിക്കലും ഫാസിസ്റ്റുകളോട് കൂട്ടുകൂടിയിട്ടില്ല എന്നുള്ളതുകൊണ്ടാണ് നിങ്ങൾക്കിവിടെ 19 സീറ്റ് നേടാൻ കഴിഞ്ഞതെന്ന കാര്യത്തിൽ ആത്മ പരിശോധന നടത്തുന്നത് നന്നായിരിക്കും. മുസ്ലീംലീഗിനെതിരെ ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് നടത്തിയിട്ടുള്ള പരാമർശം ഗൗരവമുള്ളതല്ലേ. വയനാട്ടിൽ എന്താണ് പിന്നീട് സംഭവിച്ചത്; നിങ്ങൾക്ക് പറയാൻ കഴിയുമോ; നിങ്ങൾ അതിനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയില്ലേ; പക്ഷെ എന്തായിരുന്നു കോൺഗ്രസ്സിന്റെ അവസ്ഥ? ഒരക്ഷരം അവർ മിണ്ടിയില്ല. രാമക്ഷേത്രം പണിയുമെന്നല്ലേ പ്രകടനപത്രികയിൽപ്പോലും പറഞ്ഞത്. ആ നിലയിൽ 18 സംസ്ഥാനങ്ങളിൽ വട്ടപ്പൂജ്യമായി കോൺഗ്രസ് മാറിപ്പോയപ്പോഴും കേരളത്തിൽ ഇടതുപക്ഷത്തെ തോൽപ്പിച്ചുവെന്ന് അഭിമാനിച്ചുകൊണ്ട് സംസാരിക്കുമ്പോൾ നിങ്ങൾ ആത്മപരിശോധന നടത്തണം. ഇത് നിങ്ങളുടെ വിജയമോ ഞങ്ങളുടെ പരാജയമോ എന്നല്ല. കേരളത്തിലെ ജനങ്ങൾ ഇന്ത്യാ മഹാരാജ്യത്ത് ബി.ജെ.പി.-ക്കൊരു ബദൽ വരണമെന്ന് ഒരുപക്ഷെ ആഗ്രഹിച്ചിട്ടുണ്ടാകാം. ഞങ്ങളൊക്കെ ഒരുപാട് സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് പോയി. ഒരു സ്ഥലത്തുപോലും ഭരണവിരുദ്ധമായൊരു വികാരം ഞങ്ങൾക്ക് കാണാൻ കഴിഞ്ഞില്ല; ഒരാളും പറഞ്ഞതുമില്ല. തീരദേശത്ത് പ്രചരണത്തിന് പോയപ്പോൾ നിങ്ങൾ പറഞ്ഞത്, ഓഖി വരുത്തിവച്ചത് ഞങ്ങളാണെന്നാണ്. ഇടതുപക്ഷത്തിന്റെ ഭരണത്തിനെതിരെ വ്യാജപ്രചരണം നടത്തിമാത്രമാണ് നിങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വോട്ടുവാങ്ങിയിട്ടുള്ളത്. ശബരിമലയെ ബി.ജെ.പി.-യോടൊപ്പം നിങ്ങളാണ് രാഷ്ട്രീയ ആയുധമാക്കി മാറ്റിയിട്ടുള്ളത്. വോട്ടിനുവേണ്ടി നിങ്ങളുടെ നിലപാടിൽ വെള്ളം ചേർത്തു. യു.ഡി.എഫ്.-ന്റെ പല എം.എൽ.എ.-മാരും ശബരിമലയിലെ സ്ത്രീ പ്രവേശനത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചത് ഞങ്ങൾക്കെല്ലാം അറിയാവുന്നതാണ്. എന്നാൽ വോട്ടിനുവേണ്ടി നിങ്ങൾ ബി.ജെ.പി.-യോടൊപ്പം ചേർന്നിരിക്കുകയായിരുന്നു. അങ്ങനെ വോട്ടിനുവേണ്ടി ബി.ജെ.പി.-യോടൊപ്പം പോകുന്നൊരു രാഷ്ട്രീയം നിങ്ങളാണ് കാണിച്ചത്. നിങ്ങൾ ആയിരം വീട് കൊടുക്കുമെന്ന് പറഞ്ഞല്ലോ. എവിടെ ആയിരം വീട്? ഞങ്ങൾ ഒന്നരലക്ഷം വീട് ലൈഫ് പദ്ധതി വഴി പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. കോൺഗ്രസ് പിരിച്ച പണമെവിടെ? മരണം ആഘോഷമാക്കുന്നവരല്ല ഇടതുപക്ഷം. കാസർഗോഡ് കൊല്ലപ്പെട്ട ഒരു യുവാവിന് നിങ്ങൾ വീട് വച്ചുകൊടുക്കുന്നതുകണ്ടു.

നിങ്ങളത് വലിയതോതിൽ പ്രചരിപ്പിച്ചു. പക്ഷേ നിങ്ങൾ ആയിരം വീട് വച്ചുകൊടുക്കാൻ പിരിച്ച പണമെവിടെ, വീടെവിടെ? നിങ്ങളാണ് അതിന് ഉത്തരം പറയേണ്ടത്. പിരിച്ചത് കോടികളാണെന്ന് ഞങ്ങൾക്കറിയാം. കെ.പി.സി.സി. നൽകിയത് 25,000 ആണെന്നുള്ള വ്യക്തമായ കണക്കുകളുണ്ട്. അത് നിങ്ങൾതന്നെ പരിശോധിക്കുക. പറയുന്ന കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം മുന്നോട്ട് പോകുകയാണ്. നിങ്ങൾ കുടിശ്ശികയായി വച്ചിരുന്ന പെൻഷൻ തുക വിതരണം ചെയ്തതും 1,200 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും ഈ നാട്ടിലെ ചെറുപ്പക്കാരായ ഒരു ലക്ഷത്തിലധികം പേർക്ക് തൊഴിൽ കൊടുത്തതുമാണോ ഭരണവിരുദ്ധ വികാരമെന്ന രൂപത്തിൽ നിങ്ങൾ പ്രചരിപ്പിക്കുന്നത്. ഈ സർക്കാരിനെതിരെ യാതൊരു വിധത്തിലുള്ള ഭരണവിരുദ്ധ വികാരവുമില്ലായിരുന്നു. വ്യാജ പ്രചരണമാണ് നിങ്ങൾ നടത്തിയത്. ജനങ്ങളുടെ മനസ്സിലേയ്ക്ക് തെറ്റായ രൂപത്തിലുള്ള ക്യാമ്പയിൻ കൊടുത്തു. ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലല്ല മത്സരിച്ചതെങ്കിലുള്ള അവസ്ഥ എന്താകുമായിരുന്നു. ഞങ്ങൾക്കാർക്കും രാഹുൽ ഗാന്ധിയുടെ പരാജയത്തിൽ സന്തോഷമല്ല ഉള്ളത്. ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെയുള്ള ഒരാൾ അമേഠിയിൽ പരാജയപ്പെട്ടപ്പോൾ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അഴിഞ്ഞാടുന്ന അവസ്ഥയിലേയ്ക്ക് രാജ്യം വരികയാണല്ലോ എന്ന വിഷമം മാത്രമേ ഞങ്ങൾക്കുള്ളൂ. നമ്മുടെ രാജ്യത്തിനുവേണ്ടിയാണ് നമ്മൾ നിൽക്കേണ്ടത്. പത്ത് വോട്ടിനുവേണ്ടി നിലപാട് മാറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ, ഇടതുപക്ഷത്തിന്റെ നിരവധി പ്രവർത്തകരുടെ ജീവൻ പൊലിയുന്നത് നിങ്ങൾക്ക് വേദനയല്ലാതായി മാറുമ്പോൾ, നിങ്ങളുടെ ഇടയിൽ ആരെങ്കിലും മരണപ്പെട്ടാൽ അത് നിങ്ങൾ ആഘോഷമാക്കി മാറ്റുമ്പോൾ, നിങ്ങളറിയേണ്ടത് കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകാതിരിക്കാനായി ഒറ്റക്കെട്ടായി, ഈ നാടിന്റെ അഖണ്ഡതയ്ക്കുവേണ്ടി, ജനാധിപത്യ ബോധത്തിനു വേണ്ടി മതനിരപേക്ഷതയ്ക്കു വേണ്ടി നമ്മൾ ഒന്നിച്ചുനിൽക്കണമെന്നുള്ളതാണ്.

ഒരഭിപ്രായംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. പോലീസ് വകുപ്പിൽ നടത്തിയിട്ടുള്ള നിരവധി പരിഷ്കാരങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് നമ്മൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം സൈബർ ആക്രമണങ്ങളാണ്. ഇന്ത്യൻ പ്രധാനമന്ത്രിക്കെതിരെയാണെങ്കിലും കേരളത്തിലെ മുഖ്യമന്ത്രിക്കെതിരെയാണെങ്കിലും വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾക്കെതിരെയാണെങ്കിലും ആശയപരമായ അഭിപ്രായ വ്യത്യാസങ്ങളാകാം, പക്ഷെ അശ്ലീല പദപ്രയോഗങ്ങൾ ഉപയോഗിച്ചുകൊണ്ട് മുഖമില്ലാത്തവരായി ഫെയ്സ്ബുക്കിൽ കടന്നുകൂടുന്ന ചില ആളുകൾക്കെതിരെ കർശന നിയമനടപടി കൈക്കൊള്ളാനായി സൈബർ രംഗത്ത് ശക്തമായ ഇടപെടൽ നടത്തുമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ

നിയമസഭാ സമ്മേളനത്തിൽ പറയുകയുണ്ടായി. അത് കുറച്ചുകൂടി കാര്യക്ഷമമാക്കാനുള്ള ഒരിടപെടൽ നടത്തേണ്ടത് അത്യാവശ്യമാണ്. മതസ്പർദ്ധ വളർത്തുന്ന തരത്തിലുമുള്ള ഇടപെടൽ മാറ്റാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള കൃത്യമായ മോണിറ്ററിംഗ് സംവിധാനം കൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ പ്രതീക്ഷ തകർത്ത ഒരു സർക്കാരാണിത്. മാത്രമല്ല, ജനങ്ങളും ഈ സർക്കാരിനെ കൈവിട്ടിരിക്കുകയാണ്. എല്ലാം ശരിയാക്കുമെന്നു പറഞ്ഞാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. പക്ഷെ ഒന്നും ശരിയായിട്ടില്ല. 'ആശാനക്ഷരമൊന്ന് പിഴച്ചാൽ അമ്പത്തൊന്ന് പിഴയ്ക്കും ശിഷ്യന്' എന്നത് മുഖ്യമന്ത്രിയുടെ പരാജയത്തോടെ വ്യക്തമായിരിക്കുകയാണ്. യുവാക്കളെ വഞ്ചിച്ച സർക്കാരാണിത്. പി.എസ്.സി. വഴി ഒരു നിയമനവും നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്നില്ലെന്ന് എല്ലാവർക്കുമറിയാം. അതുപോലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. പിൻവാതിൽ നിയമനങ്ങളാണ് നടക്കുന്നത്. വിശ്വാസം സംരക്ഷിക്കാനിറങ്ങിയവരെ കള്ളക്കേസിൽ കുടുക്കിയ സർക്കാരാണിത്. സ്ത്രീ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന സർക്കാരാണിതെന്നാണ് പറയുന്നത്. വൻമതിൽ സൃഷ്ടിച്ച, പക്ഷെ നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളുടെ, പ്രത്യേകിച്ചും ഉദ്യോഗസ്ഥരായ സ്ത്രീകളുടെ അവസ്ഥയെന്താണ്? തിരുവനന്തപുരം എ.സി.പി. ചൈത്ര തെരേസ ജോണിനെ സ്ഥലം മാറ്റിയത് എന്തിനാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. തിരുവനന്തപുരം കളക്ടർ ഡോ. വാസുകിയെ സമ്മർദ്ദത്തിലാക്കി നീണ്ട അവധിയെടുപ്പിച്ച സർക്കാരാണിത്. ജിഷ്ണു പ്രണോയിയുടെ അമ്മ ശ്രീമതി മഹിജയെ പോലീസ് ഹെഡ്ക്വാർട്ടേഴ്സിന് മുന്നിൽ നിലത്തിട്ട് ചവിട്ടിയരച്ചത് ഈ സർക്കാരിന്റെ പോലീസാണ്. കെവിൻ, ശ്രീജിത്ത്, നെയ്യാറ്റിൻകരയിലെ സനൽ എന്നിവരുടെ ഭാര്യമാരെ വിധവകളാക്കിയത് ഈ സർക്കാരാണ്. ശബരിമല വിശ്വാസം സംരക്ഷിക്കാനിറങ്ങിയ അമ്മമാരെയും സഹോദരിമാരെയും വീട്ടിൽക്കയറി അക്രമിച്ചത് ഈ സർക്കാരിന്റെ പോലീസാണ്. ശബരിമലയിലെ ഭരണകൂട ഭീകരതയുടെ ഫലമാണ് എൽ.ഡി.എഫ്.-ന് ഈ തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തിന് കാരണം. സർക്കാർ വിശ്വാസികൾക്കൊപ്പമല്ല, അരാജകവാദികളുടെ കൂടെയാണ് നിൽക്കുന്നത്. ഇവിടെ രാവിലെ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് പറഞ്ഞു. ഒരു ജില്ലയിൽ മാത്രം 10 കർഷകരാണ് ആത്മഹത്യ ചെയ്തത്. ഈ സർക്കാർ ഖാദർ കമ്മീഷന്റെ പേരിൽ വിദ്യാഭ്യാസ

മേഖലയെ തകർക്കുകയാണ്. രാഷ്ട്രീയ അജണ്ടയാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് അക്രമം, ഗുണ്ടായിസം, സ്വജനപക്ഷപാതം എന്നിവയാണ് നടക്കുന്നത്. യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചു. സിൻഡിക്കേറ്റ്, സെനറ്റ്, അക്കാദമിക് സമിതി എന്നിവയിൽ രാഷ്ട്രീയ അടിസ്ഥാനത്തിൽ അനർഹരെ തിരുകിക്കയറ്റി. ഒരു എം.എൽ.എ.-യുടെ ഭാര്യ അതിലുണ്ടെന്നാണ് പറയപ്പെടുന്നത്. തിരുവനന്തപുരത്ത് എസ്.എഫ്.ഐ.-ക്കാർ പോലീസുകാരെ വളഞ്ഞിട്ട് മർദ്ദിച്ചു. ഒരു കേസെങ്കിലും എടുക്കാൻ ഈ സർക്കാരിന് സാധിച്ചോ? പിടികിട്ടാപ്പുള്ളികൾ സ്ഥാനാർത്ഥികൾക്കും നേതാക്കൾക്കും മന്ത്രിമാർക്കുമൊപ്പം പൊതുവേദികൾ പങ്കിടുകയാണ്. നിരവധി കവർച്ചാ കേസുകളിൽ ഇതുവരെ തുമ്പുണ്ടായിട്ടില്ല. അതുകൊണ്ട് ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങാൻ എനിക്ക് ഒരിക്കലും സാധിക്കില്ല.

ഞാൻ ചില നിർദ്ദേശങ്ങൾകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ സമർപ്പിക്കുകയാണ്. പോലീസിൽ ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ കാര്യമായി നടക്കുന്നില്ല. ലാ ആന്റ് ഓർഡറിന് ഒരു എസ്.ഐ., ക്രൈമിന് ഒരു എസ്.ഐ. എന്നെല്ലാം പറയുന്നത് കേട്ടിട്ടുണ്ട്. പക്ഷെ പല സ്റ്റേഷനുകളിലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരാക്കി മാറ്റിയത് എം.എൽ.എ.-മാരെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും മുകളിലാക്കുന്നതിന് തുല്യമാണെന്നേ എനിക്ക് പറയാനുള്ളൂ. പോലീസ് ആക്ടിൽ അസോസിയേഷനുകൾക്ക് പ്രവർത്തനാനുമതി കൊടുത്തിട്ടുണ്ട്. പക്ഷെ അതുസംബന്ധിച്ച റൂൾ ഇതുവരെ രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. 1975-ൽ പോലീസിനുണ്ടായിരുന്നത് 350 വാഹനങ്ങളാണ്. ഇന്ന് വാഹനങ്ങളുടെ എണ്ണം 7500 ആണ്. 1975-ൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ 12 എസ്.ഐ.-മാരെ നിയമിച്ചു. ഇപ്പോൾ 7 പേർ മാത്രമേ ആ തസ്തികയിലുള്ളൂ. വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തേണ്ടതും മെയിന്റനൻസ് തീരുമാനിക്കേണ്ടതും ഇവരുടെ ചുമതലയാണ്. 7500 വാഹനങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കാനും മെയിന്റനൻസ് തീരുമാനിക്കാനും 7 പേർക്ക് സാധിക്കുമോ എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. ഒരു സബ്ഡിവിഷനിൽ ഒരു മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ.-യും ജില്ലയിൽ ഒരു ഇൻസ്പെക്ടറും വേണം. ഇതിന് മൂന്ന് കോടി രൂപ ഒരു വർഷം ചെലവ് വരുമെന്നാണ് പറയപ്പെടുന്നത്. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ട ഒരു വസ്തുത, ഇവരെ നിയമിക്കാത്തതുമൂലം വർഷത്തിൽ 23 കോടി രൂപയുടെ നഷ്ടം നമുക്കുണ്ടാകുന്നുണ്ട് എന്നുള്ളതാണ്. ഇപ്പോൾ വാഹനങ്ങൾ ആവശ്യത്തിനും അനാവശ്യത്തിനും വർക്ക്ഷോപ്പിൽ കയറ്റുന്നു. തോന്നിയതുപോലെ എസ്റ്റിമേറ്റ്

തയ്യാറാക്കുന്നു. റിപ്പയറിംഗിനായി വർഷം 20 കോടി രൂപയാണ് ചെലവഴിക്കുന്നത്. 30,000 രൂപ റിപ്പയറിംഗിന് വേണ്ട സ്ഥാനത്ത് 90,000 രൂപ ചെലവഴിച്ച കഥ തിരുവനന്തപുരത്ത് പ്രചരിക്കുന്നുണ്ടെന്നത് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേണ്ട തീരുമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമസഭയിൽ ചിലരുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ഒരു സംശയം തോന്നി, ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-നാണോ 19 സീറ്റ് കിട്ടിയത് അതോ എൽ.ഡി.എഫ്.-നാണോയെന്ന്. ചിലരുടെ മുന്നിൽ കാണ്ടാമൃഗം പോലും മൃദുല ചർമ്മനാകുമെന്ന് പറയാറുണ്ട്. ആരുടെയൊക്കെ മുമ്പിലാണ് കാണ്ടാമൃഗം മൃദുല ചർമ്മനാകുന്നതെന്ന് അപ്പുറത്തിരിക്കുന്ന ചിലയാളുകളുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് മനസ്സിലായി. നിങ്ങളെ ഒന്നിനും കൊള്ളില്ലെന്ന് കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് നിങ്ങൾ തെളിയിച്ചു. പക്ഷെ ഒരു കഴിവ് നിങ്ങൾക്കുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ഏത് പച്ചക്കള്ളവും സത്യമാണെന്ന് നിങ്ങൾ ആളുകളെ ബോധ്യപ്പെടുത്തും. നട്ടുച്ചയ്ക്ക് നിങ്ങൾ പറയും, ഇത് നട്ടുച്ചയല്ല പാതിരാത്രിയാണെന്ന്. ആ തൊലിക്കട്ടി തന്നെയാണ് നിങ്ങളുടെ നിലനിൽപ്പെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങൾക്ക് വലിയ ജനപിന്തുണയാണെന്ന്. നിങ്ങൾക്ക് ഇനിയും മനസ്സിലായില്ലെങ്കിൽ ഇനി എപ്പോഴാണ് മനസ്സിലാകുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും. നിങ്ങൾക്ക് ബംഗാളും ത്രിപുരയും പോയി. ഇനി കേരളവും പോയാലേ നിങ്ങൾ പഠിക്കുകയുള്ളൂവെന്നാണ് എനിക്ക് പറയാനുള്ളത്. 40,438 നിങ്ങളെ പേടിപ്പെടുത്തുന്ന സംഖ്യയാണ്. ഉറക്കത്തിൽപ്പോലും 40,438 എന്ന് നിങ്ങൾ ഇപ്പോൾ വിളിച്ചുപറയുന്നുണ്ടാകും. കാസർഗോഡ് എം.പി.-യായ ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെ ഭൂരിപക്ഷമാണത്. ഈ തെരഞ്ഞെടുപ്പിൽ കണ്ട ഒരു പ്രത്യേകത, ലക്ഷങ്ങൾക്ക് ഒരു വിലയുമില്ലാതായി എന്നതാണ്. പലരുടെയും ഭൂരിപക്ഷം ലക്ഷക്കണക്കിനായിരുന്നു. കാസർഗോഡിലെ യു.ഡി.എഫ്. സ്ഥാനാർത്ഥിയുടെ ഭൂരിപക്ഷത്തിന് എത്രമാത്രം വിലയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പ്രത്യേകം പറയേണ്ട ആവശ്യമില്ല. 35 വർഷക്കാലം നിങ്ങൾ കയ്യടക്കിവച്ച മണ്ഡലമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ മത്സരിക്കാൻ എ.കെ.ജി. വെല്ലുവിളിച്ച മണ്ഡലമാണ് കാസർഗോഡ്. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ കൊല്ലംകാരനല്ലേ, ഞങ്ങളുടെ ഭൂരിപക്ഷം ഒന്നരലക്ഷം കവിയുമെന്നാണ് എൽ.ഡി.എഫ്.-ന്റെ ആളുകൾ പറഞ്ഞത്. ശ്രീ. റ്റി. വി. രാജേഷാണ് എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് ചെയർമാൻ. ഒന്നര ലക്ഷം വോട്ടിന് ഞങ്ങളുടെ സ്ഥാനാർത്ഥി ജയിക്കുമെന്ന് ആഴ്ചതോറും

പത്രസമ്മേളനം വിളിച്ച് അദ്ദേഹം പത്രക്കാരോട് പറയും. പത്രക്കാർ ചോദിച്ചു, "നിങ്ങൾക്ക് എന്താണ് ഇത്രവലിയ ആത്മവിശ്വാസം" എന്ന്. ജനങ്ങളുടെ നാഡിമിടിപ്പ് എനിക്ക് നല്ലതുപോലെ അറിയാമെന്ന് അദ്ദേഹം പറഞ്ഞു. ഇദ്ദേഹം എം.ബി.ബി.എസ്. എടുത്ത് ഡോക്ടറാകാത്തത് ഈ നാടിന്റെ ഭാഗ്യമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെ നാഡിമിടിപ്പ് നോക്കിയാൽ എന്താകും? കാസർഗോഡിലെ പരാജയത്തെപ്പറ്റി പഠിക്കാൻ നിങ്ങൾ ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് പത്രത്തിൽ കണ്ടു. വെറുതെ അദ്ധ്വാനവും സമയവും പാഴാക്കേണ്ട. നിങ്ങൾ അവിടെ തോറ്റതിനുള്ള കാരണം ഞാൻ പറഞ്ഞുതരാം. പേറ്റുനോവ് അനുഭവിച്ച ഒരു സ്ത്രീയും ഒരമ്മയും കാസർഗോഡ് നിങ്ങൾക്ക് വോട്ട് ചെയ്തില്ലെന്നതാണ് നിങ്ങൾ പരാജയപ്പെടാനുള്ള കാരണം. ശരത് ലാൽ, സത്യനാരായണന്റെ മകനാണ്. കൃപേഷ്, കൃഷ്ണന്റെ മകനാണ്. ആരാണ് കൃഷ്ണൻ? സി.പി.ഐ.(എം.)-ന് അല്ലാതെ ഒരു തെരഞ്ഞെടുപ്പിലും അദ്ദേഹം വോട്ട് ചെയ്തിട്ടില്ല. കൂലിപ്പണിക്കാരനായ അദ്ദേഹം നിങ്ങളുടെ പാർട്ടി ഓഫീസ് പണിയുന്നതിനുവേണ്ടി മൂവായിരം രൂപ സംഭാവന ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ മകനെയാണ് നിങ്ങൾ കൊന്നത്. ഇപ്പോൾ കേസിലെ പ്രതികൾ ആരാണെന്നും കേസന്വേഷണം എങ്ങനെ നടക്കുന്നുവെന്നും ഞാൻ ഇവിടെ പറയേണ്ടതില്ല. ശ്രീ. കെ. സി. ജോസഫ് അക്കാര്യം ഇവിടെ പറഞ്ഞു. പ്രതികളാകേണ്ടവരും പ്രതികളുടെ ബന്ധുക്കളും പ്രോസിക്യൂഷൻ സാക്ഷി. ഈ കേസ് എവിടെച്ചെന്നെത്തുമെന്ന് പറയേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ ഒരു കാര്യം വ്യക്തമാക്കണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്. ഒരു കുടുംബത്തിന്റെ, ഒരു നാടിന്റെ പ്രതീക്ഷയായിരുന്ന ഭാവിയിലെ ആശാ കുസുമങ്ങളായ ശരത്തിനെയും കൃപേഷിനെയും എന്തിനാണ് ഇങ്ങനെ മൃഗീയമായി കൊലപ്പെടുത്തിയത്? ശരത്തിനും കൃപേഷിനും നിങ്ങൾ ശവക്കുഴികളുണ്ടാക്കി. കാസർഗോഡിലെ ജനങ്ങൾ നിങ്ങൾക്ക് ശവക്കുഴി ഉണ്ടാക്കിയിരിക്കുന്നു. ആ ശവക്കുഴിയിൽ നിന്ന് നിങ്ങൾക്ക് ഒരിക്കലും എഴുന്നേറ്റ് വരാൻ സാധിക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൊലപാതകം നിങ്ങളുടെ കുലത്തൊഴിലാണ്. തലശ്ശേരിയിലെ വധശ്രമത്തിൽ ഒരു എം.എൽ.എ.-യുടെ പേര് വന്നിരിക്കുന്നു. അതിന് നിങ്ങൾ മറുപടി പറയണം. കല്യാശ്ശേരി, തൃക്കരിപ്പൂർ നിയമസഭാ മണ്ഡലങ്ങളെക്കുറിച്ച് ഞാൻ നിങ്ങളോട് പറയേണ്ട ആവശ്യമില്ല. കല്യാശ്ശേരി മണ്ഡലം നിങ്ങളുടെ ഉരുക്കുകോട്ടയാണ്. നാൽപ്പതിനായിരത്തിൽപ്പരം വോട്ടിനാണ് ശ്രീ. റ്റി. വി. രാജേഷ് അവിടെ ജയിച്ചത്. ഇപ്പോൾ അവിടത്തെ സ്ഥിതി എന്താണ്? കല്യാശ്ശേരി മണ്ഡലത്തിൽ നിങ്ങളുടെ ലീഡ് 13,694 ആണ്. ബാക്കി വോട്ട് എവിടെപ്പോയി?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഞങ്ങൾക്ക് ജനപിന്തുണയുണ്ടെന്നാണ്. ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയാണ് യു.ഡി.എഫ്.-ന്റെ പല സ്ഥാനാർത്ഥികളും വിജയിച്ചതെന്നാണ് പറയുന്നത്. 13,694 പേർ മാത്രമാണ് കല്യാശ്ശേരിയിൽ നിങ്ങൾക്ക് വോട്ട് ചെയ്തത്. ബാക്കിയുള്ള ആളുകൾ എവിടെപ്പോയി? അതിനർത്ഥം കഴിഞ്ഞ പ്രാവശ്യം ശ്രീ. റ്റി. വി. രാജേഷ് ജയിച്ചത് ബി.ജെ.പി.-യുടെ വോട്ട് കൊണ്ടാണെന്നാണോ? ബാക്കിയുള്ള ആളുകൾ മുഴുവൻ ബി. ജെ. പി.-ക്കാരാണോ? അല്ല. ഞാൻ ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. ഈ തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സ്ത്രീകളടക്കം നിങ്ങൾക്ക് വോട്ട് ചെയ്തില്ല. നിങ്ങളുടെ സ്ഥാനാർത്ഥി ശ്രീ. കെ. പി. സതീശ് ചന്ദ്രന്റെ ഭാര്യ രണ്ട് മക്കളെ പ്രസവിച്ച അമ്മയാണ്. ആ അമ്മ പോലും, സതീശ് ചന്ദ്രന്റെ ഭാര്യപോലും ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ടാകില്ല. മക്കളെ നൊന്തുപ്രസവിച്ച ഒരു സ്ത്രീയും കാസർഗോഡ് നിങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ടാകില്ല. അതുകൊണ്ടാണ് ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ കാസർഗോഡ് എം. പി. ആയത്. ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തെരഞ്ഞെടുപ്പിനുശേഷം പല ആളുകളും പറയുന്നത് മുഖ്യമന്ത്രി ശൈലി മാറ്റണമെന്നാണ്. മുഖ്യമന്ത്രി ശൈലി മാറ്റണമെന്ന് ഞാൻ പറയുന്നില്ല. ഒരാൾക്ക് ചെറുപ്പകാലത്ത് ശീലിച്ച ശൈലിമാറ്റാൻ സാധിക്കില്ല. എനിക്ക് എന്റേതായ ശൈലിയുണ്ട്, മുഖ്യമന്ത്രിക്ക് മുഖ്യമന്ത്രിയുടേതായ ശൈലിയുണ്ട്. നമുക്കാർക്കും ശൈലിമാറ്റാൻ സാധിക്കില്ല. അടുത്തകാലത്തായി സാമൂഹിക മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന കഥ വായിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. പണ്ടൊരു രാജാവിന് ആനപ്പുറത്ത് കയറി സവാരി നടത്തണമെന്ന് കലശലായ ആഗ്രഹമുണ്ടായി. ഉടൻ തന്നെ പാപ്പാനെ വിളിച്ചുവരുത്തി, പിറ്റേ ദിവസം ആനയെ കൊണ്ടുവരാൻ ഉത്തരവിട്ടു. ആനസവാരി കണ്ട് ആർപ്പ് വിളിക്കാൻ ജനങ്ങളെല്ലാം കൊട്ടാരത്തിലെത്തണമെന്നും ഉത്തരവായി. പിറ്റേദിവസം നെറ്റിപ്പട്ടം കെട്ടിയ ഗജവീരനുമായി പാപ്പാനെത്തി. സവാരി കാണാൻ കൊട്ടാരമുറ്റത്ത് ഉത്തരവനുസരിച്ച് ജനങ്ങൾ തടിച്ചുകൂടി. ശിങ്കാരി മേളവും പഞ്ചവാദ്യവുമായി കൊഴുപ്പുകൂടിയ ചടങ്ങിലേയ്ക്ക് ആലവട്ടവും വെഞ്ചാമരവുമായി രാജാവ് കടന്നുവന്നു. നേരെ ആനയുടെ അടുത്തെത്തിയ മഹാരാജാവിന് പാപ്പാൻ നിർദ്ദേശങ്ങൾ നൽകാൻ തുടങ്ങി. കോപിഷ്ഠനായ മഹാരാജാവ് പാപ്പാനോട് കൽപ്പിച്ചു, മാറിനിൽക്കങ്ങോട്ട്, ആനപ്പുറത്ത് കയറേണ്ടതെങ്ങനെയെന്ന് എനിക്കറിയാം, തന്റെ ഉപദേശം വേണ്ട. ഇതുകേട്ട് ഭയന്ന് പാപ്പാൻ മാറി നിന്നു. പക്ഷെ ആനയ്ക്കുണ്ടോ രാജകൽപ്പന മനസ്സിലാകുന്നു. രാജാവ് പഠിച്ച പണി പലതും നോക്കിയിട്ടും ആനപ്പുറത്ത് കയറാൻ സാധിക്കുന്നില്ല. രാജാവ് വിയർക്കാൻ തുടങ്ങി. ഒടുവിൽ രാജാവറിയാതെ പാപ്പാൻ ആനയ്ക്ക്

നിർദ്ദേശം നൽകി. കാര്യം പിടികിട്ടിയ ആന രാജാവിന് കയറാൻ പാകത്തിൽ ഇരുന്നുകൊടുത്തു. ആനപ്പുറത്തിരിക്കുന്ന രാജാവിനെക്കണ്ട് ആർപ്പ് വിളിക്കുന്നതിനു പകരം ജനങ്ങൾ പൊട്ടിച്ചിരിക്കാൻ തുടങ്ങി. രാജസേവകരും വാ പൊത്തി ചിരിക്കാൻ തുടങ്ങി. എന്തോ പന്തികേടുണ്ടെന്ന് മനസ്സിലായ രാജാവ് അടുത്ത് നിന്ന പാപ്പാനോട് കാര്യം തിരക്കി. എന്നാൽ രാജകോപം ഭയന്ന് പാപ്പാൻ ഒന്നും മിണ്ടിയില്ല. ക്ഷിപ്രകോപിയായ രാജാവ് പാപ്പാനോട് ആക്രോശിച്ചു, സത്യം പറയണം ഇല്ലെങ്കിൽ നിന്റെ തല ഈ നിമിഷം മണ്ണിൽ കിടന്നുരുളും. ഭയന്നുവിറച്ച പാപ്പാൻ വിക്കി വിക്കി പറഞ്ഞു, അടിയനോട് കോപിക്കരുത്, അങ്ങ് പിന്നോട്ട് തിരിഞ്ഞാണ് ആനപ്പുറത്തിരിക്കുന്നത്. ഉടൻ വന്നു രാജശാസനം, എന്റെ ശൈലി മാറ്റാമെന്ന് ആരും കരുതേണ്ട, തെറ്റ് പറ്റിയത് എനിക്കല്ല, ആനയ്ക്കാണ്, അത്രയ്ക്ക് നിർബന്ധമുള്ളവർ വേണമെങ്കിൽ ആനയെ തിരിച്ച് നിർത്തിക്കൊള്ളൂ എന്ന്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

3.00 P.m.]

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പോലീസിന് പുതിയൊരു മുഖം കൈവന്ന കാലഘട്ടമാണിത്. ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത മിക്കവാറും ജനപ്രതിനിധികളെല്ലാം പോലീസ് വകുപ്പിൽ സമീപകാലത്ത് വന്നിട്ടുള്ള ആധുനികവത്കരണത്തിന്റെയും ജനകീയമുഖം കൈവന്നതിന്റെയും നാൾവഴികൾ ഇവിടെ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം അതുപോലെ ആവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിലും പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പോലീസ് സേനയിൽ 2931 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ട കാലഘട്ടമാണിത്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ പോലീസ് സേനയിൽ 25% വനിതാപ്രാതിനിധ്യം ഉറപ്പാക്കുന്ന ചരിത്രപരമായ തീരുമാനം ഈ സർക്കാർ കൈക്കൊള്ളുകയാണ്. രാജ്യത്തിന്റെ ജനാധിപത്യത്തിന് മഹത്തായ സംഭാവന നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 50% സീറ്റുകൾ വനിതകൾക്കുവേണ്ടി നീക്കിവച്ച ചരിത്ര തീരുമാനമെടുത്ത നാടാണ് കേരളം. അതിന്റെ തുടർച്ചയായി ഇതിനെ നമുക്ക് കാണാൻ കഴിയുന്നതാണ്. ആദിവാസികൾക്ക് മാത്രമായി പ്രത്യേക പോലീസ് ബാച്ച് ട്രെയിനിംഗ് ആരംഭിച്ചതും 75 പേരെ നിയമിച്ചതുമായ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. ആദിവാസി മേഖലയിൽ മാത്രമല്ല ഓഖി ദുരന്തബാധിതരുടെ

ആശ്രിതരായ 200 പേർക്ക് തീരദേശ പോലീസിൽ നിയമനം നൽകിക്കൊണ്ട് പാർശ്വവത്കരിക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ജനവിഭാഗങ്ങൾക്കൊപ്പമാണ് കേരളത്തിലെ സർക്കാർ എന്നതിന്റെ ഏറ്റവും ശരിയായ സൂചനയാണ് പോലീസ് ഭരണത്തിലൂടെ ഇവിടെ നൽകിയിട്ടുള്ളത്. തീരദേശത്ത് പുതുതായി നാല് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ കഴിഞ്ഞതും ഈ കാലഘട്ടത്തിലാണ്. ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മണ്ഡലങ്ങളിലെ വിസ്ഫോടനങ്ങളെ പോലീസ്സേനയുടെ വളർച്ചയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിന് നാം സാക്ഷിയായി. പുതിയ മൊബൈൽ ആപ്പുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 'തുണ' എന്ന പോർട്ടൽ വഴി കേരളത്തിലെ പോലീസിന്റെ സേവനം ചുരുങ്ങിയ കാലംകൊണ്ട് തേടിയത് 1,87,475 പേരാണ്. സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടുന്ന ട്രെയിനിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചതും ഈ കാലഘട്ടത്തിലാണ്. ആറ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാട്ടി. അത് 54 ആയി വർദ്ധിപ്പിക്കാൻ പോവുകയാണ്. അഞ്ച് നഗരങ്ങളിൽ എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ ഒരു കാലയളവാണിത്. ദുബായിൽ പോയത് കേരളാ പോലീസിനെ നന്നാക്കാൻ പഠിക്കാനാണെന്ന് മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അംഗം പരിഹസിച്ചു. അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. ദുബായിൽ പോയത് പഠിക്കാനാണ്. അത് പോലീസിനെ നന്നാക്കാനല്ല. പോലീസുകാരില്ലാത്ത പോലീസ് സ്റ്റേഷൻ ദുബായിലാണ് ലോകത്ത് ആദ്യമായി ആരംഭിച്ചത്. അതിന്റെ പ്രവർത്തനം മനസ്സിലാക്കി തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ അത്തരമൊരു സംവിധാനം ആരംഭിക്കുകയാണ്. വിദ്യാസമ്പന്നരായ അറുപതിനായിരത്തിലധികം വരുന്ന യുവജനങ്ങൾ ജോലിചെയ്യുന്ന അവിടെ പോലീസില്ലാത്ത ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുപയോഗിക്കുന്ന പോലീസ് സ്റ്റേഷൻ യാഥാർത്ഥ്യമാവുകയാണ്. ഇതെല്ലാം ചരിത്രത്തിലെ പുതിയ ചുവടുവയ്പുകളാണ്.

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം അടുത്ത ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. നമ്മുടെ നാട് മാറുകയാണ്. ഈ മാറ്റം കാണാൻ നിങ്ങൾക്ക് കണ്ണുണ്ടാകണം. അന്വേഷണം കാര്യക്ഷമമായത് ഈ കാലത്താണ്. നിങ്ങൾ കൊട്ടിഘോഷിച്ച് ആനപ്പുറത്ത് എഴുന്നള്ളിച്ചുകൊണ്ടു നടന്നിരുന്ന ഡി.ജി.പി., ഒരു ചെരുപ്പ് മരത്തിൽ കെട്ടിത്തൂക്കി, ചെരുപ്പ് കളഞ്ഞുപോയ കള്ളൻ അത് എടുക്കാൻ വരുമെന്ന് പ്രതീക്ഷിച്ച് ജിഷാ വധക്കേസിലെ പ്രതികളെ കാത്തിരുന്ന ഒരു കാലമില്ലേ. ആ കേസിലെ പ്രതികളെ

പിടികൂടിയെന്ന് മാത്രമല്ല, ശിക്ഷ ഉറപ്പാക്കിക്കൊടുക്കുകയും ചെയ്ത നവീകരിക്കപ്പെട്ട പോലീസ് സംവിധാനമാണ് ഇന്ന് കേരളത്തിലുള്ളതെന്ന് മനസ്സിലാക്കണം. കോളിയൂർ മരിയാദാസ് വധം നമ്മൾ ചർച്ച ചെയ്തതാണ്. അതിലെ പ്രതിക്ക് വധശിക്ഷ വാങ്ങിക്കൊടുക്കാൻ കേരളത്തിലെ അന്വേഷണസംവിധാനത്തിന് കഴിഞ്ഞുവെന്ന് മനസ്സിലാക്കണം. ഒരു വൻസ്രാവുകളും കേരളത്തിലെ പോലീസന്വേഷണത്തിന്റെ വലയത്തിൽ നിന്ന് രക്ഷപ്പെടുന്നില്ല. ആഡംബര വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതുവഴി കോടികൾ ഖജനാവിന് നഷ്ടം വരുത്തുന്ന സാമ്പത്തിക കുറ്റവാളികളുടെ വലിപ്പം നോക്കാതെ അവരെ പിടികൂടാനും ആ സംവിധാനം അവസാനിപ്പിക്കാനും കഴിഞ്ഞത് ഈ കാലത്താണെന്ന് ഓർക്കണം. ബി.ജെ.പി.-യുടെ കേരള സംസ്ഥാന പ്രസിഡന്റ് സമൂഹത്തിന്റെ സമാധാനം കെടുത്തുന്ന വിധം പ്രസംഗിച്ചപ്പോൾ അതിനെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ ധൈര്യം കാണിച്ചതും മുഖം നോക്കാതെ നടപടിയെടുത്തതും ഈ പോലീസാണ്. കല്ലിയോട്ട് കേസിനെക്കുറിച്ചെല്ലാം ഇവിടെ ചർച്ച ചെയ്തു. അതിലെ 14 പ്രതികൾ അറസ്റ്റ് ചെയ്യപ്പെട്ടു. അറസ്റ്റ് ചെയ്തവരെല്ലാം സി.പി.ഐ.(എം.) കാരാണെന്ന് നിങ്ങൾ പറയുന്നു. ശരിയാണ്, പ്രതികൾ സി.പി.ഐ.(എം.) കാരായിരുന്നാലും ഒരു കേസിലുൾപ്പെട്ടാൽ മുഖം നോക്കാതെ നടപടിയെടുക്കും, അറസ്റ്റ് ചെയ്യും, നീതിയുടെ വഴിക്ക് തന്നെ കാര്യങ്ങൾ പോകുമെന്നതിന്റെ തെളിവാണിതെന്ന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ ഭരണം ഈ സംസ്ഥാനത്തുണ്ടായിരുന്നപ്പോഴാണല്ലോ കൂടെ കൊടി പിടിക്കുന്നവരെ കുത്തി മലർത്തിയത്. ലാൽജി, മധു, ഹനീഫ എന്നിവരെ ഓർമ്മ കാണുമല്ലോ. ലാൽജിയുടെ മാതാവ് നിറകണ്ണുകളോടെ മാധ്യമങ്ങളോട് പറഞ്ഞല്ലോ, മുഖ്യമന്ത്രിക്ക് അവർ നിവേദനം കൊടുത്തിരിക്കുന്നു. ഈ കേസിൽ അന്നത്തെ ഒരു മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ പ്രതിയാണ്, അദ്ദേഹത്തിന്റെ പ്രേരണകൊണ്ടാണെന്നാണ് അറിഞ്ഞത്. നിങ്ങൾ കേസെടുത്തോ; നടപടി സ്വീകരിച്ചോ? മുഖം നോക്കി കൂടെയുള്ളവരെ രക്ഷിക്കുന്ന വഴിവിട്ട നിലപാടല്ല ഞങ്ങളുടേത്. കൊലപാതകങ്ങളെക്കുറിച്ചൊക്കെ പറയുമ്പോൾ ഉടുമ്പൻചോലയിലെ സെൽവരാജിന്റെ കുടുംബാംഗങ്ങളുടെ വിലാപം നിങ്ങൾ കേൾക്കുന്നില്ലേ? തെരഞ്ഞെടുപ്പ് വിജയത്തിൽ മതിമറന്ന് മദ്യപിച്ച് ആഹ്ലാദിച്ചെത്തിയ സംഘമല്ലേ തലയ്ക്കടിച്ച് കൊന്നത്? തലച്ചോറ് ചിതറിയല്ലേ സെൽവരാജ് മരിച്ചുവീണത്. ആ ജീവന് വിലയില്ലേ? ഉടുമ്പൻചോലയിൽ ഇതിനോടകം അമ്പതോളം കോൺഗ്രസ് പ്രവർത്തകർ ഈ ഹീനമായ കൊലപാതകത്തിൽ പ്രതിഷേധിച്ച് കോൺഗ്രസിൽ നിന്ന് രാജിവച്ച് സി.പി.ഐ.(എം)-ൽ ചേർന്നിരിക്കുകയാണ്. മനുഷ്യത്വമുണ്ടെങ്കിൽ എല്ലാ

കൊലപാതകങ്ങളെയും ഒരേ മനസ്സോടെ അപലപിക്കാനുള്ള ആർജ്ജവമാണ് നിങ്ങൾ കാണിക്കേണ്ടത്. ജിഷാ വധക്കേസ് പോലെ, ജലജാ വധക്കേസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അധികാരത്തിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മണ്ഡലത്തിലാണല്ലോ നടന്നത്. പക്ഷെ പ്രതിയെ പിടിക്കാൻ ഈ സർക്കാർ വേണ്ടിവന്നു എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ഈ കുറ്റമറ്റ സംവിധാനങ്ങളുടെ ഭാഗമായി കേരളത്തിൽ കുറ്റകൃത്യങ്ങൾ കുറഞ്ഞു. 2016-ൽ 707870 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാനത്ത് 2017-ൽ 653500 ആയും 2018-ൽ 511828 ആയും കുറഞ്ഞു. തൊട്ട് മുൻവർഷത്തേതിൽ നിന്നും കഴിഞ്ഞ വർഷം 141672 കേസുകൾ കേരളത്തിൽ കുറവാണെന്ന വസ്തുത നാം കാണണം. കൊലപാതകങ്ങൾ കുറയുകയാണ് ചെയ്തത്. 2017-ൽ 305 പേർ സംസ്ഥാനത്ത് കൊല്ലപ്പെട്ടു. 2018-ൽ അത് 276 ആയി കുറയുകയാണ് ചെയ്തത്. 2017-ൽ അബ്കാരി കേസുകൾ 58994 ആയിരുന്നത് ഇപ്പോൾ 38763 ആയി കുറയുകയാണ് ചെയ്തത്. പോലീസ് ഭരണത്തിന് ഈ സർക്കാരിന് കിട്ടിയ അവാർഡുകളെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. രാജ്യാന്തര പുരസ്കാരങ്ങൾ കേരളത്തിലെ പോലീസ് ഭരണത്തെ തേടിയെത്തുന്നത് ഈ ദിശയിൽ കുറ്റമറ്റ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതു കൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ലോക്സഭാ തെരഞ്ഞെടുപ്പിലെ പരാജയം ചൂണ്ടിക്കാട്ടി അത് പോലീസ് ഭരണത്തിന്റെ പരാജയമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്നു. സംസ്ഥാന സർക്കാരിന്റെ കുറവാണെന്ന് നിങ്ങൾ വിധി കൽപ്പിക്കുന്നു. തെരഞ്ഞെടുപ്പിൽ ഇതിനുമുമ്പും ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്, നിങ്ങളും പരാജയപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ എപ്പോഴും ശരി മാത്രം ജയിക്കുമെന്ന് പറയാനാകുമോ, അങ്ങനെയല്ല ചരിത്രം. എപ്പോഴും ശരി മാത്രം ജയിക്കുന്ന ഒരു കളിയല്ല തെരഞ്ഞെടുപ്പ്. 1924-ലെ ഇറ്റാലിയൻ ജനറൽ ഇലക്ഷനിൽ മുസ്സോളിനി ജയിച്ചത് 65 ശതമാനം വോട്ട് നേടിയാണ്. അത് ശരിയുടെ ജയമായിരുന്നോ? 1930-കളിൽ ജർമ്മനിയിൽ ഹിറ്റ്ലർ ജയിച്ചത് 43 ശതമാനം വോട്ട് നേടിയാണ്. അത് ശരിയുടെ വിജയമാണോ? ഈ തെരഞ്ഞെടുപ്പിനുശേഷം ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നു. അത് ശരിയുടെ വിജയമാണോ? മുസ്സോളിനിയുടെയും ഹിറ്റ്ലറുടെയും മോദിയുടെയും വിജയം ശരിയുടെ വിജയമായിരുന്നില്ല, കേരളത്തിലെ യു.ഡി.എഫ്.-ന്റെ വിജയവും ശരിയുടെ വിജയമല്ല. അത് ജനാധിപത്യത്തിന് പറ്റുന്ന കൈത്തെറ്റാണ്. ജനാധിപത്യത്തിന് അങ്ങനെ പറ്റുന്ന കൈത്തെറ്റ് ജനം തിരിച്ചറിയും, അത് തിരുത്തുകയും ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവിടെ മണ്ണാർക്കാട് അംഗം പ്രസംഗിച്ചപ്പോൾ പറഞ്ഞു, സി.പി.ഐ.(എം)-ന്റെ കോട്ടകളെല്ലാം ഒലിച്ചുപോയി എന്ന്. കൊടുങ്കാറ്റിൽ

ആടിയുലയുന്ന, സുനാമിയിൽ ഒലിച്ചുപോകുന്ന ഒരു കോട്ടയും ഞങ്ങളുണ്ടാക്കിയിട്ടില്ല. ഞങ്ങളുടേതായ ഒരു കോട്ടയും ഒലിച്ചുപോകുകയുമില്ല. നിങ്ങളെപ്പോലെ ഇങ്ങനെ സ്വപ്നം കണ്ടവർ പണ്ടുമുണ്ടായിരുന്നു. ഇന്ന് ഞങ്ങൾ ഒരു സീറ്റിൽ ജയിച്ചു. 1977-ൽ ഞങ്ങൾ പൂജ്യമായിരുന്നു. എല്ലായിടത്തും തോറ്റു. ഈ പ്രസ്ഥാനത്തിന്റെ കഥ കഴിഞ്ഞുവെന്ന് എഴുതിത്തള്ളിയവരുണ്ട്, പരിഹസിച്ചവരുണ്ട്. മൂന്നുകൊല്ലം തികഞ്ഞില്ല, 1980-ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാരിലെ മുഖ്യമന്ത്രിയുടെ പേര് ഇ. കെ. നായനാർ എന്നായിരുന്നുവെന്ന് നിങ്ങൾ ഓർക്കണം. 1984-ൽ ഇന്ദിരാ വധത്തിന്റെ സാഹചര്യത്തിൽ വലിയ തിരിച്ചടി നേരിട്ടു. സി.പി.ഐ.(എം.)-ൽ നിന്ന് ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് മാത്രമാണ് ജയിച്ചത്. എന്നാൽ മൂന്നുവർഷം തികഞ്ഞപ്പോൾ 1987-ൽ വീണ്ടും ഇടത് സർക്കാർ അധികാരത്തിൽ വന്നു. വീണ്ടും ഇ. കെ. നായനാർ മുഖ്യമന്ത്രിയായി. 1989-ൽ രണ്ട് സീറ്റിലും 1991-ൽ മൂന്ന് സീറ്റിലുമാണ് ഞങ്ങൾ ആകെ ജയിച്ചത്. ആ ഞങ്ങളാണ് 2004-ൽ കോൺഗ്രസിനെ പൂജ്യം സീറ്റിലേയ്ക്ക് കൊണ്ടുപോയതും ഞങ്ങൾ 18 സീറ്റിലും ജയിച്ച് മഹാവിജയത്തിലേയ്ക്ക് എത്തിയതും. തെരഞ്ഞെടുപ്പുകളിൽ ഇങ്ങനെ ജയപരാജയങ്ങളെല്ലാം മാറിവരുമെന്നും അത് പ്രത്യേകമായ രാഷ്ട്രീയ സാഹചര്യങ്ങളുടെ ഉല്പന്നമാണെന്നും തിരിച്ചറിയാൻ കഴിയാതെ പോയാൽ കേരളത്തിന്റെ രാഷ്ട്രീയ ചലനങ്ങളെ ശരിയായി വിലയിരുത്താനാകാത്ത മൂഢൻമാരെന്ന് ചരിത്രം നിങ്ങളെ വിലയിരുത്തുമെന്ന് മാത്രം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇത് ദൈവം തന്ന ശിക്ഷയാണെന്ന് മണ്ണാർക്കാട് അംഗം പറഞ്ഞത് കേട്ട് ഞാൻ ഞെട്ടിപ്പോയി. ഇതെന്തൊരു ദൈവമാണ്. മണ്ണാർക്കാട് അംഗത്തോട് ഞാൻ സംശയം ചോദിക്കുകയാണ്. കേരളത്തിലൊരു ദൈവവും കേരളത്തിന് പുറത്ത് വേറൊരു ദൈവവുമാണോ? കേരളത്തിലെ ദൈവം ഞങ്ങളെ ശിക്ഷിച്ചു. കേരളത്തിന് പുറത്തുള്ള ദൈവം നിങ്ങളെയല്ലേ ശിക്ഷിച്ചത്. തെരഞ്ഞെടുപ്പിന്റെ കാര്യം പറയുമ്പോൾ ദൈവവും ജാതിയും മതവും വിശ്വാസവുമൊന്നും പറയാതിരിക്കുന്നതാണ് ഭംഗി. നിങ്ങൾ പറയുന്നത്, മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാണ്. കാരണം ദാർഷ്ട്യം. അവസാനം ബഹുമാനപ്പെട്ട അംഗം ഒരു കഥ വായിച്ചു. അദ്ദേഹം ഈ ബാലരമയും ഫെയ്സ്ബുക്കുമൊക്കെ നോക്കി കഥ വായിച്ചുനടക്കുകയാണ്. നടന്നോട്ടെ; അതിൽ വിരോധമില്ല. ഞാൻ ചോദിക്കട്ടെ, തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് ദാർഷ്ട്യംകൊണ്ടാണെങ്കിൽ, ഞങ്ങൾക്ക് ഇവിടെ ഒരു സീറ്റ് കിട്ടിയത് ദാർഷ്ട്യം കൊണ്ടാണെങ്കിൽ, രാജസ്ഥാനിൽ കോൺഗ്രസിന് 25-ൽ പൂജ്യമാണ്, ദാർഷ്ട്യമായിരുന്നോ; ഗുജറാത്തിൽ 25-ൽ പൂജ്യമാണ്, ദാർഷ്ട്യമാണോ; ഉത്തരാഖണ്ഡിൽ അഞ്ചിൽ പൂജ്യം, ഡൽഹിയിൽ പൂജ്യം, ആന്ധ്രാപ്രദേശിൽ പൂജ്യം.

ആന്ധ്രാപ്രദേശിൽ ജയിപ്പിക്കാൻ പോയ ബഹുമാന്യനായ നേതാവ് ഇവിടെയുണ്ട്, ഞാൻ അദ്ദേഹത്തെ പരിഹസിക്കുന്നില്ല. പക്ഷെ മലയാള മനോരമ പത്രം ഒരിക്കൽ എഴുതിയത്രെ - 'ഉമ്മൻ ചാണ്ടി മാജിക് ആന്ധ്രയിൽ വലിയ മുന്നേറ്റം കോൺഗ്രസിനുണ്ടാകുമെന്ന്'. അങ്ങയുടെ കുറവല്ല, പക്ഷെ അവിടെയും പൂജ്യമാണ്. ഹരിയാനയിൽ പൂജ്യം, ഇതൊക്കെ ദാർഷ്ട്യംകൊണ്ടാണോ; മധ്യപ്രദേശിൽ ഒന്ന്, ദാർഷ്ട്യമാണോ; ഉത്തർപ്രദേശിൽ ഒന്ന്, ദാർഷ്ട്യമാണോ; ബഹുമാന്യനായ രാഹുൽ ഗാന്ധി അമേഠിയിൽ തോറ്റ് തുന്നം പാടി, ദാർഷ്ട്യമാണോ; അപ്പോൾ നിങ്ങൾ തോൽക്കുമ്പോൾ വിനയം, ഞങ്ങൾ തോൽക്കുമ്പോൾ ദാർഷ്ട്യം, ഇത് എവിടത്തെ ന്യായമാണ്? നമ്മളൊക്കെ തോറ്റു. തോൽവിയുടെ കാരണം വിലയിരുത്തുകയാണ് വേണ്ടത്. ദാർഷ്ട്യത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ നിങ്ങൾ വിട്ടുപോയ ഇന്ത്യയിലെ വലിയ ദാർഷ്ട്യമുണ്ട്. ആന്ധ്രയിൽ കോൺഗ്രസിനെ പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് വലിച്ചെറിഞ്ഞ ദാർഷ്ട്യം. അത് ഞങ്ങളുടെ ദാർഷ്ട്യമല്ല. വൈ. എസ്. രാജശേഖര റെഡ്ഡി മരണപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ വിധവയും ഇപ്പോൾ മുഖ്യമന്ത്രിയായ മകനും ചേർന്ന് ശ്രീമതി സോണിയാ ഗാന്ധിയെ കാണാൻ നമ്പർ 10 ജനപഥ് ലേയ്ക്കെത്തി. ഒന്നുകാണാൻ പോലും കൂട്ടാക്കാതെ കോൺഗ്രസിന്റെ സമുന്നതനായ നേതാവിന്റെ വിധവയോടും മകനോടും മനുഷ്യത്വരഹിതമായി പെരുമാറി, ആട്ടിപ്പുറത്താക്കിയെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. മനസ്സുവേദനിച്ച് അവിടെ നിന്നിറങ്ങിയ ആ മാതാവും മകനുമെടുത്ത ദൃഢപ്രതിജ്ഞയുടെ പരിണിതഫലമായിട്ടാണ് കോൺഗ്രസ് ഇന്ന് ജീവിച്ചിരുന്നുവെന്നതിന് തെളിവുപോലുമില്ലാത്ത വിധം ആന്ധ്രയിൽ തകർന്നടിഞ്ഞത്. നിങ്ങളാണ് ദാർഷ്ട്യക്കാർ; നിങ്ങളാണ് അഹങ്കാരികൾ; നിങ്ങളാണ് മതിമറക്കുന്നവർ. ഈ സഭയിൽ പ്രസംഗിക്കുമ്പോഴും നിങ്ങൾക്ക് എന്തൊരഹങ്കാരമാണ്. കേട്ടാൽ തോന്നും, ഇന്ത്യയിൽ നിങ്ങളാണ് ജയിച്ചതെന്ന്. തോറ്റിട്ട് ഇത്ര അഹങ്കാരമാണെങ്കിൽ ജയിച്ചാൽ എന്താകുമായിരുന്നു നിങ്ങളുടെ സ്ഥിതിയെന്നതാണ് ഞങ്ങൾക്ക് അത്ഭുതം. ഞങ്ങൾ ഈ തെരഞ്ഞെടുപ്പിനെ ശരിയായി വിലയിരുത്തുന്നവരാണ്. ജനങ്ങൾ ഈ സർക്കാരിനെതിരല്ല. എതിരായിരുന്നെങ്കിൽ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ തോൽക്കണമായിരുന്നു. ഞങ്ങൾ തോറ്റിട്ടില്ല. മലപ്പുറം പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ ഒരു ലക്ഷം വോട്ടുകൾ ഞങ്ങൾക്ക് കൂടുതൽ കിട്ടി. വേങ്ങരയിൽ ഞങ്ങൾ തോൽക്കുമ്പോഴും പതിനായിരം വോട്ടുകൾ കൂടുതൽ കിട്ടി. ജനങ്ങൾ ഈ സർക്കാരിനൊപ്പമാണ്. ഈ സർക്കാരിനെ ജനങ്ങൾ എന്തിന് എതിർക്കണം. ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചതിനോ, ഓണറേറിയം കൂട്ടിയതിനോ, വിദ്യാഭ്യാസ വായ്പ ഏറ്റെടുത്തതിനോ, സ്കൂൾ തുറക്കുന്നതിന് മുമ്പ് പുസ്തകമെത്തിച്ചതിനോ, യൂണിഫോം

കൊടുത്തതിനോ, പി.എസ്.സി. വഴി ഒരു ലക്ഷം ചെറുപ്പക്കാർക്ക് ഇതിനോടകം തൊഴിൽ കൊടുത്തതിനോ ആണോ ജനങ്ങൾ സർക്കാരിനെ എതിർക്കേണ്ടത്? ജനങ്ങൾക്ക് ഈ സർക്കാരിനോടല്ല എതിർപ്പ്. വർഗ്ഗീയ ഫാസിസ്റ്റുകൾ കേന്ദ്രത്തിൽ അധികാരത്തിൽ നിന്ന് പുറത്തുപോകണമെന്ന് കേരളീയർ ആഗ്രഹിച്ചു. ആ ആഗ്രഹം കേരളത്തിലുണ്ടാക്കിയത് ഇടതുപക്ഷം നടത്തിയ പ്രചണ്ഡമായ മതനിരപേക്ഷ ക്യാമ്പയിനാണ്. വർഗ്ഗീയവിരുദ്ധ നിലപാട് കേരളം സ്വീകരിച്ചു. എന്നാൽ ആ സമയത്ത് കോൺഗ്രസ് ജയിക്കാൻ പോകുന്നുവെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടു. ആ പ്രതീതി സൃഷ്ടിക്കാൻ സഹായകരമായ ചില തെരഞ്ഞെടുപ്പ് വിജയങ്ങൾ നിങ്ങൾക്കുണ്ടായി. നിങ്ങൾ രാജസ്ഥാനിലും മദ്ധ്യപ്രദേശിലും ഛത്തീസ്ഗഢിലും ജയിച്ചു. ഇതുകണ്ടപ്പോൾ കോൺഗ്രസ്സുകാർ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുവരുന്നേയ്ക്കുമെന്ന തോന്നലുണ്ടായി. ആ തോന്നലിനെ നിങ്ങളുടെ അനൗദ്യോഗിക മുഖപത്രങ്ങളായി പുറത്തിറങ്ങിയ മലയാള മനോരമയും മാതൃഭൂമിയും പൊലിപ്പിച്ചു. ശ്രീ. രാഹുൽഗാന്ധി പ്രധാനമന്ത്രിയാകുമെന്ന പ്രചണ്ഡമായ പ്രചരണം അഴിച്ചുവിട്ടു. അദ്ദേഹം വയനാട്ടിൽ പ്രധാനമന്ത്രിയാകാൻ വന്നതല്ലെന്നും ആത്മരക്ഷാർത്ഥം ജീവൻ നിലനിർത്താനായി വന്നതാണെന്നും പിന്നെയാണ് മലയാളികൾക്ക് മനസ്സിലായത്. മലയാള മനോരമയും മാതൃഭൂമിയുമെല്ലാം കൈകോർത്ത് വന്നപ്പോൾ കോൺഗ്രസ് അധികാരത്തിലേയ്ക്ക് വരുന്നുവെന്നും ശ്രീ. രാഹുൽഗാന്ധി പ്രധാനമന്ത്രിയാകുമെന്നുമുള്ള പ്രചരണത്തിന് മുന്നിൽ മതനിരപേക്ഷ വാദികളായ, നല്ലവരായ, നിഷ്കളങ്കരായ മലയാളികളിൽ നല്ലൊരു പങ്കും കോൺഗ്രസ്സിന് വോട്ട് ചെയ്യാൻ തയ്യാറായി. ഞങ്ങൾക്ക് അവരോട് വിരോധമില്ല. ജനങ്ങൾ വഞ്ചിക്കപ്പെട്ടുവെന്ന് ഇപ്പോൾ മനസ്സിലായി. കോൺഗ്രസ് അധികാരത്തിൽ വരുന്നതിന്റെ മുന്നോടിയായല്ല ശ്രീ. രാഹുൽഗാന്ധി ഇവിടെ വന്നതെന്നും അദ്ദേഹം വയനാട്ടിലേയ്ക്ക് വന്നില്ലായിരുന്നുവെങ്കിൽ പാർലമെന്റിൽ പോകണമെങ്കിൽ സന്ദർശക ഗ്യാലറിയിൽ പാസ്സെടുക്കേണ്ടി വരുമായിരുന്നുവെന്നുമുള്ള യാഥാർത്ഥ്യം ഇപ്പോൾ മലയാളികൾക്ക് മനസ്സിലായി. വഞ്ചിക്കപ്പെട്ടുവെന്ന് അവർ തിരിച്ചറിഞ്ഞു. ജനങ്ങൾ ശരിയായ രാഷ്ട്രീയ നിലപാട് സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷത്തേയ്ക്ക് തന്നെ ശക്തമായി കടന്നുവരുമെന്ന കാര്യത്തിൽ ഞങ്ങൾക്കൊരു സംശയവുമില്ല. കോൺഗ്രസ്സിന്റെ സമീപനങ്ങൾ ബി.ജെ.പി.-യുടെ വർഗ്ഗീയതയെ ചെറുക്കാൻ പര്യാപ്തമല്ലെന്ന് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. മുത്തലാഖ്, പൗരത്വ വിഷയങ്ങളിൽ നിങ്ങൾ ബി.ജെ.പി.-യുമായി ഒത്തുകളിച്ചില്ലേ? രാമക്ഷേത്ര നിർമ്മാണവും ഗോവധവുമായി ബന്ധപ്പെട്ട് നിങ്ങളുടെ നിലപാട് എന്താണ്? രാമക്ഷേത്രം ഉടൻ നിർമ്മിക്കണമെന്ന് ശ്രീ. സുരേഷ് ഭയ്യാ ജോഷി ആവശ്യപ്പെടുന്നു. അതിന് മറുപടിയായി ശ്രീ. ഹരീഷ് റാവുത്തർ

പറഞ്ഞത്, കോൺഗ്രസ് അധികാരത്തിൽ വന്നാലാണ് സമയബന്ധിതമായി രാമക്ഷേത്രം നിർമ്മിക്കുക എന്നാണ്. ഇക്കാര്യങ്ങളിലെല്ലാം ഒരേ ദ്രുവൽപക്ഷിക ളാണെന്ന സൂചനയാണ് കോൺഗ്രസ് ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകികൊണ്ടിരിക്കുന്നത്. മതനിരപേക്ഷതയെ ഉയർത്തിപ്പിടിച്ച്, വർഗ്ഗീയതയെ എതിർത്ത് അഴിമതിക്കെതിരായ നിലപാട് ജനങ്ങളുടെ മുമ്പാകെ വിശദീകരിച്ച് കൂടുതൽ വാശിയോടെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രവർത്തിക്കും. ജനങ്ങൾക്കിടയിലുണ്ടായ തെറ്റിദ്ധാരണകൾ അകറ്റും. എന്തെങ്കിലും പിശകുകൾ ഞങ്ങൾക്ക് പറ്റിയിട്ടുണ്ടെങ്കിൽ തുറന്ന മനസ്സോടെ പരിശോധിക്കും, തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തും, കൊടുങ്കാറ്റിന്റെ വേഗതയോടെ കേരളത്തിൽ തിരികെ വരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എന്റെ സുഹൃത്തായ ശ്രീ. എം. സ്വരാജിന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ ഏത് ലോകത്താണ് ഇരിക്കുന്നതെന്ന് ചിന്തിച്ചുപോയി. നിങ്ങൾ കേരളത്തിലെ 19 സീറ്റിലും ജയിച്ചിരുന്നുവെങ്കിൽ എന്ത് ചെയ്യുമായിരുന്നു. ഈ പരാജയത്തിന്റെ ആഘാതം മുഖ്യമന്ത്രിക്ക് മനസ്സിലായി. അദ്ദേഹം ചില മാറ്റങ്ങളൊക്കെ വരുത്തിയിട്ടുണ്ട്. ദേവസ്വം വകുപ്പുമന്ത്രിയായ ശ്രീ. കടകംപള്ളി സുരേന്ദ്രന് ഷർട്ടിടാൻ സമയമില്ല. ഓരോ അമ്പലങ്ങളിലും കയറുന്നതുമൂലം ഷർട്ടിടാൻ നേരമില്ലാത്ത മന്ത്രിയായി അദ്ദേഹം മാറി. നിരീശ്വരവാദത്തിന്റെ അങ്ങേയറ്റത്തായിരുന്ന ആൾക്ക് ഷർട്ടിടാൻ പറ്റാത്ത രൂപത്തിലായി. ഒരു ചെറിയ വ്യത്യാസം വന്നു. ശ്രീ. എം. സ്വരാജിന്റെ ആവേശം അദ്ദേഹത്തിന് പിടികിട്ടിയില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം കടുത്ത അടികിട്ടിയപ്പോൾ അദ്ദേഹം കുറച്ചൊന്നു മാറി.

പോലീസിലും കുറച്ച് മാറ്റങ്ങൾ വരുത്തി. പോലീസിൽ മാറ്റം വരുത്തിയത് വെളുക്കാൻ തേച്ചത് പാണ്ടായി എന്ന് പറയുന്നതുപോലെയാകുമെന്ന് അങ്ങ് കുറിച്ചിട്ടോ; എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അങ്ങ് നോക്കിക്കോ. ഡി.ജി.പി.-യുടെ കീഴിൽ ഒരു എ.ഡി.ജി.പി.-യെ ലാ ആന്റ് ഓർഡർ ചുമതലയ്ക്കായി നിയമിച്ചിരിക്കുകയാണ്. രണ്ട് എ.ഡി.ജി.പി.-മാർ ചെയ്തുകൊണ്ടിരുന്ന ജോലി അവരിൽ നിന്നെടുത്ത് പി.എച്ച്.ക്യൂ.-ലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇതെവിടെ പോയി നിൽക്കുമെന്ന് എനിക്കറിയല്ല. സി.ഐ.-മാരെല്ലാം ബഹളത്തിലാണ്. അവരുടെ സ്റ്റേഷനുകളിൽ അവരെ എസ്.ഐ.-ആയും എസ്.ഐ.-മാരെ എ.എസ്.ഐ.-മാരുമാക്കി മാറ്റിയിരിക്കുകയാണ്. എന്ത് മാറ്റമാണിത്. ഇതെല്ലാം

കേരളത്തിലെ പോലീസ് സംവിധാനത്തെ മാറ്റിമറിക്കുന്ന രൂപത്തിലാണ്. ദുരഭിമാനകൊല നടത്തിയ കെവിൻ കേസ്സിലെ എസ്.ഐ. ഷിബുവിനെ ഈ വിധി വന്നതിനുശേഷം അതേ പോലീസ് സ്റ്റേഷനിൽ നിയമിച്ചെങ്കിലും ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഇടുക്കിയിലേയ്ക്ക് മാറ്റി. ഈ സർക്കാർ ഏത് രൂപത്തിലാണ് പെരുമാറുന്നത്. മണർകാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പള്ളിക്കുന്ന് രാജീവ് ഗാന്ധി കോളനിയിൽ ജനലഴിയിൽ ഒരാൾ തൂങ്ങിമരിച്ചു എന്നാണ് പോലീസ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനലഴിയിൽ എങ്ങനെയാണ് തൂങ്ങിമരിക്കാൻ സാധിക്കുന്നത്. പ്രാണഭയം കൊണ്ടെങ്കിലും അഴിയിൽ കയറി പിടിക്കില്ലേ? ലോക്കപ്പ് മർദ്ദനംമൂലമുണ്ടായ മരണം മറച്ചുവയ്ക്കുന്നതിനുവേണ്ടി തൂങ്ങിമരിച്ചുവെന്ന രീതിയിലാക്കുകയാണ്. ഇവിടെ ഇൻവെസ്റ്റിഗേഷൻ ഇരുട്ടിൽ തപ്പുകയാണ്. ബാലഭാസ്കറിന്റെ കേസ് മുഖ്യമന്ത്രി തന്നെ പരിശോധിക്കണം. 250 കിലോമീറ്റർ ദൂരം വണ്ടിയോടിച്ചാണ് അവർ ഇവിടെ എത്തിയത്. കേരളത്തിൽ എല്ലായിടത്തും പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സി.സി.ടി.വി. ക്യാമറയുണ്ട്. ആ വഴിയിലെവിടെയെങ്കിലും ഈ വാഹനത്തെ തടഞ്ഞുനിർത്താൻ നോക്കിയോ; അമിതവേഗതയിൽ വന്ന വാഹനം പരിശോധിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചോ; നടപടി സ്വീകരിച്ചില്ലെന്ന് മാത്രമല്ല അവർ യഥേഷ്ടം പള്ളിപ്പുറം വരെ വന്നിട്ടും പോലീസിന് പിടിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? പോലീസ് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടില്ല. ഹൈവേ പോലീസിനെ ഈ നിമിഷം തന്നെ പിരിച്ചുവിടണം. അതുകൊണ്ട് ഒരു കാര്യവുമില്ലെന്നല്ലേ ഈ കേസ് തെളിയിക്കുന്നത്. ഇൻവെസ്റ്റിഗേഷന്റെ കാര്യത്തിൽ വലിയ പാളിച്ചയാണ് സംഭവിച്ചിട്ടുള്ളത്. യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിയുന്നില്ല.

സ്വർണ്ണക്കടത്ത് മാഫിയ കേരളത്തിൽ ശക്തമാണ്. മലയാള മനോരമ അതുസംബന്ധിച്ച് ഒരു പരമ്പര തന്നെ എഴുതിയിട്ടുണ്ട്. അക്രമികളുടെയും കള്ളക്കടത്തുകാരുടെയും പറുദീസയായി കേരളത്തെ മാറ്റിയില്ലേ? കേരളത്തെക്കുറിച്ച് മോശമായ ചിത്രമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുമാത്രം 50 കിലോ സ്വർണ്ണം കടത്തിയെന്നാണ് സെറീന ഷാജി എന്ന സ്ത്രീ വെളിപ്പെടുത്തിയത്. ഇതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധിച്ചോ? അതിന് പുറത്തോട്ട് ഇതെങ്ങനെ പോയി എന്നുള്ളത് പരിശോധിച്ചോ? കള്ളക്കടത്ത് പിടിക്കുന്നതിനുവേണ്ട ഒരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ലെന്നുള്ളതല്ലേ

സത്യം. സ്വർണ്ണ കള്ളക്കടത്ത് മാഫിയയ്ക്ക് ജനപ്രതിനിധികൾപോലും കൂട്ടാണ്. ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്. മുഖ്യമന്ത്രി ഒരു കാര്യത്തിന് പ്രത്യേകം മറുപടി പറയണം. സ്വർണ്ണക്കടത്ത് കള്ളക്കേസിലെ പ്രതിയായ അബ്ദുൾ ലെയ്സിനെ കോഫെപോസ കേസ്സിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികളാരെങ്കിലും അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ടോ? ഇക്കാര്യം അങ്ങ് പരിശോധിക്കണം. ഈ ആളുകളെ കോഫെപോസ കേസ്സിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അങ്ങേയ്ക്ക് നിവേദനം നൽകിയിട്ടുണ്ടെന്നുള്ളത് മാധ്യമ വാർത്തയാണ്. ഞാൻ ഇത് ആക്ഷേപമായി ഉന്നയിക്കുകയാണ്. ഇവരെ സൗദി അറേബ്യയിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ആളുകളെ കേസ്സിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടി നിവേദനം നൽകാൻ ഇവർക്കെങ്ങനെ ധൈര്യമുണ്ടായി? അങ്ങ് നീതിബോധത്തോടുകൂടിയാണ് നിൽക്കുന്നതെങ്കിൽ ആ നിവേദനം വാങ്ങി വലിച്ചുകീറി അവരുടെ മുഖത്തെറിയണ്ടേ? ഒരു ജനപ്രതിനിധിക്ക് ചെയ്യാൻ കഴിയുന്ന പണിയാണോ? എന്റെ കയ്യിൽ പൊലീസ് ആക്ടും അതിനോടൊപ്പം സി.ആർ.പി.സി.-യുടെ ലേറ്റസ്റ്റ് എഡിഷനുമുണ്ട്. ഇതിൽ രണ്ടിലും പറയാത്ത രൂപത്തിലാണ് കേരളത്തിലെ കേസന്വേഷണങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ക്രിമിനലുകളെയും കൊടുംകുറ്റവാളികളെയും രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. പാർട്ടിയിലെ ക്രിമിനലുകൾ ചെയ്യുന്ന കുറ്റങ്ങൾക്കെല്ലാം മറയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ടി. പി. ചന്ദ്രശേഖരൻ കൊലക്കേസ്സിലെ പ്രതി കൊടി സുനി പരോളിൽ ഇറങ്ങിയതിനുശേഷം ഒരു സ്വർണ്ണ കള്ളക്കടത്ത് കേസ്സുമായി ബന്ധപ്പെട്ട് വീണ്ടും അയാളെ അറസ്റ്റ് ചെയ്തല്ലോ? ഹൈടെക് ജയിലിനുള്ളിലിരുന്ന് സ്വർണ്ണ കള്ളക്കടത്ത് നടത്താമെന്ന് ആളുകളെ ബോദ്ധ്യപ്പെടുത്തുകയല്ലേ ചെയ്യുന്നത്. സർക്കാർ അവർക്കെന്തിന് പരോൾ കൊടുക്കുന്നു. പരോളിലിറങ്ങിയതിനുശേഷം സ്വർണ്ണ കള്ളക്കടത്ത് കേസ്സുമായി ബന്ധപ്പെട്ട് അയാൾ വീണ്ടും അറസ്റ്റിലാകുകയാണ്. കേരളത്തിൽ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളല്ലേ കേൾക്കുന്നത്. ഈ ക്രിമിനലുകൾക്കെല്ലാം കൂട്ടുനിൽക്കുന്നത് ശരിയാണോ? പെരിയ ഇരട്ടക്കൊലപാതക കേസ്സിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ ഇരട്ടക്കൊലപാതക കേസ്സിൽ പ്രതിയായി വന്നയാളിന്റെ ഭാര്യ സാക്ഷിയായി മാറുമെങ്കിൽ ഈ അന്വേഷണത്തെ ആര് വിശ്വസിക്കും? അതിനകത്തെ 14 ആളുകളുടെ പേര് ശ്രീ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചല്ലോ; ആ 14 ആളുകളെപ്പറ്റി ശ്രീ. എം. സ്വരാജ് ഒരു വാക്കുപോലും പറഞ്ഞില്ലല്ലോ; ആ 14 ആളുകളിൽ ഒരു

സാക്ഷിയുടെ കാര്യം മാത്രം ഞാൻ പറയുകയാണ്. ആ സാക്ഷി ഒന്നാം പ്രതിയുടെ ഭാര്യയാണ്. ഇപ്പോൾ കേരളം എവിടെപ്പോയി നിൽക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കുറ്റവാളികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി സി.പി.ഐ. (എം)-ൽ ഒരു സെൽ പ്രവർത്തിക്കുന്നുവെന്നാണ് കേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ശരിയോ തെറ്റോ എന്ന് അങ്ങുതന്നെ പറയണം. പാർട്ടി ക്രിമിനലുകൾക്കെതിരെ വരുന്ന പരാതി പാർട്ടിതന്നെ അന്വേഷിക്കാമെന്നുള്ള പുതിയ നിലപാടാണ് കൊണ്ടുവരുന്നത്. കേരള പോലീസ് ആക്ടിൽ അങ്ങനെയൊരു നിബന്ധനയുണ്ടോ; സി.ആർ.പി.സി.-യിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? പാർട്ടിയിൽപ്പെട്ട ഒരാൾ കുറ്റകൃത്യത്തിൽ പ്രതിയായി വന്നിട്ടുണ്ടെങ്കിൽ അയാൾ ആ കുറ്റകൃത്യം ചെയ്തോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് ആ പാർട്ടി അന്വേഷിക്കുമെന്നാണ് പറയുന്നത്. എല്ലാ പാർട്ടികളും അങ്ങനെ അന്വേഷിച്ചാൽ കേരളം എവിടെയെത്തും; അങ്ങനെ ചെയ്യാൻ കഴിയുമോ? പോലീസ് അതിന് കൂട്ടുനിൽക്കുകയാണ്. പാർട്ടി ആഭ്യന്തര അന്വേഷണമാണ് ഇപ്പോൾ നടത്തുന്നത്. പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയിലില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പേര് അധികം പരാമർശിക്കുന്നില്ല. പക്ഷേ അദ്ദേഹം പറഞ്ഞ ആശയത്തോട് യോജിക്കാൻ കഴിയില്ല. പാർട്ടിയിലെ അംഗങ്ങൾ ചെയ്യുന്ന ക്രിമിനൽ കുറ്റത്തിന് പാർട്ടി അന്വേഷണ സംഘത്തെ വയ്ക്കുകയാണ്. അങ്ങനെ വന്നതുകൊണ്ടാണ് സഖാക്കൾക്കെതിരെയുള്ള ഏത് പരാതിയും പാർട്ടി അന്വേഷിക്കുമെന്നുള്ള നിലയിലേയ്ക്ക് വരുന്നത്. പാലക്കാട് നടന്ന സ്ത്രീ പീഡന കേസ് പാർട്ടി അന്വേഷിച്ചാൽ മതിയോ? തൃശ്ശൂരിൽ ഉത്തരവാദപ്പെട്ട ഒരു നേതാവ് പീഡിപ്പിച്ച കേസ് കോടതിയിലെത്തിയില്ലല്ലോ; ഇടയ്ക്കുവച്ച് തീർന്നുപോയല്ലോ; പാർട്ടി അന്വേഷിച്ചോ? പാർട്ടി അന്വേഷിച്ച് അവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്. അതുപോലെ സി.പി.ഐ. (എം) കൗൺസിലർ ഉൾപ്പെട്ട വടക്കാഞ്ചേരിയിലെ പീഡനക്കേസ് പാർട്ടി അന്വേഷിക്കുന്നുവെന്നാണ് പറഞ്ഞത്. അതിൽ ഭരണഘടനാപരമായ സാധുതയുണ്ടോ? വളാഞ്ചേരി നഗരസഭയിലെ സി.പി.ഐ. (എം.) കൗൺസിലർ ഷംസുദ്ദീന്റെ നിരന്തരമായ പീഡനത്തിനെതിരെ 16 വയസ്സുകാരി പരാതി നൽകി. അത് പാർട്ടിയാണ് അന്വേഷിക്കുന്നത്. സി.ആർ.പി.സി.-യിൽ പുതിയ അമെന്റ്മെന്റുണ്ട്. സെക്ഷൻ 354 (A) അനുസരിച്ച് ഒരു പോലീസുദ്യോഗസ്ഥന്റെ മുമ്പിൽ ഇങ്ങനെയൊരു പീഡനക്കേസ്സിനെക്കുറിച്ച് പെൺകുട്ടി പരാതി ബോദ്ധ്യപ്പെടുത്തിയാൽ 24 മണിക്കൂറിനകം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ്സന്വേഷണം നടത്തണമെന്നാണ്. ആ വിവരം ബോദ്ധ്യമായിട്ടും

പോലീസ് ഓഫീസറെ അറിയിക്കാതിരുന്നതും ക്രിമിനൽ കുറ്റമാണെന്നുള്ളത് യാഥാർത്ഥ്യമല്ലേ? സി.ആർ.പി.സി.യും കേരള പോലീസ് ആക്ടും സംസ്ഥാനത്ത് അട്ടിമറിക്കപ്പെടുകയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒരു പെൺകുട്ടി അനുഭവിച്ച വിഷമത്തിന്റെ കഥ ഇവിടെ ചർച്ച ചെയ്തതാണ്. ഞാനത് ആവർത്തിക്കുന്നില്ല. ഇങ്ങനെയൊരു സംസ്ഥാനം ഇന്ത്യയിലൊരിടത്തുമില്ല. പോലീസ് വകുപ്പിലെ ക്രിമിനലുകളാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ രണ്ട് തരത്തിലുള്ള ക്രിമിനലുകൾ തമ്മിൽ സന്ധിയുണ്ടാക്കിയിരിക്കുകയാണ്. 1129 പോലീസുദ്യോഗസ്ഥർ ക്രിമിനൽ കേസ്സുകളിലെ പ്രതികളാണെന്നാണ് ഏഷ്യാനെറ്റ് ഒരു സ്റ്റഡി നടത്തിയപ്പോൾ പറഞ്ഞത്. 195 എസ്.ഐ.-മാരും 8 സി.ഐ.-മാരും അതിലുൾപ്പെടുന്നു. അത് അവർ നടത്തിയ ഒരു ഇൻവെസ്റ്റിഗേഷന്റെ ഭാഗമാണ്. പോലീസിലെയും പാർട്ടിക്കുള്ളിലെയും ക്രിമിനലുകൾ ഇവിടെ കൈകൊടുത്ത് നിൽക്കുകയാണ്. അങ്ങ് നിസ്സഹായനാണ്. ഇക്കാര്യത്തിൽ അങ്ങേയ്ക്കൊരു നടപടിയും സ്വീകരിക്കാൻ കഴിയില്ല. അങ്ങ് പാർട്ടിയിലെ പ്രമുഖനായിരിക്കും, ആൾ ഇന്ത്യ തലത്തിൽ ഉന്നത സ്ഥാനത്തുമാണ്. പക്ഷേ ഈ ക്രിമിനൽ ബന്ധത്തെ പൊളിക്കുന്നതിനുവേണ്ടി അങ്ങേയ്ക്ക് ഒരു നടപടിയും എടുക്കാൻ കഴിയില്ല. സായുധ സേനയിലെ 22 ഇടിവീരന്മാരെ ചേർത്തുകൊണ്ട് എറണാകുളത്തെ റൂറൽ ടൈഗർ ഫോഴ്സ് എന്നൊരു പ്രത്യേക തല്ല് സംഘത്തെ എ. വി. ജോർജ്ജ് എന്ന എസ്.പി. രൂപീകരിച്ചു. അതിന്റെയടിസ്ഥാനത്തിലാണ് ശ്രീജിത്ത് മരിച്ചത്. ഇപ്പോൾ ജോർജ്ജിനെ തിരിച്ചെടുക്കാൻ തീരുമാനമെടുത്തു, അദ്ദേഹത്തിന്റെ സസ്പെൻഷൻ പിൻവലിച്ചു. അതോടെ ആ കേസ് പോയില്ലേ; ആ കേസ് നിലനിൽക്കുമോ; ഐഡന്റിഫിക്കേഷനുണ്ടോ? ജോർജ്ജ് പറഞ്ഞിട്ടാണ് 22 ആളുകൾ തല്ലാൻ തീരുമാനിച്ചത്. ഇടിവീരന്മാരുടെ സംഘമാണ് ടൈഗർ ഫോഴ്സ്. അതിന് നിർദ്ദേശം കൊടുത്ത ജോർജ്ജിനെ തിരിച്ചെടുത്തു. അദ്ദേഹത്തെ തിരിച്ചെടുത്തതോടുകൂടി ആ കേസ് അട്ടിമറിച്ചു. ഒരു കേസ് അട്ടിമറിക്കാൻ സർക്കാർ കൂട്ടുനിൽക്കാമോ; സർക്കാർ ചെയ്തത് ശരിയാണോ? ഒരിക്കലും ശരിയല്ല. നിങ്ങൾക്ക് പരാജയമുണ്ടായത് അതുകൊണ്ടാണ്. ഇപ്പോൾ പറയുന്നത് ഒരു പരാജയവുമില്ല, ഇതുപോലെ പോകണമെന്നാണ്. ദയവായി നിങ്ങൾ ഇതുപോലെതന്നെ പോകണമെന്നാണ് ഞാൻ പറയുന്നത്. എങ്കിൽ മാത്രമേ ഞങ്ങൾക്ക് അങ്ങോട്ട് വരാൻ കഴിയൂ. നിങ്ങളുടെ ശൈലി മാറ്റണമെന്നൊന്നും എനിക്ക് അഭിപ്രായമില്ല. നിങ്ങൾ ഏത് ശൈലിയിൽ വേണമെങ്കിലും പോകൂ. പക്ഷേ കേരളം തകർന്നുകൊണ്ടിരിക്കുകയാണ്, കേരളത്തിന്റെ സ്ഥിതി ദയനീയമാകുകയാണ്. വൈ.എസ്.ആർ. നേതാവ് ജഗൻ

മോഹൻ റെഡ്ഡിയെ ശ്രീമതി സോണിയാഗാന്ധി ഇറക്കിവിട്ടു എന്നൊക്കെ നിങ്ങൾ പറഞ്ഞല്ലോ; ഈ കള്ളത്തരം പറയുന്നത് എന്തിനാണ്? രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് അദ്ദേഹം എം.പി.-യും കോൺഗ്രസ്സിന്റെ നേതാവുമായിരുന്നു. പ്രാദേശികമായ പ്രശ്നങ്ങൾകൊണ്ട് അദ്ദേഹം പുതിയ പാർട്ടി രൂപീകരിച്ചു. ഞങ്ങൾക്ക് അതൊന്നും ഒരു പ്രശ്നമേയല്ല. നീതികെട്ട സമീപനം ഈ സർക്കാർ മാറ്റണം. നിങ്ങൾ തകരണമെന്ന് ഞങ്ങൾക്ക് ആഗ്രഹമൊന്നുമില്ല. പക്ഷേ ഞങ്ങൾ ആഗ്രഹിച്ചാലും നിങ്ങൾ നിലനിൽക്കില്ലെന്നതിലേയ്ക്കാണ് കാര്യങ്ങളുടെ പോക്ക്. ഇപ്പോഴും കണ്ടാൽ നാല് കുലുക്ക് സോഡ, ഫുൾ ജാർ സോഡ എന്നിവ കുടിച്ച രീതിയിലുള്ള വലിയ ആവേശമാണ്. മൊത്തത്തിൽ തോറ്റിട്ടും ഫുൾ ജാർ സോഡയായി ഇവിടെ നിൽക്കുന്നതിന് എന്തെങ്കിലുമൊരു ഉളുപ്പുണ്ടാകണ്ടേ? അതുപോലുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവർ പറയുന്നത് കേൾക്കരുത്. ഇവർ ഉപദേശിച്ചുപദേശിച്ച് അങ്ങയെ ഇപ്പോൾ 19-ന്റെ കുഴിയിലേയ്ക്കിറക്കി. ഇവരുടെ ഉപദേശം വീണ്ടും തുടർന്നാൽ അടുത്തത് 140-ന്റെ കുഴിയിലേയ്ക്ക് പോകും. അങ്ങനെ പോകാതിരിക്കാൻ അങ്ങാണ് തീരുമാനിക്കേണ്ടത്. കേരളം ഈ നിലയിൽ പോകണോ അതോ തകർന്നുപോകണോ; കേരളത്തിലെ നിയമസമാധാനം ആർക്കും പിടിച്ചാൽ പിടികിട്ടാത്ത രൂപത്തിൽ പോകണോ എന്ന് അങ്ങ് തീരുമാനിക്കണം. അങ്ങനെയുണ്ടാകാതിരിക്കുന്നതിനുള്ള സമീപനം വേണമെന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സാധാരണഗതിയിൽ പ്രസംഗത്തിൽ ഉയർന്നുവരുന്ന കാര്യങ്ങളൊന്നും വന്നിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കുറേ രാഷ്ട്രീയകാര്യങ്ങൾ മാത്രമാണ് ഉയർന്നുവന്നിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പൊതുഭരണ ചർച്ചയുടെ മറുപടിയിൽ വന്നതായതുകൊണ്ട് അതിലേയ്ക്ക് ആവർത്തിച്ച് പോകാൻ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. തെരഞ്ഞെടുപ്പിൽ വിജയിക്കാൻ കഴിഞ്ഞ യു.ഡി.എഫ്.-ന് കഴിഞ്ഞ തവണ ഞാൻ പറഞ്ഞതുപോലെ അമിതാഹ്ലാദം സ്വാഭാവികമായിട്ടുണ്ടാകും. ആ ആഹ്ലാദ പ്രകടനം നല്ല രീതിയിൽ ഈ ചർച്ചയിൽ ഉയർത്തിയിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. എന്തുകൊണ്ടാണ് തെരഞ്ഞെടുപ്പ് ഫലം ആ രീതിയിൽ വന്നതെന്ന് അന്നുതന്നെ വ്യക്തമാക്കിയതാണ്. ശ്രീ. നരേന്ദ്രമോദിയുടെ പേരുപറഞ്ഞുകൊണ്ട് ഇവിടെ ഉയർത്തിയ ഭയം കേരളത്തിന്റെ മതനിരപേക്ഷ മനസ്സിൽ വല്ലാത്ത ഒരാശങ്കയായി ഉയർന്നുവന്നു. അതിനെ പ്രത്യേക രീതിയിൽ ഫലപ്രദമായി ഉപയോഗിക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞുവെന്നതാണ് വസ്തുത.

മോദിപേടി പോലെ ഇവിടെ പിണറായി പേടിയുണ്ടായതുകൊണ്ടാണ് ഞങ്ങൾക്ക് ഇങ്ങനെ സംഭവിച്ചതെന്ന പുതിയൊരു വാദം ഇന്ന് അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന ഒട്ടേറെ കാര്യങ്ങൾ കേൾക്കുന്നവരും കാണുന്നവരുമാണ് നമ്മൾ. കഴിഞ്ഞ രണ്ടുദിവസമായിട്ടാണ് ശ്രീ. യോഗി ആദിത്യനാഥിനെ വിമർശിച്ചുവെന്നതിന്റെ പേരിൽ രണ്ട് മാധ്യമപ്രവർത്തകരെ ജയിലിലടച്ച വാർത്ത വന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ ചേരിതിരിവിന് ആഹ്വാനം ചെയ്യുന്ന തരത്തിലുള്ള വാർത്താവതാരകർ ഉണ്ടായിട്ടുണ്ട്. അവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടിയുമായി ആരെങ്കിലും പുറപ്പെട്ടോയെന്നുള്ളത് ആലോചിക്കേണ്ടതാണ്. ഒരു പേടിയുടെ അന്തരീക്ഷമില്ലാതെ അത്തരം ആളുകൾ ഇപ്പോഴും അതേ രീതിയിൽ ആ ചാനലിൽ പ്രവർത്തിക്കുകയാണ്. ഇതെല്ലാം നമ്മുടെ നാട് കണ്ടു കൊണ്ടിരിക്കുകയാണ്. പേടിയുടെ അന്തരീക്ഷം ഇവിടെയാണെന്ന് പറയുന്നത് ശരിയല്ല; അവിടെയുണ്ട് എന്നതാണ് വസ്തുത.

നമ്മുടെ സംസ്ഥാനത്തെ പോലീസിനെക്കുറിച്ച് പറയുമ്പോൾ, അന്വേഷണം തങ്ങളുടെ ആളുകളിലേയ്ക്ക് എത്തുമ്പോൾ അന്വേഷണം വഴിതിരിച്ചു വിട്ടുകളയുന്നുവെന്നൊരു വാദഗതി ഉയർത്തുകയുണ്ടായി. സംസ്ഥാനത്ത് അന്വേഷണത്തിന്റെ കാര്യം മാത്രമല്ല, അന്വേഷണ കമ്മീഷനെ തന്നെ പിരിച്ചുവിട്ട അനുഭവങ്ങളുണ്ടായിട്ടുണ്ട്. നേരത്തെ കാസർഗോഡുള്ള ഒരു സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു അന്വേഷണ കമ്മീഷനെ നിശ്ചയിച്ചിരുന്നു. അന്വേഷണ കമ്മീഷനെ തന്നെ പിരിച്ചുവിട്ട അനുഭവമുള്ളവർ അതേ സംസ്കാരമാണ് മറ്റുള്ളവരും തുടരുന്നത് എന്നുള്ള ശങ്കയിലാണ് ഇത്തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത്.

പോലീസിന് നമ്മുടെ സംസ്ഥാനത്ത് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ട്. അതിന്റെ ഗുണഫലം സംസ്ഥാനം അനുഭവിക്കുന്നുമുണ്ട്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നുകഴിഞ്ഞയുടൻതന്നെ പുതിയ മാറ്റത്തിന്റെ ഗുണം നമ്മുടെ നാട് പൊതുവിൽ കണ്ടതുമാണ്. അതായിരുന്നു ഒരു തെളിവുമില്ലായെന്ന് പറഞ്ഞുകൊണ്ട് മരവിപ്പിച്ച ജിഷ വധക്കേസ്സിന്റെ അന്വേഷണവും കണ്ടെത്തലുകളും തുടർനടപടികളും തെളിയിച്ചത്. അതുപോലെ 2015-ലെ ജലജ വധക്കേസ്; അതും ഒന്നുമില്ലായെന്നുള്ള രീതിയിലായിരുന്നു. 2017-ലാണ് അത് തെളിയുന്ന അവസ്ഥ വന്നത്. പോലീസ് ഒരു വഴിക്ക് പോകുമ്പോൾ ആ വഴിക്ക് പോകരുതെന്ന് പറഞ്ഞ് തടയുന്ന സ്ഥിതി ഇപ്പോൾ കേരളത്തിലില്ല; അങ്ങനെയൊരു സമ്പ്രദായവുമില്ല. പോലീസിന് അവരുടെ മികവ് എല്ലാ അർത്ഥത്തിലും തെളിയിക്കാനുള്ള സാഹചര്യം ഒരുങ്ങിവന്നിട്ടുണ്ട്. അതിന്റെ

ഭാഗമായി വലിയ കേസ്സുകൾ എത്ര പ്രാഗത്ഭ്യത്തോടെയാണ് അവർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞത്. എ.ടി.എം. തട്ടിപ്പുകേസ്സുകളിലെ പ്രതികളെ നിക്കരാഗ്വയിൽ പോയിപോലും പിടികൂടുന്ന അവസ്ഥയുണ്ടായില്ലേ? അതൊക്കെ നമ്മുടെ പോലീസ് സംവിധാനത്തിന്റെ മികവ് വർദ്ധിക്കുന്നുവെന്നാണല്ലോ കാണിക്കുന്നത്. അതുപോലെതന്നെ കോവളത്തെ മരിയാദാസ് വധക്കേസ്. അങ്ങനെ എത്രയോ കേസ്സുകളിൽ പോലീസിന്റെ ശരിയായ അന്വേഷണം വഴി ശിക്ഷ വാങ്ങിക്കൊടുക്കുന്നത് ഉറപ്പുവരുത്തിയിട്ടുണ്ട്.

ഇവിടെ അനാവശ്യമായ ഭീതി പരത്താനുള്ള ഒരു ശ്രമമുണ്ട്. സർക്കാർ വല്ലാത്ത കടക്കെണിയിലാകാൻ പോകുകയാണെന്ന ഒരു വാദം ഇവിടെ പറഞ്ഞു. കടത്തിന്റെ കാര്യം പറഞ്ഞാൽ, ഒരു സർക്കാരിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യത്തിനുള്ള വിഭവശേഷി ഇല്ലാതെ വന്നാൽ സ്വാഭാവികമായും കടം എടുക്കേണ്ടിവരും. യു.ഡി.എഫ്.-ഉം ഇവിടെ ഭരിച്ചുകൊണ്ടിരുന്ന ഒരു മുന്നണിയായിരുന്നല്ലോ; യഥാർത്ഥത്തിൽ സംസ്ഥാനത്തെ കടക്കെണിയിലാക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താൻ എന്തെങ്കിലും അവകാശമുണ്ടോ? 2011 മാർച്ച് 31-ന് കേരളത്തിന്റെ കടം 78,673 കോടി രൂപയായിരുന്നു. അത് 2016 മാർച്ച് 31 ആയപ്പോൾ 1,55,389 കോടി രൂപയായി ഉയർന്നിരുന്നു. 97.51 ശതമാനത്തിന്റെ വർദ്ധനവ് ആ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായി. 2001-2006 കാലഘട്ടത്തിൽ നിത്യനിദാന ച്ചെലവുകൾക്കായി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത കടം യഥാർത്ഥത്തിൽ വാർഷിക കടത്തിന്റെ 80 ശതമാനമായിരുന്നു. അത് താരതമ്യപ്പെടുത്തിയാൽ ഞങ്ങളത് 60 ശതമാനത്തിന് താഴെയാക്കി കുറച്ചിട്ടുണ്ട്. ഇത് കടം വർദ്ധിപ്പിക്കലാണോ; ആരാണ് കടം വർദ്ധിപ്പിച്ചത്; ആരാണ് കുറച്ചത് എന്നൊക്കെ ഇത്തരം കാര്യങ്ങളിൽ നിന്നും വ്യക്തമാണല്ലോ?

ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ഒരാൾക്ക് അവകാശപ്പെട്ടതാണ് പരോൾ. നിയമപ്രകാരമുള്ള സാധാരണ പരോളിനും അതുപോലെതന്നെ പോലീസ് പ്രൊബേഷൻ മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പരോളിനും വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള പരോളുകൾ തടവുകാർക്ക് അനുവദിക്കുന്നുണ്ട്. ആ തരത്തിലുള്ള പരോളാണ് കേരള ജയിൽച്ചട്ടങ്ങൾ അനുസരിച്ച് തടവിലുള്ള ഏതൊരാളും അനുഭവിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ ആ തരത്തിൽ തന്നെയാണ് പരോൾ നൽകിവരുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ജയിൽ ചട്ടങ്ങളുടെയും പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പ്രതികൾക്ക് പരോൾ അനുവദിക്കുന്നത്. അങ്ങനെ പരോളിലിറങ്ങുന്ന പ്രതികൾ കുറ്റകൃത്യങ്ങൾ ചെയ്യുകയോ സ്വർണ്ണ കള്ളക്കടത്ത്

പോലുള്ള നടപടികളിൽ ഏർപ്പെടുകയോ ചെയ്താൽ അവർക്ക് പിന്നീട് പരോൾ അനുവദിക്കുമോ; അങ്ങനെയൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പരോളിലുള്ള ഘട്ടത്തിൽ മറ്റൊരു തരത്തിലുമുള്ള കുറ്റകൃത്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നുള്ളത് പ്രധാനപ്പെട്ട വ്യവസ്ഥയാണ്. അങ്ങനെ ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ പ്പെടുന്നുണ്ടെങ്കിൽ അത് വലിയ തോതിലുള്ള നടപടികൾക്ക് ഇടയാക്കുന്ന കാര്യവുമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ച സ്വർണ്ണക്കടത്ത് സംസ്ഥാനത്ത് വ്യാപിക്കുകയാണ്. ഗൗരവമായ അന്വേഷണമാണ് പോലീസ് ഇക്കാര്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ആര് പ്രവർത്തിച്ചാലും അവരെ നിയമത്തിന്റെ കരങ്ങളിൽപ്പെടുത്തുന്ന നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച രീതിയിൽ പരോളിലിറങ്ങിയ ആരെങ്കിലും ഇത്തരത്തിലൊരു കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നുള്ളത് ഇപ്പോൾ എന്റെ മുമ്പിലില്ലാത്ത വിഷയമാണ്. പക്ഷെ അങ്ങനെയുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളെടുത്താൽ ക്രമസമാധാന പ്രശ്നങ്ങൾ വലിയതോതിൽ ഉണ്ടായിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ജനക്കൂട്ട പോലീസ് ഏറ്റുമുട്ടലില്ലാത്തതും വലിയ പോലീസ് ലാത്തി ചാർജ്ജില്ലാത്തതും വർഗ്ഗീയ കലാപങ്ങളില്ലാത്തതുമായ ഒരു സംസ്ഥാനമായി കേരളം നിലനിൽക്കുന്നുണ്ട്. ക്രമസമാധാനം അതിന്റെ എല്ലാ അർത്ഥത്തിലും നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞ ഒരു കാലമാണിതെന്ന് ആരും സമ്മതിക്കും. അതുകൊണ്ടാണ് ഇങ്ങനെയൊരു സംസ്ഥാനം ഇന്ത്യയിൽ വേറെ എവിടെയും ഇല്ലെന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എടുത്ത് പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഞാൻ പറഞ്ഞതിനെ നേരെ തലതിരിച്ചു. ഇതുപോലുള്ള സംഭവങ്ങൾ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുണ്ടോയെന്ന് ചോദിച്ച് അഞ്ച് കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. അതിനെക്കുറിച്ച് അങ്ങ് മറുപടി പറഞ്ഞാൽ മതി. പക്ഷെ ആ അഞ്ച് കാര്യങ്ങളെക്കുറിച്ചും നിശബ്ദനായിക്കൊണ്ട് ഞാൻ അതിനെ സഹായിച്ചുവെന്നൊരു മട്ടിൽ സംസാരം വന്നു. അങ്ങേയ്ക്ക് തെറ്റിദ്ധാരണ വരരുത്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ ഒരു അഭിപ്രായം

പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ മഹാനഗരങ്ങളിൽ പലയിടത്തും വിജയകരമായി പ്രവർത്തിച്ചുവരുന്നൊരു സമ്പ്രദായമാണത്. തിരുവനന്തപുരത്തും കൊച്ചിയിലും കമ്മീഷണറേറ്റ് സ്ഥാപിക്കാനാണ് നടപടികളെടുത്തുവരുന്നത്. ഇത് നേരത്തെ തന്നെ തീരുമാനിച്ചൊരു കാര്യമാണ്. അതായത്, 2013 ജനുവരി 23-ലെ മന്ത്രിസഭായോഗത്തിലെ ഐറ്റം നമ്പർ 2919 പ്രകാരം തീരുമാനമെടുത്തതാണ്. യു.ഡി.എഫ്. തന്നെ നയപരമായി എടുത്ത തീരുമാനമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് മനസ്സിലാക്കാതെയായിരിക്കും ബഹുമാന്യനായ അംഗം ഇത്തരമൊരു ആരോപണം ഉന്നയിച്ചതെന്നാണ് തോന്നുന്നത്. ഈ സംവിധാനം നിലവിൽ വരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാകും. ഇതിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിന് സിറ്റി പോലീസിന്റെ അധികാരവും ശക്തിയും വർദ്ധിക്കുകയാണ് ചെയ്യുന്നത്. പോലീസിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കെ. ടി. തോമസ് അടങ്ങുന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ തന്നെ പറഞ്ഞ കാര്യമാണിത്. നിലവിൽ 50-ഓളം നഗരങ്ങളിൽ ഈ സംവിധാനം വിജയകരമായി നടപ്പാക്കിയിട്ടുണ്ടെന്നതും നാം കാണേണ്ടതായിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഇന്ത്യയിലെ 50-ഓളം നഗരങ്ങളിൽ കമ്മീഷണറേറ്റ് സജീവമായി പ്രവർത്തിക്കുകയാണ്. കമ്മീഷണറേറ്റ് രൂപീകരിക്കുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തെങ്കിലും മജിസ്റ്റീരിയൽ പവർ നൽകുന്നതിനെതിരെ ശക്തമായ അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിലാണ് അത് ഇംപ്ലിമെന്റ് ചെയ്യാതിരുന്നത്. മജിസ്റ്റീരിയിൽ പവർ നൽകുന്നതിനെക്കുറിച്ച് ഈ സർക്കാരിന്റെ നിലപാടെന്താണ്; മജിസ്റ്റീരിയിൽ പവർ ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നുണ്ടോ? ഇപ്പോൾ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കുള്ള ഒരു അധികാരമാണിത്.

<u>ശ്രീ. പിണറായി വിജയൻ</u>: കളക്ടർമാരുടെ കയ്യിലുള്ളൊരു അധികാരമാണ് മജിസ്റ്റീരിയൽ പവർ. കളക്ടർമാരുടെ കയ്യിലുള്ള ആ അധികാരം അവരുടെ കൈകളിൽത്തന്നെ നിലനിർത്തിക്കൊണ്ട് ഇവർക്കുകൂടി മജിസ്റ്റീരിയൽ പവർ കൊടുക്കേണ്ടതായിവരും.

തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് പറയുകയുണ്ടായി. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി തന്നെയാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ആന്റി ടെററിസ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റേണൽ സെക്യൂരിറ്റിയുടെ ഭാഗമായി വിവരങ്ങൾ ശേഖരിക്കുന്നതിനായി ഇന്റേണൽ സെക്യൂരിറ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ കൗണ്ടർ ടെററിസ്റ്റിംഗ് പരിശീലനം

പാണ്ടിക്കാട് ക്യാമ്പിൽ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 2017 മുതൽ 2019 വരെ 882 കോമ്പിംഗ് ഓപ്പറേഷൻ നടത്തിയിട്ടുണ്ട്. 236 ക്രൈം കേസ്സുകൾ യു.എ.പി.എ. വകുപ്പുകൾ ചേർത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട മാവോയിസ്റ്റ് പ്രവർത്തകരെ നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളെ സെക്യൂരിറ്റി റിലേറ്റഡ് എക്സ്പെൻഡിച്ചർ ജില്ലകളായി കേന്ദ്ര ആഭ്യന്തരവകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് പറയുകയുണ്ടായി. ഓരോ വർഷവും സംസ്ഥാനത്ത് പത്ത് ലക്ഷത്തോളം വാഹനങ്ങളാണ് വർദ്ധിച്ചുവരുന്നത്. യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തി ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 44 ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം റോഡപകട സാധ്യതകൾ കൂടിയ 625 സ്ഥലങ്ങൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകളായി നിശ്ചയിച്ചുകൊണ്ട് ക്യാമറകൾ, റെഡ്‌ലൈറ്റ് ക്യാമറകൾ, ഹെൽമെറ്റ് ഡിറ്റക്ഷൻ ക്യാമറകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, ഓട്ടോമൊബൈൽ സ്പീഡ് ലിമിറ്റ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റം തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ നിയമലംഘനം കണ്ടെത്തുന്നതിനായി Integrated Digital Traffic Enforcement System in Kerala എന്ന പേരിൽ ഒരു ബൃഹത് പദ്ധതി നടപ്പിൽവരുത്തുന്നതിനും ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, കല്ല്യോട് ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട കേസ്സന്വേഷണം അട്ടിമറിക്കുകയും ഉദ്യോഗസ്ഥന്മാരെ മാറ്റി മറിക്കുകയും കുറ്റപ്പത്രം തിരുത്തുകയും പ്രോസിക്യൂഷൻ സാക്ഷികളായി ബന്ധുക്കളെ ഉൾപ്പെടുത്തുകയും ചെയ്യുകയാണ്. ഇപ്പോഴത്തെ അന്വേഷണത്തിൽ ക്രെഡിബിലിറ്റിയില്ലെന്ന് ആക്ഷേപമുള്ള സാഹചര്യത്തിൽ ആ കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം അന്വേഷണങ്ങളെക്കുറിച്ചൊക്കെ വിവിധ ഘട്ടങ്ങളിൽ രാഷ്ട്രീയമായ ചില പരാതികളുയർന്നുവെന്നല്ലാതെ യഥാർത്ഥത്തിൽ ഉയർന്ന പരാതികൾക്ക് വസ്തുതാപരമായ ഒരു പിൻബലവുമില്ലെന്ന് വ്യക്തമായിട്ടുണ്ട്. കാരണം, ഇത് കോടതികളുടെയടക്കം

പരിശോധനയ്ക്ക് വിധേയമായിട്ടുള്ളതാണ്. കോടതികൾ പരിശോധിച്ചപ്പോഴും നല്ല കൃത്യതയോടെ, സൂക്ഷ്മതയോടെ അന്വേഷണം നടക്കുന്നുവെന്ന വിലയിരുത്തലാണ് ഉണ്ടായിരിക്കുന്നത്, അതുതന്നെയാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതും. നിഷ്പക്ഷമായ അന്വേഷണമാണ് പെരിയയിലെ കല്ല്യോട്ടെ സംഭവത്തിലും നടന്നുകൊണ്ടിരിക്കുന്നത്.

സംസ്ഥാനത്താകെ അറിയപ്പെട്ട ഒരു സംഭവമാണ് ബാലഭാസ്കറിന്റെ അപകടമരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. അതുമായി ബന്ധപ്പെട്ട് ഒട്ടേറെ മാധ്യമവാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹവും ഭാര്യയും കുഞ്ഞും സഞ്ചരിച്ച ഇന്നോവ കാർ സെപ്തംബർ 25-ന് പുലർച്ചെ 4.15-നാണ് പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പിന് സമീപം മരത്തിലിടിച്ച് തേജ്വസിനി ബാല മരണപ്പെടുകയും ഭാര്യ ലക്ഷ്മിക്കും ബാലഭാസ്കറിനും ഡ്രൈവർ അർജ്ജുനും പരിക്കുപറ്റുകയും ചെയ്തത്. ലക്ഷ്മിയുടെ സഹോദരൻ പ്രസാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മംഗലാപുരം പോലീസ് രജിസ്റ്റർ ചെയ്ത ഒരു കേസ്സാണ് നിലവിലുണ്ടായിരുന്നത്. ഈ കേസ് സംസ്ഥാന പോലീസ് മേധാവിയുടെ 25-1-2019-ലെ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് ക്രൈം 26/സി.ബി/തിരുവനന്തപുരം/ആർ/2019 ആയി അന്വേഷണം നടത്തിവരികയാണ്. അന്വേഷണം ശരിയായ വഴിയിൽ തന്നെയാണ് പോകുന്നത്. അതുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ വന്നിട്ടുണ്ട്. പക്ഷെ കൃത്യമായ അന്വേഷണം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

തെരഞ്ഞെടുപ്പിൽ പോലീസുദ്യോഗസ്ഥരുടെ തപാൽ ബാലറ്റുകൾ ദുരുപയോഗം ചെയ്തുവെന്ന ഒരു പ്രശ്നം ഉയർന്നിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റുമായി ബന്ധപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. കേസ്സിലുൾപ്പെട്ട തൃശ്ശൂർ ഐ.ആർ. ബറ്റാലിയൻ സി.പി.ഒ. 7234 വൈശാഖിനെ അറസ്റ്റ് ചെയ്ത് നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ച് അന്വേഷണം തുടർന്നുവരികയാണ്. തലശ്ശേരിയിലെ സി. ഒ. ടി. നസീറിന്റെ മൊഴി രേഖപ്പെടുത്തിയില്ലെന്ന് ഇവിടെ പറഞ്ഞു. മൊഴി രേഖപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തത്. മൊഴി വായിച്ചു കേട്ടതായി നസീർ തന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു. ഇതാണ് എന്റെ കയ്യിലുള്ള വിവരം. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗുണ്ട, മയക്കുമരുന്ന് മാഫിയ നടത്തുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് തയ്യാറാകുന്നില്ല എന്നൊരു പരാമർശം വന്നു. അക്രമികൾക്കും മയക്കുമരുന്ന്

കച്ചവടക്കാർക്കുമെതിരെ സംസ്ഥാന സർക്കാർ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. 2019-ൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പോലീസ് നടത്തിയ പരിശോധനയിൽ വലിയ അളവിൽ കഞ്ചാവ് കൈവശം വച്ച സംഭവങ്ങളിൽ 860 കിലോയോളം കഞ്ചാവ് പിടിച്ചെടുത്ത് 75 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗുണ്ടകൾക്കും അക്രമികൾക്കുമെതിരെ ഗുണ്ടാ നിയമപ്രകാരം 2018-ൽ കരുതൽ തടങ്കൽ ഉത്തരവിനായി 559 റിപ്പോർട്ടുകളും 2019-ൽ നാളിതുവരെ 90 റിപ്പോർട്ടുകളും നൽകി. എക്സൈസ് വകുപ്പ് ഫലപ്രദമായ രീതിയിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഒട്ടേറെ കേസ്സുകൾ എക്സൈസ് വകുപ്പ് കണ്ടെത്തുകയും ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ലഹരിക്കെതിരെ വലിയ തോതിലുള്ള പൊതുവായ ക്യാമ്പയിൻ സംസ്ഥാനത്ത് ഉയർത്തിക്കൊണ്ടുവരണമെന്നും സർക്കാർ ആലോചിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, മയക്കുമരുന്ന് ചെറിയ അളവിൽ പിടിച്ചാൽ മൈനർ പണിഷ്മെന്റാണ് നൽകുന്നത്. ഇപ്പോൾ ഇവ ചെറിയ പായ്ക്കറ്റിലാണ് വിതരണം ചെയ്യുന്നത്. ഒരു കേസ്സും ഗൗരവമായി എടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മയക്കുമരുന്ന് യഥേഷ്ടം വിൽക്കാൻ സാധിക്കുന്നു. അതിനൊരു മാറ്റം വരുത്താൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: അതിന്റെ സാങ്കേതികമായ കാര്യങ്ങൾ പരിശോധിക്കാം. പോലീസിന്റെ മാറ്റത്തിന്റെ ഭാഗമായി ജനങ്ങളുമായി ബന്ധപ്പെടുന്ന പോലീസ് സ്റ്റേഷനുകളിൽ എസ്.ഐ.-യുടെ സ്ഥാനത്ത് സി.ഐ.-മാർ ചുമതലയേൽക്കുന്ന സ്ഥിതിയാണ് പൊതുവെയുണ്ടാകുന്നത്. ഡിവൈ.എസ്.പി.-മാർക്കും ഐ.ജി.-മാർക്കുമിടയിൽ ലാ ആൻഡ് ഓർഡർ കാര്യങ്ങൾ നോക്കുന്നതിന് ഡി.ഐ.ജി.-മാരെ നിയമിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്റ്റേഷൻതലത്തിൽ കൂടുതൽ ശ്രദ്ധയാണ് ഈ സംവിധാനത്തിലൂടെ ലഭിക്കാൻ പോകുന്നത്. സ്റ്റേഷനുകളിൽ ലാ ആൻഡ് ഓർഡറും കേസ്സന്വേഷണവും നടത്തുന്നതിന് പ്രത്യേകം പ്രത്യേകം എസ്.ഐ.-മാരെ ഉപയോഗപ്പെടുത്താൻ കഴിയുന്ന സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടാനാകും. പോലീസിന്റെ മറ്റ് വിഭാഗങ്ങളിൽ എ.ഡി.ജി.പി.-മാരുടെ ശ്രദ്ധ കൊണ്ടുവരുന്നതിനും അത്തരം മേഖലകൾ ഫലപ്രദമാക്കുന്നതിനുംകൂടി ഇതുപകരിക്കുമെന്നാണ് കാണുന്നത്.

അതിവിചിത്രമായ ഒരു വാദം ബഹുമാന്യനായ എൻ.എ. നെല്ലിക്കുന്ന് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ രീതിയിൽ പറഞ്ഞതായിരിക്കാനാണ് സാദ്ധ്യത. പി.എസ്.സി. നിയമനത്തിന്റെ കാര്യമാണ്.

ഇവിടെ നിയമനങ്ങളൊന്നും നടത്തുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ എത്രയോ വസ്തുതകൾ ഈ നിയമസഭയുടെ മുന്നിൽ ഇതിനുമുമ്പ് വന്നതാണ്. പി.എസ്.സി. നിയമനത്തിന്റെ കാര്യത്തിൽ റെക്കാർഡോടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. പി.എസ്.സി. മുഖാന്തരം 103567 പേർക്ക് അഡ്വൈസ് ആയിക്കഴിഞ്ഞു. 17916 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വകുപ്പിലുമുണ്ടാകുന്ന ഒഴിവുകൾ പത്ത് ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയറുണ്ടാക്കി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന പരിശോധന കർക്കശമാക്കുകയും ചെയ്തിട്ടുണ്ട്.

ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ ചില ഭാഗങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ചകൾ ഉയർന്നുവന്നതാണ്. പ്രീ ഡിഗ്രി പ്ലസ് ടുവായി ഡീലിങ് ചെയ്യുമ്പോൾ അത് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറ്റുക എന്നതായിരുന്നു കാഴ്ചപ്പാട്. അതുകൊണ്ടാണ് പ്രത്യേക ബോർഡ് രൂപീകരിക്കണമെന്ന തീരുമാനത്തെ എതിർക്കുന്ന സ്ഥിതിയുണ്ടായത്. ഏത് കാഴ്ചപ്പാടോടുകൂടിയാണോ പ്ലസ് ടു ആരംഭിച്ചത് അത് പ്രാവർത്തികമാകണമെങ്കിൽ പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്ലസ് ടു മാറണം. അതിനുള്ള നടപടിക്കാണ് സർക്കാർ തയ്യാറായിരിക്കുന്നത്. ഇവിടെ ബഹുമാന്യനായ എൻ. ഷംസുദ്ദീൻ സി.പി.ഐ.(എം.)-ഉം എൽ.ഡി.എഫ്.-ഉം ബി.ജെ.പി.-ക്ക് അവസരമൊരുക്കുന്നുവെന്ന വാദം ഉന്നയിക്കുകയുണ്ടായി. അതിന് പഴയ ചരിത്രമൊക്കെ പറയേണ്ടിവരും. ഞാൻ അതിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. വടകരയുടെയും ബേപ്പൂരിന്റെയുമൊക്കെ ചരിത്രം ശ്രീ. ഷംസുദ്ദീനും അറിയാമായിരിക്കുമെന്നുതന്നെയാണ് എനിക്ക് തോന്നുന്നത്. അന്ന് ഇടതുപക്ഷത്തിന്റെ ശക്തമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ആ രീതിയിൽ വിജയിക്കാൻ കഴിയാതിരുന്നതെന്ന് പ്രതിപക്ഷത്തിരിക്കുന്ന എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അത്തരം കാര്യങ്ങൾക്ക് മടിയുണ്ടായിരുന്നില്ല എന്നർത്ഥം, അതാണ് വസ്തുത. ബി.ജെ.പി.-യുടെ ഒരംഗത്തിന് ഇവിടെ എത്താൻ കഴിഞ്ഞത് എങ്ങനെയാണെന്നുള്ളത് നമ്മൾ പരക്കെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണെന്നുള്ളത് നമ്മൾ മറന്നുപോകരുത്. ഇവിടെ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലാണ് മത്സരമെങ്കിലും അരുവിക്കര മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണ് മത്സരമെന്നുവരെ പറയുന്ന നില യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുമുണ്ടായത് നമ്മൾ മറക്കാൻ പാടില്ല. ആരെ സഹായിക്കാനായിരുന്നു ബി.ജെ.പി. ഇവിടെ ശ്രമിച്ചത്; ശബരിമല കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുണ്ടായപ്പോൾ നമ്മുടെ നാട്ടിൽ വലിയ തോതിലുള്ള കലാപമുണ്ടാക്കാൻ പറ്റുമോ എന്ന ശ്രമമായിരുന്നു. എല്ലാവർക്കും അതറിയാവുന്നതാണ്. അതിനെ അങ്ങനെ കണ്ട്

നിലപാടെടുക്കാനാണോ യു.ഡി.എഫ്.-ന് കഴിഞ്ഞത്. യഥാർത്ഥത്തിൽ കൊടിയെടുക്കാതെ അവരുടെ സമരത്തിൽ പങ്കെടുക്കുക എന്ന നിലപാടല്ലേ സ്വീകരിച്ചത്?

ചില ലോക്സഭാ മണ്ഡലങ്ങളിൽ ഇത്തവണ നടന്നത് എന്താണെന്ന് എല്ലാവർക്കും അറിയാമല്ലോ; ബി.ജെ.പി.-യുടെ ചില സ്ഥാനാർത്ഥികൾ തന്നെ ഞങ്ങളുടെ വോട്ട് മറിഞ്ഞുപോയി എന്ന് പരാതിപ്പെടുന്ന അവസ്ഥയുണ്ടായത് നമ്മൾ കേട്ടതല്ലേ; ഇവിടെ ബി.ജെ.പി.-ക്ക് വളരാനുള്ള സാഹചര്യമുണ്ടാക്കിയത് ആരെന്ന് പരിശോധിച്ചാൽ അത് വ്യക്തമല്ലേ; സംസ്ഥാനത്തിന്റെ നില എടുത്താൽ അത് യു.ഡി.എഫ്. ആണ്. രാജ്യത്തിന്റെ നില എടുത്താൽ അത് കോൺഗ്രസാണ്. ഞങ്ങളുടെ കൂട്ടത്തിൽ പടിഞ്ഞാറൻ ബംഗാളിൽ ഒരു വഞ്ചകൻ ഉണ്ടായി എന്നുള്ളത് ശരിയാണ്. അങ്ങനെ അയാൾ ബി.ജെ.പി.-യിലേയ്ക്ക് പോയിട്ടുണ്ടെങ്കിൽ അതിൽ ഞങ്ങളാരും അഭിമാനം കൊള്ളുന്നവരല്ല. ഞങ്ങൾ ശക്തമായി തന്നെ ബി.ജെ.പി.-യെ എതിർത്തുകൊണ്ടിരിക്കുന്ന നിലപാടാണല്ലോ സ്വീകരിക്കുന്നത്; പക്ഷേ നിങ്ങളുടെ നിലയോ; എന്റെ കയ്യിൽ വലിയ പട്ടിക തന്നെയുണ്ട്. മുഖ്യമന്ത്രിമാർ, പഴയ സംസ്ഥാന പ്രസിഡന്റുമാർ, എ.ഐ.സി.സി.-യുടെ പ്രധാനികൾ ആയിരുന്നവ, അങ്ങനെ എത്രയെത്ര പേരാണ്; എങ്ങനെയാണ് അത്തരമൊരവസ്ഥ ഉണ്ടാകുന്നത്; അതാണ് കാണേണ്ടത്. ബി.ജെ.പി.-യെ എതിർക്കേണ്ട രീതിയിൽ എതിർക്കാത്തതിന്റെ ഭാഗമായാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇപ്പോൾ മധ്യപ്രദേശിൽ നടന്നുകൊണ്ടിരുന്നത് എന്താണ്; ഇപ്പോഴത്തെ കോൺഗ്രസ് ഗവൺമെന്റ് നേരത്തേ ഉള്ളതിനെക്കാളും കടുത്ത നടപടി സ്വീകരിക്കുന്നത് നമ്മൾ കണ്ടില്ലേ; ഗോവധത്തിന്റെ പേരിൽ സ്വീകരിച്ച നടപടി ആരെ സഹായിക്കാനായിരുന്നു; എത്ര കടുത്ത നടപടിയിലേയ്ക്കാണ് പോയത്; ഇപ്പോഴത്തെ ബി.ജെ.പി. നേതാക്കന്മാരെ നോക്കിയാൽ അവരിൽ പലരും കോൺഗ്രസിന്റെ പ്രധാനികളായ നേതാക്കളായിരുന്നുവെന്നുള്ളതല്ലേ വസ്തുത. ഇത് നമ്മൾ മറക്കാൻ പാടുണ്ടോ; എന്നിട്ടും അതിൽ നിന്നും ഒരുതരത്തിലുള്ള പാഠവും പഠിക്കുന്നില്ല എന്നതാണ് നാം കാണേണ്ട വസ്തുത. ബി.ജെ.പി.-ക്കുണ്ടായ വിജയം, മതേതര ശക്തികൾക്കുണ്ടായ പരാജയം രാജ്യത്തെ സ്നേഹിക്കുന്ന ആരേയും വേദനിപ്പിക്കുന്നതാണ്. അതുകൊണ്ടുതന്നെ പൊതുവെ ഈ തെരഞ്ഞെടുപ്പ് ഫലം മതനിരപേക്ഷ ചിന്താഗതിക്കാരെ സന്തോഷിപ്പിക്കുന്ന ഒന്നല്ല. അതിന്റെ ഭാഗമായുള്ള തിരിച്ചടികൾ മതേതര ശക്തികൾക്കുണ്ടായിട്ടുണ്ട്. ഇടതുപക്ഷത്തിന് തിരിച്ചടിയേറ്റിട്ടുണ്ട്; അത് വസ്തുത തന്നെയാണ്. എന്നാൽ രാജ്യത്താകെ നിറഞ്ഞുനിന്നിരുന്ന, ഇന്ത്യയിലെ ഏറ്റവും വലിയ കക്ഷിയായിരുന്ന കോൺഗ്രസ്സിന് ഇത്തരത്തിൽ തിരിച്ചടി കിട്ടാൻ ഇടയായത് എന്തുകൊണ്ടാണെന്ന് കോൺഗ്രസും പരിശോധിക്കേണ്ടതാണ്. കോൺഗ്രസിന്റെ കേന്ദ്രങ്ങളിലാണ്

ബി.ജെ.പി. ഏറ്റവും കൂടുതൽ മുന്നേറിയത് എന്നുള്ളതാണ് വസ്തുത. പശ്ചിമ ബംഗാളിൽ മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷമല്ലേ ഉണ്ടായിരുന്നത്; ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഗുജറാത്തിലെ കുത്തബ്ദീന്റെ ചിത്രത്തിന് സംരക്ഷണം നൽകിയിരുന്നത് പടിഞ്ഞാറൻ ബംഗാൾ ആയിരുന്നില്ലേ; അത്തരമൊരു സമൂഹമായിരുന്നില്ലേ പടിഞ്ഞാറൻ ബംഗാളിന്റേത്. അവിടെ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വലതുപക്ഷ ശക്തികളെല്ലാം ഒന്നായി ചേരുന്ന അവസ്ഥ വന്നിരിക്കുന്നു. ഇവിടെ ഇടതുപക്ഷത്തെ തകർത്താൽ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിച്ച് നേട്ടം കൊയ്യാനാകുമെന്നാണ് ബി.ജെ.പി. കണക്ക് കൂട്ടുന്നത്. അതിന് പിന്തുണ പ്രഖ്യാപിക്കുന്ന നിലയാണ് കോൺഗ്രസ്സും തൃണമൂൽ കോൺഗ്രസ്സുമെല്ലാം അവിടെ സ്വീകരിച്ചിട്ടുള്ളതെന്നാണ് കാണാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് താൽക്കാലികമായ തിരിച്ചടി തന്നെയാണ് ഏറ്റിട്ടുള്ളത് എന്നതിൽ ഒരു സംശയവുമില്ല. ഇതിന്റെ യഥാർത്ഥ വസ്തുതകൾ ജനങ്ങൾ ശരിയായ രീതിയിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ഞങ്ങളോടൊപ്പമുണ്ടായിരുന്നവർ, ഇത്തവണ മാറി വോട്ട് ചെയ്തവർ, തെറ്റിദ്ധരിക്കപ്പെട്ടവർ, തങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടു എന്ന് മനസ്സിലാക്കുന്ന നില ഉണ്ടായിട്ടുണ്ട്. ശരിയായ തിരിച്ചറിവ് അത്തരമാളുകൾക്ക് ഉണ്ടാവുകയാണ്. ആ തിരിച്ചറിവ് വലിയ തിരിച്ചടിയായി യു.ഡി.എഫ്.-ന് അധികം വൈകാതെ തന്നെ അനുഭവിക്കേണ്ടിവരും. കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII

## പോലീസ്

<u>മി. സ്പീക്കർ:</u> സർവ്വശ്രീ മോൻസ് ജോസഫ്, കെ. എം. ഷാജി, അബ്ദുൽ ഹമീദ്. പി., സണ്ണി ജോസഫ്, എ. പി. അനിൽ കുമാർ, പാറക്കൽ അബ്ദുല്ല, പി. ടി. തോമസ്, എം. വിൻസെന്റ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഐ. സി. ബാലകൃഷ്ണൻ, കെ. എസ്. ശബരീനാഥൻ, റോജി എം. ജോൺ, വി. പി. സജീന്ദ്രൻ, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, പി. കെ. ബഷീർ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കെ. സി. ജോസഫ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ

67. ശ്രീ. വി. ആർ. സുനിൽ കുമാർ

68. ശ്രീ. വി. എസ്. സുനിൽ കുമാർ

69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

70. ശ്രീ. കെ. സുരേഷ് കുറുപ്പ്

71. ശ്രീ. എം. സ്വരാജ്

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. പി. തിലോത്തമൻ

74. ഡോ. ടി. എം. തോമസ് ഐസക്

75. ശ്രീ. പി. ഉണ്ണി

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. എ. പി. അനിൽ കുമാർ

7. ശ്രീ. അനൂപ് ജേക്കബ്

8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോസഫ്
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII

## ജയിലുകൾ

<u>മി. സ്പീക്കർ:</u> സർവ്വശ്രീ പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, കെ. എം. ഷാജി, അബ്ദുൽ ഹമീദ് പി., എൻ. ഷംസുദ്ദീൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു

8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. എ. പ്രദീപ്കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്

48. ശ്രീ. റ്റി. വി. രാജേഷ്

49. ശ്രീ. കെ. രാജു

50. ശ്രീ. രാജു എബ്രഹാം

51. ശ്രീ. ആർ. രാമചന്ദ്രൻ

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

54. ശ്രീ. മുല്ലക്കര രത്നാകരൻ

55. പ്രൊഫ. സി. രവീന്ദ്രനാഥ്

56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ഡോ. ടി. എം. തോമസ് ഐസക്
75. ശ്രീ. പി. ഉണ്ണി
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോസഫ്
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ

24. ശ്രീ. കെ. എസ്. ശബരീനാഥൻ

25. ശ്രീ. വി. പി. സജീന്ദ്രൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. സി. എഫ്. തോമസ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIV**

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

<u>മി. സ്പീക്കർ:</u> സർവ്വശ്രീ മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, എം. ഉമ്മർ, വി.ടി. ബൽറാം, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി, പാറക്കൽ അബ്ദുല്ല, എൻ. ഷംസുദ്ദീൻ, കെ. സി. ജോസഫ്, കെ. എം. ഷാജി, എ. പി. അനിൽ കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, ഐ.സി. ബാലകൃഷ്ണൻ, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ

13. ശ്രീ. എൽദോ എബ്രഹാം

14. ശ്രീമതി ഗീതാ ഗോപി

15. ശ്രീ. ജോർജ് എം. തോമസ്

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. കോവൂർ കുഞ്ഞുമോൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. സി. കെ. ശശീന്ദ്രൻ

60. ശ്രീ. പി. കെ. ശശി

61. ശ്രീ. വി. ശശി

62. ശ്രീ. ഐ. ബി. സതീഷ്

63. ശ്രീ. ബി. സത്യൻ

64. ശ്രീ. എ. എൻ. ഷംസീർ

65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

66. ശ്രീ. ജി. സുധാകരൻ

67. ശ്രീ. വി. ആർ. സുനിൽ കുമാർ

68. ശ്രീ. വി. എസ്. സുനിൽ കുമാർ

69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

70. ശ്രീ. കെ. സുരേഷ് കുറുപ്പ്

71. ശ്രീ. എം. സ്വരാജ്

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

73. ശ്രീ. പി. തിലോത്തമൻ

74. ഡോ. ടി. എം. തോമസ് ഐസക്

75. ശ്രീ. പി. ഉണ്ണി

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. പി. ജെ. ജോസഫ്
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല

22. ശ്രീ. റോജി എം. ജോൺ

23. ശ്രീ. റോഷി അഗസ്റ്റിൻ

24. ശ്രീ. കെ. എസ്. ശബരീനാഥൻ

25. ശ്രീ. വി. പി. സജീന്ദ്രൻ

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. സി. എഫ്. തോമസ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

| | |
|---|---|
| അനുകൂലിക്കുന്നവർ | - 78 |
| പ്രതികൂലിക്കുന്നവർ | - 33 |
| നിഷ്പക്ഷത പാലിക്കുന്നവർ | - 0 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 11-ാം തീയതി രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)

# അനുബന്ധം

## 1. 1(*61)-ാം നമ്പർ ചോദ്യത്തിന്റെ 'എ' ഉത്തരത്തിലെ അനുബന്ധം

1. നാട്ടാനകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിച്ചശേഷം അവ പരിശോധിച്ച് ക്രോഡീകരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളും മറ്റ് തർക്കങ്ങളും പരിശോധിക്കുന്നതിന് ഈ വിവരശേഖരണം ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

2. നാട്ടാനകളെ ശരിയായ രീതിയിൽ പരിപാലിക്കുന്നു എന്ന് ഉറപ്പാക്കാൻ തെരഞ്ഞെടുത്ത നാട്ടാനകളെ ഒരു നിശ്ചിത കാലത്തേയ്ക്ക് വനം വകുപ്പുദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിട്ടറിംഗ് സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം നാട്ടാനകളുടെ ദൈനംദിന നീക്കങ്ങൾ മനസ്സിലാക്കുവാനും ആരോഗ്യസ്ഥിതി വിലയിരുത്തുവാനും പീഡനങ്ങൾ ഒഴിവാക്കുവാനും ഉപയോഗപ്പെടുന്നുണ്ട്.

3. അടുത്തകാലത്തായി നാട്ടാനകളുടെ മരണനിരക്ക് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ൽ മാത്രം 34 നാട്ടാനകൾ ചരിഞ്ഞ സാഹചര്യത്തിൽ, വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സംഘത്തെ ഇവയുടെ വർദ്ധിച്ച മരണനിരക്ക് അപഗ്രഥിച്ച് കാരണങ്ങൾ കണ്ടെത്തുവാൻ നിയോഗിക്കുകയുണ്ടായി. കൃത്യമായ പരിചരണക്കുറവും പോഷകാഹാരത്തിന്റെ അഭാവവും വിശ്രമമില്ലാതെ ആനകളെ തുടരെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതുമാണ് നാട്ടാനകളിലെ വർദ്ധിച്ച മരണനിരക്കിന് പ്രധാനപ്പെട്ട കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 40 വയസ്സിനുമുകളിലുള്ള ആനകളെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന് മെഡിക്കൽ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ 512 നാട്ടാനകളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിലേയ്ക്കായി ഇവയുടെ ജനിതക ഘടനയുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

5. പൊതുജന പങ്കാളിത്തത്തോടുകൂടി നാട്ടാന പരിപാലന ചട്ടം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആന്റ് വെബ് ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

6. നാട്ടാനകൾക്ക് മികച്ച ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വനം വകുപ്പിലെ പരിചയസമ്പന്നരായ ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ആനകളെ പരിശോധിക്കുന്നതിനും ആവശ്യമായ വൈദ്യസഹായം നൽകുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. നാട്ടാന പരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിത ശൈലി സംബന്ധമായ വിഷയങ്ങളും, നാട്ടാന പരിപാലനം, ആരോഗ്യ പരിപാലനം, ആനകളുടെ സ്വഭാവരീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

8. അവശത അനുഭവിക്കുന്ന നാട്ടാനകളുടെ സംരക്ഷണത്തിനും പരിചരണത്തിനും ആവശ്യമായ സൗകര്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

9. നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിനും വർദ്ധിച്ചുവരുന്ന പീഡനങ്ങൾ തടയുന്നതിനുംവേണ്ടി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം (ഡി2/312/18/വനം നം. സർക്കാർ ഫയൽ പ്രകാരം) പരിഗണനയിലാണ്.

## 2. 30-1-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ

(1024) ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട് എന്നറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ നടന്നുവരുന്ന ചൂഷണം അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പുരോഗമിക്കുകയാണ്. "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24.01.2019 തീയതി വരെ 3,57,028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 55,475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം (25,000 രൂപ), അപകടമരണ ധനസഹായം (2,00,000 രൂപ) ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (പരമാവധി 50,000 രൂപ), ചികിത്സാ ധനസഹായം (പരമാവധി 20,000 രൂപ), ടെർമിനൽ ബെനിഫിറ്റ് (പരമാവധി 50,000 രൂപ), പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം (1000 മുതൽ 3000 വരെ), തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നൽകിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ പരാതികൾ ലഭിച്ചാൽ ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി സംബന്ധിച്ചും പ്രശ്നപരിഹാരങ്ങൾക്കും അന്വേഷണങ്ങൾക്കുമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളും തൊഴിൽ ഭവനിൽ ഒരു കോൾ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

(3) ആരോഗ്യ സ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും ഏർപ്പെടുത്തൽ എന്ന ശ്രീ. ടി. വി. ഇബ്രാഹിമിന്റെ ശ്രദ്ധ ക്ഷണിക്കലിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ നൽകിയ വിശദമായ മറുപടി

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| 1. | ജില്ലാ മെഡിക്കൽ ഓഫീസ് | 1 |
| 2. | ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി | 1 |
| 3. | ജില്ലാ ആശുപത്രി | 3 |
| 4. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (പൊന്നാനി) | 1 |
| 5. | താലൂക്ക് ആസ്ഥാന ആശുപത്രി | 4 |
| 6. | താലൂക്കാശുപത്രി | 3 |
| 7. | സാമൂഹ്യാരോഗ്യകേന്ദ്രം | 20 |
| 8. | 24X7 പി.എച്ച്.സി. | 11 |
| 9. | കുടുംബാരോഗ്യകേന്ദ്രം | 17 |
| 10. | പി.എച്ച്.സി | 57 |
| 11. | ജില്ലാ ടി.ബി. സെന്റർ | 1 |
| 12. | ടി.ബി. ക്ലിനിക്ക് | 1 |
| 13. | ലെപ്രസി കൺട്രോൾ യൂണിറ്റ് | 3 |
| 14. | ഫിഷറീസ് ഡിസ്പെൻസറി | 2 |
| 15. | ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് | 1 |
| 16. | ഗവ. മൊബൈൽ ഡിസ്പെൻസറി | 1 |
| 17. | നഴ്സിംഗ് സ്കൂൾ | 1 |
| 18. | പബ്ലിക് ഹെൽത്ത് ലാബ് | 1 |
| | മൊത്തം | 129 |